
# ലെനിൻ

## ദേശീയപ്രശ്നത്തെക്കുറിച്ചുള്ള വിമർശനക്കുറിപ്പുകൾ

## രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശം



335.41

0480

സർവ്വരാജ്യതൊഴിലാളികളേ, ഏകോപിക്കുവിൻ!

# വി. ഐ. ലെനിൻ

# ദേശീയപ്രശ്നത്തെക്കുറിച്ചുള്ള വിമർശനക്കുറിപ്പുകൾ

# രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശം

11836

PDC Library & Research
FOR BOOK REVIEW
PRABHATH BOOK HOUSE
HEAD OFFICE
TRIVANDRUM-14

പ്രോഗ്രെസ്സ് പബ്ലിഷേഴ്സ്

മോസ്കോ 1968

**В. И. ЛЕНИН**

# КРИТИЧЕСКИЕ ЗАМЕТКИ ПО НАЦИОНАЛЬНОМУ ВОПРОСУ
# О ПРАВЕ НАЦИЙ НА САМООПРЕДЕЛЕНИЕ

*На языке малаялам*

335.41

## ഉള്ളടക്കം


ദേശീയപ്രശ്നത്തെക്കുറിച്ചുള്ള വിമർശനക്കുറിപ്പുകൾ

1. ഭാഷാപ്രശ്നത്തെപ്പററി ലിബറലുകളും ഡെമോക്രാററുകാരും ... ... ... ... ... ... ... ... 8
2. ''ദേശീയസംസ്ക്കാരം'' ... ... ... ... 13
3. ദേശീയവാദികൾ ഉയർത്തുന്ന ''സാത്മീകരണ'' ഇമ്പാച്ചി ... ... ... ... ... ... ... 20
4. ''സാംസ്ക്കാരിക—ദേശീയ സ്വയംഭരണം'' ... 32
5. രാഷ്ട്രങ്ങളുടെ സമത്വവും ദേശീയന്യൂനപക്ഷത്തിൻെറ അവകാശങ്ങളും ... ... ... ... ... 44
6. കേന്ദ്രീകരണവും സ്വയംഭരണവും ... ... ... 52

രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശം ... ... 64

1. രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനമെന്നാലെന്തു്? ... 65
2. ചരിത്രാധിഷ്ഠിതവുംസമൂർത്തവുമായ പ്രശ്നാവതരണം 74
3. റഷ്യയിലെ ദേശീയപ്രശ്നത്തിൻെറ സമൂർത്തമായ സവിശേഷതകളും റഷ്യയുടെ ബൂർഷ്വാ—ജനാധിപത്യപരിഷ്ക്കരണവും ... ... ... ... ... 79
4. ദേശീയപ്രശ്നത്തിലെ ''പ്രായോഗികത'' ... ... 87
5. ദേശീയപ്രശ്നത്തെപ്പററി ലിബറൽ ബൂർഷ്വാസിയും സോഷ്യലിസ്റ്റ് അവസരവാദികളും ... ... ... 97
6. നോർവ്വെ സ്വീഡനിൽനിന്നും വിട്ടുപോയതു് 115
7. ലണ്ടൻ സാർവ്വദേശീയ കോൺഗ്രസ്സിൻെറ പ്രമേയം (1896) ... ... ... ... ... ... ... 125
8. സാങ്കല്പികവാദിയായ കാറൽ മാർക്സും പ്രായോഗികവാദിയായ റോസ ലുക്സംബുർഗ്ഗും ... ... 132

9. 1903–ലെ പരിപാടിയും അതു പൊളിച്ചവരും 145
10. ഉപസംഹാരം ... ... ... ... ... ... 160

സോഷ്യലിസ്റ്റ് വിപ്ലവവും രാഷ്ട്രങ്ങളുടെ സ്വയംനിർ
ണ്ണയാവകാശവും (തീസിസ്സ്) ... ... 168

1. സാമ്രാജ്യത്വവും സോഷ്യലിസവും മർദ്ദിതരാഷ്ട്ര
ങ്ങളുടെ വിമോചനവും ... ... ... ... ... 168
2. സോഷ്യലിസ്റ്റ് വിപ്ലവവും ജനാധിപത്യത്തിനു
വേണ്ടിയുള്ള സമരവും ... ... ... ... ... 169
3. സ്വയംനിർണ്ണയാവകാശത്തിൻെറ അർത്ഥവും ഫെ
ഡറേഷനുമായി അതിനുള്ള ബന്ധവും ... ... 173
4. രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനപ്രശ്നത്തിൻെറ തൊ
ഴിലാളിവർഗ്ഗ–വിപ്ലവപരമായ പ്രതിപാദനം ... 175
5. ദേശീയപ്രശ്നത്തെപ്പററി മാർക്സിസവും പ്രൂദോണി
സവും ... ... ... ... ... ... ... ... 178
6. രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനത്തെ സംബന്ധിച്ചി
ടത്തോളം മൂന്നുതരം രാജ്യങ്ങൾ... ... ... ... 180
7. സാമൂഹ്യസങ്കുചിതവാദവും രാഷ്ട്രങ്ങളുടെ സ്വയം
നിർണ്ണയനവും ... ... ... ... ... ... 182
8. ആസന്നഭാവിയിലെ തൊഴിലാളിവർഗ്ഗത്തിൻെറ
കടമകൾ ... ... ... ... ... ... ... 184
9. റഷ്യയിലേയും പോളണ്ടിലേയും സോഷ്യൽഡെ
മോക്രസികളും രണ്ടാം ഇൻെറർനാഷനലിനും സ്വയം
നിർണ്ണയനത്തോടുള്ള മനോഭാവം ... ... 186

സ്വയംനിർണ്ണയനത്തെക്കുറിച്ചുള്ള ചർച്ചയുടെ ഉപ
സംഹാരം... ... ... ... ... ... 192

1. സോഷ്യലിസവും രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണ
യനവും ... ... ... ... ... ... ... 194
2. സാമ്രാജ്യത്വത്തിൻകീഴിൽ ജനാധിപത്യം ''പ്രാ
യോഗിക''മാണോ? ... ... ... ... ... 201
3. എന്താണു വെട്ടിപ്പിടുത്തം? ... ... ... ... 205
4. വെട്ടിപ്പിടുത്തത്തിനു് അനുകൂലമോ പ്രതികൂലമോ? 210
5. സോഷ്യൽഡെമോക്രസി വെട്ടിപ്പിടുത്തത്തെ
എതിർക്കുന്നതെന്തുകൊണ്ടു്? ... ... ... ... 218

6. ഈ പ്രശ്നത്തിൽ കോളനികളേയും ''യൂറോപ്പി''നേയും വേർതിരിച്ചുകാണാമോ?... ... ... ... 221
7. മാർക്സിസമോ പ്രൂദോണിസമോ? ... ... ... 226
8. ഹോളണ്ടിലേയും പോളണ്ടിലേയും സാർവ്വദേശീയവാദികളായ സോഷ്യൽഡെമോക്രാററുകാരുടെ നിലപാടിലെ സവിശേഷവും സാമാന്യവുമായ കാര്യങ്ങൾ ... ... ... ... ... ... ... 239
9. എംഗൽസ് കൗട്സ്കിക്കെഴുതിയ കത്ത് 246
10. 1916–ലെ ഐറിഷ് കലാപം ... ... ... 249
11. ഉപസംഹാരം ... ... ... ... ... ... 258

കുറിപ്പുകൾ ... ... ... ... ... ... ... 262

നാമസൂചിക ... ... ... ... ... ... 285

# ദേശീയപ്രശ്നത്തെക്കുറിച്ചുള്ള വിമർശനക്കുറിപ്പുകൾ[1]

ദേശീയപ്രശ്നം റഷ്യയിലെ സാമൂഹ്യജീവിതത്തെ സംബന്ധിക്കുന്ന പ്രശ്നങ്ങളിൽവച്ച് പ്രമുഖമായ ഒരു സ്ഥാനത്തേക്ക് ഇന്നു നീങ്ങിക്കഴിഞ്ഞിരിക്കുന്നുവെന്നത് അവിതർക്കിതമായ ഒരു വസ്തുതയാണ്. പ്രതിലോമശക്തികളുടെ ആക്രമണോത്സുകമായ ദേശീയവാദം, ദേശീയവാദത്തിലേക്കുള്ള പ്രതിവിപ്ലവ ബൂർഷ്വാലിബറലിസത്തിന്റെ മാററം (ഇതു് വിശേഷിച്ചും ഗ്രേററ്റഷ്യൻ ബൂർഷ്വാലിബറലിസത്തിനാണു ബാധകമെങ്കിലും; പോളിഷ്, യഹൂദ, ഉക്രേനിയൻ തുടങ്ങിയ ബൂർഷ്വാ ലിബറലിസത്തിനും ബാധകമാണ്), അവസാനമായി, വിവിധ ''ദേശീയ'' (അതായതു്, ഗ്രേററ് റഷ്യനല്ലാത്ത) സോഷ്യൽഡെമോക്രാററുകാർക്കിടയിലെ ചാഞ്ചാട്ടങ്ങൾ വർദ്ധിച്ച് പാർട്ടിപരിപാടി ലംഘിക്കൽവരെ ചെന്നെത്തിയിട്ടുള്ള സ്ഥിതി — ഇതെല്ലാംനിമിത്തം നാം ദേശീയപ്രശ്നത്തിനു് ഇതുവരെ നൽകിയിട്ടുള്ളതിലുമധികം പ്രാധാന്യം നൽകാൻ നിർബ്ബന്ധിതരായിരിക്കുന്നു.

ഈ ലേഖനമെഴുതുന്നതു് ഒരു പ്രത്യേക ഉദ്ദേശത്തോടെയാണ്. ദേശീയപ്രശ്നത്തിനുള്ള പരിപാടിയെസ്സംബന്ധിച്ചിടത്തോളം മാർക്സിസ്റ്റുകാർക്കിടയിലും തങ്ങളും മാർക്സിസ്റ്റുകാരാണെന്നു് അവകാശപ്പെടുന്നവർക്കിടയിലും കണ്ടുവരുന്ന ഇതേ ചാഞ്ചാട്ടങ്ങളെ അവയുടെ പൊതുബന്ധത്തിൽ പരിശോധിക്കുകയെന്നതാണ് ആ ഉദ്ദേശം. ''സേവെർനയ പ്രവ്ദ''[2]യുടെ 29—ാം ലക്കത്തിൽ (1913 സെപ്റ്റംബർ 5—ാംനു-യിലെ ലക്കത്തിൽ

''ഭാഷാപ്രശ്നത്തെപ്പററി ലിബറലുകളും ഡെമോക്രാററുകാരും'' എന്ന ലേഖനത്തിൽ) ദേശീയപ്രശ്നത്തെക്കുറിച്ച് ലിബറലുകൾ പ്രകടിപ്പിക്കുന്ന അവസരവാദത്തെ ഞാൻ പരാമർശിക്കുകയുണ്ടായി. ''സൈററ്''[3] എന്ന അവസരവാദ യഹൂദ പത്രം മിസ്റ്റർ എഫ്. ലീബ്മൻെറ ഒരു ലേഖനത്തിലൂടെ എൻെറ ലേഖനത്തിനുനേരെ വിമർശനങ്ങൾ ചൊരിഞ്ഞുകൊണ്ടു ചാടിവീണു. മറുഭാഗത്തുനിന്ന്, ദേശീയപ്രശ്നം സംബന്ധിച്ച റഷ്യൻ മാർക്സിസ്റ്റുകാരുടെ പരിപാടിയെ ഉക്രേനിയൻ അവസരവാദിയായ മിസ്റ്റർ ലെവ് യുർക്കേവിച്ച് വിമർശിച്ചു (''ദ്സ്വിൻ''[4] 1913, ലക്കം 7–8). ഈ രണ്ടു ലേഖകന്മാരും പരാമർശിച്ച പ്രശ്നങ്ങൾ അനവധിയായതുകൊണ്ട്, അവർക്കു മറുപടി പറയണമെങ്കിൽ വിഷയത്തിൻെറ നാനാവശങ്ങളെക്കുറിച്ചും പ്രതിപാദിക്കേണ്ടതു് ആവശ്യമായിവന്നിരിക്കുന്നു. ''സേവെർനയ പ്രവ്ദ''യിലെ ലേഖനം വീണ്ടും ഉദ്ധരിച്ചുകൊണ്ടു തുടങ്ങുകയായിരിക്കും ഏററവും സൗകര്യപ്രദമെന്ന് എനിക്കു തോന്നുന്നു.

## 1. ഭാഷാപ്രശ്നത്തെപ്പററി ലിബറലുകളും ഡെമോക്രാററുകാരും പറയുന്നതു്

കോക്കസസ്സിലെ ഗവർണ്ണർ ജനറലിൻെറ റിപ്പോർട്ടിനെക്കുറിച്ച് പത്രങ്ങൾ പലവുരു അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടു്. ''ബ്ലാക്ക്ഹൺഡ്രഡിസ''[5]മല്ല, മിതമായ ''ലിബറലിസ''മാണ്, അതിൻെറ സവിശേഷത. മററു പലതും പറയുന്ന കൂട്ടത്തിൽ, ഗവർണ്ണർ ജനറൽ കൃത്രിമ ''റഷ്യവൽക്കരണ''ത്തോട്, അതായതു് റഷ്യനല്ലാത്ത ദേശീയജനവിഭാഗങ്ങളെ റഷ്യനാക്കുന്ന സമ്പ്രദായത്തോട്, എതിർപ്പ് രേഖപ്പെടുത്തിയിട്ടുണ്ടു്. കോക്കസ്സസിൽ റഷ്യനല്ലാത്ത ദേശീയജനവിഭാഗക്കാർ സ്വയമേവ അവരുടെ കുട്ടികളെ റഷ്യൻ ഭാഷ പഠിപ്പിക്കാൻ

---

ആഗ്രഹിക്കുന്നു — ഉദാഹരണത്തിനു്, റഷ്യൻ ഭാഷ നിർബ്ബന്ധിതമല്ലാത്ത ആർമീനിയൻ പള്ളിവക സ്കൂളുകളിൽ.

ഈ വസ്തുത ചൂണ്ടിക്കാണിച്ചുകൊണ്ടു്, റഷ്യയിൽ ഏററ വുമധികം പ്രചാരമുള്ള ലിബറൽ പത്രങ്ങളിലൊന്നായ ''റൂസ്സ്കോയെ സ്ലോവൊ''[6] (ലക്കം 198) ശരിയായി അനുമാനിക്കുന്നതിതാണു്: റഷ്യൻ ഭാഷ ''കൃത്രിമമായി'' (''നിർബ്ബന്ധമായി'' എന്നാണു പറയേണ്ടിയിരുന്നതു്) ഏർപ്പെടുത്തുന്നതാണു് റഷ്യയിൽ അതിനോടുള്ള വിരോധത്തിൻെറ ''ഒരേയൊരു കാരണം.''

''റഷ്യൻ ഭാഷയുടെ ഭാവിയെക്കുറിച്ചു വിഷമിക്കേണ്ടയാവശ്യമില്ല. അതു് റഷ്യയിലാകമാനം അംഗീകാരം സ്വയം നേടിക്കൊള്ളും,'' പ്രസ്തുത പത്രം പറയുന്നു. ഇതു നേരാണു്. കാരണം, സാമ്പത്തികഇടപാടുകൾ നടത്തുന്നതിനു് ഒരു സ്റ്റേററിൽ അധിവസിക്കുന്ന ദേശീയജനവിഭാഗങ്ങൾ (അവർ ഒന്നിച്ചുകഴിയാനാഗ്രഹിക്കുന്നിടത്തോളം കാലം) ഭൂരിപക്ഷത്തിൻെറ ഭാഷ പഠിക്കാൻ നിർബ്ബന്ധിതരാകും. റഷ്യയിലെ വ്യവസ്ഥിതി എത്രകണ്ടു കൂടുതൽ ജനാധിപത്യപരമാണോ അത്രകണ്ടു കൂടുതൽ സുശക്തമായും വേഗതയോടും വിപുലമായും മുതലാളിത്തം വളരുകയും, അത്രകണ്ടു കൂടുതൽ വേഗം സാമ്പത്തിക ഇടപാടുകളുടെ ആവശ്യങ്ങൾ വിവിധ ദേശീയജനവിഭാഗങ്ങളെ പൊതുവ്യാപാരബന്ധത്തിനു് ഏററവും പററിയ ഭാഷ പഠിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യും.

പക്ഷെ, ആ ലിബറൽ പത്രം സ്വയം പരാജയപ്പെടുത്താനും അതിൻെറ ലിബറൽ സ്ഥിരതയില്ലായ്മ പ്രകടിപ്പിക്കാനും തിടുക്കം കൂട്ടുന്നു. അതു പറയുന്നു:

> ''റഷ്യയെപ്പോലുള്ള വിശാലമായ ഒരു സ്റ്റേററിൽ സ്റ്റേററിനൊട്ടാകെ ഒരു പൊതുഭാഷ ആവശ്യമാണെന്നും ആ ഭാഷ ... റഷ്യനാകാനേ തരമുള്ളവെന്നുമുള്ളതു് റഷ്യവൽക്കരണത്തിൻെറ എതിരാളികൾപോലും നിഷേധിക്കുമെന്നു തോന്നുന്നില്ല.''

യുക്തിയെ കീഴ്മേൽ മറിക്കലാണിതു്! ചെറിയ സ്വിററ്സർലണ്ടിൽ സ്റ്റേററിനൊട്ടാകെ ഒരു പൊതുഭാഷയ്ക്കു പകരം മൂന്നു ഭാഷകൾ—ജർമ്മനും ഫ്രഞ്ചും ഇററാലിയനും—ഉള്ളതുകൊ

ണ്ടു് അതിന്ന മെച്ചമാണുള്ളതു്, മറിച്ചല്ല. സ്വിററ്സർലണ്ടിൽ ജനസംഖ്യയുടെ 70 ശതമാനം ജർമ്മൻകാരും (റഷ്യയിൽ 43 ശതമാനം ഗ്രേററ്റഷ്യാക്കാരാണ്) 22 ശതമാനം ഫ്രഞ്ചുകാരും (റഷ്യയിൽ 17 ശതമാനം ഉക്രേനിയൻകാരാണ്) 7 ശതമാനം ഇററലിക്കാരുമാണ് (റഷ്യയിൽ ആറു ശതമാനം പോളണ്ടുകാരും $4^1/_2$ ശതമാനം ബെലൊറഷ്യാക്കാരുമാണ്). സ്വിററ്സർലണ്ടിലുള്ള ഇററലിക്കാർ പലപ്പോഴും പൊതുപാർലിമെണ്ടിൽ ഫ്രഞ്ചു സംസാരിക്കുമെങ്കിലും, അവരതു ചെയ്യുന്നതു് നിഷ്ഠുരമായ ഏതെങ്കിലും പോലീസ് നിയമത്തെ ഭയന്നിട്ടല്ല (അങ്ങനെയൊരു നിയമം സ്വിററ്സർലണ്ടിലില്ല), നേരേമറിച്ച് ഒരു ജനാധിപത്യസ്റ്റേററിലെ പരിഷ്ക്കാരസമ്പന്നരായ പൗരന്മാർ അവിടത്തെ ഭൂരിപക്ഷത്തിന്ന മനസ്സിലാകുന്ന ഭാഷ സംസാരിക്കാൻ സ്വയമിഷ്ടപ്പെടുന്നുവെന്നതുകൊണ്ടു മാത്രമാണ്. ഫ്രഞ്ചു ഭാഷ ഇററലിക്കാരുടെ രോഷം ഇളക്കിവിടുന്നില്ല. കാരണം, സ്വതന്ത്രവും പരിഷ്കൃതവുമായ ഒരു രാഷ്ട്രത്തിൻെറ ഭാഷയാണതു്, നികൃഷ്ടമായ പോലീസ് നടപടികൾ മുഖേന അടിച്ചേല്പിച്ചിട്ടുള്ള ഭാഷയല്ല.

അവിടത്തേതിനേക്കാൾ വളരെയേറെ വൈജാത്യങ്ങളുള്ള ജനസംഖ്യയോടുകൂടിയതും തികച്ചും പിന്നണിയിൽക്കിടക്കുന്നതുമായ ''വിശാലമായ'' റഷ്യ ഏതെങ്കിലുമൊരു ഭാഷയ്ക്കു മാത്രം പ്രത്യേകാനുകൂല്യങ്ങൾ വച്ചുപുലർത്തിക്കൊണ്ടു് സ്വന്തം വളർച്ചയെ വിഘാതപ്പെടുത്തേണ്ടയാവശ്യമെന്താണ്? നേരേ മറിച്ചല്ലേ വേണ്ടതു്, ലിബറൽ മാന്യന്മാരേ? യൂറോപ്പിനോടൊപ്പമെത്തണമെന്നുണ്ടെങ്കിൽ എല്ലാവിധ പ്രത്യേകാനുകൂല്യങ്ങളും കഴിയുന്നത്ര വേഗത്തിൽ, കഴിയുന്നത്ര പൂർണ്ണമായി, കഴിയുന്നത്ര വാശിയോടും വീറോടുംകൂടി, അവസാനിപ്പിക്കുകയല്ലേ റഷ്യ ചെയ്യേണ്ടതു്?

എല്ലാ പ്രത്യേകാനുകൂല്യങ്ങളും ഇല്ലാതാവുകയാണെങ്കിൽ, ഏതെങ്കിലുമൊരു ഭാഷ അടിച്ചേല്പിക്കുന്ന സമ്പ്രദായം നിർത്തുകയാണെങ്കിൽ, സ്ലാവ്‌വർഗ്ഗക്കാരെല്ലാവരും എളുപ്പത്തിലും വേഗത്തിലും അന്യോന്യം മനസ്സിലാക്കാൻ പഠിക്കും; പൊതു

പാർലിമെണ്ടിൽ വിവിധഭാഷകളിലുള്ള പ്രസംഗങ്ങരം കേൾക്കു മെന്ന ''ഭയങ്കര'' ആശയം അവരെ ഭയപ്പെടുത്തുകയില്ല. വ്യാവസായികബന്ധങ്ങളുടെ താല്പര്യങ്ങളെ മുൻനിർത്തി ഒരു രാജ്യത്തെ ഭൂരിപക്ഷമാളുകളും ഏതു ഭാഷ അറിഞ്ഞിരിക്കുകയാണു പ്രയോജനപ്രദമെന്നതു നിർണ്ണയിക്കുന്നതു് സാമ്പത്തികഇടപാടുകളുടെ ആവശ്യങ്ങളല്ലാതെ മറെറാന്നുമല്ല. വിവിധ ജനവിഭാഗങ്ങളിൽപ്പെട്ട ജനങ്ങരം ഇതംഗീകരിക്കുന്നതു സ്വയമേവയായിരിക്കുമെന്നതുകൊണ്ടു് ഇക്കാര്യം കൂടുതൽ ഉറപ്പായി നിർണ്ണയിക്കപ്പെടുകയും ചെയ്യും, ജനാധിപത്യം എത്രത്തോളം ഉറപ്പായി പ്രാവർത്തികമാകുന്നോ, തൽഫലമായി മുതലാളിത്തം എത്രത്തോളം വേഗം വളരുന്നോ, അത്രത്തോളം വേഗതയോടും വിപുലമായ തോതിലും അതു നിർണ്ണയിക്കപ്പെടുന്നതാണു്.

ഭാഷാപ്രശ്നത്തോടുള്ള ലിബറലുകളുടെ സമീപനം എല്ലാ രാഷ്ട്രീയപ്രശ്നങ്ങളോടുമെന്നപോലെതന്നെയാണു്. അതായതു്, തട്ടിപ്പുകാണിക്കുന്ന ആക്രിക്കച്ചവടക്കാരെപ്പോലെ അവർ ഒരു കയ്യു് (പരസ്യമായി) ജനാധിപത്യത്തിൻെറ നേർക്കു നീട്ടും. മറേറ കയ്യു് (തിരശ്ശീലയ്ക്കു പിന്നിൽ) ഫ്യൂഡൽ ഭൂപ്രഭുക്കളുടേയും പോലീസിൻേറയും നേർക്കു നീട്ടും. ഞങ്ങരം പ്രത്യേകാനുകൂല്യങ്ങരംക്കെതിരാണു്—ലിബറലുകരം വിളിച്ചുകൂവുന്നു; പക്ഷെ തിരശ്ശീലയ്ക്കു പിന്നിൽ അവർ ഫ്യൂഡൽ ഭൂവുടമകളിൽനിന്നും പ്രത്യേകാനുകൂല്യങ്ങരം ഓരോന്നായി വിലപേശി വാങ്ങുന്നു.

എല്ലാ ലിബറൽ—ബൂർഷ്വാ ദേശീയവാദത്തിൻേറയും—ഗ്രേററു് റഷ്യൻ മാത്രമല്ല (അതിൻെറ അക്രമസ്വഭാവവും പുറിഷ്ക്കെവിച്ചു് മാന്യന്മാരുമായുള്ള അടുപ്പവും നിമിത്തം അതാണു് മറെറല്ലാററിനേക്കാളും മോശം), പോളിഷ്, യഹൂദ, ഉക്രേനിയൻ, ജോർജ്ജിയൻ തുടങ്ങിയ എല്ലാററിൻേറയും—സ്വഭാവമാണിതു്. ആസ്ത്രിയയിലായാലും റഷ്യയിലായാലും, ''ദേശീയസംസ്കാര'' മെന്ന മുദ്രാവാക്യത്തിൻെറ പേരിൽ എല്ലാ രാഷ്ട്രങ്ങളിലും പെട്ട ബൂർഷ്വാസി അനുവർത്തിക്കുന്നതു് തൊഴിലാളികളെ ഭിന്നിപ്പിക്കുകയും ജനാധിപത്യത്തെ ദുർബലപ്പെടുത്തുകയും ദേശീയാവകാശങ്ങളും ദേശീയസ്വാതന്ത്ര്യവും അടിയറ വയ്ക്കുന്ന

കാര്യത്തിൽ ഫ്യൂഡൽ ഭൂവുടമകളുമായി വിലപേശുകയും ചെയ്യുകയെന്ന നയമാണ്.

''ദേശീയസംസ്കാര''മെന്നതല്ല, ജനാധിപത്യത്തിൻേറയും ലോകതൊഴിലാളിപ്രസ്ഥാനത്തിൻേറയും സാർവ്വദേശീയസംസ്കാരമെന്നതാണ് തൊഴിലാളിജനാധിപത്യത്തിൻെറ മുദ്രാവാക്യം. ''ക്രിയാത്മക''മായ പലവിധ ദേശീയപരിപാടികളും പൊക്കിപ്പിടിച്ചുകൊണ്ടു് ബൂർഷ്വാസി ജനങ്ങളെ കബളിപ്പിച്ചുകൊള്ളട്ടെ. വർഗ്ഗബോധമുള്ള തൊഴിലാളി അതിനു നൽകുന്ന മറുപടി ഇതായിരിക്കും: ദേശീയപ്രശ്നത്തിന് ഒരേയൊരു പരിഹാരമേയുള്ളു (മുതലാളിത്തലോകത്തിൽ, ലാഭത്തിൻേറയും കലഹത്തിൻേറയും ചൂഷണത്തിൻേറയും ലോകത്തിൽ, അതിനെന്തെങ്കിലും പരിഹാരം കാണാനൊക്കുമെന്നുണ്ടെങ്കിൽ)—അടിയുറച്ച ജനാധിപത്യമെന്നതാണ് ആ പരിഹാരം.

പടിഞ്ഞാറൻ യൂറോപ്പിൽ പുരാതനസംസ്കാരമുള്ള ഒരു രാജ്യമായ സ്വിററ്സർലണ്ടും കിഴക്കൻ യൂറോപ്പിൽ പുതിയ സംസ്കാരമുള്ള ഒരു രാജ്യമായ ഫിൻലണ്ടുമാണ് അതിനുള്ള തെളിവ്.

ഏതെങ്കിലുമൊരു രാഷ്ട്രത്തിനോ ഭാഷയ്ക്കോ യാതൊരു പ്രത്യേകാനുകൂല്യങ്ങളും ഇല്ലാതിരിക്കുക; രാഷ്ട്രങ്ങളുടെ രാഷ്ട്രീയസ്വയംനിർണ്ണയാവകാശപ്രശ്നം, അതായതു് ഒരു സ്റ്റേററന്ന നിലയിൽ വിട്ടുപോകാനുള്ള അവകാശത്തിൻെറ പ്രശ്നം, തികച്ചും സ്വതന്ത്രവും ജനാധിപത്യപരവുമായ രീതിയിൽ തീരുമാനിക്കുക; രാജ്യത്തിനൊട്ടാകെ ബാധകവും, ഏതെങ്കിലുമൊരു രാഷ്ട്രത്തിന് എന്തെങ്കിലും തരത്തിൽ പ്രത്യേകാനുകൂല്യങ്ങൾ നൽകുകയും രാഷ്ട്രങ്ങളുടെ സമത്വത്തേയോ ഒരു ദേശീയന്യൂനപക്ഷത്തിൻെറ അവകാശങ്ങളേയോ ലംഘിക്കുകയും ചെയ്യുന്ന എല്ലാ നടപടികളും (ഗ്രാമീണസഭകളും നഗരസഭകളും സെംസ്തൊവ്കളും മററും മററും അംഗീകരിച്ചിട്ടുള്ളവ) നിയമവിരുദ്ധവും അസാധുവുമാക്കിക്കൊണ്ടുള്ളതും, അത്തരം ഏതു നടപടിയും അവ്യവസ്ഥാപിതമാണെന്ന കാരണത്താൽ റദ്ദാക്കണമെന്നും അതു തുടർന്നുനടപ്പിലാക്കാൻ ഉദ്യമിക്കുന്നവരുടെ പേരിൽ ക്രി

മിനൽ നടപടികളെടുക്കണമെന്നും ആവശ്യപ്പെടാനുള്ള അവകാശം ഓരോ പൗരനും നൽകിക്കൊണ്ടുള്ളതുമായ ഒരു നിയമം പാസ്സാക്കുക—ഇതാണ് തൊഴിലാളിജനാധിപത്യത്തിന്റെ ദേശീയപരിപാടി.

ഭാഷ തുടങ്ങിയ പ്രശ്നങ്ങളെച്ചൊല്ലി വിവിധ ദേശീയ ബൂർഷ്വാപാർട്ടികൾ തമ്മിലുള്ള കടിപിടിയിൽനിന്നു വ്യത്യസ്തമായി, തൊഴിലാളിജനാധിപത്യം മുന്നോട്ടുവയ്ക്കുന്ന ആവശ്യമിതാണ്: എല്ലാ വിധത്തിലുള്ള ബൂർഷ്വാ ദേശീയവാദത്തേയും എതിർത്തുതോല്പിക്കാൻവേണ്ടി എല്ലാ ദേശീയജനവിഭാഗങ്ങളിലും പെട്ട തൊഴിലാളികളെ ട്രേഡ്യൂണിയനുകൾ, സഹകരണസംഘങ്ങൾ, ഉപഭോക്തൃസംഘടനകൾ, വിദ്യാഭ്യാസസംഘടനകൾ തുടങ്ങിയ എല്ലാ തൊഴിലാളിസംഘടനകളിലും ഒന്നിച്ചുകൊണ്ടുവരിക, അവർ തമ്മിൽ പരിപൂർണ്ണ ഐക്യം നിലവിൽ വരുത്തുക. അത്തരം ഐക്യത്തിനും ഒത്തൊരുമിപ്പിനും മാത്രമേ ജനാധിപത്യത്തെ സംരക്ഷിക്കാൻ കഴിയൂ; അതിനു മാത്രമേ ഇതിനകം തന്നെ സാർവ്വദേശീയമായിക്കഴിഞ്ഞിട്ടുള്ളതും അധികമധികം സാർവ്വദേശീയമായിക്കൊണ്ടിരിക്കുന്നതുമായ മൂലധനത്തിനെതിരായി തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കാനൊക്കൂ. അതിനുമാത്രമേ യാതൊരുവിധ പ്രത്യേകാനുകൂല്യങ്ങളും യാതൊരുവിധ ചൂഷണവുമില്ലാത്ത ഒരു പുതിയ ജീവിതരീതിയിലേക്കുള്ള മനുഷ്യരാശിയുടെ പുരോഗതിയുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയൂ.

## 2. ''ദേശീയസംസ്ക്കാരം''

ദേശീയപ്രശ്നത്തിൽ ഫ്യൂഡൽ ഭൂവുടമകളുടേയും പോലീസിന്റേയും നേരെ കൈ നീട്ടുന്ന ലിബറൽ ബൂർഷ്വാസിയുടെ അസ്ഥിരതയേയും അവസരവാദത്തേയും, സ്റ്റേററിനൊട്ടാകെ ബാധകമായ ഒരു പൊതുഭാഷയുടെ ഉദാഹരണമെടുത്തുകൊണ്ട്, തുറന്നുകാട്ടുകയാണ് ''സേവെർനയ പ്രവ്ദ''യിലെ ലേഖനം

ചെയ്തിരിക്കുന്നതെന്നു് വായനക്കാർക്കു കാണാവുന്നതാണല്ലോ. സ്റ്റേററിനൊട്ടാകെ ബാധകമായ പൊതുഭാഷയുടെ പ്രശ്നത്തിനു പുറമെ അതുമായി ബന്ധപ്പെട്ട മററനേകം പ്രശ്നങ്ങളിലും ലിബറൽ ബൂർഷ്വാസി അതുപോലെതന്നെ വഞ്ചനാപരവും കപടവും ബുദ്ധിശൂന്യവുമായ രീതിയിൽ (ലിബറലിസത്തിൻെറ താല്പര്യം വച്ചുനോക്കിയാൽപ്പോലും) ആണു പെരുമാറുന്നതെന്നു് ആർക്കും മനസ്സിലാകും.

ഇതിൽനിന്നു് എന്താണനുമാനിക്കേണ്ടതു്? എല്ലാ ലിബറൽ ബൂർഷ്വാ ദേശീയവാദവും തൊഴിലാളികൾക്കിടയിൽ അങ്ങേയററം കെട്ട പ്രവണതകൾ സൃഷ്ടിക്കുന്നു, സ്വാതന്ത്ര്യത്തിൻേറയും തൊഴിലാളിവർഗ്ഗസമരത്തിൻേറയും താല്പര്യത്തിനു് അതു് വമ്പിച്ച ഹാനി വരുത്തുന്നു. ബൂർഷ്വാപ്രവണത (അതുപോലെതന്നെ ബൂർഷ്വാ—ഫ്യൂഡൽ ഭൂവുടമകളുടെ പ്രവണത) ''ദേശീയസംസ്കാര''മെന്ന മുദ്രാവാക്യത്തിൻെറ മറയ്ക്കു പിന്നിലാണു പ്രത്യക്ഷപ്പെടുന്നതെന്ന വസ്തുത അതിൻെറ ആപൽസ്വഭാവം വർദ്ധിപ്പിക്കുന്നു. ഗ്രേററ് റഷ്യൻ, പോളിഷ്, യഹൂദ, ഉക്രേനിയൻ, തുടങ്ങിയ ദേശീയസംസ്കാരത്തിൻെറ പേരിലാണു് ബ്ലാക്ക് ഹൺഡ്രഡുകാരും പുരോഹിതന്മാരും കൂടാതെ എല്ലാ രാഷ്ട്രങ്ങളിലും പെട്ട ബൂർഷ്വാസിയും അവരുടെ വൃത്തികെട്ട പിന്തിരിപ്പൻ പണികൾ നടത്തുന്നതു്.

മാർക്സിസ്റ്റ് നിലപാടിൽ നിന്നുകൊണ്ടു്, അതായതു് വർഗ്ഗസമരത്തിൻെറ നിലപാടിൽ നിന്നുകൊണ്ടു്, നോക്കുന്ന പക്ഷം, മുദ്രാവാക്യങ്ങളെ നിർജ്ജീവമായ ''പൊതുതത്വങ്ങളും'' പ്രസംഗങ്ങളും പദപ്രയോഗങ്ങളുമായിട്ടല്ല, പ്രത്യുത, വർഗ്ഗങ്ങളുടെ താല്പര്യങ്ങളും നയങ്ങളുമായി തട്ടിച്ചുനോക്കുന്ന പക്ഷം, ഇന്നത്തെ ദേശീയജീവിതത്തിൽ കാണാവുന്ന വസ്തുതകൾ ഇവയെല്ലാമാണു്.

ബൂർഷ്വാസിയും (പലപ്പോഴും ബ്ലാക്ക് ഹൺഡ്രഡുകാരും പുരോഹിതന്മാരും) പ്രയോഗിക്കുന്ന ഒരു തട്ടിപ്പാണു് ദേശീയസംസ്കാരമെന്ന മുദ്രാവാക്യം. ജനാധിപത്യത്തിൻേറയും ലോക

തൊഴിലാളിപ്രസ്ഥാനത്തിൻേറയും സാർവ്വദേശീയസംസ്കാരമെന്നതാണ് നമ്മുടെ മുദ്രാവാക്യം.

ബുന്ദിസ്റ്റായ മിസ്റ്റർ ലീബ്മൻ ഇടക്കു ചാടിവീണ് ഈ ആക്ഷേപവർഷത്തിൽ എന്നെ മുക്കിക്കളയുന്നു:

''സാർവ്വദേശീയസംസ്കാരമെന്നതു് അദേശീയ സംസ്കാരമല്ലെന്നു* (ഒരു ദേശീയരൂപമില്ലാത്ത സംസ്കാരം) ദേശീയപ്രശ്നവുമായി അല്പമെങ്കിലും പരിചയമുള്ള ഏവർക്കും അറിയാവുന്നതാണ്; അദേശീയസംസ്കാരമെന്നതു്—അതു് റഷ്യൻ സംസ്കാരമോ യഹൂദ സംസ്കരമോ പോളിഷ് സംസ്കാരമോ ഒന്നുമല്ലാത്ത ശുദ്ധസംസ്കാരമായിരിക്കണം — അസംബന്ധമാണ്; തൊഴിലാളി സംസാരിക്കുന്ന ഭാഷയുമായും അവൻ ജീവിക്കുന്ന സമൂർത്തമായ ദേശീയസാഹചര്യങ്ങളുമായും പൊരുത്തപ്പെടുത്തിയാൽമാത്രമേ സാർവ്വദേശീയാശയങ്ങൾ തൊഴിലാളിവർഗ്ഗത്തിനു് ഇഷ്ടപ്പെടുകയുള്ളു; തൻെറ ദേശീയസംസ്കാരത്തിൻെറ സ്ഥിതിയിലും വളർച്ചയിലും തൊഴിലാളി അശ്രദ്ധനാകരുതു്; കാരണം, അതിലൂടെ, അതിലൂടെമാത്രമേ, 'ജനാധിപത്യത്തിൻേറയും ലോകതൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിൻേറയും സാർവ്വദേശീയസംസ്കാര'ത്തിൽ പങ്കെടുക്കാൻ അവനു് അവസരം കിട്ടു. ഇതു പണ്ടേ അറിവുള്ള ഒരു സംഗതിയാണ്. പക്ഷെ വി. ഐ. അതിനെപ്പററി യാതൊന്നുമറിയാൻ ആഗ്രഹിക്കുന്നില്ല....''

ബുന്ദിസ്റ്റ് വാദരീതിയുടെ നല്ലൊരു മാതൃകയായ ഇതിനെക്കുറിച്ച് ഒന്നാലോചിച്ചുനോക്കു. ഞാൻ മുന്നോട്ടുവച്ച മാർക്സിസ്റ്റ് തീസിസ്സിനെ പൊളിക്കാൻവേണ്ടിയാണത്രെ ഇതുന്നയിച്ചിരിക്കുന്നതു്. അങ്ങേയററത്തെ ആത്മവിശ്വാസം ഭാവിച്ചുകൊണ്ടു്, ''ദേശീയപ്രശ്നവുമായി ചിരപരിചയം സമ്പാദിച്ചിട്ടുള്ള'' ഒരാളെന്ന നാട്യത്തിൽ ഈ ബുന്ദിസ്റ്റ് മാന്യൻ ''പണ്ടേ അറിയാവുന്ന'' പരമാർത്ഥങ്ങളായി നമ്മുടെ മുമ്പിൽ വയ്ക്കുന്നതു് വെറും സാധാരണ ബൂർഷ്വാ അഭിപ്രായങ്ങളാണ്.

ശരിയാണ്, എൻെറ പ്രിയപ്പെട്ട ബുന്ദിസ്റ്റേ, സാർവ്വദേശീയസംസ്കാരം അദേശീയസംസ്കാരമല്ല. അതങ്ങനെയാണെന്നു് ആരും പറഞ്ഞതുമില്ല. പോളിഷ് സംസ്കാരവും യഹൂദ സംസ്കാരവും റഷ്യൻ സംസ്കാരവുമൊന്നുമല്ലാത്ത ഒരു ''ശുദ്ധ'' സംസ്കാ

---

* സാർവ്വദേശീയ—ദേശങ്ങൾതമ്മിലുള്ള; അദേശീയ—ദേശീയമല്ലാത്ത.

രം ആരും പ്രഖ്യാപിച്ചിട്ടുമില്ല. വായനക്കാരുടെ ശ്രദ്ധ തിരിച്ചുവിടാനും വിഷയത്തിൻെറ കാതലായ ഭാഗം വാഗ്ധോരണിയിൽ മുക്കിക്കളയാനും വേണ്ടിയുള്ള ഒരു ശ്രമം മാത്രമാണ് നിങ്ങളുടെ ഈ വിരസമായ വാചകക്കസർത്ത്.

ജനാധിപത്യസംസ്കാരത്തിൻേറയും സോഷ്യലിസ്റ്റ് സംസ്കാരത്തിൻേറയും അംശങ്ങൾ—അവ വികസിതമല്ലെങ്കിൽക്കൂടി—ഓരോ ദേശീയസംസ്കാരത്തിലും അടങ്ങിയിട്ടുണ്ട്. കാരണം, ജനാധിപത്യത്തിൻേറയും സോഷ്യലിസത്തിൻേറയും സിദ്ധാന്തത്തിന് അനിവാര്യമായും വഴിതെളിക്കുന്ന സാഹചര്യങ്ങളിൽ ജീവിക്കുന്ന അദ്ധ്വാനിക്കുന്നവരും ചൂഷിതരുമായ ബഹുജനങ്ങൾ ഓരോ രാഷ്ട്രത്തിലുമുണ്ട്. പക്ഷേ അതേസമയം ഓരോ രാഷ്ട്രത്തിനും ഒരു ബൂർഷ്വാ സംസ്കാരംകൂടിയുണ്ട് (അതു ബൂർഷ്വാസംസ്കാരം മാത്രമല്ല, ഒരു വലിയ പരിധിവരെ ബ്ലാക്ക് ഹൺഡ്രഡുകളുടേയും പൗരോഹിത്യത്തിൻേറയും സംസ്കാരം കൂടിയാണ്). അതിനാകട്ടെ, വെറും ''അംശ''ങ്ങളുടെ രൂപമല്ല ഉള്ളത്, മുന്തിനിൽക്കുന്ന സംസ്കാരത്തിൻെറ രൂപമാണ്. അതുകൊണ്ട്, ''ദേശീയ സംസ്കാര''മെന്നത് പൊതുവിൽ ഭൂവുടമകളുടേയും പൗരോഹിത്യത്തിൻേറയും ബൂർഷ്വാസിയുടേയും തന്നെ സംസ്കാരമാണ്. ഒരു മാർക്സിസ്റ്റിനെ സംബന്ധിച്ചിടത്തോളം ബാലപാഠമായ ഈ മൗലികസത്യം നമ്മുടെ ബുന്ദിസ്റ്റ് അവഗണിച്ചു. അദ്ദേഹം അതിനെ തൻെറ വാഗ്ധോരണിയിൽ ''ആഴ്ത്തി''ക്കളഞ്ഞു. അതായത്, വർഗ്ഗവൈജാത്യം തുറന്നുകാട്ടുകയും വിശദീകരിക്കുകയും ചെയ്യുന്നതിനു പകരം അദ്ദേഹം വാസ്തവത്തിൽ ചെയ്തതു് അതു വായനക്കാരിൽനിന്നും മറച്ചുപിടിക്കുകയാണ്. പരമാർത്ഥം പറഞ്ഞാൽ, വർഗ്ഗാതീതമായ ഒരു ദേശീയസംസ്കാരത്തിൽ വിശ്വാസം വളർത്തുന്ന കാര്യത്തിൽ അതീവതല്പരനായ ഒരു ബൂർഷ്വായെപ്പോലെ എഴുതുകയാണ് അദ്ദേഹം ചെയ്തതു്.

''ജനാധിപത്യത്തിൻേറയും ലോകതൊഴിലാളിപ്രസ്ഥാനത്തിൻേറയും സാർവ്വദേശീയസംസ്കാരം'' എന്ന മുദ്രാവാക്യം മുന്നോട്ടുവയ്ക്കുമ്പോൾ ഞങ്ങൾ ഓരോ ദേശീയസംസ്കാരത്തിൽ

നിന്നും അതിൻെറ ജനാധിപത്യപരമായ അംശങ്ങഠം മാത്രമേ, സോഷ്യലിസ്റ്റ് അംശങ്ങഠം മാത്രമേ, എടുക്കുന്നുള്ളു. ഓരോ രാഷ്ട്ര ത്തിലേയും ബൂർഷ്വാ സംസ്കാരത്തിനും ബൂർഷ്വാ ദേശീയവാദ ത്തിനും മറുമരുന്നെന്ന നിലയ്ക്കു മാത്രവും നിരുപാധികവുമായി ട്ടാണു് ഞങ്ങളവ എടുക്കുന്നതു്. എല്ലാ ഭാഷകഠംക്കും തുല്യാവകാ ശങ്ങളാണുള്ളതെന്നും ''തദ്ദേശീയ'' ബൂർഷ്വാസിയുമായി മാതൃ ഭാഷയിൽ വാദപ്രതിവാദത്തിൽ ഏർപ്പെടുകയും ബൂർഷ്വാവി രുദ്ധവും പൗരോഹിത്യവിരുദ്ധവുമായ ആശയങ്ങഠം ''തദ്ദേശീയ'' രായ കർഷകരുടേയും പട്ടണങ്ങളിലെ ഇടത്തരക്കാരുടേയുമിട യിൽ പ്രചരിപ്പിക്കുകയും ചെയ്യേണ്ടതു് ആവശ്യമാണെന്നും ഒരൊററ മാർക്സിസ്റ്റെന്നല്ല ഒരൊററ ജനാധിപത്യവാദിപോ ലും നിഷേധിക്കുകയില്ല. ഇതു പ്രത്യേകം പറയേണ്ട കാര്യ മില്ല. തർക്കമില്ലാത്ത ഈ പരമാർത്ഥങ്ങഠംകൊണ്ടു് തർക്കമുള്ള പ്രശ്നത്തെ, അതായതു് യഥാർത്ഥത്തിൽ സംഗതമായ പ്രശ്നത്തെ, മറച്ചുപിടിക്കുകയാണു് ബുന്ദിസ്റ്റുകാരൻ ചെയ്യുന്നതു്.

ദേശീയസംസ്കാരമെന്ന മുദ്രാവാക്യം പ്രത്യക്ഷമായോ പരോ ക്ഷമായോ ഉന്നയിക്കുകയെന്നതു് ഒരു മാർക്സിസ്റ്റിനെ സംബ ന്ധിച്ചിടത്തോളം അനുവദനീയമാണോ, അതോ, അതിനെതി രായി എല്ലാ ഭാഷകളിലും പ്രാദേശികവും ദേശീയവുമായ എല്ലാ പ്രത്യേകതകളുമായി ''പൊരുത്തപ്പെട്ടു''കൊണ്ടും തൊ ഴിലാളിസാർവ്വദേശീയത്വമെന്ന മുദ്രാവാക്യം പ്രചരിപ്പിക്കാൻ അയാഠം ബാദ്ധ്യസ്ഥനാണോ — ഇതാണു പ്രശ്നം.

''ദേശീയസംസ്കാരം'' എന്ന മുദ്രാവാക്യത്തിൻെറ പ്രാ ധാന്യം, ''സാർവ്വദേശീയസംസ്കാരത്തെ അതിലൂടെ നടപ്പി ലാക്കുകയെന്ന അർത്ഥത്തി''ലായിരിക്കും പ്രസ്തുത മുദ്രാവാക്യ ത്തെ താൻ വ്യാഖ്യാനിക്കുന്നതെന്ന ഒരു നിസ്സാരനായ ബുദ്ധി ജീവിയുടെ വാഗ്ദാനത്തേയോ സദുദ്ദേശത്തേയോ ആശ്രയിച്ചല്ല ഇരിക്കുന്നതു്. അതിനെ അങ്ങിനെ കാണുന്നതു് ബാലിശ മായ ആത്മനിഷ്ഠാവാദമായിരിക്കും. ഏതെങ്കിലുമൊരു രാജ്യ ത്തെയും കൂടാതെ ലോകത്തിലെ എല്ലാ രാജ്യങ്ങളിലേയും എല്ലാ വർഗ്ഗങ്ങളുടേയും വസ്തുനിഷ്ഠമായ ബലാബലമാണു് ആ

രാജ്യത്തെ സംബന്ധിച്ചിടത്തോളം ദേശീയസംസ്കാരമെന്ന മുദ്രാവാക്യത്തിൻെറ പ്രാധാന്യം നിർണ്ണയിക്കുന്നതു്. ബൂർഷ്വാസിയുടെ ദേശീയസംസ്കാരമെന്നൊന്നുണ്ടെന്നുള്ളതു് ഒരു പരമാർത്ഥമാണു് (ഞാൻ വീണ്ടും പറയുന്നു, എല്ലായിടത്തും ബൂർഷ്വാസി ഭൂവുടമകളും പൗരോഹിത്യവുമായി സഖ്യത്തിലേർപ്പെടുന്നു). തൊഴിലാളികളെ മൂക്കുകയററിട്ടുകൊണ്ടു പോകത്തക്കവണ്ണം അവരെ മയക്കുകയും കബളിപ്പിക്കുകയും ഭിന്നിപ്പിക്കുകയും ചെയ്യുന്ന അക്രമോത്സുകമായ ബൂർഷ്വാദേശീയവാദം—ഇന്നത്തെ മൗലികമായ പരമാർത്ഥമിതാണു്.

തൊഴിലാളിവർഗ്ഗത്തെ സേവിക്കാനാഗ്രഹിക്കുന്നവരാരായാലും അവർ എല്ലാ രാഷ്ട്രങ്ങളിലും പെട്ട തൊഴിലാളികളെ ഏകോപിപ്പിക്കുകയും ''തദ്ദേശീയ''വും വിദേശീയവുമായ ബൂർഷ്വാ ദേശീയവാദത്തിനെതിരായി അടിപതറാതെ പൊരുതുകയും ചെയ്യേണ്ടതാണു്. ദേശീയസംസ്കാരമെന്ന മുദ്രാവാക്യം ഉന്നയിക്കുന്നയാളിൻെറ സ്ഥാനം ദേശീയവാദികളായ ഫിലിസ്റ്റൈനുകളുടെ കൂട്ടത്തിലാണു്, മാർക്സിസ്റ്റുകാർക്കിടയിലല്ല.

നമുക്കു് വ്യക്തമായ ഒരു ഉദാഹരണമെടുക്കാം. ഒരു ഗ്രേററ് റഷ്യൻ മാർക്സിസ്റ്റിനു് ദേശീയമായ, ഗ്രേററ് റഷ്യൻ സംസ്കാരമെന്ന മുദ്രാവാക്യം സ്വീകരിക്കാൻ സാദ്ധ്യമാണോ? അല്ല. അത്തരമൊരാളുടെ സ്ഥാനം ദേശീയവാദികൾക്കിടയിലാണു്, മാർക്സിസ്റ്റുകാർക്കിടയിലല്ല. ഗ്രേററ്റഷ്യാക്കാർക്കിടയിൽ മുന്തിനിൽക്കുന്ന ബ്ലാക്ക്ഹൺഡ്രേഡ്—ബൂർഷ്വാ ദേശീയസംസ്കാരത്തിനെതിരെ പൊരുതുക, നമ്മുടെതന്നെ ജനാധിപത്യപ്രസ്ഥാനത്തിൻേറയും തൊഴിലാളിപ്രസ്ഥാനത്തിൻേറയും ചരിത്രത്തിലുള്ള ബീജങ്ങളെ തികച്ചും സാർവ്വദേശീയ സ്പിരിട്ടിലും മററു രാജ്യങ്ങളിലെ തൊഴിലാളികളുമായി കഴിയുന്നത്ര അടുത്തു സമ്പർക്കം പുലർത്തിക്കൊണ്ടും വളർത്തിക്കൊണ്ടുവരിക—ഇതാണു നമ്മുടെ കടമ. സ്വന്തം ഗ്രേററ്റഷ്യൻ ഭൂവുടമകൾക്കും ബൂർഷ്വാസിക്കുമെതിരായി സമരം ചെയ്യുക, സാർവ്വദേശീയത്വത്തിൻെറ പേരിൽ അവരുടെ ''സംസ്കാര''ത്തിനെതിരായി പൊരുതുക, അങ്ങിനെ പൊരുതുമ്പോൾ പുരിഷ്ക്കേ

വിപ്ലകളുടേയും സ്ത്രീവെകളുടേയും പ്രത്യേകതകളുമായി സ്വയം ''പൊരുത്തപ്പെടുക''— അതാണ കടമ. അല്ലാതെ, ദേശീയ സംസ്കാരമെന്ന മുദ്രാവാക്യം പ്രചരിപ്പിക്കുകയോ അതു പൊറു ക്കുകപോലുമോ അല്ല.

അങ്ങേയററത്തെ മർദ്ദനത്തിനും അക്രമത്തിനും വിധേയ മായിട്ടുള്ള യഹൂദരാഷ്ട്രത്തിനും ഇതു ബാധകമാണ്. യഹൂദദേ ശീയസംസ്കാരമെന്നതു് റാബികളുടേയും ബൂർഷ്വാസിയുടേയും മുദ്രാവാക്യമാണ്, നമ്മുടെ ശത്രുക്കളുടെ മുദ്രാവാക്യമാണ്. എന്നാൽ യഹൂദസംസ്കാരത്തിലും യഹൂദചരിത്രത്തിലാകെത്ത ന്നെയും വേറെ ഘടകങ്ങളുമുണ്ടു്. ലോകത്തിലൊട്ടാകെയുള്ള പത്തരദശലക്ഷം യഹൂദന്മാരിൽ പകുതിയിലല്പം കൂടുതൽ പാർ ക്കുന്നതു് ഗലീഷ്യയിലും റഷ്യയിലുമാണ്. പിന്നണിയിലും പകുതി കാടത്തത്തിലും കിടക്കുന്ന ഈ രാജ്യങ്ങൾ യഹൂദന്മാരെ ബലാല്ക്കാരമായി ഒരു ജാതിയെന്ന നിലയ്ക്കു നിർത്തിയിരിക്കുക യാണ് മറേറ പകുതി പരിഷ്കൃതലോകത്തിലാണ് അധി വസിക്കുന്നതു്. അവിടെ യഹൂദന്മാരെ ജാതിയെന്ന നിലയ്ക്കു് വേർതിരിച്ചു നിർത്തിയിട്ടില്ല. യഹൂദസംസ്കാരത്തിൻെറ മഹ ത്തരവും ലോകവ്യാപകവും പുരോഗമനാത്മകവുമായ സവി ശേഷതകൾ—അതിൻെറ സാർവ്വദേശീയത്വവും ഈ കാലഘ ട്ടത്തിലെ പുരോഗമനപ്രസ്ഥാനങ്ങളോടുള്ള അതിൻെറ സഹകര ണാത്മകമായ നിലപാടും (എവിടെയും ജനാധിപത്യ—തൊ ഴിലാളിപ്രസ്ഥാനങ്ങളിലുള്ള യഹൂദന്മാരുടെ ശതമാനം മൊ ത്തം ജനസംഖ്യയിലുള്ള യഹൂദന്മാരുടെ ശതമാനത്തേക്കാള ധികമാണ്)—അവിടെ വ്യക്തമായി കാണാൻ കഴിയും.

യഹൂദ ''ദേശീയ''സംസ്കാരമെന്ന മുദ്രാവാക്യം പ്രത്യക്ഷമാ യോ പരോക്ഷമായോ ഉന്നയിക്കുന്നവർ, അവരാരായാലും വേ ണ്ടില്ല (അവരുടെ സദുദ്ദേശങ്ങൾ എന്തുതന്നെയായാലും വേണ്ടി ല്ല), തൊഴിലാളിവർഗ്ഗത്തിൻെറ ശത്രുക്കളാണ്, യഹൂദന്മാർക്കി ടയിൽ പഴഞ്ചനും ജാതിയെച്ചൊല്ലിയുള്ളതുമായ സർവ്വതി നേയും പിന്താങ്ങുന്നവരാണ്, റാബികളുടേയും ബൂർഷ്വാസി

യുടേയും ശിങ്കിടി പാടുന്നവരാണ്. നേരേമറിച്ച്, സാർവ്വദേശീയമാർക്സിസ്റ്റ്സംഘടനകളിൽ റഷ്യൻ, ലിത്വേനിയൻ, ഉക്രേനിയൻ തുടങ്ങിയ രാഷ്ട്രങ്ങളിൽപ്പെട്ട തൊഴിലാളികളുമായി ഒന്നിച്ചുകൊണ്ട് തൊഴിലാളിപ്രസ്ഥാനത്തിന്റെ സാർവ്വദേശീയ സംസ്കാരം സൃഷ്ടിക്കുന്നതിനുവേണ്ടി (റഷ്യനിലും യിദ്ദിഷിലും) തങ്ങളാലാവുന്ന സംഭാവനകൾ ചെയ്യുന്ന യഹൂദമാർക്സിസ്റ്റുകാർ ബുന്ദിന്റെ വിഭാഗീയചിന്താഗതി വകവയ്ക്കാതെ ''ദേശീയ സംസ്കാര''മെന്ന മുദ്രാവാക്യത്തിനെതിരായി പൊരുതുന്നതിൽ കൂടി യഹൂദന്മാരുടെ ഏററവും ശ്രേഷ്ഠമായ പാരമ്പര്യങ്ങൾ തുടർന്നുകൊണ്ടുപോവുകയാണു ചെയ്യുന്നത്.

ബൂർഷ്വാദേശീയവാദവും തൊഴിലാളിവർഗ്ഗസാർവ്വദേശീയതവും — മുതലാളിത്തലോകത്തിലാകമാനം സ്ഥിതിചെയ്യുന്ന രണ്ടു വമ്പിച്ച വർഗ്ഗചേരികൾക്കനുസൃതവും ദേശീയപ്രശ്നത്തിൽ രണ്ടു നയങ്ങൾ (പോരാ, രണ്ടു ലോകവീക്ഷണങ്ങൾ) പ്രകാശിപ്പിക്കുന്നതുമായ പരസ്പരം കടകവിരുദ്ധമായ രണ്ടു മുദ്രാവാക്യങ്ങളാണവ. ദേശീയസംസ്കാരമെന്ന മുദ്രാവാക്യത്തിനുവേണ്ടി വാദിക്കുകയും ''സാംസ്കാരികവും ദേശീയവുമായ സ്വയംഭരണ''മെന്നു പറയപ്പെടുന്ന ഒരു പദ്ധതിയും പ്രായോഗികപരിപാടിയുമാകെത്തന്നെ അതിനെ ആധാരമാക്കി രൂപീകരിക്കുകയും ചെയ്യുന്നതിലൂടെ ബുന്ദിസ്റ്റുകൾ യഥാർത്ഥത്തിൽ തൊഴിലാളികൾക്കിടയിൽ ബൂർഷ്വാദേശീയവാദത്തിന്റെ പ്രചാരകന്മാരാവുകയാണു ചെയ്യുന്നത്.

## 3. ദേശീയവാദികൾ ഉയർത്തുന്ന ''സാത്മീകരണ'' ഇമ്പാച്ചി

ബുന്ദിസ്റ്റുകളുടേയും അവരെപ്പോലെ ചിന്തിക്കുന്നവരുടേയും ദേശീയവാദപരമായ ചാഞ്ചാട്ടങ്ങളുടെ അനന്തരഫലങ്ങൾ എന്തായിരിക്കുമെന്നു വിഭാവന ചെയ്യാൻ നമ്മെ പ്രാപ്തരാക്കുന്ന ഒന്നാണ് സാത്മീകരണപ്രശ്നം, അതായത്, ഒരു രാഷ്ട്രം അതി

ൻെറ ദേശീയപ്രത്യേകതകഠം കൈവെടിഞ്ഞുകൊണ്ടു് മറെറാരു രാഷ്ട്രത്തിൽ ലയിച്ചുചേരലിൻെറ പ്രശ്നം.

ബുന്ദിസ്റ്റുകഠം സാധാരണ ഉന്നയിക്കാറുള്ള വാദമുഖങ്ങളെ—കുറേക്കൂടി ശരിയായിപ്പറഞ്ഞാൽ അവരുടെ സൂത്രങ്ങളെ—അതേപടി പ്രകാശിപ്പിക്കുകയും ആവർത്തിക്കുകയും ചെയ്തുകൊണ്ടു് മി. ലീബ്മൻ, ഒരു സ്റ്റേററിലുള്ള എല്ലാ ദേശീയജനവിഭാഗങ്ങളിലും പെട്ട തൊഴിലാളികളെ ഏകീകൃതതൊഴിലാളിസംഘടനകളിൽ ഏകോപിപ്പിക്കുകയും ഒന്നിക്കുകയും വേണമെന്ന ആവശ്യത്തെ (മുകളിൽ കൊടുത്തിട്ടുള്ള ''സേവെർനയ പ്രവ്ദ'' ലേഖനത്തിൻെറ അവസാനഭാഗം നോക്കുക) ''പഴയ സാത്മീകരണവാദ''മെന്നു വിശേഷിപ്പിച്ചിരിക്കുകയാണു്.

''സേവെർനയ പ്രവ്ദ'' ലേഖനത്തിൻെറ അവസാനഭാഗത്തെസ്സംബന്ധിച്ച മി. എഫ്. ലീബ്മൻ പറയുന്നു: ''അപ്പോഠം, ഏതു ദേശീയജനവിഭാഗത്തിൽപ്പെടുന്നുവെന്നു് ഒരു തൊഴിലാളിയോടു ചോദിച്ചാൽ അവൻ ഇങ്ങനെ മറുപടി പറയണം: ഞാനൊരു സോഷ്യൽഡെമോക്രാററാണു്.''

ഇതു് ബുദ്ധിചാതുര്യത്തിൻെറ പരമകാഷ്ഠയായിട്ടാണു് നമ്മുടെ ബുന്ദിസ്റ്റ് കരുതുന്നതു്. എന്നാൽ, പരമാർത്ഥത്തിൽ, തികച്ചും ജനാധിപത്യപരമായ ഒരു മാർക്സിസ്റ്റ് മുദ്രാവാക്യത്തിനെതിരെയുള്ള ഇത്തരം ചതുരോക്തിപ്രയോഗങ്ങഠംകൊണ്ടും ''സാത്മീകരണ''ത്തെക്കുറിച്ചു് വിളിച്ചുകൂവുന്നതുകൊണ്ടും അദ്ദേഹം പരിപൂർണ്ണമായി സ്വയം തുറന്നുകാട്ടുകയാണു ചെയ്യുന്നതു്.

ദേശീയപ്രശ്നത്തെ സംബന്ധിച്ചിടത്തോളം ചരിത്രപരമായ രണ്ടു പ്രവണതകഠം വികസിച്ചുവരുന്ന മുതലാളിത്തത്തിൻ കീഴിൽ കാണാം. ഒന്നു്: ദേശീയജീവിതത്തിലും ദേശീയപ്രസ്ഥാനങ്ങളിലുമുണ്ടാകുന്ന ഉണർവ്വ്, സർവ്വവിധദേശീയമർദ്ദനത്തിനുമെതിരായ സമരം, ദേശീയസ്റ്റേററുകളുടെ രൂപീകരണം. രണ്ടു്: രാഷ്ട്രങ്ങഠംതമ്മിൽ പലതരത്തിലുള്ള ബന്ധങ്ങഠം ഉത്ഭവിക്കുകയും ശക്തിമത്താകുകയും ചെയ്യൽ, ദേശീയമായ അതിർത്തിവരമ്പുകഠം അപ്രത്യക്ഷമാകൽ, മൂലധനത്തിൻേറയും പൊതുവിൽ സാമ്പത്തികജീവിതത്തിൻേറയും രാഷ്ട്രീയത്തിൻേറയും ശാസ്ത്രത്തിൻേറയും മററും സാർവ്വദേശീയമായ ഐക്യം രൂപമെടുക്കൽ.

ഈ രണ്ടു പ്രവണതകളും മുതലാളിത്തത്തിൻെറ ലോകവ്യാപകമായ നിയമമാണ്. അതിൻെറ വളർച്ചയുടെ ആരംഭത്തിൽ ആദ്യത്തേതു മുന്തിനിൽക്കുന്നുവെങ്കിൽ, രണ്ടാമത്തേതു് ഒരു സോഷ്യലിസ്റ്റ് സമുദായത്തിലേക്കുള്ള പരിവർത്തനത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്ന പരിപക്വമായ മുതലാളിത്തത്തിൻെറ സവിശേഷതയാണ്. മാർക്സിസ്റ്റുകാരുടെ ദേശീയപരിപാടി ഈ രണ്ടു പ്രവണതകളേയും കണക്കിലെടുക്കുന്നു. ഒന്നാമതു് രാഷ്ട്രങ്ങൾക്കും ഭാഷകൾക്കും തുല്യപദവിയുണ്ടായിരിക്കണമെന്നും അക്കാര്യത്തിൽ എല്ലാത്തരം പ്രത്യേകാനുകൂല്യങ്ങളേയും നിരോധിക്കേണ്ടതാണെന്നും (കൂടാതെ രാഷ്ട്രങ്ങൾക്കു സ്വയം നിർണ്ണയാവകാശമുണ്ടായിരിക്കേണ്ടതാണെന്നും — അതേപ്പററി ഞങ്ങൾ പിന്നാലെ പ്രസ്താവിക്കുന്നുണ്ട്) അതാവശ്യപ്പെടുന്നു. രണ്ടാമതു്, സാർവ്വദേശീയത്വമെന്ന തത്വമംഗീകരിക്കേണ്ടതാണെന്നും ഏററവും പരിഷ്കൃതരൂപത്തിലുള്ള ബൂർഷ്വാദേശീയവാദംപോലും തൊഴിലാളിവർഗ്ഗത്തെ തൊട്ടുതീണ്ടുന്നതിനെതിരായി സന്ധിയില്ലാത്ത സമരം നടത്തേണ്ടതാണെന്നും അതാവശ്യപ്പെടുന്നു.

''സാത്മീകരണ''ത്തെപ്പററി നെഞ്ഞത്തടിച്ചു നിലവിളിക്കുന്നതുകൊണ്ടു് നമ്മുടെ ബുന്ദിസ്റ്റ് എന്താണുദ്ദേശിക്കുന്നതു്? അതാണു ചോദ്യം. ഏതെങ്കിലും രാഷ്ട്രങ്ങളുടെ നേരെ കാട്ടിയിട്ടുള്ള അക്രമത്തെപ്പററിയോ ഏതെങ്കിലുമൊരു രാഷ്ട്രം അനുഭവിക്കുന്ന പ്രത്യേകാനുകൂല്യങ്ങളെപ്പററിയോ സംസാരിക്കാൻ അദ്ദേഹത്തിനു സാദ്ധ്യമല്ല; കാരണം, അതും ''സാത്മീകരണ''വുമായി യാതൊരു ബന്ധവുമില്ല; രണ്ടാമതായി, മാർക്സിസ്റ്റുകാർ വ്യക്തിപരമായും കൂട്ടായി ഔദ്യോഗികമായും ദേശീയമായ അക്രമത്തിൻേറയും മർദ്ദനത്തിൻേറയും അസമത്വത്തിൻേറയും ഏററവും നിസ്സാരപ്രകടനങ്ങളെപ്പോലും ഖണ്ഡിതമായും കലവറകൂടാതെയും അപലപിച്ചിട്ടുണ്ട്; അവസാനമായി, നമ്മുടെ ബുന്ദിസ്റ്റ് ചാടിവീണിട്ടുള്ള ''സേവെർനയ പ്രവ്ദ'' ലേഖനത്തിലും ഈ പൊതുമാർക്സിസ്റ്റ് ധാരണ തികച്ചും അസന്ദിഗ്ദ്ധമായി പ്രകാശിപ്പിച്ചിട്ടുണ്ട്.

യാതൊരു ഒഴികഴിവും ഇവിടെ സാദ്ധ്യമല്ല. ''സാത്മീകരണ''ത്തെ അധിക്ഷേപിച്ചപ്പോഴം മി. ലീബ്മൻ ഉദ്ദേശിച്ചതു് അക്രമമല്ല, അസമത്വമല്ല, പ്രത്യേകാനുകൂല്യങ്ങളല്ല. അക്രമവും അസമത്വവും മുഴുവനും നീക്കിക്കഴിഞ്ഞാൽ ''സാത്മീകരണ''മെന്ന ധാരണയിൽ പിന്നെ കാര്യമായി എന്തെങ്കിലും അവശേഷിക്കുന്നുണ്ടോ?

തീർച്ചയായുമുണ്ടു്. ദേശീയമായ അതിർത്തിവരമ്പുകൾ ഭേദിക്കാനും ദേശീയസവിശേഷതകൾ മാച്ചുകളയാനും രാഷ്ട്രങ്ങളുടെ അലിഞ്ഞുചേരലിലേക്കും മുതലാളിത്തം ലോകവ്യാപകമായി പ്രകടിപ്പിക്കുന്ന ചരിത്രപരമായ പ്രവണത അവശേഷിക്കുന്നുണ്ടു്. ഓരോ ദശാബ്ദം കഴിയുന്തോറും ഇതു് കൂടുതൽ കൂടുതൽ സുശക്തമായി പ്രകടിതമാകുന്നു. മുതലാളിത്തത്തെ സോഷ്യലിസമാക്കി മാററുന്ന ഏററവും വലിയ നിയാമകശക്തികളിലൊന്നാണിതു്.

രാഷ്ട്രങ്ങളുടേയും ഭാഷകളുടേയും തുല്യപദവി അംഗീകരിക്കുകയും അതിനുവേണ്ടി വാദിക്കുകയും ചെയ്യാത്തവർ, സർവ്വവിധ ദേശീയമർദ്ദനത്തിനും അസമത്വത്തിനുമെതിരായി പടവെട്ടാത്തവർ, മാർക്സിസ്റ്റുകാരല്ല, ജനാധിപത്യവാദികൾ പോലുമല്ല. ഇതു തർക്കമററ കാര്യമാണു്. എന്നാൽ അതേസമയം തന്നെ, മററൊരു രാഷ്ട്രത്തിൽപ്പെട്ട മാർക്സിസ്റ്റുകാരെ ''സാത്മീകരണവാദി''കളെന്നു പറഞ്ഞു് അധിക്ഷേപിക്കുന്ന മാർക്സിസ്റ്റുകാരെന്നു സ്വയമവകാശപ്പെടുന്നവർ വെറും ദേശീയവാദികളായ ഫിലിസ്റ്റൈനുകളാണെന്ന കാര്യവും അതുപോലെതന്നെ തർക്കമററതാണു്. വലിയ മാന്യതയൊന്നും നേടാത്ത ഈ വിഭാഗമാളുകളിലാണു് എല്ലാ ബുന്ദിസ്റ്റുകളും എൽ. യുർക്കെവിച്ച്, ദൊൻത്സോവ് പ്രഭൃതികളെപ്പോലുള്ള ഉക്രേനിയൻ സാമൂഹ്യ—ദേശീയവാദികളും (ഇക്കാര്യം ഞങ്ങൾ ഞൊടിയിടയിൽ തെളിയിക്കാൻ പോവുകയാണു്) പെടുന്നതു്.

ഈ ദേശീയവാദികളായ ഫിലിസ്റ്റൈനുകളുടെ അഭിപ്രായങ്ങൾ എത്രത്തോളം പിന്തിരിപ്പനാണെന്ന വസ്തുത സമൂർത്തമാ

യി തുറന്നുകാട്ടാൻവേണ്ടി ഞങ്ങ൪ മൂന്നുതരത്തിലുള്ള വസ്തുതക൪ ഉദ്ധരിക്കാം.

പഴഞ്ചുററുകാരായ റഷ്യൻ മാർക്സിസ്റ്റുകാർ ''സാത്മീകരണവാദിക''ളാണെണ് ഏററവുമുച്ചത്തിൽ വിളിച്ചുകൂവുന്നതു് പൊതുവിൽ റഷ്യയിലെ യഹൂദദേശീയവാദികളും വിശേഷിച്ച് ബുന്ദിസ്റ്റുകളുമാണ്. എന്നാൽ, മുമ്പുദ്ധരിച്ച കണക്കുകളിൽ നിന്നും വ്യക്തമാവുന്നതുപോലെ, ലോകത്തിലാകെയുള്ള പത്തര ദശലക്ഷം യഹൂദന്മാരിൽ ഏതാണ്ട പകുതിയോളം അധിവസിക്കുന്നതു് പരിഷ്കൃതലോകത്തിൽ, ഏററവും വിപുലമായ തോതിലുള്ള ''സാത്മീകരണ''ത്തിൻെറ സാഹചര്യങ്ങളിലാണ്. പുരിഷ്ക്കേവിച്ചുമാരുടെ (റഷ്യയിലേയും പോളണ്ടിലേയും) മർദ്ദനമനുഭവിച്ചുകൊണ്ടു് ദുഃഖിതരും പീഡിതരും അവകാശരഹിതരുമായി കഴിയുന്ന റഷ്യയിലേയും ഗലീഷ്യയിലേയും യഹൂദന്മാർ മാത്രമേ ഏററവും കുറച്ചു ''സാത്മീകരണ''ത്തിൻേറയും ''അധിവാസാതിർത്തിക൪[9],'' ''ശതമാനക്കണക്കിനുള്ള നിയന്ത്രണങ്ങ൪[10],'' തുടങ്ങി പുരിഷ്ക്കേവിച്ച് ഭരണത്തിൻെറ എല്ലാ മേന്മകളുംവരെ അങ്ങേയററത്തെ വിവേചനത്തിൻേറയും സാഹചര്യങ്ങളിൽ ജീവിക്കുന്നുള്ളു.

കെ. കൗട്സ്കിയുടേയും ഓ. ബൗവെറിൻേറയും അഭിപ്രായത്തിൽ പരിഷ്കൃതലോകത്തിലെ യഹൂദന്മാർ ഒരു രാഷ്ട്രമല്ല, അവരാണ് ഏററവുമധികം സാത്മീകരണം പ്രാപിച്ചിട്ടുള്ളവർ. ഗലീഷ്യയിലും റഷ്യയിലുമുള്ള യഹൂദന്മാരും ഒരു രാഷ്ട്രമല്ല; നിർഭാഗ്യവശാൽ അവർ (അവരുടെ കുററംകൊണ്ടല്ല, പുരിഷ്ക്കേവിച്ചുമാരുടെ കുററംകൊണ്ടു്) ഇവിടെ ഇപ്പോഴും ഒരു ജാതിയാണ്. യഹൂദചരിത്രത്തെക്കുറിച്ചു നിസ്സംശയമായും അറിയാവുന്നവരും മുകളിൽ കൊടുത്തിട്ടുള്ള വസ്തുതക൪ കണക്കിലെടുത്തിട്ടുള്ളവരുമായ ആളുകളുടെ ഖണ്ഡിതമായ അഭിപ്രായമിതാണ്.

എന്താണീ വസ്തുതക൪ തെളിയിക്കുന്നതു്? ചരിത്രത്തിൻെറ ഗതി തിരിച്ചുവിടാനാഗ്രഹിക്കുന്ന, റഷ്യയിലേയും ഗലീഷ്യയിലേയും സാഹചര്യങ്ങളിൽനിന്നു് പാരീസിലേയും ന്യൂ

യോർക്കിലേയും സാഹചര്യങ്ങളിലേക്കല്ല മറിച്ചു ചരിത്രഗതി തിരിച്ചുവിടാനാഗ്രഹിക്കുന്ന പിന്തിരിപ്പൻ യഹൂദഫിലിസ്റ്റൈന്മാർക്കു മാത്രമേ ''സാത്മീകരണ''ത്തിനെതിരായി മുറവിളി കൂട്ടാൻ കഴിയൂ.

ജനാധിപത്യത്തിൻേറയും സോഷ്യലിസത്തിൻേറയും സമുന്നതനേതാക്കളെ ലോകത്തിനു സംഭാവന ചെയ്തുകൊണ്ടു് ലോകചരിത്രത്തിൽ പ്രശസ്തി നേടിയിട്ടുള്ള ഏററവും മികച്ച യഹൂദന്മാർ ഒരുകാലത്തും സാത്മീകരണത്തിനെതിരായി മുറവിളി കൂട്ടിയിട്ടില്ല. യഹൂദന്മാരുടെ ''പിൻഭാഗ''ത്തെ ഭയഭക്തികളോടെ കുമ്പിട്ടാരാധിക്കുന്നവർ മാത്രമാണു് സാത്മീകരണത്തിനെതിരായി മുക്രയിടുന്നതു്.

മുതലാളിത്തം വളർച്ചയെത്തിക്കഴിഞ്ഞിട്ടുള്ള ഇന്നത്തെ സാഹചര്യങ്ങളിൽ രാഷ്ട്രങ്ങൾ സാത്മീകരണം പ്രാപിക്കുകയെന്ന പൊതുപ്രക്രിയ എത്രത്തോളം വ്യാപകമായി നടന്നുവരുന്നുവെന്നതിനെക്കുറിച്ചു് ഒരേകദേശരൂപം കിട്ടണമെങ്കിൽ അമേരിക്കൻ ഐക്യനാടുകളിലേക്കു് കുടിയേറിപ്പാർത്തിട്ടുള്ളവരെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്കു് നോക്കിയാൽ മതി. യൂറോപ്പിൽനിന്നും 1891—നും 1900—നും ഇടയ്ക്കുള്ള പത്തു വർഷങ്ങളിൽ 3,700,000 പേരും 1901—നും 1909—നും ഇടയ്ക്കുള്ള ഒമ്പതു വർഷങ്ങളിൽ 7,200,000 പേരുമാണു് അമേരിക്കയിലേക്കു മാറിത്താമസിച്ചതു് 1900—ലെ കാനേഷുമാരിക്കണക്കനുസരിച്ചു് ഐക്യനാടുകളിൽ ഒരു കോടിയിലേറെ വിദേശികളുണ്ടായിരുന്നു. അതേ കണക്കനുസരിച്ചു് 78,000—ൽപ്പരം ആസ്ത്രിയാക്കാരും 136,000—ൽപ്പരം ഇംഗ്ലീഷുകാരും ഇരുപതിനായിരത്തിൽപ്പരം ഫ്രഞ്ചുകാരും 480,000—ൽപ്പരം ജർമ്മൻകാരും 37,000—ൽപ്പരം ഹങ്കറിക്കാരും 425,000—ൽപ്പരം ഐറിഷുകാരും 182,000—ൽപ്പരം ഇററലിക്കാരും 70,000—ൽപ്പരം പോളണ്ടുകാരും റഷ്യയിൽനിന്നുള്ള 166,000—ൽപ്പരം പേരും (ഒട്ടുമുക്കാലും യഹൂദന്മാർ) 43,000—ൽപ്പരം സ്വീഡിഷുകാരും മററും അധിവസിക്കുന്ന ന്യൂയോർക്കു് സ്റ്റേററു് ദേശീയഭിന്നത

കളെ പൊടിഭസ്മമാക്കുന്ന ഒരു യന്ത്രംപോലെയാണ്. എന്നു തന്നെയല്ല, വമ്പിച്ച, സാർവ്വദേശീയതോതിൽ ന്യൂയോർക്കിൽ നടക്കുന്നതു് ഓരോ വൻനഗരത്തിലും ഫാക്ടറിപ്രദേശത്തും നടന്നു കൊണ്ടിരിക്കുകയുമാണു്.

മുതലാളിത്തം നടപ്പിൽ വരുത്തിയിട്ടുള്ള ഈ സാത്മീകരണപ്രക്രിയ ചരിത്രപരമായി വമ്പിച്ച പുരോഗതിയേയും നാഗരികത എത്തിനോക്കാത്ത ഓണംകേറാമൂലകളിലെ—വിശേഷിച്ച് റഷ്യയെപ്പോലെ പിന്നോക്കം നിൽക്കുന്ന രാജ്യങ്ങളിൽ — ദേശീയസങ്കുചിതവീക്ഷണത്തിൻെറ തകർച്ചയേയുമാണു കുറിക്കുന്നതെന്ന വസ്തുത ദേശീയമുൻവിധികളിൽ മുങ്ങിപ്പോയിട്ടില്ലാത്ത ഏതൊരാൾക്കും കാണാതിരിക്കാൻ നിർവ്വാഹമില്ല.

റഷ്യയേയും ഉക്രേനിയന്മാരോടുള്ള ഗ്രേററ്റഷ്യാക്കാരുടെ മനോഭാവവുമെടുത്തുനോക്കൂ. ഉക്രേനിയന്മാർക്കു സഹിക്കേണ്ടിവരുന്ന അവിശ്വസനീയമായ അപമാനങ്ങൾക്കെതിരെ മാർക്സിസ്റ്റുകാരെന്നല്ല എല്ലാ ജനാധിപത്യവാദികളും അടിയുറച്ച പൊരുതുകയും അവർക്കു പരിപൂർണ്ണസമത്വം ഉറപ്പുനൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്യുമെന്നതിനു സംശയമില്ല. എന്നാൽ, ഇന്നു് ഉക്രേനിയന്മാരും ഗ്രേററ്റഷ്യാക്കാരുമായ തൊഴിലാളികൾ തമ്മിൽ ഒരൊററ സ്റ്റേററിൻെറ അതിരുകൾക്കുള്ളിൽ സ്ഥാപിച്ചിട്ടുള്ള ബന്ധവും ഐക്യവും ബലഹീനമാക്കുന്നതു് സോഷ്യലിസത്തോടു കാണിക്കുന്ന കടുത്ത വഞ്ചനയായിരിക്കും, ഉക്രേനിയന്മാരുടെ ബൂർഷ്വാ ''ദേശീയകടമക''ളുടെ നിലപാടിൽനിന്നു നോക്കിയാൽപ്പോലും അതൊരു ബുദ്ധിശൂന്യമായ നയമായിരിക്കും.

താനും ''മാർക്സിസ്റ്റാ''ണെന്നവകാശപ്പെടുന്ന (പാവം മാർക്സ്!) മി. ലെവ് യുർക്കേവിച്ച് ഈ ബുദ്ധിശൂന്യമായ നയത്തിൻെറ ഒരു മാതൃകയാണു നമുക്കു കാട്ടിത്തരുന്നതു്. ഉക്രേനിയൻ തൊഴിലാളിവർഗ്ഗം തികച്ചും സ്വയം റഷ്യവൽക്കരിക്കപ്പെട്ടു കഴിഞ്ഞെന്നും അവർക്കു് ഒരു പ്രത്യേകസംഘടനയുടെ ആവശ്യമില്ലെന്നും സൊക്കൊലോവ്സ്കിയും (ബസോക്ക്) ലുകഷേവിച്ചും (തുച്ചാപ്സ്കിയ്) 1906—ൽ ഖണ്ഡിതമായി അഭി

പ്രായപ്പെട്ടെന്നു് മി. യുർക്കേവിച്ച് എഴുതുന്നു. പ്രശ്നത്തിന്റെ കാതലായ ഭാഗത്തെ സ്പർശിക്കുന്ന ഒരൊററ വസ്തുതപോലും ചൂണ്ടിക്കാണിക്കാൻ മിനക്കെടാതെ, ഇതു ''ദേശീയനിഷ്ക്രിയത''മാണെന്നും ''ദേശീയപരിത്യാഗ''മാണെന്നും ഈയാളുകൾ ''ഉക്രേനിയൻ മാർക്സിസ്റ്റുകാരെ ഭിന്നിപ്പിക്കുന്നു''(!)വെന്നും മററും പറഞ്ഞുകൊണ്ടു് അപസ്മാരാക്രോശങ്ങളോടെ —ഏററവും നികൃഷ്ടവും ബുദ്ധിശൂന്യവും പിന്തിരിപ്പനുമായ ദേശീയവാദത്തിന്റെ സ്പിരിട്ടിൽത്തന്നെ — മ. യുർക്കേവിച്ച് അവരുടെ നേരെ ചാടിവീണിരിക്കുകയാണു്. ''തൊഴിലാളികൾക്കിടയിൽ ഉക്രേനിയൻ ദേശീയബോധം വളർന്നുവന്നിട്ടുണ്ടെങ്കിൽക്കൂടി'' നമ്മുടെയിടയിൽ തൊഴിലാളികളുടെ ഒരു ന്യൂനപക്ഷത്തിനു മാത്രമേ ''ദേശീയോൽബുദ്ധത'' കൈവന്നിട്ടുള്ളുവെന്നും ഭൂരിപക്ഷംപേരും ''ഇനിയും റഷ്യൻസംസ്കാരത്തിന്റെ സ്വാധീനത്തി''ലാണെന്നും മി. യുർക്കേവിച്ച് നമ്മോടു് ഉറപ്പിച്ചു പറയുന്നു. ''ബഹുജനങ്ങളെ പിന്തുടരുകയല്ല, അവരെ നയിക്കുകയാണു്, ദേശീയകടമകളെന്തെന്നു് അവർക്കു വിശദീകരിച്ചുകൊടുക്കുകയാണു്'' നമ്മുടെ കടമയെന്നു് (''ദ്സ്വിൻ'', പേജ് 89) ഈ ദേശീയവാദിയായ ഫിലിസ്റ്റൈൻ നമ്മോടുപദേശിക്കുന്നു.

മി. യുർക്കേവിച്ചിന്റെ ഈ വാദമാകെത്തന്നെ പൂർണ്ണമായും ബൂർഷ്വാദേശീയവാദപരമാണു്. ബൂർഷ്വാദേശീയവാദികളുടെ നിലപാടു വച്ചുനോക്കിയാൽപ്പോലും—അവരിൽ ചിലർ ഉക്രെയിനിനു് പരിപൂർണ്ണതുല്യപദവിയും സ്വയംഭരണാധികാരവും ആവശ്യപ്പെടുമ്പോൾ മററുചിലർ ആവശ്യപ്പെടുന്നതു് ഒരു സ്വതന്ത്ര ഉക്രേനിയൻ സ്റ്റേററാണു്—ഈ വാദഗതി വിമർശനത്തിന്റെ മുമ്പിൽ പൊളിഞ്ഞുപോകുന്നു. വിമോചനം നേടണമെന്ന ഉക്രേനിയന്മാരുടെ അഭിലാഷത്തെ എതിർക്കുന്നതു് ഗ്രേററ്റഷ്യനും പോളിഷുമായ ഭൂവുടമവർഗ്ഗവും അതേ രണ്ടുരാഷ്ട്രങ്ങളിൽപ്പെട്ട ബൂർഷ്വാസിയുമാണു്. ഈ വർഗ്ഗങ്ങളെ ചെറുത്തുനിൽക്കാൻ കെൽപ്പുള്ള സാമൂഹ്യശക്തി ഏതാണു്? ഇരുപതാം നൂററാണ്ടിന്റെ പ്രഥമദശകം ഈ പ്രശ്നത്തിനു് ഖണ്ഡിതമായ ഒരു മറുപടി നൽകിയിട്ടുണ്ടു്: ജനാധിപത്യകർഷകരെ നയിച്ച

കൊണ്ടുള്ള തൊഴിലാളിവർഗ്ഗം മാത്രമാണ് ഈ ശക്തി. യഥാർത്ഥത്തിൽ ജനാധിപത്യപരമായ ഈ ശക്തിയുടെ വിജയം ദേശീയമായ അക്രമം അസാദ്ധ്യമാക്കിത്തീർക്കുന്നതാണ്. ഈ ശക്തിയെ ഭിന്നിപ്പിക്കുകയും അങ്ങിനെ ദുർബ്ബലമാക്കുകയും ചെയ്യാൻ ശ്രമിക്കുന്നതിലൂടെ മി. യൂർക്കേവിച്ച് പൊതുവിൽ ജനാധിപത്യത്തിന്റെ മാത്രമല്ല തന്റെ സ്വന്തം നാടായ ഉക്രെയിനിന്റെതന്നെ താല്പര്യങ്ങളെ വഞ്ചിക്കുകയാണു ചെയ്യുന്നത്. ഗ്രേററ്റഷ്യൻ തൊഴിലാളികളും ഉക്രേനിയൻ തൊഴിലാളികളും യോജിച്ചുനീങ്ങിയാൽ ഒരു സ്വതന്ത്ര ഉക്രെയിൻ രൂപംകൊള്ളുകയെന്നത് സാദ്ധ്യമാണ്. അത്തരം യോജിപ്പില്ലാതെ, അതു് ചിന്തനീയംപോലുമല്ല.

എന്നാൽ, മാർക്സിസ്റ്റുകാർ ബൂർഷ്വാദേശീയനിലപാടിൽ സ്വയം ഒതുങ്ങിനിൽക്കുന്നില്ല. തെക്കൻ പ്രദേശത്തിന്റെ — അതായതു്, ഉക്രെയിനിന്റെ—സാമ്പത്തികവികസനം കൂടുതൽ ത്വരിത ഗതിയിലാണെന്നതു് കഴിഞ്ഞ ഏതാനും ദശാബ്ദങ്ങളായി കണ്ടുവരുന്ന തികച്ചും വ്യക്തമായ ഒരു പ്രക്രിയയാണ്. അവിടത്തെ മുതലാളിത്തകൃഷിസ്ഥലങ്ങളും ഖനികളും നഗരങ്ങളും ഗ്രേററ്റഷ്യയിൽനിന്നും പതിനായിരക്കണക്കിനും ലക്ഷക്കണക്കിനും കർഷകരേയും തൊഴിലാളികളേയും ആകർഷിക്കുന്നു. ഈ പരിധികളിൽ ഗ്രേററ്റഷ്യാക്കാരും ഉക്രേനിയന്മാരുമായ തൊഴിലാളികൾ ''സാത്മീകരണം'' പ്രാപിച്ചുകഴിഞ്ഞുവെന്നതു് അവിതർക്കിതമായ ഒരു വസ്തുതയാണ്. ഇതാകട്ടെ, തികച്ചും പുരോഗമനാത്മകമായ ഒരു വസ്തുതയാണുതാനും. മന്ദബുദ്ധികളും ഇടുങ്ങിയ ചിന്താഗതിക്കാരും ഒരിടത്തുതന്നെ ചടഞ്ഞുകൂടിക്കിടക്കുന്നവരും അപരിഷ്കൃതരുമായ കർഷകരുടെ സ്ഥാനത്തു് —അവർ ഗ്രേററ്റഷ്യാക്കാരായാലും കൊള്ളാം ഉക്രേനിയന്മാരായാലും കൊള്ളാം—മുതലാളിത്തം അവരോധിച്ചതു് ജീവിത സാഹചര്യങ്ങളുടെ പ്രേരണയാൽ ദേശീയസങ്കുചിതമനോഭാവം (ഗ്രേററ്റഷ്യനും ഉക്രേനിയനും രണ്ടും) കളഞ്ഞുകുളിച്ച, സദാ ചലിച്ചുകൊണ്ടിരിക്കുന്ന തൊഴിലാളികളെയാണ്. കാലാന്തരത്തിൽ, ഒരു വിഭജനരേഖ ഗ്രേററ് റഷ്യയേയും ഉക്രെയിനിനേ

യും വ്യത്യസ്തസ്റ്റേററുകളായി വേർതിരിക്കുമെന്നു നമുക്കു സങ്കല്പി ക്കാം. എന്നാൽപ്പോലും, അമേരിക്കയിൽ രാഷ്ട്രങ്ങളുടെ ഭസ്മീകര ണം പുരോഗമനാത്മകമായതുപോലെതന്നെ, ഗ്രേററ്റഷ്യാക്കാ രും ഉക്രേനിയന്മാരുമായ തൊഴിലാളികൾ തമ്മിൽ നടക്കുന്ന "സാത്മീകരണം" ചരിത്രപരമായി നോക്കിയാൽ പുരോഗ മനാത്മകമാണെന്ന കാര്യം നിസ്സംശയമാണ്. ഉക്രേയിനും ഗ്രേററ്റഷ്യയും എത്രത്തോളം കൂടുതൽ സ്വതന്ത്രമാണോ അത്ര ത്തോളം കൂടുതൽ വിപുലമായും ത്വരിതമായും മുതലാളിത്തം വളരുന്നതാണ്. അങ്ങിനെവരുമ്പോൾ അതു് സ്റ്റേററിന്റെ എല്ലാ പ്രദേശങ്ങളിൽനിന്നും അയൽപക്കത്തുള്ള സ്റ്റേററുകളിൽ നിന്നും (റഷ്യ ഉക്രെയിനിന്റെ അയൽപക്കത്തുള്ള ഒരു സ്റ്റേററാ വുന്നപക്ഷം) എല്ലാ രാഷ്ട്രങ്ങളിലും പെട്ട തൊഴിലാളികളേയും കൂടുതൽ സുശക്തമായി ആകർഷിക്കുന്നതാണ്; നഗരങ്ങളിലേ ക്കും ഖനികളിലേക്കും ഫാക്ടറികളിലേക്കും തൊഴിലാളിബഹു ജനങ്ങളെ ആകർഷിക്കുന്നതാണ്.

അന്യോന്യം ബന്ധം പുലർത്തുകയും ഒന്നിച്ചുചേരുകയും സാത്മീകരണം പ്രാപിക്കുകയും ചെയ്യുകയെന്ന ഇരുരാഷ്ട്രങ്ങളി ലേയും തൊഴിലാളിവർഗ്ഗത്തിന്റെ താല്പര്യത്തെ ഉക്രേനിയൻ ദേശീയബോധത്തിന്റെ വെറും നൈമിഷികമായ വിജയത്തിനു വേണ്ടി വിഗണിക്കുമ്പോൾ മി. ലെവ് യുർക്കേവിച്ച് ഒരു തനി ബൂർഷ്വായെപ്പോലെയാണു പെരുമാറുന്നതു്, അതും ഹ്രസ്വവീക്ഷ ണവും സങ്കുചിതമനോഭാവവും മന്ദബുദ്ധിയുമുള്ള ഒരു ബൂർഷ്വാ യെപ്പോലെ, എന്നുവച്ചാൽ ഒരു ഫിലിസ്റ്റൈനെപ്പോലെ. ആദ്യം ദേശീയബോധവും പിന്നീടു തൊഴിലാളിവർഗ്ഗബോധവും വേണമെന്നാണ് ബൂർഷ്വാ ദേശീയവാദികൾ പറയുന്നതു്; യുർക്കേവിച്ചുമാരും ദൊൻത്സോവുമാരും അതുപോലുള്ള മാർ ക്സിസ്റ്റ്നാട്യക്കാരും അവർ പറയുന്നതു് ഉരുവിടുന്നു. എന്നാൽ ഞങ്ങൾ പറയുന്നു, മുൻഗണന നൽകേണ്ടതു് തൊഴിലാളിവർ ഗ്ഗബോധത്തിനാണെന്നു്. കാരണം, അതു് അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുടെ ശാശ്വതവും മൗലികവുമായ താല്പര്യങ്ങളേയും മനുഷ്യരാശിയുടെ താല്പര്യങ്ങളേയും മാത്രമല്ല, ജനാധിപത്യത്തി

ൻെറ താല്പര്യങ്ങളേയും സംരക്ഷിക്കുന്നതാണ്. ജനാധിപത്യമില്ലാതെ, സ്വയംഭരണാധികാരമുള്ളതോ സ്വതന്ത്രമോ ആയ ഒരു ഉക്രെയിനിനെപ്പററി ചിന്തിക്കാൻ സാദ്ധ്യമല്ല.

അവസാനമായി, ദേശീയവാദത്തിൻെറ അനർഘരത്നങ്ങൾ നിർലോഭം അടങ്ങിയിട്ടുള്ള മി. യുർക്കേവിച്ചിൻെറ വാദമുഖങ്ങളിൽ ഈയൊന്നുകൂടി പരിഗണിക്കേണ്ടതുണ്ട്. ഉക്രേനിയൻ തൊഴിലാളികളിൽ ന്യൂനപക്ഷത്തിന് ദേശീയോൽബുദ്ധത കൈവന്നിട്ടുണ്ടെന്നും ''ഭൂരിപക്ഷം ഇപ്പോഴും റഷ്യൻ സംസ്കാരത്തിൻെറ സ്വാധീനത്തിലാണെ''ന്നും അദ്ദേഹം പറയുന്നു.

തൊഴിലാളിവർഗ്ഗത്തെപ്പററി പറയുമ്പോൾ, ഉക്രേനിയൻ സംസ്കാരത്തെയാകെ ഒന്നായെടുത്തുകൊണ്ട് അതിനെ ഗ്രേററ് റഷ്യൻ സംസ്കാരത്തിൽനിന്നും (അതും ഒന്നായെടുത്തുകൊണ്ട്) വേർതിരിച്ചുകാണിക്കുകയെന്നുവച്ചാൽ ബൂർഷ്വാ ദേശീയവാദത്തിനുവേണ്ടി തൊഴിലാളിവർഗ്ഗതാല്പര്യത്തെ ഏററവും നിർലജ്ജമായി വഞ്ചിക്കുകയെന്നാണർത്ഥം.

ഞങ്ങൾ എല്ലാ സാമൂഹ്യദേശീയവാദികളോടും പറയുന്നു: ആധുനികരാഷ്ട്രത്തിലോരോന്നിലും രണ്ടു രാഷ്ട്രങ്ങളടങ്ങിയിട്ടുണ്ട്. ഓരോ ദേശീയസംസ്കാരത്തിലും രണ്ടു ദേശീയസംസ്കാരങ്ങൾ അടങ്ങിയിട്ടുണ്ട്. പുരിഷ്ക്കേവിച്ചുമാരുടേയും ഗുച്ക്കോവുമാരുടേയും സ്ട്രൂവെമാരുടേയും ഗ്രേററ് റഷ്യൻ സംസ്കാരമാണൊന്ന്. എന്നാൽ അതോടൊപ്പം ചെർനിഷേവ്സ്കിയുടേയും പ്ലെഖാനൊവിൻേറയും പേരുകൾ വിശേഷിപ്പിക്കുന്ന ഒരു ഗ്രേററ്റഷ്യൻ സംസ്കാരവുമുണ്ട്. ഇതേരണ്ടു സംസ്കാരങ്ങൾ ഉക്രേനിയന്മാർക്കിടയിലുമുണ്ട്. ജർമ്മനിയിലും ഫ്രാൻസിലും ഇംഗ്ലണ്ടിലും യഹൂദന്മാർക്കിടയിലുമെല്ലാമുണ്ട്. ഭൂരിപക്ഷം ഉക്രേനിയൻ തൊഴിലാളികളും ഗ്രേററ്റഷ്യൻ സംസ്കാരത്തിൻെറ സ്വാധീനത്തിൻ കീഴിലാണെങ്കിൽ, ഗ്രേററ്റഷ്യൻ പൗരോഹിത്യ—ബൂർഷ്വാ സംസ്കാരത്തിനു സമാന്തരമായി ഗ്രേററ്റഷ്യൻ ജനാധിപത്യത്തിൻേറയും സോഷ്യൽ ഡെമോക്രസിയുടേയും ചിന്താഗതികളും അവരിൽ സ്വാധീനം ചെലുത്തുന്നുണ്ടെന്നു ഞങ്ങൾക്കു ഖണ്ഡിതമായി പറയാൻ കഴിയും. ആദ്യത്തെ തര

ത്തിലുള്ള ''സംസ്കാര''ത്തിനെതിരായി പൊരുതുമ്പോഴും, ഒരു ഉക്രേനിയൻ മാർക്സിസ്റ്റ് എല്ലായ്പ്പോഴും രണ്ടാമത്തെ സംസ്കാരത്തെ വേർതിരിച്ചുകാണും. അയാൾ തന്റെ തൊഴിലാളികളോടു പറയും: ''വർഗ്ഗബോധമുള്ള ഗ്രേററ് റഷ്യൻ തൊഴിലാളികളുമായും അവരുടെ സാഹിത്യവും ചിന്താഗതികളുമായും ബന്ധം സ്ഥാപിക്കാൻ കഴിയുന്ന ഓരോ അവസരത്തേയും നിങ്ങൾ സർവകഴിവുകളുമുപയോഗിച്ച് വിടാതെ മുറുകിപ്പിടിക്കുകയും പരമാവധി പ്രയോജനപ്പെടുത്തുകയും വേണം; ഉക്രേനിയനും ഗ്രേററ് റഷ്യനുമായ രണ്ടു തൊഴിലാളിപ്രസ്ഥാനങ്ങളുടേയും താല്പര്യങ്ങളെ മുൻനിർത്തി അതാവശ്യമാണ്.''

ഗ്രേററ് റഷ്യൻ മർദ്ദകരോട് തികച്ചും ന്യായമായും സ്വാഭാവികമായും തോന്നുന്ന വെറുപ്പിന്റെ ഒരംശം പോലും—അതു വെറും അകൽച്ചയായാലും മതി—ഗ്രേററ് റഷ്യൻ തൊഴിലാളികളുടെ തൊഴിലാളിവർഗ്ഗസംസ്കാരത്തോടും തൊഴിലാളിവർഗ്ഗതാല്പര്യത്തോടും തോന്നത്തക്ക നിലയിൽ ആ വെറുപ്പു തന്നെക്കൊണ്ടെത്തിക്കാൻ ഒരു ഉക്രേനിയൻ മാർക്സിസ്റ്റ് അനുവദിക്കുന്നപക്ഷം ആ മാർക്സിസ്റ്റ് ബൂർഷ്വാദേശീയവാദത്തിന്റെ പടുകുഴിയിൽ ചെന്നുവീഴുകയായിരിക്കും അതുമൂലം ചെയ്യുന്നതു്. അതുപോലെതന്നെ, പരിപൂർണ്ണസമത്വത്തിനുവേണ്ടിയുള്ള ഉക്രേനിയന്മാരുടെ ആവശ്യത്തേയോ ഒരു സ്വതന്ത്രസ്റ്റേററ് രൂപീകരിക്കാനുള്ള അവരുടെ അവകാശത്തേയോ ഒരു ഗ്രേററ് റഷ്യൻ മാർക്സിസ്റ്റ് നിമിഷനേരത്തേക്കുപോലും വിസ്മരിക്കുകയാണെങ്കിൽ, അയാൾ ബൂർഷ്വാദേശീയവാദത്തിന്റെ മാത്രമല്ല ബ്ലാക്ക് ഹൺഡ്രഡ് ദേശീയവാദത്തിന്റെ പടുകുഴിയിൽ ചെന്നുവീഴുന്നതാണ്.

ഗ്രേററ് റഷ്യനും ഉക്രേനിയനുമായ തൊഴിലാളികൾ ഒററക്കെട്ടായും, ഒരു സ്റ്റേററിൽ കഴിയുന്നിടത്തോളം കാലം സംഘടനാപരമായി കഴിയുന്നത്ര ഐക്യം സ്ഥാപിച്ചുകൊണ്ടും ഒന്നിച്ചുകൊണ്ടും തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിന്റെ പൊതുസംസ്കാരത്തെ അഥവാ സാർവ്വദേശീയസംസ്കാരത്തെ ഉയർത്തിപ്പിടിക്കേണ്ടതാണ്. പ്രചാരവേല നടത്തേണ്ട ഭാഷയുടെ കാര്യത്തിലും

ഈ പ്രചാരവേലയിൽ കണക്കിലെടുക്കേണ്ട തികച്ചും പ്രാദേശികമോ തികച്ചും ദേശീയമോ ആയ വിശദാംശങ്ങളുടെ കാര്യത്തിലും അവർ അങ്ങേയററത്തെ സഹിഷ്ണുത പ്രകടിപ്പിക്കേണ്ടതാണ്. മാർക്സിസം ഖണ്ഡിതമായി ആവശ്യപ്പെടുന്നതു് അതാണ്. ഒരു രാഷ്ട്രത്തിൽപ്പെട്ട തൊഴിലാളികളെ ഇതരരാഷ്ട്രത്തിൽപ്പെട്ട തൊഴിലാളികളിൽനിന്നും മാററിനിർത്തണമെന്ന എല്ലാ വാദവും, മാർക്സിസ്റ്റ് ''സാത്മീകരണ''ത്തിനെതിരായ എല്ലാ ആക്രമണങ്ങളും, തൊഴിലാളിവർഗ്ഗത്തെ സംബന്ധിക്കുന്ന പ്രശ്നങ്ങളിൽ ഒരു ദേശീയസംസ്കാരത്തെ മൊത്തത്തിലെടുത്തുകൊണ്ട് അതിനെ അവിച്ഛിന്നമെന്നവകാശപ്പെടുന്ന മറെറാരു ദേശീയ സംസ്കാരത്തിൽനിന്നും വേർതിരിച്ചു കാണിക്കാനുള്ള എല്ലാ ശ്രമങ്ങളും നിർദ്ദാക്ഷിണ്യമായി പടവെട്ടേണ്ട ബൂർഷ്വാ ദേശീയ വാദമാണ്.

## 4. ''സാംസ്ക്കാരിക—ദേശീയ സ്വയംഭരണം''

''ദേശീയസംസ്കാര''മെന്ന മുദ്രാവാക്യത്തിൻെറ പ്രശ്നം മാർക്സിസ്റ്റുകാരെ സംബന്ധിച്ചിടത്തോളം വമ്പിച്ച പ്രാധാന്യമർഹിക്കാൻ കാരണം അതു് ദേശീയപ്രശ്നത്തിൽ ബൂർഷ്വാപ്രചാരവേലയിൽനിന്നും വ്യത്യസ്തമായി നമ്മുടെ മുഴുവൻ പ്രചാരവേലയുടേയും പ്രക്ഷോഭത്തിൻേറയും പ്രത്യയശാസ്ത്രപരമായ ഉള്ളടക്കം നിർണ്ണയിക്കുന്നുവെന്നതു മാത്രമല്ല; കുപ്രസിദ്ധമായ സാംസ്കാരിക—ദേശീയ സ്വയംഭരണത്തിൻെറ പരിപാടിയാകെത്തന്നെ ഈ മുദ്രാവാക്യത്തിലാണ് അധിഷ്ഠിതമായിരിക്കുന്നതു്.

ഈ പരിപാടിയിലുള്ള മൗലികവും അടിസ്ഥാനപരവുമായ കുഴപ്പം ഏററവും കറകളഞ്ഞ, ഏററവും തികഞ്ഞ, ഏററവും അങ്ങേയററത്തെ ദേശീയവാദം നടപ്പിലാക്കാൻ അതുദ്ദേശിക്കുന്നുവെന്നതാണ്. ഈ പരിപാടിയുടെ സാരമിതാണ്: ഏതെങ്കിലുമൊരു രാഷ്ട്രത്തിൽപ്പെടുന്നുവെന്നു കാണിച്ചുകൊണ്ട് ഓരോ

പൗരനും രജിസ്റ്റർ ചെയ്യുന്നു; എല്ലാ രാഷ്ട്രങ്ങൾക്കും നിയമപരമായ അസ്തിത്വം ലഭിക്കുന്നു. അവയ്ക്ക് അംഗങ്ങളുടെ മേൽ നിർബ്ബന്ധിതനികുതികൾ ചുമത്താനുള്ള അധികാരങ്ങളുണ്ടായിരിക്കുന്നതാണ്. കൂടാതെ ദേശീയനിയമസഭകളും (diets) ദേശീയസ്റ്റേററ്സെക്രട്ടറിമാരും (മന്ത്രിമാർ) ഉണ്ടായിരിക്കും.

ദേശീയപ്രശ്നത്തെസ്സംബന്ധിച്ച ഈ ധാരണ മുതലാളിത്തത്തെപ്പററി പ്രൂദോണിനുണ്ടായിരുന്ന ധാരണപോലെയാണ്. മുതലാളിത്തത്തേയും അതിൻെറ അടിത്തറയായ ചരക്കുല്പാദനത്തേയും നിർമ്മാർജ്ജനം ചെയ്യുകയല്ല, ആ അടിത്തറയിൽനിന്നും എല്ലാ വൃത്തികേടുകളും മാലിന്യങ്ങളും കഴുകിക്കളയുക; വിനിമയവും വിനിമയമൂല്യവും ഇല്ലാതാക്കുകയല്ല, നേരേമറിച്ച് അതിനെ ''സംഘടിപ്പിക്കുക,'' അതിനെ സാവ്വത്രികവും പരിപൂർണ്ണവും ''നീതിയുക്ത''വും ഏററക്കുറച്ചിലുകളിൽനിന്നും കുഴപ്പങ്ങളിൽനിന്നും ദുരുപയോഗങ്ങളിൽനിന്നും വിമുക്തവുമാക്കുക—അതായിരുന്നു പ്രൂദോണിൻെറ ധാരണ.

പ്രൂദോൺ പെററിബൂർഷ്വായായിരുന്നതുപോലെതന്നെ, ''സാംസ്കാരിക–ദേശീയ സ്വയംഭരണ''മെന്ന സിദ്ധാന്തവും പരിപാടിയും പെററിബൂർഷ്വായാണ്. എന്തുകൊണ്ടെന്നാൽ, പ്രൂദോണിൻെറ സിദ്ധാന്തം വിനിമയത്തേയും ചരക്കുല്പാദനത്തേയും കേവലമായ ഒന്നായി മാററിത്തീർക്കുകയും അവയെ ഏററവും ഉജ്ജ്വലമായ സൃഷ്ടികളായി പാടിപ്പുകഴ്ത്തുകയും ചെയ്യുതുപോലെതന്നെ ''സാംസ്കാരിക–ദേശീയ സ്വയംഭരണ''മെന്ന സിദ്ധാന്തം ബൂർഷ്വാദേശീയവാദത്തെ കേവലമായ ഒന്നായിമാററുകയും ഏററവും ഉജ്ജ്വലസൃഷ്ടിയായി അതിനെ പാടിപ്പുകഴ്ത്തുകയും, അക്രമത്തിൽനിന്നും അനീതിയിൽനിന്നും മററും അതിനെ ശുദ്ധീകരിച്ചെടുക്കാൻ മുതിരുകയും ചെയ്യുന്നു.

മാർക്സിസം ദേശീയവാദവുമായി— ''ഏററവും നീതിയുക്തവും'' ''ഏററവും പരിശുദ്ധവും'' ഏററവും കറയററതും പരിഷ്കൃതവുമായ ദേശീയവാദമായിപ്പോലും—പൊരുത്തപ്പെടുന്നില്ല. വിവിധതരത്തിലുള്ള ദേശീയവാദത്തിനു പകരം മാർക്സിസം മുന്നോട്ടുവയ്ക്കുന്നതു് സാവ്വദേശീയവാദമാണ്. ഉന്നത

മായ ഐക്യം പുലർത്തിക്കൊണ്ടു് എല്ലാ രാഷ്ട്രങ്ങളും ഒന്നിച്ചു ചേരണമെന്നാണു് അതാവശ്യപ്പെടുന്നതു്. ഈ ഐക്യമാകട്ടെ, ഓരോ കാതം റെയിൽവെ ലൈനിനും ഓരോ സാർവ്വദേശീയ ട്രസ്റ്റിനും (സാമ്പത്തികപ്രവർത്തനങ്ങളിലും ചിന്താഗതിയിലും ആശയാഭിലാഷങ്ങളിലും സാർവ്വദേശീയസ്വഭാവമുൾക്കൊള്ളുന്ന) ഓരോ തൊഴിലാളിഅസോസിയേഷനുമൊപ്പം നമ്മുടെ കൺമുന്നിൽ വളർന്നുകൊണ്ടിരിക്കുകയാണു്.

ബൂർഷ്വാസമുദായത്തിൽ ദേശീയതത്വമെന്ന തത്വം ചരിത്രപരമായി അനിവാര്യമാണു്. ഈ സമുദായത്തെ കണക്കിലെടുത്തുകൊണ്ടു്, ദേശീയപ്രസ്ഥാനങ്ങളുടെ ചരിത്രപരമായ ന്യായയുക്തത ഒരു മാർക്സിസ്റ്റ് പൂർണ്ണമായും അംഗീകരിക്കുന്നു. എന്നാൽ ഈ അംഗീകാരം ദേശീയവാദത്തിനുള്ള വക്കാലത്താകാതിരിക്കാൻവേണ്ടി ഈ പ്രസ്ഥാനങ്ങളിൽ പുരോഗമനപരമായതിനു മാത്രമേ അതു ബാധകമാകാവൂ എന്നതു നിർബ്ബന്ധമാണു്. എന്തുകൊണ്ടെന്നാൽ, ബൂർഷ്വാ ആശയഗതി തൊഴിലാളിവർഗ്ഗബോധത്തെ നിഷ്പ്രഭമാക്കുന്നതിലേക്കു് ഈ അംഗീകാരം വഴിതെളിച്ചുകൂടാ.

ഫ്യൂഡൽ നിദ്രയിൽനിന്നും ബഹുജനങ്ങൾ ഉണർന്നെഴുന്നേൽക്കുന്നതു്, സർവ്വവിധദേശീയമർദ്ദനത്തിനെതിരായും ജനങ്ങളുടേയും രാഷ്ട്രങ്ങളുടേയും പരമാധികാരത്തിനുവേണ്ടിയും അവർ നടത്തുന്ന സമരം, പുരോഗമനപരമാണു്. അതുകൊണ്ടു് ദേശീയപ്രശ്നത്തിൻെറ എല്ലാ വശങ്ങളിലും അങ്ങേയററം അടിയുറച്ചതും സ്ഥിരവുമായ ജനാധിപത്യത്തെ ഉയർത്തിപ്പിടിക്കുകയെന്നതു് ഒരു മാർക്സിസ്റ്റിൻെറ ഒഴിച്ചുകൂടാൻ വയ്യാത്ത ചുമതലയാണു്. മുഖ്യമായും നിഷേധാത്മകമായ ഒന്നാണു് ഈ ചുമതല. എന്നാൽ ദേശീയവാദത്തെ അനുകൂലിച്ചുകൊണ്ടു് ഇതിനപ്പുറത്തേക്കു കടക്കാൻ തൊഴിലാളിവർഗ്ഗത്തിനു നിർവ്വാഹമില്ല. കാരണം, ഇതിനപ്പുറത്തു്, ദേശീയവാദത്തെ അരക്കിട്ടുറപ്പിക്കാൻ യത്നിക്കുന്ന ബൂർഷ്വാസിയുടെ ''ക്രിയാത്മക'' നടപടികൾ ആരംഭിക്കുകയായി.

സർവ്വവിധ ഫ്യൂഡൽ മർദ്ദനത്തേയും സർവ്വവിധ ദേശീയ മർദ്ദനത്തേയും ഏതെങ്കിലുമൊരു രാഷ്ട്രമോ ഭാഷയോ അനുഭവിച്ചുവരുന്ന എല്ലാ പ്രത്യേകാനുകൂല്യങ്ങളേയും അവസാനിപ്പിക്കുകയെന്നതു് ഒരു ജനാധിപത്യശക്തിയെന്ന നിലയ്ക്കു് തൊഴിലാളിവർഗ്ഗത്തിൻെറ ഒഴിച്ചുകൂടാൻവയ്യാത്ത കടമയാണു്. അതു തീർച്ചയായും തൊഴിലാളിവർഗ്ഗസമരത്തിൻെറ താല്പര്യത്തിനനുസൃതവുമാണു്. കാരണം ദേശീയകലഹങ്ങരം പ്രസ്തുതസമരത്തെ നിഷ്പ്രഭമാക്കുകയും മന്ദീഭവിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ, വളരെ കണിശമായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഈ ചരിത്രപരമായ പരിധിക്കപ്പുറം കടന്നു് ബൂർഷ്വാദേശീയവാദത്തെ സഹായിക്കുകയെന്നുവച്ചാൽ, തൊഴിലാളിവർഗ്ഗത്തെ വഞ്ചിക്കുകയും ബൂർഷ്വാസിയുടെ ഭാഗത്തു ചേരുകയും ചെയ്യുകയെന്നാണർത്ഥം. ഇവിടെയൊരു അതിർത്തിവരമ്പുണ്ടു്. അതു പലപ്പോഴും വളരെ നേർത്തതായിരിക്കും. ബുന്ദിസ്റ്റുകളും ഉക്രേനിയൻ സാമൂഹ്യദേശീയവാദികളും അങ്ങിനെയൊന്നുള്ള കാര്യം പാടേ വിസ്മരിച്ചിരിക്കുകയാണു്.

സർവ്വവിധ ദേശീയമർദ്ദനത്തിനുമെതിരായി പൊരുതുക—അതു തീർച്ചയായും വേണ്ടതാണു്. ഏതെങ്കിലും തരത്തിലുള്ള ദേശീയവികാസത്തിനുവേണ്ടി, പൊതുവിൽ ''ദേശീയ സംസ്കാര''ത്തിനുവേണ്ടി, പൊരുതുക—അതു് ഒരിക്കലും പാടില്ലാത്തതാണു്. പാകതയെത്തിയിട്ടില്ലാത്ത ദേശീയപ്രസ്ഥാനങ്ങളുടേയും അനേകം ചെറുചെറുരാഷ്ട്രങ്ങളിൽനിന്നോ അവയിൽ ചിലതിനു ഹാനികരമായ വിധത്തിലോ വലിയ രാഷ്ട്രങ്ങരം രൂപീകരിക്കപ്പെട്ടിട്ടുള്ളതിൻേറയും രാഷ്ട്രങ്ങരം സാത്മീകരണം പ്രാപിച്ചിട്ടുള്ളതിൻേറയും ദൃഷ്ടാന്തങ്ങരം മുതലാളിത്തസമുദായത്തിൻെറ സാമ്പത്തികവളർച്ച ലോകമെമ്പാടും നമ്മുടെ കൺമുമ്പിൽ സമർപ്പിക്കുന്നുണ്ടു്. പൊതുവിൽ ദേശീയജനവിഭാഗത്തിൻെറ വളർച്ചയെന്നതാണു് ബൂർഷ്വാ ദേശീയവാദത്തിൻെറ തത്വം. ബൂർഷ്വാ ദേശീയവാദം സ്വയം വേലിയടച്ചുകെട്ടിനിൽക്കാനുള്ള കാരണമതാണു്. അന്തമില്ലാത്ത ദേശീയകലഹങ്ങളുടെ കാരണവുമതാണു്. എന്നാൽ തൊഴിലാളിവർഗ്ഗമാകട്ടെ,

ഓരോ രാഷ്ട്രത്തിൻേറയും ദേശീയവികസനത്തിനുവേണ്ടി നില കൊള്ളുമെന്നു് സ്വയം ഏൽക്കുന്നില്ലെന്നു മാത്രമല്ല, നേരേ മറിച്ചു്, ബഹുജനങ്ങളെ അത്തരം വ്യാമോഹങ്ങൾക്കെതിരാ യി താക്കീതു ചെയ്യുകയും മുതലാളിത്തസമ്പർക്കത്തിനുള്ള പരി പൂർണ്ണസ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുകയും നിർബ്ബന്ധിതമോ പ്രത്യേകാനുകൂല്യങ്ങളുടെ അടിസ്ഥാനത്തിലുള്ളതോ അല്ലാത്ത, രാഷ്ട്രങ്ങളുടെ ഏതുവിധത്തിലുള്ള സാത്മീകരണത്തേയും സ്വാ ഗതം ചെയ്യുകയും ചെയ്യുന്നു.

''ന്യായമായി'' നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലു മൊരു പരിധിക്കുള്ളിൽ ദേശീയവാദത്തെ സ്ഥാപിക്കുക, ദേശീ യവാദത്തിനു് ''വ്യവസ്ഥാപിതരൂപം നൽകുക,'' ഒരു പ്രത്യേക ഭരണസ്ഥാപനം വഴി എല്ലാ രാഷ്ട്രങ്ങളേയും പരസ്പരം ഭദ്ര മായി വേലികെട്ടി അകററിനിർത്തുക—സാംസ്കാരിക—ദേ ശീയസ്വയംഭരണത്തിൻെറ താത്വികാടിസ്ഥാനവും ഉള്ളടക്കവു മിതാണു്. ഈ ആശയം അടിമുടി പെററിബൂർഷ്വായാണു്, അടിമുടി അബദ്ധമാണു്. ദേശീയവാദത്തെ ഏതെങ്കിലും തര ത്തിൽ ഉറപ്പിക്കുന്നതിനെ അനുകൂലിക്കാൻ തൊഴിലാളിവർഗ്ഗ ത്തിനു നിവ്വാഹമില്ല; നേരേമറിച്ചു്, ദേശീയമായ പ്രത്യേക തകൾ മാച്ചുകളയാനും ദേശീയമായ അതിർത്തിവരമ്പുകൾ നീക്കം ചെയ്യാനും സഹായിക്കുന്ന സവ്വതിനേയും അതു പിന്താ ങ്ങുന്നു. ദേശീയജനവിഭാഗങ്ങൾ തമ്മിൽ കൂടുതലടുത്ത ബന്ധ ങ്ങൾ സ്ഥാപിക്കാനുതകുന്ന എല്ലാററിനേയും, രാഷ്ട്രങ്ങൾ തമ്മിൽ ഒന്നിച്ചുചേരുന്നതിലേക്കു വഴിതെളിക്കുന്ന എല്ലാററിനേയും അതു പിന്താങ്ങുന്നു. ഇതിൽനിന്നും വിഭിന്നമായി പെരുമാറുക യെന്നുവച്ചാൽ അതിനർത്ഥം പ്രതിലോമപരവും ദേശീയവാ ദപരവുമായ ഫിലിസ്റ്റൈനിസത്തിൻെറ പക്ഷം പിടിക്കുകയെ ന്നാണു്.

ആസ്ത്രിയൻ സോഷ്യൽഡെമോക്രാററുകാർ ബ്രൂണിൽവച്ചു നടന്ന (1899—ൽ) അവരുടെ കോൺഗ്രസ്സിൽ സാംസ്കാരിക— ദേശീയസ്വയംഭരണത്തിനുവേണ്ടിയുള്ള പദ്ധതി ചർച്ചചെയ്ത പ്പോൾ, അതിനെ താത്വികമായി വിലയിരുത്തുന്ന കാര്യ

ത്തിൽ അവർ ശ്രദ്ധിച്ചതേയില്ല. എങ്കിൽപ്പോലും, താഴെക്കൊടുക്കുന്ന രണ്ടു വാദമുഖങ്ങൾ പ്രസ്തുതപരിപാടിക്കെതിരായി ഉന്നയിക്കപ്പെട്ടുവെന്നതു് ശ്രദ്ധേയമാണു്: 1) അതു് പൗരോഹിത്യചിന്താഗതി ശക്തിപ്പെടുന്നതിലേക്കു വഴി തെളിക്കും; 2) ''സങ്കുചിതവാദത്തെ എന്നെന്നേക്കുമായി നിലനിർത്തുകയും ഓരോ ചെറിയ ജനവിഭാഗത്തിന്റേയും ഗ്രൂപ്പിന്റേയുമിടയിൽ അതു് കുത്തിവയ്ക്കുകയും ചെയ്യുകയെന്നതായിരിക്കും അതിന്റെ ഫലം'' (ബ്രൂൺ കോൺഗ്രസ്സിന്റെ ജർമ്മൻ ഭാഷയിലുള്ള ഔദ്യോഗിക മിനിട്സിന്റെ 92-ാം പേജ്. ജെ. എസ്സ്. എൽ. പി.[11] എന്ന പേരിലുള്ള യഹൂദദേശീയവാദികളുടെ പാർട്ടി അതിന്റെ ഒരു റഷ്യൻ വിവർത്തനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്).

''ദേശീയസംസ്കാര''മെന്നതു് ആ വാക്കിന്റെ സാമാന്യമായ അർത്ഥത്തിൽ, അതായതു്, സ്കൂളുകൾ മുതലായവ, ഇന്നു് ലോകത്തിലെ എല്ലാ രാജ്യങ്ങളിലും പുരോഹിതന്മാരുടേയും ബൂർഷ്വാസങ്കുചിതവാദികളുടേയും പിടിയിലാണെന്ന കാര്യത്തിൽ സംശയമില്ല. രാഷ്ട്രങ്ങളുടെ വ്യവസ്ഥാപിതരൂപീകരണം അവയ്ക്കുള്ളിൽ നടക്കുന്ന വർഗ്ഗസമരത്തെ എല്ലാ ബാഹ്യപരിഗണനകളിൽനിന്നും വിമുക്തമാക്കുമെന്നു് ''സാംസ്കാരിക—ദേശീയ'' സ്വയംഭരണാധികാരത്തിനുവേണ്ടി വാദിച്ചുകൊണ്ടു് ബുന്ദിസ്റ്റുകൾ പറയുമ്പോൾ, അതു് കലർപ്പില്ലാത്ത, അപഹാസ്യമായ കുതർക്കമല്ലാതെ മറ്റൊന്നുമല്ല. ഏതു മുതലാളിത്തസമുദായത്തിലും ഗൗരവമായ വർഗ്ഗസമരം നടക്കുന്നതു പ്രധാനമായും സാമ്പത്തിക—രാഷ്ട്രീയരംഗങ്ങളിലാണു്. അതിൽനിന്നും വിദ്യാലയരംഗത്തെ മാററിനിർത്തുന്നതു്, ഒന്നാമതു്, അപഹാസ്യമാംവണ്ണം അയഥാർത്ഥമാണു്, കാരണം, വിദ്യാലയങ്ങളെ (പൊതുവിൽ ''ദേശീയസംസ്കാര''ത്തെപ്പോലെതന്നെ) സാമ്പത്തികത്തിൽനിന്നും രാഷ്ട്രീയത്തിൽനിന്നും പറിച്ചുമാററാൻ സാദ്ധ്യമല്ല. രണ്ടാമതു്, അപഹാസ്യവും കാലഹരണപ്പെട്ടതുമായ ദേശീയാതിർത്തിവരമ്പുകളും മുൻവിധികളും ഓരോ കാൽവയ്പിലും തകരാനിടയാക്കുന്നതു് ഒരു മുതലാളിത്തരാജ്യത്തിലെ

സാമ്പത്തിക—രാഷ്ട്രീയജീവിതമല്ലാതെ മറ്റൊന്നുമല്ല. നേരേ മറിച്ച്, വിദ്യാലയകാര്യങ്ങളും മററും വേർതിരിച്ചുനിർത്തുന്നതു് ''ശുദ്ധ'' പൗരോഹിത്യചിന്താഗതിയേയും ''ശുദ്ധ'' ബൂർഷ്വാ സങ്കുചിതവാദത്തേയും എന്നെന്നേക്കുമായി നിലനിർത്തുകയും മൂർഛിപ്പിക്കുകയും ശക്തിപ്പെടുത്തുകയും മാത്രമായിരിക്കും ചെയ്യുന്നതു്.

ജോയിൻറ്സ്റ്റോക്ക് കമ്പനികളുടെ ഡയറക്ടർബോർഡുകളിൽ വ്യത്യസ്തരാഷ്ട്രങ്ങളിൽപ്പെട്ട മുതലാളിമാർ അന്യോന്യം പൂർണ്ണമായി ഒന്നുചേർന്നുകൊണ്ടു് ഒപ്പമിരിക്കുന്നു. ഫാക്ടറികളിൽ വ്യത്യസ്തരാഷ്ട്രങ്ങളിൽപ്പെട്ട തൊഴിലാളികൾ ഒപ്പംനിന്നു ജോലിചെയ്യുന്നു. യഥാർത്ഥത്തിൽ ഗൗരവാവഹവും സുപ്രധാനവുമായ എല്ലാ രാഷ്ട്രീയപ്രശ്നങ്ങളിലും ആളുകൾ പക്ഷം പിടിക്കുന്നതു് വർഗ്ഗങ്ങളുടെ അടിസ്ഥാനത്തിലാണു്, രാഷ്ട്രങ്ങളുടെ അടിസ്ഥാനത്തിലല്ല. വിദ്യാലയകാര്യങ്ങളും മററും ''സ്റ്റേററിൻെറ അധികാരപരിധിയിൽനിന്നും'' മാററി രാഷ്ട്രങ്ങളിലേക്കു കൈമാറുകയെന്നുവച്ചാൽ അതു് ''ശുദ്ധ'' ദേശീയസംസ്ക്കാരം, അഥവാ പൗരോഹിത്യചിന്താഗതിയുടേയും സങ്കുചിതവാദത്തിൻേറയും ദേശീയമായ പ്രോത്സാഹനം, നിർബാധം വിഹരിച്ചുകൊണ്ടിരിക്കുന്ന, സാമൂഹ്യജീവിതത്തിൻെറ ഏററവും ആശയപരമായ (എന്നു പറയട്ടെ) രംഗത്തെ രാഷ്ട്രങ്ങളെ ഏകീകരിക്കുന്ന സാമ്പത്തികരംഗത്തിൽനിന്നും മാററിനിർത്താനുള്ള ഒരു ശ്രമമല്ലാതെ മറ്റൊന്നുമല്ല.

''ഭൂപരിധിക്കതീതമായ'' (അതായതു് ഒരു രാഷ്ട്രത്തിൻെറ ഭൂപരിധിക്കപ്പുറത്തു്, അതുമായി ബന്ധമില്ലാത്ത) സ്വയംഭരണത്തിനോ അല്ലെങ്കിൽ ''സാംസ്കാരിക—ദേശീയ'' സ്വയംഭരണത്തിനോ വേണ്ടിയുള്ള പദ്ധതി പ്രയോഗത്തിൽ കൊണ്ടുവരികയെന്നുവച്ചാൽ അതിനർത്ഥം ഇത്രമാത്രമാണു്: വിദ്യാലയകാര്യങ്ങൾ ദേശീയജനവിഭാഗാടിസ്ഥാനത്തിൽ വേർതിരിക്കുക, അതായതു്, വിദ്യാലയകാര്യങ്ങളിൽ ദേശീയവിഭജനം ഏർപ്പെടുത്തുക. സുപ്രസിദ്ധമായ ബുന്ദ്പദ്ധതിയുടെ യഥാർത്ഥപൊരുൾ ഇതാണെന്നു വ്യക്തമായി കണ്ടുകഴിഞ്ഞാൽ, സോഷ്യ

ലിസത്തിനുവേണ്ടിയുള്ള തൊഴിലാളിവർഗ്ഗസമരത്തിന്റെ നില പാടിൽനിന്നോ പോകട്ടെ, ജനാധിപത്യത്തിന്റെ നില പാടിൽനിന്നുപോലും അതെത്രകണ്ടു പിന്തിരിപ്പനാണെന്നു മനസ്സിലാക്കാൻ സാധിക്കും.

പ്രശ്നം കൂടുതൽ വ്യക്തമാകാൻവേണ്ടി, നമുക്കു് വിദ്യാ ലയകാര്യങ്ങൾ ''ദേശീയ''മാക്കിയിട്ടുള്ളതിന്റെ ഒരു ഉദാഹര ണവും ഒരു പദ്ധതിയുമെടുക്കാം. അമേരിക്കൻ ഐക്യനാടുകളിൽ വടക്കനെന്നും തെക്കനെന്നുമുള്ള സ്റ്റേററുകളുടെ വിഭജനം ജീവിത ത്തിന്റെ എല്ലാ തുറകളിലും ഇപ്പോഴും നിലനിൽക്കുന്നുണ്ടു്; ഇതിൽ ആദ്യത്തെ സ്റ്റേററുകൾക്കു സ്വാതന്ത്ര്യത്തിന്റേയും അടി മയുടമകൾക്കെതിരായ സമരത്തിന്റേയും ഏററവും മഹത്തര മായ പാരമ്പര്യങ്ങളാണുള്ളതു്; മററവയ്ക്കാകട്ടെ, അടിമയുടമയു ടെ നീണ്ട പാരമ്പര്യമാണുള്ളതു്. നീഗ്രോദ്രോഹത്തിന്റെ അ വശിഷ്ടങ്ങളും സാമ്പത്തികമർദ്ദനവും സാംസ്കാരികാധഃപതന വും (നീഗ്രോകൾക്കിടയിൽ 44 ശതമാനവും വെള്ളക്കാർക്കിട യിൽ 6 ശതമാനവും പേർ നിരക്ഷരരാണു്) മററുമാണു് അവി ടെ നാം കാണുന്നതു്. വടക്കൻ സ്റ്റേററുകളിൽ വെള്ളക്കാരുടെ കുട്ടികൾ പോകുന്ന അതേ സ്കൂളുകളിലാണു് നീഗ്രോ കുട്ടികളും പോകുന്നതു്. എന്നാൽ തെക്കൻ സ്റ്റേററുകളിൽ നീഗ്രോ കുട്ടികൾ ക്കുവേണ്ടി പ്രത്യേക ''ദേശീയ'' അഥവാ വർഗ്ഗീയ (എന്നു വേണമെങ്കിൽ പറയാം) സ്കൂളുകളുണ്ടു്. പ്രയോഗത്തിൽ സ്കൂളു കളെ ''ദേശീയ''മാക്കിയിട്ടുള്ള ഒരേയൊരു ദൃഷ്ടാന്തമാണി തെന്നു് തോന്നുന്നു.

ബെയ്‌ലിസ് കേസു[12]പോലുള്ള കേസുകൾ ഇന്നും സാ ദ്ധ്യമായിട്ടുള്ള, പുരിഷ്ക്കേവിച്ചുമാന്യന്മാർ യഹൂദന്മാരെ നീഗ്രോക ളേക്കാൾ മോശമായ നിലയിലേക്കു് അവഗണിച്ചിട്ടിരിക്കുന്ന, ഒരു രാജ്യം കിഴക്കൻ യൂറോപ്പിലുണ്ടു്. ഈ രാജ്യത്തു് യഹൂദ വിദ്യാലയങ്ങളെ ദേശീയമാക്കാനുള്ള ഒരു പദ്ധതി സമീപ കാലത്തു് മന്ത്രിസഭയിൽ ആലോചനയ്ക്കു വരികയുണ്ടായി. എന്നാൽ, അടിയുറച്ച ജനാധിപത്യം നേടിയെടുക്കാനും ദേ ശീയവക്കാണങ്ങൾക്കു് അറുതിവരുത്താനും കഴിയുമെന്ന എല്ലാ

ആശയും നശിച്ചു്, വിദ്യാലയങ്ങളുടെ വിതരണത്തെച്ചൊല്ലി രാഷ്ട്രങ്ങരം തമ്മിൽ വഴക്കടിക്കാതിരിക്കാൻവേണ്ടി വിദ്യാലയ കാര്യങ്ങളിൽ ഓരോ രാഷ്ട്രങ്ങരംക്കും പ്രത്യേക കമ്പാർട്ടുമെൻറു കരം നിർദ്ദേശിച്ച (പക്ഷെ ഈ രീതിയിൽ അവയ്ക്കു ''വ്യവസ്ഥാപിത'' രൂപംനൽകുന്നതു്വിവിധ ''ദേശീയസംസ്കാരങ്ങരം'' തമ്മിലുള്ള അന്തമില്ലാത്ത വക്കാണങ്ങരംക്കാണു വഴിതെളിക്കുക) ആസ്ത്രിയൻ പെററിബൂർഷ്വാസിയുടെ മനോരാജ്യംപോലെതന്നെ അപ്രായോഗികമാണു് ഈ പിന്തിരിപ്പൻ മനോരാജ്യവുമെന്നു നമുക്കു സമാധാനിക്കാം.

ആസ്ത്രിയയിൽ സാംസ്കാരിക—ദേശീയ സ്വയംഭരണമെന്നതു് ഏറിയകൂറും ഒരു സാഹിത്യസങ്കല്പമായിട്ടിരിക്കുകയാണു്. ആസ്ത്രിയൻ സോഷ്യൽഡെമോക്രാററുകാർപോലും അതു് കാര്യമായെടുത്തിട്ടില്ല. എന്നാൽ റഷ്യയിലാകട്ടെ, എല്ലാ യഹൂദ ബൂർഷ്വാപ്പാർട്ടികളും വിവിധരാഷ്ട്രങ്ങളിൽപ്പെട്ട പല ഫിലിസ്റ്റൈനുകളും അവസരവാദികളും—ഉദാഹരണത്തിനു്, ബുന്ദിസ്റ്റുകരം, കോക്കസ്സസ്സിലെ ലിക്വിഡേററർമാർ,[13] റഷ്യയിലെ ഇടതുപക്ഷനരോദ്നിക്പ്രവണതയുള്ള ദേശീയപ്പാർട്ടിക്കുളുടെ സമ്മേളനം—തങ്ങളുടെ പരിപാടിയിൽ ഇതുരംപ്പെടുത്തിയിട്ടുണ്ടു്. (അവസാനം പറഞ്ഞ സമ്മേളനം നടന്നതു് 1907—ലാണെന്നു് കൂട്ടത്തിൽ പറഞ്ഞുകൊള്ളട്ടെ. അതിൻെറ തീരുമാനമെടുത്ത അവസരത്തിൽ റഷ്യൻ സോഷ്യലിസ്റ്റ് റവലൂഷണറികളും[14] പോളിഷ് സാമൂഹ്യ—ദേശാഭിമാനികളായ പി. പി. എസ്സു[15]കാരും വോട്ടിംഗിൽ പങ്കെടുത്തില്ല. ദേശീയ പരിപാടിയുടെ തുറയിൽ അതിപ്രധാനവും മൗലികവുമായ ഒരു പ്രശ്നത്തോടുള്ളതങ്ങളുടെ മനോഭാവം പ്രകടിപ്പിക്കാൻവേണ്ടി സോഷ്യലിസ്റ്റ് റവലൂഷണറികളും പി. പി. എസ്സുകാരും കൈക്കൊണ്ട ഈ മാർഗ്ഗം അവരെസംബന്ധിച്ചിടത്തോളം വിസ്മയാവഹമാംവണ്ണം സവിശേഷമായ ഒന്നാണു്!)

ആസ്ത്രിയയിൽ ''സാംസ്കാരിക—ദേശീയസ്വയംഭരണ''ത്തിൻെറ പ്രധാനതാത്വികാചാര്യനായ ഓട്ടൊ ബൗവെർതന്നെ

യാണ് പ്രസ്തുതപരിപാടി യഹൂദന്മാർക്കു ബാധകമാക്കാൻ അസാദ്ധ്യമാണെന്നു തെളിയിക്കുന്നതിനുവേണ്ടി തന്റെ പുസ്തക ത്തിലെ ഒരദ്ധ്യായം അപ്പാടെ വിനിയോഗിച്ചതു്. എന്നാൽ റഷ്യയിലാകട്ടെ, യഹൂദന്മാർക്കിടയിൽത്തന്നെയാണ് എല്ലാ ബൂർഷ്വാപ്പാർട്ടികളും—അവയുടെ പാദസേവ ചെയ്യുന്ന ബുന്ദും —ഈ പരിപാടി അംഗീകരിച്ചിട്ടുള്ളതു്.* എന്താണിതു തെളി യിക്കുന്നതു്? മാർക്സിസത്തിൽനിന്നും ലിബറലിസത്തിലേ ക്കു് അതിവേഗം സ്വയം മാറിക്കൊണ്ടു് റഷ്യൻ ബെർൺസ്റ്റൈനി സ്ററുകൾ (സ്ട്രൂവെ, തുഗാൻ–ബറനോവ്സ്കിയ്, ബെർ

---

*''സാംസ്കാരിക—ദേശീയ സ്വയംഭരണ''മെന്നതു് യഹൂദന്മാർ ക്കിടയിലുള്ള എല്ലാ ബൂർഷ്വാപ്പാർട്ടികളും അംഗീകരിച്ചിട്ടില്ലെന്നു് ബുന്ദി സ്റ്റുകൾ പലപ്പോഴും അസാമാന്യമായ വീറോടെ വാദിക്കുന്നതു് നമുക്കു മനസ്സിലാക്കാവുന്നതാണ്. ഈ വസ്തുത ബുന്ദിന്റെ യഥാർത്ഥപങ്കു് പച്ച യായി തുറന്നുകാട്ടുകയാണു ചെയ്യുന്നതു്. ബുന്ദിസ്റ്റുകളിലൊരാളായ മി. മാനിൻ ''ലൂച്ചി''[16]ന്റെ പംക്തികളിൽ തന്റെ നിഷേധം ആവർത്തി ക്കാൻ ശ്രമിച്ചപ്പോൾ എൻ. സ്റ്റോപ്പ് അയാളെ തികച്ചും തൊലിയുരിച്ചു കാട്ടുകയുണ്ടായി (''പ്രൊസ്വെഷ്ച്ചേനിയെ''[17]യുടെ മൂന്നാംലക്കം നോ ക്കുക). എന്നാൽ മി. ലെവ് യുർക്കേവിച്ച് ''പ്രൊസ്വെഷ്ച്ചേനിയെ'' യിൽനിന്നും (ലക്കം 3, പേജ് 78) ''ബുന്ദിസ്റ്റുകൾ എല്ലാ യഹൂദബൂർ ഷ്വാപ്പാർട്ടികളും ഗ്രൂപ്പുകളുമൊന്നിച്ചു് സാംസ്കാരിക–ദേശീയസ്വയം ഭരണത്തിനുവേണ്ടി വാദിച്ചുതുടങ്ങിയിട്ട ഏറെനാളായി'' എന്ന എൻ. സ്റ്റോപ്പിന്റെ വാചകം ''ദ്സ്വിനി''ൽ (1913, ലക്കം 7–8, പേജ് 92) ഉദ്ധരിക്കുന്ന അവസരത്തിൽ ''ബുന്ദിസ്റ്റുകൾ'' എന്ന വാക്കു് എടു ത്തുകളയുകയും ''സാംസ്കാരിക–ദേശീയസ്വയംഭരണ''മെന്ന വാക്കി ന്റെ സ്ഥാനത്തു് ''ദേശീയാവകാശങ്ങൾ''എന്നെഴുതിച്ചേർക്കുകയും ചെയ്തുകൊണ്ടു് അതിനെ വളച്ചൊടിക്കുമ്പോൾ നാം ആശ്ചര്യപ്പെട്ടു് മൂക്ക ത്തു വിരൽ വച്ചു പോകുന്നു! മി. ലെവ് യുർക്കേവിച്ച് ഒരു ദേശീയ വാദി മാത്രമല്ല, സോഷ്യൽഡെമോക്രാറ്റുകാരുടെ ചരിത്രത്തേയോ പരിപാടിയേയോ കുറിച്ചു് ഒരു ചുക്കുമറിഞ്ഞുകൂടാത്ത ഒരു മൂഢൻ മാത്രമല്ല, ബുന്ദിനുവേണ്ടി ഉദ്ധാരണികളിൽ കൃത്രിമത്വം കാണിക്കുന്ന ഒരു തനിതട്ടിപ്പുകാരൻകൂടിയാണ്. ബുന്ദിന്റേയും യുർക്കേവിച്ചിനെപ്പോ ലുള്ള മാന്യന്മാരുടേയും സ്ഥിതി വളരെ പരുങ്ങലിലായിരിക്കണം!

ദ്യായെവ് പ്രഭൃതികൾ) ജർമ്മൻ ബെർൺസ്റ്റൈനിസ[18]ത്തിൻെറ ആശയപരമായ യഥാർത്ഥ ഉള്ളടക്കം എങ്ങിനെ തുറന്നുകാട്ടിയോ അതു പോലെതന്നെ ബൗവെറിൻെറ മനോരാജ്യത്തെ മററൊരു സ്റ്റേററിൻെറ രാഷ്ട്രീയാനുഭവത്തിലൂടെ ചരിത്രം തുറന്നു കാട്ടിയിരിക്കുന്നുവെന്നാണ് അതു തെളിയിക്കുന്നതു്.

ആസ്ത്രിയയിലേയോ റഷ്യയിലേയോ സോഷ്യൽഡെമോക്രാററുകാർ ''സാംസ്കാരിക—ദേശീയ''സ്വയംഭരണത്തെ അവരുടെ പരിപാടിയിൽ ഉൾക്കൊള്ളിച്ചിട്ടില്ല. എന്നാൽ ബൂർഷ്വാദേശീയവാദത്തിൻെറ ചിന്താഗതി പരിഷ്കൃതരൂപത്തിൽ തൊഴിലാളികൾക്കിടയിൽ പരത്താൻവേണ്ടി ഏററവും പിന്നണിയിൽ കിടക്കുന്ന രാജ്യത്തിലെ യഹൂദബൂർഷ്വാപ്പാർട്ടികളും സോഷ്യലിസ്റ്റെന്നു സ്വയമവകാശപ്പെടുന്ന അനേകം ഫിലിസ്റ്റൈൻ ഗ്രൂപ്പുകളും അതു് സ്വീകരിച്ചിട്ടുണ്ടു്. ഇതിൻെറ അർത്ഥമെന്താണെന്നു സ്വയം വ്യക്തമാണല്ലൊ.

ദേശീയപ്രശ്നത്തെക്കുറിച്ചുള്ള ആസ്ത്രിയൻ പരിപാടിയെപ്പററി ഞങ്ങൾക്കു പരാമർശിക്കേണ്ടിവന്ന സ്ഥിതിക്കു്, ബുന്ദിസ്റ്റുകൾ പലപ്പോഴും വളച്ചൊടിക്കാറുള്ള പരമാർത്ഥം വീണ്ടും വെളിച്ചത്തു കൊണ്ടുവരാതിരിക്കാൻ ഞങ്ങൾക്കു നിർവ്വാഹമില്ല. ബ്രൂൺ കോൺഗ്രസ്സിൽവച്ചു് ''സാംസ്കാരിക—ദേശീയസ്വയംഭരണ''ത്തിൻെറ ഒരു ശുദ്ധ പരിപാടി അവതരിപ്പിക്കുകയുണ്ടായി. ദക്ഷിണസ്ലാവ് സോഷ്യൽഡെമോക്രാററുകാരുടെ പരിപാടിയായിരുന്നു അതു്. അതിൻെറ രണ്ടാം ഖണ്ഡിക ഇപ്രകാരമായിരുന്നു: ''ആസ്ത്രിയയിലുള്ള ഓരോ ജനതയും—അതിലെ അംഗങ്ങൾ നിവസിക്കുന്നതെവിടെയെന്നു നോക്കാതെ—ദേശീയമായ (ഭാഷാസംബന്ധവും സാംസ്കാരികവുമായ) അതിൻെറ എല്ലാ കാര്യങ്ങളും തികച്ചും സ്വതന്ത്രമായി കൈകാര്യം ചെയ്യുന്ന സ്വയംഭരണാധികാരമുള്ള ഒരു ഗ്രൂപ്പായിരിക്കുന്നതാണു്.'' ക്രിസ്റ്റൻ മാത്രമല്ല, നല്ല സ്വാധീനശക്തിയുള്ള എല്ലൻബോഗനും ഈ പരിപാടിയെ അനുകൂലിച്ചു. എങ്കിലും അതു പിൻവലിക്കുകയാണുണ്ടായതു്; അതിനനുകൂലമായി ഒരൊററ

യാഠ പോലും വോട്ടു ചെയ്തില്ല. ഭൂപരിധിയെ അടിസ്ഥാന മാക്കിയ ഒരു പരിപാടിയാണ് അംഗീകരിക്കപ്പെട്ടതു്, അതായതു്, ''രാഷ്ട്രങ്ങളിലെ അംഗങ്ങഠ നിവസിക്കുന്നതെവിടെയെന്നു നോക്കാതെ'' ഒരൊററ ദേശീയഗ്രൂപ്പുപോലും സൃഷ്ടിക്കാത്ത ഒരു പരിപാടി.

അംഗീകരിക്കപ്പെട്ട പരിപാടിയുടെ മൂന്നാം ഖണ്ഡിക ഇപ്രകാരമാണ്: ''ഒരു രാഷ്ട്രത്തിലെ സ്വയംഭരണാധികാരമുള്ള പ്രദേശങ്ങളെല്ലാം കൂടിച്ചേർന്നു് ദേശീയമായി യോജിച്ച ഒരു സംഘടന രൂപീകരിക്കുന്നതും പ്രസ്തുതസംഘടന അതിൻെറ ദേശീയകാര്യങ്ങഠ തികച്ചും സ്വയംഭരണാടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നതുമാണ്'' (''പ്രൊസ്വെഷ്ച്ചേനിയെ'', 1913, ലക്കം 4, പേജ് 28—ഉമായി താരതമ്യപ്പെടുത്തുക.[19]) വിട്ടുവീഴ്ച ചെയ്തുകൊണ്ടുള്ള ഈ പരിപാടിയും തെററാണെന്നു വ്യക്തമാണ്. ഒരു ഉദാഹരണം കാട്ടി ഞങ്ങളിതു വ്യക്തമാക്കാം. സറാത്തൊാവ് ഗുബേർനിയയിലുള്ള ജർമ്മൻ കുടിപാർപ്പുകാരുടെ സമൂഹവും റീഗയുടേയോ ലോദ്സിൻേറയോ പ്രാന്തപ്രദേശങ്ങളിൽ ഒന്നിച്ചുതാമസിക്കുന്ന ജർമ്മൻതൊഴിലാളികളും സെൻറ് പീറേറഴ്സ്ബർഗ്ഗിനടുത്തുള്ള ജർമ്മൻ സെററിൽമെൻറും മററും മററുംചേർന്നതാണ് റഷ്യയിലെ ജർമ്മൻകാരുടെ ''ദേശീയമായി യോജിച്ച സംഘടന.'' തീർച്ചയായും ഒരു സ്റ്റേററിലെ ഏതെങ്കിലും ദേശീയജനവിഭാഗത്തിൽപ്പെട്ട ഏതെങ്കിലുമൊരു സമൂഹത്തിനുംപ്പെടെ ആർക്കും ഒന്നിച്ചുചേരാനുള്ള സ്വാതന്ത്ര്യം സോഷ്യൽഡെമോക്രാററുകാർ നിഷേധിക്കുന്നില്ലെങ്കിൽക്കൂടി അങ്ങിനെയൊന്നു് ആവശ്യപ്പെടാനോ അത്തരമൊരു സംയോജനം നടപ്പിലാക്കാനോ അവർക്കു നിർവ്വാഹമില്ല. റഷ്യയിലെ വിവിധപ്രദേശങ്ങളിൽ അധിവസിക്കുന്നവരും വിവിധവർഗ്ഗങ്ങളിൽപ്പെട്ടവരുമായ ജർമ്മൻകാർ തുടങ്ങിയവരെ ഒരൊററ ജർമ്മൻ ദേശീയസംഘടനയിൽ വേർതിരിച്ചുനിർത്തുന്നതിൽ പുരോഹിതന്മാർക്കും ബൂർഷ്വാകഠക്കും ഫിലിസ്റ്റൈനുകഠക്കും മററാർക്കു വേണമെങ്കിലും വ്യാപൃതരാകാവുന്നതാണ്—പക്ഷെ സോഷ്യൽഡെമോക്രാററുകാർക്കു് അതു സാദ്ധ്യമല്ല.

## 5. രാഷ്ട്രങ്ങളുടെ സമത്വവും ദേശീയന്യൂന പക്ഷത്തിൻെറ അവകാശങ്ങളും

ദേശീയപ്രശ്നം ചർച്ചചെയ്യുന്ന അവസരത്തിൽ റഷ്യയിലെ അവസരവാദികഠം ഏററവും വിപുലമായ തോതിൽ പ്രയോഗിക്കുന്ന ഒരു സൂത്രം ആസ്ത്രിയയുടെ ദൃഷ്ടാന്തമെടുത്തു കാണിക്കുകയെന്നതാണ്. അവസരവാദികഠം ചാടിവീണ (മി. സെംക്കോവ്സ്കിയ് ''നോവയ റബോച്ചയ ഗസെററ''[20]യിലും മി. ലീബ്മൻ ''സൈററി''ലും) ''സേവെർനയ പ്രവ്ദ'' യിലെ എൻെറ ലേഖനത്തിൽ* ഞാൻ ഊന്നിപ്പറഞ്ഞിട്ടുള്ളതിതാണ്: മുതലാളിത്തത്തിൻകീഴിൽ ദേശീയപ്രശ്നത്തിനു് എന്തെങ്കിലും ഒരു പരിഹാരം സാദ്ധ്യമാണെങ്കിൽ അതു് അടിയുറച്ച ജനാധിപത്യം മാത്രമാണ്. അതിനു തെളിവായി ഞാൻ കൂട്ടത്തിൽ സ്വിററ്സർലണ്ടിൻെറ ഉദാഹരണമെടുത്തുകാട്ടി.

ആ പരാമർശം മുകളിൽ പ്രതിപാദിച്ച രണ്ടവസരവാദികഠംക്കും പിടിച്ചിട്ടില്ല. അതു ഖണ്ഡിക്കാനോ അതിൻെറ പ്രാധാന്യം കുറച്ചുകാണിക്കാനോ ആണ് അവരുടെ ശ്രമം. സ്വിററ്സർലണ്ടിൻെറ കാര്യം പ്രത്യേകമായി കണക്കാക്കണമെന്നാണ് കൗട്സ്കി പറഞ്ഞിട്ടുള്ളതു്. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ സ്വിററ്സർലണ്ടിനു് ഒരു പ്രത്യേകതരത്തിലുള്ള വികേന്ദ്രീകരണമുണ്ട്, ഒരു പ്രത്യേകചരിത്രമുണ്ട്, അവിടെ ഭൂമിശാസ്ത്രപരമായ പ്രത്യേകപരിതസ്ഥിതികളും വ്യത്യസ്തഭാഷകഠം സംസാരിക്കുന്ന ജനങ്ങളുടെ തികച്ചും വിചിത്രമായ വിതരണവും മററും മററും നിലവിലുണ്ട്.

ഇതെല്ലാം പ്രശ്നത്തിൽനിന്നു് ഒഴിഞ്ഞുമാറാനുള്ള ശ്രമമല്ലാതെ മറെറാന്നുമല്ല. ഒരു ഏകരാഷ്ട്രസ്റ്റേററല്ല എന്നതിൽ സ്വിററ്സർലണ്ടിനു് ഒരു പ്രത്യേകതയുണ്ടെന്നതു വാസ്തവമാണ്. പക്ഷെ അക്കാര്യത്തിൽ ആസ്ത്രിയയും റഷ്യയും പ്രത്യേകസ്ഥിതിയിലാണ് (അഥവാ, കൗട്സ്കിയുടെ അഭിപ്രായത്തിൽ, പി

---

*ഈ പുസ്തകത്തിൻെറ പേജുകഠം 8–13 നോക്കുക.—പ്രസാധകർ.

ന്നോക്കനിലയിലാണ്) നിലകൊള്ളുന്നതു്. തീർച്ചയായും, സ്വിററ്സർലണ്ടിൽ അതിൻെറ അയൽപക്കത്തുള്ള ഭൂരിപക്ഷം യൂറോപ്യൻ രാജ്യങ്ങളിലുള്ളതിലേറെ ജനാധിപത്യത്തിന് ഉറപ്പു നൽകിയതു് ചരിത്രപരവും സാമൂഹ്യവുമായ അവിടത്തെ പ്രത്യേകപരിതസ്ഥിതികളാണെന്നതു വാസ്തവമാണ്.

പക്ഷെ ഏതു മാതൃകയാണ സ്വീകരിക്കേണ്ടതെന്ന പ്രശ്നവുമായി ഇതിനെല്ലാം എന്തു ബന്ധമാണുള്ളതു്? ഇന്നത്തെ സാഹചര്യങ്ങളിൽ ലോകത്തെവിടെയും ഏതെങ്കിലുമൊരു സ്ഥാപനം അടിയുറച്ച ജനാധിപത്യതത്വങ്ങളുടെ അടിസ്ഥാനത്തിൽ നടന്നുവരുന്ന രാജ്യങ്ങരം അസാധാരണമാണ്. എന്നുവച്ച്, എല്ലാ സ്ഥാപനങ്ങളിലും അടിയുറച്ച ജനാധിപത്യം നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്നതിൽനിന്ന് അതു നമ്മെ തടസ്സപ്പെടുത്തുന്നുണ്ടോ?

സ്വിററ്സർലണ്ടിൻെറ പ്രത്യേകത സ്ഥിതിചെയ്യുന്നതു് അതിൻെറ ചരിത്രത്തിലും ഭൂമിശാസ്ത്രപരവും മററുമായ സാഹചര്യങ്ങളിലുമാണ്. റഷ്യയുടെ പ്രത്യേകത സ്ഥിതിചെയ്യുന്നതു് ബൂർഷ്വാവിപ്ലവങ്ങളുടെ കാലഘട്ടത്തിൽ അഭൂതപൂർവ്വമായിട്ടുള്ള, അവിടത്തെ തൊഴിലാളിവർഗ്ഗത്തിൻെറ കരുത്തിലും രാജ്യത്തിൻെറ പൊതുവെയുള്ള അങ്ങേയററത്തെ പിന്നോക്കനിലയിലുമാണ്. നാനാതരത്തിലുള്ള ക്ലേശങ്ങളും പരാജയങ്ങളും ഒഴിവാക്കണമെന്നുണ്ടെങ്കിൽ അസാധാരണമായ വേഗതയോടും അടിപതറാതെയും പുരോഗമിച്ചേ തീരൂ എന്നൊരു സ്ഥിതിവിശേഷം ഈ പിന്നോക്കനില വസ്തുനിഷ്ഠമായി സൃഷ്ടിക്കുന്നു.

തൊഴിലാളിവർഗ്ഗത്തിൻെറ നിലപാടിൽ നിന്നുകൊണ്ടു് ഒരു ദേശീയപരിപാടിക്ക് രൂപംനൽകുകയാണ നാം ചെയ്യുന്നതു്. ഏററവും മികച്ച ദൃഷ്ടാന്തങ്ങരംക്കു പകരം ഏററവും മോശപ്പെട്ടവ നാം മാതൃകയായി സ്വീകരിക്കണമെന്ന് എന്നു മുതൽക്കാണ് ശുപാർശചെയ്യപ്പെട്ടിട്ടുള്ളതു്?

എന്തൊക്കെപ്പറഞ്ഞാലും, മുതലാളിത്തത്തിൻകീഴിൽ രാഷ്ട്രങ്ങരം തമ്മിലുള്ള സമാധാനം അടിയുറച്ച ജനാധിപത്യം നിലവിലുള്ള രാജ്യങ്ങളിൽ മാത്രമേ സ്ഥാപിതമായിട്ടുള്ളുവെന്ന

തു് (അതു സ്ഥാപിതമാകാവുന്നിടത്തോളം) അവിതർക്കിതവും ചോദ്യം ചെയ്യപ്പെടാത്തതുമായ ഒരു വസ്തുതയല്ലേ?

ഈ വസ്തുത അവിതർക്കിതമായ സ്ഥിതിക്കു്, അവസരവാദികൾ സ്വിററ്സർലണ്ടിനു പകരം ആസ്ത്രിയയുടെ ദൃഷ്ടാന്തം വീണ്ടും വീണ്ടും പരാമർശിക്കുന്നതു് കേഡററുകൾ[21]ക്കു തികച്ചും സഹജമായ ഒരു വിദ്യയാണു്. കാരണം, കേഡററുകൾ എപ്പോഴും പകർത്തുന്നതു് ഏററവും നല്ല യൂറോപ്യൻ ഭരണഘടനകളെയല്ല, ഏററവും മോശപ്പെട്ടവയാണു്.

സ്വിററ്സർലണ്ടിൽ മൂന്നു സ്റ്റേററ്ഭാഷകളുണ്ടു്. എന്നാൽ ഹിതപരിശോധനയ്ക്കുവേണ്ടി സമർപ്പിക്കുന്ന കരടുനിയമങ്ങൾ അഞ്ചു ഭാഷകളിലടിക്കുന്നു, അതായതു് മൂന്നു സ്റ്റേററ്ഭാഷകൾക്കും പുറമെ രണ്ടു ''റൊമാൻസ്'' പ്രാദേശികഭാഷകളിൽക്കൂടി. 1900 — ലെ കാനേഷുമാരിക്കണക്കനുസരിച്ചു് സ്വിററ്സർലണ്ടിലെ മൊത്തം 3,315,443 ജനങ്ങളിൽ 38,651 ആളുകൾ — അതായതു്, ഒരു ശതമാനത്തിൽ അല്പം കൂടുതൽ — ഈ രണ്ടു പ്രാദേശികഭാഷകൾ സംസാരിക്കുന്നു. പട്ടാളത്തിലുള്ള ആഫീസറന്മാർക്കും നോൺ–കമ്മീഷൻഡ് ആഫീസറന്മാർക്കും ''തങ്ങളുടെ കീഴിലുള്ള പട്ടാളക്കാരോടു് അവരുടെ സ്വന്തം ഭാഷയിൽ സംസാരിക്കാൻ അങ്ങേയററത്തെ സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടു്''. ഗ്രൗബുൻഡെന്നിലേയും വാല്ലിസിലേയും കാൻറണുകളിൽ (രണ്ടിടത്തും ഒരു ലക്ഷത്തിൽപ്പരം ജനങ്ങൾ നിവസിക്കുന്നു) രണ്ടു പ്രാദേശികഭാഷകൾക്കും തുല്യപദവിയുണ്ടു്.*

മുൻപന്തിയിൽ നിൽക്കുന്ന ഒരു രാജ്യത്തിൻെറ ഈ ജീവത്തായ അനുഭവത്തിനുവേണ്ടി വാദിക്കുകയും അതിനെ പിന്താങ്ങുകയുമാണോ അതോ, ലോകത്തൊരിടത്തും ഇതേവരെ പരീക്ഷിച്ചുനോക്കിയിട്ടില്ലാത്ത (ആസ്ത്രിയാക്കാർപോലും ഇതേവരെ അംഗീകരിച്ചിട്ടില്ലാത്ത) ''ഭൂപരിധിക്കതീതമായ സ്വയംഭര

---

*റെനേ അൻരി എഴുതിയ ''സ്വിററ്സർലണ്ടും ഭാഷാപ്രശ്നവും'', ബേർൺ 1907 (René Henry, "La Suisse et la question des langues", Berne, 1907) നോക്കുക.

ണം'' തുടങ്ങിയ മനോരാജ്യങ്ങരം ആസ്ട്രിയാക്കാരിൽനിന്നും കടമെടുക്കുകയാണോ നാം വേണ്ടതു്? അതാണു പ്രശ്നം.

ഈ മനോരാജ്യത്തിനുവേണ്ടി വാദിക്കുകയെന്നുവച്ചാൽ അതിനർത്ഥം വിദ്യാലയകാര്യങ്ങരം ദേശീയജനവിഭാഗത്തിൻെറ അടിസ്ഥാനത്തിൽ വിഭജിക്കണമെന്നു വാദിക്കുകയെന്നാണു്, അതായതു് അങ്ങേയററം ഹാനികരമായ ഒന്നിനുവേണ്ടി വാദിക്കുകയെന്നാണു്. എന്നാൽ ഒരു സ്റ്റേററു് ആകെ ദൃഢമായി (താരതമ്യേന) ജനാധിപത്യപരമാകുമ്പോഴാണു് പ്രയോഗത്തിൽ ഏററവുമധികം (താരതമ്യേന) ദേശീയസമാധാനം പുലരുമെന്നുറപ്പുനൽകാൻ സാധിക്കുന്നതെന്നും അങ്ങിനെ ഉറപ്പുവരുത്തിയിട്ടുള്ളതെന്നും സ്വിററ്സർലണ്ടിൻെറ അനുഭവം തെളിയിക്കുന്നു.

പ്രശ്നം പഠിച്ചയാളുകരം പറയുന്നതിതാണു്: ''സ്വിററ്സർലണ്ടിൽ കിഴക്കൻ യൂറോപ്പിൽ ഉദ്ദേശിക്കുന്ന അർത്ഥത്തിൽ ദേശീയപ്രശ്നമെന്നൊന്നില്ല. ഈ പദപ്രയോഗംപോലും (ദേശീയപ്രശ്നമെന്നതു്) ഇവിടെ അജ്ഞാതമാണു്....'' ''വളരെ മുമ്പുതന്നെ, 1797–1803–ൽ, സ്വിററ്സർലണ്ടു് ദേശീയജനവിഭാഗങ്ങരംതമ്മിലുള്ള സമരത്തെ പിന്നിട്ടിരിക്കുന്നു.''*

ഫ്യൂഡലിസത്തിൽനിന്നും മുതലാളിത്തത്തിലേക്കുള്ള പരിവർത്തനത്തിൻെറ അടിയന്തിരപ്രശ്നങ്ങരംക്കു് ഏററവും ജനാധിപത്യപരമായ പരിഹാരമാർഗ്ഗങ്ങരം കണ്ടെത്തിയ മഹത്തായ ഫ്രഞ്ചുവിപ്ലവത്തിൻെറ കാലഘട്ടത്തിനു് ദേശീയപ്രശ്നംകൂടി ''പരിഹരിക്കാൻ'' കൂട്ടത്തിൽ കഴിഞ്ഞു എന്നാണിതിനർത്ഥം.

രണ്ടു ലക്ഷം മാത്രം ജനങ്ങളുള്ളതിൽ നാല്പതിനായിരം പേർ രണ്ടു പ്രാദേശികഭാഷകരം സംസാരിക്കുകയും തങ്ങളുടെ പ്രദേശത്തു് പരിപൂർണ്ണഭാഷാസമത്വം ആവശ്യപ്പെടുകയും ചെയ്യുന്ന റഷ്യയിലെ ഒരൊററ ഉയേസ്ദിലും ഉയേസ്ദിൻെറ ഒരു

---

*എഡ്. ബ്ലോക്കറുടെ ''സ്വിററ്സർലണ്ടിലെ ദേശീയജനവിഭാഗങ്ങരം'' (ബെർലിൻ, 1910) എന്ന ഗ്രന്ഥം നോക്കുക. (Ed. Blocher, "Die Nationalitäten in der Schweiz", Berlin, 1910).

ഭാഗത്തുപോലും ''തികച്ചും സ്വിസ്സുകാരുടേതു മാത്രമായ'' ഈ പരിഹാരമാർഗ്ഗം പ്രായോഗികമല്ലെന്നു് സെംക്കോവ്സ്കിയ് മാരും ലീബ്മന്മാരും മററവസരവാദികളായ മാന്യന്മാരും ഇപ്പോഠം വാദിക്കുമോയെന്നു നോക്കാം!

പരിപൂർണ്ണമായ രാഷ്ട്രസമത്വവും ഭാഷാസമത്വവും വേണമെന്ന വാദം ഓരോ രാഷ്ട്രത്തിനകത്തുമുള്ള അടിയുറച്ച ജനാധിപത്യവാദികളെ മാത്രം (അതായത്, തൊഴിലാളികളെ മാത്രം) വേർതിരിച്ചുകാണിക്കുകയും അവരെ ദേശീയജനവിഭാഗത്തിൻെറ അടിസ്ഥാനത്തിലല്ല, ഭരണസമ്പ്രദായം സമൂലമായും ഗൗരവപൂർവ്വമായും മെച്ചപ്പെടുത്തണമെന്ന ആഗ്രഹത്തിൻെറ അടിസ്ഥാനത്തിൽ ഏകോപിപ്പിക്കുകയുമാണു ചെയ്യുന്നതു്. നേരേ മറിച്ചു്, വ്യക്തികഠംക്കും ഗ്രൂപ്പുകഠംക്കും എന്തെല്ലാം സദുദ്ദേശങ്ങളുണ്ടായാലും ശരി, ''സാംസ്കാരിക—ദേശീയസ്വയംഭരണം'' വേണമെന്ന വാദം രാഷ്ട്രങ്ങളെ വേർതിരിച്ചുനിർത്തുകയും യഥാർത്ഥത്തിൽ ഒരു രാഷ്ട്രത്തിലെ തൊഴിലാളികളേയും അതിലെ ബൂർഷ്വാസിയേയും അന്യോന്യം അടുപ്പിക്കുകയുമാണു ചെയ്യുന്നതു് (എല്ലാ യഹൂദബൂർഷ്വാപ്പാർട്ടികളും ഈ ''സാംസ്കാരിക—ദേശീയസ്വയംഭരണം'' അംഗീകരിച്ചിട്ടുണ്ടു്).

പരിപൂർണ്ണസമത്വമെന്ന തത്വവുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്ന ഒന്നാണു് ദേശീയന്യൂനപക്ഷത്തിൻെറ അവകാശങ്ങഠംക്കു് ഉറപ്പു നൽകുകയെന്നതു്. ''സേവെർനയ പ്രവ്ദ''യിലെ ലേഖനത്തിൽ ഈ തത്വത്തെപ്പററി ഞാൻ പ്രതിപാദിച്ചിട്ടുള്ളതു് പിന്നീടു നടന്ന മാർക്സിസ്റ്റുകാരുടെ സമ്മേളന[22]ത്തിൻെറ ഔദ്യോഗികവും കൂടുതൽ സൂക്ഷ്മവുമായ തീരുമാനത്തിൻെറ ഏതാണ്ടതേ വാക്കുകളിലാണു്. ''ഏതെങ്കിലുമൊരു രാഷ്ട്രം അനുഭവിക്കുന്ന എല്ലാ പ്രത്യേകാനുകൂല്യങ്ങളും ഏതെങ്കിലുമൊരു ദേശീയന്യൂനപക്ഷത്തിൻെറ അവകാശങ്ങളിന്മേലുള്ള എല്ലാ ധ്വംസനങ്ങളും റദ്ദാക്കിക്കൊണ്ടുള്ള ഒരു അടിസ്ഥാനനിയമം ഭരണഘടനയിൽ ഉഠംക്കൊള്ളിക്കണെ''മെന്നു് പ്രസ്തുതതീരുമാനം ആവശ്യപ്പെടുന്നു.

ഈ ഫോർമുലയെ പിടിച്ചുകൊണ്ടു കസർത്തുകളിക്കാനാണ് മി. ലീബ്മൻെറ ശ്രമം. ''ഒരു ദേശീയന്യൂനപക്ഷത്തിൻെറ അവകാശങ്ങളെന്തെല്ലാമാണെന്ന് ആർക്കറിയാം?'' അദ്ദേഹം ചോദിക്കുന്നു. ന്യൂനപക്ഷത്തിന് ദേശീയസ്കൂളുകളിൽ ''സ്വന്തം പരിപാടി'' ഉണ്ടായിരിക്കാനുള്ള അവകാശം അവയിൽ പെടുമോ എന്നദ്ദേഹത്തിനറിയണം. സ്വന്തമായ ന്യായാധിപന്മാരും ഉദ്യോഗസ്ഥന്മാരും സ്വന്തം ഭാഷ ഉപയോഗിക്കുന്ന വിദ്യാലയങ്ങളും വേണമെന്നുണ്ടെങ്കിൽ ഒരു ദേശീയന്യൂനപക്ഷം എത്രകണ്ടു വലുതായിരിക്കണം? ''ക്രിയാത്മക''മായ ഒരു ദേശീയപരിപാടി ആവശ്യമാണെന്ന് ഈ ചോദ്യങ്ങളിൽ നിന്നും സിദ്ധിക്കുന്നുവെന്നു വരുത്താനാണ് മി. ലീബ്മൻെറ ശ്രമം.

സത്യത്തിൽ, നിസ്സാരങ്ങളായ വിശദാംശങ്ങളെക്കുറിച്ചു മാത്രമാണു തർക്കമെന്നവകാശപ്പെട്ടുകൊണ്ട് അതിൻെറ മറവിൽ നമ്മുടെ ബുന്ദിസ്റ്റ് എത്രകണ്ടു പിന്തിരിപ്പനായ ചിന്താഗതികളാണു വലിച്ചിഴച്ചുകൊണ്ടുവരുന്നതെന്ന് ഈ ചോദ്യങ്ങൾ വ്യക്തമാക്കുന്നു.

സ്വന്തമായ ദേശീയവിദ്യാലയങ്ങളിൽ ''സ്വന്തം പരിപാടി''പോലും!... പ്രിയപ്പെട്ട സാമൂഹ്യദേശീയവാദി! മാർക്സിസ്റ്റുകാർക്കുള്ളതു് ഒരു പൊതുവിദ്യാലയപരിപാടിയാണ്. ഉദാഹരണത്തിന്, തികച്ചും മതേതരവിദ്യാലയങ്ങളാണ് അതാവശ്യപ്പെടുന്നതു്. മാർക്സിസ്റ്റുകാരുടെ വീക്ഷണത്തിൽ ഈ പൊതുപരിപാടിയിൽനിന്നും ഒരു വ്യതിയാനം ഒരു ജനാധിപത്യസ്റ്റേററിൽ ഒരിടത്തും ഒരുകാലത്തും അനുവദനീയമല്ല (അതിൽ ഏതെങ്കിലും ''പ്രാദേശിക''വിഷയങ്ങളോ ഭാഷകളോ മറേറാ ഉൾപ്പെടുത്തണമോ എന്നതു് അതാതിടത്തെ ജനങ്ങളുടെ തീരുമാനമനുസരിച്ചാണു നിർണ്ണയിക്കുന്നതു്). നേരേമറിച്ച്, വിദ്യാലയകാര്യങ്ങൾ ''സ്റ്റേററിൻെറ അധികാരപരിധിയിൽ നിന്നും മാററി'' രാഷ്ട്രങ്ങളിലേക്കു കൈമാറുന്നതാണെന്ന തത്വത്തിൽനിന്നു സിദ്ധിക്കുന്നതു് ജനങ്ങളുടെ പണം പുരോഹിത വിദ്യാലയങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ നമ്മുടെ ജനാധി

പത്യസ്റ്റേററിലെ ''രാഷ്ട്രങ്ങളെ'' തൊഴിലാളികളായ നാം അനുവദിക്കുന്നുവെന്നാണ്! ''സാംസ്കാരിക—ദേശീയസ്വയം ഭരണ''ത്തിന്റെ പിന്തിരിപ്പൻ സ്വഭാവം മി. ലീബ്മൻ തന്നെ സ്വയമറിയാതെ വ്യക്തമായി തുറന്നുകാട്ടിയിരിക്കുന്നു!

''ഒരു ദേശീയന്യൂനപക്ഷം എത്രകണ്ടു വലുതായിരിക്കണം?'' ഇതു് ബുന്ദിസ്റ്റുകാം ഭ്രമിച്ചുവശായിട്ടുള്ള ആസ്ത്രിയൻ പരിപാടിയിൽപ്പോലും നിർവ്വചിച്ചിട്ടില്ല. അതു പറയുന്നതിതാണ് (അതുതന്നെ ഞങ്ങളുടെ പരിപാടിയേക്കാരം സംക്ഷിപ്തമായും അവ്യക്തമായുമാണ്): ''ഇമ്പീരിയൽ പാർലിമെണ്ട് പാസ്സാക്കുന്ന ഒരു പ്രത്യേകനിയമം ദേശീയന്യൂനപക്ഷങ്ങളുടെ അവകാശങ്ങരംക്കു സംരക്ഷണ നൽകുന്നതാണ്'' (ബ്രൂൺ പരിപാടിയുടെ നാലാം ഖണ്ഡിക).

ഈ നിയമം എന്തായിരിക്കണമെന്ന ചോദ്യവുമായി ആസ്ത്രിയൻ സോഷ്യൽഡെമോക്രാററുകാരെ ആരും അലട്ടാത്തതു് എന്തുകൊണ്ടാണ്? ഏതു ന്യൂനപക്ഷത്തിന്റെ എന്തവകാശങ്ങരംക്കാണ് അതു സംരക്ഷണ നൽകുന്നതു്?

ഒരു പരിപാടിയിൽ വിശദാംശങ്ങരം നൽകുകയെന്നതു് അനുചിതവും അസാദ്ധ്യവുമാണെന്നു് വിവരമുള്ളവരെല്ലാം മനസ്സിലാക്കുന്നുവെന്നതാണതിനു കാരണം. ഒരു പരിപാടി അടിസ്ഥാനതത്വങ്ങരം ആവിഷ്ക്കരിക്കുക മാത്രമാണ ചെയ്യുന്നതു്. ഈ ദൃഷ്ടാന്തത്തിൽ അടിസ്ഥാനതത്വത്തെ ഒരംഗീകൃതയാഥാർത്ഥ്യമായി കണക്കാക്കുകയാണ് ആസ്ത്രിയാക്കാർ ചെയ്തതു്. റഷ്യൻ മാർക്സിസ്റ്റുകാരാണെങ്കിൽ അവരുടെ കഴിഞ്ഞ സമ്മേളനത്തിന്റെ തീരുമാനത്തിൽ അതു പ്രത്യക്ഷമായി പ്രകാശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആ തത്വമിതാണ്: ദേശീയമായ യാതൊരു പ്രത്യേകാനുകൂല്യങ്ങളും പാടില്ല, ദേശീയമായ യാതൊരു അസമത്വവും പാടില്ല.

നമ്മുടെ ബുന്ദിസ്റ്റിനു് പ്രശ്നം വ്യക്തമാക്കിക്കൊടുക്കാൻ നമുക്കു് സമൂർത്തമായ ഒരു ഉദാഹരണമെടുക്കാം. 1911 ജനുവരി 18—ലെ സ്കൂരം സ്ഥിതിവിവരക്കണക്കനുസരിച്ചു് സെൻറ് പീറേറഴ്സ്ബർഗ്ഗ് നഗരത്തിൽ പൊതു''വിദ്യാഭ്യാസ''

മന്ത്രികാര്യാലയത്തിന്റെ നിയന്ത്രണത്തിലുള്ള പ്രാഥമികവിദ്യാലയങ്ങളിൽ 48,076 കുട്ടികൾ ഹാജരുണ്ടായിരുന്നു. ഇവരിൽ 396 പേർ, അതായതു് ഒരു ശതമാനത്തിൽ കുറവു്, യഹൂദക്കുട്ടികളായിരുന്നു. അതുപോലെതന്നെ, റുമേനിയൻ വിദ്യാർത്ഥികൾ 2 ശതമാനം, ജോർജ്ജിയൻ—1 ശതമാനം, ആർമീനിയൻ—3 ശതമാനം, മററും മററും. ബന്ധങ്ങളിലും സ്ഥിതിഗതികളിലുമുള്ള ഈ വൈജാത്യത്തെയാകെ പ്രതിഫലിപ്പിക്കുന്ന ''ക്രിയാത്മകമായ'' ഒരു ദേശീയപരിപാടി തയ്യാറാക്കാൻ സാദ്ധ്യമാണോ? (റഷ്യയിൽ ഏററവും വിഭിന്നജനവിഭാഗങ്ങൾ നിവസിക്കുന്ന നഗരമാണു സെൻറ് പീറേറഴ്സ്ബർഗ്ഗെന്നു് യാതൊരു കാരണവശാലും പറയാൻ വയ്യ). ബുന്ദിസ്റ്റുകളെപ്പോലെ ''സൂക്ഷ്മമായ'' ദേശീയവൈജാത്യങ്ങളുടെ കാര്യത്തിൽ പ്രാവീണ്യം നേടിയിട്ടുള്ളവർക്കുപോലും അത്തരമൊരു പരിപാടി തയാറാക്കാൻ സാദ്ധ്യമല്ല.

എന്നാൽ, ഒരു ന്യൂനപക്ഷത്തിന്റെ അവകാശങ്ങളെ ധ്വംസിക്കുന്ന എല്ലാ നടപടികളും അസാധുവാക്കിക്കൊണ്ടുള്ള ഒരു അടിസ്ഥാനനിയമം സ്റ്റേററിന്റെ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിൽ, ഉദാഹരണത്തിനു് യഹൂദ ഭാഷയും യഹൂദ ചരിത്രവും മററും പഠിപ്പിക്കാൻവേണ്ടി പ്രത്യേകം അദ്ധ്യാപകരെ സ്റ്റേററിന്റെ ചെലവിൽ എടുക്കുന്നതോ യഹൂദന്മാരുടേയോ ആർമീനിയാക്കാരുടേയോ റുമേനിയാക്കാരുടേയോ കുട്ടികൾക്കുവേണ്ടി, അല്ലെങ്കിൽ ഒരു ജോർജ്ജിയൻ കുട്ടിക്കുവേണ്ടിപ്പോലും, പാഠങ്ങൾ എടുക്കാൻ സ്റ്റേററിന്റെ വകസ്ഥലം കൊടുക്കുന്നതോ നിരോധിക്കുന്ന കല്പനകൾ റദ്ദാക്കണമെന്നു ഓരോ പൗരനും ആവശ്യപ്പെടാൻ കഴിയും. എന്തായാലും, ദേശീയന്യൂനപക്ഷങ്ങളുടെ ന്യായവും നീതിയുക്തവുമായ എല്ലാ ആവശ്യങ്ങളും സമത്വാടിസ്ഥാനത്തിൽ നിറവേററുകയെന്നതു് അസാദ്ധ്യമായ കാര്യമേയല്ല. സമത്വത്തിനുവേണ്ടി വാദിക്കുന്നതു ഹാനികരമാണെന്നു് ആരും പറയുകയുമില്ല. നേരേമറിച്ചു്, വിദ്യാലയകാര്യങ്ങൾ ദേശീയജനവിഭാഗത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കണമെന്നു വാദിക്കുന്നതു്, ഉദാഹരണത്തിനു സെൻറ് പീ

റേറഴ്സ്ബർഗ്ഗിൽ യഹൂദകുട്ടികൾക്കുവേണ്ടി പ്രത്യേകം സ്കൂളുകൾ വേണമെന്നു വാദിക്കുന്നതു്, തീർച്ചയായും ഹാനികരമാണു്. ഓരോ ദേശീയന്യൂനപക്ഷത്തിനും, ഒന്നോ രണ്ടോ മൂന്നോ കുട്ടികൾക്കുവേണ്ടി, ദേശീയവിദ്യാലയങ്ങൾ സ്ഥാപിക്കുകയെന്നതു് തികച്ചും അസാദ്ധ്യമാണുതാനും.

എന്നുതന്നെയല്ല, ഒരു ദേശീയന്യൂനപക്ഷത്തിനു പ്രത്യേകമായ സ്കൂളോ കൂടുതൽ വിഷയങ്ങൾ പഠിപ്പിക്കാൻവേണ്ടി പ്രത്യേക അദ്ധ്യാപകരേയോ മററോ ലഭിക്കാനുള്ള അവകാശം കിട്ടണമെങ്കിൽ അതെത്രകണ്ടു വലുതായിരിക്കണമെന്നു നിർവ്വചിക്കാൻ ഒരു സ്റ്റേററിനൊട്ടാകെ വേണ്ടി പാസ്സാക്കുന്ന ഒരു നിയമത്തിൽ സാദ്ധ്യമല്ല.

നേരേമറിച്ചു്, സമത്വം സ്ഥാപിച്ചുകൊണ്ടു് സ്റ്റേററിനൊട്ടാകെവേണ്ടി പാസ്സാക്കുന്ന ഒരു നിയമം വിശദമായി ആവിഷ്ക്കരിക്കാൻ കഴിയുന്നതാണു്; പ്രത്യേകചട്ടങ്ങൾ മുഖേനയും പ്രാദേശിക നിയമസഭകളുടേയും നഗരങ്ങൾ, സെംസ്തൊവാകൾ, ഗ്രാമങ്ങൾ തുടങ്ങിയവയിലെ കൗൺസിലുകളുടേയും തീരുമാനങ്ങൾ മുഖേനയും അതു കൂടുതൽ സവിസ്തരമാക്കാവുന്നതാണു്.

## 6. കേന്ദ്രീകരണവും സ്വയംഭരണവും

മി. ലീബ്മൻ തൻെറ മറുപടിയിൽ എഴുതുന്നു:

''നമ്മുടെ രാജ്യത്തുതന്നെ ലിത്വാനിയ, ബാൾട്ടിക് പ്രവിശ്യകൾ, പോളണ്ടു്, വൊലീനിയ, തെക്കൻ റഷ്യ തുടങ്ങിയവയെ എടുത്തു നോക്കു; ഒരു സമ്മിശ്രിത ജനതയാണു് എല്ലായിടത്തും കാണുന്നതു്; വലിയൊരു ദേശീയന്യൂനപക്ഷമില്ലാത്ത ഒരൊററ നഗരംപോലുമില്ല. വികേന്ദ്രീകരണം എത്ര വ്യാപകമായി നടപ്പാക്കിയാൽപ്പോലും പല സ്ഥലങ്ങളിലും (പ്രത്യേകിച്ചു പട്ടണസമൂഹങ്ങളിൽ) വിവിധദേശീയജനവിഭാഗങ്ങൾ ഒന്നിച്ചു ജീവിക്കുന്നതായി എപ്പോഴും കാണാൻ കഴിയും. ജനാധിപത്യത്തിൻകീഴിലാണു് ദേശീയന്യൂനപക്ഷം ദേശീയഭൂരിപക്ഷത്തിനു മുമ്പാകെ അടിയറവയ്ക്കപ്പെടുന്നതു്. എന്നാൽ, സ്വിസ്സ്ഫെഡറേഷനിൽ നിലവി

ലുള്ളതുപോലുള്ള ഫെഡറൽ ചട്ടക്കൂടിനോടും അളവററ വികേന്ദ്രീകരണ ത്തോടും വി. ഐ. ജ്ജ് വിരോധമാണെന്നു നമുക്കറിയാം. അപ്പോഠം ചോദ്യമിതാണ്: അദ്ദേഹം എന്തുദ്ദേശിച്ചാണ് സ്വിററ്സർലണ്ടിൻെറ ഉദാഹരണം എടുത്തുകാട്ടിയതു്?''

ഞാൻ എന്തുദ്ദേശിച്ചാണ് സ്വിററ്സർലണ്ടിൻെറ ഉദാഹരണമെടുത്തുകാട്ടിയതെന്ന് മുകളിൽ വിശദീകരിച്ചുകഴിഞ്ഞല്ലൊ. എന്നുമാത്രമല്ല, ദേശീയന്യൂനപക്ഷത്തിൻെറ അവകാശങ്ങഠം സംരക്ഷിക്കുന്ന പ്രശ്നം രാജ്യത്തെയാകെ ബാധിക്കുന്ന ഒരു നിയമം മുഖേന, സമത്വത്തിൻെറ തത്വത്തിൽനിന്നു പിൻവാങ്ങാത്ത അടിയുറച്ച ഒരു ജനാധിപത്യസ്റ്റേററിൽ മാത്രമേ പരിഹരിക്കാൻ കഴിയൂ എന്നും ഞാൻ വ്യക്തമാക്കിക്കഴിഞ്ഞു. എന്നാൽ, മുകളിൽ ഉദ്ധരിച്ച ഖണ്ഡികയിൽ മി. ലീബ്മൻ മാർക്സിസ്റ്റ് ദേശീയപരിപാടിക്കെതിരായി പതിവായി ഉന്നയിക്കാറുള്ള ഏററവും സവ്വസാധാരണവും (ഏററവും അസംബന്ധവും) ആയ മറെറാരു തടസ്സം (അഥവാ സംശയം) ആവർത്തിച്ചിട്ടുണ്ടു്. അതു് പരിശോധനാർഹമാണ്.

മുതലാളിത്തത്തിനു് അതിൻെറ വികാസത്തിനു് കഴിയുന്നത്ര വലുതും കഴിയുന്നത്ര കേന്ദ്രീകൃതവുമായ സ്റ്റേററുകളാണാവശ്യമെന്നതുകൊണ്ടുതന്നെ മാർക്സിസ്റ്റുകാർ ഫെഡറേഷനും വികേന്ദ്രീകരണത്തിനും എതിരാണെന്ന കാര്യത്തിൽ സംശയമില്ല. മററുപാധികളെല്ലാം ഒരുപോലെയാണെങ്കിൽ, വർഗ്ഗബോധമുള്ള തൊഴിലാളിവർഗ്ഗം എപ്പോഴും നിലകൊള്ളുന്നതു് കൂടുതൽ വലിയ സ്റ്റേററിനുവേണ്ടിയായിരിക്കും. മദ്ധ്യകാലവിഭാഗീയ ചിന്താഗതിക്കെതിരായി അതു് എപ്പോഴും പടവെട്ടും. വമ്പിച്ച പ്രദേശങ്ങഠം സാമ്പത്തികമായി കഴിയുന്നത്ര ഒന്നിച്ചുചേരുന്നതിനെ അതെപ്പോഴും സ്വാഗതം ചെയ്യും. കാരണം, അതു് ബൂർഷ്വാസിക്കെതിരായ സമരം വിപുലമായ തോതിൽ വികസിപ്പിക്കാൻ തൊഴിലാളിവർഗ്ഗത്തിനു കഴിവുണ്ടാക്കിക്കൊടുക്കുന്നു.

മുതലാളിത്തം ഉല്പാദനശക്തികളിൽ വരുത്തുന്ന വിപുലവും ദ്രുതഗതിയിലുള്ളതുമായ വികാസത്തിനു് വമ്പിച്ചതും രാഷ്ട്രീയമായി കെട്ടുറപ്പുള്ളതും ഏകോപിച്ചിട്ടുള്ളതുമായ പ്രദേശങ്ങഠം

ആവശ്യമാണു്. അത്തരം പ്രദേശങ്ങളിൽ മാത്രമേ പഴയതും മദ്ധ്യകാലികവും സങ്കുചിതവും ദേശീയവും മതപരവും മററുമായ അതിർത്തിവരമ്പുകളെ തട്ടിനീക്കിക്കൊണ്ടു് ബൂർഷ്വാവർഗ്ഗത്തിനു്—അതോടൊപ്പം അതിന്റെ അനിവാര്യശത്രുവായ തൊഴിലാളിവർഗ്ഗത്തിനും—യോജിക്കാൻ കഴിയൂ.

രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശത്തെപ്പററി — അതായതു്, വേറിട്ടുനിൽക്കാനും സ്വതന്ത്രദേശീയസ്റ്റേററുകൾ രൂപീകരിക്കാനുമുള്ള അവകാശത്തെപ്പററി—ഞങ്ങൾ മറെറാരിടത്തു പ്രതിപാദിച്ചുകൊള്ളാം.* എന്നാൽ, വിവിധരാഷ്ട്രങ്ങൾ ചേർന്നു് ഒരു അവിച്ഛിന്നമായ സ്റ്റേററായിരിക്കുന്നിടത്തോളം കാലം മാർക്സിസ്റ്റുകാർ യാതൊരു സാഹചര്യത്തിലും ഫെഡറൽ തത്വത്തിനോ വികേന്ദ്രീകരണത്തിനോ വേണ്ടി വാദിക്കുകയില്ല. മദ്ധ്യകാലത്തെ ഛിന്നഭിന്നാവസ്ഥയിൽനിന്നും ഭാവിയിൽ വരാനിരിക്കുന്ന ലോകത്തിന്റെ മുഴുവനും സോഷ്യലിസ്റ്റു് ഐക്യത്തിലേക്കുള്ള പ്രയാണത്തിൽ കേന്ദ്രീകൃതമായ വലിയ സ്റ്റേററു് എന്നതു് ചരിത്രപരമായി മുന്നോട്ടുള്ള വമ്പിച്ചൊരു കാൽവയ്പാണു്. (മുതലാളിത്തവുമായി അഭേദ്യമായി ബന്ധപ്പെട്ട) അത്തരമൊരു സ്റ്റേററിൽക്കൂടിയല്ലാതെ സോഷ്യലിസത്തിലേക്കു നീങ്ങാൻ സാദ്ധ്യമല്ല.

എന്നാൽ, കേന്ദ്രീകരണത്തിനുവേണ്ടി വാദിക്കുമ്പോൾ നാം തികച്ചും ജനാധിപത്യപരമായ കേന്ദ്രീകരണത്തിനുവേണ്ടിയാണു വാദിക്കുന്നതെന്ന വസ്തുത ഒരിക്കലും വിസ്മരിച്ചുകൂടാ. ഈയൊരു കാര്യത്തിൽ പൊതുവിൽ എല്ലാ ഫിലിസ്റ്റൈൻവാദവും പ്രത്യേകിച്ചു് ദേശീയഫിലിസ്റ്റൈൻവാദവും (പരേതനായ ദ്രഗൊമാനൊവിന്റേതുൾപ്പെടെ) വളരെയേറെ ചിന്താക്കുഴപ്പമുണ്ടാക്കിയിട്ടുള്ള സ്ഥിതിക്കു് അതു നീക്കാൻവേണ്ടി വീണ്ടും വീണ്ടും സമയം ചെലവഴിക്കേണ്ടിവന്നിരിക്കുന്നു.

ജനാധിപത്യകേന്ദ്രീകരണം സാമ്പത്തികവും സാമൂഹ്യവുമായ പ്രത്യേകസ്ഥിതിഗതികളും പ്രത്യേകദേശീയവി

---

*ഈ പുസ്തകത്തിന്റെ പേജുകൾ 64–167 നോക്കുക—പ്രസാധകർ.

ഭാഗങ്ങളടങ്ങിയ ജനസംഖ്യയും മററുമുള്ള പ്രദേശങ്ങൾക്ക് പ്രാദേശികസ്വയംഭരണം നിഷേധിക്കുന്നില്ലെന്നുമാത്രമല്ല അതു രണ്ടും ആവശ്യമാണെന്നു നിബ്ബന്ധിക്കുകകൂടി ചെയ്യുന്നു. നമ്മൾ പലപ്പോഴും കേന്ദ്രീകരണത്തെ സ്വേച്ഛാധിപത്യവും ഉദ്യോഗസ്ഥമേധാവിത്വവുമായി കൂട്ടികുഴയ്ക്കാറുണ്ട്. റഷ്യയുടെ ചരിത്രം അത്തരമൊരു ചിന്താക്കുഴപ്പമുണ്ടാക്കാതെ തരമില്ലായിരുന്നു. എന്നാൽപ്പോലും ഒരു മാർക്സിസ്റ്റിനെ സംബന്ധിച്ചിടത്തോളം അങ്ങിനെയൊരു ചിന്താക്കുഴപ്പം തെല്ലും അനുവദനീയമല്ല.

ഒരു സമൂർത്തമായ ഉദാഹരണമെടുത്ത് ഇതു വിശദമാക്കുകയായിരിക്കും ഏററവും എളുപ്പം.

''ദേശീയപ്രശ്നവും സ്വയംഭരണവും''* എന്ന സമഗ്രമായ ലേഖനത്തിൽ റോസ ലൿസംബുർഗ്ഗ്, കൗതുകകരമായ പല തെററുകളുടേയും കൂട്ടത്തിൽ (അവ ഞങ്ങൾ വഴിയെ പരിശോധിക്കുന്നതാണ്) അങ്ങേയററം കൗതുകകരമായ ഒരു തെററു വരുത്തിയിട്ടുണ്ട്. സ്വയംഭരണാവശ്യം പോളണ്ടിൽ മാത്രം ഒതുക്കിനിർത്താൻ അവർ ശ്രമിക്കുന്നുവെന്നതാണത്.

പക്ഷെ ആദ്യംതന്നെ അവർ സ്വയംഭരണത്തെ എങ്ങിനെയാണു നിർവ്വചിക്കുന്നതെന്നു നോക്കു.

മുതലാളിത്തസമുദായത്തെ ബാധിക്കുന്ന സാമ്പത്തികവും രാഷ്ട്രീയവുമായ എല്ലാ പ്രധാനപ്രശ്നങ്ങളും ഓരോരോ പ്രദേശങ്ങളിലെ സ്വയംഭരണാവകാശമുള്ള നിയമസഭകളുടെ അധികാരപരിധിയിലല്ല രാജ്യത്തിനൊട്ടാകെവേണ്ടിയുള്ള കേന്ദ്രപാർലിമെണ്ടിൻെറ മാത്രം അധികാരപരിധിയിലാണു പെടേണ്ടതെന്ന് റോസ ലൿസംബുർഗ്ഗ് സമ്മതിക്കുന്നുണ്ട്. ഒരു മാർക്സിസ്റ്റെന്ന നിലയ്ക്ക് അവരതു സമ്മതിച്ചേ തീരു. ഈ പ്രശ്നങ്ങൾ ഇവയെല്ലാമാണ്: താരിപ്പുനയം, വ്യാപാരത്തേയും വ്യവസായത്തേയും സംബന്ധിക്കുന്ന നിയമങ്ങൾ, ഗതാഗതമാർഗ്ഗങ്ങളും വാർത്താവിനിമയമാർഗ്ഗങ്ങളും (റെയിൽവേ, തപാൽ, കമ്പി

---

*''പ്ഷെഗ്ലാദ് സൊസ്യൽദെമൊക്രതീച്ച്നി''[23], ക്രാക്കൊവ്, 1908—1909. ("Przeglad Socjaldemokratyczny", Krakow, 1908, 1909).

ത്തപാൽ, ടെലഫോൺ തുടങ്ങിയവ), പട്ടാളം, നികുതിസമ്പ്രദായം, സിവിലും* ക്രിമിനലുമായ നിയമങ്ങൾ, വിദ്യാഭ്യാസ കാര്യങ്ങളെ (ഉദാഹരണത്തിന് സ്കൂളുകളെ പരിപൂർണ്ണമായി മതേതരമാക്കിക്കൊണ്ടുള്ള നിയമം, സാർവ്വത്രികവിദ്യാഭ്യാസം, മിനിമം പരിപാടി, വിദ്യാലയങ്ങളുടെ ജനാധിപത്യപരമായ നടത്തിപ്പ്, തുടങ്ങിയവയെ) സംബന്ധിക്കുന്ന പൊതുതത്വങ്ങൾ, തൊഴിൽസംരക്ഷണനിയമങ്ങൾ, രാഷ്ട്രീയസ്വാതന്ത്ര്യങ്ങൾ (സംഘം ചേരാനുള്ള സ്വാതന്ത്ര്യം), മുതലായവ.

രാജ്യത്തിനൊട്ടാകെയുള്ള പൊതുനിയമങ്ങളുടെ അടിസ്ഥാനത്തിൽ, സ്വയംഭരണാവകാശമുള്ള നിയമസഭകളുടെ അധികാരപരിധിയിൽ പെടുന്നതു് തികച്ചും പ്രാദേശികമോ ആ ജനവിഭാഗത്തെ മാത്രം സംബന്ധിക്കുന്നതോ ആയ പ്രശ്നങ്ങളാണു്. തന്റെ ആശയങ്ങൾ സുദീർഘമായും—ആവശ്യത്തിലേറെ വിശദമായും—വിസ്തരിച്ചുകൊണ്ടു് റോസ ലുക്സംബുർഗ്ഗ്, ഉദാഹരണത്തിനു്, പ്രാദേശികറെയിൽവേകളുടേയും (ലക്കം 12, പേജ് 149) പ്രാദേശികഹൈവേകളുടേയും (ലക്കം 14–15, പേജ് 376) മററും നിർമ്മാണത്തെപ്പററി പറയുന്നുണ്ടു്.

സാമ്പത്തികവും സാമൂഹ്യവുമായി തെല്ലെങ്കിലും പ്രാധാന്യമർഹിക്കുന്ന സവിശേഷതകൾ, ജനസംഖ്യയുടെ കൃത്യമായ ദേശീയഘടന, തുടങ്ങി തനതായി എന്തെങ്കിലുമുള്ള ഓരോ പ്രദേശത്തിനും അത്തരം സ്വയംഭരണാവകാശം നൽകാത്ത ആധുനികവും യഥാർത്ഥത്തിൽ ജനാധിപത്യപരവുമായ ഒരു സ്റ്റേററിനെക്കുറിച്ചു ചിന്തിക്കാനേ സാദ്ധ്യമല്ലെന്നതു് വളരെ വ്യക്തമാണു്. അത്തരം (പ്രാദേശിക) സ്വയംഭരണം മുതലാളിത്തത്തിന്റെ വികാസത്തിനാവശ്യമായ കേന്ദ്രീകരണതത്വത്തെ ലംഘിക്കുന്നില്ലെന്നുമാത്രമല്ല, നേരേമറിച്ച് പ്രസ്തുതതത്വം —

*തന്റെ ആശയങ്ങൾ വിശദീകരിച്ചുകൊണ്ടു് റോസ ലുക്സംബുർഗ്ഗ് വിശദാംശങ്ങളിലേക്കു കടക്കുന്നുണ്ടു്. ഉദാഹരണത്തിനു് അവർ—തികച്ചും ന്യായമായി—വിവാഹമോചനനിയമങ്ങളെപ്പററി പ്രതിപാദിക്കുന്നുണ്ടു് (പ്രസ്തുത പത്രത്തിന്റെ 12–ാം ലക്കത്തിൽ 162–ാം പേജ്).

ഉദ്യോഗസ്ഥമേധാവിത്വപരമായല്ലാതെ ജനാധിപത്യപരമായി — നടപ്പിലാക്കുന്നതു് അതുമൂലമാണ്. മൂലധനകേന്ദ്രീകരണത്തേയും ഉല്പാദനശക്തികളുടെ വികാസത്തേയും രാജ്യവ്യാപകമായ തോതിലുള്ള ബൂർഷ്വാസിയുടെ ഐക്യത്തേയും തൊഴിലാളിവർഗ്ഗത്തിൻെറ ഐക്യത്തേയും സുഗമമാക്കുന്ന അത്തരം സ്വയംഭരണത്തിൻെറ അഭാവത്തിൽ മുതലാളിത്തത്തിൻെറ വിപുലവും സ്വതന്ത്രവും ദ്രുതഗതിയിലുള്ളതുമായ വികാസം അസാദ്ധ്യമായിത്തീരുകയോ ചുരുങ്ങിയപക്ഷം ദുഷ്കരമാവുകയെങ്കിലുമോ ചെയ്യുന്നതാണ്. കാരണം, തികച്ചും പ്രാദേശികമായ (പ്രദേശത്തേയും, ദേശീയജനവിഭാഗത്തേയും മററും ബാധിക്കുന്ന) പ്രശ്നങ്ങളിൽ ഉദ്യോഗസ്ഥമേധാവിത്വപരമായി കൈകടത്തുന്നതു് പൊതുവിൽ സാമ്പത്തികവും രാഷ്ട്രീയവുമായ വികാസത്തിനു് ഏററവും വലിയൊരു തടസ്സമാണ്; പ്രത്യേകിച്ച്, സുപ്രധാനവും വമ്പിച്ചതും മൗലികവുമായ കാര്യങ്ങളിലുള്ള കേന്ദ്രീകരണത്തിനു് ഒരു തടസ്സമാണ്.

അതുകൊണ്ടു്, സ്വയംഭരണമെന്ന ആവശ്യം പോളണ്ടിനു മാത്രമേ ബാധകമാകുന്നുള്ളുവെന്നും അതുതന്നെ ഒരു അപവാദം മാത്രമാണെന്നും നമ്മുടെ പ്രൗഢഗംഭീരയായ റോസ ലക്സംബുർഗ്ഗ് അങ്ങേയററം ഗൗരവഭാവത്തിൽ ''ശുദ്ധ മാർക്സിസ്റ്റ്'' പദങ്ങളുപയോഗിച്ച് തെളിയിക്കാൻ പാടുപെടുന്നതു കാണുമ്പോഠം ചിരിയടക്കാൻ പ്രയാസം തോന്നുന്നു! ഇവിടെ ''ഇടവക''സ്നേഹം അല്പംപോലും പ്രകടമാകുന്നില്ലെന്നും ''പ്രായോഗിക''പരിഗണനകഠം മാത്രമേയുള്ളുവെന്നും — ഉദാഹരണത്തിനു് ലിത്വേനിയയുടെ കാര്യത്തിൽ — വ്യക്തമാണ്.

റോസ ലക്സംബുർഗ്ഗ് വീൽനൊ, കോവ്നൊ, ഗ്രോദ്നൊ, സുവാൽക്കി എന്നീ നാലു ഗുബേർനിയകളുടെ കാര്യമെടുക്കുന്നു. അവയിൽ പാർക്കുന്നതു് ''മുഖ്യമായും'' ലിത്വേനിയാക്കാരാണെന്നു് വായനക്കാർക്കും (തന്നെത്താനെയും) ഉറപ്പു നൽകുന്നു. ഈ നാലു ഗുബേർനിയകളിലുമുള്ള ജനങ്ങളെ ഒന്നിച്ചെടുത്തുകൊണ്ടു് ലിത്വേനിയാക്കാർ മൊത്തം ജനസംഖ്യയുടെ 23 ശതമാനം വരുന്നുവെന്നു് അവർ സ്ഥാപിക്കുന്നു. ലിത്വേ

നിയാക്കാരുടെകൂടെ ഷ്മൂഡ്ഡുകാരെക്കൂടി ചേർക്കുന്നപക്ഷം അവർ 31 ശതമാനം വരും—അതായതു് മൂന്നിലൊന്നിൽ കുറവ്. തീർച്ചയായും ലിത്വേനിയയ്ക്കു് സ്വയംഭരണം നൽകുന്നതു ''സ്വേച്ഛാപരവും കൃത്രിമവു''മായിരിക്കുമെന്ന നിഗമനത്തിൽ അവർ ചെന്നെത്തുന്നു (ലക്കം 10, പേജ് 807).

നമ്മുടെ ഔദ്യോഗിക റഷ്യൻ സ്ഥിതിവിവരക്കണക്കുകളുടെ സർവ്വവിദിതമായിട്ടുള്ള ന്യൂനതകളെക്കുറിച്ചു വിവരമുള്ള വായനക്കാർക്കു് റോസ ലുക്സംബുർഗ്ഗിനു പററിയ തെററു് എളുപ്പത്തിൽ കാണാൻ കഴിയും. ലിത്വേനിയാക്കാർ 0.2 ശതമാനം മാത്രം, അതായതു് ഒരു ശതമാനത്തിൻെറ പത്തിൽ രണ്ടു ഭാഗം മാത്രം വരുന്ന ഗ്രോദ്നൊ ഗുബേർനിയ എടുത്തിട്ടെന്താവശ്യമായിരുന്നു? ലിത്വേനിയാക്കാർ ജനസംഖ്യയുടെ ഭൂരിപക്ഷം വരുന്ന ത്രോക്കി ഉയേസ്ദ് മാത്രമെടുക്കാതെ വീൽനൊ ഗുബേർനിയ ആകെ എടുത്തിട്ടു് എന്തായിരുന്നു ആവശ്യം? സുവാൽക്കി ഗുബേർനിയയിലെ ലിത്വേനിയൻ ഉയേസ്ദുകളെ, അതായതു് ലിത്വേനിയാക്കാർ ജനസംഖ്യയുടെ 72 ശതമാനം വരുന്ന ഏഴിലഞ്ചു ഉയേസ്ദുകളെ, എടുക്കാതെ ആ ഗുബേർനിയ മൊത്തത്തിലെടുത്തു് ലിത്വേനിയാക്കാർ ജനസംഖ്യയുടെ 52 ശതമാനം വരുന്നുവെന്നു കാണിച്ചിട്ടെന്തായിരുന്നു ആവശ്യം?

ആധുനികമുതലാളിത്തത്തിൻെറ സ്ഥിതിഗതികളെപ്പററിയും ആവശ്യങ്ങളെപ്പററിയും സംസാരിക്കുക, അതേസമയം ''ആധുനിക''വും ''മുതലാളിത്തപര''വുമായ ഭരണവിഭാഗങ്ങൾക്കു പകരം മദ്ധ്യകാലികവും നാടുവാഴിത്തപരവും ഉദ്യോഗസ്ഥമേധാവിത്വപരവുമായ ഭരണവിഭാഗങ്ങൾ, അതും അവയുടെ ഏററവും പ്രാകൃതരൂപത്തിൽ (ഉയേസ്ദുകൾക്കു പകരം ഗുബേർനിയകൾ) എടുക്കുക—ഇതു് അപഹാസ്യമാണ്. ഈ ഭരണവിഭാഗങ്ങൾ എടുത്തുകളഞ്ഞു് അവയുടെ സ്ഥാനത്തു് ഖജനാവിൻേറയോ ഉദ്യോഗസ്ഥമേധാവിത്വത്തിൻേറയോ ചട്ടപ്പടിഭരണത്തിൻേറയോ ഭൂവുടമകളുടേയോ പൗരോഹിത്യത്തിൻേറയോ അല്ല, പ്രത്യുത, മുതലാളിത്തത്തിൻെറ ആവശ്യങ്ങൾ യഥാർത്ഥത്തിൽ

നിറവേററുന്ന, യഥാർത്ഥത്തിൽ ''ആധുനിക''മായ ഭരണവി ഭാഗങ്ങറം ഏർപ്പെടുത്താതെ കാര്യമായ എന്തെങ്കിലും പ്രാദേശിക പരിഷ്കാരം റഷ്യയിൽ നടപ്പിലാക്കുന്നതിനെപ്പററി ചിന്തിച്ചി ട്ടേ ആവശ്യമില്ലെന്നതു് പകൽവെളിച്ചംപൊലെ വ്യക്തമാണു്. ജനസംഖ്യയുടെ കഴിയുന്നത്ര വിപുലമായ ദേശീയഐകരൂപ്യം മുതലാളിത്തത്തിൻെറ ആധുനികാവശ്യങ്ങളിലൊന്നാണെന്നതി ന സംശയമില്ല; കാരണം, ആഭ്യന്തരകമ്പോളം മുഴവനോ ടെ പിടിച്ചടക്കാനും സാമ്പത്തികഇടപാടുകറംക്കുള്ള പരിപൂ ർണ്ണസ്വാതന്ത്ര്യം ലഭിക്കാനും ദേശീയജനവിഭാഗമെന്നതു്, ഭാഷാ പരമായ ഐകരൂപ്യമെന്നതു്, ഒരു പ്രധാനഘടകമാണു്.

റോസ ലൿസംബർഗ്ഗിൻെറ പ്രത്യക്ഷമായ ഈ തെററു് ബുന്ദിസ്റ്റായ മെദേം ആവർത്തിക്കുന്നതു വിചിത്രമായിരിക്കുന്നു. അദ്ദേഹം തെളിയിക്കാൻ ശ്രമിക്കുന്നതു് പോളണ്ടിൻെറ സവി ശേഷതകറം ''പ്രത്യേകസ്വഭാവമുള്ളവ''യാണെന്നല്ല നേരേമ റിച്ചു് ദേശീയവും ഭൂപരവുമായ സ്വയംഭരണമെന്ന തത്വം അനു ചിതമാണെന്നാണു് (ഭൂപരിധിക്കതീതമായ ദേശീയസ്വയംഭര ണത്തിനുവേണ്ടിയാണല്ലൊ ബുന്ദിസ്റ്റുകറം നിലകൊള്ളുന്നതു് !). വ്യത്യസ്തരാജ്യങ്ങളിലേയും വ്യത്യസ്തരാഷ്ട്രങ്ങളിൽപ്പെട്ടവരുമായ സോഷ്യൽസെമോക്രാററുകാരുടെ എല്ലാ തെററുകളേയും അവ സരവാദപരമായ എല്ലാ ചാഞ്ചാട്ടങ്ങളേയും ലോകത്തെല്ലായിട ത്തുനിന്നും ശേഖരിക്കുകയും ലോകസോഷ്യൽഡെമോക്രസിയിൽ ഏററവും മോശമായതു് സ്വന്തം സഞ്ചിയിലിടുകയുമാണു് നമ്മുടെ ബുന്ദിസ്റ്റുകളും ലികിഡേററർമാരും ചെയ്യുന്നതു്: ബുന്ദി ൻേറയും ലികിഡേററർമാരുടേയും ലേഖനങ്ങളെല്ലാംകൂടി വെട്ടിയെടുത്തു് ഒന്നിച്ചുശേഖരിക്കുന്നപക്ഷം അതു് മോശമായ പ്രവണതയുടെ നല്ലൊരു സോഷ്യൽഡെമോക്രാററിക് കാഴ്ച ബംഗ്ലാവാകുന്നതാണു്.

പ്രാദേശികസ്വയംഭരണം ഒരു പ്രദേശത്തിനു്, ഒരു ''ക്രാ യ്''ക്കു്, ഉചിതമാണെങ്കിലും 5 ലക്ഷം മുതൽ 20 ലക്ഷം വരെ ജനസംഖ്യയും ഒരു ഗുബേർനിയയോളം വലുപ്പവുമുള്ള ലെററിഷ്, എസ്റ്റോണിയൻ തുടങ്ങിയ ഓക്രുഗ്ഗകറംക്കു് അതു്

ഉചിതമല്ലെന്നു് മെദേം ഉപദേശരൂപത്തിൽ വാദിക്കുന്നു. ''ഇതു് സ്വയംഭരണമായിരിക്കുകയില്ല, വെറുമൊരു സെംസ്ത്വൊ മാത്രമേ ആയിരിക്കൂ... ഈ സെംസ്ത്വൊയുടെ മേൽ യഥാർത്ഥസ്വയംഭരണം കെട്ടിപ്പടുക്കേണ്ടിവരും....'' എന്നു പറഞ്ഞുകൊണ്ടു ലേഖകൻ പഴയ ഉയേസ്ദുകളേയും ഗുബേർനിയകളേയും ''ശിഥില''മാക്കുന്നതിനെ അധിക്ഷേപിക്കുന്നു.*

സത്യത്തിൽ, മദ്ധ്യകാലികവും നാട്ടുവാഴിത്തപരവും ഉദ്യോഗസ്ഥമേധാവിത്വപരവുമായ ഭരണവിഭാഗങ്ങൾ നിലനിർത്തുകയെന്നുവച്ചാൽ ആധുനികമുതലാളിത്തത്തിൻെറ ഉപാധികളെ ''തച്ചുടയ്ക്കുക''യും വികൃതപ്പെടുത്തുകയും ചെയ്യുകയെന്നാണർത്ഥം. ഈവക വിഭജനങ്ങളുടെ സ്പിരിററുകൊണ്ടിട്ടുള്ളവർക്കു മാത്രമേ ''വിദഗ്ദ്ധന്മാരുടെ പണ്ഡിതഭാവം'' നടിച്ചുകൊണ്ടു് ''സേംസ്ത്വൊ''യും ''സ്വയംഭരണ''വും തമ്മിലുള്ള അന്തരത്തെപ്പററി തലപുകഞ്ഞാലോചിക്കാനും പഴയ മട്ടിൽ ''സ്വയംഭരണം'' വലിയ പ്രദേശങ്ങൾക്കും സേംസ്ത്വൊ ചെറിയ പ്രദേശങ്ങൾക്കും നൽകണമെന്നു വാദിക്കാനും കഴിയൂ. ഉദ്യോഗസ്ഥമേധാവിത്വപരമായി പണ്ടുമുതൽക്കേ തുടർന്നുവന്നിട്ടുള്ള ഈ വിഭജനങ്ങൾ ആധുനികമുതലാളിത്തത്തിനു് അല്പംപോലും ആവശ്യമില്ല. അഞ്ചു ലക്ഷമെന്നല്ല കേവലം അമ്പതിനായിരം ജനസംഖ്യയുള്ള സ്വയംഭരണ ദേശീയ ഓക്രൂഗുകൾ എന്തുകൊണ്ടു പാടില്ല, അത്തരം ഓക്രൂഗുകൾക്കു് എന്തുകൊണ്ടു് സൗകര്യത്തേയും സാമ്പത്തികബന്ധത്തേയും പരിഗണിച്ചു് പല വലിപ്പത്തിലുള്ള അയൽപക്കത്തെ ഓക്രൂഗുകളുമായിച്ചേർന്നു് സ്വയംഭരണാധികാരമുള്ള ഒരൊററ ''ക്രായ്'' രൂപീകരിച്ചുകൂടാ—ഇതെല്ലാംതന്നെ ബുന്ദിസ്റ്റായ മെദേം ഒരു രഹസ്യമായി വച്ചിരിക്കുകയാണു്.

ബ്രൂണിൽവച്ചംഗീകരിച്ച സോഷ്യൽ ഡെമോക്രാററിക് ദേശീയപരിപാടി തികച്ചും ദേശീയവും ഭൂപരവുമായ സ്വയം

*വി. മെദേം: ''റഷ്യയിൽ ദേശീയപ്രശ്നം അവതരിപ്പിക്കുന്നതിലേക്കൊരു സംഭാവന'', ''വേസ്റ്റ്നിക്ക് യെവ്റോപ്പി''24, 1912, ലക്കം 8, 9.

ഭരണമെന്ന നിലപാടാണെടുത്തിട്ടുള്ളതെന്നു നമുക്കു കാണാൻ കഴിയും. കാരണം, ''ചരിത്രപരമായി രാജകുടുംബംവകയായിയിട്ടുള്ള ഭൂമി''ക്കുപകരം ആസ്ത്രിയയെ ''ദേശീയമായി വ്യത്യസ്ത'' പ്രദേശങ്ങളായി വിഭജിക്കണമെന്നാണ് അതു നിർദ്ദേശിക്കുന്നതു് (ബ്രൂൺ പരിപാടിയുടെ രണ്ടാം ഖണ്ഡിക). ഞങ്ങൾ അത്രത്തോളം പോകുന്നില്ല. ജനസംഖ്യ ഒരേയൊരു ദേശീയവിഭാഗത്തിൽപ്പെട്ടതാണെങ്കിൽ അതു് സ്വാതന്ത്ര്യവും വിപുലവും യഥാർത്ഥത്തിൽ ആധുനികവുമായ വ്യാപാരബന്ധത്തിനുള്ള ഏററവും ഉറപ്പായ ഘടകങ്ങളിലൊന്നായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഒരൊററ മാർക്സിസ്റ്റോ അടിയുറച്ച ഒരൊററ ജനാധിപത്യവാദിപോലുമോ ആസ്ത്രിയയിലെ രാജകുടുംബം വക ഭൂമിയേയും റഷ്യയിലെ ഗുബേർനിയകളേയും ഉയേസ്ദുകളേയും (അവ ആസ്ത്രിയയിലെ രാജകുടുംബംവക ഭൂമിയെപ്പോലെ മോശമല്ലെങ്കിലും വളരെ മോശംതന്നെയാണ്) പിന്താങ്ങുകയില്ലെന്നും ഈ കാലഹരണം വന്ന വിഭജനങ്ങളുടെ സ്ഥാനത്തു് കഴിയുന്നിടത്തോളം ജനസംഖ്യയുടെ ദേശീയഘടനയ്ക്കു് അനുയോജ്യമായവിധത്തിലുള്ള വിഭജനങ്ങൾ നിലവിൽ കൊണ്ടുവരേണ്ടതിൻെറ ആവശ്യകതയെ ചോദ്യം ചെയ്യുകയില്ലെന്നുമുള്ള കാര്യത്തിൽ സംശയമില്ല. അവസാനമായി, എല്ലാത്തരം ദേശീയമർദ്ദനവും അവസാനിപ്പിക്കുന്നതിനു് വലിപ്പത്തിൽ ഏററവും ചെറിയ സ്വയംഭരണപ്രദേശങ്ങൾപോലും സ്ഥാപിക്കുകയെന്നതു് അങ്ങേയററം പ്രധാനമാണെന്ന കാര്യത്തിലും സംശയമില്ല. അവയിലോരോന്നിലേയും ജനസംഖ്യയുടെ ദേശീയഘടന അവിച്ഛിന്നമായിരിക്കും, ഐകരൂപ്യമുള്ളതായിരിക്കും. ആ രാജ്യത്തിൻെറയെന്നല്ല ലോകത്തിൻെറതന്നെ നാനാഭാഗങ്ങളിലുമുള്ള പ്രസ്തുത ദേശീയജനവിഭാഗക്കാർക്കു് ആ സ്വയംഭരണപ്രദേശത്തേക്കു് ''ആകൃഷ്ടരാകാ''നും അതുമായി സമ്പർക്കം പുലർത്താനും ഏതുവിധത്തിലുമുള്ള സഖ്യം യഥേഷ്ടം സ്ഥാപിക്കാനും കഴിയുന്നതാണ്. ഇതെല്ലാം തർക്കമെററ കാര്യങ്ങളാണ്. കറകളഞ്ഞ ഉദ്യോഗസ്ഥമേധാവിത്വത്തിൻെറ നിലപാടിൽ നിന്നുകൊണ്ടു മാത്രമേ അവയെ ഖണ്ഡിക്കാനാവൂ .

എന്നാൽ, ജനസംഖ്യയുടെ ദേശീയഘടനയെന്നതു് ഏററവും പ്രധാനപ്പെട്ട സാമ്പത്തികഘടകങ്ങളിലൊന്നാണു്, പക്ഷെ അതു് ഒരേയൊരു ഘടകമോ ഏററവും പ്രധാനപ്പെട്ട ഘടകമോ അല്ല. ഉദാഹരണത്തിനു്, മുതലാളിത്തത്തിൻകീഴിൽ പട്ടണങ്ങൾ സാമ്പത്തികമായി അങ്ങേയററം സുപ്രധാനമായ ഒരു പങ്കാണു വഹിക്കുന്നതു്. എല്ലായിടത്തും—പോളണ്ടിലായാലും ലിത്വേനിയയിലായാലും ഉക്രെയിനിലായാലും ഗ്രേററ്റഷ്യയിലായാലും മറെറവിടെയായാലും—പട്ടണങ്ങളുടെ ഏററവും മുഖ്യമായ സവിശേഷതതന്നെ അവയിലെ ജനസംഖ്യയുടെ സമ്മിശ്രസ്വഭാവമാണു്. ''ദേശീയ''ഘടകത്തിന്റെ പേരിൽ പട്ടണങ്ങളെ സാമ്പത്തികമായി അവയിലേക്ക ആകൃഷ്ടമായിവന്നിട്ടുള്ള ഗ്രാമങ്ങളിൽനിന്നും ഓക്രുഗുകളിൽനിന്നും പറിച്ചുമാററുന്നതു് അസംബന്ധമാണു്, അസാദ്ധ്യമാണു്. അതുകൊണ്ടു് മാർക്സിസ്റ്റുകാർ അവരുടെ നിലപാടെടുക്കുന്നതു് ''ദേശീയവും ഭൂപരവുമായ'' തത്വത്തെ മാത്രം ആശ്രയിച്ചായിരിക്കരുതു്.

ഈ പ്രശ്നത്തിനു് റഷ്യൻ മാർക്സിസ്റ്റുകാരുടെ കഴിഞ്ഞ സമ്മേളനം ചൂണ്ടിക്കാട്ടിയിട്ടുള്ള പരിഹാരമാണു് ആസ്ട്രിയാക്കാരുടേതിനേക്കാൾ വളരെ കൂടുതൽ ശരിയായിട്ടുള്ളതു്. പ്രസ്തുത പ്രശ്നത്തെ സംബന്ധിച്ചിടത്തോളം സമ്മേളനം താഴെക്കൊടുക്കുന്ന തീസിസ്സാണു് ഉന്നയിച്ചതു്:

....''വിപുലമായ പ്രാദേശികസ്വയംഭരണവും'' (തീർച്ചയായും പോളണ്ടിനു മാത്രമല്ല റഷ്യയുടെ എല്ലാ പ്രദേശങ്ങൾക്കും) ''തികച്ചും ജനാധിപത്യപരമായ തദ്ദേശസ്വയംഭരണവും... ആവശ്യമാണു്. ഈ സ്വയംഭരണപ്രദേശങ്ങളുടെ പരിധികൾ നിർണ്ണയിക്കേണ്ടതു്'' (നിലവിലുള്ള ഗുബേർനിയകളുടേയും ഉയേസ്ദുകളുടേയും മററും പരിധികൾ നോക്കിയല്ല) ''സാമ്പത്തിക—സാമൂഹ്യ സാഹചര്യങ്ങളുടേയും ജനസംഖ്യയുടെ ദേശീയഘടനയുടേയും മററും അടിസ്ഥാനത്തിലാണു്. അവ കണക്കിലെടുക്കേണ്ടതു് അതാതിടത്തെ ജനങ്ങളാണു്.''*

*വി. ഐ. ലെനിൻ എഴുതിയ ''1913 ഗ്രീഷ്മത്തിൽ നടന്ന ആർ. എസ്സ്. ഡി. എൽ. പി.കേന്ദ്രക്കമ്മിററിയുടേയും പാർട്ടിപ്രവർത്തകരുടേയും സംയുക്തസമ്മേളനത്തിൽ അംഗീകരിച്ച പ്രമേയങ്ങൾ'' നോക്കുക.

ഉദ്യോഗസ്ഥമേധാവിത്വത്തിനോ പൗരസ്ത്യസ്വേച്ഛാധിപത്യത്തിനോ അല്ല, ആധുനികമുതലാളിത്തത്തിനു് അനുയോജ്യമായിട്ടുള്ള പുതിയ പരിധികരം നിർണ്ണയിക്കുന്നതിനു് അടിസ്ഥാനമായിത്തീരേണ്ട മററു സാഹചര്യങ്ങളോടൊപ്പമാണു് (മുഖ്യമായും സാമ്പത്തികവും പിന്നീടു് സാമൂഹ്യവും മററുമായ സാഹചര്യങ്ങരം) ജനസംഖ്യയുടെ ദേശീയഘടനയെപ്പററി അതിൽ പ്രതിപാദിച്ചിട്ടുള്ളതു്. ഈ സാഹചര്യങ്ങളാകട്ടെ, അതാതിടത്തെ ജനങ്ങരംക്കു മാത്രമേ പൂർണ്ണമായി ''കണക്കിലെടുക്കാൻ'' കഴിയൂ. അതിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കും സ്റ്റേററിൻെറ കേന്ദ്രപാർലിമെണ്ടു് സ്വയംഭരണപ്രദേശങ്ങളുടെ പരിധികളും സ്വയംഭരണനിയമസഭകളുടെ അധികാരപരിധിയും നിർണ്ണയിക്കുന്നതു്.

* * *

അടുത്തതായി പരിശോധിക്കേണ്ടിയിരിക്കുന്നതു് രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശത്തിൻെറ പ്രശ്നമാണു്. ഈ പ്രശ്നത്തിൽ എല്ലാ ദേശീയജനവിഭാഗങ്ങളിലും പെട്ട അവസരവാദികളുടെ ഒരു പററംതന്നെ — ലികചിഡേററായ സെംക്കോവ്സ്കിയും ബുന്ദിസ്റ്റായ ലീബ്മനും ഉക്രേനിയൻ സാമൂഹ്യദേശീയവാദിയായ ലെവ് യുർക്കേവിച്ചും—റോസ ലുക്സംബുർഗ്ഗിൻെറ തെററുകരം ''പ്രചരിപ്പിക്കാൻ'' കച്ചകെട്ടി ഇറങ്ങിയിരിക്കുകയാണു്. ഈ ''പററ''മാകെ അങ്ങേയററം ചിന്താക്കുഴപ്പത്തിലാഴ്ത്തിയിട്ടുള്ള പ്രസ്തുതപ്രശ്നത്തെപ്പററി ഞങ്ങരം അടുത്ത ലേഖനത്തിൽ പ്രതിപാദിക്കുന്നതാണു്.

1913 ഒക്ടോബർ–ഡിസംബർ മാസങ്ങളിലെഴുതിയതു്.
1913–ൽ ''പ്രൊസ്‌വെഷ്‌ച്ചേനിയെ'' എന്ന മാസികയുടെ 10, 11, 12 ലക്കങ്ങളിൽ പ്രസിദ്ധീകരിച്ചു.
വി. ഇലിയിൻ എന്ന പേരിൽ എഴുതപ്പെട്ടതു്

വി. ഐ. ലെനിൻെറ കൃതികളിലെ (അഞ്ചാം റഷ്യൻ പതിപ്പു്, വാള്യം 24, പേജ് 113–140) പാഠമനുസരിച്ചു അച്ചടിച്ചതു്

# രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശം

രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശത്തെപ്പററി പരാമർശിക്കുന്ന, റഷ്യൻമാർക്സിസ്റ്റുകാരുടെ പരിപാടി[25]യുടെ ഒമ്പതാം ഖണ്ഡികക്കെതിരായി അവസരവാദികഠം ഈയടുത്ത കാലത്തായി നിരന്തരമായ ഒരു കുരിശുയുദ്ധംതന്നെ അഴിച്ചുവിട്ടിരിക്കുകയാണ് (ഞങ്ങഠം ഇക്കാര്യം ''പ്രൊസ്വെഷ്ച്ചേനിയെ''യിൽ മുമ്പുതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്).* റഷ്യൻ ലിക്വിഡേററായ സെംക്കോവ്സ്കിയ് സെൻററ് പീറേറഴ്സ്ബർഗ്ഗിൽ നിന്നുമിറങ്ങുന്ന ലിക്വിഡേഷനിസ്റ്റ് പത്രത്തിലും ബുന്ദിസ്റ്റായ ലീബ്മനും ഉക്രേനിയൻ സാമൂഹ്യദേശീയവാദിയായ യുർക്കേവിച്ചും അവരുടെ പത്രങ്ങളിലും ഈ ഖണ്ഡികയെ ശക്തിയായി എതിർക്കുകയും അതിനെ അങ്ങേയററത്തെ അവജ്ഞയോടെ വീക്ഷിക്കുകയും ചെയ്തിരിക്കുകയാണ്. നമ്മുടെ മാർക്സിസ്റ്റ് പരിപാടിയുടെ നേരെ അവസരവാദം നടത്തുന്ന ഈ ''പന്ത്രണ്ടുഭാഷകളിലുള്ള ആക്രമണം'' പൊതുവിൽ ഇന്നു നിലവിലുള്ള ദേശീയവാദപരമായ ചാഞ്ചാട്ടങ്ങളുമായി അടുത്തു ബന്ധപ്പെട്ടുകിടക്കുന്നുവെന്നതിനു സംശയമില്ല. അതുകൊണ്ട് ഈ പ്രശ്നത്തെ വിശദമായി വിശകലനം ചെയ്യുന്നതു സമയോചിതമാണെന്നാണു ഞങ്ങഠംക്കു തോന്നുന്നതു്. മുകളിൽപ്പറഞ്ഞ അവസരവാദികളിലാരുംതന്നെ സ്വന്തമായി ഒരൊററ വാദമുഖംപോലും ഉന്നയിച്ചിട്ടില്ലെന്നു മാത്രം ഞങ്ങഠം ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ: ''ദേശീയപ്രശ്നവും സ്വയംഭരണവും'' എന്ന

*ഈ പുസ്തകത്തിന്റെ പേജുകഠം 7–63 നോക്കുക—പ്രസാധകർ.

പേരിൽ 1908–09–ൽ പ്രസിദ്ധപ്പെടുത്തിയ ദീർഘമായ പോളിഷ്ലേഖനത്തിൽ റോസ ലുക്സംബർഗ്ഗ് പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുകമാത്രമാണ് അവരെല്ലാവരുംതന്നെ ചെയ്തിട്ടുള്ളത്. ഞങ്ങൾ മുഖ്യമായും ചർച്ചചെയ്യാൻ പോകുന്നത് ഈ അവസാനം പറഞ്ഞ ലേഖികയുടെ ''പുതുതായ'' വാദമുഖങ്ങളെപ്പററിയാണ്.

## 1. രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനം എന്നാലെന്ത്?

സ്വയംനിർണ്ണയനമെന്നറിയപ്പെടുന്നതിനെ മാർക്സിസ്റ്റ് രീതിയിൽ പരിശോധിക്കാൻ തുനിയുമ്പോൾ സ്വാഭാവികമായും ആദ്യമുദിക്കുന്നത് ഈ ചോദ്യമാണ്. ഈ വാക്കുകൊണ്ടു മനസ്സിലാക്കേണ്ടതെന്താണ്? നമുക്ക് അതിനൊരു ഉത്തരം കണ്ടെത്തേണ്ടതു് നിയമത്തെസ്സംബന്ധിച്ച പലതരം ''പൊതുധാരണകളിൽ''നിന്നും അനുമാനിക്കപ്പെട്ടിട്ടുള്ള നിയമപരമായ നിർവ്വചനങ്ങളിലാണോ? അതോ ദേശീയപ്രസ്ഥാനങ്ങളുടെ ചരിത്രപരവും സാമ്പത്തികവുമായ പഠനത്തിലാണോ?

സെംക്കോവ്സ്കിമാരും ലീബ്മന്മാരും യൂർക്കേവിച്ചുമാരും ഇങ്ങനെയൊരു ചോദ്യം ഉന്നയിക്കുന്നതിനെപ്പററി ചിന്തിക്കുകപോലുമുണ്ടായില്ലെന്നതിൽ ആശ്ചര്യപ്പെടേണ്ടതില്ല. മാർക്സിസ്റ്റ് പരിപാടിയുടെ ''അവ്യക്തത''യെ ആക്ഷേപിക്കുന്നതിൽ മാത്രം ഒതുങ്ങിനിൽക്കുകയാണവർ ചെയ്തതു്. രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനത്തെപ്പററി 1903–ലെ റഷ്യൻ പരിപാടിയിൽ മാത്രമല്ല 1896–ലെ ലണ്ടൻ സാർവ്വദേശീയ കോൺഗ്രസ്സി[26]ൻെറ പ്രമേയത്തിലും (അതേപ്പററി കൂടുതൽ സവിസ്തരമായി ഞാൻ യഥാസമയം ചർച്ചചെയ്തുകൊള്ളാം) പ്രതിപാദിച്ചിട്ടുണ്ടെന്ന വസ്തുത അവരുടെ ശ്രദ്ധഗതിയിൽ അവരറിഞ്ഞില്ലെന്നാണ് പ്രത്യക്ഷത്തിൽ കാണുന്നതു്. ചർച്ചാവിഷയം അമൂർത്തവും കേവലം സാങ്കല്പികവുമാണെന്നവകാ

ശപ്പെട്ടുകൊണ്ടു് വളരെയേറെ ഗിരിപ്രഭാഷണം നടത്തുന്ന റോസ ലക്സംബർഗ്ഗ്തന്നെ അമൂർത്തതയുടേയും സാങ്കല്പികത്വത്തിൻേറയും ദോഷത്തിനു് അടിപെട്ടുപോയിരിക്കുന്നുവെന്നതാണു് കൂടുതൽ ആശ്ചര്യകരമായിട്ടുള്ളതു്. സ്വയംനിർണ്ണയനത്തെപ്പററി പൊതുതത്വങ്ങൾ പറയുന്നതിലേക്കു് (ഒരു രാഷ്ട്രത്തിൻെറ ഹിതമറിയേണ്ടതെങ്ങിനെയെന്നതിനെപ്പററി വളരെ രസകരമായ ഒരു ഗിരിപ്രഭാഷണംപോലും ഇതിലുൾപ്പെടും) തുടരെത്തുടരെ വഴുതിവീഴുന്നതു് റോസ ലക്സംബർഗ്ഗ് തന്നെയാണു്. പ്രശ്നത്തിൻെറ കാതലായ ഭാഗം കിടക്കുന്നതു് നിയമപരമായ നിർവ്വചനങ്ങളിലാണോ അതോ ലോകമാസകലമുള്ള ദേശീയ പ്രസ്ഥാനങ്ങളുടെ അനുഭവത്തിലാണോ എന്നവർ വ്യക്തമായും സൂക്ഷ്മമായും ഒരിടത്തുപോലും സ്വയം ചോദിച്ചിട്ടില്ല.

ഒരു മാർക്സിസ്റ്റിനു് ഒഴിച്ചുകൂടാൻവയ്യാത്ത ഈ പ്രശ്നം കൃത്യമായി അവതരിപ്പിച്ചിരുന്നുവെങ്കിൽ റോസ ലക്സംബർഗ്ഗിൻെറ വാദങ്ങളുടെ പത്തിലൊമ്പതുഭാഗവും അതോടെതന്നെ പൊളിയുമായിരുന്നു. ദേശീയപ്രസ്ഥാനങ്ങൾ റഷ്യയിൽ ഉദയം ചെയ്യുന്നതു് ഇതാദ്യമായിട്ടല്ല. എന്നുമാത്രമല്ല, അവ ഈ രാജ്യത്തിൻെറ ഒരു പ്രത്യേകതയുമല്ല. മുതലാളിത്തം ഫ്യൂഡലിസത്തിൻെറ മേൽ അന്ത്യവിജയം നേടിയ കാലഘട്ടം ലോകം മുഴുവനും ദേശീയപ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടാണു കിടക്കുന്നതു്. ചരക്കുല്പാദനം പരിപൂർണ്ണവിജയം നേടണമെന്നുണ്ടെങ്കിൽ ബൂർഷ്വാസി ആഭ്യന്തരവിപണി കയ്യടക്കുകയും ഒരേ ഭാഷ സംസാരിക്കുന്ന ജനസംഖ്യയോടുകൂടിയ പ്രദേശങ്ങൾ രാഷ്ട്രീയമായി ഏകീകരിക്കുകയും ആ ഭാഷ വികസിക്കുന്നതിനും സാഹിത്യത്തിൽ അതു വേരൂന്നുന്നതിനും തടസ്സമായി നിൽക്കുന്ന എല്ലാ പ്രതിബന്ധങ്ങളും മാററുകയും ചെയ്യേ തീരൂ എന്ന വസ്തുതയാണു് ഈ പ്രസ്ഥാനങ്ങളുടെ സാമ്പത്തികാടിത്തറയായി നിലകൊള്ളുന്നതു്. മനുഷ്യബന്ധത്തിൻെറ ഏററവും പ്രധാനപ്പെട്ട ഉപാധിയാണു ഭാഷ. ആധുനികമുതലാളിത്തത്തിനു് അനുയോജ്യമായ വിധത്തിൽ യഥാർത്ഥത്തിൽ സ്വതന്ത്രവും വ്യാപകവുമായ വ്യാപാരബന്ധം സ്ഥാപിക്കുകയും, ജനങ്ങൾ വിവിധവർഗ്ഗങ്ങളി

ലായി വിപുലമായ തോതിൽ യഥേഷ്ടം അണിനിരക്കുകയും, അവസാനമായി കമ്പോളവും വലുതും ചെറുതുമായ ഓരോ ഉടമയും തമ്മിൽ, വാങ്ങുന്നവനും വില്ക്കുന്നവനും തമ്മിൽ, അടുത്ത ബന്ധം സ്ഥാപിക്കുകയും ചെയ്യാനുള്ള ഏററവും സുപ്രധാനമായ ഉപാധികളിലൊന്നാണ് ഭാഷയുടെ ഐക്യവും അതിൻെറ നിർബ്ബാധമായ വളർച്ചയും.

അതുകൊണ്ട്, ആധുനികമുതലാളിത്തത്തിൻെറ ഈ ആവശ്യങ്ങൾ ഏററവും നന്നായി നിറവേററുന്ന ദേശീയസ്റ്റേററുകൾ രൂപീകരിക്കാനാണ് ഓരോ ദേശീയപ്രസ്ഥാനത്തിൻേറയും പ്രവണത (അഭിലാഷം). ഏററവും ആഴമേറിയ സാമ്പത്തിക ഘടകങ്ങൾ നയിക്കുന്നതു് ഈ ലക്ഷ്യത്തിലേക്കാണ്. അതുകൊണ്ട്, പശ്ചിമയൂറോപ്പിനാകെയെന്നല്ല പരിഷ്കൃതലോകത്തിനു മുഴുവൻതന്നെ മുതലാളിത്തകാലഘട്ടത്തിൽ സവിശേഷവും സ്വാഭാവികവുമായിട്ടുള്ള സ്റ്റേററ് ദേശീയസ്റ്റേററാണ്.

അതിനാൽ രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനമെന്നതുകൊണ്ടു വിവക്ഷിക്കുന്നതെന്താണെന്നു മനസ്സിലാക്കാൻ നാമാഗ്രഹിക്കുന്നുവെങ്കിൽ—നിയമപരമായ നിർവ്വചനങ്ങൾകൊണ്ടു പന്താടുകയോ അമൂർത്തമായ നിർവ്വചനങ്ങൾ ''കെട്ടിച്ചമയ്ക്കുക''യോ ചെയ്തിട്ടല്ല, ദേശീയപ്രസ്ഥാനങ്ങളുടെ ചരിത്രപരവും സാമ്പത്തികവുമായ സാഹചര്യങ്ങൾ പരിശോധിച്ചിട്ട്—നാം അനിവാര്യമായും എത്തുന്ന നിഗമനം ഇതായിരിക്കും: രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനമെന്നതിൻെറ അർത്ഥം പ്രസ്തുതരാഷ്ട്രങ്ങൾ വിദേശദേശീയസമൂഹങ്ങളിൽനിന്നും രാഷ്ട്രീയമായി വേറിട്ടുനിൽക്കുകയെന്നാണ്, സ്വതന്ത്രമായ ദേശീയസ്റ്റേററ് രൂപീകരിക്കുക എന്നാണ്.

ഒരു പ്രത്യേകസ്റ്റേററായി നിലനിൽക്കാനുള്ള അവകാശമെന്നല്ലാതെ സ്വയംനിർണ്ണയാവകാശമെന്നതുകൊണ്ട് മററെന്തെങ്കിലും അർത്ഥമാക്കുന്നതു മററു ചില കാരണങ്ങളാലും തെററാണ്. അവ ഞങ്ങൾ പിന്നീടു പ്രതിപാദിക്കാം. ഒരു ദേശീയസ്റ്റേററ് രൂപീകരിക്കാനുള്ള അഭിലാഷം ആഴമേറിയ സാമ്പത്തികാടിത്തറകളിന്മേൽ അധിഷ്ഠിതമാണെന്ന അനിവാര്യമായ നിഗ

മനത്തെ ''നിസ്സാരമായി'' തള്ളിക്കളയാനുള്ള റോസ ലൂക്സംബുർഗ്ഗിൻെറ ശ്രമത്തെ ആദ്യമായി പരിശോധിക്കേണ്ടിയിരിക്കുന്നു.

റോസ ലൂക്സംബുർഗ്ഗിനു് വളരെയേറെ സുപരിചിതമായ ഒന്നാണു് കൗട്സ്കിയുടെ ''ദേശീയത്വവും സാർവ്വദേശീയത്വവും'' എന്ന ലഘുലേഖ (1907–08–ൽ പ്രസിദ്ധപ്പെടുത്തിയ ''ഡി നോയെ സൈററി''[27]ൻെറ ഒന്നാംലക്കത്തിനുള്ള അനുബന്ധം; 1908–ൽ റീഗയിൽനിന്നും പുറപ്പെടുന്ന ''നൗച്ച്നയ മിസ്ൽ''[28] എന്ന മാസികയിൽ അതിൻെറ റഷ്യൻ വിവർത്തനം നൽകിയിട്ടുണ്ടു്). പ്രസ്തുത ലഘുലേഖയുടെ നാലാം അദ്ധ്യായത്തിൽ ദേശീയസ്റ്റേററിൻെറ പ്രശ്നം കൂലങ്കഷമായി അപഗ്രഥിച്ചശേഷം കൗട്സ്കി എത്തിച്ചേർന്ന നിഗമനം ''ഒരു ദേശീയസ്റ്റേററ് രൂപീകരിക്കാനുള്ള അഭിലാഷത്തിൻെറ തീവ്രതയെ'' ഓട്ടൊ ബൗവെർ ''കുറച്ചുകാണുന്നു''വെന്നാണു് (പേജ് 23). ഇതു റോസ ലൂക്സംബുർഗ്ഗിനറിയാം. അവർതന്നെ കൗട്സ്കിയുടെ ഈ വാക്കുകൾ ഉദ്ധരിക്കുന്നുണ്ടു്: ''ഇന്നത്തെ സാഹചര്യങ്ങളിൽ'' (അതായതു്, മദ്ധ്യകാലത്തേയും മുതലാളിത്തത്തിനു മുമ്പുണ്ടായിരുന്നതുമായ സാഹചര്യങ്ങളിൽനിന്നു വിഭിന്നമായി മുതലാളിത്തത്തിൻേറതും പരിഷ്കൃതവും സാമ്പത്തികമായി പുരോഗമനാത്മകവുമായ സാഹചര്യങ്ങളിൽ) ''ഏററവും പററിയ സ്റ്റേററ്രൂപമാണു് ദേശീയസ്റ്റേററ്. ഈ രൂപത്തിലാണു് അതിനു് അതിൻെറ കടമകൾ'' (അതായതു്, മുതലാളിത്തത്തെ ഏററവും സ്വതന്ത്രമായും വിപുലമായും ത്വരിതമായും വളർത്തുകയെന്ന കടമകൾ) ''ഏററവും ഭംഗിയായി നിർവ്വഹിക്കാൻ കഴിയുക.'' ലേഖനത്തിൻെറ അവസാനത്തിൽ കൗട്സ്കി ഉന്നയിച്ചിട്ടുള്ള കുറേക്കൂടി വ്യക്തമായ അഭിപ്രായംകൂടി ഇവിടെ എടുത്തുപറയേണ്ടിയിരിക്കുന്നു: ദേശീയമായി സമ്മിശ്രമായിട്ടുള്ള സ്റ്റേററുകൾ (ദേശീയസ്റ്റേററുകളിൽനിന്നു വ്യത്യസ്തമായി ദേശീയജനവിഭാഗങ്ങളുടെ സ്റ്റേററുകളെന്നു വിളിക്കപ്പെടുന്നവ) ''എന്നും ഏതെങ്കിലുമൊരു കാരണത്താൽ അസ്വാഭാവികമോ അവികസിതമോ ആയ'' (പിന്നോക്കം നിൽക്കുന്ന) ആന്തരികഘടനകളോടുകൂടിയ സ്റ്റേററുകളാണു്. വളർന്ന

വരുന്ന മുതലാളിത്തത്തിൻെറ ആവശ്യങ്ങൾക്ക് ഏററവും അനു യോജ്യമായതുമായി പൊരുത്തപ്പെടുന്നില്ലെന്ന അർത്ഥത്തിൽ മാത്രമാണു കൗട്സ്കി അസ്വാഭാവികതയെപ്പററി സംസാരിക്കു ന്നതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ.

അപ്പോൾ ചോദ്യമിതാണ്: കൗട്സ്കിയുടെ ചരിത്രപരവും സാമ്പത്തികവുമായ ഈ നിഗമനങ്ങളെ റോസ ലുക്സംബുർഗ്ഗ് കണ്ടതു് ഏതു വിധത്തിലാണ്? അവ ശരിയോ തെററോ? കൗട്സ്കിയുടെ ചരിത്രപരമായ സാമ്പത്തികസിദ്ധാന്തമാണോ ശരി, അതോ മൗലികമായി മനശ്ശാസ്ത്രപരമായ ബൗവെറുടെ സിദ്ധാന്തമാണോ? ബൗവെർ സംശയമെന്യേ പ്രകടിപ്പിക്കുന്ന ''ദേശീയവാദപരമായ അവസരവാദം,'' സാംസ്കാരിക—ദേശീയ സ്വയംഭരണത്തിനുവേണ്ടി അദ്ദേഹം പിടിക്കുന്ന വക്കാലത്തു്, ദേശീയവാദത്തിലുള്ള അദ്ദേഹത്തിൻെറ ഭ്രമം (കൗട്സ്കിയുടെ ഭാഷയിൽ ''അവിടവിടെയായി ദേശീയവശത്തിനു നൽകുന്ന ഊന്നൽ''), ''ദേശീയമായ വശത്തിനു് അതിർകടന്ന പ്രാധാ ന്യം കല്പിക്കുകയും സാർവ്വദേശീയമായ വശത്തെ പാടേ വിസ്മ രിക്കുകയും'' (കൗട്സ്കി) ചെയ്യുന്ന സ്ഥിതി—ഇതും ഒരു ദേശീ യസ്റ്റേററ് രൂപീകരിക്കാനുള്ള അഭിലാഷത്തിൻെറ തീവ്രതയെ അദ്ദേഹം കുറച്ചുകാണുന്നതും തമ്മിൽ എന്താണു ബന്ധം?

റോസ ലുക്സംബുർഗ്ഗ് ഇങ്ങനെയൊരു ചോദ്യമുന്നയിക്കുക പോലും ചെയ്തില്ല. അങ്ങിനെയൊരു ബന്ധം അവർ കണ്ട തേയില്ല. ബൗവെറുടെ താത്വികാഭിപ്രായങ്ങളുടെ ആകെത്തുക അവർ തുലനം ചെയ്തു നോക്കിയില്ല. ദേശീയപ്രശ്നത്തെപ്പററി യുള്ള ചരിത്രപരമായ സാമ്പത്തികസിദ്ധാന്തവും മനശ്ശാസ്ത്രത്തി ൻെറ നിലപാടിൽ നിന്നുകൊണ്ടുള്ള സിദ്ധാന്തവും തമ്മിൽ അവർ വേർതിരിച്ചുകാണുകപോലും ചെയ്തില്ല. കൗട്സ്കി യെ വിമർശിച്ചുകൊണ്ട് താഴെക്കൊടുക്കുന്ന അഭിപ്രായം പ്രകടിപ്പിക്കുന്നതിൽ ഒതുങ്ങിനിൽക്കുക മാത്രമാണവർചെയ്ത തു്:

... ''ഈ 'ഏററവും നല്ല' ദേശീയസ്റ്റേററ് എന്നു പറയുന്നതു് ഒരു കേവലസിദ്ധാന്തം മാത്രമാണ്. താത്വികമായി അതിനു രൂപം നൽ

കാനും അതിനുവേണ്ടി വാദിക്കാനും എളുപ്പമാണ്. പക്ഷെ യാഥാർത്ഥ്യവു മായി അതിന്ന് യാതൊരു പൊരുത്തവുമില്ല'' [''പ്ഷെഗ്ലാദ് സൊസ്യാൽ ദെമൊക്രതീച്നി'' ("Przeglad Socjaldemocratyczny")—(സോഷ്യൽഡെ മോക്രാററിക് റവ്യൂ) 1908, ലക്കം 6, പേജ് 499].

ഈ സുധീരമായ പ്രസ്താവനയ്ക്ക് ഉപോൽബലകമായി, ചെറുകിടരാഷ്ട്രങ്ങളുടെ ''സ്വയംനിർണ്ണയാവകാശം'' വൻകിട മുതലാളിത്തശക്തികളുടെ വളർച്ചയും സാമ്രാജ്യത്വത്തിൻെറ നിലനിൽപ്പും മൂലം അയഥാർത്ഥമായിരിക്കുന്നുവെന്നു വരത്തക്ക ചില വാദമുഖങ്ങളും അവരുന്നയിക്കുന്നുണ്ട്. ''ഔപചാരിക മായി സ്വതന്ത്രരായ മൊണ്ടിനെഗ്രിന്മാരുടേയും ബൾഗേറിയാ ക്കാരുടേയും റുമേനിയാക്കാരുടേയും സെർബുകളുടേയും ഗ്രീക്കുകാ രുടേയും ഒരതിർത്തിവരെ സ്വിസ്സുകാരുടെപോലും സ്വാതന്ത്ര്യം തന്നെ 'യൂറോപ്പിലെ കൂട്ടാളികൾ' തമ്മിലുള്ള രാഷ്ട്രീയമത്സര ത്തിൻേറയും നയതന്ത്രപരമായ കരുനീക്കങ്ങളുടേയും ഫലമായി ട്ടിരിക്കുമ്പോൾ അവരുടെ 'സ്വയംനിർണ്ണയന'ത്തെപ്പററി കാ ര്യഗൗരവത്തോടെ പറയാൻ ആർക്കെങ്കിലും കഴിയുമോ?'' റോസ ലുക്സംബർഗ്ഗ് അത്ഭുതത്തോടെ ചോദിക്കുന്നു (പേജ് 500). ഈ സാഹചര്യങ്ങൾക്ക് ഏററവും അനുയോജ്യമായിട്ടുള്ളത് കൗട്സ്കി കരുതുംപോലെ ''ദേശീയസ്റ്റേററല്ല, നേരേമറിച്ച് കൊള്ളക്കാരുടേതായ സ്റ്റേററാണ്.'' ബ്രിട്ടീഷുകാരുടേയും ഫ്രഞ്ചുകാരുടേയും മററും അധീനതയിലുള്ള കോളനികളുടെ വലി പ്പത്തെ സംബന്ധിച്ച് അനേകം കണക്കുകളും അവർ നൽകു ന്നുണ്ട്.

ഇത്തരം വാദങ്ങൾ വായിക്കുമ്പോൾ കാര്യങ്ങൾ മനസ്സി ലാക്കാതിരിക്കാനുള്ള ലേഖികയുടെ കഴിവു കണ്ട് നാം അത്ഭുത പ്പെട്ടുപോകും! ചെറുകിടസ്റ്റേററുകൾ വൻകിടസ്റ്റേററുകളെ സാമ്പ ത്തികമായി ആശ്രയിച്ചുകഴിയുന്നുവെന്നും അന്യരാഷ്ട്രങ്ങളെ കൊള്ളയടിച്ചു മർദ്ദിക്കാൻവേണ്ടി ബൂർഷ്വാസ്റ്റേററുകൾ തമ്മിൽ മത്സരം നടന്നുകൊണ്ടിരിക്കുകയാണെന്നും സാമ്രാജ്യത്വവും കോ ളനികളും നിലനിൽക്കുന്നുണ്ടെന്നും ഗൗരവഭാവത്തിൽ കൗട്സ്കി യെ പഠിപ്പിക്കാൻ തുനിയുകയെന്നുവച്ചാൽ അതു് സ്വന്തം

മിട്ടുകഠ കാണിക്കാനുള്ള പരിഹാസ്യമാംവണ്ണം ബാലിശമായ ശ്രമമാണെന്നേ തോന്നൂ. കാരണം, ഇപ്പറഞ്ഞ യാതൊന്നിനും വിഷയത്തോടു യാതൊരു പ്രസക്തിയുമില്ല. ചെറുകിടസ്റ്റേററുകഠം മാത്രമല്ല, ഉദാഹരണത്തിനു റഷ്യപോലും ''സമ്പന്ന'' മായ ബൂർഷ്വാരാജ്യങ്ങളിലെ സാമ്രാജ്യത്വഫിനാൻസ് മൂലധനത്തിൻെറ ശക്തിയെ സാമ്പത്തികമായി തികച്ചും ആശ്രയിച്ചാണു നിൽക്കുന്നതു്. മഞ്ചാടിവലിപ്പത്തിലുള്ള ബാറംക്കൻ സ്റ്റേററുകഠം മാത്രമല്ല, മാർക്സ് ''മൂലധന''[29]ത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ പത്തൊമ്പതാം ശതകത്തിൽ അമേരിക്കപോലും സാമ്പത്തികമായി യൂറോപ്പിൻെറ ഒരു കോളനിയായിരുന്നു. കൗട്സ്കിക്കും എല്ലാ മാർക്സിസ്റ്റുകാർക്കും ഇക്കാര്യം നല്ലവണ്ണമറിയാം. പക്ഷെ ദേശീയപ്രസ്ഥാനങ്ങളുടെ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം, ഇപ്പറഞ്ഞതു് എങ്ങും തൊടുന്നില്ല.

ബൂർഷ്വാസമുദായത്തിൽ രാഷ്ട്രങ്ങളുടെ രാഷ്ട്രീയസ്വയംനിർണ്ണയനത്തിൻേറയും സ്റ്റേററുകളെന്നനിലയ്ക്കുള്ള അവയുടെ സ്വാതന്ത്ര്യത്തിൻേറയും പ്രശ്നത്തിനു പകരം അവയുടെ സാമ്പത്തിക സ്വാതന്ത്ര്യത്തിൻെറ പ്രശ്നമാണു് റോസ ലക്സംബർഗ്ഗ് എടുത്തിരിക്കുന്നതു്. ഒരു ബൂർഷ്വാസ്റ്റേററിൽ പാർലിമെണ്ടിനു്, അതായതു് ജനപ്രതിനിധികളുടെ സഭയ്ക്കു്, പരമാധികാരമുണ്ടായിരിക്കണമെന്ന പരിപാടിയിലെ ആവശ്യത്തെപ്പററി ചർച്ചചെയ്യുമ്പോഠം, ബൂർഷ്വാരാജ്യത്തെ ഭരണമെന്തുതന്നെയായാലും വൻകിടമൂലധനമായിരിക്കും ആധിപത്യം ചെലുത്തുകയെന്ന തികച്ചും ശരിയായ ബോദ്ധ്യം പ്രകടിപ്പിക്കുന്നതുപോലെ ബുദ്ധിപൂർവ്വമാണിതു്.

ഏററവും ജനനിബിഡമായ ഭൂഖണ്ഡമായ ഏഷ്യയിലെ ഭൂരിഭാഗവും ഒന്നുകിൽ ''വൻകിടശക്തികളുടെ'' കോളനികളോ അല്ലെങ്കിൽ ദേശീയമായി അങ്ങേയററത്തെ ആശ്രിതത്വത്തിലും മർദ്ദനത്തിലും കഴിയുന്ന സ്റ്റേററുകളോ ആണെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ പരക്കെ അറിയപ്പെടുന്ന ഈ സംഗതി, ഏഷ്യയിൽത്തന്നെ ചരക്കുല്പാദനത്തിൻെറ ഏററവും പൂർണ്ണമായ വികാസത്തിനും മുതലാളിത്തത്തിൻെറ ഏററ

വും നിർബ്ബാധവും വിപുലവും ത്വരിതവുമായ വളർച്ചയ്ക്കുമുള്ള സാഹചര്യങ്ങൾ ജപ്പാനിൽ മാത്രമേ, എന്നുവച്ചാൽ ഒരു സ്വതന്ത്രദേശീയസ്റ്റേററിൽ മാത്രമേ, സൃഷ്ടിക്കപ്പെട്ടിട്ടുള്ളുവെന്ന നിസ്സംശയമായ പരമാർത്ഥത്തെ ഏതെങ്കിലും വിധത്തിൽ ഉലയ്ക്കുന്നുണ്ടോ? ആ സ്റ്റേററ് ഒരു ബൂർഷ്വാസ്റ്റേററാണ്. അക്കാരണത്താൽ അതുതന്നെ മററു രാഷ്ട്രങ്ങളെ മർദ്ദിക്കാനും കോളനികളെ അടിമപ്പെടുത്താനും ആരംഭിച്ചിരിക്കുകയാണ്. മുതലാളിത്തത്തിൻെറ പതനത്തിനുമുമ്പുതന്നെ, യൂറോപ്പിലെന്നപോലെ സ്വതന്ത്രദേശീയസ്റ്റേററുകളുടെ ഒരു വ്യവസ്ഥ ഏഷ്യയിൽ രൂപമെടുക്കാനുള്ള സാവകാശം ലഭിക്കുമോ എന്നു നമുക്കു പറയാൻ സാദ്ധ്യമല്ല. എങ്കിലും, മുതലാളിത്തം ഏഷ്യയെ തട്ടിയുണർത്തിയ സ്ഥിതിക്ക് അതു് ആ ഭൂഖണ്ഡത്തിലും ദേശീയപ്രസ്ഥാനങ്ങളെ എല്ലായിടത്തുമിളക്കിവിട്ടിട്ടുണ്ടെന്നതും, ഏഷ്യയിൽ ദേശീയസ്റ്റേററുകൾ രൂപീകരിക്കുകയെന്നതാണ് ഈ പ്രസ്ഥാനങ്ങളുടെ പ്രവണതയെന്നതും, മുതലാളിത്തത്തിനു വളരാനുള്ള സാഹചര്യങ്ങൾ ഉറപ്പുനൽകുന്നതു് ഇത്തരം സ്റ്റേററുകളല്ലാതെ മററൊന്നുമല്ലെന്നതും തർക്കമെററ കാര്യങ്ങളാണ്. ഏഷ്യയുടെ ദൃഷ്ടാന്തം കൗട്സ്കിക്ക് അനുകൂലമായും റോസ ലക്സംബർഗ്ഗിനു് എതിരായുമാണ് വരുന്നതു്.

അതുപോലെതന്നെ ബാൾക്കൻ സ്റ്റേററുകളുടെ ദൃഷ്ടാന്തവും അവർക്കെതിരായിട്ടാണു വരുന്നതു്. കാരണം, ബാൾക്കൻ പ്രദേശത്തു് മുതലാളിത്തം വളരാനുള്ള ഏററവും നല്ല സാഹചര്യങ്ങൾ ആ ഉപദ്വീപിൽ സ്വതന്ത്രദേശീയസ്റ്റേററുകൾ രൂപീകരിക്കുന്ന അതേ അനുപാതത്തിലാണു സൃഷ്ടിക്കപ്പെടുന്നതെന്നു് ഇന്നു് ആർക്കും കാണാവുന്നതാണ്.

അതുകൊണ്ടു്, റോസ ലക്സംബർഗ്ഗ് എന്തു പറഞ്ഞാലും വേണ്ടില്ല, പുരോഗമനാത്മകവും പരിഷ്കൃതവുമായ മാനവരാശിയുടെ മുഴുവൻ ദൃഷ്ടാന്തവും, ബാൾക്കൻ പ്രദേശത്തിൻെറ ദൃഷ്ടാന്തവും ഏഷ്യയുടെ ദൃഷ്ടാന്തവുമെല്ലാം തെളിയിക്കുന്നതു് കൗട്സ്കിയുടെ പ്രമേയം പൂർണ്ണമായും ശരിയാണെന്നാണ്; മുതലാളിത്തത്തിൻകീഴിൽ സാധാരണഗതിയിലും ''സ്വാഭാവിക''മാ

യുമുള്ളതു് ദേശീയസ്റ്റേററാണു്; ദേശീയമായി സമ്മിശ്രമായിട്ടുള്ള സ്റ്റേററ് ഒന്നുകിൽ പിന്നോക്കാവസ്ഥ പ്രകടിപ്പിക്കുന്നു, അല്ലെങ്കിൽ അതു് പതിവിനു വിപരീതമായൊന്നാണു്. ദേശീയബന്ധങ്ങളുടെ നിലപാടു വച്ചുനോക്കിയാൽ, മുതലാളിത്തത്തിൻെറ വളർച്ചയ്ക്കുള്ള ഏററവും നല്ല സാഹചര്യങ്ങൾ ഉളവാക്കുന്നതു് ദേശീയസ്റ്റേററാണെന്നതിനു സംശയമില്ല. ബൂർഷ്വാബന്ധങ്ങളിൽ അധിഷ്ഠിതമായിട്ടുള്ള അത്തരമൊരു സ്റ്റേററിനു് രാഷ്ട്രങ്ങളുടെ ചൂഷണവും മർദ്ദനവും ഇല്ലാതാക്കാൻ കഴിയുമെന്നു് ഇതിനർത്ഥമില്ല. ദേശീയസ്റ്റേററുകൾ രൂപീകരിക്കാനുള്ള അഭിവാഞ്ഛരയ്ക്കാധാരമായ സുശക്തമായ സാമ്പത്തികഘടകങ്ങളുടെ നേരെ മാർക്സിസ്റ്റുകാർക്കു കണ്ണടയ്ക്കാൻ നിർവ്വാഹമില്ലെന്നു മാത്രമേ ഇതിനർത്ഥമുള്ളൂ. ഇതിൻെറ അർത്ഥം മാർക്സിസ്റ്റുകാരുടെ പരിപാടിയിൽ ''രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയന''ത്തിനു് ചരിത്രപരവും സാമ്പത്തികവുമായ വീക്ഷണം വച്ചുനോക്കിയാൽ രാഷ്ട്രീയസ്വയംനിർണ്ണയനവും രാഷ്ട്രീയസ്വാതന്ത്ര്യവും ഒരു ദേശീയസ്റ്റേററിൻെറ രൂപീകരണവുമെന്നല്ലാതെ മററു യാതൊരു വിവക്ഷയുമാകാൻ തരമില്ലെന്നാണു്.

ഒരു ''ദേശീയസ്റ്റേററി''നുവേണ്ടിയുള്ള ബൂർഷ്വാജനാധിപത്യപരമായ ആവശ്യത്തെ മാർക്സിസ്റ്റ് നിലപാടിൽ നിന്നുകൊണ്ടു്, അതായതു് തൊഴിലാളിവർഗ്ഗനിലപാടിൽ നിന്നുകൊണ്ടു്, അനുകൂലിക്കേണ്ടതു് ഏതെല്ലാം വ്യവസ്ഥകളിന്മേലാണെന്ന പ്രശ്നം വിശദമായി പിന്നീടു ചർച്ചചെയ്യുന്നതാണു്. ഞങ്ങളിപ്പോൾ ''സ്വയംനിർണ്ണയന''മെന്ന ആശയം നിർവ്വചിക്കുന്നതിൽ മാത്രം ഒതുങ്ങിനിൽക്കുകയാണു ചെയ്യുന്നതു്. തന്നെയല്ല, ഈ ആശയത്തിൻെറ അർത്ഥം (''ദേശീയസ്റ്റേററ്'') എന്താണെന്നു് റോസ ലുക്സംബൂർഗ്ഗിനു് അറിയാമെന്നും എന്നാലതേസമയം അവരുടെ അവസരവാദികളായ അനുകൂലികൾക്കു് —ലീബ്മന്മാർക്കും സെംക്കോവ്സ്കിയ്മാർക്കും യൂർക്കേവിച്ചുകാർക്കും—അതുപോലും അറിഞ്ഞുകൂടെന്നുംകൂടി ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

## 2. ചരിത്രാധിഷ്ഠിതവും സമൂർത്തവുമായ പ്രശ്നാവതരണം

ഏതൊരു സാമൂഹ്യപ്രശ്നം പരിശോധിക്കുമ്പോഴും അതു് കൃത്യമായ ചരിത്രപരമായ പരിധികൾക്കുള്ളിൽ പരിശോധിക്കണമെന്നും അതേതെങ്കിലുമൊരു രാജ്യത്തെയാണു പരാമർശിക്കുന്നതെങ്കിൽ (ഉദാഹരണത്തിനു് ഒരു രാജ്യത്തിനു വേണ്ട ദേശീയപരിപാടി) ഒരേ ചരിത്രകാലഘട്ടത്തിനുള്ളിൽത്തന്നെ ആ രാജ്യത്തെ മററു രാജ്യങ്ങളിൽനിന്നും വേർതിരിച്ചുകാണിക്കുന്ന സവിശേഷതകൾ കണക്കിലെടുക്കണമെന്നും മാർക്സിസം നിർബ്ബന്ധമായി അനുശാസിക്കുന്നു.

നാം ചർച്ചചെയ്യുന്ന വിഷയത്തിൻെറ കാര്യത്തിൽ ഈ നിർബ്ബന്ധപൂർവ്വമായ അനുശാസനത്തിൻെറ അർത്ഥമെന്താണു്?

ഒന്നാമതായി, ദേശീയപ്രസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം പരസ്പരം മൗലികമായി അന്തരമുള്ള, മുതലാളിത്തത്തിൻെറ രണ്ടു കാലഘട്ടങ്ങളെ വ്യക്തമായി വേർതിരിച്ചുകാണണമെന്നാണതിനർത്ഥം. ഫ്യൂഡലിസത്തിൻേറയും ഏകാധിപത്യത്തിൻേറയും തകർച്ചയുടെ കാലഘട്ടമാണു്, ബൂർഷ്വാജനാധിപത്യസമുദായവും സ്റ്റേററും രൂപംകൊള്ളുന്ന കാലഘട്ടമാണു് ഒരു വശത്തുള്ളതു്. ഇക്കാലത്താണു് ദേശീയപ്രസ്ഥാനങ്ങൾ ആദ്യമായി ബഹുജനപ്രസ്ഥാനങ്ങളാവുകയും പത്രങ്ങൾ മുഖേനയും ജനപ്രതിനിധിസ്ഥാപനങ്ങളിൽ പങ്കെടുക്കുന്നതു വഴിയും മററും ഒരു പ്രകാരത്തിലല്ലെങ്കിൽ മറെറാരു പ്രകാരത്തിൽ എല്ലാവർഗ്ഗങ്ങളിലും പെട്ട ജനങ്ങളേയും രാഷ്ട്രീയത്തിലേക്കാകർഷിക്കുകയും ചെയ്യുന്നതു്. ദീർഘകാലമായി വ്യവസ്ഥാപിതഭരണം നിലനിൽക്കുകയും തൊഴിലാളിവർഗ്ഗവും ബൂർഷ്വാസിയും തമ്മിലുള്ള വൈരുദ്ധ്യം വളർച്ചയെത്തിയതായിരിക്കുകയും ചെയ്യുന്ന, പരിപൂർണ്ണവളർച്ചയെത്തിയ മുതലാളിത്തസ്റ്റേററുകളുടെ കാലഘട്ടമാണു മറുവശത്തു്. മുതലാളിത്തത്തിൻെറ തകർച്ചയുടെ നാന്ദി എന്നു് ഈ കാലഘട്ടത്തെ വിളിക്കാവുന്നതാണു്.

ദേശീയപ്രസ്ഥാനങ്ങൾ തട്ടിയുണർത്തപ്പെടുകയും പൊതുവിൽ രാഷ്ട്രീയസ്വാതന്ത്ര്യത്തിനും പ്രത്യേകിച്ച് ദേശീയാവകാശങ്ങൾക്കും വേണ്ടിയുള്ള സമരത്തിൽക്കൂടി ജനസംഖ്യയിൽ ഏററവുമധികം വരുന്നതും ഏററവും ''നിഷ്ക്രിയരു''മായ കർഷകർ ഈ പ്രസ്ഥാനങ്ങളിലേക്ക് ആകൃഷ്ടരായിവരികയും ചെയ്യുന്നുവെന്നതാണ് ആദ്യത്തെ കാലഘട്ടത്തിന്റെ സവിശേഷതകൾ. ബൂർഷ്വാജനാധിപത്യബഹുജനപ്രസ്ഥാനങ്ങളുടെ അഭാവവും, വളർച്ച പ്രാപിച്ച മുതലാളിത്തം വ്യാപാരബന്ധങ്ങളിൽ പൂർണ്ണമായി ഏർപ്പെട്ടുകഴിഞ്ഞ രാഷ്ട്രങ്ങളെ അന്യോന്യം കൂട്ടിതലടപ്പിക്കുകയും അവ അധികമധികം ഇടകലരാനുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്യുമ്പോൾത്തന്നെ സാർവ്വദേശീയമായി ഏകോപിച്ചിട്ടുള്ള മൂലധനവും സാർവ്വദേശീയ തൊഴിലാളിപ്രസ്ഥാനവും തമ്മിലുള്ള വൈരുദ്ധ്യത്തെ മുൻപന്തിയിൽ കൊണ്ടുവരുന്നുവെന്ന വസ്തുതയുമാണ് രണ്ടാമത്തെ കാലഘട്ടത്തിന്റെ സവിശേഷതകൾ.

തീർച്ചയായും ഈ രണ്ടു കാലഘട്ടങ്ങൾക്കുമിടയ്ക്ക് ഒരു ഭിത്തി ഉയർന്നുനിൽക്കുന്നില്ല; അനേകം പരിവർത്തക ശൃംഖലകൾ അവയെ അന്യോന്യം ബന്ധിപ്പിക്കുന്നു. ദേശീയവികാസത്തിന്റെ വേഗതയിലും ജനസംഖ്യയുടെ ദേശീയഘടനയിലും വിതരണത്തിലും മററും വിവിധരാജ്യങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്. ഈ പൊതുചരിത്രസാഹചര്യങ്ങളും സ്റ്റേററിനെ ബാധിക്കുന്ന സമൂർത്തസാഹചര്യങ്ങളും ആകെ കണക്കിലെടുക്കാതെ ഒരു രാജ്യത്തെ മാർക്സിസ്റ്റുകാർ അവരുടെ ദേശീയപരിപാടി ആവിഷ്കരിക്കുന്ന പ്രശ്നമേ ഇല്ല.

ഇവിടെയാണ് നാം റോസ ലൂക്സംബുർഗ്ഗിന്റെ വാദമുഖങ്ങളിലുള്ള ഏററവും വലിയ ദൗർബ്ബല്യം കാണുന്നത്. നമ്മുടെ പരിപാടിയുടെ ഒമ്പതാംഖണ്ഡികയ്ക്കെതിരായ കുറെ ''കടുത്ത'' വാക്കുകൾകൊണ്ട് തന്റെ ലേഖനത്തെ മോടിപിടിപ്പിക്കാൻ അവർ അസാമാന്യമായ ഔത്സുക്യം പ്രകടിപ്പിച്ചിട്ടുണ്ട്. അതു ''തരാതരം നോക്കാത്തതാണെ''ന്നും ''കഴമ്പില്ലാത്ത പ്രസ്താവ''മാണെന്നും ''ആദ്ധ്യാത്മികവാദപരമായ പദപ്രയോഗ''

മാണെന്നും മററും അവസാനമില്ലാതെ അവർ പറയുന്നുണ്ട്. ആദ്ധ്യാത്മികവാദത്തേയും (മാർക്സിസ്റ്റ് അർത്ഥത്തിൽ, അതായതു് വൈരുദ്ധ്യവാദത്തിനെതിരായതു്) കഴമ്പില്ലാത്ത കേവലസങ്കല്പങ്ങളേയും വീറോടെ അധിക്ഷേപിക്കുന്ന ലേഖിക പ്രശ്നത്തെ സമൂർത്തമായും ചരിത്രപരമായും അപഗ്രഥിക്കേണ്ടതെങ്ങിനെയെന്നതിനു് മാതൃക കാട്ടിത്തരുമെന്നു നാം സ്വാഭാവികമായും പ്രതീക്ഷിക്കുന്നു. ഒരു നിർദ്ദിഷ്ടരാജ്യത്തിലെ—റഷ്യയിലെ—മാർക്സിസ്റ്റുകാർ ഒരു നിർദ്ദിഷ്ടകാലഘട്ടത്തിൽ—ഇരുപതാംനൂററാണ്ടിൻെറ തുടക്കത്തിൽ — ഉന്നയിച്ചിട്ടുള്ള ദേശീയപരിപാടിയാണു നമ്മുടെ ചർച്ചാവിഷയം. എന്നാൽ ഏതു ചരിത്രകാലഘട്ടത്തിലൂടെയാണു റഷ്യ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നതെന്നും നിർദ്ദിഷ്ടകാലഘട്ടത്തിൽ നിർദ്ദിഷ്ടരാജ്യത്തിലെ ദേശീയപ്രശ്നത്തിൻേറയും ദേശീയപ്രസ്ഥാനങ്ങളുടേയും വ്യക്തമായ സവിശേഷതകൾ എന്തെല്ലാമാണെന്നുമുള്ള പ്രശ്നം റോസ ലുക്സംബർഗ്ഗ് ഉന്നയിക്കുന്നുണ്ടോ?

ഇല്ല! അവരതിനെപ്പററി യാതൊന്നും മിണ്ടുന്നില്ല! റഷ്യയിൽ ഇന്നത്തെ ചരിത്രകാലഘട്ടത്തിൽ ദേശീയ പ്രശ്നം ഏതുനിലയിൽ ഇരിക്കുന്നുവെന്നതിനെപ്പററിയോ ഈ പ്രത്യേകകാര്യത്തിൽ റഷ്യയ്ക്കുള്ള സവിശേഷതകളെന്തെല്ലാമാണെന്നതിനെപ്പററിയോ ഉള്ള അപഗ്രഥനത്തിൻെറ ഒരു നേരിയ നിഴൽപോലും നിങ്ങൾ അവരുടെ കൃതിയിൽ കണ്ടെത്തുകയില്ല!

ബാൾക്കൻ പ്രദേശത്തു് ദേശീയപ്രശ്നം അയർലണ്ടിൽനിന്നും വ്യത്യസ്തമായാണു സ്ഥിതിചെയ്യുന്നതെന്നും, 1848-ലെ സമൂർത്തസാഹചര്യങ്ങളിൽ ഉയർന്നുവന്ന പോളണ്ടുകാരുടേയും ചെക്കുകാരുടേയും ദേശീയപ്രസ്ഥാനങ്ങളെ മാർക്സ് വിലയിരുത്തിയതു് ഇന്നയിന്ന വിധത്തിലായിരുന്നുവെന്നും (തുടർന്നു് ഒരു പേജ് നിറയെ മാർക്സിൽനിന്നുമുള്ള ഉദ്ധരണങ്ങളാണ്), സ്വിററ്സർലണ്ടിലെ വനപ്രദേശത്തെ കാൻറണുകൾ ആസ്ട്രിയയ്ക്കെതിരായി നടത്തിയ സമരത്തേയും 1315-ൽ നടന്ന മൊർഗാർട്ടൻ യുദ്ധത്തേയും എംഗൽസ് വിലയിരുത്തിയതു് ഇന്നയിന്ന വിധത്തിലായിരുന്നുവെന്നും (തുടർന്നു് ഒരു പേജു മുഴ

വൻ എംഗൽസിൽനിന്നുമുള്ള ഉദ്ധാരണങ്ങളും അവയെക്കുറിച്ചുള്ള കൗട്സ്കിയുടെ അഭിപ്രായങ്ങളുമാണ്), പതിനാറാം നൂററാണ്ടിൽ ജർമ്മനിയിൽ നടന്ന കർഷകയുദ്ധം ലസ്സാലിൻെറ അഭിപ്രായത്തിൽ പിന്തിരിപ്പനായിരുന്നുവെന്നും മററും ലേഖിക പറയുന്നുണ്ട്.

ഈ അഭിപ്രായങ്ങളിലും ഉദ്ധാരണങ്ങളിലും എന്തെങ്കിലും പുതുമയുണ്ടെന്നു പറഞ്ഞുകൂടാ. എങ്കിൽപ്പോലും, ഓരോരോ രാജ്യത്തേയും ചരിത്രപരമായ സമൂർത്തപ്രശ്നങ്ങളെ അപഗ്രഥിക്കുന്ന കാര്യത്തിൽ മാർക്സിൻേറയും എംഗൽസിൻേറയും ലസ്സാലിൻേറയും സമീപനമെന്തായിരുന്നുവെന്നു വീണ്ടും വീണ്ടും അനുസ്മരിക്കുന്നതു് വായനക്കാരെ സംബന്ധിച്ചിടത്തോളം താല്പര്യകരമായിരിക്കും. മാർക്സിൽനിന്നും എംഗൽസിൽനിന്നുമുള്ള വിജ്ഞേയങ്ങളായ ഈ ഉദ്ധാരണങ്ങൾ പരിശോധിക്കുമ്പോഴാണ് റോസ ലക്സംബർഗ്ഗ് എത്രത്തോളം അപഹാസ്യമായ ഒരു നിലയിലാണു സ്വയം ചെന്നെത്തിയിരിക്കുന്നതെന്ന് വളരെ പ്രകടമായി തെളിയുന്നതു്. വ്യത്യസ്തരാജ്യങ്ങളിലേയും വ്യത്യസ്തകാലഘട്ടങ്ങളിലേയും ദേശീയപ്രശ്നത്തെ സമൂർത്തമായും ചരിത്രപരമായും അപഗ്രഥിക്കേണ്ടതിൻെറ ആവശ്യകതയെക്കുറിച്ച് അവർ വാചാലതയോടും രോഷത്തോടും പ്രസംഗിക്കുന്നു; പക്ഷെ, മുതലാളിത്തവളർച്ചയുടെ ഏതു ചരിത്രഘട്ടത്തിലൂടെയാണ് ഇരുപതാംശതകത്തിൻെറ ആരംഭത്തിൽ റഷ്യ കടന്നുപോകുന്നതെന്നോ ഈ രാജ്യത്തിലെ ദേശീയപ്രശ്നത്തിനുള്ള സവിശേഷതകൾ എന്തെല്ലാമാണെന്നോ നിർണ്ണയിക്കാനുള്ള യാതൊരു ശ്രമവും അവർ നടത്തുന്നില്ല. ഈ പ്രശ്നത്തെ മററുള്ളവർ എങ്ങിനെ മാർക്സിസ്റ്റ്‌രീതിയിൽ കൈകാര്യം ചെയ്തിരിക്കുന്നുവെന്നതിൻെറ ദൃഷ്ടാന്തങ്ങളാണ് റോസ ലക്സംബർഗ്ഗ് നൽകുന്നതു്. ഇതു കാണുമ്പോൾ, നരകത്തിലേക്കുള്ള പാത പലപ്പോഴും സദുദ്ദേശങ്ങളെക്കൊണ്ടു പാകിയിരിക്കുമെന്നും സദുപദേശങ്ങൾ പലപ്പോഴും അവ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുള്ള വൈമനസ്യത്തേയോ കഴിവുകേടിനേയോ മൂടിവയ്ക്കുമെന്നും അവർ മനപ്പൂർച്ചം ഊന്നിപ്പറയുകയാണോ എന്നു തോന്നിപ്പോകുന്നു.

അവരുടെ വിജ്ഞേയമായ താരതമ്യങ്ങളിലൊന്നിതാ: പോളണ്ടിനു സ്വാതന്ത്ര്യം നൽകണമെന്ന ആവശ്യത്തിനെതിരായി പ്രതിഷേധിച്ചുകൊണ്ടു് റോസ ലുക്സംബുർഗ്ഗ് ചെയ്യുന്നതു്, റഷ്യയ്ക്കു് ഫാക്ടറി ഉല്പന്നങ്ങൾ വിററ "പോളണ്ടു് വ്യാവസായികമായി അതിവേഗം വളർന്നുകൊണ്ടിരിക്കുകയാണെന്നു" തെളിയിച്ചുകൊണ്ടു് 1898—ൽ അവരെഴുതിയ ഒരു കൃതിയെ പരാമർശിക്കുകയെന്നതാണു്. സ്വയംനിർണ്ണയാവകാശത്തെ സംബന്ധിച്ചിടത്തോളം ഇതിൽനിന്നും യാതൊന്നും അനുമാനിക്കാൻ സാദ്ധ്യമല്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ; നാടുവാഴിപ്രഭുക്കൾ കൊടികുത്തി വാണിരുന്ന പഴയ പോളണ്ടിന്റേയും മററും തിരോധാനത്തെ മാത്രമാണതു തെളിയിക്കുന്നതു്. എന്നാൽ റോസ ലുക്സംബുർഗ്ഗാകട്ടെ, റഷ്യയേയും പോളണ്ടിനേയും തമ്മിൽ യോജിപ്പിക്കുന്ന ഘടകങ്ങളിൽ ആധുനികമുതലാളിത്തബന്ധങ്ങളുടെ തികച്ചും സാമ്പത്തികമായ ഘടകങ്ങൾ ഇപ്പോൾ മുന്തിനിൽക്കുന്നുവെന്ന നിഗമനത്തിൽ സ്വയമറിയാതെ ചെന്നെത്തുകയാണു ചെയ്യുന്നതു്.

നമ്മുടെ റോസ അടുത്തതായി ചർച്ചചെയ്യുന്നതു് സ്വയംഭരണത്തിന്റെ പ്രശ്നമാണു്. അവരുടെ ലേഖനത്തിന്റെ "ദേശീയപ്രശ്നവും സ്വയംഭരണവും" എന്ന ശീർഷകത്തിനു പൊതുസ്വഭാവമാണുള്ളതെങ്കിലും സ്വയംഭരണമെന്നതു് പോളണ്ടിന്റെ കുത്തകാവകാശമാണെന്ന വാദത്തിലാണു് അവർ തുടങ്ങുന്നതു് ("പ്രൊസ്വെഷ്ച്ചേനിയെ", 1913, ലക്കം 12 നോക്കുക*). പോളണ്ടിനു് സ്വയംഭരണത്തിനവകാശമുണ്ടെന്നു സ്ഥാപിക്കാൻവേണ്ടി റോസ ലുക്സംബുർഗ്ഗ് റഷ്യയുടെ സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവുമായ സവിശേഷതകളും ദൈനംദിനജീവിതവും അവിടത്തെ ഭരണവ്യവസ്ഥയുടെ മാനദണ്ഡങ്ങളായെടുക്കുന്നു. ആ സവിശേഷതകളെല്ലാംകൂടി ചേരുമ്പോഴാണു് "ഏഷ്യൻ സ്വേച്ഛാധിപത്യ"മെന്ന ധാരണയുണ്ടാകുന്നതു് ("പ്ഷെഗ്ലാദ്", ലക്കം 12, പേജ് 137).

---

*ഈ പുസ്തകത്തിന്റെ പേജുകൾ 51–63 നോക്കുക.—പ്രസാധകർ.

സാമ്പത്തികവ്യവസ്ഥയിൽ തികച്ചും പാട്രിയാർക്കലും മുതലാളിത്തത്തിനു മുമ്പുണ്ടായിരുന്നതുമായ സവിശേഷതകൾ മുന്തിനിൽക്കുകയും ചരക്കുല്പാദനവും വർഗ്ഗവിഭജനവും നാമമാത്രമായി വളരുകയും ചെയ്തിട്ടുള്ള ഇടങ്ങളിൽ അത്തരമൊരു ഭരണവ്യവസ്ഥയ്ക്കു് വളരെയേറെ അടിയുറപ്പുണ്ടായിരിക്കുമെന്നു പരക്കെ അറിയാവുന്നതാണു്. എന്നാൽ മുതലാളിത്തത്തിനു മുമ്പുണ്ടായിരുന്ന വ്യക്തമായ സവിശേഷതകളോടുകൂടിയ ഒരു ഭരണവ്യവസ്ഥ നിലനിൽക്കുന്ന ഒരു രാജ്യത്തു്, മുതലാളിത്തം ദ്രുതഗതിയിൽ വളർന്നുകൊണ്ടിരിക്കുന്ന ഒരു പ്രദേശം ദേശീയമായി വ്യക്തമായ അതിർത്തിരേഖകളോടുകൂടിയുണ്ടെങ്കിൽ, ആ മുതലാളിത്തം എത്രത്തോളം വേഗം വളരുന്നുവോ അത്രത്തോളം അതും മുതലാളിത്തത്തിനുമുമ്പുള്ള ഭരണവ്യവസ്ഥയും തമ്മിലുള്ള വൈരുദ്ധ്യം വർദ്ധിക്കുകയും, കൂടുതൽ പുരോഗമനപരമായ പ്രദേശം മുഴുവനിൽനിന്നു്—''ആധുനികമുതലാളിത്ത'' ബന്ധങ്ങളല്ല ''ഏഷ്യൻ സ്വേച്ഛാധിപത്യ''ബന്ധങ്ങളാണു് അവ തമ്മിൽ കൂട്ടിയിണക്കുന്നതു്—വിട്ടുപോകാനുള്ള സാദ്ധ്യത കൂടുകയുംചെയ്യുന്നു.

ഇങ്ങനെ, ബൂർഷ്വാപോളണ്ടുമായുള്ള ബന്ധത്തിൽ റഷ്യയിലെ ഭരണത്തിനുണ്ടായിരുന്ന സാമൂഹ്യഘടനയുടെ പ്രശ്നത്തിൽപ്പോലും റോസ ലക്സംബർഗ്ഗിന്റെ വാദഗതി പിശകോടുകൂടിയതാണു്; റഷ്യയിലെ ദേശീയപ്രസ്ഥാനങ്ങളുടെ സമൂർത്തവും ചരിത്രപരവുമായ സവിശേഷതകളെ സംബന്ധിച്ചാണെങ്കിൽ, അവർ ആ പ്രശ്നം ഉന്നയിക്കുകപോലും ചെയ്യുന്നില്ല.

നാം അതേപ്പററിയാണു് ഇനി ചർച്ചചെയ്യേണ്ടതു്.

## 3. റഷ്യയിലെ ദേശീയപ്രശ്നത്തിന്റെ സമൂർത്തമായ സവിശേഷതകളും റഷ്യയുടെ ബൂർഷ്വാ—ജനാധിപത്യ പരിഷ്ക്കരണവും

''റഷ്യയിൽ അധിവസിക്കുന്ന രാഷ്ട്രങ്ങൾക്കു മാത്രമല്ല, ജർമ്മനിയിലും ആസ്ത്രിയയിലും സ്വിററ്സർലണ്ടിലും സ്വീഡനിലും അമേരിക്ക

യിലും ആസ്ട്രേലിയയിലും അധിവസിക്കുന്ന രാഷ്ട്രങ്ങൾക്കും വ്യക്തമായും ഒരുപോലെ ബാധകമെന്ന നിലയ്ക്ക് കേവലം കഴമ്പില്ലാത്ത ഒരു പദപ്രയോഗമായ 'രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശ'മെന്ന തത്വം അയവേറിയ ഒന്നാണെങ്കിൽക്കൂടി ഇന്നത്തെ സോഷ്യലിസ്റ്റ് പാർട്ടികളിൽ ഏതെങ്കിലുമൊന്നിന്റെ പരിപാടിയിൽ അതു് ഉൾപ്പെടുത്തിയിട്ടുള്ളതായി നാം കാണുന്നില്ല ....'' ('പ്ഷെഗ്ലാദ്'', ലക്കം 6, പേജ് 483).

മാർക്സിസ്റ്റുകാരുടെ പരിപാടിയുടെ ഒമ്പതാംഖണ്ഡികയ്ക്കെതിരായ ആക്രമണത്തിന്റെ തുടക്കത്തിൽ റോസ ലക്സംബർഗ്ഗ് എഴുതിയിട്ടുള്ളതാണിതു്. പരിപാടിയിലെ ഈ നിർദ്ദേശം ''കേവലം കഴമ്പില്ലാത്ത ഒരു പദപ്രയോഗ''മാണെന്ന ധാരണ നമ്മുടെ തലയിൽ വച്ചുകെട്ടാനുള്ള ശ്രമത്തിൽ റോസ ലക്സംബർഗ്ഗ്തന്നെ ആ തെററിനിരയായിത്തീരുന്നു. കാരണം, പ്രസ്തുതനിർദ്ദേശം റഷ്യയ്ക്കും ജർമ്മനിക്കുമെല്ലാം ''ഒരുപോലെ ബാധകമാണെന്നു സ്പഷ്ടമാണെ''ന്നു് കൗതുകകരമായ ചങ്കുററത്തോടെ അവരവകാശപ്പെടുന്നു.

റോസ ലക്സംബർഗ്ഗ് തന്റെ ലേഖനത്തെ സ്ക്കൂൾകുട്ടികളുടെ ഗൃഹപാഠങ്ങളിൽ കാണുന്നതുപോലുള്ള ഇത്തരം യുക്തിഹീനങ്ങളായ തെററുകളുടെ ഒരു സമാഹാരമാക്കാൻ സ്പഷ്ടമായും തീരുമാനിച്ചുവെന്നാണു് ഞങ്ങൾക്കിതിനു മറുപടിയായി പറയാനുള്ളതു്. കാരണം, റോസ ലക്സംബർഗ്ഗിന്റെ ശകാരവർഷം തനി അസംബന്ധമാണു്, പ്രശ്നത്തിന്റെ ചരിത്രപരവും സമൂർത്തവുമായ അവതരണത്തെ അവഹേളിക്കലാണു്.

മാർക്സിസ്റ്റ് പരിപാടിയെ ബാലിശമായിട്ടല്ലാതെ മാർക്സിസ്റ്റ് രീതിയിൽ വ്യാഖ്യാനിക്കുമ്പോൾ, അതു ബൂർഷ്വാജനാധിപത്യദേശീയപ്രസ്ഥാനങ്ങളെയാണു പരാമർശിക്കുന്നതെന്നു് നിഷ്പ്രയാസം കാണാൻ കഴിയും. അങ്ങിനെയാണെങ്കിൽ—നിസ്സംശയമായും അങ്ങിനെയാണു്—ഈ പരിപാടി ''അടച്ചുപിടിച്ചുകൊണ്ടും'' ''കഴമ്പില്ലാതെയും'' മററും പരാമർശിക്കുന്നതു് എല്ലാ ബൂർഷ്വാജനാധിപത്യദേശീയപ്രസ്ഥാനങ്ങളേയുമാണെന്നു് ''വ്യക്ത''മാണു്. റോസ ലക്സംബർഗ്ഗ് ഇതേപ്പററി അല്പമെങ്കിലും ആലോചിച്ചിരുന്നെങ്കിൽ, അത്തരമൊരു പ്രസ്ഥാ

നം യഥാർത്ഥത്തിൽ നിലനിൽക്കുന്ന ദൃഷ്ടാന്തങ്ങളെ മാത്രമേ ഞങ്ങളുടെ പരിപാടി പരാമർശിക്കുന്നുള്ളുവെന്നു് അവർക്കു് അത്രതന്നെ വ്യക്തമാകുമായിരുന്നു.

ഈ സ്പഷ്ടമായ വസ്തുതകഠം റോസ ലൂക്സംബുർഗ്ഗ് കണക്കിലെടുത്തിരുന്നെങ്കിൽ താൻ പറഞ്ഞതു് എന്തു വിഡ്ഢിത്തമാണെന്നു് അവർക്കു് എളുപ്പം കാണാൻ കഴിയുമായിരുന്നു. ഞങ്ങഠം ''കഴമ്പില്ലാതെ'' സംസാരിക്കുന്നുവെന്ന ആരോപണം അവർ കൊണ്ടുവരുമ്പോഠം അവർ ഞങ്ങഠംക്കെതിരായി ഉന്നയിക്കുന്ന വാദം ബൂർഷ്വാജനാധിപത്യദേശീയപ്രസ്ഥാനങ്ങഠം നിലവിലില്ലാത്ത രാജ്യങ്ങളുടെ പരിപാടികളിൽ സ്വയംനിർണ്ണയാവകാശത്തെക്കുറിച്ചു് ഒന്നും മിണ്ടുന്നില്ലെന്നാണു്! വളരെ ബുദ്ധിപൂർവ്വമായ വാദം!

വിവിധരാജ്യങ്ങളുടെ രാഷ്ട്രീയ—സാമ്പത്തികവികാസത്തെക്കുറിച്ചും അവയുടെ മാർക്സിസ്റ്റ്പരിപാടികളെക്കുറിച്ചും ഒരു താരതമ്യപഠനം നടത്തുകയെന്നതു് മാർക്സിസത്തിൻെറ നിലപാടു വച്ചുനോക്കിയാൽ വളരെയേറെ പ്രാധാന്യമർഹിക്കുന്നു. കാരണം, എല്ലാ ആധുനികസ്റ്റേററുകളും പൊതുവെ മുതലാളിത്തസ്വഭാവത്തോടുകൂടിയതും ഒരു പൊതുവികാസനിയമത്തിനു വിധേയവുമാണെന്നതിനു സംശയമില്ല. പക്ഷെ അത്തരമൊരു താരതമ്യപഠനം വിവേകപൂർവ്വം നടത്തേണ്ടിയിരിക്കുന്നു. താരതമ്യപ്പെടുത്തുന്ന രാജ്യങ്ങളുടെ വികാസത്തിൻെറ ചരിത്രഘട്ടങ്ങഠം താരതമ്യത്തിനു വിധേയമാണോ എന്ന പ്രശ്നം പരിഹരിക്കുകയെന്നതാണു് അതിൻെറ പ്രാഥമികോപാധി. ഉദാഹരണത്തിനു്, റഷ്യൻ മാർക്സിസ്റ്റുകാരുടെ കാർഷികപരിപാടിയെ പടിഞ്ഞാറൻ യൂറോപ്പിലെ കാർഷിക പരിപാടികളുമായി ''താരതമ്യപ്പെടുത്താൻ'' (''റൂസ്ക്കയെ മിസ്ലി''[30]ൽ ഇ. ത്രുബെത്സ്ക്കോയ് ചെയ്തിരിക്കുന്നതുപോലെ) ഒരു ചുക്കുമറിഞ്ഞുകൂടാത്ത മൂഢന്മാർക്കു മാത്രമേ കഴിയൂ. എന്തുകൊണ്ടെന്നാൽ, ഒരു ബൂർഷ്വാജനാധിപത്യകാർഷികപരിഷ്കരണത്തെ സംബന്ധിച്ച പ്രശ്നത്തിനു ഞങ്ങളുടെ പരിപാടി മറുപടി നൽ

കുമ്പോഠം പടിഞ്ഞാറൻരാജ്യങ്ങളിൽ അങ്ങിനെയൊരു പ്രശ്നം തന്നെയില്ല.

ദേശീയപ്രശ്നത്തിൻെറ കാര്യവും അതുതന്നെ. മിക്ക പടിഞ്ഞാറൻരാജ്യങ്ങളിലും അതു പണ്ടുതന്നെ തീരുമാനിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. നിലവിലില്ലാത്ത പ്രശ്നങ്ങഠംക്കുള്ള ഉത്തരം പശ്ചിമയൂറോപ്പിലെ പരിപാടികളിൽ തിരയുന്നതു് അപഹാസ്യമാണു്. ഏററവും പ്രധാനപ്പെട്ട സംഗതി, അതായതു്, ബൂർഷ്വാജനാധിപത്യപരിഷ്ക്കരണം പണ്ടുപണ്ടേ മുഴമിപ്പിച്ച രാജ്യങ്ങളും അതിനിയും മുഴമിപ്പിക്കാത്ത രാജ്യങ്ങളും തമ്മിലുള്ള അന്തരം, റോസ ലുക്സംബുർഗ്ഗിൻെറ കണ്ണിൽ പെട്ടിട്ടേയില്ല.

ഈ അന്തരമാണു് പ്രശ്നത്തിൻെറ കാതലായ ഭാഗം. ഈ അന്തരത്തെ റോസ ലുക്സംബുർഗ്ഗ് പരിപൂർണ്ണമായി അവഗണിച്ചതിൻെറ ഫലമായി വളരെയേറെ സുദീർഘമായ അവരുടെ ലേഖനം കഴമ്പില്ലാത്തതും നിരർത്ഥകവുമായ കുറെ വാക്കുകളുടെ ഒരു സമാഹാരമായി പരിണമിച്ചിരിക്കുകയാണു്.

പടിഞ്ഞാറൻയൂറോപ്യൻ ഭൂഖണ്ഡത്തിൽ ബൂർഷ്വാജനാധിപത്യവിപ്ലവങ്ങളുടെ യുഗം നിലനിന്നിരുന്നതു് ഏതാണ്ടു് കൃത്യമായി നിർണ്ണയിക്കാവുന്ന ഒരു കാലഘട്ടത്തിലാണു്— അതായതു് ഉദ്ദേശം 1789 മുതൽ 1871 വരെ. ദേശീയപ്രസ്ഥാനങ്ങഠം ഉടലെടുത്തതും ദേശീയസ്റ്റേററുകഠം രൂപംകൊണ്ടതും ഇതേ കാലഘട്ടത്തിൽത്തന്നെയായിരുന്നു. ഈ കാലഘട്ടം തീർന്നതോടെ, പടിഞ്ഞാറൻ യൂറോപ്പ് സാധാരണഗതിയിൽ ദേശീയമായ ഐകരൂപ്യമുള്ള ബൂർഷ്വാസ്റ്റേററുകളുടെ ഉറച്ച ഒരേർപ്പാടായി മാറിക്കഴിഞ്ഞിരുന്നു. അതുകൊണ്ടു്, ഇന്നത്തെ പടിഞ്ഞാറൻയൂറോപ്പിലെ സോഷ്യലിസ്റ്റുകാരുടെ പരിപാടികളിൽ സ്വയംനിർണ്ണയാവകാശത്തിനുവേണ്ടി ആരെങ്കിലും തിരയുന്നുണ്ടെങ്കിൽ അവർക്കു് മാർക്സിസത്തിൻെറ ഹരിഃശ്രീ അറിഞ്ഞുകൂടെന്നാണു് അതിനർത്ഥം.

കിഴക്കൻ യൂറോപ്പിലും ഏഷ്യയിലും ബൂർഷ്വാജനാധിപത്യവിപ്ലവങ്ങളുടെ കാലഘട്ടം ആരംഭിച്ചതു് 1905—ൽ മാത്രമാണു്. റഷ്യയിലേയും പേഴ്സ്യയിലേയും ടർക്കിയിലേയും

ചൈനയിലേയും വിപ്ലവങ്ങരം, ബാരംക്കൻ യുദ്ധങ്ങരം—ഇവയാണു് ഒന്നിനുപുറകെ ഒന്നായി നമ്മുടെ കാലഘട്ടത്തിൽ നമ്മുടെ ''കിഴക്കൻ ഭാഗത്തു്'' നടന്ന ലോകസംഭവങ്ങരം. ബൂർഷ്വാജനാധിപത്യപരമായ ദേശീയപ്രസ്ഥാനങ്ങളുടെ ഒരു ശ്രേണിതന്നെ ഉയർത്തെഴന്നേററിരിക്കുന്നുവെന്നും ദേശീയമായി സ്വതന്ത്രവും ദേശീയമായ ഐകരൂപ്യമുള്ളതുമായ സ്റ്റേററുകരം രൂപീകരിക്കണമെന്ന ആഗ്രഹം തട്ടിയുണർത്തപ്പെട്ടിരിക്കുന്നുവെന്നുമാണു് ഈ സംഭവപരമ്പര കുറിക്കുന്നതെന്നു് കണ്ണുള്ളവർക്കെല്ലാം കാണാവുന്നതാണു്. റഷ്യയും അയൽരാജ്യങ്ങളും ഈ കാലഘട്ടത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നുവെന്നതുകൊണ്ടുതന്നെയാണു്, അതുകൊണ്ടുമാത്രമാണു്, നമ്മുടെ പരിപാടിയിൽ രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശത്തെപ്പററി പ്രതിപാദിക്കുന്ന ഒരു ഇനം ആവശ്യമായിവന്നിരിക്കുന്നതു്.

പക്ഷെ റോസ ലക്സംബുർഗ്ഗിൻെറ ലേഖനത്തിൽനിന്നുമുള്ള ഉദ്ധാരണം നമുക്കു് അല്പംകൂടി തുടരാം. അവരെഴുതുന്നു:

> ''...പ്രത്യേകിച്ചു്, അങ്ങേയററം സമ്മിശ്രമായ ദേശീയഘടനയോടുകൂടിയതും ദേശീയപ്രശ്നത്തെ ഒന്നാംകിട പ്രാധാന്യത്തോടെ വീക്ഷിക്കുന്നതുമായ ഒരു സ്റ്റേററിൽ പ്രവർത്തിക്കുന്ന ഒരു പാർട്ടിയുടെ പരിപാടിയിൽ—ആസ്ത്രിയൻ സോഷ്യൽഡെമോക്രാററിക് പാർട്ടിയുടെ പരിപാടിയിൽ—രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശമെന്ന തത്വം ഉരംപ്പെടുന്നില്ല.''

ഇങ്ങനെ ''പ്രത്യേകിച്ചും'' ആസ്ത്രിയയുടെ ഉദാഹരണമെടുത്തുകാട്ടി വായനക്കാരെ ബോദ്ധ്യപ്പെടുത്താനുള്ള ശ്രമമാണു്. സമൂർത്തമായ ചരിത്രവസ്തുതകളുടെ വെളിച്ചത്തിൽ നമുക്കു് ഈ ഉദാഹരണത്തെ പരിശോധിക്കുകയും അതെത്രകണ്ടു ശരിയാണെന്നു നോക്കുകയും ചെയ്യാം.

ആദ്യമായി നാമുന്നയിക്കുന്നതു് ബൂർഷ്വാജനാധിപത്യവിപ്ലവത്തിൻെറ പൂർത്തീകരണത്തിൻെറ മൗലികപ്രശ്നമാണു്. ആസ്ത്രിയയിൽ പ്രസ്തുതവിപ്ലവം 1848—ൽ തുടങ്ങി, 1867—ൽ

അവസാനിച്ചു. അതിനുശേഷം ഏതാണ്ട് അരനൂററാണ്ടുകാല മായി അവിടെ നിലവിലുള്ളതു് മൊത്തത്തിൽ സുസ്ഥാപിത മായിക്കഴിഞ്ഞ ഒരു ബൂർഷ്വാഭരണഘടനയാണ്. അതിൻെറ അടിസ്ഥാനത്തിൽ ഒരു നിയമവിധേയതൊഴിലാളികക്ഷി നിയ മവിധേയമായി പ്രവർത്തിക്കുന്നുമുണ്ട്.

അതുകൊണ്ട് ആസ്ത്രിയയുടെ വളർച്ചയിൽ അന്തർലീന മായിട്ടുള്ള സാഹചര്യങ്ങളിൽ (അതായതു്, ആസ്ത്രിയയിൽ പൊതുവിലും അതിലെ വിവിധരാഷ്ട്രങ്ങളിൽ പ്രത്യേകിച്ചും മുതലാളിത്തത്തിനുണ്ടായിട്ടുള്ള വളർച്ചയുടെ നിലപാട്ട വച്ചുനോ ക്കിയാൽ) ദേശീയമായി സ്വതന്ത്രമായ സ്റ്റേററുകളുടെ രൂപീക രണത്തിനു വഴിതെളിച്ചേക്കാവുന്ന കുതിച്ചുചാട്ടങ്ങൾക്കുള്ള ഉപാ ധികൾ ഒന്നുംതന്നെയില്ല. റഷ്യയെ ആസ്ത്രിയയുമായി താരതമ്യ പ്പെടുത്തിക്കൊണ്ടു ഇക്കാര്യത്തിൽ ഇരുരാജ്യങ്ങളും ഒരേനിലയി ലാണെന്ന ധാരണയിൽ റോസ ലുക്സംബുർഗ്ഗ് എത്തുന്നതു് മൗ ലികമായി തെററും ചരിത്രത്തിനു വിരുദ്ധവുമാണെന്നുമാത്ര മല്ല, അവർ സ്വയമറിയാതെ ലികിഡേഷനിസത്തിലേക്കു വഴുതിവീഴുകകൂടി ചെയ്യുന്നു.

രണ്ടാമതു്, ദേശീയജനവിഭാഗങ്ങൾ തമ്മിലുള്ള ബന്ധങ്ങ ളുടെ കാര്യത്തിൽ ആസ്ത്രിയയും റഷ്യയും തമ്മിലുള്ള ഭീമമായ അന്തരം നമ്മുടെ ചർച്ചാവിഷയത്തെ സംബന്ധിച്ചിടത്തോ ളം വിശേഷിച്ചും പ്രധാനമാണ്. ആസ്ത്രിയ കുറെയേറെക്കാല ത്തേക്കു് ജർമ്മൻകാർ പ്രാമാണ്യം വഹിച്ചിരുന്ന ഒരു സ്റ്റേററാ യിരുന്നുവെന്നുമാത്രമല്ല, ആസ്ത്രിയയിലെ ജർമ്മൻകാർ ജർമ്മൻ രാഷ്ട്രത്തിൻെറയാകെ നേതൃസ്ഥാനം അവകാശപ്പെടുകകൂടിചെ യ്തു. 1866—ലെ യുദ്ധത്തിൽ ഈ ''അവകാശവാദ''ത്തിനു തോൽവി പിണഞ്ഞ കാര്യം കഴമ്പില്ലാത്ത വാക്കുകളോടും തത്വ വചനങ്ങളോടും കേവലസിദ്ധാന്തങ്ങളോടും പ്രത്യക്ഷത്തിൽ നീരസം ഭാവിക്കുന്ന റോസ ലുക്സംബുർഗ്ഗ് ദയവായി ഓർമ്മി ച്ചാൽക്കൊള്ളാം. ആസ്ത്രിയയിൽ ആധിപത്യം വഹിച്ചിരുന്ന ജർമ്മൻരാഷ്ട്രം 1871—ൽ അവസാനം രൂപംകൊണ്ട സ്വതന്ത്ര ജർമ്മൻസ്റ്റേററിനു വെളിയിലായി. മറുവശത്തു്, ഒരു സ്വതന്ത്ര

ദേശീയസ്റ്റേററ് രൂപീകരിക്കാനുള്ള ഹങ്കറിക്കാരുടെ ശ്രമം റഷ്യൻ അടിയാളപ്പട്ടാളത്തിൻെറ ആഘാതമേററ് 1849-ൽ തന്നെ പരാജയമടയുകയാണുണ്ടായതു്.

ഇങ്ങനെ ഒരു പ്രത്യേകസ്ഥിതിവിശേഷം ഉളവായി: ഹങ്കറിക്കാരും അവരെത്തുടർന്നു ചെക്കുകാരും ആഗ്രഹിച്ചതു് ആസ്ട്രിയയിൽനിന്നു വിട്ടുപോകാനല്ല, നേരേമറിച്ചു്, കൂടുതൽ ആർത്തിയും കൂടുതൽ കരുത്തുമുള്ള അയൽരാജ്യങ്ങളുടെ ചവിട്ടടിയിൽപ്പെട്ടു ഞെരിഞ്ഞുപോകാനിടയുള്ള തങ്ങളുടെ ദേശീയസ്വാതന്ത്ര്യം പരിരക്ഷിക്കാൻവേണ്ടി ആസ്ട്രിയയുടെ അവിച്ഛിന്നത കാത്തുസൂക്ഷിക്കാനാണു്! ഈ പ്രത്യേകപരിതസ്ഥിതിനിമിത്തം ആസ്ട്രിയ ഒരു ദ്വികേന്ദ്രസ്റ്റേററിൻെറ രൂപം കൈക്കൊണ്ടു. ഇപ്പോഠം അതു് ഒരു ത്രികേന്ദ്രസ്റ്റേററായി (ജർമ്മൻകാർ, ഹങ്കറിക്കാർ, സ്ലാവുകാർ) മാറിക്കൊണ്ടിരിക്കുകയാണു്.

ഇങ്ങനെ എന്തെങ്കിലും റഷ്യയിൽ സംഭവിക്കുന്നുണ്ടോ? കൂടുതൽ ഹാനികരമായ ദേശീയമർദ്ദനത്തിൻെറ വിപത്തിൻെറ മുമ്പിൽ ഗ്രേററ്റഷ്യാക്കാരുമായി യോജിക്കാനുള്ള ഒരു വെമ്പൽ നമ്മുടെ രാജ്യത്തെ ''പരദേശികഠം'' പ്രകടിപ്പിക്കുന്നുണ്ടോ?

രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനത്തിൻെറ പ്രശ്നത്തിൽ റഷ്യയേയും ആസ്ട്രിയയേയും താരതമ്യപ്പെടുത്തുന്നതു് എത്രത്തോളം അർത്ഥശൂന്യവും കഴമ്പില്ലാത്തതും ബുദ്ധിശൂന്യവുമാണെന്നു കാണാൻ ഈ ഒരൊററ ചോദ്യം മതിയാകുന്നതാണു്.

ദേശീയപ്രശ്നത്തെ സംബന്ധിച്ചിടത്തോളം റഷ്യയിലെ പ്രത്യേകസ്ഥിതിഗതികഠം ആസ്ട്രിയയിൽ നാം കാണുന്നവയുടെ നേരേ വിപരീതമായിട്ടുള്ളതാണു്. ഗ്രേററ്റഷ്യ എന്ന ഒരേയൊരു ദേശീയകേന്ദ്രത്തോടുകൂടിയ ഒരു സ്റ്റേററാണു റഷ്യ. ഗ്രേററ്റഷ്യാക്കാർ അധിവസിക്കുന്നതു് നീണ്ടുപരന്നുകിടക്കുന്ന വമ്പിച്ചൊരു ഭൂപ്രദേശത്താണു്. അവർ എണ്ണത്തിൽ ഉദ്ദേശം ഏഴുകോടി വരും. ഈ ദേശീയസ്റ്റേററിൻെറ സവിശേഷതകഠം താഴെക്കൊടുക്കുന്നവയാണു്. ഒന്നാമതു്, ''പരദേശികഠം'' (ഇവർ ആകെ ജനസംഖ്യയുടെ ഭൂരിപക്ഷം വരും—57 ശതമാനം) അധിവസിക്കുന്നതു് അതിർത്തിപ്രദേശങ്ങളിലാണു്. രണ്ടാമതു്, ഈ

പരദേശികളനുഭവിക്കുന്ന മർദ്ദനം അയൽപക്കത്തുള്ള സ്റ്റേററുകളെ അപേക്ഷിച്ച് (യൂറോപ്യൻ സ്റ്റേററുകളെ മാത്രമല്ല) വളരെ കൂടുതലാണു്. മൂന്നാമതു്, അതിർത്തിപ്രദേശങ്ങളിൽ അധിവസിക്കുന്ന മർദ്ദിതരായ ദേശീയജനവിഭാഗങ്ങൾ തങ്ങളുടെ ജനവിഭാഗത്തിൽപ്പെട്ടയാളുകൾതന്നെ അതിർത്തിക്കപ്പുറത്തു കൂടുതൽ ദേശീയസ്വാതന്ത്ര്യമനുഭവിക്കുന്നതു പലപ്പോഴും കാണാറുണ്ടു് (സ്റ്റേററിൻെറ പടിഞ്ഞാറും തെക്കുമുള്ള അതിർത്തികളിൽ അധിവസിക്കുന്ന ഫിന്നുകാരുടേയും സ്വീഡുകാരുടേയും പോളണ്ടുകാരുടേയും ഉക്രേനിയന്മാരുടേയും റുമേനിയക്കാരുടേയും കാര്യം മാത്രമെടുത്താൽ മതി). നാലാമതു്, മുതലാളിത്തത്തിൻെറ വളർച്ചയും സംസ്കാരത്തിൻെറ പൊതുനിലവാരവും പലപ്പോഴും കേന്ദ്രത്തിലുള്ളതിനേക്കാൾ കൂടുതൽ ഉയർന്നുകാണുന്നതു് ''പരദേശികൾ'' അധിവസിക്കുന്ന അതിർത്തിപ്രദേശങ്ങളിലാണു്. അവസാനമായി, ബൂർഷ്വാവിപ്ലവങ്ങളും ദേശീയപ്രസ്ഥാനങ്ങളും രൂപമെടുത്തുവരുന്നതായി നാം കാണുന്നതു് അയൽപക്കത്തെ ഏഷ്യൻ സ്റ്റേററുകളിലല്ലാതെ മറെറങ്ങുമല്ല. അവയുമായി ചാർച്ചയുള്ള റഷ്യൻ അതിർത്തികളിലെ ദേശീയജനവിഭാഗങ്ങളുടെ മേൽ ഈ വിപ്ലവങ്ങളും പ്രസ്ഥാനങ്ങളും ഭാഗികമായി സ്വാധീനം ചെലുത്തുന്നു.

ഇങ്ങനെ, റഷ്യയിലെ ദേശീയപ്രശ്നത്തിൻെറ സമൂർത്തവും ചരിത്രപരവുമായ സവിശേഷതകൾ നിമിത്തമാണു് രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശം അംഗീകരിക്കുകയെന്നതു് ഈ കാലഘട്ടത്തിൽ നമ്മുടെ രാജ്യത്തു് വിശേഷിച്ചും അടിയന്തിര പ്രാധാന്യമുള്ള ഒന്നായിത്തീർന്നിരിക്കുന്നതു്.

ഇനി വെറും വസ്തുതകളുടെ അടിസ്ഥാനത്തിൽ മാത്രം നോക്കുകയാണെങ്കിൽത്തന്നെ, ആസ്ട്രിയൻ സോഷ്യൽഡെമോക്രാററുകാരുടെ പരിപാടി രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശത്തെ അംഗീകരിക്കുന്നില്ലെന്ന റോസ ലൿസംബർഗ്ഗിൻെറ പ്രസ്താവം ശരിയല്ല. ദേശീയപരിപാടി അംഗീകരിച്ച ബ്രൂൺ കോൺഗ്രസ്സി[31]ൻെറ നടപടിക്കുറിപ്പുകൾ പരിശോധിക്കുന്നപക്ഷം, ഉക്രേനിയനും പോളിഷും രാഷ്ട്രങ്ങളിൽപ്പെട്ട ആസ്ട്രിയൻ സോഷ്യൽ

ഡെമോക്രാററുകാരുടെ അഭിലാഷങ്ങളിലൊന്നു് ദേശീയൈക്യവും തങ്ങളുടെ രാഷ്ട്രങ്ങൾക്കു സ്വാതന്ത്ര്യവും കരസ്ഥമാക്കുകയെന്നതാണെന്ന അർത്ഥത്തിൽ മുഴുവൻ ഉക്രേനിയൻ (റുതേനിയൻ) പ്രതിനിധിസംഘത്തിനുംവേണ്ടി റുതേനിയൻസോഷ്യൽഡെമോക്രാററ് ഗൻക്കേവിച്ചും (നടപടിക്കുറിപ്പുകളുടെ 85—ാം പേജ്) മുഴുവൻ പോളിഷ് പ്രതിനിധിസംഘത്തിനും വേണ്ടി പോളിഷ് സോഷ്യൽഡെമോക്രാററ് റേഗൈറും (പേജ് 108) പ്രസ്താവിച്ചതായി കാണാൻ കഴിയും. അപ്പോൾ, ആസ്ട്രിയൻ സോഷ്യൽഡെമോക്രാററിക് പാർട്ടി രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശത്തെ അതിൻെറ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽക്കൂടി ദേശീയസ്വാതന്ത്ര്യം വേണമെന്ന ആവശ്യം മുന്നോട്ടുവയ്ക്കാൻ അതിൻെറ വിഭാഗങ്ങളെ അനുവദിക്കുന്നുണ്ടു്. പരമാർത്ഥത്തിൽ ഇതിനർത്ഥം തീർച്ചയായും അതു് രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശത്തെ അംഗീകരിക്കുന്നുവെന്നാണു്! ഇങ്ങനെ ആസ്ട്രിയയെക്കുറിച്ചുള്ള റോസ ലുക്സംബുർഗ്ഗിൻെറ പരാമർശം എങ്ങിനെ നോക്കിയാലും അവർക്കെതിരായിട്ടാണു വരുന്നതു്.

## 4. ദേശീയപ്രശ്നത്തിലെ ''പ്രായോഗികത''

നമ്മുടെ പരിപാടിയുടെ ഒമ്പതാംഖണ്ഡികയിൽ ''പ്രായോഗിക''മായിട്ടൊന്നുമില്ലെന്ന റോസ ലുക്സംബുർഗ്ഗിൻെറ വാദത്തിലാണു് അവസരവാദികൾ വിശേഷിച്ചും വിടാതെ പിടിച്ചിരിക്കുന്നതു്. റോസ ലുക്സംബുർഗ്ഗിനു വളരെയേറെ പ്രിയംകരമായ ഒരു വാദഗതിയാണിതു്. കാരണം അവരുടെ ലേഖനത്തിൻെറ ചില ഭാഗങ്ങളിൽ അവർ ഒരൊററ പേജിൽത്തന്നെ ഈ ''മുദ്രാവാക്യം'' എട്ടാവർത്തി കൊടുത്തിട്ടുണ്ടു്.

അവരെഴുതുന്നു: ഒമ്പതാംഖണ്ഡിക ''തൊഴിലാളിവർഗ്ഗത്തിൻെറ ദൈനംദിനനയത്തിൻെറ കാര്യത്തിൽ യാതൊരു പ്രായോഗികനേതൃത്വവും നൽകുന്നില്ല, ദേശീയപ്രശ്നങ്ങൾക്കു് യാതൊരു പ്രായോഗികപരിഹാരവും നിർദ്ദേശിക്കുന്നില്ല.''

ഒമ്പതാംഖണ്ഡിക ഒന്നുകിൽ തികച്ചും നിരർത്ഥകമാണ്, അല്ലെങ്കിൽ എല്ലാ ദേശീയാഭിലാഷങ്ങൾക്കും പിന്തുണ നൽകാൻ അതു നമ്മെ ബാദ്ധ്യസ്ഥരാക്കുന്ന എന്ന മട്ടിലാണ് വേറൊരിടത്തു് ഈ വാദഗതി അവതരിപ്പിച്ചിരിക്കുന്നതു്. നമുക്കിതൊന്നു പരിശോധിക്കാം.

ദേശീയപ്രശ്നത്തിൽ ''പ്രായോഗികത'' വേണമെന്നു പറയുന്നതിൻെറ അർത്ഥമെന്താണ്?

ഒന്നുകിൽ എല്ലാ ദേശീയാഭിലാഷങ്ങളേയും പിന്താങ്ങുക; അല്ലെങ്കിൽ, ഓരോ രാഷ്ട്രവും വിട്ടുപോകണമോ എന്ന ചോദ്യത്തിന് ''വേണ''മെന്നോ ''വേണ്ട'' എന്നോ ഉത്തരം നൽകുക; അതുമല്ലെങ്കിൽ, അതിനർത്ഥം പൊതുവിൽ ദേശീയാവശ്യങ്ങൾ ഉടനടി ''പ്രായോഗിക''മാണെന്നാണ്.

''പ്രായോഗികത'' വേണമെന്നു പറയുന്നതിൻെറ ഈ മൂന്നർത്ഥങ്ങളും നമുക്കു പരിശോധിക്കാം.

ഏതു ദേശീയപ്രസ്ഥാനത്തിൻേറയും തുടക്കത്തിൽ സ്വാഭാവികമായും അതിൻെറ നേതാവായി മുന്നോട്ടുവരുന്ന ബൂർഷ്വാസിയുടെ അഭിപ്രായത്തിൽ, എല്ലാ ദേശീയാഭിലാഷങ്ങളേയും പിന്താങ്ങുകയെന്നതാണു പ്രായോഗികമായിട്ടുള്ളതു്. എന്നാൽ ദേശീയപ്രശ്നത്തിൽ (മററു പ്രശ്നങ്ങളിലെന്നപോലെ) തൊഴിലാളിവർഗ്ഗത്തിൻെറ നയം ബൂർഷ്വാസിയെ ഒരു പ്രത്യേകമാർഗ്ഗത്തിൽ മാത്രം പിന്താങ്ങുകയെന്നതാണ്. അതൊരിക്കലും ബൂർഷ്വാസിയുടെ നയവുമായി ഒന്നിച്ചുചേരാറില്ല. ദേശീയസമാധാനം സ്ഥാപിച്ചുകിട്ടാനും (ഇതു പൂർണ്ണമായും സ്ഥാപിക്കാൻ ബൂർഷ്വാസിക്കു സാദ്ധ്യമല്ല; പരിപൂർണ്ണജനാധിപത്യമുണ്ടെങ്കിൽ മാത്രമേ അതു സാദ്ധ്യമാവൂ) തുല്യാവകാശങ്ങൾ നേടിക്കിട്ടാനും വർഗ്ഗസമരത്തിന് ഏററവും നല്ല സാഹചര്യങ്ങൾ സൃഷ്ടിക്കാനും വേണ്ടി മാത്രമാണ് തൊഴിലാളിവർഗ്ഗം ബൂർഷ്വാസിയെ പിന്താങ്ങുന്നതു്. അതുകൊണ്ടു ബൂർഷ്വാസിയുടെ പ്രായോഗികതയ്ക്കെതിരായിത്തന്നെയാണ് തൊഴിലാളികൾ ദേശീയപ്രശ്നത്തിൽ തത്വത്തെ മുൻനിർത്തിയുള്ള തങ്ങളുടെ നയം മുന്നോട്ടുവയ്ക്കുന്നതു്. അവരെപ്പോഴും ബൂർഷ്വാസിക്കു നല്ല

ന്നതു് സോപാധികമായ പിന്തുണ മാത്രമാണ്. ദേശീയകാര്യങ്ങളിൽ ഏതൊരു ബൂർഷ്വാസിയും ഒന്നുകിൽ സ്വന്തം രാഷ്ട്രത്തിനു ചില പ്രത്യേകാനുകൂല്യങ്ങൾ നേടിക്കിട്ടാനോ അല്ലെങ്കിൽ അതിനു മാത്രം ചില മെച്ചങ്ങൾ സമ്പാദിക്കാനോ ആണ് എല്ലായ്പ്പോഴും നോക്കുന്നതു്. അവർ ''പ്രായോഗിക''മെന്നു പറയുന്നതു് ഇതിനെയാണ്. തൊഴിലാളിവർഗ്ഗം എല്ലാ പ്രത്യേകാനുകൂല്യങ്ങൾക്കും എല്ലാ വിശേഷവിധികൾക്കും എതിരാണ്. അതു് ''പ്രായോഗിക''മാവണമെന്നു പറയുന്നവർ ബൂർഷ്വാസിയുടെ പിന്നാലെ പോവുകയാണ്, അവസരവാദത്തിലേക്കു വഴുതിവീഴുകയാണ്.

ഓരോ രാഷ്ട്രവും വിട്ടുപോകണമോ എന്ന ചോദ്യത്തിനു് ''വേണ''മെന്നോ ''വേണ്ട''യെന്നോ ഉത്തരം നൽകണമെന്നാവശ്യപ്പെടുന്നതു് വളരെ ''പ്രായോഗിക''മാണെന്നു പ്രത്യക്ഷത്തിൽ തോന്നിയേക്കാമെങ്കിലും യഥാർത്ഥത്തിൽ അതു് അസംബന്ധമാണ്. തത്വത്തിൽ അതു് അദ്ധ്യാത്മവാദമാണ്. പ്രയോഗത്തിൽ അതു് തൊഴിലാളിവർഗ്ഗത്തെ ബൂർഷ്വാസിയുടെ നയത്തിനു കീഴ്പ്പെടുത്തുന്നതിലേക്കാണു വഴിതെളിക്കുന്നതു്. ബൂർഷ്വാസി എന്നും അതിൻെറ ദേശീയാവശ്യങ്ങളെ മുൻപന്തിയിൽ വയ്ക്കുന്നു. അതു് അവയെ ഖണ്ഡിതമായി മുന്നോട്ടുവയ്ക്കുന്നു. എന്നാൽ തൊഴിലാളിവർഗ്ഗത്തെ സംബന്ധിച്ചിടത്തോളം ഈ ആവശ്യങ്ങൾ വർഗ്ഗസമരത്തിൻെറ ആവശ്യങ്ങൾക്കു വിധേയമാണ്. ഒരു രാഷ്ട്രം മറെറാരു രാഷ്ട്രത്തിൽനിന്നു വിട്ടുനിൽക്കുകയോ അതിനോടൊപ്പം തുല്യപദവിയിൽ നിൽക്കുകയോ ചെയ്യുന്നതുകൊണ്ടു് ബൂർഷ്വാജനാധിപത്യവിപ്ലവം പൂർത്തിയാക്കപ്പെടുമെന്നു് താത്വികമായി മുൻകൂട്ടി തീർച്ചപ്പെടുത്താൻ സാദ്ധ്യമല്ല; രണ്ടായാലും, സ്വന്തം വർഗ്ഗത്തിൻെറ വളർച്ചയ്ക്കു് ഉറപ്പു നൽകുകയെന്നതാണ് തൊഴിലാളിവർഗ്ഗത്തെ സംബന്ധിച്ചിടത്തോളം പ്രധാനം. ''സ്വന്തം'' രാഷ്ട്രത്തിൻെറ ലക്ഷ്യങ്ങളെ ഈ വളർച്ചയുടെ ലക്ഷ്യങ്ങൾക്കു മുമ്പിൽ കൊണ്ടുവന്നു് അതിനെ തടസ്സപ്പെടുത്തുകയെന്നതാണ് ബൂർഷ്വാസിയെ സംബന്ധിച്ചിടത്തോളം പ്രധാനം.

അതുകൊണ്ടാണ്, ഒരു രാഷ്ട്രത്തിനും യാതൊരു ഉറപ്പും നൽകാതെ, മററൊരു രാഷ്ട്രത്തിൻെറ ചെലവിൽ എന്തെങ്കിലും നൽകാമെന്ന യാതൊരു വാഗ്ദാനവും നൽകാതെ, സ്വയംനിർണ്ണയാവകാശത്തെ അംഗീകരിക്കുകയെന്ന നിഷേധാത്മകമെന്നു പറയപ്പെടാവുന്ന ഒരാവശ്യത്തിൽ മാത്രം തൊഴിലാളിവർഗ്ഗം ഒതുങ്ങിനിൽക്കുന്നതു്.

ഇതു ''പ്രായോഗിക''മല്ലായിരിക്കാം. പക്ഷെ, സാദ്ധ്യമായിട്ടുള്ളതിൽവച്ചു് ഏററവും ജനാധിപത്യപരമായ പരിഹാരമാർഗ്ഗം നേടുന്നതിനുള്ള ഏററവും നല്ല ഉറപ്പു യഥാർത്ഥത്തിലിതാണ്. തൊഴിലാളിവർഗ്ഗത്തിനു് ഈ ഉറപ്പുകൾ മാത്രം മതി. എന്നാൽ ഇതരരാഷ്ട്രങ്ങളുടെ സ്ഥിതി എന്തായാലും വേണ്ടില്ല, അവയ്ക്കു ചില വൈഷമ്യങ്ങളുണ്ടായാലും വേണ്ടില്ല, തങ്ങളുടെ സ്വന്തം താല്പര്യങ്ങൾ ഭദ്രമായിരിക്കണമെന്നതാണ് ഓരോ രാഷ്ട്രത്തിലും പെട്ട ബൂർഷ്വാസിയുടെ ആവശ്യം.

പ്രസ്തുത ആവശ്യം ''സാധിതപ്രായമാകുന്നതിൽ'' ഏററവുമധികം താല്പര്യം ബൂർഷ്വാസിക്കാണ്. അതുകൊണ്ടാണ് തൊഴിലാളിവർഗ്ഗത്തിനു ഹാനി വരുത്തിക്കൊണ്ടു് ഇതരരാഷ്ട്രങ്ങളിൽപ്പെട്ട ബൂർഷ്വാസിയുമായി ധാരണയിലെത്തുകയെന്ന നയം അതു് എക്കാലവും തുടർന്നുപോന്നിട്ടുള്ളതു്. നേരേമറിച്ചു്, തൊഴിലാളിവർഗ്ഗം പ്രധാനമായി ഗണിക്കുന്നതു് ബൂർഷ്വാസിക്കെതിരായി സ്വന്തം വർഗ്ഗത്തെ ശക്തിപ്പെടുത്തുകയും അടിയുറച്ച ജനാധിപത്യത്തിൻേറയും സോഷ്യലിസത്തിൻേറയും സ്പിരിട്ടിൽ ബഹുജനങ്ങളെ പരിശീലിപ്പിക്കുകയും ചെയ്യുകയെന്നതാണ്.

അവസരവാദികളുടെ കണ്ണിൽ ഇതു ''പ്രായോഗിക''മല്ലായിരിക്കാം. എന്നാൽ, ഫ്യൂഡൽ ഭൂവുടമകളേയും ദേശീയവാദികളായ ബൂർഷ്വാസിയേയും എതിരിട്ടുകൊണ്ടു് ദേശീയസമത്വത്തിനും സമാധാനത്തിനും പരമാവധി ഉറപ്പു നൽകുന്നതു് ഇതു മാത്രമാണ്.

ദേശീയവാദികളായ ബൂർഷ്വാസിയുടെ നിലപാടിൽനിന്നു നോക്കിയാൽ—അവരേതു രാഷ്ട്രത്തിൽപ്പെട്ടവരായിക്കൊ

ള്ളട്ടെ—ദേശീയപ്രശ്നത്തിൽ തൊഴിലാളിവർഗ്ഗം മുന്നോട്ടുവച്ചിരിക്കുന്ന കടമയാകെത്തന്നെ അപ്രായോഗികമാണ്. കാരണം, എല്ലാത്തരം ദേശീയവാദത്തേയും എതിർത്തുകൊണ്ട് തൊഴിലാളികൾ ആവശ്യപ്പെടുന്നതു് ''കേവലമായ'' സമത്വമാണ്, തത്വത്തിൽ അല്പംപോലും പ്രത്യേകാനുകൂല്യങ്ങൾ പാടില്ലെന്നാണ് അവരാവശ്യപ്പെടുന്നതു്. ഇതു മനസ്സിലാക്കാൻ കഴിയാതെ, ബുദ്ധിശൂന്യമായി പ്രായോഗികതയെ പാടിപ്പുകഴ്ത്തിക്കൊണ്ട് അവസരവാദികൾക്കും വിശേഷിച്ച് ഗ്രേററ് റഷ്യൻ ദേശീയവാദത്തിനു് അവസരവാദപരമായ വിട്ടുവീഴ്ചകൾ ചെയ്യുന്നതിനും വാതിൽ മലർക്കെ തുറന്നിടുകയാണ് റോസ ലുക്സംബർഗ്ഗ് ചെയ്യുന്നതു്.

എന്തുകൊണ്ടാണു ഗ്രേററ്റഷ്യനെന്നു പറഞ്ഞതെന്നോ? കാരണം, റഷ്യയിൽ ഗ്രേററ്റഷ്യാക്കാർ ഒരു മർദ്ദകരാഷ്ട്രമാണ്. ദേശീയപ്രശ്നത്തിൽ മർദ്ദകരാഷ്ട്രങ്ങളുടേയും മർദ്ദിതരാഷ്ട്രങ്ങളുടേയുമിടയിൽ അവസരവാദം പ്രകടമാകുന്നതു് സ്വാഭാവികമായും വ്യത്യസ്തരീതിയിലായിരിക്കും.

തങ്ങളുടെ ആവശ്യങ്ങൾ ''പ്രായോഗിക''മാണെന്ന ന്യായം പറഞ്ഞുകൊണ്ട് തങ്ങളുടെ അഭിലാഷങ്ങൾക്കു നിരുപാധികമായ പിന്തുണ നൽകണമെന്നു് മർദ്ദിതരാഷ്ട്രങ്ങളിൽപ്പെട്ട ബൂർഷ്വാസി തൊഴിലാളിവർഗ്ഗത്തോടു് ആവശ്യപ്പെടും. വേറിട്ടു നിൽക്കാനുള്ള അവകാശം എല്ലാ രാഷ്ട്രങ്ങൾക്കും നൽകേണ്ടതാണെന്നു പറയുന്നതിനു പകരം ഒരു പ്രത്യേകരാഷ്ട്രം വേറിട്ടു നിൽക്കേണ്ടതാണെന്നു പച്ചയായി പറയുന്നതാണ് ഏററവും പ്രായോഗികമായിട്ടുള്ളതു് !

ഇത്തരം പ്രായോഗികതയ്ക്കു് തൊഴിലാളിവർഗ്ഗം എതിരാണ്. സമത്വവും ദേശീയസ്റ്റേററ് രൂപീകരിക്കാനുള്ള തുല്യാവകാശവും അംഗീകരിക്കുന്നതോടൊപ്പംതന്നെ അതേററവുമധികം വിലമതിക്കുന്നതും പരമപ്രധാനമായി പരിഗണിക്കുന്നതും എല്ലാ രാഷ്ട്രങ്ങളിലും പെട്ട തൊഴിലാളികളുടെ സഖ്യത്തെയാണ്. ഏതൊരു ദേശീയാവശ്യത്തേയും ഏതൊരു ദേശീയവിച്ഛേദത്തേയും അതു വിലയിരുത്തുന്നതു് തൊഴിലാളിവർഗ്ഗസമ

രത്തിൻെറ വീക്ഷണകോണത്തിലൂടെയാണ്. പ്രായോഗികത യെന്ന മുദ്രാവാക്യത്തിൻെറ അർത്ഥം ബൂർഷ്വാ അഭിലാഷ ങ്ങളെ യാതൊരു ഗുണദോഷവിചാരവുംകൂടാതെ സ്വീകരിക്ക ണമെന്നാവശ്യപ്പെടുകയെന്നുമാത്രമാണ്.

വേറിട്ടുനിൽക്കാനുള്ള അവകാശത്തെ പിന്താങ്ങുന്നതി ലൂടെ നാം മർദ്ദിതരാഷ്ട്രങ്ങൾക്കിടയിലെ ബൂർഷ്വാദേശീയവാദ ത്തെ പിന്താങ്ങുന്നുവെന്നാണു പറയുന്നത്. ഇതാണു റോസ ലക്സം ബർഗ്ഗ് പറയുന്നത്. അവസരവാദിയായ സെംക്കോവ്സ്കിയ് അതേററുപറയുന്നുമുണ്ട്. ലിക്വിഡേഷനിസ്റ്റുകാരുടെ പത്രത്തിൽ ഈ പ്രശ്നത്തിൽ ലിക്വിഡേഷനിസ്റ്റ് ചിന്താഗതിയെ പ്രതിനി ധാനം ചെയ്യുന്ന ഏകവ്യക്തി അദ്ദേഹമാണെന്നുകൂടി ഇടയ്ക്കു പറഞ്ഞുകൊള്ളട്ടെ!

ഞങ്ങൾക്ക് ഇതിനു മറുപടിയായി പറയാനുള്ളതി താണ്: ഈ പ്രശ്നത്തിന് ഒരു ''പ്രായോഗിക''പരിഹാരത്തി ൻെറ ആവശ്യം ബൂർഷ്വാസിക്കല്ലാതെ മററാർക്കുമില്ല. രണ്ടു പ്രവണതകളുടെ തത്വങ്ങൾ തമ്മിൽ വേർതിരിച്ചുകാണുകയെ ന്നതാണ് തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പ്രധാന മായിട്ടുള്ളത്. മർദ്ദിതരാഷ്ട്രത്തിലെ ബൂർഷ്വാസി മർദ്ദകരാഷ്ട്ര ത്തോടു നടത്തുന്ന സമരത്തെ സംബന്ധിച്ചിടത്തോളം, നാം എക്കാലത്തും എവിടെയും മററാരേക്കാളും ദൃഢചിത്തതയോടെ അനുകൂലമാണ്. എന്തെന്നാൽ, മർദ്ദനത്തിൻെറ ഏററവും ഉറച്ച, ഏററവും വാശിയേറിയ ശത്രുക്കളാണു നാം. എന്നാൽ, മർദ്ദി തരാഷ്ട്രത്തിലെ ബൂർഷ്വാസി അതിൻെറ സ്വന്തം ബൂർഷ്വാ ദേശീയവാദത്തിനുവേണ്ടി നിലകൊള്ളുന്നതിനെ സംബന്ധിച്ചാ ണെങ്കിൽ, നാം എതിരാണ്. മർദ്ദകരാഷ്ട്രമനുഭവിക്കുന്ന പ്രത്യേ കാനുകൂല്യങ്ങളേയും അതു നടത്തുന്ന അക്രമത്തേയും നാമെ തിർക്കുന്നു. എന്നുവച്ച്, പ്രത്യേകാനുകൂല്യങ്ങൾക്കുവേണ്ടിയുള്ള മർദ്ദിതരാഷ്ട്രത്തിൻെറ ഉദ്യമങ്ങളെ നാം യാതൊരുവിധത്തിലും പിന്താങ്ങുന്നില്ല.

വിട്ടുനിൽക്കാനുള്ള അവകാശമെന്ന മുദ്രാവാക്യം നാം നമ്മുടെ പ്രക്ഷോഭത്തിൽ മുന്നോട്ടുവയ്ക്കുകയും അതിനുവേണ്ടി

വാദിക്കുകയും ചെയ്യാത്തപക്ഷം നാം ബൂർഷ്വാസിയുടെ കയ്യിൽ മാത്രമല്ല ഫ്യൂഡൽ ഭൂവുടമകളുടേയും മർദ്ദകരാഷ്ട്രത്തിൻെറ സ്വേച്ഛാപ്രമത്തതയുടേയും കയ്യിൽ പാവകളിക്കുകയായിരിക്കും ചെയ്യുന്നതു്. കൗട്സ്കി വളരെ മുമ്പുതന്നെ റോസ ലൿസംബുർഗ്ഗിനെതിരായി ഉന്നയിച്ച ഒരു വാദമുഖമാണിതു്. അതു് അനിഷേധ്യമാണുതാനും. പോളണ്ടിലെ ദേശീയവാദികളായ ബൂർഷ്വാസിയെ ''സഹായിക്കാ''തിരിക്കാനുള്ള വെമ്പലിൽ റോസ ലൿസംബർഗ്ഗ് റഷ്യൻ മാർക്സിസ്റ്റുകാരുടെ പരിപാടിയിൽ കൊടുത്തിട്ടുള്ള അവകാശത്തെ നിഷേധിക്കുമ്പോഠം അവർ യഥാർത്ഥത്തിൽ ഗ്രേററ്റഷ്യൻ ബ്ലാക്ക്ഹൺഡ്രഡ്ഡുംകളെ സഹായിക്കുകയാണു ചെയ്യുന്നതു്. ഗ്രേററ്റഷ്യാക്കാരുടെ പ്രത്യേകാനുകൂല്യങ്ങഠംക്കു മുമ്പിലും (അതിലും മോശമായവയുടെ മുമ്പിലും) അവസരവാദപരമായി അടിയറവുപറയുന്നതിനെ അവർ പരമാർത്ഥത്തിൽ സഹായിക്കുകയാണു ചെയ്യുന്നതു്.

പോളണ്ടിലെ ദേശീയവാദത്തിനെതിരായ സമരത്തിൽ മതിമറന്ന റോസ ലൿസംബുർഗ്ഗ് ഗ്രേററ്റഷ്യാക്കാരുടെ ദേശീയവാദത്തെപ്പററി വിസ്മരിച്ചിരിക്കുകയാണു്. എന്നാൽ ഇക്കാലത്തു് ആ ദേശീയവാദമാണു് ഏററവും ആപൽക്കരമായിട്ടുള്ളതു്. ബൂഷ്വാസ്വഭാവത്തേക്കാഠം കൂടുതൽ ഫ്യൂഡൽസ്വഭാവമുള്ള ദേശീയവാദമാണതു്. ജനാധിപത്യത്തിനും തൊഴിലാളിവർഗ്ഗസമരത്തിനും പ്രധാനപ്രതിബന്ധമായി നില്ക്കുന്നതു് ഈ ദേശീയവാദമാണു്. ഏതൊരു മർദ്ദിതരാഷ്ട്രത്തിലേയും ബൂർഷ്വാദേശീയവാദത്തിനു് മർദ്ദനത്തിനെതിരായ ഒരു പൊതുജനാധിപത്യസത്തയുണ്ടു്. ആ സത്തയെയാണു് നാം നിരുപാധികം അനുകൂലിക്കുന്നതു്. എന്നാലതേസമയം, നാം അതിനെ ദേശീയമായി പ്രത്യേകാനുകൂല്യങ്ങഠം വേണമെന്ന പ്രവണതയിൽ നിന്നും കർശനമായി വേർതിരിച്ചുകാണുകയും യഹൂദന്മാരെ മർദ്ദിക്കാനുള്ള പോളിഷ് ബൂർഷ്വാസിയുടെ പ്രവണതയ്ക്കും മററും മററുമെതിരായി പൊരുതുകയും ചെയ്യുന്നു.

ബൂർഷ്വായുടേയും ഫിലിസ്റ്റൈൻറയും നിലപാടിൽ നിന്നു നോക്കിയാൽ ഇതു് ''അപ്രായോഗിക''മാണു്. എന്നാൽ

ദേശീയപ്രശ്നത്തിൽ പ്രായോഗികവും, തത്വാധിഷ്ഠിതവും, യഥാർത്ഥത്തിൽ ജനാധിപത്യവും സ്വാതന്ത്ര്യവും തൊഴിലാളി വർഗ്ഗൈക്യവും വളർത്തുന്നതുമായ ഒരേയൊരു നയമിതാണ്.

വിട്ടുനിൽക്കാനുള്ള അവകാശം എല്ലാവർക്കുമുണ്ടെന്ന് അംഗീകരിക്കുക; ഒരു പ്രത്യേകരാഷ്ട്രം വിട്ടുനിൽക്കണോ വേണ്ടയോ എന്ന പ്രശ്നത്തെ എല്ലാവിധ അസമത്വങ്ങളും വിശേഷവിധികളും ഇല്ലാതാക്കുകയെന്ന നിലപാടിൽ നിന്നുകൊണ്ടു വിലയിരുത്തുക.

നമുക്കൊരു മർദ്ദകരാഷ്ട്രത്തിന്റെ സ്ഥിതിയെടുത്തുനോക്കാം. ഒരു രാഷ്ട്രം ഇതരരാഷ്ട്രങ്ങളെ മർദ്ദിക്കുകയാണെങ്കിൽ അതിനൊരു സ്വതന്ത്രരാഷ്ട്രമാവാൻ സാദ്ധ്യമാണോ? അല്ല. ഗ്രേററ്റഷ്യൻ ജനത*യുടെ സ്വാതന്ത്ര്യത്തെ മുൻനിർത്തി അത്തരം മർദ്ദനത്തിനെതിരായി സമരം ചെയ്യുകയാണാവശ്യം. മർദ്ദിതരാഷ്ട്രങ്ങളുടെ പ്രസ്ഥാനങ്ങളെ തച്ചമർത്തിയതിന്റെ ദീർഘകാലചരിത്രവും ആ മർദ്ദനത്തിനനുകൂലമായി ''ഉപരി''വർഗ്ഗങ്ങൾ നിരന്തരം നടത്തിവരുന്ന പ്രചരണവും ഗ്രേററ് റഷ്യൻ ജനതയുടെതന്നെ സ്വാതന്ത്ര്യത്തിന് മുൻവിധികളുടേയും മററും രൂപത്തിൽ വമ്പിച്ച പ്രതിബന്ധങ്ങളുണ്ടാക്കിയിട്ടുണ്ട്.

ഗ്രേററ്റഷ്യൻ ബ്ലാക്ക്ഹൺഡ്രഡുകാർ ഈ മുൻവിധികളെ മനപ്പൂർവ്വം വളർത്തുകയും ആളിക്കത്തിക്കുകയും ചെയ്യുന്നു. ഗ്രേററ്റഷ്യൻ ബൂർഷ്വാസി അവയെ വകവച്ചുകൊടുക്കുകയും അവയുമായി സ്വയം പൊരുത്തപ്പെടുകയും ചെയ്യുന്നു. ഗ്രേററ് റഷ്യൻ തൊഴിലാളിവർഗ്ഗത്തിനാകട്ടെ, ഈ മുൻവിധികൾക്കെതിരായി അടിയുറച്ച സമരം ചെയ്യാതെ അതിന്റെ

*പാരീസിലുള്ള എൽ. വ്ളാ. എന്നൊരു മാന്യന്റെ അഭിപ്രായത്തിൽ ഈ വാക്ക് മാർക്സിസ്റ്റല്ല. ഈ എൽ. വ്ളാ. കൗതുകകരമാംവണ്ണം ''അതിബുദ്ധിമാ''നാണ്. നമ്മുടെ മിനിമം പരിപാടിയിൽനിന്ന് ''ജനത'', ''ജനങ്ങൾ'' തുടങ്ങിയ പദങ്ങൾ നീക്കംചെയ്യുന്നതിനെപ്പററി (വർഗ്ഗസമരത്തെ ഉള്ളിൽ വച്ചുകൊണ്ട്!) ഒരു പ്രബന്ധമെഴുതാനാണ് ഈ ''അതിബുദ്ധിമാനായ'' എൽ. വ്ളാ.ന്റെ ഭാവമെന്നു തോന്നുന്നു.

സ്വന്തം ലക്ഷ്യങ്ങരം നിറവേററാനും സ്വന്തം വിമോചനത്തി നുള്ള വഴിയൊരുക്കാനും സാദ്ധ്യമല്ല.

റഷ്യയിൽ, ഒരു സ്വതന്ത്രദേശീയസ്റ്റേററ് രൂപീകരിക്കുക യെന്നതു് ഗ്രേററ്റഷ്യൻ രാഷ്ട്രത്തിനു മാത്രം സിദ്ധിച്ചിട്ടുള്ള ഒരു പ്രത്യേകാനുകൂല്യമായിട്ടാണു് ഇതേവരെയിരിക്കുന്നതു്. ഗ്രേററ്റഷ്യൻ തൊഴിലാളിവർഗ്ഗമായ നമ്മരം യാതൊരു പ്രത്യേ കാനുകൂല്യങ്ങളേയും പിന്താങ്ങാത്തവരാണു്. ഈ പ്രത്യേകാനു കൂല്യത്തേയും നാം പിന്താങ്ങുന്നില്ല. നമ്മുടെ സമരത്തിൽ നാം അടിസ്ഥാനമായെടുക്കുന്നതു് നിലവിലുള്ള സ്റ്റേററിനെ യാണു്; നിലവിലുള്ള സ്റ്റേററിലെ എല്ലാ രാഷ്ട്രങ്ങളിലും പെട്ട തൊഴിലാളികളെ നാം ഏകോപിപ്പിക്കുന്നു; ദേശീയവി കാസം ഏതെങ്കിലുമൊരു പ്രത്യേകപാത പിന്തുടരുമെന്നു നമുക്കു് ഉറപ്പുപറയാൻ സാദ്ധ്യമല്ല. സാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളിലൂ ടെയും നാം നമ്മുടെ വർഗ്ഗലക്ഷ്യത്തിലേക്കു മുന്നേറുകയാണു്.

എന്നാൽ, സർവ്വവിധദേശീയവാദത്തേയും ചെറുക്കാതെ, വിവിധരാഷ്ട്രങ്ങളുടെ സമത്വത്തെ ഉയർത്തിപ്പിടിക്കാതെ, നമു ക്കു് ആ ലക്ഷ്യത്തിലേക്കു മുന്നേറാൻ സാദ്ധ്യമല്ല. ഉദാഹരണ ത്തിനു് ഉക്രെയിൻ ഒരു സ്വതന്ത്രസ്റ്റേററായി രൂപംകൊള്ളു മോ എന്നതു്, മുൻകൂട്ടികാണാനൊക്കാത്ത ഒരായിരം കാര്യങ്ങ ളെ ആശ്രയിച്ചിരിക്കും. വ്യർത്ഥമായ ''അഭ്യൂഹങ്ങരം''ക്കൊന്നും മുതിരാതെ നാം സംശയത്തിനിടം നൽകാത്ത ഒരു വസ്തുത ദൃഢ മായി ഉയർത്തിപ്പിടിക്കുന്നു: അത്തരമൊരു സ്റ്റേററ് രൂപീകരി ക്കാനുള്ള ഉക്രെയിൻെറ അവകാശം. നാം ഈ അവകാശത്തെ മാനിക്കുന്നു; ഗ്രേററ്റഷ്യാക്കാർക്കു് ഉക്രേനിയന്മാരുടെ മേ ലുള്ള പ്രത്യേകാനുകൂല്യങ്ങളെ നാം പിന്താങ്ങുന്നില്ല; ആ അവ കാശമംഗീകരിക്കാനും ഏതെങ്കിലുമൊരു രാഷ്ട്രത്തിനു് ഭരണ സംബന്ധമായ പ്രത്യേകാനുകൂല്യങ്ങരം വകവച്ചുകൊടുക്കാതി രിക്കാനുമുള്ള ഒരു മനോഭാവം ബഹുജനങ്ങളിൽ വളരത്തക്ക വണ്ണം അവരെ നാം പരിശീലിപ്പിക്കുന്നു.

ബൂർഷ്വാവിപ്ലവകാലഘട്ടത്തിൽ എല്ലാ രാജ്യങ്ങളും മുന്നോട്ടു കുതിക്കുമ്പോരം ദേശീയസ്റ്റേററ് രൂപീകരിക്കാനുള്ള

അവകാശത്തെച്ചൊല്ലി സംഘട്ടനങ്ങളും സമരങ്ങളും സാദ്ധ്യവും സംഭാവ്യവുമാണ്. ഗ്രേററ്റഷ്യാക്കാരുടെ പ്രത്യേകാനുകൂല്യങ്ങൾക്ക നാമെതിരാണെന്ന് തൊഴിലാളികളായ നാം മുൻകൂട്ടിത്തന്നെ പ്രഖ്യാപിക്കുന്നു. നമ്മുടെ മുഴുവൻ പ്രചാരവേലയ്ക്കും പ്രക്ഷോഭത്തിനും മാർഗ്ഗദർശകമായിട്ടുള്ളതിതാണ്.

''പ്രായോഗികത''യ്ക്കുവേണ്ടിയുള്ള തിരക്കിൽ റോസ ലുക്സംബുർഗ്ഗ് ഗ്രേററ്റഷ്യൻ തൊഴിലാളിവർഗ്ഗത്തേയും ഇതര ദേശീയജനവിഭാഗങ്ങളിൽപ്പെട്ട തൊഴിലാളിവർഗ്ഗത്തേയും നേരിടുന്ന മുഖ്യ പ്രായോഗികകടമ വിസ്മരിച്ചുകളഞ്ഞു. ഭരണസംബന്ധവും ദേശീയവുമായ എല്ലാ പ്രത്യേകാനുകൂല്യങ്ങൾക്കമെതിരായും എല്ലാ രാഷ്ട്രങ്ങൾക്കും തങ്ങളുടേതായ ദേശീയ സ്റ്റേററ് രൂപീകരിക്കാനുള്ള തുല്യാവകാശത്തിനുവേണ്ടിയും അനുദിനം പ്രക്ഷോഭം നടത്തുകയെന്നതാണതു്. ഇതാണ് (ഇന്ന്) ദേശീയപ്രശ്നത്തിലുള്ള നമ്മുടെ മുഖ്യകടമ. കാരണം, ഇങ്ങനെ മാത്രമേ നമുക്ക് ജനാധിപത്യതാല്പര്യങ്ങളും എല്ലാ രാഷ്ട്രങ്ങളിലും പെട്ട എല്ലാ തൊഴിലാളികളുടേയും തുല്യനിലയ്ക്കുള്ള സഖ്യവും സംരക്ഷിക്കാൻ കഴിയൂ.

ഗ്രേററ്റഷ്യൻ മർദ്ദകരുടേയും മർദ്ദിതരാഷ്ട്രങ്ങളിലെ ബൂർഷ്വാസിയുടേയും നിലപാടിൽനിന്നു നോക്കുന്നപക്ഷം ഈ പ്രചാരവേല ''അപ്രായോഗിക''മായി തോന്നിയേക്കാം (''വേണ''മെന്നോ ''വേണ്ട'' എന്നോ ഖണ്ഡിതമായി പറയണമെന്നാണ് രണ്ടുകൂട്ടരും ആവശ്യപ്പെടുന്നതു്. സോഷ്യൽഡെമോക്രാററുകാർ പറയുന്നതു് ''അവ്യക്ത''മാണെന്ന് രണ്ടുകൂട്ടരും അവരെ കുററപ്പെടുത്തുന്നു). പരമാർത്ഥത്തിൽ ഈ പ്രചാരവേലയാണ്, അതു മാത്രമാണ്, ബഹുജനങ്ങൾക്ക് യഥാർത്ഥത്തിൽ ജനാധിപത്യപരവും യഥാർത്ഥത്തിൽ സോഷ്യലിസ്റ്റുമായ ശിക്ഷണം ലഭിക്കുമെന്നതിന് ഉറപ്പുനൽകുന്നതു്. റഷ്യ ഒരു സമ്മിശ്രദേശീയസ്റ്റേററായി തുടരുന്നപക്ഷം അതിലെ രാഷ്ട്രങ്ങൾ അന്യോന്യം സമാധാനപരമായി കഴിയാനുള്ള സാദ്ധ്യതയ്ക്ക് പരമാവധി ഉറപ്പുനൽകുന്നതു് ഈ പ്രചാരവേല മാത്രമാണ്. നേരേമറിച്ച്, റഷ്യ വ്യത്യസ്തദേശീയസ്റ്റേററുകളായി വിഭജിക്കപ്പെടുന്ന

പ്രശ്നം പൊന്തിവരികയാണെങ്കിൽ, പ്രസ്തുതവിഭജനം അങ്ങേയററം സമാധാനപരവും തൊഴിലാളിവർഗ്ഗസമരത്തെ സംബന്ധിച്ചിടത്തോളം നിരുപദ്രവവുമായ വിധത്തിൽ നടപ്പാക്കുമെന്നതിനും ഈ പ്രചാരവേല മാത്രമാണ് ഉറപ്പുനൽകുന്നതു്.

ദേശീയപ്രശ്നത്തിൽ തൊഴിലാളിവർഗ്ഗത്തിൻേറതായിട്ടുള്ള ഈ ഒരേയൊരു നയത്തെ കൂടുതൽ സമൂർത്തമായി വിശദീകരിക്കാൻവേണ്ടി, ''രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയന''ത്തോടുള്ള ഗ്രേററ്റഷ്യൻ ലിബറലിസത്തിൻെറ മനോഭാവത്തേയും നോർവ്വെ സ്വീഡനിൽനിന്നു വിട്ടുപോയ ഉദാഹരണത്തേയും ഞങ്ങരം പരിശോധിക്കാം.

## 5. ദേശീയപ്രശ്നത്തെപ്പററി ലിബറൽ ബൂർഷ്വാസിയും സോഷ്യലിസ്റ്റ് അവസരവാദികളും

റഷ്യൻ മാർക്സിസ്റ്റുകാരുടെ പരിപാടിക്കെതിരായ സമരത്തിൽ റോസ ലൂക്സംബർഗ്ഗിൻെറ ''തുറുപ്പുചീട്ടുകളി''ലൊന്നു് താഴെക്കൊടുക്കുന്ന വാദമുഖമാണെന്നു നാം കണ്ടു: സ്വയം നിർണ്ണയാവകാശത്തെ അംഗീകരിക്കുന്നതു് മർദ്ദിതരാഷ്ട്രങ്ങളിലെ ബൂർഷ്വാ ദേശീയവാദത്തെ പിന്താങ്ങുന്നതിനു സമമാണ്. നേരേമറിച്ച്, അന്യരാഷ്ട്രങ്ങരംക്കെതിരായ മർദ്ദനത്തെ ചെറുക്കുന്നതിൽ കവിഞ്ഞൊന്നും നാം ആ അവകാശംകൊണ്ടു് അർത്ഥമാക്കുന്നില്ലെങ്കിൽ പരിപാടിയിൽ പ്രത്യേകിച്ചൊരു ഇനത്തിൻെറ ആവശ്യമില്ലെന്നാണ് അവരുടെ പക്ഷം. കാരണം, സോഷ്യൽഡെമോക്രാററുകാർ പൊതുവിൽ സർവ്വവിധദേശീയ മർദ്ദനത്തിനും അസമത്വത്തിനും എതിരാണല്ലൊ.

ഏതാണ്ടിരുപതു വർഷം മുമ്പ് കൗട്സ്കി അനിഷേധ്യമായി തെളിയിച്ചതുപോലെ, ഇതിലാദ്യത്തെ വാദമുഖം സ്വന്തം ദേശീയവാദത്തിനുള്ള കുററം മററുള്ളവരുടെ പടിക്കൽ ചാരലാണ്. കാരണം, മർദ്ദിതരാഷ്ട്രങ്ങളിലെ ബൂർഷ്വാസിയുടെ ദേ

ശീയവാദത്തെ ഭയന്ന് റോസ ലൿസംബുർഗ്ഗ് യഥാർത്ഥത്തിൽ ഗ്രേററ്റഷ്യാക്കാരുടെ ബ്ലാക്ക്ഹൺഡ്രഡ് ദേശീയവാദത്തിൻെറ കയ്യിൽ പാവകളിക്കുകയാണു ചെയ്യുന്നത്! അവരുടെ രണ്ടാമത്തെ വാദം ഫലത്തിൽ ഈ ചോദ്യത്തിൽനിന്നും പേടിച്ച് ഒഴിഞ്ഞുമാറലാണ്: ദേശീയസമത്വത്തിൻെറ അംഗീകരണമെന്നുപറയുമ്പോഠം അതിൽ വിട്ടുനിൽക്കാനുള്ള അവകാശത്തിൻെറ അംഗീകരണംകൂടി ഉഠംപ്പെടുമോ? ഉഠംപ്പെടുമെങ്കിൽ, നമ്മുടെ പരിപാടിയുടെ ഒമ്പതാംഖണ്ഡിക തത്വത്തിൽ ശരിയാണെന്ന് റോസ ലൿസംബുർഗ്ഗ് സമ്മതിക്കുന്നു. ഇല്ലെങ്കിൽ, അവർ ദേശീയസമത്വത്തെ അംഗീകരിക്കുന്നില്ല. ഞെളിഞ്ഞു പിരിഞ്ഞതുകൊണ്ടോ ഒഴിഞ്ഞുമാറിയതുകൊണ്ടോ പ്രയോജനമൊന്നുമില്ല!

എങ്കിലും, മേൽ വിവരിച്ചതും അതു പോലുള്ളതുമായ എല്ലാ വാദങ്ങളേയും പരീക്ഷിച്ചു നോക്കാനുള്ള ഏററവും നല്ല മാർഗ്ഗം ഈ പ്രശ്നത്തോട് സമുദായത്തിലെ വിവിധവർഗ്ഗങ്ങഠം എടുക്കുന്ന നിലപാടു പരിശോധിക്കുകയായിരിക്കും. ഒരു മാർക്സിസ്റ്റിനെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊന്ന് ഒഴിച്ചുകൂടാൻ വയ്യാത്തതാണ്. വസ്തുനിഷ്ഠയാഥാർത്ഥ്യത്തിൽനിന്നു വേണം നാം തുടങ്ങാൻ; അക്കാര്യത്തിലുള്ള വർഗ്ഗബന്ധങ്ങഠം നാം പരിശോധിക്കേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം, റോസ ലൿസംബുർഗ്ഗ് തൻെറ എതിരാളികളിൽ വെറുതെ ആരോപിക്കുന്ന ദോഷങ്ങഠംക്ക്—അദ്ധ്യാത്മവാദം, കേവലസിദ്ധാന്തം, കഴമ്പില്ലാത്ത പ്രയോഗങ്ങഠം, അടച്ചുപിടിച്ചുള്ള പ്രസ്താവനകഠം തുടങ്ങിയവയ്ക്ക്—അവർതന്നെ കുററക്കാരിയാണെന്നാണർത്ഥം.

നാം ചർച്ചചെയ്യുന്നത് റഷ്യയിലെ മാർക്സിസ്റ്റുകാരുടെ, അതായത്, റഷ്യയിലെ എല്ലാ രാഷ്ട്രങ്ങളിലും പെട്ട മാർക്സിസ്റ്റുകാരുടെ, പരിപാടിയാണ്. റഷ്യയിലെ ഭരണാധികാരി വർഗ്ഗങ്ങളുടെ നിലപാട് നാം പരിശോധിക്കേണ്ടതല്ലേ?

''ഉദ്യോഗസ്ഥമേധാവിത്വ''ത്തിൻേറയും (സൂക്ഷ്മമല്ലാത്ത ഈ പ്രയോഗം വായനക്കാർ പൊറുക്കണമെന്നപേക്ഷ) നമ്മുടെ ''ഏകീകൃതപ്രഭുവർഗ്ഗത്തെ''[32]പ്പോലുള്ള നാടുവാഴിഭൂവുടമകളു

ടേയും നിലപാടെന്താണെന്നു സുവിദിതമാണ്. അവർ ദേശീയ ജനവിഭാഗങ്ങളുടെ സമത്വത്തേയും സ്വയംനിർണ്ണയാവകാശത്തേയും രണ്ടിനേയും ഖണ്ഡിതമായി നിരാകരിക്കുന്നു. അടിയാഴ്യ നിലനിന്നിരുന്ന കാലത്തെ ആപ്തവാക്യത്തിലാണവർ മുറുകെപ്പിടിക്കുന്നതു്: ഏകാധിപത്യം, ഓർത്തഡോക്സ് ക്രിസ്തുമതം, ദേശീയത്വം. ഇതിലവസാനം പറഞ്ഞതു് ഗ്രേററ്റഷ്യൻ രാഷ്ട്രത്തിനു മാത്രമാണു ബാധകമായിട്ടുള്ളതു്. ഉക്രേനിയന്മാരെപ്പോലും "പരദേശി"കളായി പ്രഖ്യാപിച്ചിരിക്കുകയാണ്. അവരുടെ ഭാഷപോലും അടിച്ചമർത്തപ്പെടുന്നു.

"ജൂൺ 3–ാംനു- യിലെ"[33] നിയമനിർമ്മാണ–ഭരണ സമ്പ്രദായത്തിൻകീഴൽ ഭരണത്തിൽ പങ്കുകൊള്ളാൻ—വളരെ ചെറിയ പങ്കാണെങ്കിൽക്കൂടി ഒരു പങ്ക് അവർക്കു നൽകുകയുണ്ടായി—"ക്ഷണിക്ക"പ്പെട്ട റഷ്യൻ ബൂർഷ്വാസിയുടെ കാര്യമെടുക്കാം. ഈ പ്രശ്നത്തിൽ ഒക്ടോബ്രിസ്റ്റുകാം[34] വലതുപക്ഷക്കാരെ യഥാർത്ഥത്തിൽ പിന്തുടരുകയാണുചെയ്യുന്നതെന്ന വസ്തുതയെക്കുറിച്ചു വിസ്തരിക്കേണ്ടയാവശ്യമില്ല. നിർഭാഗ്യവശാൽ, ഗ്രേററ്റഷ്യൻ ലിബറൽബൂർഷ്വാസിയുടേയും പ്രൊഗ്രെസിസ്റ്റുകളു[35]ടേയും കേഡററുകളുടേയും നിലപാടിൽ ചില മാർക്സിസ്റ്റുകാർ താരതമ്യേന വളരെക്കുറച്ചേ ശ്രദ്ധചെലുത്തുന്നുള്ളു. എന്നാലതേസമയം, ആ നിലപാടിനെക്കുറിച്ചു പഠിക്കുകയും ചിന്തിക്കുകയും ചെയ്യാത്തവർ രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശപ്രശ്നം ചർച്ചചെയ്യുന്ന അവസരത്തിൽ കേവലസിദ്ധാന്തങ്ങളിലും അമൂർത്തപ്രസ്താവനകളിലും ചെന്നെത്താതെ തരമില്ല.

"അസുഖകരമായ" ചോദ്യങ്ങറംക്കു നേരിട്ടു മറുപടിപറയാതെ തന്ത്രപൂർവ്വം ഒഴിഞ്ഞുമാറുന്നതിൽ പ്രാഗത്ഭ്യം നേടിയിട്ടുള്ള, കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററിക് പാർട്ടിയുടെ മുഖ്യപത്രമായ "രേച്ചി"[36]നു് "പ്രവ്ദ"യുമായി കഴിഞ്ഞ വർഷം നടത്തിയ വിവാദത്തിനിടയിൽ ചില വിലയേറിയ കാര്യങ്ങറം സമ്മതിക്കേണ്ടി വന്നു. 1913–ലെ ഗ്രീഷ്മത്തിൽ ലോവിൽ ചേർന്ന അഖിലഉക്രേനിയൻ വിദ്യാർത്ഥികോൺഗ്രസ്സി[37]നെക്കുറിച്ചാണ് തർക്കം തുടങ്ങിയതു്. "രേച്ചി"

ൻെറ സ്ഥിര ഉക്രേനിയൻ വിദഗ്ദ്ധനോ ഉക്രേനിയൻ ലേഖകനോ ആയ മി. മൊഗിലാൻസ്കിയ് ഉക്രെയിൻ വിട്ടുനിൽക്കണമെന്ന ആശയത്തിനു നേരെ അധിക്ഷേപങ്ങരം (''പിച്ചുംപേയും പറയുക'', ''സാഹസികത്വം'', തുടങ്ങിയവ) ചൊരിഞ്ഞുകൊണ്ടു് ഒരു ലേഖനമെഴുതുകയുണ്ടായി. ഒരു സാമൂഹ്യദേശീയവാദിയായ ദൊൻത്സോവ് നിർദ്ദേശിച്ച പ്രസ്തുത ആശയത്തെ ആ കോൺഗ്രസ്സ് അംഗീകരിക്കുകയാണുണ്ടായതു്.

''റബോച്ചയ പ്രവ്ദ'' മി. ദൊൻത്സോവിൻെറ അഭിപ്രായത്തോടു് ഒരുതരത്തിലും യോജിച്ചില്ലെന്നുമാത്രമല്ല, അയാളൊരു സാമൂഹ്യദേശീയവാദിയാണെന്നും പല ഉക്രേനിയൻ മാർക്സിസ്റ്റുകാർക്കും അയാളോടു യോജിപ്പില്ലെന്നും പച്ചയായി പറയുകയും ചെയ്തു. എന്നാലതേസമയം ''രേച്ചി''ലെ ലേഖനത്തിൻെറ സ്വരം, അഥവാ, താത്വികമായി അതു് പ്രശ്നം അവതരിപ്പിച്ച രീതി ഒരു ഗ്രേററ്റഷ്യൻ ജനാധിപത്യവാദിക്കെന്നല്ല ജനാധിപത്യവാദിയാണെന്നു ചമയാനാഗ്രഹിക്കുന്ന ആർക്കും ഉചിതമോ അഭിലഷണീയമോ അല്ലെന്നു് ''റബോച്ചയ പ്രവ്ദ'' പ്രസ്താവിക്കുകയുണ്ടായി.* ദൊൻത്സോവുമാർ പറയുന്നതു് ''രേച്ച്''' എത്ര വേണമെങ്കിലും നിഷേധിച്ചുകൊള്ളട്ടെ, പക്ഷെ തത്വത്തിൻെറ നിലപാടിൽ നിന്നുകൊണ്ടു് വിട്ടുനിൽക്കാനുള്ള സ്വാതന്ത്ര്യത്തെ, വിട്ടുനിൽക്കാനുള്ള അവകാശത്തെ, വിസ്മരിക്കുകയെന്നതു് ഗ്രേററ്റഷ്യൻ ജനാധിപത്യത്തിൻെറ ജിഹ്വയാണെന്നവകാശപ്പെടുന്ന ഒരു പത്രത്തെ സംബന്ധിച്ചിടത്തോളം അനുവദനീയമല്ല.

ഏതാനും മാസങ്ങരംക്കുശേഷം മി. മൊഗിലാൻസ്കിയ് ലോവിൽനിന്നു പ്രസിദ്ധപ്പെടുത്തുന്ന ''ഷ്ലാഹി''[38] എന്ന ഉക്രേനിയൻ പത്രത്തിൽനിന്നു് മി. ദൊൻത്സോവിൻെറ തടസ്സവാദങ്ങളെക്കുറിച്ചറിയുകയും— '' 'രേച്ചി'ലെ സങ്കുചിത

---

*വി. ഐ. ലെനിനെഴുതിയ ''ഉക്രേനിയൻ പ്രശ്നത്തെപ്പററി കേഡററുകരം'' ("Cadets on the Ukrainian Question") എന്ന ലേഖനം നോക്കുക.—പ്രസാധകർ.

വാദപരമായ ആക്രമണങ്ങളെ റഷ്യൻ സോഷ്യൽഡെമോക്രാററിക് പത്രങ്ങളിൽ മാത്രമേ വേണ്ടവണ്ണം അപലപിച്ചിട്ടുള്ളൂ'' വെന്നു് (നിന്ദിച്ചുവെന്നാണോ?) ദൊൻത്സോവ് ആ മറുപടിയിൽ പറയുകയുണ്ടായി—''രേച്ചി''ൻെറ 331–ാം ലക്കത്തിൽ ഒരു ''വിശദീകരണ''മെഴുതുകയും ചെയ്തു. ''മി. ദൊൻത്സോവിൻെറ നിർദ്ദേശങ്ങളെ വിമർശിക്കുന്നതും'' ''രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശം നിരാകരിക്കുന്നതും തമ്മിൽ യാതൊരു ബന്ധവുമില്ലെ''ന്നു് മൂന്നുതവണ അതിലദ്ദേഹമാവർത്തിച്ചിട്ടുണ്ടു്. അതാണദ്ദേഹത്തിൻെറ ''വിശദീകരണ''ത്തിൻെറ പൊരുൾ.

മി. മൊഗിലാൻസ്കിയ് ഇങ്ങനെ എഴുതി:

'''രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശം'പോലും വിമർശിക്കാൻ പാടില്ലാത്ത ഒരു പൂജ്യവസ്തുവൊന്നുമല്ല'' (ബലേ ഭേഷ്!). ''രാഷ്ട്രങ്ങളുടെ ജീവിതത്തിൽ പ്രകടമാകുന്ന ദൂഷിച്ച സാഹചര്യങ്ങൾ രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനത്തിൽ ദൂഷിച്ച പ്രവണതകളുളവാക്കാനിടയുണ്ടു്. അവയെ വെളിച്ചത്തു കൊണ്ടുവരുന്നതുകൊണ്ടു് രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശത്തെ നിഷേധിക്കുന്നുവെന്നർത്ഥമില്ല.''

''പൂജ്യവസ്തു''വിനെക്കുറിച്ചുള്ള ഈ ലിബറലിൻെറ സംസാരത്തിനു് റോസ ലക്സംബുർഗ്ഗിൻേറതുമായി വളരെയേറെ പൊരുത്തമുണ്ടെന്നു് കാണാൻ കഴിയും. രാഷ്ട്രീയസ്വയംനിർണ്ണയാവകാശത്തെ, എന്നുവച്ചാൽ വിട്ടുനിൽക്കാനുള്ള അവകാശത്തെ, അംഗീകരിക്കുന്നുണ്ടോ ഇല്ലയോ എന്ന ചോദ്യത്തിനു് നേരിട്ടു മറുപടി പറയുന്നതിൽനിന്നും ഒഴിഞ്ഞുമാറാനായിരുന്നു മി. മൊഗിലാൻസ്കിയുടെ ശ്രമമെന്നതു വ്യക്തമായിരുന്നു.

''പ്രൊലെത്താർസ്കയ പ്രവ്ദ'' (ലക്കം 4, ഡിസംബർ 11, 1913) ഈ ചോദ്യം പച്ചയായി മി. മൊഗിലാൻസ്കിയുടേയും കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററിക് പാർട്ടിയുടേയും മുമ്പിൽ വച്ചു.*

---

*വി. ഐ. ലെനിൻ എഴുതിയ ''കേഡററുകളും 'ജനതകളുടെ സ്വയംനിർണ്ണായവകാശവും''' ("Cadets and the 'Right of Peoples to Self-Determination'") എന്ന ലേഖനം നോക്കുക—പ്രസാധകർ.

അതേത്തുടർന്നു്, ഈ ചോദ്യത്തിനു മറുപടിയായി ''രേച്ച്'' (ലക്കം 340) പേരു വയ്ക്കാതെ, അതായതു് പത്രാധിപസമിതിയുടെ ഒരു ഔദ്യോഗികപ്രസ്താവനയെന്ന നിലയ്ക്കു്, ഒരു മറുപടി പ്രസിദ്ധംചെയ്തു. ആ മറുപടി മൂന്നു പോയിൻറുകളായി സംക്ഷേപിക്കാവുന്നതാണു്:

1) കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററിക് പാർട്ടിയുടെ പരിപാടിയുടെ 11–ാം ഖണ്ഡികയിൽ ''സ്വതന്ത്രമായ സാംസ്കാരികസ്വയംനിർണ്ണയനത്തിനുള്ള രാഷ്ട്രങ്ങളുടെ അവകാശ''ത്തെക്കുറിച്ച് തുറന്നും കൃത്യമായും വ്യക്തമായും പറഞ്ഞിട്ടുണ്ടു്.

2) സ്വയംനിർണ്ണയനത്തെ വിഭാഗീയവാദവുമായി, പ്രത്യേകരാഷ്ട്രങ്ങളുടെ വിട്ടുനിൽക്കലുമായി, ''അങ്ങേയററം കൂട്ടിക്കുഴയ്ക്കുക''യാണു ''പ്രൊലെത്താർസ്കയ പ്രവ്ദ'' ചെയ്യുന്നതെന്നു് ''രേച്ച്'' ഊന്നിപ്പറയുന്നു.

3) '' 'രാഷ്ട്രങ്ങൾക്കു്' റഷ്യൻസ്റ്റേററിൽനിന്നും 'വിട്ടുനിൽക്കാനുള്ള' അവകാശത്തിനുവേണ്ടി തങ്ങൾ വാദിച്ചുകൊള്ളാമെന്നു് കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററുകാർ പരമാർത്ഥത്തിൽ ഒരിക്കലും ഏററിട്ടില്ല.'' (''ദേശീയലിബറലിസവും രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശവും''എന്ന ശീർഷകത്തിൽ 1913 ഡിസംബർ 20–ാംനു ''പ്രൊലെത്താർസ്കയ പ്രവ്ദ'' യുടെ 12–ാം ലക്കത്തിൽ വന്ന ലേഖനം നോക്കുക).

നമുക്കാദ്യമായി 'രേച്ചി'ലെ പ്രസ്താവനയിലെ രണ്ടാമത്തെ പോയിൻറ് പരിശോധിക്കാം. ''സ്വയംനിർണ്ണയന''മെന്ന വാക്കിൻെറ ''അവ്യക്തത''യെക്കുറിച്ചും ''അനിശ്ചിതത്വ''ത്തെക്കുറിച്ചും സെംക്കോവ്സ്കിയ്മാരും ലീബ്മന്മാരും യുർക്കേവിച്ചുമാരും കൂട്ടുന്ന മുറവിളി യഥാർത്ഥത്തിൽ, അതായതു് റഷ്യയിലെ വസ്തുനിഷ്ഠമായ വർഗ്ഗബന്ധങ്ങളുടേയും വർഗ്ഗസമരത്തിൻേറയും നിലപാടു വച്ചുനോക്കുമ്പോൾ, ലിബറൽ–മൊണാർക്കിസ്റ്റ് ബൂർഷ്വാസിയുടെ ജല്പനങ്ങളുടെ ആവർത്തനം മാത്രമാണെന്നു് അതെത്ര വ്യക്തമായി അവർക്കു കാണിച്ചുകൊടുക്കുന്നു!

''രേച്ചി''ലെ കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററിക് പണ്ഡിതമാനമ്മ്യാരുടെ മുമ്പിൽ ''പ്രൊലെത്താർസ്കയ പ്രവ്ദ'' മൂന്നു ചോദ്യങ്ങളാണു വച്ചതു്: 1) സാർവ്വദേശീയജനാധിപത്യത്തിൻെറ ചരിത്രത്തിലുടനീളം, വിശേഷിച്ചും 19–ാം ശതകത്തിൻെറ മദ്ധ്യത്തിനിപ്പുറം, രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനമെന്നതുകൊണ്ടു വിവക്ഷിച്ചിട്ടുള്ളതു് രാഷ്ട്രീയസ്വയംനിർണ്ണയനം, അതായതു് ഒരു സ്വതന്ത്രദേശീയസ്റ്റേററ് രൂപീകരിക്കാനുള്ള അവകാശം, അല്ലാതെ മററൊന്നുമല്ലെന്നു് അവർ നിഷേധിക്കുന്നുണ്ടോ? 2) 1896–ൽ ലണ്ടനിൽ ചേർന്ന സാർവ്വദേശീയ സോഷ്യലിസ്റ്റ് കോൺഗ്രസ്സ് അംഗീകരിച്ച പ്രസിദ്ധമായ പ്രമേയത്തിനും ഇതേ അർത്ഥമാണുള്ളതെന്നു് അവർ നിഷേധിക്കുന്നുണ്ടോ? 3) 1902–ൽത്തന്നെ സ്വയംനിർണ്ണയനത്തെപ്പററി പ്ലെഖാനൊവ് എഴുതിയപ്പോഠം അദ്ദേഹമുദ്ദേശിച്ചതു് രാഷ്ട്രീയസ്വയംനിർണ്ണയനമല്ലാതെ മററൊന്നുമല്ലെന്നു് അവർ നിഷേധിക്കുന്നുണ്ടോ? ''പ്രൊലെത്താർസ്കയ പ്രവ്ദ'' ഈ മൂന്നു ചോദ്യങ്ങളും ഉന്നയിച്ചപ്പോഠം കേഡററ് മാന്യന്മാർ മൗനംപൂണ്ടു!!

മറുപടിയായി ഒരു വാക്കുപോലും അവർ പറഞ്ഞില്ല. കാരണം, അവർക്കു പറയാനൊന്നുമില്ലായിരുന്നു. ''പ്രൊലെത്താർസ്കയ പ്രവ്ദ'' പറഞ്ഞതു തികച്ചും ശരിയാണെന്നു് അവർക്കു മൗനമായി അംഗീകരിക്കേണ്ടിവന്നു.

''സ്വയംനിർണ്ണയന''മെന്ന സങ്കല്പം അവ്യക്തമാണെന്നും അതിനെ വിഭാഗീയചിന്താഗതിയുമായി ''അങ്ങേയററം കൂട്ടിക്കുഴയ്ക്കുകയാണു്'' സോഷ്യൽഡെമോക്രാററുകാർ ചെയ്യുന്നതെന്നും പറഞ്ഞുകൊണ്ടു് ലിബറലുകഠം കൂട്ടുന്ന മുറവിളി പ്രശ്നം കൂട്ടിക്കുഴയ്ക്കാനും സാർവത്രികമായി സ്ഥാപിച്ചുകഴിഞ്ഞിട്ടുള്ള ഒരു ജനാധിപത്യതത്വത്തെ അംഗീകരിക്കുന്നതിൽനിന്നു് ഒഴിഞ്ഞുമാറാനുമുള്ള ശ്രമമല്ലാതെ മററൊന്നുമല്ല. സെംക്കോവ്സ്കിയ്മാരും ലീബ്മന്മാരും യുർക്കേവിച്ചുമാരും ഇത്രയേറെ അജ്ഞരല്ലായിരുന്നുവെങ്കിൽ ലിബറലുകളുടെ ഭാഷയിൽ തൊഴിലാളികളോടു സംസാരിക്കാൻ അവർ ലജ്ജിക്കുമായിരുന്നു.

അതു പോകട്ടെ. നമുക്കു തുടരാം. കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററുകാരുടെ പരിപാടിയിൽ കൊടുത്തിട്ടുള്ള ''സാംസ്കാരിക''സ്വയംനിർണ്ണയനമെന്ന വാക്കിൻെറ അർത്ഥം ഫലത്തിൽ രാഷ്ട്രീയസ്വയംനിർണ്ണയനത്തെ നിഷേധിക്കലാണെന്നു സമ്മതിക്കാൻ ''പ്രൊലെത്താർസ്കയ പ്രവ്ദ'' ''രേച്ചി''നെ നിർബ്ബന്ധിച്ചു.

'' 'രാഷ്ട്രങ്ങൾക്ക്'' റഷ്യൻ സ്റ്റേററിൽനിന്നും 'വിട്ടുനിൽക്കാനുള്ള' അവകാശത്തിനുവേണ്ടി തങ്ങൾ വാദിച്ചുകൊള്ളാമെന്നു് കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററുകാർ പരമാർത്ഥത്തിൽ ഒരിക്കലും ഏററിട്ടില്ല''—നമ്മുടെ കേഡററുകളുടെ ''കൂറി''ൻെറ ഒരു ദൃഷ്ടാന്തമായി ''രേച്ചി''ൻെറ ഈ വാക്കുകൾ ''നോവൊായെ വ്രേമ്യ''യ്ക്കും ''സേംഷ്ചിന''[39]യ്ക്കും ''പ്രൊലെത്താർസ്കയ പ്രവ്ദ'' ശുപാർശ ചെയ്തതു വെറുതെയല്ല. ''യഹൂദന്മാരുടെ'' കാര്യം പറയാനും കേഡററുകളെ പരിഹസിച്ചുകൊണ്ടു് പല അഭിപ്രായപ്രകടനങ്ങളും നടത്താനും ''നോവൊയെ വ്രേമ്യ'' കിട്ടിയ അവസരം പാഴാക്കിയില്ലെങ്കിൽ കൂടി അതിൻെറ 13,563—ാം ലക്കത്തിൽ ഇങ്ങനെ എഴുതി:

''രാഷ്ട്രീയവിവേകത്തിൻെറ പ്രമാണമായി സോഷ്യൽഡെമോക്രാററുകാർ അംഗീകരിച്ചിട്ടുള്ള തത്വം'' (അതായതു്, സ്വയംനിർണ്ണയനത്തിനുള്ള, വിട്ടുനിൽക്കലിനുള്ള, രാഷ്ട്രങ്ങളുടെ അവകാശത്തെ അംഗീകരിക്കൽ) ''ഇന്നു് കേഡററുവൃത്തങ്ങളിൽപ്പോലും അഭിപ്രായഭിന്നതകൾ സൃഷ്ടിക്കാൻ തുടങ്ങിയിരിക്കുന്നു.''

''രാഷ്ട്രങ്ങൾക്ക് റഷ്യൻ സ്റ്റേററിൽനിന്നും വിട്ടുനിൽക്കാനുള്ള അവകാശത്തിനുവേണ്ടി വാദിച്ചുകൊള്ളാമെന്നു് തങ്ങൾ ഒരിക്കലും ഏററിട്ടില്ലെ''ന്നു പ്രഖ്യാപിക്കുന്നതിലൂടെ കേഡററുകൾ തത്വത്തിൽ ''നോവൊായെ വ്രേമ്യ''യുടെ അതേ നിലപാടുതന്നെയാണെടുക്കുന്നതു്. കേഡററുകളുടെ ദേശീയലിബറലിസത്തിൻേറയും പുരിഷ്ക്കേവിച്ചുമാരുമായുള്ള അവരുടെ അടുപ്പത്തിൻേറയും പുരിഷ്ക്കേവിച്ചുമാരുടെ മേൽ തത്വത്തിലും പ്രയോഗത്തിലുമുള്ള അവരുടെ രാഷ്ട്രീയാശ്രിതത്വത്തി

ൻേറയും മൗലികപ്രമാണങ്ങളിലൊന്നിതാണ്. ''പ്രൊലെത്താർസ്കയ പ്രവ്ദ'' ഇങ്ങനെ എഴുതി: '' 'പിടിക്കാനും തടയാനും'[40]മുള്ള പുരിഷ്ക്കേവിച്ചുമാരുടെ പണ്ടുമുതൽക്കേയുള്ള അവകാശം പലപ്പോഴും, മിതമായി പറയുകയാണെങ്കിൽ, 'നരവേട്ടകളെ അനുസ്മരിപ്പിക്കുന്ന' നടപടികളിൽ ഫലത്തിൽ ചെന്നെത്താറുണ്ടായിരുന്നുവെന്ന് ചരിത്രം പഠിച്ച കേഡററ് മാന്യന്മാർക്കു് നല്ലവണ്ണം അറിയാവുന്നതാണ്.'' പുരിഷ്ക്കേവിച്ചുമാരുടെ സർവ്വാധികാരത്തിൻെറ ഫ്യൂഡൽ ഉറവിടത്തെപ്പററിയും ഫ്യൂഡൽ സ്വഭാവത്തെപ്പററിയും കേഡററുകൾക്കു നല്ല ബോദ്ധ്യമുണ്ടെങ്കിലും ആ വർഗ്ഗം സൃഷ്ടിച്ച ബന്ധങ്ങളുടേയും അതിർത്തികളുടേയും അടിസ്ഥാനത്തിലാണ് അവർ നിലയുറപ്പിച്ചിട്ടുള്ളതു്. ആ വർഗ്ഗം സൃഷ്ടിച്ച ബന്ധങ്ങളിലും അതിർത്തികളിലും മുന്തിനിൽക്കുന്നതു് യൂറോപ്യനല്ലാത്തതും യൂറോപ്യൻ സ്വഭാവത്തിനെതിരായിട്ടുള്ളതുമാണെന്നു് (ജപ്പാൻകാർക്കും ചൈനാക്കാർക്കും അന്യായമായ വിധത്തിൽ അപമാനകരമല്ലായിരുന്നെങ്കിൽ, ഞങ്ങൾ പറയുമായിരുന്നു, ഏഷ്യാററിക്കെന്നു്) ഭംഗിയായി ബോദ്ധ്യമുണ്ടായിട്ടും കേഡററ് മാന്യന്മാർ അവയെ തങ്ങൾ പരമാവധി പോകാൻ ധൈര്യപ്പെടുന്ന പരിധിയായി അംഗീകരിക്കുകയാണു ചെയ്യുന്നതു്.

ഇങ്ങനെ പുരിഷ്ക്കേവിച്ചുമാരുമായി സ്വയം പൊരുത്തപ്പെട്ടുകൊണ്ടു് അവരുടെ മുമ്പിൽ മുട്ടുമടക്കുകയും അവരുടെ നില അപകടപ്പെടുത്താൻ ഭയക്കുകയും ബഹുജനപ്രസ്ഥാനത്തിൽനിന്നും ജനാധിപത്യത്തിൽനിന്നും അവരെ രക്ഷിക്കുകയും ചെയ്തുകൊണ്ടു് കേഡററുകൾ അവരുമായി സ്വയം പൊരുത്തപ്പെടുകയാണു്. ''പ്രൊലെത്താർസ്കയ പ്രവ്ദ'' എഴുതിയതുപോലെ, ''ഇതിൻെറ ശരിയായ അർത്ഥം അവർ നാടുവാഴിപ്രഭുക്കളുടെ താല്പര്യങ്ങളുമായി സ്വയം പൊരുത്തപ്പെടുന്നുവെന്നാണ്, പ്രാമാണികരാഷ്ട്രത്തിൻെറ ഏററവും ദുഷിച്ച ദേശീയവാദപരമായ പക്ഷപാതങ്ങളെ അടിപതറാതെ ചെറുക്കുന്നതിനു പകരം അവയുമായി സ്വയം പൊരുത്തപ്പെടുന്നുവെന്നാണ്.''

ഇന്നു കിഴക്കൻയൂറോപ്പിൻേറയും ഏഷ്യയുടേയും സവിശേഷതയായിരിക്കുകയും പരിഷ്കൃതമുതലാളിത്തരാജ്യങ്ങളുടെ മാതൃകയിൽ അവ രണ്ടിനേയും മാററാൻ യത്നിക്കുകയും ചെയ്യുന്ന ജനാധിപത്യപ്രസ്ഥാനം, പുരിഷ്ക്കേവിച്ചുമാർ സർവാധികാരം വച്ചുപുലർത്തുകയും ബൂർഷ്വാസിയുടേയും പെററിബൂർഷ്വാസിയുടേയും വമ്പിച്ച വിഭാഗങ്ങൾക്കു അവകാശങ്ങൾ നിഷേധിക്കുകയും ചെയ്തിരുന്ന ഫ്യൂഡൽകാലഘട്ടത്തിൽ തിട്ടപ്പെടുത്തിയിരുന്ന അതിരുകൾ അതേപടി നിലനിർത്തേണ്ടതാണെന്നു് ഊന്നിപ്പറയാനുള്ള ഒരു ശ്രമംപോലും ചരിത്രപരിചയമുള്ളവരും ജനാധിപത്യവാദികളാണെന്നവകാശപ്പെടുന്നവരുമായ കേഡററുകൾ നടത്തുന്നില്ല.

''പ്രൊലെത്താർസ്കയ പ്രവ്ദ''യും ''രേച്ചും''തമ്മിലുള്ള തർക്കത്തിലുന്നയിച്ചിട്ടുള്ള പ്രശ്നം വെറുമൊരു സാഹിത്യപ്രശ്നമല്ലെന്നും ഇന്നത്തെ ഒരു യഥാർത്ഥരാഷ്ട്രീയ പ്രശ്നത്തെ സംബന്ധിക്കുന്നതാണെന്നും 1914 മാർച്ച് 23 മുതൽ 25 വരെ ചേർന്ന കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററിക് പാർട്ടിയുടെ സമ്മേളനം തെളിയിക്കുകയുണ്ടായെന്നുകൂടി കൂട്ടത്തിൽ പറയട്ടെ. പ്രസ്തുതസമ്മേളനത്തെപ്പററി ''രേച്ചി''ൽ (ലക്കം 83, മാർച്ച് 26, 1914) കൊടുത്തിട്ടുള്ള ഔദ്യോഗികറിപ്പോർട്ടിൽ ഇങ്ങനെ കാണുന്നു:

''വിശേഷിച്ചും സജീവമായ ഒരു ചർച്ച ദേശീയപ്രശ്നങ്ങളെക്കുറിച്ചും നടക്കുകയുണ്ടായി. ദേശീയപ്രശ്നം ഒരു സുപ്രധാനഘടകമായിക്കൊണ്ടിരിക്കുകയാണെന്നും മുമ്പത്തേക്കാൾ കൂടുതൽ ദൃഢമായി അതു കൈകാര്യം ചെയ്യേണ്ടതാണെന്നും കീവ് പ്രതിനിധികൾ ചൂണ്ടിക്കാട്ടി. എൻ. വി. നെക്രാസ്സൊവും എ. എം. കൊലുബാക്കിനും അവരെ പിന്താങ്ങി. എന്നാൽ'' (ഷ്ചെദ്രീൻെറ ''പക്ഷേ'' പോലെയാണു് ഈ ''എന്നാൽ''—''ചെവി ഒരിക്കലും നെററിക്കു മീതെ വളരുകയില്ല'') '' 'ദേശീയജനവിഭാഗങ്ങളുടെ രാഷ്ട്രീയസ്വയംനിർണ്ണയന'ത്തെക്കുറിച്ചുള്ള 'അയവേറിയ ഫോർമുലകൾ' വളരെ ജാഗ്രതയോടെ കൈകാര്യം ചെയ്യേണ്ടതാണെന്നു് പരിപാടിയും കഴിഞ്ഞ കാലത്തെ രാഷ്ട്രീയാനുഭവവും അനുശാസിക്കുന്നുവെന്നു് എഫ്. എഫ്. കൊക്കോഷ്കിൻ ചൂണ്ടിക്കാട്ടുകയുണ്ടായി.''

കേഡററ് സമ്മേളനത്തിൽ പ്രകടമായ ഈ വിശേഷപ്പെട്ട വാദഗതി എല്ലാ മാർക്സിസ്റ്റുകാരുടേയും എല്ലാ ജനാധിപത്യവാദികളുടേയും ഗൗരവപൂർവ്വമായ പരിചിന്തനത്തിന്നു വിഷയീഭവിക്കേണ്ടതാണ്. (ഭരണകൂടം ''ശിഥിലമായി'' പ്പോകുമെന്ന അപകടത്തെപ്പററി — തീർച്ചയായും തൻെറ എതിരാളികൾക്കൊരു മുന്നറിയിപ്പെന്ന നിലയിൽ — മി. കൊക്കോഷ്കിൻ പ്രത്യേകിച്ച് ഊന്നിപ്പറഞ്ഞതായി കാര്യങ്ങൾ ശരിക്കറിയുകയും സംശയമെന്യെ അദ്ദേഹത്തിൻെറ ആശയങ്ങൾ ശരിയായി കൊടുക്കുകയും ചെയ്യുന്ന ''കീവ്സ്കയ മിസ്ൽ''[41] പ്രസ്താവിക്കുകയുണ്ടായെന്ന് ഞങ്ങൾ കൂട്ടത്തിൽ പറഞ്ഞുകൊള്ളട്ടെ.)

അങ്ങേയററത്തെ നയതന്ത്രകുശലതയോടെയാണ് ''രേച്ചി''ൽ കൊടുത്തിട്ടുള്ള ഔദ്യോഗികറിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതു്. കഴിയുന്നത്ര കുറച്ചു മറനീക്കുകയും കഴിയുന്നത്ര കൂടുതൽ മൂടിവയ്ക്കുകയും ചെയ്യുകയെന്നതാണ് അതിൻെറ ഉദ്ദേശം. എങ്കിൽപ്പോലും പ്രധാനമായി കേഡററ് സമ്മേളനത്തിൽ നടന്നതെന്താണെന്നു വ്യക്തമാണ്. ഉക്രെയിനിലെ സ്ഥിതിഗതികളെക്കുറിച്ചറിയാവുന്ന ലിബറൽ ബൂർഷ്വാ പ്രതിനിധികളും ''ഇടതുപക്ഷ'' കേഡററുകളും ഉന്നയിച്ചതു് രാഷ്ട്രങ്ങളുടെ രാഷ്ട്രീയസ്വയംനിർണ്ണയനത്തിൻെറ പ്രശ്നംതന്നെയാണ്. അങ്ങനെയല്ലായിരുന്നെങ്കിൽ ഈ ''ഫോർമുല'' ''ജാഗ്രതയോടെ കൈകാര്യം ചെയ്യണ''മെന്ന് മി. കൊക്കോഷ്കിന്ന് ഉൽബോധിപ്പിക്കേണ്ടിവരികയില്ലായിരുന്നു.

കേഡററ് സമ്മേളനത്തിലെ പ്രതിനിധികൾക്കു സ്വാഭാവികമായും അറിയാമായിരുന്ന കേഡററ് പരിപാടി ''രാഷ്ട്രീയ''സ്വയംനിർണ്ണയനത്തെപ്പററിയല്ല, ''സാംസ്കാരിക'' സ്വയംനിർണ്ണയനത്തെപ്പററിയാണു പറയുന്നതു്. അപ്പോൾ, മി. കൊക്കോഷ്കിൻ ഉക്രേനിയൻ പ്രതിനിധികളേയും ഇടതുപക്ഷ കേഡററുകളേയും എതിർത്തുകൊണ്ട് പരിപാടിക്കുവേണ്ടി വാദിക്കുകയായിരുന്നു, ''രാഷ്ട്രീയ''സ്വയംനിർണ്ണയനത്തിനെതിരായി ''സാംസ്കാരിക''സ്വയംനിർണ്ണയനത്തിനുവേണ്ടി വാ

ദിക്കുകയായിരുന്നു. ''രാഷ്ട്രീയ''സ്വയംനിർണ്ണയനത്തെ എതിർക്കുകയും ''ഭരണകൂടം ശിഥിലമായിപ്പോകു''മെന്ന അപകടം പൊക്കിപ്പിടിക്കുകയും ''രാഷ്ട്രീയസ്വയംനിർണ്ണയന''മെന്നതു് ''അയവേറിയ'' ഒരു ഫോർമുലയാണെന്നു പറയുകയും (ഇതു് റോസ ലക്സംബർഗ്ഗ് പറഞ്ഞതിനോടു വളരെയേറെ യോജിക്കുന്നുണ്ടു്) ചെയ്യുന്നതിലൂടെ മി. കൊക്കോഷ്കിൻ കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററിക് പാർട്ടിക്കുള്ളിൽ കൂടുതൽ ''ഇടതുപക്ഷ''ക്കാരോ കൂടുതൽ ജനാധിപത്യവാദികളോ ആയിട്ടുള്ളവർക്കും ഉക്രേനിയൻ ബൂർഷ്വാസിക്കുമെതിരായി ഗ്രേററ്റഷ്യൻ ദേശീയലിബറലിസത്തിനുവേണ്ടി വാദിക്കുകയായിരുന്നുവെന്നതു് തികച്ചും വ്യക്തമാണു്.

കേഡററ് സമ്മേളനത്തിൽ മി. കൊക്കോഷ്കിൻ വിജയം നേടി. ''രേച്ചി''ൻെറ റിപ്പോർട്ടിലെ ''പക്ഷെ'' എന്ന അപകടകരമായ ആ കൊച്ചു വാക്കിൽനിന്നും അതു തെളിയുന്നുണ്ടു്. കേഡററുകൾക്കിടയിൽ ഗ്രേററ്റഷ്യൻ ദേശീയലിബറലിസം വിജയിച്ചിരിക്കുകയാണു്. കേഡററുകളെ പിന്തുടർന്നു് ''ദേശീയജനവിഭാഗങ്ങളുടെ രാഷ്ട്രീയസ്വയംനിർണ്ണയനത്തെക്കുറിച്ചുള്ള അയവേറിയ ഫോർമുലകളെ'' ഭയക്കാൻ തുടങ്ങിയിട്ടുള്ള റഷ്യൻ മാർക്സിസ്റ്റുകാർക്കിടയിലെ വിവേകശൂന്യരായ വ്യക്തികളുടെ മനസ്സു തെളിയിക്കാൻ ഈ വിജയം ഉതകുകയില്ലേ?

''ഏതായാലും'' നമുക്കു് മി. കൊക്കോഷ്കിൻെറ ചിന്താഗതിയുടെ പൊരുളെന്താണെന്നു നോക്കാം. ''കഴിഞ്ഞ കാലത്തെ രാഷ്ട്രീയാനുഭവത്തെ'' (1905—ലെ അനുഭവത്തെയെന്നർത്ഥം. ഒരു രാഷ്ട്രമെന്നനിലയ്ക്കു് തങ്ങളനുഭവിച്ചുപോന്നിരുന്ന പ്രത്യേകാനുകൂല്യങ്ങളെക്കുറിച്ചു ഗ്രേററ്റഷ്യൻ ബൂർഷ്വാസി ആശങ്കപ്പെടുകയും ആ ഭയാശങ്കകളാൽ കേഡററ് പാർട്ടിയെ പരിഭ്രാന്തിയെടുപ്പിക്കുകയും ചെയ്തതന്നാണു്) പരാമർശിക്കുകയും ''ഭരണകൂടം ശിഥിലമായിപ്പോകു''മെന്ന അപകടം പൊക്കിപ്പിടിക്കുകയും ചെയ്യുന്നതിലൂടെ മി. കൊക്കോഷ്കിൻ വെളിപ്പെടുത്തിയതു് രാഷ്ട്രീയസ്വയംനിർണ്ണയനമെന്നതിനു് വിട്ടുനിൽ

ക്കാനും ഒരു സ്വതന്ത്രദേശീയസ്റ്റേററ് രൂപീകരിക്കാനുമുള്ള അവകാശമെന്നല്ലാതെ മററു യാതൊരു വിവക്ഷയുമില്ലെന്നു് അദ്ദേഹത്തിനു നല്ല ബോദ്ധ്യമുണ്ടെന്നാണ്. പൊതുവിൽ ജനാധിപത്യത്തിൻേറയും പ്രത്യേകിച്ച് തൊഴിലാളിവർഗ്ഗസമരത്തിൻേറയും വെളിച്ചത്തിൽ മി. കൊക്കോഷ്കിൻെറ ഭയാശങ്കകളെ എങ്ങിനെയാണു വിലയിരുത്തേണ്ടതു്? അതാണു ചോദ്യം.

വിട്ടുനിൽക്കാനുള്ള അവകാശമംഗീകരിക്കുകയാണെങ്കിൽ ''ഭരണകൂടം ശിഥിലമായിപ്പോകു''മെന്ന അപകടം വർദ്ധിക്കുമെന്നു നമ്മെ വിശ്വസിപ്പിക്കാനാണു മി. കൊക്കോഷ്കിൻെറ ശ്രമം. ''പിടികൂടുക, തടയുക'' എന്നതു് ഒരു ആപ്തവാക്യമായംഗീകരിച്ച കോൺസ്റ്റബിറം മിംറെത്സോവിൻെറ വീക്ഷണമാണിതു്. ജനാധിപത്യത്തിൻെറ പൊതുവീക്ഷണം വച്ചുനോക്കുമ്പോഠം നേരെമറിച്ചാണു വാസ്തവം: വിട്ടുനിൽക്കാനുള്ള അവകാശമംഗീകരിക്കുന്നതു് ''ഭരണകൂടം ശിഥിലമായിപ്പോകു''മെന്ന അപകടം കുറയ്ക്കുകയാണു ചെയ്യുന്നതു്.

ദേശീയവാദികളെപ്പോലെതന്നെയാണു മി. കൊക്കോഷ്കിൻ വാദിക്കുന്നതു്. അവർ കഴിഞ്ഞ കോൺഗ്രസ്സിൽ ഉക്രേനിയൻ ''മസേപ്പപക്ഷക്കാരെ'' രൂക്ഷമായി വിമർശിക്കുകയുണ്ടായി. ഉക്രേനിയൻ പ്രസ്ഥാനം ഉക്രൈയിനും റഷ്യയും തമ്മിലുള്ള ബന്ധങ്ങഠം ദുർബ്ബലമാക്കുമെന്ന ഭീഷണി ഉളവായിരിക്കുന്നുവെന്നു് മി. സവേൻക്കൊയും കൂട്ടരും മുറവിളികൂട്ടി. എന്തെന്നാൽ, ഉക്രൈയിൻ സംബന്ധിച്ച സർവ്വതിനേയും പുകഴ്ത്തുന്ന ആസ്ത്രിയയുടെ നയം അതും ഉക്രേനിയന്മാരും തമ്മിലുള്ള ബന്ധം സുശക്തമാക്കാനാണുതകുന്നതു്! സവേൻക്കൊമാർ ആസ്ത്രിയയുടെമേൽ ആരോപിക്കുന്ന അതേ മാർഗ്ഗങ്ങളുപയോഗിച്ച്—അതായതു്, സ്വന്തം ഭാഷ ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യവും സ്വയംഭരണവും സ്വയംഭരണാധികാരമുള്ള ഒരു നിയമസഭയും മററും ഉക്രേനിയന്മാർക്കു് അനുവദിച്ചുകൊടുത്തുകൊണ്ടു് — എന്തുകൊണ്ടു് റഷ്യയ്ക്കു് അവരുമായുള്ള ബന്ധം ''സുശക്തമാക്കി''ക്കൂടാ എന്നു വ്യക്തമല്ല.

സവേൻക്കൊമാരുടേയും കൊക്കോഷ്ക്കിന്മാരുടേയും വാദമുഖങ്ങറം തമ്മിൽ യാതൊരു വ്യത്യാസവുമില്ല. വെറും യുക്തി വച്ചുനോക്കുകയാണെങ്കിൽ അവ രണ്ടും ഒരുപോലെ അപഹാസ്യവും അസംബന്ധവുമാണ്. ഒരു രാജ്യത്തിലുള്ള ഉക്രേനിയൻ ദേശീയജനവിഭാഗം എത്രകണ്ട് കൂടുതൽ സ്വാതന്ത്ര്യമനുഭവിക്കുന്നുവോ അത്രകണ്ടു കൂടുതൽ സുദൃഢമായിരിക്കും ആ രാജ്യവുമായുള്ള അതിൻെറ ബന്ധമെന്നതു വ്യക്തമല്ലേ? ജനാധിപത്യത്തിൻെറ എല്ലാ തത്വങ്ങളും കളഞ്ഞുകുളിച്ചുകൊണ്ടല്ലാതെ ഈ പരമാർത്ഥം നിഷേധിക്കാൻ സാദ്ധ്യമല്ലെന്നു സ്പഷ്ടമാണ്. വിട്ടുനിൽക്കാനുള്ള, ഒരു സ്വതന്ത്രദേശീയസ്റ്റേററ് രൂപീകരിക്കാനുള്ള, സ്വാതന്ത്ര്യത്തിൽക്കവിഞ്ഞു് ദേശീയജനവിഭാഗങ്ങറംക്ക് എന്തു സ്വാതന്ത്ര്യമാണുള്ളതു്?

ലിബറലുകറം (കൂടാതെ ശുദ്ധഗതികൊണ്ടു് അവരെ ഏററു പറയുന്നവരും) കുട്ടിക്കുഴച്ചിട്ടുള്ള ഈ പ്രശ്നം കുറേക്കൂടി വ്യക്തമാക്കാൻവേണ്ടി ഞങ്ങളൊരു ചെറിയ ദൃഷ്ടാന്തമുദ്ധരിക്കാം. വിവാഹമോചനത്തിൻെറ പ്രശ്നംതന്നെയെടുക്കുക. ഒരു കേന്ദ്രീകൃതജനാധിപത്യസ്റ്റേററ് അതിൻെറ ഘടകങ്ങറംക്ക് സ്വയംഭരണമനുവദിക്കുമ്പോറംത്തന്നെ വിവാഹമോചനമുറംപ്പെടെ പ്രധാനപ്പെട്ട എല്ലാ പ്രശ്നങ്ങളിലുമുള്ള നിയമനിർമ്മാണം കേന്ദ്ര പാർലിമെണ്ടിൻെറ അധികാരപരിധിയിൻകീഴിൽ നിലനിത്തണമെന്നു് റോസ ലൿസംബർഗ്ഗ് അവരുടെ ലേഖനത്തിൽ പറഞ്ഞിട്ടുണ്ടു്. ജനാധിപത്യസ്റ്റേററിൻെറ കേന്ദ്രഗവണ്മെൻറു് വിവാഹമോചനസ്വാതന്ത്ര്യത്തിനു് ഉറപ്പു നൽകണമെന്ന ഈ അഭിപ്രായം തികച്ചും മനസ്സിലാക്കാവുന്നതാണ്. വിവാഹമോചനസ്വാതന്ത്ര്യത്തിനു് പിന്തിരിപ്പന്മാർ എതിരാണ്. ''ജാഗ്രതയോടെ കൈകാര്യം ചെയ്യേണ്ട'' ഒന്നാണതെന്നു് അവർ പറയുന്നു. ''കുടുംബത്തിൻെറ ശിഥിലീകരണ''മെന്നാണതിൻെറ അർത്ഥമെന്നു് അവർ മുറവിളികൂട്ടുന്നു. നേരേമറിച്ച്, പിന്തിരിപ്പന്മാർ തനി വഞ്ചകരാണെന്നും അവർ യഥാർത്ഥത്തിൽ പോലീസിൻേറയും ഉദ്യോഗസ്ഥമേധാവിത്വത്തിൻേറയും സർവ്വാധികാരത്തേയും പുരുഷമേധാവിത്വത്തേയും സ്ത്രീകളുടെ

ഏററവും കൊടിയ മർദ്ദനത്തേയും പിന്താങ്ങുകയാണു ചെയ്യുന്നതെന്നും ജനാധിപത്യവാദികഠം വിശ്വസിക്കുന്നു. വിവാഹമോചനസ്വാതന്ത്ര്യം യഥാർത്ഥത്തിൽ കുടുംബബന്ധങ്ങളെ ''ശിഥിലമാക്കുക''യല്ല, നേരേമറിച്ച്, ജനാധിപത്യപരമായ അടിസ്ഥാനത്തിൽ ശക്തിപ്പെടുത്തുകയാണുചെയ്യുന്നതെന്നും പരിഷ്കൃത സമുദായത്തിൽ സാദ്ധ്യമായിട്ടുള്ളതും ശാശ്വതവുമായ ഒരേയൊരു അടിസ്ഥാനമതാണെന്നും അവർ വിശ്വസിക്കുന്നു.

സ്വയംനിർണ്ണയനസ്വാതന്ത്ര്യത്തെ, അതായതു് വിട്ടുനിൽക്കാനുള്ള സ്വാതന്ത്ര്യത്തെ, അനുകൂലിക്കുന്നവർ വിഭജനവാദത്തെ, പ്രോത്സാഹിപ്പിക്കുന്നുവെന്നു് പറഞ്ഞു കുററപ്പെടുത്തുന്നതു് വിവാഹമോചനസ്വാതന്ത്ര്യത്തിനുവേണ്ടി വാദിക്കുന്നവർ കുടുംബബന്ധങ്ങഠം നശിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നുവെന്നു പറഞ്ഞു കുററപ്പെടുത്തുന്നതുപോലെതന്നെ അസംബന്ധവും വഞ്ചനാപരവുമാണു്. ബൂർഷ്വാസമുദായത്തിൽ വിവാഹമോചനസ്വാതന്ത്ര്യത്തെ എതിർക്കുന്നതു് ബൂർഷ്വാവിവാഹസമ്പ്രദായം അധിഷ്ഠിതമായിട്ടുള്ള പ്രത്യേകാനുകൂല്യങ്ങളേയും കച്ചവടമനസ്ഥിതിയേയും പിന്താങ്ങുന്നവരാണെന്നതുപോലെതന്നെ, മുതലാളിത്തസ്റേററിൽ സ്വയംനിർണ്ണയാവകാശത്തെ, അതായതു് രാഷ്ട്രങ്ങഠംക്കു വിട്ടുനിൽക്കാനുള്ള അവകാശത്തെ, നിഷേധിക്കുകയെന്നുവച്ചാൽ അതിനർത്ഥം പ്രാമാണികരാഷ്ട്രത്തിൻെറ പ്രത്യേകാനുകൂല്യങ്ങളേയും ജനാധിപത്യമാർഗ്ഗത്തിനു പകരം പോലീസ്മാർഗ്ഗമുപയോഗിച്ച ഭരണം നടത്തുന്നതിനേയും അനുകൂലിക്കുകയെന്നുമാത്രമാണു്.

മുതലാളിത്തസമുദായത്തിൽ നിലവിലുള്ള സർവ്വബന്ധങ്ങളും രാഷ്ട്രീയമായ തത്വദീക്ഷയില്ലായ്മ ഉളവാക്കുന്നുവെന്നതുകൊണ്ടു് ഏതെങ്കിലുമൊരു രാഷ്ട്രം വിട്ടുപോകുന്നതിനെപ്പററിയുള്ള കഴമ്പില്ലാത്തതും അസംബന്ധവുമായ വിഡ്ഢിത്തങ്ങഠം പുലമ്പുന്നതിൽ ചില പാർലിമെണ്ടംഗങ്ങളും പത്രപ്രവർത്തകരും ഏർപ്പെടാറുണ്ടെന്നതിൽ സംശയമില്ല. പക്ഷെ പിന്തിരിപ്പന്മാർ മാത്രമേ അത്തരം സംസാരംകൊണ്ടു ഭയപ്പെടുകയുള്ളു (അഥവാ ഭയപ്പെടുന്നതായി നടിക്കുകയുള്ളു). രാഷ്ട്രീയനേതാ

ക്കന്മാർ പുലമ്പുന്നതും ബഹുജനങ്ങ൦ തീരുമാനിക്കുന്നതും ത മ്മിൽ ''വളരെ വലിയ അന്തര''[42]മുണ്ടെന്നു് ജനാധിപത്യത ത്വങ്ങ൦ക്കുവേണ്ടി നിലകൊള്ളുന്നവർക്കു്, അതായതു് ഭരണ സംബന്ധമായ പ്രശ്നങ്ങ൦ ബഹുജനങ്ങളാണു തീരുമാനിക്കേണ്ട തെന്നു നിർബ്ബന്ധമായി വാദിക്കുന്നവർക്കു്, ഭംഗിയായി അറി യാം. ഭൂമിശാസ്ത്രപരവും സാമ്പത്തികവുമായ ബന്ധങ്ങളുടെ വിലയെന്തെന്നും വലിയൊരു കമ്പോളവും വലിയൊരു സ്റ്റേററും കൊണ്ടു് എന്തെല്ലാം പ്രയോജനങ്ങളുണ്ടെന്നും ബഹുജനങ്ങ൦ക്കു് അവരുടെ ദൈനംദിനാനുഭവത്തിൽ നിന്നും നല്ലവണ്ണമറി യാം. അതുകൊണ്ടു്, ദേശീയമർദ്ദനവും ദേശീയസംഘർഷവും കൂട്ടായ ജീവിതം തികച്ചും അസഹനീയമാക്കുകയും സർവ്വവിധ ത്തിലുമുള്ള സാമ്പത്തിക ഇടപാടുകളേയും വിഘ്നപ്പെടുത്തുകയും ചെയ്താൽമാത്രമേ അവർ വിട്ടുനിൽക്കാൻ തീരുമാനിക്കുകയുള്ളു. അതാണു് സ്ഥിതിയെങ്കിൽ, മുതലാളിത്തവളർച്ചയുടേയും വർ ഗ്ഗസമരത്തിനുള്ള സ്വാതന്ത്ര്യത്തിൻേറയും താല്പര്യത്തിനു ഏററ വും നല്ലതു് വിട്ടുനിൽക്കുന്നതായിരിക്കും.

ഇങ്ങനെ, ഏതു വിധത്തിൽ നോക്കിയാലും മി. കൊ ക്കോഷ്ക്കിൻേറ വാദമുഖങ്ങ൦ ബുദ്ധിശൂന്യതയുടെ പാരമ്യ വും ജനാധിപത്യതത്വങ്ങളെ കൊഞ്ഞനം കാണിക്കലുമാണെന്നു തെളിയുന്നു. പക്ഷെ ഈ വാദമുഖങ്ങളിലെല്ലാംതന്നെ ഒരു ന്യാ യമുണ്ടു്, ഗ്രേററ്റഷ്യൻ ബൂർഷ്വാസിയുടെ വർഗ്ഗതാല്പര്യങ്ങളുടെ ന്യായം. കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററിക് പാർട്ടി യിലെ ഭൂരിപക്ഷമംഗങ്ങളെപ്പോലെ മി. കൊക്കോഷ്കിൻ ആ ബൂർഷ്വാസിയുടെ പണച്ചാക്കുക൦ കാത്തുസൂക്ഷിക്കുന്നു. അതി ൻേറ പ്രത്യേകാനുകൂല്യങ്ങളെ പൊതുവെയും ഭരണസംബന്ധമായ പ്രത്യേകാനുകൂല്യങ്ങളെ പ്രത്യേകിച്ചും അദ്ദേഹം കാത്തുസൂക്ഷി ക്കുന്നു. പുരിഷ്ക്കേവിച്ചുമായി കൈകോർത്തുപിടിച്ചുകൊണ്ടും തോളോടുതോ൦ ചേർന്നുനിന്നുകൊണ്ടുമാണു് അദ്ദേഹമതു ചെയ്യുന്നതു്. ഒരു വ്യത്യാസം മാത്രമേയുള്ളു. പുരിഷ്ക്കേ വിച്ച് പ്രധാനമായും അവലംബിക്കുന്നതു് ഫ്യൂഡൽ കുറുവടി യെയാണു്. എന്നാൽ ആ കുറുവടിക്കു് 1905–ൽ സാരമായ

കേട സംഭവിച്ചുവെന്നറിയാവുന്ന കൊക്കോഷ്കിനും കൂട്ടരും കൂടുതൽ അവലംബിക്കുന്നതു് ബഹുജനങ്ങളെ കബളിപ്പിക്കാനുള്ള ബൂർഷ്വാമാർഗ്ഗങ്ങളെയാണു്. ഫിലിസ്റ്റൈനുകളേയും കർഷകരേയും ''സ്റ്റേററിൻെറ ശിഥിലീകരണ''ത്തിൻെറ ഇമ്പാച്ചി കാട്ടി ഭയപ്പെടുത്തുക, ''ദേശീയസ്വാതന്ത്ര്യ''വും ചരിത്രപരമായി സുസ്ഥാപിതമായിക്കഴിഞ്ഞിട്ടുള്ള തത്വങ്ങളും കൂട്ടിയോജിപ്പിച്ചുകൊണ്ടുപോകുന്നതിനെപ്പററിയുള്ള സംസാരംകൊണ്ടു് അവരെ വ്യാമോഹിപ്പിക്കുക, തുടങ്ങിയവയാണു് ഈ മാർഗ്ഗങ്ങൾ.

രാഷ്ട്രങ്ങളുടെ രാഷ്ട്രീയസ്വയംനിർണ്ണയനമെന്ന തത്വത്തോടുള്ള ലിബറലുകളുടെ എതിർപ്പിനു് യഥാർത്ഥത്തിൽ വർഗ്ഗപരമായ ഒരേയൊരു അർത്ഥമുണ്ടാകാനേ തരമുള്ളു: ദേശീയ ലിബറലിസം, ഗ്രേററ്റഷ്യൻ ബൂർഷ്വാസിയുടെ ഭരണപരമായ പ്രത്യേകാനുകൂല്യങ്ങളെ പിന്താങ്ങൽ. ''ജൂൺ 3 ഭരണം'' നിലവിലിരിക്കുന്ന ഈ സന്ദർഭത്തിൽ രാഷ്ട്രങ്ങളുടെ സ്വയം നിർണ്ണയാവകാശത്തിനെതിരായി രംഗത്തിറങ്ങിയിരിക്കുന്ന റഷ്യൻ മാർക്സിസ്റ്റുകാർക്കിടയിലുള്ള അവസരവാദികൾ—ലികിഡേററർ സെംക്കോവ്സ്കിയും ബുന്ദിസ്റ്റ് ലീബ്മനും ഉക്രേനിയൻ പെററിബൂർഷ്വ യുർക്കേവിച്ചും — യഥാർത്ഥത്തിൽ ദേശീയലിബറലുകളുടെ വാലിൽ തൂങ്ങുകയും ദേശീയ ലിബറൽ ചിന്താഗതികൾകൊണ്ടു് തൊഴിലാളിവർഗ്ഗത്തെ ദുഷിപ്പിക്കുകയുമാണു ചെയ്യുന്നതു്.

തൊഴിലാളിവർഗ്ഗത്തിൻേറയും മുതലാളിത്തത്തിനെതിരായി അതു നടത്തുന്ന സമരത്തിൻേറയും താല്പര്യങ്ങളാവശ്യപ്പെടുന്നതു് എല്ലാ രാഷ്ട്രങ്ങളിലേയും തൊഴിലാളികൾ പരിപൂർണ്ണ ഐക്യവും ഏററവുമടുത്ത യോജിപ്പും വച്ചുപുലർത്തണമെന്നാണു്; ഏതെങ്കിലുമൊരു ദേശീയജനവിഭാഗത്തിൽപ്പെടുന്ന ബൂർഷ്വാസിയുടെ ദേശീയവാദപരമായ നയത്തെ എതിർത്തുതോല്പിക്കണമെന്നാണു്. അതുകൊണ്ടു് രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശത്തെ, അതായതു് മർദ്ദിതരാഷ്ട്രങ്ങൾക്കു വിട്ടുനിൽക്കാനുള്ള അവകാശത്തെ, നിരാകരിക്കുകയാണെങ്കിലും, മർദ്ദിത

രാഷ്ട്രങ്ങളിലെ ബൂർഷ്വാസിയുടെ എല്ലാ ദേശീയാവശ്യങ്ങളേയും അനുകൂലിക്കുകയാണെങ്കിലും രണ്ടായാലും സോഷ്യൽഡെമോക്രാററുകാർ ഒരു പോലെ തൊഴിലാളിവർഗ്ഗനയത്തിൽനിന്നും വ്യതിചലിക്കുകയും തൊഴിലാളികളെ ബൂർഷ്വാസിയുടെ നയത്തിനു വിധേയമാക്കുകയുമായിരിക്കും ചെയ്യുന്നതു്. തന്നെ മുഖ്യമായും ചൂഷണം ചെയ്യുന്നതു് ഗ്രേററ്റഷ്യൻ ബൂർഷ്വാസിയാണോ അതോ റഷ്യനല്ലാത്ത ബൂർഷ്വാസിയാണോ, പോളിഷ് ബൂർഷ്വാസിയാണോ അതോ യഹൂദബൂർഷ്വാസിയാണോ എന്നും മററുമുള്ളതു് കൂലിക്കു വേലചെയ്യുന്ന ഒരു തൊഴിലാളിയെ സംബന്ധിച്ചിടത്തോളം യാതൊരു വ്യത്യാസവും വരുത്തുന്നില്ല. തൻെറ വർഗ്ഗതാല്പര്യങ്ങളെക്കുറിച്ചു ബോധമുളവായിട്ടുള്ള തൊഴിലാളി ഗ്രേററ്റഷ്യൻ മുതലാളിമാരുടെ ഭരണസംബന്ധമായ പ്രത്യേകാനുകൂല്യങ്ങളിലും തങ്ങൾക്കു് ഈ ആനുകൂല്യങ്ങൾ കിട്ടുമ്പോൾ ഭൂമിയിൽ സ്വർഗ്ഗം സൃഷ്ടിക്കുമെന്ന പോളിഷ് അല്ലെങ്കിൽ ഉക്രേനിയൻ മുതലാളിമാരുടെ വാഗ്ദാനങ്ങളിലും ഒരുപോലെ വിതല്പരനാണു്. ഏകീകൃതസമ്മിശ്രസ്റ്റേററുകളിലായാലും വ്യത്യസ്തദേശീയസ്റ്റേററുകളിലായാലും രണ്ടിലും മുതലാളിത്തം ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ വളർന്നുകൊണ്ടിരിക്കുകയാണു്, മേലിലും വളർന്നുകൊണ്ടിരിക്കും.

രണ്ടായാലും കൂലിത്തൊഴിലാളി ചൂഷണം ചെയ്യപ്പെടും, ചൂഷണത്തിനെതിരായി വിജയകരമായി പൊരുതണമെന്നുണ്ടെങ്കിൽ തൊഴിലാളിവർഗ്ഗം ദേശീയവാദത്തിൽനിന്നും വിമുക്തമായിരിക്കുകയെന്നതു്, മേധാവിത്വത്തിനുവേണ്ടി വിവിധ രാഷ്ട്രങ്ങളിൽപ്പെട്ട ബൂർഷ്വാസി നടത്തുന്ന മത്സരത്തിൽ ഒരുതരത്തിൽ പറഞ്ഞാൽ തികഞ്ഞ നിഷ്പക്ഷത പാലിക്കുകയെന്നതു്, ഒരാവശ്യമാണു്. ഒരു രാഷ്ട്രത്തിലെ തൊഴിലാളിവർഗ്ഗം ''അതിൻെറ'' ദേശീയബൂർഷ്വാസിയുടെ പ്രത്യേകാനുകൂല്യങ്ങളെ അല്പംപോലും അനുകൂലിക്കുകയാണെങ്കിൽ അതു് മറേറ രാഷ്ട്രത്തിലെ തൊഴിലാളിവർഗ്ഗത്തിൽ അവിശ്വാസമുളവാക്കുമെന്നതു് അനിവാര്യമാണു്; അതു് തൊഴിലാളികളുടെ സാർ

വ്വദേശീയവർഗ്ഗൈക്യത്തെ ദുർബ്ബലമാക്കുകയും അവരെ ഭിന്നിപ്പിക്കുകയും ചെയ്യും. ബൂർഷ്വാസി അതു കണ്ടു് ആനന്ദിക്കും. അതേസമയം, സ്വയംനിർണ്ണയനത്തിനോ വിട്ടുനിൽക്കാനോ ഉള്ള അവകാശത്തെ നിഷേധിക്കുകയെന്നുവച്ചാൽ അനിവാര്യമായും അതിനർത്ഥം ഫലത്തിൽ പ്രാമാണികരാഷ്ട്രത്തിന്റെ പ്രത്യേകാനുകൂല്യങ്ങളെ പിന്താങ്ങുകയെന്നാണു്.

നോർവ്വെ സ്വീഡനിൽനിന്നും വിട്ടുപോയ ഉദാഹരണമെടുക്കുന്നപക്ഷം ഇപ്പറഞ്ഞതിനു് കൂടുതൽ പ്രകടമായ സ്ഥിരീകരണം ലഭിക്കുന്നതാണു്.

## 6. നോർവ്വെ സ്വീഡനിൽനിന്നും വിട്ടുപോയതു്

ഈ ഉദാഹരണംതന്നെ എടുത്തുകൊണ്ടു് റോസ ലക്സംബർഗ്ഗ് അതേപ്പററി പറയുന്നതിതാണു്:

''ഫെഡറൽ രൂപത്തിലുള്ള ബന്ധങ്ങളുടെ ചരിത്രത്തിൽ ഏററവും ഒടുവിൽ നടന്ന സംഭവമാണു് നോർവ്വെ സ്വീഡനിൽനിന്നു വിട്ടുപോയതു്. സ്റ്റേററെന്ന നിലയിൽ വേറിട്ടുപോകാനുള്ള അഭിലാഷം പ്രബലവും പുരോഗമനാത്മകവുമാണെന്നതിന്റെ ചാരിതാർത്ഥ്യജനകമായ ഒരു ലക്ഷണമായി അതിനെ പൊക്കിപ്പിടിക്കാൻ സാമൂഹ്യദേശാഭിമാനികളായ പോളിഷ് പത്രങ്ങൾ (ക്രാക്കൊവിലെ ''നാപ്ഷുദ്''43 നോക്കുക) അന്നു തിടുക്കം കാണിക്കുകയുണ്ടായി. എന്നാൽ ഫെഡറലിസവും അതിന്റെ അനുബന്ധമായ വേറിട്ടുനിൽക്കലും യാതൊരു തരത്തിലും പുരോഗമനത്തിന്റേയോ ജനാധിപത്യത്തിന്റേയോ പ്രകടനമല്ലെന്നു് സത്വരമായും ഏററവും പ്രത്യക്ഷമായും തെളിയിക്കുകയാണതു ചെയ്തതു്. സ്വീഡിഷ് രാജാവിനെ സ്ഥാനഭ്രഷ്ടനാക്കി നോർവ്വെ വിട്ടുപോകാൻ നിർബ്ബന്ധിതനാക്കിക്കൊണ്ടു് നോർവീജിയൻ 'വിപ്ലവ'മെന്നു പറയുന്ന ഒന്നു നടത്തിയതിനുശേഷം നോർവ്വെക്കാർ തികഞ്ഞ അക്ഷോഭ്യതയോടെ മറെറാരു രാജാവിനെ തിരഞ്ഞെടുത്തു. ഒരു റിപ്പബ്ലിക്ക് സ്ഥാപിക്കണമെന്ന നിർദ്ദേശം ജനകീയഹിതപരിശോധനയിലൂടെ അവർ തള്ളിക്കളഞ്ഞു. എല്ലാ ദേശീയപ്രസ്ഥാനങ്ങളേയും സ്വാതന്ത്ര്യത്തിന്റെ എല്ലാ ലക്ഷണങ്ങളേയും ഉപരിപ്ലവമായി പാടിപ്പുകഴ്ത്തുന്നവർ 'വിപ്ലവ'മായി കൊ

ട്ടിഘോഷിച്ചതു് കർഷകർക്കും പെററിബൂർഷ്വാസിക്കും സഹജമായ വിഭാഗീയചിന്താഗതിയുടെ പ്രകടനം മാത്രമായിരുന്നു, സ്വീഡിഷ് പ്രഭുക്കന്മാർ അടിച്ചേല്പിച്ചിട്ടുള്ള രാജാവിനു പകരം തങ്ങളുടെ പണത്തിനു് 'സ്വന്തമായ' ഒരു രാജാവിനെ വേണമെന്ന ആഗ്രഹം മാത്രമായിരുന്നു. അക്കാരണത്താൽ വിപ്ലവവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു പ്രസ്ഥാനമായിരുന്നു അതു്. അതേസമയംതന്നെ, അതേവരെ നിലനിന്നിരുന്ന ഫെഡറേഷൻ എത്രത്തോളം രാജകുടുംബങ്ങളുടെ താല്പര്യങ്ങൾ മാത്രം പ്രകാശിപ്പിച്ചിരുന്നുവെന്നും അങ്ങിനെ രാജാധിപത്യത്തിൻേറയും പിന്തിരിപ്പത്തത്തിൻേറയും ഒരു രൂപം മാത്രമായിരുന്നുവെന്നും സ്വീഡനും നോർവ്വെയും തമ്മിലുള്ള യൂണിയൻെറ പിരിച്ചുവിടൽ ഒരിക്കൽക്കൂടി തെളിയിക്കുകയുണ്ടായി'' (''പ്ഷെഗ്ലാദ്''').

ഇതാണു് ആകെക്കൂടി റോസ ലക്സംബർഗ്ഗിനു് ഈ പ്രശ്നത്തെപ്പററി പറയാനുള്ളതു്!! ഈ പ്രത്യേകദൃഷ്ടാന്തത്തിൽ ചെയ്തതിലും പ്രകടമായി സ്വന്തം നിലപാടിൻെറ പാപ്പരത്വം വെളിപ്പെടുത്താൻ റോസ ലക്സംബർഗ്ഗ് ബുദ്ധിമുട്ടുമായിരുന്നുവെന്നു സമ്മതിച്ചേ തീരൂ.

ഒരു സമ്മിശ്രദേശീയസ്റ്റേററിലെ സോഷ്യൽഡെമോക്രാററുകാർക്കു് സ്വയംനിർണ്ണയാവകാശം അഥവാ വിട്ടുനിൽക്കാനുള്ള അവകാശം അംഗീകരിച്ചുകൊണ്ടുള്ള ഒരു പരിപാടി ആവശ്യമുണ്ടോ? അതായിരുന്നു പ്രശ്നം. ഇപ്പോഴും അതുതന്നെയാണു പ്രശ്നം.

റോസ ലക്സംബർഗ്ഗ്തന്നെ എടുത്തുകാട്ടിയ നോർവ്വെയുടെ ദൃഷ്ടാന്തം ഇക്കാര്യത്തിൽ എന്താണു തെളിയിക്കുന്നതു്?

നമ്മുടെ ലേഖിക ഞെളിയുകയും പിരിയുകയും ചെയ്യുന്നുണ്ടു്, ഫലിതംപ്രയോഗിക്കുന്നുണ്ടു്, ''നാപ്ഷ്ദി''ൻെറ നേരെ തട്ടിക്കയറുന്നുണ്ടു്. ഇതൊക്കെയായിട്ടും അവർ ഈ ചോദ്യത്തിനു മറുപടി പറയുന്നില്ല!! മുന്നിലുള്ള പ്രശ്നത്തെപ്പററി ഒരു വാക്കുപോലും പറയാതിരിക്കാൻവേണ്ടി റോസ ലക്സംബർഗ്ഗ് സൂര്യനുകീഴിലുള്ള സകലതിനേയും പററി പറയുന്നുണ്ടു്!!

തങ്ങളുടെ പണത്തിനു് സ്വന്തമായി ഒരു രാജാവിനെ വേണമെന്നാശിക്കുകയും ജനകീയഹിതപരിശോധനവഴി റിപ്പബ്ലിക്ക്സ്ഥാപിക്കണമെന്ന നിർദ്ദേശം നിരസിക്കുകയും ചെയ്ത

തിലൂടെ നോർവ്വെയിലെ പെററിബൂർഷ്വാസി അങ്ങേയററം മോശമായ ഫിലിസ്റ്റൈൻ സ്വഭാവമാണ പ്രകടിപ്പിച്ചതെന്നതിനു സംശയമില്ല. അക്കാര്യം കാണാൻ കഴിയാതിരുന്ന "നാപ്ഷുദ്" അത്രതന്നെ മോശവും അത്രതന്നെ ഫിലിസ്റ്റൈനുമായ സ്വഭാവമാണ പ്രകടിപ്പിച്ചതെന്നതിനും സംശയമില്ല.

പക്ഷെ നമ്മുടെ ചർച്ചാവിഷയവുമായി ഇതിനെന്താണ പ്രസക്തി?

രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശത്തെക്കുറിച്ചും സോഷ്യലിസ്റ്റ് തൊഴിലാളിവർഗ്ഗം ആ അവകാശത്തോടെടുക്കേണ്ട നിലപാടിനെക്കുറിച്ചുമാണ നാം ചർച്ചചെയ്യുന്നത്. പിന്നെന്തുകൊണ്ടാണ് റോസ ലൿസംബുർഗ്ഗ് ഈ ചോദ്യത്തിനുത്തരം നൽകാതെ ഉരുണ്ടുപിരളുന്നത്?

എലിയുടെ കണ്ണിൽ പൂച്ചയേക്കാരം കരുത്തുള്ള ഒരു ജന്തുവില്ലെന്നു പറയാറുണ്ട്. റോസ ലൿസംബുർഗ്ഗിൻെറ ദൃഷ്ടിയിൽ "ഫ്രാകി"യെക്കാരം കരുത്തുള്ള ഒരു ജന്തുവില്ലെന്നാണ തോന്നുന്നത്. "ഫ്രാകി"യെന്ന പേരിലാണ് "പോളിഷ് സോഷ്യലിസ്റ്റ് പാർട്ടി," വിപ്ലവഫാക്ഷനെന്നു പറയപ്പെടുന്ന വിഭാഗം, സാധാരണ അറിയപ്പെടുന്നത്. ആ "ഫാക്ഷൻെറ" അഭിപ്രായങ്ങളാണ് ക്രാക്കൊവിലെ "നാപ്ഷുദ്" എന്നപത്രം പങ്കുകൊള്ളുന്നത്. ഈ "ഫാക്ഷൻെറ" ദേശീയവാദത്തിനെതിരായ സമരത്തിൽ അങ്ങേയററം മുഴുകിപ്പോയതുകൊണ്ട് റോസ ലൿസംബുർഗ്ഗിനു "നാപ്ഷുദി"നെയല്ലാതെ മറെറാന്നും കാണാൻ കഴിയുന്നില്ല.

"നാപ്ഷുദ്" "അതെ" എന്നു പറഞ്ഞാൽ തൽക്ഷണം "അല്ലെ"ന്നു പറയുന്നതു തൻെറ പാവനമായ കടമയാണെന്നു റോസ ലൿസംബുർഗ്ഗ് കരുതുന്നു. അങ്ങനെ ചെയ്യുന്നതുകൊണ്ട് "നാപ്ഷുദി"ൽനിന്നുമുള്ള സ്വാതന്ത്ര്യമല്ല, നേരേമറിച്ച് "ഫ്രാകി"യുടെ മേൽ അപഹാസ്യമായ വിധത്തിലുള്ള ആശ്രിതത്വത്തെയാണ താൻ വെളിപ്പെടുത്തുന്നതെന്ന വസ്തുതയെക്കുറിച്ച് അവർ ചിന്തിക്കുന്നില്ല. ക്രാക്കൊവിലെ ഉറുമ്പുകുന്നയിൽ നിന്നുമുള്ളതിനേക്കാരം കുറേക്കൂടി അഗാധവും വിശാലവുമാ

യൊരു വീക്ഷണത്തോടെ കാര്യങ്ങരം കാണാൻ തനിക്കു കഴി വില്ലെന്ന വസ്തുതയെക്കുറിച്ച് അവർ ചിന്തിക്കുന്നില്ല. തീർച്ചയായും ''നാപ്ഷുദ്'' തീരെ മോശപ്പെട്ടതും അല്പംപോലും മാർക്സിസ്റ്റല്ലാത്തതുമായ ഒരു പത്രമാണ്; പക്ഷെ, എന്നുവച്ച് അതു് നോർവ്വെയുടെ ഉദാഹരണം നാമെടുത്ത സ്ഥിതിക്കു് അതിനെ ശരിയായി അപഗ്രഥിക്കുന്നതിനു് ഒരു തടസ്സമാവാൻ പാടില്ല.

ആ ഉദാഹരണം മാർക്സിസ്റ്റ് രീതിയിൽ അപഗ്രഥിക്കണമെന്നുണ്ടെങ്കിൽ നാം ചെയ്യേണ്ടതു് അങ്ങേയററം നികൃഷ്ടമായ ''ഫ്രാകി''യുടെ ദോഷങ്ങളെക്കുറിച്ച് ചർച്ചചെയ്യുകയല്ല, നേരേമറിച്ച്, ഒന്നാമതായി നോർവ്വെ സ്വീഡനിൽനിന്നും വിട്ടുപോയതിൻെറ സമൂർത്തമായ ചരിത്രവസ്തുതകളെക്കുറിച്ചും രണ്ടാമതായി അങ്ങിനെ വിട്ടുപോയതു സംബന്ധിച്ച് ഇരുരാജ്യങ്ങളിലേയും തൊഴിലാളിവർഗ്ഗത്തിനു് അഭിമുഖീകരിക്കേണ്ടിവന്ന കടമകളെക്കുറിച്ചും പര്യാലോചിക്കുകയാണ്.

നോർവ്വെയും സ്വീഡനും തമ്മിലുള്ള ഭൂമിശാസ്ത്രപരവും സാമ്പത്തികവും ഭാഷാപരവുമായ ബന്ധങ്ങരം ഗ്രേററ്റഷ്യനല്ലാത്ത പല സ്ലാവ് രാഷ്ട്രങ്ങളും ഗ്രേററ്റഷ്യാക്കാരും തമ്മിലുള്ള ബന്ധത്തോളംതന്നെ അടുത്തതാണ്. പക്ഷെ നോർവ്വെയും സ്വീഡനും തമ്മിലുള്ള യൂണിയൻ സ്വമേധയാ ഉണ്ടായതല്ല. അതുകൊണ്ടു് ''ഫെഡറേഷ''നെക്കുറിച്ചുള്ള റോസ ല്വക്സംബുർഗ്ഗിൻെറ പരാമർശം തികച്ചും അസ്ഥാനത്താണ്. എന്തു പറയണമെന്നു് അറിയാൻ വയ്യാത്തതുകൊണ്ടു മാത്രമാണ് അവർ അങ്ങിനെ ചെയ്തതു്. നെപ്പോളിയാനിക് യുദ്ധകാലത്തു് രാജാക്കന്മാർ നോർവ്വെക്കാരുടെ ഹിതത്തിനെതിരായി നോർവ്വെയെ സ്വീഡനുമായി കൂട്ടിച്ചേർക്കുകയാണുണ്ടായതു്; നോർവ്വെയെ അടിമപ്പെടുത്താൻവേണ്ടി സ്വീഡുകാർക്കു പട്ടാളത്തെ കൊണ്ടുവരേണ്ടിവന്നു.

നോർവ്വെ അസാമാന്യമാംവിധം വിപുലമായ സ്വയംഭരണാധികാരം അനുഭവിച്ചുപോന്നെങ്കിലും (അതിനു് സ്വന്തമായ നിയമസഭയും മററുമുണ്ടായിരുന്നു) സംയോജനത്തെത്തുടർന്നുള്ള

കുറെയേറെ ദശാബ്ദകാലത്തേക്കു് നോർവ്വെയും സ്വീഡനും തമ്മിൽ നിരന്തരമായ സംഘർഷമുണ്ടായിരുന്നു. സ്വീഡിഷ് പ്രഭുക്കളുടെ നുകം വലിച്ചെറിയാൻ നോർവ്വെക്കാർ പരമാവധി ശ്രമിച്ചു. അവസാനം 1905 ആഗസ്റ്റിൽ അവർ വിജയിച്ചു: സ്വീഡിഷ് രാജാവു് മേലിൽ നോർവ്വെയുടെ രാജാവല്ലെന്നു് നോർവ്വെയിലെ നിയമസഭ തീരുമാനിക്കുകയും പിന്നീടു നോർവ്വെക്കാർക്കിടയ്ക്കു നടത്തിയ ഹിതപരിശോധനയിൽ ബഹുഭൂരിപക്ഷം ജനങ്ങളും സ്വീഡനിൽനിന്നും പൂർണ്ണമായി വിട്ടുപോകാൻവേണ്ടി വോട്ടുചെയ്യുകയും ചെയ്തു (രണ്ടുലക്ഷം പേർ അനുകൂലിച്ചു വോട്ടുചെയ്തപ്പോൾ എതിർത്തവരുടെ എണ്ണം ശതമാത്രമായിരുന്നു). എന്തു ചെയ്യേണ്ടു എന്നറിയാതെ തെല്ലൊരു കാലത്തേക്കു് അറച്ചുനിന്നശേഷം സ്വീഡുകാർ നോർവ്വെയുടെ വിട്ടുപോകൽ ഒരു യാഥാർത്ഥ്യമായി അംഗീകരിച്ചു.

ആധുനികമായ സാമ്പത്തികരാഷ്ട്രീയബന്ധങ്ങൾ നിലനിൽക്കെ രാഷ്ട്രങ്ങൾ വിട്ടുപോകാനുള്ള സാദ്ധ്യത ഉളവാകുകയും അവ യഥാർത്ഥത്തിൽ വിട്ടുപോകുകയും ചെയ്യുന്നതു് എന്തെല്ലാം കാരണങ്ങളാലാണെന്നും രാഷ്ട്രീയസ്വാതന്ത്ര്യത്തിന്റേയും ജനാധിപത്യത്തിന്റേയും സാഹചര്യങ്ങളിൽ വിട്ടുപോകൽ ചിലപ്പോൾ എന്തെല്ലാം രൂപങ്ങൾ കൈക്കൊള്ളുമെന്നും ഈ ദൃഷ്ടാന്തം വെളിപ്പെടുത്തുന്നു.

രാഷ്ട്രങ്ങൾ വിട്ടുപോകുന്നതു സംബന്ധിച്ചുണ്ടായേക്കാവുന്ന തർക്കങ്ങൾ ''റഷ്യൻ രീതി''ക്കല്ല, നേരേമറിച്ചു് 1905–ൽ നോർവ്വെയും സ്വീഡനും തർക്കം തീർത്ത വിധത്തിൽമാത്രമാണു തീർക്കേണ്ടതെന്നു് നിരന്തരം പ്രചാരവേല ചെയ്യുകയും അതിനു കളമൊരുക്കുകയും ചെയ്യുകയെന്നതു് വർഗ്ഗബോധമുള്ള തൊഴിലാളികളുടെ ഒഴിച്ചുകൂടാനാവാത്ത കടമയാണെന്നതിനുള്ള പ്രായോഗികതെളിവാണു് ഈ ദൃഷ്ടാന്തമെന്നതു് രാഷ്ട്രീയസ്വാതന്ത്ര്യവും ജനാധിപത്യവും തനിക്കു താല്പര്യമുള്ള വിഷയങ്ങളല്ലെന്നു ഭാവിക്കാത്ത ഏതൊരു സോഷ്യൽഡെമോക്രാററിനും (അങ്ങിനെയാണെങ്കിൽ അയാൾ സ്വാഭാവികമായും ഒരു സോഷ്യൽഡെമോക്രാററല്ലാതാകും) നിഷേധിക്കാൻ സാദ്ധ്യമല്ല.

രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശം അംഗീകരിക്കണമെന്ന് പരിപാടിയിലുന്നയിച്ചിരിക്കുന്ന ആവശ്യം ഇതുതന്നെയാണ് പ്രകാശിപ്പിക്കുന്നത്. നോർവീജിയൻ ഫിലിസ്റ്റൈൻമാരുടെ ഫിലിസ്റ്റൈനിസത്തേയും ക്രാക്കൊവിലെ ''നാപ്ഷുദി''നേയും രൂക്ഷമായി ആക്രമിച്ചുകൊണ്ട് തൻെറ സിദ്ധാന്തത്തിനു ചേരാത്ത ഒരു വസ്തുതയിൽനിന്നും ഒഴിഞ്ഞുമാറാനായിരുന്നു റോസ ലുക്സംബുർഗ്ഗിൻെറ ശ്രമം. കാരണം, രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശം ''മനോരാജ്യ''മാണെന്നും ''സ്വർണ്ണത്തളികയിൽനിന്നും ഭക്ഷണം കഴിക്കാനുള്ള'' അവകാശംപോലെയാണതെന്നും മററുമുള്ള അവരുടെ പദപ്രയോഗങ്ങളെ ഈ ചരിത്രവസ്തുത പാടേ നിഷേധിക്കുന്നുവെന്ന് അവർ നല്ലവണ്ണം മനസ്സിലാക്കി. കിഴക്കൻയൂറോപ്പിലെ ദേശീയജനവിഭാഗങ്ങൾക്കിടയിൽ ഇന്നു നിലവിലുള്ള ബന്ധങ്ങളുടെ ശാശ്വതത്വത്തെക്കുറിച്ചുള്ള വങ്കത്തംനിറഞ്ഞ അവസരവാദപരമായ വിശ്വാസത്തെ മാത്രമാണ് അത്തരം പദപ്രയോഗങ്ങൾ പ്രകടിപ്പിക്കുന്നത്.

നമുക്കു തുടരാം. മറേറതു പ്രശ്നത്തിലുമെന്നപോലെ രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനത്തിൻെറ പ്രശ്നത്തിലും നമ്മുടെ താല്പര്യം പ്രഥമവും പ്രധാനവുമായി രാഷ്ട്രങ്ങൾക്കുള്ളിലെ തൊഴിലാളിവർഗ്ഗത്തിൻെറ സ്വയംനിർണ്ണയനത്തിലാണ്. ഈ പ്രശ്നത്തിൽനിന്നും റോസ ലുക്സംബുർഗ്ഗ് വിനയപൂർവ്വം ഒഴിഞ്ഞുമാറുകയാണുണ്ടായത്. കാരണം, താൻതന്നെ തിരഞ്ഞെടുത്ത നോർവ്വെയുടെ ദൃഷ്ടാന്തത്തിൻെറ അടിസ്ഥാനത്തിൽ ഈ പ്രശ്നം വിശകലനം ചെയ്യുകയാണെങ്കിൽ അതു തൻെറ ''സിദ്ധാന്ത''ത്തിന് എത്രത്തോളം അരോചകമായിരിക്കുമെന്ന് അവർ മനസ്സിലാക്കി.

വിട്ടുപോകുന്നതിനെക്കുറിച്ചുള്ള തർക്കത്തിൽ നോർവ്വെയിലേയും സ്വീഡനിലേയും തൊഴിലാളിവർഗ്ഗം എടുത്ത നിലപാടെന്താണ്? എന്തു നിലപാടാണ് അവർ എടുക്കേണ്ടിയിരുന്നത്? നോർവ്വെ വിട്ടുപോയതിനുശേഷം നോർവ്വെയിലെ വർഗ്ഗബോധമുള്ള തൊഴിലാളികൾ സ്വഭാവികമായും ഒരു റിപ്പ

ബ്ലിക്കിനുവേണ്ടി വോട്ടുചെയ്യുകാണം.* ചില സോഷ്യലിസ്റ്റു കാർ മറിച്ച് വോട്ടുചെയ്തെങ്കിൽ, യൂറോപ്യൻ തൊഴിലാളിപ്ര സ്ഥാനത്തിൽ ബുദ്ധിശൂന്യമായ ഫിലിസ്റ്റൈൻ അവസരവാദം ചിലപ്പോഠം എത്രകണ്ടുണ്ടെന്നുമാത്രമാണ് അതു തെളിയിക്കു ന്നതു്. അതേപ്പററി രണ്ടഭിപ്രായത്തിനിടയില്ല. അപ്രസക്ത മായി സംസാരിച്ചുകൊണ്ടു് പ്രശ്നം മൂടിവയ്ക്കാൻ റോസ ലക്സം ബർഗ്ഗ് ശ്രമിക്കുന്നതുകൊണ്ടു മാത്രമാണ് ഞങ്ങഠം ഇക്കാര്യം പറയുന്നതു്. വേറിട്ടുപോകുന്ന പ്രശ്നത്തിൽ നോർവീജിയൻ സോഷ്യൽഡെമോക്രാററുകാർ ഏതെങ്കിലുമൊരഭിപ്രായം വച്ചു പുലർത്താൻ ബാദ്ധ്യസ്ഥരാണെന്ന് നോർവീജിയൻ സോഷ്യ ലിസ്റ്റ് പരിപാടി അനുശാസിക്കുകയുണ്ടായോ എന്നു ഞങ്ങഠം ക്കറിയില്ല. അതങ്ങിനെ ചെയ്യില്ലെന്നു നമുക്കു കരുതാം. നോർവ്വെയുടെ സ്വയംഭരണത്തിൻകീഴിൽ വർഗ്ഗസമരം നിർ ബ്ബാധം നടത്താനുള്ള അവസരം എത്രത്തോളം ലഭിക്കുമെന്നും സ്വീഡിഷ് പ്രഭുക്കന്മാരുമായുള്ള നിരന്തരമായ സംഘർഷവും സംഘട്ടനങ്ങളും സ്വതന്ത്രമായ സാമ്പത്തികജീവിതത്തെ എത്രത്തോളം തടസ്സപ്പെടുത്തുന്നുവെന്നുമുള്ളതു് ഒരു തുറന്ന പ്രശ്ന മായി വിടുകയാണ് നോർവീജിയൻ സോഷ്യലിസ്റ്റുകാർ ചെയ്യുതെന്നും നമുക്കു കരുതാം. എന്നാൽപ്പോലും ഈ പ്രഭുക്കന്മാ രെ എതിർക്കുകയും നോർവീജിയൻ കർഷകജനാധിപത്യത്തെ (അതിനെന്തെല്ലാം ഫിലിസ്റ്റൈൻ പരിമിതികളുണ്ടെങ്കിൽക്കൂടി) പിന്താങ്ങുകയും ചെയ്യുകയെന്നതു് നോർവീജിയൻ തൊഴിലാ ളിവർഗ്ഗത്തിൻെറ കടമയായിരുന്നുവെന്നതു് നിഷേധിക്കാനാ വാത്ത ഒരു വസ്തുതയാണ്.

ഇനി സ്വീഡനിലെ തൊഴിലാളിവർഗ്ഗത്തിൻെറ നിലപാ

*തൊഴിലാളിവർഗ്ഗം റിപ്പബ്ലിക്ക് വേണമെന്നാഗ്രഹിച്ചപ്പോഠം നോർവീജിയൻ രാഷ്ട്രത്തിലെ ഭൂരിപക്ഷമാളുകഠം രാജാധിപത്യത്തെ അനു കൂലിച്ച സ്ഥിതിക്കു് നോർവീജിയൻ തൊഴിലാളിവർഗ്ഗത്തിൻെറ മുമ്പിൽ, പൊതുവിൽ പറഞ്ഞാൽ, രണ്ടു പോംവഴികളുണ്ടായിരുന്നു: ഒന്നുകിൽ വിപ്ലവം, അതിനുള്ള സാഹചര്യങ്ങഠം പാകമായിട്ടുണ്ടെങ്കിൽ; അല്ലെ ങ്കിൽ ഭൂരിപക്ഷഹിതത്തിനു വഴിപ്പെട്ടുകൊണ്ടു് ദീർഘമായ പ്രചാരവേല യും പ്രക്ഷോഭവും നടത്തുക.

ടെന്തായിരുന്നു? സ്വീഡനിലെ പൗരോഹിത്യത്തിൻെറ പിന്തുണയോടെ അവിടത്തെ ഭൂവുടമകഠം നോർവ്വെക്കെതിരായി യുദ്ധത്തിനിറങ്ങണമെന്നു വാദിച്ചുവെന്നതു് എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണു്. നോർവ്വെ സ്വീഡനേക്കാഠം വളരെയേറെ ദുർബ്ബലമായിരുന്നുവെന്നതുകൊണ്ടും അതു് അതിനകം തന്നെ ഒരു സ്വീഡിഷ് ആക്രമണം അനുഭവിച്ചുകഴിഞ്ഞിരുന്നുവെന്നതുകൊണ്ടും സ്വീഡനിലെ പ്രഭുക്കഠം അവരുടെ രാജ്യത്തു് ഗണ്യമായ സ്വാധീനം ചെലുത്തുന്നുവെന്നതുകൊണ്ടും യുദ്ധത്തിനുവേണ്ടിയുള്ള ഈ വാദം തികച്ചും ആപൽക്കരമായിരുന്നു. ''രാഷ്ട്രങ്ങളുടെ രാഷ്ട്രീയസ്വയംനിർണ്ണയനത്തെക്കുറിച്ചുള്ള അയവേറിയ ഫോർമുലകഠം'' ''ജാഗ്രതയോടെ കൈകാര്യം ചെയ്യാൻ'' അഭ്യർത്ഥിച്ചുകൊണ്ടും ''ഭരണകൂടം ശിഥിലമായിപ്പോകു''മെന്ന അപകടത്തെക്കുറിച്ചു് ഭയാനകമായ ചിത്രങ്ങഠം വരച്ചുകാട്ടിക്കൊണ്ടും ''ജനകീയസ്വാതന്ത്ര്യം'' സ്വീഡിഷ് പ്രഭുക്കളുടെ തത്വങ്ങളുമായി പൊരുത്തപ്പെട്ടുപോകുന്ന ഒന്നാണെന്നു് ഉറപ്പുകൊടുത്തുകൊണ്ടും സ്വീഡിഷ് ജനങ്ങളുടെ മനസ്സു ദുഷിപ്പിക്കാനുള്ള ഉദ്യമത്തിൽ സ്വീഡിഷ് കൊക്കോഷ്കിന്മാർ വളരെയേറെ സമയവും പ്രയത്നവും വ്യയംചെയ്തിരിക്കുമെന്നതു തീർച്ചയാണു്. സ്വീഡിഷ് സോഷ്യൽഡെമോക്രാററുകാർ സർവ്വശക്തിയുമുപയോഗിച്ചു് ഭൂവുടമകളുടേയും ''കൊക്കോഷ്കിന്മാരുടേയും'' പ്രത്യയശാസ്ത്രത്തേയും നയത്തേയും എതിർത്തില്ലായിരുന്നുവെങ്കിൽ, രാഷ്ട്രങ്ങഠം തമ്മിൽ സമത്വമുണ്ടായിരിക്കണമെന്നു പൊതുവിൽ ആവശ്യപ്പെടുന്നതിനു പുറമെ (അതിനോടു കൊക്കോഷ്കിന്മാരും യോജിക്കുന്നുണ്ടു്) രാഷ്ട്രങ്ങഠംക്കു സ്വയംനിർണ്ണയാവകാശവും നോർവ്വെയ്ക്കു് വിട്ടുപോകാനുള്ള സ്വാതന്ത്ര്യവുമുണ്ടായിരിക്കണമെന്നുകൂടി അവരാവശ്യപ്പെട്ടില്ലായിരുന്നുവെങ്കിൽ, അവർ സോഷ്യലിസത്തേയും ജനാധിപത്യത്തേയും വഞ്ചിക്കുമായിരുന്നുവെന്നതു് സംശയമററ കാര്യമാണു്.

നോർവ്വെക്കാർക്കു വിട്ടുപോകാനുള്ള അവകാശം സ്വീഡിഷ്തൊഴിലാളികഠം അംഗീകരിച്ചതുകൊണ്ടു് നോർവ്വെക്കാരും സ്വീഡിഷുകാരുമായ തൊഴിലാളികഠംതമ്മിലുള്ള അടുത്ത

സഖ്യവും അവർതമ്മിലുള്ള പരിപൂർണ്ണവും സൗഭ്രാത്രപരവുമായ വർഗ്ഗൈക്യവും ശക്തിപ്പെടുകയാണുണ്ടായതു്. കാരണം, സ്വീഡിഷ് ദേശീയവാദം സ്വീഡിഷ്തൊഴിലാളികളെ ബാധിച്ചിട്ടില്ലെന്നും അവർ നോർവീജിയൻതൊഴിലാളികളുമായുള്ള സഹോദരബന്ധത്തെ സ്വീഡിഷ് ബൂർഷ്വാസിയുടേയും പ്രഭുക്കളുടേയും പ്രത്യേകാനുകൂല്യങ്ങളേക്കാളുപരിയായി കാണുന്നുവെന്നും നോർവീജിയൻതൊഴിലാളികൾക്കു് അതോടെ ബോദ്ധ്യമായി. യൂറോപ്പിലെ രാജാക്കന്മാരും സ്വീഡിഷ് പ്രഭുക്കളും നോർവ്വെയുടെ മീതെ വച്ചുകെട്ടിയിരുന്ന ബന്ധങ്ങൾ അറുത്തുമുറിച്ചതു് നോർവീജിയൻതൊഴിലാളികളും സ്വീഡിഷ്തൊഴിലാളികളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുകയാണു ചെയ്തതു്. ബൂർഷ്വാനയത്തിൽ എന്തെല്ലാം തിരിമറികൾ വന്നാലും—നോർവ്വെക്കാരെ നിർബ്ബന്ധമായും സ്വീഡിഷുകാർക്കു് കീഴ്പ്പെടുത്തിക്കൊണ്ടുള്ള ഒരു സ്ഥിതി വീണ്ടും സംജാതമാകാൻ ബൂർഷ്വാബന്ധങ്ങൾ ഒരുപക്ഷേ ഇടയാക്കിയേക്കും!—സ്വീഡനിലേയും നോർവ്വെയിലേയും ബൂർഷ്വാസിക്കെതിരായ സമരത്തിൽ ഇരുരാഷ്ട്ര ങ്ങളിലേയും തൊഴിലാളികൾ തമ്മിൽ പരിപൂർണ്ണമായ സമത്വവും വർഗ്ഗൈക്യവും വച്ചുപുലർത്താനും സംരക്ഷിക്കാനും തങ്ങൾക്കു കഴിയുമെന്നു് സ്വീഡിഷ് തൊഴിലാളികൾ തെളിയിച്ചു.

ഞങ്ങളും റോസ ലുക്സംബുർഗ്ഗും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ പോളിഷ് സോഷ്യൽഡെമോക്രസിക്കെതിരായി ''ഉപയോഗിക്കാൻ'' ''ഫ്രാകി'' ചിലപ്പോൾ നടത്തുന്ന ശ്രമം എത്രത്തോളം അടിസ്ഥാനരഹിതവും ബാലിശംപോലുമാണെന്നു് ഇതിൽനിന്നു് തെളിയുന്നുണ്ടെന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ''ഫ്രാകി'' ഒരു തൊഴിലാളിപ്പാർട്ടിയോ ഒരു സോഷ്യലിസ്റ്റ് പാർട്ടിയോ അല്ല, നേരേമറിച്ചു് ഏതാണ്ടു് പോളിഷ് സോഷ്യൽറവലൂഷണറികളെപ്പോലെ പെററിബൂർഷ്വാദേശീയവാദികളുടെ ഒരു പാർട്ടിയാണു്. ആ പാർട്ടിയും റഷ്യൻ സോഷ്യൽഡെമോക്രാററുകാരും തമ്മിൽ യോജിക്കുന്ന പ്രശ്നം ഒരുകാലത്തുമുണ്ടായിട്ടില്ല, ഉണ്ടാകാൻ തരവുമില്ല. നേരേമറിച്ചു്, പോളിഷ് സോഷ്യൽഡെമോക്രാററുകാരുമായി സ്ഥാപിച്ചി

ട്ടുള്ള അടുത്തബന്ധങ്ങളെക്കുറിച്ചും ഐക്യത്തെക്കുറിച്ചും ഒരൊററ റഷ്യൻ സോഷ്യൽഡെമോക്രാററുപോലും ഒരിക്കലും ''പശ്ചാത്തപിച്ചിട്ടില്ല''. ദേശീയവാദപരമായ അഭിലാഷങ്ങളും വികാരങ്ങളും വ്യാപകമായ തോതിൽ പടർന്നുപിടിച്ചിട്ടുള്ള ഒരു രാജ്യമായ പോളണ്ടിൽ യഥാർത്ഥത്തിൽ മാർക്സിസ്റ്റും യഥാർത്ഥത്തിൽ തൊഴിലാളിവർഗ്ഗത്തിൻേറതുമായ ഒരു പാർട്ടി ആദ്യമായി സൃഷ്ടിച്ചുകൊണ്ട് പോളിഷ് സോഷ്യൽ ഡെമോക്രാററുകാർ ചെയ്തിരിക്കുന്നതു് ചരിത്രപരമായി മഹത്തായൊരു സേവനമാണ്. പക്ഷെ, പോളിഷ് സോഷ്യൽ ഡെമോക്രാററുകാർ ചെയ്ത സേവനം മഹത്തരമായതു് റഷ്യൻ മാർക്സിസ്റ്റുകാരുടെ പരിപാടിയുടെ ഒമ്പതാംഖണ്ഡികയെപ്പററി റോസ ലുക്സംബർഗ്ഗ് കുറെയേറെ വിഡ്ഢിത്തം എഴുന്നള്ളിച്ചതുകൊണ്ടല്ല; നേരേമറിച്ച്, നിർഭാഗ്യകരമായ ആ സാഹചര്യമുണ്ടായിട്ടും അതു മഹത്തരമാണെന്നതാണു വാസ്തവം.

തീർച്ചയായും, പോളിഷ് സോഷ്യൽഡെമോക്രാററുകാരെ സംബന്ധിച്ചിടത്തോളം ''സ്വയംനിർണ്ണയാവകാശ''പ്രശ്നത്തിനു് റഷ്യാക്കാർക്കുള്ളിടത്തോളം പ്രാധാന്യമില്ല. പോളണ്ടിലെ ദേശീയവാദതിമിരം ബാധിച്ച പെററിബൂർഷ്വാസിയെ എതിരിടുന്നതിലുള്ള ഉത്സാഹത്തിൽ (ചിലപ്പോഴ് അതു് അല്പം കൂടിപ്പോകുന്നുണ്ടോ എന്നൊരു സംശയം) പോളിഷ് സോഷ്യൽ ഡെമോക്രാററുകാർ കുറെ ''കടന്നുപോകുന്നു''ണ്ടെങ്കിൽ അതു സ്വാഭാവികമാണ്. പോളിഷ് സോഷ്യൽഡെമോക്രാററുകാർ പോളണ്ട് വിട്ടുനിൽക്കുന്നതിനെതിരാണെന്ന കാരണത്താൽ ഒരൊററ റഷ്യൻ മാർക്സിസ്റ്റും അവരെ മനസാപോലും കുററപ്പെടുത്തിയിട്ടില്ല. സ്വയംനിർണ്ണയാവകാശത്തിനുള്ള അംഗീകരണം റഷ്യൻ മാർക്സിസ്റ്റുകാരുടെ പരിപാടിയിൽ ഉൾപ്പെടുത്തേണ്ടയാവശ്യമില്ലെന്നു് റോസ ലുക്സംബർഗ്ഗിനെപ്പോലെ വാദിക്കുമ്പോൾ മാത്രമാണ് ഈ സോഷ്യൽഡെമോക്രാററുകാർക്കു പിശകു പററുന്നതു്.

ക്രാക്കൊവിൻെറ മാനദണ്ഡം വച്ചളക്കുമ്പോൾ ന്യായമായിത്തോന്നാവുന്ന ബന്ധങ്ങൾ ഗ്രേററ്റഷ്യാക്കാരുൾപ്പെടെ

റഷ്യയിലധിവസിക്കുന്ന എല്ലാ ജനതകൾക്കും രാഷ്ട്രങ്ങൾക്കും ബാധകമാക്കാൻ ശ്രമിക്കുകയെന്നാണ് ഫലത്തിൽ ഇതിനർത്ഥം. റഷ്യൻ സോഷ്യൽഡെമോക്രാററുകാരാവുകയെന്നല്ല, സാർവ്വദേശീയസോഷ്യൽഡെമോക്രാററുകാരാവുകയെന്നല്ല, ''അടിമുടി പോളിഷ് ദേശീയവാദിക''ളാവുകയെന്നാണ് ഇതിനർത്ഥം.

കാരണം, രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശത്തെ അംഗീകരിക്കുന്നതിനുവേണ്ടിയാണ് സാർവ്വദേശീയസോഷ്യൽഡെമോക്രസി നിലകൊള്ളുന്നതു്. അടുത്തതായി നാം ചർച്ച ചെയ്യാൻ പോകുന്നതു് അതേപ്പററിയാണ്.

## 7. ലണ്ടൻ സാർവ്വദേശീയ കോൺഗ്രസ്സിൻെറ പ്രമേയം (1896)

പ്രസ്തുതപ്രമേയം ഇങ്ങനെ പറയുന്നു:

''എല്ലാ രാഷ്ട്രങ്ങൾക്കും സ്വയംനിർണ്ണയനത്തിനുള്ള'' (Selbstbestimmung) ''പരിപൂർണ്ണമായ അവകാശത്തെ ഉയർത്തിപ്പിടിക്കുന്നതായി കോൺഗ്രസ്സ് പ്രഖ്യാപിക്കുകയും സൈനികമോ ദേശീയമോ മററേതെങ്കിലും രൂപത്തിലുള്ളതോ ആയ സ്വേച്ഛാധിപത്യത്തിൻെറ നുകത്തിൻകീഴിൽ ഇന്നു കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന എല്ലാ രാജ്യങ്ങളിലേയും തൊഴിലാളികളോടുള്ള അനുഭാവം രേഖപ്പെടുത്തുകയും ചെയ്യുന്നു; സാർവ്വദേശീയ മുതലാളിത്തത്തെ പരാജയപ്പെടുത്തുന്നതിനും സാർവ്വദേശീയസോഷ്യൽഡെമോക്രസിയുടെ ലക്ഷ്യങ്ങൾ നേടുന്നതിനും വേണ്ടി തോളോടു തോൾ ചേർന്നുനിന്നുകൊണ്ടു പൊരുതാനായി ലോകമാസകലമുള്ള വർഗ്ഗബോധമുള്ള'' (Klassenbewusste — അതായതു് സ്വന്തം വർഗ്ഗതാല്പര്യങ്ങളെക്കുറിച്ചു ബോധമുള്ളവരെന്നർത്ഥം) ''തൊഴിലാളികളുടെ അണികളിൽ ചേരാൻ കോൺഗ്രസ്സ് ഈ രാജ്യങ്ങളിലെല്ലാമുള്ള തൊഴിലാളികളെ ഉൽബോധിപ്പിക്കുന്നു''.*

---

*ലണ്ടൻ കോൺഗ്രസ്സിനെക്കുറിച്ചുള്ള ഔദ്യോഗിക ജർമ്മൻ റിപ്പോർട്ടു നോക്കുക: "Verhandlungen und Beschlüsse des internationalen sozialistischen Arbeiter- und Gewerkschafts-Kongresses Zu London", vom 27. Juli bis 1. August, 1896, Berlin, 1897, S. 18. (1896 ജൂലൈ 27മുതൽ ആഗസ്റ്റ് 1വരെ ലണ്ടനിൽ ചേർന്ന സാർവ്വദേശീയതൊഴിലാളി—

ഞങ്ങരം മുമ്പു ചൂണ്ടിക്കാണിച്ചതുപോലെ, സെംക്കോവ്സ്കിയ്, ലീബ്മൻ, യൂർക്കേവിച്ച് എന്നീ അവസരവാദികരം ഈ പ്രമേയത്തെപ്പററി കേട്ടിട്ടേയില്ല.

എന്നാൽ റോസ ലൂക്സംബൂർഗ്ഗിനു് അതേപ്പററി അറിയാം. അവരതിൻെറ പൂർണ്ണരൂപം ഉദ്ധരിക്കുന്നുമുണ്ടു്. ഞങ്ങളുടെ പരിപാടിയിലുള്ള ''സ്വയംനിർണ്ണയാവകാശ''മെന്ന അതേ പ്രയോഗം അതിലുമുണ്ടു്.

തൻെറ ''നൂതന''സിദ്ധാന്തത്തിനു പ്രതിബന്ധമായി നിൽക്കുന്ന ഈ തടസ്സം റോസ ലൂക്സംബൂർഗ്ഗ് ദൂരീകരിക്കുന്നതെങ്ങിനെയാണു്?

വളരെ എളുപ്പത്തിൽ: പ്രമേയത്തിൻെറ രണ്ടാംഭാഗമാണു കാതലായിട്ടുള്ളതു്... അതിൻെറ പ്രഖ്യാപനസ്വഭാവത്തെസ്സംബന്ധിച്ചാണെങ്കിൽ... തെററിദ്ധാരണയുടെ അടിസ്ഥാനത്തിൽ മാത്രമേ ആരെങ്കിലും അതേപ്പററി പരാമർശിക്കൂ!!

നമ്മുടെ ലേഖികയുടെ നിസ്സഹായതയും അമ്പരപ്പും അത്ഭുതകരമായിരിക്കുന്നു. പരിപാടിയിലെ നീക്കുപോക്കില്ലാത്തവണ്ണം ജനാധിപത്യപരവും സോഷ്യലിസ്റ്റുമായ ഇനങ്ങരം വെറും പ്രഖ്യാപനങ്ങളാണെന്നു വാദിച്ചുകൊണ്ടു് അവയെക്കുറിച്ചുള്ള പരസ്യമായ ചർച്ചയിൽനിന്നും എങ്ങിനെയെങ്കിലും ഒഴിഞ്ഞുമാറുന്നതു് സാധാരണയായി അവസരവാദികരം മാത്രമാണു്. പ്രത്യക്ഷത്തിൽ റോസ ലൂക്സംബൂർഗ്ഗ് ഇത്തവണ സെംക്കോവ്സ്കിയ് — ലീബ്മൻ — യൂർക്കേവിച്ച് പ്രഭൃതികളുടെ പരിതാപകരമായ സഹവാസത്തിൽ ചെന്നുപെട്ടതു വെറുതെയല്ല. മുകളിൽ കൊടുത്ത പ്രമേയം തൻെറ അഭിപ്രായത്തിൽ ശരിയോ തെററോ എന്നു തുറന്നു പറയാൻ റോസ ലൂക്സംബൂർഗ്ഗ് ധൈര്യപ്പെടുന്നില്ല. പ്രമേയത്തിൻെറ രണ്ടാംഭാഗം വായിക്കുമ്പോഴേക്കു്

---

ട്രേഡ്യൂണിയൻ കോൺഗ്രസ്സിൻെറ നടപടിക്രമങ്ങളും തീരുമാനങ്ങളും,'' ബെർലിൻ, 1897, പേജ് 18.—പരിഭാഷകൻ.) സാർവ്വദേശീയകോൺഗ്രസ്സുകളുടെ തീരുമാനങ്ങളുരംക്കൊള്ളിച്ചുകൊണ്ടു് ഒരു റഷ്യൻ ലഘുലേഖ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിൽ ''സ്വയംനിർണ്ണയന''മെന്ന വാക്കു് തെററായി ''സ്വയംഭരണ''മെന്നാണു തർജ്ജമചെയ്തിട്ടുള്ളതു്.

ആദ്യഭാഗം വിസ്മരിക്കത്തക്കവണ്ണം അശ്രദ്ധരോ ലണ്ടൻ കോൺഗ്രസ്സിനുമുമ്പായി സോഷ്യലിസ്റ്റ് പത്രങ്ങളിൽ നടന്ന ചർച്ചയെപ്പററി കേട്ടിട്ടില്ലാത്ത അജ്ഞരോ ആണു തൻെറ വായനക്കാരെന്നാണ് അവരുടെ വിശ്വാസമെന്ന് അവരുടെ ഞെളിയലും പിരിയലും കണ്ടാൽ തോന്നും.

എന്നാൽ, ഇത്രയേറെ പ്രാധാന്യമേറിയ ഒരു താത്വികപ്രശ്നത്തിന്മേൽ ഇൻെറർനാഷനലംഗീകരിച്ച പ്രമേയത്തെ വിമർശനബുദ്ധ്യാ അപഗ്രഥിക്കാനൊരുമ്പെടുകപോലും ചെയ്യാതെ റഷ്യയിലെ വർഗ്ഗബോധമുള്ള തൊഴിലാളികളുടെ കൺമുമ്പിലിട്ട് അതിനെ നിഷ്പ്രയാസം ചവുട്ടിമെതിക്കാമെന്നു റോസ ലക്സംബർഗ്ഗ് കരുതുന്നുണ്ടെങ്കിൽ അതു വലിയ പിശകാണ്.

ലണ്ടൻ കോൺഗ്രസ്സിനു മുമ്പായി നടന്ന ചർച്ചകൾക്കിടയിൽ—മുഖ്യമായും ജർമ്മൻ മാർക്സിസ്റ്റുകാരുടെ പത്രമായ ''ഡിനോയെ സൈററി''ൻെറ പംക്തികളിൽ—റോസ ലക്സംബർഗ്ഗിൻെറ അഭിപ്രായഗതി പ്രകടിപ്പിക്കപ്പെടുകയും ഇൻെറർനാഷനലിൽ അതിനു ഫലത്തിൽ തോൽവി സംഭവിക്കുകയും ചെയ്തു! ഇതാണു സംഗതിയുടെ പൊരുൾ. റഷ്യൻ വായനക്കാർ പ്രത്യേകിച്ചും ഓർമ്മയിൽ വയ്ക്കേണ്ട ഒന്നാണിതു്.

പോളണ്ടിൻെറ സ്വാതന്ത്ര്യമായിരുന്നു തർക്കവിഷയം. മൂന്ന് അഭിപ്രായഗതികൾ പുറത്തുവന്നു:

1) ''ഫ്രാകി''യുടെ അഭിപ്രായഗതി. ഹേക്കെറാണ് അവരുടെ പേരിൽ സംസാരിച്ചതു്. ഇൻെറർനാഷനൽ അതിൻെറ പരിപാടിയിൽ പോളണ്ടിനു സ്വാതന്ത്ര്യം വേണമെന്ന ആവശ്യം ഉൾപ്പെടുത്തണമെന്നവർ വാദിച്ചു. ഈ നിർദ്ദേശം സ്വീകരിക്കുകയുണ്ടായില്ല. ഇൻെറർനാഷനലിൽ ഈ അഭിപ്രായഗതി പരാജയപ്പെട്ടു.

2) പോളിഷ് സോഷ്യലിസ്റ്റുകാർ പോളണ്ടിൻെറ സ്വാതന്ത്ര്യമാവശ്യപ്പെട്ടുകൂടാ എന്ന റോസ ലക്സംബർഗ്ഗിൻെറ അഭിപ്രായഗതി. രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശം പ്രഖ്യാപിക്കുന്നതിനെ ഈ അഭിപ്രായഗതി പൂർണ്ണമായും വിലക്കി. ഈ അഭിപ്രായഗതിയും ഇൻെറർനാഷനലിൽ പരാജയപ്പെട്ടു.

3) റോസ ലക്സംബർഗ്ഗിനെ എതിർത്തുകൊണ്ടും അവരുടെ ഭൗതികവാദം അങ്ങേയററം ''ഏകപക്ഷീയ''മാണെന്നു തെളി

യിച്ചുകൊണ്ടും അന്ന് കെ. കൗട്സ്കി ഏററവും സമഗ്രമായി പ്രകടിപ്പിച്ച അഭിപ്രായഗതി. ഈ അഭിപ്രായഗതിപ്രകാരം ഇൻറർനാഷനലിന്ന് ഇന്ന് പോളണ്ടിൻെറ സ്വാതന്ത്ര്യം അതിൻെറ പരിപാടിയിലെ ഒരിനമാക്കാൻ നിർവ്വാഹമില്ല. എന്നാൽ അങ്ങിനെയൊരാവശ്യം മുന്നോട്ടുവയ്ക്കാൻ പോളിഷ് സോഷ്യലിസ്റ്റുകാർക്ക് പരിപൂർണ്ണാധികാരമുണ്ടെന്ന് കൗട്സ്കി പറഞ്ഞു. സോഷ്യലിസ്റ്റുകാരുടെ വീക്ഷണത്തിൽ, ദേശീയമർദ്ദനം നിലനിൽക്കുന്ന ഒരു പരിതസ്ഥിതിയിൽ ദേശീയവിമോചനകടമകൾ അവഗണിക്കുന്നതു് അങ്ങേയററം തെററായിരിക്കും.

ഈ അഭിപ്രായഗതിയിലടങ്ങിയിട്ടുള്ള ഏററവും കാതലായ, ഏററവും മൗലികമായ ആശയങ്ങൾ—ഒരുവശത്തു് എല്ലാ രാഷ്ട്രങ്ങൾക്കും പരിപൂർണ്ണമായ സ്വയംനിർണ്ണയാവകാശമുണ്ടെന്ന് അങ്ങേയററം തുറന്നും കലവറക്കൂടാതെയും അംഗീകരിക്കുകയും മറുവശത്തു് തങ്ങളുടെ വർഗ്ഗസമരത്തിൽ സാർവ്വദേശീയൈക്യം പുലർത്തണമെന്ന് തൊഴിലാളികളോട് അത്രതന്നെ അസന്ദിഗ്ദ്ധമായി അഭ്യർത്ഥിക്കുകയും ചെയ്യുക എന്ന ആശയങ്ങൾ—ഇൻറർനാഷനലിൻെറ പ്രമേയത്തിൽ പകർത്തിയിട്ടുണ്ട്.

ഈ പ്രമേയം തികച്ചും ശരിയാണെന്നും അതിൻെറ ഇരുഭാഗങ്ങളും ഒന്നിച്ചെടുത്തുകൊണ്ട് അവിഭാജ്യമായ ഒന്നായി അതിനെ മൊത്തത്തിലെടുക്കുന്നപക്ഷം ഇരുപതാംനൂററാണ്ടിൻെറ ആരംഭത്തിലുള്ള കിഴക്കൻ യൂറോപ്പിലേയും ഏഷ്യയിലേയും രാജ്യങ്ങൾക്ക് ദേശീയപ്രശ്നത്തിൽ തൊഴിലാളിവർഗ്ഗത്തിൻേറതായ ഒരു നയത്തിനുവേണ്ടിയുള്ള ശരിയായ ഒരേയൊരു നേതൃത്വം നൽകുന്നതു് അതല്ലാതെ മറെറാന്നുമായിരിക്കുകയില്ലെന്നും ഞങ്ങൾ കരുതുന്നു.

മുകളിൽ പ്രതിപാദിച്ച മൂന്നു അഭിപ്രായഗതികളേയും കുറേക്കൂടി സവിസ്തരമായി നമുക്കു പരിശോധിക്കാം.

പോളിണ്ടിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ആവശ്യത്തിന്ന് സജീവമായ പിന്തുണ നൽകുകയെന്നതു് പടിഞ്ഞാറൻയൂറോപ്യൻ ജനാധിപത്യത്തിൻെറ മുഴവനും അതിലുമുപരി

സോഷ്യൽഡെമോക്രസിയുടേയും അപരിത്യാജ്യമായ കടമയായി കാറൽ മാർക്സും ഫ്രെഡറിക് എംഗൽസും പരിഗണിച്ചിരുന്നുവെന്നു നമുക്കറിയാം. ആസ്റ്റ്രിയയിലും ജർമ്മനിയിലും ബൂർഷ്വാവിപ്ലവങ്ങളും റഷ്യയിൽ ''കർഷകപരിഷ്ക്കരണ''[44] വും നടന്ന 1840—ന്റേയും 1860—ന്റേയും തുടർന്നുള്ള ദശാബ്ദങ്ങളിൽ ഈ അഭിപ്രായഗതി തികച്ചും ശരിയായിരുന്നുവെന്നു മാത്രമല്ല, ആദ്യന്തം ജനാധിപത്യപരവും തൊഴിലാളിവർഗ്ഗപരവുമായ ഒരേയൊരു ചിന്താഗതി അതു മാത്രമായിരുന്നു. റഷ്യയിലേയും മിക്ക സ്ലാവ് രാജ്യങ്ങളിലേയും സാമാന്യജനങ്ങൾ നിദ്രയിലാണ്ടുകിടക്കുകയും സ്വതന്ത്രമായ ജനാധിപത്യബഹുജനപ്രസ്ഥാനങ്ങൾ അവയിലില്ലാതിരിക്കുകയും ചെയ്തിരുന്നിടത്തോളം കാലം, പോളണ്ടിലെ പ്രഭുക്കന്മാരുടെ വിമോചനപ്രസ്ഥാനം റഷ്യൻ ജനാധിപത്യത്തിന്റെയാകെയും സ്ലാവിക് ജനാധിപത്യത്തിന്റെയാകെയും മാത്രമല്ല, യൂറോപ്യൻ ജനാധിപത്യത്തിന്റെയാകെ ദൃഷ്ടിയിൽ വമ്പിച്ച പ്രാധാന്യം കൈക്കൊണ്ടു.*

---

* 1863—ലെ കലാപകാരിയായ പോളിഷ് പ്രഭുവിന്റെ നിലപാടിനെ അഖിലറഷ്യൻ ജനാധിപത്യവാദിയും വിപ്ലവകാരിയുമായ ചെർനിഷേവ്സ്കിയുടേയും പിന്നീടെത്രയോ കഴിഞ്ഞു പ്രത്യക്ഷപ്പെട്ട ഉക്രേനിയൻ പെററിബൂർഷ്വയായ ദ്രഗൊമാനൊവിന്റേയും നിലപാടുകളുമായി താരതമ്യപ്പെടുത്തുന്നതു് വളരെയേറെ രസാവഹമായ ഒരു ചരിത്രഗവേഷണമായിരിക്കും. പോളിഷ് പ്രസ്ഥാനത്തിന്റെ പ്രാധാന്യത്തെ വിലയിരുത്തേണ്ടതെങ്ങിനെയെന്നു് (മാർക്സിനെപ്പോലെതന്നെ) അറിയാവുന്ന ആളായിരുന്നു ചെർനിഷേവ്സ്കിയ്. പോളിഷ് പ്രഭുക്കന്മാരോടുള്ള ന്യായമായ അമർഷംമൂലം അഖിലറഷ്യൻ ജനാധിപത്യത്തെ സംബന്ധിച്ചിടത്തോളം അവർ നടത്തിയ സമരത്തിന്റെ പ്രാധാന്യം കാണാൻ കഴിയാത്തവണ്ണം അത്രയേറെ അജ്ഞതയിലും നിഷ്ക്രിയത്വത്തിലും മുഴുകിയിരിക്കുകയും തന്റെ ചാണകക്കുന്നയെ ഗാഢമായി പുണർന്നുകൊണ്ടിരിക്കുകയും ചെയ്തിരുന്ന കർഷകന്റെ ചിന്താഗതിയാണു് ദ്രഗൊമാനൊവ് പ്രകടിപ്പിച്ചതു് (ദ്രഗൊമാനൊവിന്റെ ''ചരിത്രത്തിലെ പോളണ്ടും ഗ്രേററ്റഷ്യൻ ജനാധിപത്യവും'' എന്ന കൃതി നോക്കുക). ഒരു ദേശീയലിബറലായിത്തീർന്ന മി. പി. ബി. സ്ട്രൂവെ പിൽക്കാലത്തു് ദ്രഗൊമാനൊവിന്റെ മേൽ വർഷിച്ച ചുംബനാശ്ലേഷങ്ങൾ അദ്ദേഹം തികച്ചും അർഹിക്കുന്നുണ്ടു്.

എന്നാൽ മാർക്സിൻെറ ഈ നിലപാട് 1840—നേയും 50—നേയും 60—നേയും തുടർന്നുള്ള ദശാബ്ദങ്ങളിലും പത്തൊമ്പതാം നൂററാണ്ടിൻെറ മൂന്നാംചതുരാംശത്തിലും തികച്ചും ശരിയായിരുന്നെങ്കിലും അതു് ഇരുപതാംനൂററാണ്ടോടുകൂടി ശരിയല്ലാതായിത്തീർന്നിരിക്കുന്നു. മിക്ക സ്ലാവ്‌രാജ്യങ്ങളിലും ഏററവും പിന്നണിയിൽ കിടക്കുന്ന സ്ലാവ്‌രാജ്യങ്ങളിലൊന്നായ റഷ്യയിൽപ്പോലും സ്വതന്ത്രജനാധിപത്യപ്രസ്ഥാനങ്ങളും സ്വതന്ത്രമായൊരു തൊഴിലാളിപ്രസ്ഥാനംപോലും വളർന്നുവന്നിട്ടുണ്ടു്. പ്രഭുക്കന്മാരുടെ പോളണ്ടു് മുതലാളിത്തപോളണ്ടിനു് വഴിമാറിക്കൊടുത്തിരിക്കുന്നു. ഈ സാഹചര്യങ്ങളിൽ പോളണ്ടിനു് അതിൻെറ സവിശേഷവിപ്ലവപ്രാധാന്യം നഷ്ടപ്പെടാതിരിക്കാൻ തരമില്ലെന്നുവന്നു.

ഒരു വ്യത്യസ്തകാലഘട്ടത്തിൽ മാർക്സു് സ്വീകരിച്ച നിലപാടു് എക്കാലത്തേക്കും ''നിലനിർത്താൻ''വേണ്ടി 1896—ൽ പി. പി. എസ്. (പോളിഷ് സോഷ്യലിസ്റ്റ് പാർട്ടി, അതായതു് ഇന്നത്തെ ''ഫ്രാകി'') നടത്തിയ ശ്രമം മാർക്സിസത്തിൻെറ അക്ഷരത്തെ മാർക്സിസത്തിൻെറ അർത്ഥത്തിനെതിരായി ഉപയോഗിക്കാനുള്ള ഒരു ശ്രമമായിരുന്നു. അതുകൊണ്ടു് പോളിഷ് സോഷ്യൽഡെമോക്രാററുകാർ പോളിഷ് പെററിബൂർഷ്വാസിയുടെ അങ്ങേയററത്തെ ദേശീയവാദത്തെ എതിർക്കുകയും പോളിഷ് തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ദേശീയപ്രശ്നത്തിനു് രണ്ടാംകിട പ്രാധാന്യമേയുള്ളുവെന്നു ചൂണ്ടിക്കാട്ടുകയും ചെയ്തപ്പോഴും, പോളണ്ടിൻെറ ചരിത്രത്തിലാദ്യമായി തൊഴിലാളിവർഗ്ഗത്തിൻേറതുമാത്രമായ ഒരു പാർട്ടി അവർ പോളണ്ടിൽ സൃഷ്ടിക്കുകയും പോളിഷ് തൊഴിലാളികളും റഷ്യൻ തൊഴിലാളികളും അവരുടെ വർഗ്ഗസമരത്തിൽ അങ്ങേയററം അടുത്ത സഖ്യം പുലർത്തണമെന്ന അതിപ്രധാനമായ തത്വം പ്രഖ്യാപിക്കുകയും ചെയ്തപ്പോഴും, അവർ ചെയ്തതു് തികച്ചും ശരിയായിരുന്നു.

പക്ഷെ, ഇരുപതാം നൂററാണ്ടിൻെറ ആരംഭത്തിൽ രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനം അഥവാ വിട്ടുപോകാനുള്ള അവകാ

ശം കിഴക്കൻയൂറോപ്പിലേയും ഏഷ്യയിലേയും രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം അധികപ്പററായ ഒരു തത്വമായി ഇൻററർനാഷനലിനു ഗണിക്കാമെന്നായിരുന്നോ ഇതിനർത്ഥം? അതു് അങ്ങേയററം അസംബന്ധമാകുമായിരുന്നു; (തത്വത്തിൽ) ടർക്കിഷ്, റഷ്യൻ, ചൈനീസ് സ്റ്റേററുകളിലെ ബൂർഷ്വാജനാധിപത്യപരിഷ്ക്കരണം പൂർത്തിയായെന്നു് അംഗീകരിക്കുന്നതിനും (പ്രയോഗത്തിൽ) സ്വേച്ഛാധിപത്യത്തിൻെറ നേരേയുള്ള അവസരവാദിത്വത്തിനും തുല്യമാകുമായിരുന്നു.

കിഴക്കൻ യൂറോപ്പിലും ഏഷ്യയിലും ബൂർഷ്വാജനാധിപത്യവിപ്ലവങ്ങൾ മൊട്ടിട്ടുവരികയും ദേശീയപ്രസ്ഥാനങ്ങൾ വളർന്നു ശക്തിപ്രാപിക്കുകയും സ്വതന്ത്രതൊഴിലാളിപ്പാർട്ടികൾ രൂപമെടുക്കുകയും ചെയ്യുന്ന കാലഘട്ടത്തിൽ ദേശീയപ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഈ പാർട്ടികളുടെ കടമ ദ്വിമുഖമായിരിക്കണം: ബൂർഷ്വാജനാധിപത്യപരിഷ്ക്കരണം ഇനിയും പൂർത്തിയാകാത്തതുകൊണ്ടും തൊഴിലാളിവർഗ്ഗജനാധിപത്യം കൊക്കോഷ്ക്കിൻെറ മട്ടിൽ ലിബറൽരീതിയിലല്ലാതെ, നീക്കുപോക്കില്ലാതെ, ഗൗരവപൂർവ്വവും ആത്മാർത്ഥവുമായി രാഷ്ട്രങ്ങളുടെ തുല്യാവകാശങ്ങൾക്കുവേണ്ടി പൊരുതുന്നതുകൊണ്ടും പ്രസ്തുത പാർട്ടികൾ എല്ലാ രാഷ്ട്രങ്ങൾക്കും സ്വയംനിർണ്ണയാവകാശം അംഗീകരിക്കണം; അതേസമയം, ഒരു സ്റ്റേററിൻെറ ചരിത്രത്തിൽ എന്തെല്ലാം മാററങ്ങളുണ്ടായാലും, ഓരോ സ്റ്റേററുകളുടേയും അതിർത്തികൾ ബൂർഷ്വാസി എങ്ങിനെയെല്ലാം മാററിമറിച്ചാലും, അതാതു സ്റ്റേററിലെ എല്ലാ രാഷ്ട്രങ്ങളിലും പെട്ട തൊഴിലാളികളുടെ വർഗ്ഗസമരത്തിലൂടെയുള്ള ഏററവുമടുത്ത അഭേദ്യമായ ഐക്യം നിലനിർത്തുകയും വേണം.

തൊഴിലാളിവർഗ്ഗത്തിൻെറ ദ്വിമുഖമായ ഈ കടമതന്നെയാണു് ഇൻററർനാഷനലിൻെറ 1896—ലെ പ്രമേയത്തിൽ നിർവ്വചിച്ചിട്ടുള്ളതു്. 1913—ലെ ഗ്രീഷ്മത്തിൽ ചേർന്ന റഷ്യൻ മാർക്സിസ്റ്റുകാരുടെ സമ്മേളനമംഗീകരിച്ച പ്രമേയത്തിൻെറ സാരവും അടിസ്ഥാനതത്വവും ഇതുതന്നെയാണു്. സ്വയംനിർണ്ണയനത്തിനും വിട്ടുനിൽക്കാനുമുള്ള അവകാശം അംഗീകരിച്ച

9*

കൊണ്ടുള്ള പ്രമേയത്തിൻെറ 4—ാംവകുപ്പ് പ്രത്യക്ഷത്തിൽ ദേശീയവാദത്തിനു പരമാവധി ''വിട്ടുവീഴ്ച'' ചെയ്യുമ്പോഠം (എല്ലാ രാഷ്ട്രങ്ങഠംക്കും സ്വയംനിർണ്ണയാവകാശമംഗീകരിക്കുകയെന്നുവച്ചാൽ ഏററവും കൂടുതൽ ജനാധിപത്യവും ഏററവും കുറച്ച് ദേശീയവാദവുമെന്നാണ് യഥാർത്ഥത്തിൽ അതിനർത്ഥം) 5—ാം വകുപ്പ് ഏതു രാഷ്ട്രത്തിലേയും ബൂർഷ്വാസിയുടെ ദേശീയവാദപരമായ മുദ്രാവാക്യങ്ങഠംക്കെതിരായി തൊഴിലാളികളെ താക്കീതുചെയ്യുകയും എല്ലാ രാഷ്ട്രങ്ങളിലും പെട്ട തൊഴിലാളികഠം സാർവ്വദേശീയാടിസ്ഥാനത്തിൽ യോജിച്ച തൊഴിലാളിസംഘടനകളിൽ ഒന്നിച്ചണിനിരക്കണമെന്നാവശ്യപ്പെടുകയും ചെയ്യുന്നതിൽ ''വൈരുദ്ധ്യം'' കണ്ടെത്തുന്നതായി ചിലർ ഭാവിക്കുന്നു. വിട്ടുനിൽക്കാനും സ്വതന്ത്രമായൊരു സ്റ്റേററ് രൂപീകരിക്കാനുമുള്ള നോർവ്വെയുടെ സ്വാതന്ത്ര്യം സ്വീഡിഷ് തൊഴിലാളികഠം ഉയർത്തിപ്പിടിച്ചപ്പോഠം സ്വീഡനിലേയും നോർവ്വെയിലേയും തൊഴിലാളിവർഗ്ഗത്തിൻെറ യോജിപ്പും വർഗ്ഗൈക്യവും ശക്തിപ്പെട്ടതെന്തുകൊണ്ടാണെന്നു മനസ്സിലാക്കാൻ കഴിയാത്ത അങ്ങേയററത്തെ മന്ദബുദ്ധികഠംക്കുമാത്രമെ ഇതൊരു ''വൈരുദ്ധ്യ''മായിത്തോന്നു.

## 8. സാങ്കല്പികവാദിയായ കാറൽ മാർക്സും പ്രായോഗികവാദിയായ റോസ ലുക്സംബുർഗ്ഗും

പോളണ്ടിൻെറ സ്വാതന്ത്ര്യം ''മനോരാജ്യ''മാണെന്നു പ്രഖ്യാപിക്കുകയും അതു് അവസാനമില്ലാതെ ഉരുവിടുകയും ചെയ്യുന്ന റോസ ലുക്സംബുർഗ്ഗ് പരിഹാസഭാവത്തിൽ ചോദിക്കുകയാണ്: എന്തുകൊണ്ട് അയർലണ്ടിനു സ്വാതന്ത്ര്യം വേണമെന്നാവശ്യപ്പെട്ടുകൂടാ?

അയർലണ്ടിൻെറ സ്വാതന്ത്ര്യത്തിൻെറ പ്രശ്നത്തോട് കാ

റൽ മാർക്സ് എടുത്ത നിലപാടെന്തായിരുന്നുവെന്ന ''പ്രായോഗികവാദി''യായ റോസ ലക്സംബുർഗ്ഗിനു് അറിഞ്ഞുകൂടെന്ന സ്പഷ്ടമാണു്. ദേശീയസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമൂർത്തമായ ഒരാവശ്യത്തെ അവസരവാദപരമായ നിലപാടിൽനിന്നല്ലാതെ യഥാർത്ഥമാർക്സിസ്റ്റ് നിലപാടിൽനിന്നു് അപഗ്രഥിച്ചതെങ്ങിനെയെന്നു കാണിക്കാൻവേണ്ടി ആ ദൃഷ്ടാന്തം പരിശോധിക്കുന്നതു പ്രയോജനകരമായിരിക്കും.

തനിക്കു പരിചിതരായ സോഷ്യലിസ്റ്റുകാരുടെ, മാർക്സിൻെറ ഭാഷയിൽപ്പറഞ്ഞാൽ ''പല്ലു തപ്പിനോക്കുക''യെന്നതു്, അവരുടെ ബുദ്ധിശക്തിയും വിശ്വാസദാർഢ്യവും പരീക്ഷിച്ചുനോക്കുകയെന്നതു്, അദ്ദേഹത്തിൻെറ ഒരു പതിവായിരുന്നു.[45] ലൊപാത്തിനെ പരിചയപ്പെട്ടതിനുശേഷം മാർക്സ് ആ യുവറഷ്യൻസോഷ്യലിസ്റ്റിനെ വളരെയേറെ പുകഴ്ത്തിക്കൊണ്ടു് ഒരു കത്തു് 1870 ജൂലൈ 5—ാംനു- എംഗൽസിനെഴുതുകയുണ്ടായി. എന്നാലതേസമയം അദ്ദേഹം ഇതുകൂടി കൂട്ടിച്ചേർത്തു:

''... പോളണ്ടാണു് അയാളുടെ ഒരു ദൗർബ്ബല്യം. ഒരു ഇംഗ്ലീഷുകാരൻ — ഒരു പഴയ ഇംഗ്ലീഷ് ചാർട്ടിസ്റ്റുകാരൻ — അയർലണ്ടിനെപ്പററി പറയുന്നതുപോലെതന്നെയാണു് അയാരം അതേപ്പററി സംസാരിക്കുന്നതു്.''

മർദ്ദകരാഷ്ട്രത്തിൽപ്പെട്ട ഒരു സോഷ്യലിസ്റ്റിനെ മർദ്ദിതരാഷ്ട്രത്തോടുള്ള അയാളുടെ മനോഭാവത്തെപ്പററി മാർക്സ് ചോദ്യം ചെയ്യുന്നു. അധിപരാഷ്ട്രങ്ങളിലെ (ബ്രിട്ടനും റഷ്യയും) സോഷ്യലിസ്റ്റുകാർക്കു പൊതുവിലുള്ള ഒരു തെററു് അദ്ദേഹം തൽക്ഷണം കണ്ടുപിടിക്കുകയും ചെയ്യുന്നു: മർദ്ദിതരാഷ്ട്രങ്ങളോടുള്ള അവരുടെ സോഷ്യലിസ്റ്റ് കടമകരം മനസ്സിലാക്കായ്ക, ''മഹൽശക്തികളായ'' രാഷ്ട്രങ്ങളിലെ ബൂർഷ്വാസിയിൽനിന്നും കിട്ടിയ മുൻവിധികരം ആവർത്തിക്കൽ.

അയർലണ്ടിനെക്കുറിച്ചു മാർക്സ് നടത്തിയ ഖണ്ഡിതമായ പ്രഖ്യാപനങ്ങളിലേക്കു കടക്കുന്നതിനുമുമ്പു് ഒരു കാര്യം ചൂണ്ടിക്കാട്ടേണ്ടിയിരിക്കുന്നു: ദേശീയപ്രശ്നത്തോടുള്ള മാർക്സിൻേറയും

എംഗൽസിൻേറയും മനോഭാവം പൊതുവിൽ കർശനമായും വിമർശനബുദ്ധ്യാ ആയിരുന്നു; ചരിത്രപരമായ അതിൻെറ ആപേക്ഷികപ്രാധാന്യത്തെയാണ് അവർ അംഗീകരിച്ചതു്. ഉദാഹരണത്തിനു്, തൻെറ ചരിത്രപഠനം പോളണ്ടിനെ സംബന്ധിച്ചിടത്തോളം ആശാവഹമല്ലാത്ത നിഗമനങ്ങളിലേക്കാണ് തന്നെക്കൊണ്ടെത്തിക്കുന്നതെന്നും പോളണ്ടിൻെറ പ്രാധാന്യം താൽക്കാലികമാണെന്നും റഷ്യയിലെ കാർഷികവിപ്ലവംവരെ മാത്രമേ ആ പ്രാധാന്യം നിലനിൽക്കു എന്നും 1851 മേയ് 23—ാംനു എംഗൽസ് മാർക്സിനു് എഴുതുകയുണ്ടായി. പോളണ്ടുകാർക്കു ചരിത്രത്തിലുള്ള പങ്കു് ''ധീരമായ മൗഢ്യ''ത്തിൻെറ പങ്കാണു്. ''റഷ്യയുമായുള്ള ബന്ധത്തിൽപ്പോലും പോളണ്ടു് പുരോഗമനശക്തികളെ വിജയകരമായി പ്രതിനിധാനം ചെയ്തതിൻേറയോ ചരിത്രപ്രാധാന്യമുള്ള എന്തെങ്കിലുമൊരുകാര്യം അതു നിർവ്വഹിച്ചിട്ടുള്ളതിൻേറയോ ഒരൊററ ഉദാഹരണം പോലും എടുത്തുകാട്ടാനാവില്ല.'' ''അലസരായ മാടമ്പികളുടെ നാടായ പോളണ്ടിനെ'' അപേക്ഷിച്ച് സംസ്കാരത്തിലും വിദ്യാഭ്യാസത്തിലും ബൂർഷ്വാസിയിലും മുന്നിട്ടുനിൽക്കുന്നതു റഷ്യയാണു്. ''സെൻററ് പീറേറഴ്സ്ബർഗ്ഗും മോസ്കോയും ഒദേസ്സയുമായി തട്ടിച്ചുനോക്കുമ്പോൾ വാഴ്സായും ക്രാക്കൊവും എന്തിരിക്കുന്നു!'' പോളിഷ് പ്രഭുക്കന്മാരുടെ കലാപം വിജയിക്കുമെന്നു് എംഗൽസിനു് അല്പവും വിശ്വാസമുണ്ടായിരുന്നില്ല.

പക്ഷെ പ്രതിഭയും സൂക്ഷ്മദർശിത്വവും വേണ്ടുവോളം പ്രതിഫലിപ്പിക്കുന്ന ഈ ആശയങ്ങളൊന്നുംതന്നെ, പന്ത്രണ്ടു വർഷങ്ങൾക്കുശേഷം റഷ്യ നിദ്രയിലാണ്ടുകിടക്കുകയും പോളണ്ട് ഇളകിമറിയുകയും ചെയ്തുകൊണ്ടിരുന്ന അവസരത്തിൽ പോളിഷ് പ്രസ്ഥാനത്തോടു് അഗാധവും ആത്മാർത്ഥവുമായ അനുഭാവം രേഖപ്പെടുത്തുന്നതിൽനിന്നും എംഗൽസിനേയും മാർക്സിനേയും പിന്തിരിപ്പിച്ചില്ല.

1864 —ലെ ഇൻററർനാഷനലിൻെറ ആഹ്വാനം തയ്യാറാക്കിക്കൊണ്ടിരുന്നതിനിടയിൽ, മദ്സിനിയുടെ ദേശീയവാദത്തെ തനിക്കു് എതിർക്കേണ്ടിയിരിക്കുന്നുവെന്നു് മാർക്സ്

(1864 നവംബർ 4—ാംനു-) എംഗൽസിനെഴുതുകയുണ്ടായി. അദ്ദേഹമിങ്ങനെ തുടർന്നു: ''ആഹ്വാനത്തിൽ സാർവ്വദേശീയ രാഷ്ട്രീയം പരാമർശിക്കുന്ന ഭാഗത്തെല്ലാം ഞാൻ രാജ്യങ്ങളെപ്പററിയാണു്, ദേശീയജനവിഭാഗങ്ങളെപ്പററിയല്ല പറയുന്നതു്. ഞാൻ അപലപിക്കുന്നതു് റഷ്യയെയാണു്, ചെറുകിടരാജ്യങ്ങളെയല്ല''. ''തൊഴിലാളിപ്രശ്ന''ത്തെ അപേക്ഷിച്ചു് ദേശീയ പ്രശ്നത്തിനു രണ്ടാംകിടപ്രാധാന്യമേയുള്ളുവെന്ന കാര്യത്തിൽ മാർക്സിനു് സന്ദേഹമേയില്ലായിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ സിദ്ധാന്തവും ദേശീയപ്രശ്നത്തെ അവഗണിക്കലും തമ്മിൽ ആകാശവും ഭൂമിയും തമ്മിലുള്ള അന്തരമുണ്ടു്.

1866—ൽ മാർക്സു് എംഗൽസിനു് പാരീസിലെ ''പ്രൂദോണിസ്റ്റ് പരിഷ''യെപ്പററി എഴുതുകയുണ്ടായി. അവർ ''ദേശീയജനവിഭാഗമെന്നതു് വെറും ഭോഷ്കാണെന്നു പ്രഖ്യാപിക്കുകയും ബിസ്മർക്കിനേയും ഗരിബാൾഡിയേയും ആക്രമിക്കുകയും ചെയ്യുന്നു. സങ്കുചിതവാദത്തോടുള്ള എതിർപ്പെന്നനിലയ്ക്കു് അവരുടെ അടവു് പ്രയോജനകരവും മനസ്സിലാക്കാവുന്നതുമാണു്. പക്ഷെ ഫ്രാൻസിലെ മാന്യന്മാർ ദാരിദ്ര്യവും അജ്ഞതയും തുടച്ചു മാററുന്നതുവരെ യൂറോപ്പിനു മുഴുവനും ശാന്തമായും സമാധാനമായും കയ്യുംകെട്ടിയിരിക്കാൻ കഴിയുമെന്നും അതാണു വേണ്ടതെന്നും പ്രൂദോൺവിശ്വാസികൾ (ഇവിടെയുള്ള എന്റെ സ്നേഹിതർ ലഫാർഗ്ഗും ലോങ്കേയും അക്കൂട്ടത്തിൽപ്പെടും) കരുതുമ്പോൾ... അവർ അപഹാസ്യരായിത്തീരുന്നു'' (1866 ജൂൺ 7—ാംനു-യിലെ കത്തു്).

1866 ജൂൺ 20—ാംനു- മാർക്സു് എഴുതി: ''ഇന്നലെ ഇൻറർനാഷനലിന്റെ കൗൺസിലിൽവച്ചു് ഇന്നത്തെ യുദ്ധത്തെപ്പററി ഒരു ചർച്ച നടക്കുകയുണ്ടായി... പ്രതീക്ഷിച്ചതുപോലെത്തന്നെ, ദേശീയജനവിഭാഗത്തിന്റെ പ്രശ്നത്തിലും നാമതിനോടെടുക്കേണ്ട നിലപാടിലുമാണു് ചർച്ച കേന്ദ്രീകരിച്ചതു്. എല്ലാ ദേശീയജനവിഭാഗങ്ങളും രാഷ്ട്രങ്ങൾതന്നെയും പഴഞ്ചനായിക്കഴിഞ്ഞ മുൻവിധികളാണെന്ന പ്രഖ്യാപനവുമായി 'യുവ ഫ്രാൻസി'ന്റെ പ്രതിനിധികൾ (അവർ തൊഴിലാളികളല്ല)

മുന്നോട്ടുവന്നു. സ്റ്റിർനറിസത്തിൻെറ പ്'റൂദോൺപതിപ്പ്'... ലോകംമുഴുവനും, ഫ്രഞ്ചുകാർ സമൂഹ്യവിപ്ലവത്തിനു പരിപക്വമാകുന്നതും കാത്തു്' ഇരിക്കണമത്രെ... ദേശീയജനവിഭാഗങ്ങളെ തുടച്ചുമാററിയ നമ്മുടെ സ്നേഹിതൻ ലഫാർഗ്ഗും മററും സംസാരിച്ചതു്' 'ഫ്രഞ്ചു'ഭാഷയിലാണെന്നു്' — അതായതു്' സദസ്സിലെ പത്തിലൊമ്പതുപേർക്കും അറിഞ്ഞുകൂടാത്ത ഒരു ഭാഷയിലാണെന്നു്' — പറഞ്ഞുകൊണ്ടു ഞാൻ പ്രസംഗം തുടങ്ങിയപ്പോറം ഇംഗ്ലീഷുകാർ അതു കേട്ടു്' വളരെയേറെ ചിരിച്ചു. ദേശീയജനവിഭാഗങ്ങളുടെ നിലനിൽപ്പ്' നിഷേധിക്കുന്നതിലൂടെ അദ്ദേഹം സ്വയമറിയാതെതന്നെ അവ മാതൃകാപരമായ ഫ്രഞ്ചുരാഷ്ട്രത്തിൽ അലിഞ്ഞുചേരണമെന്നു ധരിക്കുന്നതായി പ്രത്യക്ഷത്തിൽ തോന്നുന്നുവെന്നും ഞാൻ പറഞ്ഞു.''

മാർക്സിൻെറ ഈ വിമർശനങ്ങളിൽനിന്നെല്ലാം അനുമാനിക്കാവുന്ന നിഗമനം വ്യക്തമാണു്': മുതലാളിത്തത്തിൻെറ വളർച്ച എല്ലാ രാഷ്ട്രങ്ങളേയും സ്വതന്ത്രമായ നിലനില്പിലേക്കു്' അവശ്യമായും തട്ടിയുണർത്തുന്ന ഒരു സ്ഥിതിയില്ലാത്തതുകൊണ്ടു്' ദേശീയപ്രശ്നത്തെ ഒരു പൂജ്യവസ്തുവായി ഏററവുമൊടുവിൽ കരുതുന്നതു്' തൊഴിലാളിവർഗ്ഗമായിരിക്കണം. പക്ഷെ ബഹുജനദേശീയപ്രസ്ഥാനങ്ങറം പൊട്ടിപ്പുറപ്പെട്ടതിനുശേഷം അവയെ വിഗണിക്കുകയും അവയിൽ പുരോഗമനപരമായതിനെ അനുകൂലിക്കാൻ വിസമ്മതിക്കുകയും ചെയ്യുകയെന്നുവച്ചാൽ അതിനർത്ഥം ഫലത്തിൽ ദേശീയവാദപരമായ മുൻവിധികറംക്കു്' വഴിമാറിക്കൊടുക്കുകയെന്നാണു്', അതായതു്', തങ്ങളുടെ ''സ്വന്തം'' രാഷ്ട്രത്തെ ''മാതൃകാരാഷ്ട്ര''മായി (അഥവാ — ഇതുംകൂടി പറയാം — ഒരു സ്റ്റേററു്' രൂപീകരിക്കാനുള്ള മററാർക്കുമില്ലാത്ത പ്രത്യേകാധികാരം കൈവശമുള്ള ഒരു രാഷ്ട്രമായി) അംഗീകരിക്കുകയെന്നാണു്'.*

പക്ഷെ നമുക്കു്' അയർലണ്ടിൻെറ പ്രശ്നത്തിലേക്കു മടങ്ങാം.

---

*മാർക്സു്' എംഗൽസിനു്' 1867 ജൂൺ 3—ാംനു- അയച്ച ഈ കത്തുകൂടി നോക്കുക: ''...പോളണ്ടിനനുകൂലമായും റഷ്യക്കെതിരായുമുള്ള

ഈ പ്രശ്നത്തിലുള്ള മാർക്സിൻെറ നിലപാട് അദ്ദേഹത്തിൻെറ കത്തുകളിലെ ചുവടെ കൊടുക്കുന്ന ഭാഗങ്ങളിൽ ഏററവും വ്യക്തമായി പ്രകാശിപ്പിച്ചിട്ടുണ്ട്:

''ഫെനിയനിസ[47]ത്തിനനുകൂലമായി ബ്രിട്ടീഷ് തൊഴിലാളികഠം ഇങ്ങനെയൊരു പ്രകടനം നടത്താൻവേണ്ടി ഞാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്... അയർലണ്ട് ഇംഗ്ലണ്ടിൽനിന്നു വേറിട്ടുപോവുക അസാദ്ധ്യമാണെന്നാണ് ഞാൻ ഇത്രയും നാഠം കരുതിയതു്. ഇപ്പോളെനിക്കു തോന്നുന്നു അതനിവാര്യമാണെന്നു്, വിട്ടുപോകലിനുശേഷം ഒരു ഫെഡറേഷൻ രൂപീകൃതമായേക്കാമെങ്കിൽക്കൂടി.'' മാർക്സ് എംഗൽസിനു് 1867 നവംബർ 2—ാംനു- എഴുതിയതാണിതു്.

അക്കൊല്ലംതന്നെ നവംബർ 30—ാംനു- അദ്ദേഹം ഇതുംകൂടി എഴുതി:

''ഇംഗ്ലീഷ്തൊഴിലാളികളെ നാമെന്താണ് ഉപദേശിക്കേണ്ടതു്? എൻെറ അഭിപ്രായത്തിൽ, യൂണിയൻ പിരിച്ചുവിടുകയെന്നു്.'' (ഇംഗ്ലണ്ടുമായുള്ള അയർലണ്ടിൻെറ യൂണിയൻ— എന്നുവച്ചാൽ അയർലണ്ട് ഇംഗ്ലണ്ടിൽനിന്നു വിട്ടുപോവുകയെന്നർത്ഥം.) ''ചുരുക്കിപ്പറഞ്ഞാൽ 1783—ലെ അതേ ആവശ്യം തന്നെ ജനാധിപത്യപരവും ഇന്നത്തെ കാലത്തിനനുസൃതവുമായ രൂപത്തിൽ അവരുടെ പരിപാടിയിലെ ഒരു വകുപ്പായി ഉഠംപ്പെടുത്തേണ്ടതാണ്. അയർലണ്ടിൻെറ വിമോചനത്തിൻെറ നിയമവിധേയമായ ഏകരൂപമിതാണ്. അതുകൊണ്ടുതന്നെ ഒരു ഇംഗ്ലീഷ് പാർട്ടിയുടെ പരിപാടിയിൽ ഉഠംപ്പെടുത്താവുന്ന ഒരേയൊരു രൂപവും ഇതുമാത്രമാണ്. ഇരുരാജ്യങ്ങളും തമ്മിൽ വെറും വ്യക്തിപരമായ ഒരു യൂണിയൻ തുടർന്നുകൊണ്ടുപോകാൻ സാധിക്കുമോ എന്നു് പിന്നീടു് അനുഭവം തെളിയിക്കും....

---

പാരീസുകാരുടെ അഭിപ്രായപ്രകടനങ്ങളെക്കുറിച്ച് ''ടൈംസി''[46]ൽ വന്ന പാരീസ് കത്തുകളിൽനിന്നും ഞാനറിഞ്ഞപ്പോഠം എനിക്കു് യഥാർത്ഥത്തിൽ സന്തോഷം തോന്നി... മി. പ്രൂദോണും അദ്ദേഹത്തിൻെറ സിദ്ധാന്തവാദിപ്പരിഷയുമല്ല ഫ്രഞ്ചു ജനത.''

''...അയർലണ്ടുകാർക്കു വേണ്ടതിതാണ്:

''1) സ്വയംഭരണവും ഇംഗ്ലണ്ടിൽനിന്നുള്ള സ്വാതന്ത്ര്യവും:

''2) ഒരു കാർഷികവിപ്ലവം....''

മാർക്സ് അയർലണ്ടിന്റെ പ്രശ്നത്തിന്ന് വമ്പിച്ച പ്രാധാന്യം കല്പിച്ചിരുന്നു. ഈ വിഷയത്തെപ്പററി അദ്ദേഹം ജർമ്മൻ തൊഴിലാളിയൂണിയന്റെ യോഗങ്ങളിൽ ഒന്നരമണിക്കൂർ നീണ്ടുനിന്ന പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട് (1867 ഡിസംബർ 17–ാംനു-യിലെ കത്ത് നോക്കുക).

''ഇംഗ്ലീഷ് തൊഴിലാളികൾക്കിടയിൽ കാണുന്ന അയർലണ്ടുകാരോടുള്ള വെറുപ്പിനെ''പ്പററി 1868 നവംബർ 20–ാംനു-എഴുതിയ ഒരു കത്തിൽ എംഗൽസ് പറയുന്നുണ്ട്. ഏതാണ്ടൊരു വർഷത്തിനുശേഷം (1869 ഒക്ടോബർ 24–ാംനു-) അദ്ദേഹം വീണ്ടും അതേ വിഷയത്തേപ്പററിത്തന്നെ ഇങ്ങനെ എഴുതുന്നു:

"Il n'y a qu'un pas" (ഒററ ചുവടുമാത്രമേ) ''അയർലണ്ടിൽനിന്നും റഷ്യയിലേയ്ക്കുള്ളു.... മറെറാരു രാഷ്ട്രത്തെ അടിമപ്പെടുത്തിവയ്ക്കുക ഒരു രാഷ്ട്രത്തിന്ന് എത്രത്തോളം ഹാനികരമാണെന്ന് അയർലണ്ടിന്റെ ചരിത്രം തെളിയിക്കുന്നു. ഇംഗ്ലീഷുകാരുടെ വഞ്ചനയുടെ മുഴവൻ ഉറവിടവും ഐറിഷ് പെയിലണ്. ക്രോംവെല്ലിന്റെ കാലഘട്ടം ഞാനിനിയും പരിശോധിച്ചിട്ടില്ല. പക്ഷെ ഒരു കാര്യം തീർച്ചയാണെന്ന് എനിക്കു തോന്നുന്നു: അയർലണ്ടിൽ പട്ടാളഭരണം ഏർപ്പെടുത്തുകയും പുതിയ പ്രഭുക്കളെ സൃഷ്ടിക്കുകയും ചെയ്യേണ്ടിവന്നില്ലായിരുന്നുവെങ്കിൽ ഇംഗ്ലണ്ടിൽ സംഗതികൾ മറെറാരു വഴിക്കു തിരിയുമായിരുന്നു.''

മാർക്സ് എംഗൽസിന്ന് 1869 ആഗസ്റ്റ് 18–ാംനു- എഴുതിയ കത്തുകൂടി നമുക്ക് കൂട്ടത്തിൽ പരിശോധിക്കാം:

''പോസെനിൽ പോളിഷ് തൊഴിലാളികൾ നടത്തിയ പണിമുടക്ക് അവരുടെ ബെർലിൻ സഖാക്കളുടെ സഹായത്തോടെ വിജയകരമായി പര്യവസാനിച്ചിരിക്കുന്നു. പണിമുടക്കെന്ന താരതമ്യേന പ്രാധാന്യംകുറഞ്ഞ രൂപത്തിലാണെങ്കി

ല്പം 'ശ്രീമാൻ മൂലധനിത്തിനെതിരായ ഈ സമരമാണ്' ബൂർഷ്വാമാന്യന്മാരുടെ സമാധാനപ്രഖ്യാപനത്തേക്കാഠം ദേശീയ പക്ഷപാതങ്ങഠം നീക്കാൻ കൂടുതൽ ഫലപ്രദമായ മാർഗ്ഗം.''

ഐറിഷ്പ്രശ്നത്തിൽ മാർക്സ് ഇൻറർനാഷനലിൽ അനുവർത്തിച്ച നയമെന്തായിരുന്നുവെന്ന് ചുവടെ വിവരിച്ചിട്ടുള്ളതിൽനിന്നും വ്യക്തമാകും:

അയർലണ്ടിൽ പൊതുമാപ്പു നൽകുന്നതു സംബന്ധിച്ച ബ്രിട്ടീഷ് മന്ത്രിസഭയുടെ നിലപാടിനെപ്പററി ഇൻറർനാഷനലിൻെറ കൗൺസിലിൽ താൻ ഒന്നേകാൽ മണിക്കൂർ സംസാരിച്ചതായും ചുവടെ കൊടുക്കുന്ന പ്രമേയം[48] നിർദ്ദേശിച്ചതായും മാർക്സ് എംഗൽസിനു 1869 നവംബർ 18—ാംനു എഴുതുകയുണ്ടായി:

''കൗൺസിൽ താഴെ ചേർക്കുന്ന തീരുമാനങ്ങളെടുക്കുന്നു:

''ബന്ധനസ്ഥരായ ഐറിഷ് ദേശാഭിമാനികളെ മോചിപ്പിക്കണമെന്ന് അയർലണ്ടുകാർ ആവശ്യപ്പെടുമ്പോഠം അതിനു മറുപടിയായി ഐറിഷ്രാഷ്ട്രത്തെ മനപ്പൂർവ്വം അപമാനിക്കുകയാണ് മി. ഗ്ലാഡ്സ്റ്റൺ ചെയ്യുന്നതു്;

''രാഷ്ട്രീയമാപ്പിനു പ്രതിബന്ധമായി ദുർഭരണത്തിനിരയായവർക്കും അവരുടെ നാട്ടുകാർക്കും ഒരുപോലെ അപമാനകരമായ ഉപാധികളാണദ്ദേഹം മുന്നോട്ടുവയ്ക്കുന്നതു്;

''തൻെറ ഔദ്യോഗികനിലയുടെ നിർബ്ബന്ധത്താൽ അമേരിക്കൻ അടിമയുടമകളുടെ കലാപത്തെ പരസ്യമായും ആവേശത്തോടെയും സ്വാഗതം ചെയ്തതിനുശേഷം അദ്ദേഹമിപ്പോഠം ഐറിഷ് ജനതയോട് പഞ്ചപുഛമടക്കി അനുസരണയോടെ കഴിയാൻ പ്രസംഗിക്കുകയാണ്;

''ഏതൊരു നയത്തെ രൂക്ഷമായി അധിക്ഷേപിച്ചുകൊണ്ടാണോ മി. ഗ്ലാഡ്സ്റ്റൺ തൻെറ ടോറി പ്രതിയോഗികളെ അധികാരസ്ഥാനത്തുനിന്നു തുരത്തിയതു്, അതേ 'ആക്രമണനയ'ത്തിൽനിന്നും യഥാർത്ഥത്തിൽ പൊട്ടിമുളച്ചതാണ് ഐറിഷ്

പൊതുമാപ്പിൻെറ പ്രശ്നത്തിൽ അദ്ദേഹമെടുത്തിട്ടുള്ള എല്ലാ നടപടികളും;

''ഐറിഷ് ജനത പൊതുമാപ്പിനുവേണ്ടി ആവേശകരവും അചഞ്ചലവും ആത്മാർത്ഥവുമായ രീതിയിൽ നടത്തുന്ന പ്രസ്ഥാനത്തിൽ 'ഇൻറർനാഷനൽ വർക്കിംഗ്മെൻസ് അസോസിയേഷ'ൻെറ ജനറൽ കൗൺസിൽ മതിപ്പ് രേഖപ്പെടുത്തുന്നു;

'' 'ഇൻറർനാഷനൽ വർക്കിംഗ്മെൻസ് അസോസിയേഷ'ൻെറ യൂറോപ്പിലേയും അമേരിക്കയിലേയും എല്ലാ ശാഖകളേയും അതുമായി ബന്ധപ്പെട്ട എല്ലാ തൊഴിലാളിസംഘടനകളേയും ഈ തീരുമാനങ്ങരം അറിയിക്കേണ്ടതാണ്.''

ഇൻറർനാഷനലിൻെറ കൗൺസിലിൽ താൻ സമർപ്പിക്കാൻ പോകുന്ന ഐറിഷ് പ്രശ്നത്തെക്കുറിച്ചുള്ള പ്രബന്ധത്തിൻെറ പൊതുരൂപം താഴെ കൊടുക്കുന്നതായിരിക്കുമെന്ന് 1869 ഡിസംബർ 10-ാംനു- മാർക്സ് എഴുതി.

''അയർലണ്ടിനു് 'സാർവ്വദേശീയ'വും 'മനുഷ്യത്വോചിത'വുമായ നീതി ലഭിക്കേണ്ടതാണെന്നതിനെക്കുറിച്ചുള്ള എല്ലാ സംസാരങ്ങരംക്കും പുറമെ—ഇൻറർനാഷനലിൻെറ കൗൺസിലിൽ അത്തരം സംസാരങ്ങരം സ്വാഭാവികമായും ഉണ്ടാകും—അയർലണ്ടുമായി ഇന്നുള്ള ബന്ധങ്ങരം ഉപേക്ഷിക്കുകയെന്നതു് ഇംഗ്ലീഷ് തൊഴിലാളിവർഗ്ഗത്തിൻെറ പ്രത്യക്ഷവും ഖണ്ഡിതവുമായ താല്പര്യമാണ്. ഇതാണെൻെറ ഏററവും പൂർണ്ണമായ ബോദ്ധ്യം. അതിനുള്ള കാരണങ്ങരം മുഴുവനും എനിക്ക് ഇംഗ്ലീഷ് തൊഴിലാളികളോടുതന്നെ പറയാൻ നിർവ്വാഹമില്ലാതെയാണിരിക്കുന്നതു്. ഇംഗ്ലീഷ് തൊഴിലാളിവർഗ്ഗം പ്രബലപ്പെട്ടുവരുന്നതിലൂടെ ഐറിഷ്ഭരണത്തെ തകിടംമറിക്കാനൊക്കുമെന്നാണ് കുറെയേറെ നാളത്തേക്കു് ഞാൻ വിശ്വസിച്ചിരുന്നതു്. ഈ അഭിപ്രായഗതി ഞാനെന്നും 'ന്യൂയോർക്ക് ട്രിബ്യൂണി''[49]ൽ'' (മാർക്സ് വളരെക്കാലത്തേക്കു് എഴുതിക്കൊണ്ടിരുന്ന ഒരു അമേരിക്കൻപത്രം) ''പ്രകാശിപ്പിച്ചിട്ടുമുണ്ട്. കാര്യങ്ങരം കുറേക്കൂടി ആഴത്തിൽ പഠിച്ചപ്പോരം നേരേമറിച്ചാണു വാസ്തവ

മെന്നു് എനിക്കു ബോദ്ധ്യമായിരിക്കുന്നു. അയർലണ്ടിനെ കയ്യൊഴിയുന്നതിനുമുമ്പായി ഇംഗ്ലീഷ് തൊഴിലാളിവർഗ്ഗം യാതൊന്നും നേടാൻ പോകുന്നില്ല.... ഇംഗ്ലണ്ടിലെ ഇംഗ്ലീഷ് പിന്തിരിപ്പത്തം മുളയെടുത്തിട്ടുള്ളതു് അയർലണ്ടിൻെറ വിധേയതത്തിൽനിന്നാണു്'' (കീഴ്‌വര മാർക്സിൻേറതു്).

ഐറിഷ്പ്രശ്നത്തിൽ മാർക്സിൻെറ നയമെന്തായിരുന്നുവെന്നു് ഇപ്പോഠം വായനക്കാർക്കു് തികച്ചും വ്യക്തമായിക്കാണുമല്ലൊ.

''സാങ്കല്പികവാദി''യായ മാർക്സിനു് ''പ്രായോഗികബുദ്ധി'' ലവലേശമുണ്ടായിരുന്നില്ല: അദ്ദേഹം നിലക്കൊണ്ടതു് അയർലണ്ടു് വിട്ടുമാറുന്നതിനുവേണ്ടിയാണു്. അതാകട്ടെ, അരനൂററാണ്ടു കഴിഞ്ഞുപോലും സാധിതപ്രായമായിട്ടില്ല.

മാർക്സിൻെറ നയത്തിനുള്ള നിദാനമെന്തായിരുന്നു? അതു പിശകായിരുന്നില്ലേ?

മർദ്ദിതരാഷ്ട്രത്തിലെ ദേശീയപ്രസ്ഥാനമായിരിക്കുകയില്ല, നേരേമറിച്ചു് മർദ്ദകരാഷ്ട്രത്തിലെ തൊഴിലാളിപ്രസ്ഥാനമായിരിക്കും അയർലണ്ടിനു മോചനം നേടിക്കൊടുക്കുന്നതെന്നു മാർക്സു് ആദ്യം കരുതി. ദേശീയപ്രസ്ഥാനത്തെ കേവലമായ ഒന്നായി മാർക്സു് കണ്ടിരുന്നില്ല. എല്ലാ ദേശീയജനവിഭാഗങ്ങളുടേയും പരിപൂർണ്ണമോചനം തൊഴിലാളിവർഗ്ഗത്തിൻെറ വിജയത്തോടെ മാത്രമേ കരഗതമാകു എന്നു് അദ്ദേഹത്തിനറിയാമായിരുന്നു. മർദ്ദിതരാഷ്ട്രങ്ങളിലെ ബൂർഷ്വാവിമോചനപ്രസ്ഥാനങ്ങളും മർദ്ദകരാഷ്ട്രത്തിലെ തൊഴിലാളിവിമോചനപ്രസ്ഥാനവും തമ്മിലുള്ള പരസ്പരബന്ധം ഏതെല്ലാം വിധത്തിലാകാമെന്നു മുൻകൂട്ടി കണക്കുകൂട്ടാൻ സാദ്ധ്യമല്ല (ഇന്നു റഷ്യയിലെ ദേശീയപ്രശ്നത്തെ ഇത്രയേറെ വിഷമകരമാക്കുന്നതു് ഇതേ പ്രശ്നംതന്നെയാണു്).

എന്നാൽ, കാര്യങ്ങഠം നീങ്ങിയതിങ്ങനെയാണു്: കുറെയേറെ നാളത്തേയ്ക്കു് ഇംഗ്ലീഷ് തൊഴിലാളിവർഗ്ഗം ലിബറലുകളുടെ സ്വാധീനത്തിൽ വരികയും അവരുടെ വാലായിത്തീരുകയും ലിബറൽ തൊഴിലാളിനയം സ്വീകരിച്ചതിൻെറ ഫലമായി സ്വയം നിർജ്ജീവമാകുകയും ചെയ്തു. അയർലണ്ടിലെ

ബൂർഷ്വാവിമോചനപ്രസ്ഥാനം കൂടുതൽ ശക്തിപ്പെടുകയും വിപ്ലവരൂപങ്ങൾ കൈക്കൊള്ളുകയും ചെയ്തു. മാർക്സ് തൻെറ അഭിപ്രായം പുനഃപരിശോധിക്കുകയും അതു് തിരുത്തുകയും ചെയ്തു. ''മററൊരു രാഷ്ട്രത്തെ അടിമപ്പെടുത്തിവയ്ക്കുന്ന രാഷ്ട്രത്തിൻെറ സ്ഥിതി എത്രയോ ശോചനീയമാണു്.'' അയർലണ്ടു് ഇംഗ്ലീഷ് നുകത്തിൽനിന്നു സ്വാതന്ത്ര്യമാകാത്തിടത്തോളം കാലം ഇംഗ്ലീഷ് തൊഴിലാളിവർഗ്ഗം സ്വാതന്ത്ര്യമാവില്ല. അയർലണ്ടിനെ അടിമപ്പെടുത്തിവയ്ക്കുന്നതിലൂടെ ഇംഗ്ലണ്ടിലെ പിന്തിരിപ്പത്തത്തിനു് കൂടുതൽ കരുത്തും പ്രോത്സാഹനവും ലഭിക്കുകയാണു ചെയ്യുന്നതു് (അനേകം രാഷ്ട്രങ്ങളെ അടിമപ്പെടുത്തിവയ്ക്കുന്നതിലൂടെ റഷ്യയിലെ പിന്തിരിപ്പത്തത്തിനു പോഷണം ലഭിക്കുന്നതുപോലെതന്നെ !).

''ഐറിഷ് രാഷ്ട്ര''ത്തോടും ''ഐറിഷ് ജനത''യോടും അനുഭാവം രേഖപ്പെടുത്തുന്ന പ്രമേയം മാർക്സ് ഇൻറർനാഷനലിൽ നിർദ്ദേശിക്കുമ്പോൾ (വർഗ്ഗസമരം വിസ്മരിച്ചതിനു് പാവപ്പെട്ട മാർക്സിനെ ബുദ്ധിമാനായ എൽ.വ്ളാ. മിക്കവാറും ശകാരിച്ചേനെ) അദ്ദേഹം ചെയ്യുന്നതു് അയർലണ്ടു് ഇംഗ്ലണ്ടിൽനിന്നു വിട്ടുപോകാൻവേണ്ടി വാദിക്കുകയാണു്, ''വിട്ടുപോകലിനുശേഷം ഫെഡറേഷൻ രൂപീകൃതമായേക്കാമെങ്കിൽക്കൂടി''.

മാർക്സിൻെറ ഈ നിഗമനത്തിനുള്ള താത്വികാടിസ്ഥാനമെന്തായിരുന്നു? ഇംഗ്ലണ്ടിൽ ബൂർഷ്വാവിപ്ലവം വളരെ മുമ്പുതന്നെ പൂർത്തിയാക്കപ്പെട്ടിരുന്നു. പക്ഷെ അയർലണ്ടിൽ അതിനിയും പൂർത്തിയാക്കപ്പെട്ടിട്ടില്ല. അരനൂററാണ്ടിനുശേഷം ഇംഗ്ലീഷ് ലിബറലുകളുടെ പരിഷ്കാരങ്ങളിൽക്കൂടി ഇപ്പോഴാണതു് പൂർത്തിയാക്കപ്പെട്ടുകൊണ്ടിരിക്കുന്നതു്. മാർക്സ് ആദ്യം പ്രതീക്ഷിച്ചത്ര വേഗത്തിൽ ഇംഗ്ലണ്ടിൽ മുതലാളിത്തം നിഷ്കാസിതമായിരുന്നെങ്കിൽ അയർലണ്ടിൽ ബൂർഷ്വാജനാധിപത്യപരമായ ഒരു പൊതുദേശീയപ്രസ്ഥാനം ഉണ്ടാകാനിടയില്ലായിരുന്നു. പക്ഷെ അങ്ങിനെയൊന്നു് അയർലണ്ടിൽ ഉയർന്നുവന്ന സ്ഥിതിക്കു് അതിനെ പിന്താങ്ങാനും അതിനു് വിപ്ലവാത്മകമായ ഉത്തേജനം നൽകാനും സ്വന്തം മോചനത്തിൻെറ താല്പര്യങ്ങളെ

മുൻനിർത്തിത്തന്നെ അതിനെ പൂർത്തിയാക്കാനും മാർക്സ് ഇംഗ്ലീഷ് തൊഴിലാളികളെ ഉൽബോധിപ്പിച്ചു.

1860–70–ൽ അയർലണ്ടും ഇംഗ്ലണ്ടും തമ്മിൽ റഷ്യയ്ക്ക് പോളണ്ടും ഉക്രേയിനും മററുമായി ഇന്നുള്ളതിനേക്കാരം തീർച്ചയായും അടുത്ത ബന്ധമാണുണ്ടായിരുന്നതു്. (ഭൂമിശാസ്ത്രപരമായ സാഹചര്യങ്ങളും ഇംഗ്ലണ്ടിൻെറ വമ്പിച്ച കൊളോണിയൽ ശക്തിയും മാത്രമെടുക്കുകയാണെങ്കിൽത്തന്നെ) അയർലണ്ട് വിട്ടുപോകുന്നതു് ''അപ്രായോഗിക''വും ''അസാദ്ധ്യ''വുമാണെന്നു് സ്പഷ്ടമായിരുന്നു. അയർലണ്ടിൻെറ വിമോചനം പരിഷ്കരണവാദപരമായ മാർഗ്ഗത്തിലൂടെയല്ലാതെ വിപ്ലവമാർഗ്ഗത്തിലൂടെ, ഇംഗ്ലണ്ടിലെ തൊഴിലാളിവർഗ്ഗത്തിൻെറ പിന്തുണയോടുകൂടി അയർലണ്ടിലെ ബഹുജനങ്ങരം നടത്തുന്ന സമരത്തിലൂടെ നേടുന്നിടത്തോളം കാലം ഫെഡറേഷനാകാമെന്നു്* തത്വത്തിൽ ഫെഡറലിസത്തെ എതിർക്കുന്ന മാർക്സ് അംഗീകരിക്കുന്നു. ഈ ചരിത്രപരമായ പ്രശ്നത്തെ ഇങ്ങനെ പരിഹരിച്ചാൽ മാത്രമേ

---

*സോഷ്യൽ ഡെമോക്രാററിക് വീക്ഷണത്തിൽ രാഷ്ട്രങ്ങളുടെ ''സ്വയംനിർണ്ണയാ''വകാശമെന്നതുകൊണ്ടു ഫെഡറേഷനെന്നോ സ്വയംഭരണമെന്നോ രണ്ടും വിവക്ഷിക്കപ്പെടാത്തതെന്തുകൊണ്ടാണെന്നു് (പൊതുവിൽ പറഞ്ഞാൽ രണ്ടും ''സ്വയംനിർണ്ണയന''മെന്ന വകുപ്പിൽ പെടുമെങ്കിലും) കാണാൻ പ്രയാസമില്ല. ഫെഡറേഷനെന്നതു് രണ്ടു കക്ഷികരം തമ്മിൽ ഏർപ്പെടുന്ന ഒരു കരാറായതുകൊണ്ടു് പൊതുവിൽ ഫെഡറേഷൻ രൂപീകരിക്കാനുള്ള അവകാശമെന്നു പറയുന്നതു് അസംബന്ധമാണു്. മാർക്സിസ്റ്റുകാർക്കു് തങ്ങളുടെ പരിപാടിയിൽ പൊതുവിൽ ഫെഡറലിസത്തെ ന്യായീകരിച്ചുകൊണ്ടുള്ള ഒരു നിലപാടെടുക്കാൻ സാദ്ധ്യമല്ലെന്നു പറയേണ്ടതില്ലല്ലൊ. സ്വയംഭരണത്തെ സംബന്ധിച്ചാണെങ്കിൽ, സമ്മിശ്രദേശീയഘടനയും ഭൂമിശാസ്ത്രപരവും മററുമായി വമ്പിച്ച വൈജാത്യങ്ങളുമുള്ള ഒരു ജനാധിപത്യസ്റ്റേററിൻെറ ഒരു പൊതുസാർവ്വത്രികതത്വമെന്ന നിലയ്ക്കു് സ്വയംഭരണത്തെത്തന്നെയാണു്, അല്ലാതെ സ്വയംഭരണാവകാശത്തെയല്ല, മാർക്സിസ്റ്റുകാർ അനുകൂലിക്കുന്നതു്. അതുകൊണ്ടു് ''രാഷ്ട്രങ്ങളുടെ സ്വയംഭരണാവകാശത്തെ'' അംഗീകരിക്കുന്നതു് ''ഫെഡറേഷൻ രൂപീകരിക്കാനുള്ള രാഷ്ട്രങ്ങളുടെ അവകാശം'' അംഗീകരിക്കുന്നതുപോലെതന്നെ ബുദ്ധിശൂന്യമാണു്.

അതു് തൊഴിലാളിവർഗ്ഗതാല്പര്യങ്ങാക്കും ദ്രുതഗതിയിലുള്ള സാമൂഹ്യവികസനത്തിനും പ്രയോജനപ്പെട്ടു എന്നതിനു സംശയമില്ല.

സംഗതികരം സംഭവിച്ചതു വേറേ വഴിക്കാണു്. ഐറിഷ്ജനതയും ഇംഗ്ലീഷ്തൊഴിലാളിവർഗ്ഗവും രണ്ടും ദുർബ്ബലമാണെന്നു തെളിഞ്ഞു. ഇംഗ്ലീഷ്ലിബറലുകളും ഐറിഷ് ബൂർഷ്വാസിയും തമ്മിൽ നക്കാപ്പിച്ചക്കരാറുകളിലേർപ്പെട്ടുകൊണ്ടു് ഭൂപരിഷ്കരണത്തിലൂടെയും (പ്രതിഫലത്തോടുകൂടി) സ്വയംഭരണമനുവദിച്ചുകൊണ്ടും (അതിനിയും നടപ്പാക്കിയിട്ടില്ല) ഐറിഷ് പ്രശ്നം പരിഹരിച്ചുകൊണ്ടിരിക്കുന്നതു് ഇപ്പോഠം മാത്രമാണു് (അതെത്രകണ്ടു പ്രയാസകരമാണെന്നു് അാംസ്റ്ററി[50]ന്റെ ദൃഷ്ടാന്തം തെളിയിക്കുന്നു). ശരി, അതുകൊണ്ടു്? മാർക്സും എംഗൽസും ''സാങ്കല്പികവാദികളാ''യിരുന്നെന്നും അവർ ''അസാദ്ധ്യമായ'' ദേശീയാവശ്യങ്ങാം മുന്നോട്ടുവച്ചെന്നും ഐറിഷ് പെററിബൂർഷ്വാദേശീയവാദികളുടെ സ്വാധീനത്തിൽപ്പെടാൻ അവർ സ്വയമനുവദിച്ചെന്നും (ഫെനിയൻ പ്രസ്ഥാനത്തിന്റെ പെററിബൂർഷ്വാസ്വഭാവത്തെപ്പററി സംശയത്തിനവകാശമില്ല) മററും ആണോ ഇതിൽനിന്നുമനുമാനിക്കേണ്ടതു്?

അല്ല, ഐറിഷ് പ്രശ്നത്തിലും നീക്കുപോക്കില്ലാതെ തൊഴിലാളിവർഗ്ഗത്തിന്റേതായ ഒരു നയമാണു് മാർക്സും എംഗൽസും അനുവർത്തിച്ചതു്. അതു് ബഹുജനങ്ങളിൽ യഥാർത്ഥത്തിൽ ജനാധിപത്യത്തിന്റേയും സോഷ്യലിസത്തിന്റേയും ചിന്താഗതി വളർത്തുകയും ചെയ്തു. ആവശ്യമായ പരിഷ്കാരങ്ങാം നടപ്പാക്കാനെടുത്ത അരനൂററാണ്ടത്തെ കാലവിളംബത്തിൽനിന്നും അയർലണ്ടിനേയും ഇംഗ്ലണ്ടിനേയും രക്ഷിക്കാനും പിന്തിരിപ്പന്മാരെ പ്രീതിപ്പെടുത്താൻവേണ്ടി ലിബറലുകരം പ്രസ്തുത പരിഷ്കാരങ്ങാം വികലമാക്കുന്നതു തടയാനും അത്തരമൊരു നയത്തിനു മാത്രമേ കഴിയുമായിരുന്നുള്ളു.

മർദ്ദകരാഷ്ട്രങ്ങളിലെ തൊഴിലാളിവർഗ്ഗം ദേശീയപ്രസ്ഥാനങ്ങളോടെടുക്കേണ്ട മനോഭാവത്തിന്റെ ഉജ്ജ്വലമായൊരു

ദൃഷ്ടാന്തമാണു് മാർക്സും എംഗൽസും ഐറിഷ്പ്രശ്നത്തിൽ അനുവർത്തിച്ച നയം. അതിൻെറ പ്രായോഗികപ്രാധാന്യം ഇന്നും വമ്പിച്ചതാണു്. ഒരു രാഷ്ട്രത്തിലെ ഭൂപ്രഭുക്കളും ബൂർഷ്വാസിയും അക്രമവും അവരുടെ പ്രത്യേകാധികാരങ്ങളുമുപയോഗിച്ച സ്ഥാപിച്ച സ്റ്റേററതിർത്തികൾ മാററണമെന്നു പറയുന്നതു് ''മനോരാജ്യ''മാണെന്നു പ്രഖ്യാപിക്കാൻ എല്ലാ രാജ്യക്കാരും നിറക്കാരും ഭാഷക്കാരുമായ ഫിലിസ്റ്റൈനുകൾ കാട്ടുന്ന ''നട്ടെല്ലില്ലാത്ത തിടുക്ക''ത്തിനെതിരായ ഒരു താക്കീതാണതു്.

അയർലണ്ടിലേയും ഇംഗ്ലണ്ടിലേയും തൊഴിലാളിവർഗ്ഗം മാർക്സിൻെറ നയം അംഗീകരിക്കുകയും അയർലണ്ടു് വിട്ടുപോവുകയെന്നതു് അവരുടെ മുദ്രാവാക്യമായി സ്വീകരിക്കുകയും ചെയ്തില്ലായിരുന്നുവെങ്കിൽ, അതു് ഏററവും നിന്ദ്യമായ അവസരവാദവും ജനാധിപത്യവാദികളും സോഷ്യലിസ്റ്റുകാരുമെന്ന നിലയ്ക്കുള്ള അവരുടെ കടമകൾ അവഗണിക്കലും ഇംഗ്ലീഷ് പിന്തിരിപ്പത്തത്തിനും ഇംഗ്ലീഷ് ബൂർഷ്വാസിക്കും വിട്ടുവീഴ്ച ചെയ്യലുമാകുമായിരുന്നു.

## 9. 1903–ലെ പരിപാടിയും അതു പൊളിച്ചവരും

റഷ്യൻ മാർക്സിസ്റ്റുകാരുടെ പരിപാടി അംഗീകരിച്ച 1903–ലെ കോൺഗ്രസ്സിൻെറ നടപടിക്കുറിപ്പുകൾ അങ്ങേയററം ദുർലഭമായിരിക്കുന്നതുകൊണ്ടു് പരിപാടിയുടെ വിവിധ ഇനങ്ങൾക്കു നിദാനമായിട്ടുള്ള പ്രേരണകളെന്തെല്ലാമായിരുന്നുവെന്നു് ഇന്നു തൊഴിലാളിപ്രസ്ഥാനത്തിലുള്ള സജീവപ്രവർത്തകരിൽ ബഹുഭൂരിപക്ഷം പേർക്കും അറിഞ്ഞുകൂടാ (ബന്ധപ്പെട്ട എല്ലാ സാഹിത്യങ്ങൾക്കും നിയമവിധേയത്വമെന്ന ഭാഗ്യം സിദ്ധിച്ചിട്ടില്ലെന്നതാണു മറെറാരു കാരണം...). അതുകൊണ്ടു് നമ്മുടെ ചർച്ചാവിഷയത്തെ സംബന്ധിച്ചു് 1903–ലെ കോൺഗ്രസ്സിൽ നടന്ന വാദപ്രതിവാദം അപഗ്രഥിക്കുകയെന്നതു് ഒരാവശ്യമാണു്.

ഞങ്ങറം ഒരു കാര്യം ആദ്യംതന്നെ പ്രസ്താവിച്ചുകൊള്ളട്ടെ. ''രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശത്തെ''പ്പററിയുള്ള റഷ്യൻ സോഷ്യൽഡെമോക്രാററിക് സാഹിത്യം എത്രതന്നെ കുറച്ചായാലും, വിട്ടുനിൽക്കാനുള്ള അവകാശമെന്ന അർത്ഥത്തിലാണു് പ്രസ്തുത അവകാശത്തെ എപ്പോഴും മനസ്സിലാക്കിയിരുന്നതെന്നു് അതു വ്യക്തമായും വെളിപ്പെടുത്തുന്നുണ്ടു്. സെംക്കോവ്സ്കിയ്മാരും ലീബ്മന്മാരും യൂർക്കേവിച്ചുമാരും ഇതു ചോദ്യംചെയ്യുകയും ഒമ്പതാംഖണ്ഡിക ''അവ്യക്ത''മാണെന്നും മററും പ്രഖ്യാപിക്കുകയും ചെയ്യുന്നതു് അവരുടെ അങ്ങേയററത്തെ അജ്ഞതകൊണ്ടോ അശ്രദ്ധകൊണ്ടോ മാത്രമാണു്. ''സ്വയംനിർണ്ണയാവകാശ''മെന്നതു് ബൂർഷ്വാജനാധിപത്യവാദികറംക്കു് ഒഴിച്ചുകൂടാൻ വയ്യാത്ത ഒരാവശ്യമല്ലെങ്കിലും ''സോഷ്യൽഡെമോക്രാററുകാർക്കു് അതു് ഒഴിച്ചുകൂടാൻ വയ്യെ''ന്നു് കരടുപരിപാടിയിൽ അതുറംപ്പെടുത്തിയതിനെ ശരിവച്ചുകൊണ്ടു് പ്ലെഖാനൊവ് 1902—ൽത്തന്നെ ''സര്യാ''യിൽ എഴുതുകയുണ്ടായി. ''ഗ്രേററ്റഷ്യൻ ദേശീയജനവിഭാഗത്തിൽപ്പെടുന്ന നമ്മുടെ നാട്ടുകാരുടെ ദേശീയപക്ഷപാതങ്ങളെ ക്ഷതപ്പെടുത്തിയേക്കുമെന്നു ഭയന്നു് അതു മുന്നോട്ടുവയ്ക്കാൻ നാം മറക്കുകയോ അറയ്ക്കുകയോ ചെയ്യുന്നപക്ഷം, നാം വിളിച്ചുപറയുന്ന 'സർവ്വരാജ്യതൊഴിലാളികളേ, ഏകോപിക്കുവിൻ!' എന്ന മുദ്രാവാക്യം ഒരു പച്ചക്കള്ളമായിത്തീരും....''[51]

നാം പരിഗണിച്ചുകൊണ്ടിരിക്കുന്ന പോയിൻറിനനുകൂലമായ മൗലികവാദമുഖത്തിൻെറ വളരെയേറെ സമുചിതമായ ഒരു ചിത്രീകരണമാണിതു്. ''സ്വന്തക്കാരെ മറന്ന'' നമ്മുടെ പരിപാടിയുടെ വിമർശകർ അതിൽനിന്നും തന്ത്രപൂർവ്വം ഒഴിഞ്ഞുമാറിക്കൊണ്ടിരിക്കുന്നതു വെറുതെയല്ല. അതു് അത്രയേറെ സമുചിതമായിട്ടുണ്ടു്. എന്തുകാരണത്താലായാലും ശരി, ഈ പോയിൻറ് വിട്ടുകളയുകയെന്നുവച്ചാൽ അതു യഥാർത്ഥത്തിൽ ഗ്രേററ്റഷ്യൻ ദേശീയവാദത്തോടു ചെയ്യുന്ന ''ലജ്ജാകര''മായ ഒരു വിട്ടുവീഴ്ചയാണു്. എല്ലാ രാഷ്ട്രങ്ങളുടേയും സ്വയംനിർണ്ണയാവകാശമാണു പ്രശ്നമെന്നുള്ളപ്പോറം എന്തുകൊണ്ടാണു് ഗ്രേററ്റഷ്യ

നെന്നു പറഞ്ഞതു്? എന്തുകൊണ്ടെന്നാൽ ഈ പോയിൻറ് പരാമർശിക്കുന്നതു് ഗ്രേററ്റഷ്യാക്കാരിൽനിന്നും വിട്ടുനിൽക്കുന്നതിനെയാണു്. തൊഴിലാളികളുടെ ഐക്യത്തിൻേറയും അവരുടെ വർഗ്ഗൈക്യത്തിൻേറയും താല്പര്യങ്ങളെ മുൻനിർത്തി രാഷ്ട്രങ്ങൾക്കു വിട്ടുനിൽക്കാനുള്ള അവകാശം നാമംഗീകരിച്ചേ തീരൂ. മേലുദ്ധരിച്ച വാക്കുകളിൽ പ്ലെഖാനൊവ് പന്ത്രണ്ടുവർഷം മുമ്പു സമ്മതിച്ചതതാണു്. നമ്മുടെ അവസരവാദികൾ ഇതേപ്പററി ചിന്തിച്ചിരുന്നുവെങ്കിൽ അവർ ഒരുപക്ഷെ സ്വയം നിർണ്ണയനത്തെപ്പററി ഇത്രയേറെ അസംബന്ധം തട്ടിമൂളിക്കുകയില്ലായിരുന്നു.

പ്ലെഖാനൊവ് ഏതൊരു കരടുപരിപാടിക്കുവേണ്ടി വാദിച്ചുവോ അതംഗീകരിച്ച 1903—ലെ കോൺഗ്രസ്സിൽ പ്രധാനപ്രവർത്തനം നടന്നതു് പരിപാടിയെക്കുറിച്ചുള്ള കമ്മീഷനിലാണു്. നിർഭാഗ്യവശാൽ അതിൻെറ നടപടിക്കുറിപ്പുകളൊന്നും സൂക്ഷിച്ചുവച്ചിട്ടില്ല; നാം ചർച്ചചെയ്യുന്ന പോയിൻറിൻെറ കാര്യത്തിൽ അവ പ്രത്യേകിച്ചും താല്പര്യജനകമാകുമായിരുന്നു; എന്തെന്നാൽ, പോളിഷ് സോഷ്യൽഡെമോക്രാററുകാരുടെ പ്രതിനിധികളായ വർഷാവ്സ്കിയും ഹനേത്സ്ക്കിയും അവരുടെ അഭിപ്രായം ന്യായീകരിക്കാനും ''സ്വയംനിർണ്ണയാവകാശം അംഗീകരിക്കുന്നതിനെ'' ചോദ്യംചെയ്യാനും ശ്രമിച്ചതു് ഈ കമ്മീഷനിൽ മാത്രമായിരുന്നു. വർഷാവ്സ്ക്കിയുടെ പ്രസംഗത്തിലും അദ്ദേഹത്തിൻേറയും ഹനേത്സ്ക്കിയുടേയും പ്രഖ്യാപനത്തിലും (നടപടിക്കുറിപ്പുകളുടെ 134—36, 388—90 എന്നീ പേജുകൾ നോക്കുക) അവർ പ്രകടിപ്പിച്ച വാദമുഖങ്ങളെ നാമിപ്പോൾ വിശകലനം ചെയ്ത റോസ ലക്സംബർഗ്ഗിൻെറ പോളിഷ് ലേഖനത്തിൽ അവർ ഉന്നയിച്ചിരിക്കുന്ന വാദമുഖങ്ങളുമായി തട്ടിച്ചുനോക്കാൻ വായനക്കാരിലാരെങ്കിലും മിനക്കെട്ടുന്നപക്ഷം അവ പരിപൂർണ്ണമായും ഒന്നുതന്നെയാണെന്നു കാണാൻ കഴിയും.

പോളിഷ് മാർക്സിസ്റ്റുകാരെ മററാരെക്കാളുമധികം രണ്ടാം കോൺഗ്രസ്സിൻെറ, പരിപാടിയെക്കുറിച്ചുള്ള കമ്മീഷനിൽവച്ചു

വിമർശിച്ചതു് റ്റൈഖാനൊവാണ്. പ്രസ്തുത കമ്മീഷൻ ഈ വാദമുഖങ്ങളോടെടുത്ത നിലപാടെന്തായിരുന്നു? അവയെ അതു നിർദ്ദാക്ഷിണ്യം പരിഹസിച്ചു! രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശത്തെ അംഗീകരിച്ചിട്ടുള്ളതു് എടുത്തുകളയണമെന്നു് റഷ്യയിലെ മാർക്സിസ്റ്റുകാരോടു നിർദ്ദേശിക്കുന്നതിലുള്ള ബുദ്ധിശൂന്യത അങ്ങേയററം വ്യക്തമായും സ്പഷ്ടമായും തെളിഞ്ഞതുകൊണ്ടു് കോൺഗ്രസ്സിൻെറ സമ്പൂർണ്ണയോഗത്തിൽവച്ചു് പോളിഷ് മാർക്സിസ്റ്റുകാർ അവരുടെ വാദങ്ങളാവർത്തിക്കാൻപോലും ധൈര്യപ്പെട്ടില്ല!! ഗ്രേററ്റഷ്യാക്കാരും യഹൂദന്മാരും ജോർജ്ജിയാക്കാരും ആർമീനിയാക്കാരുമായ മാർക്സിസ്റ്റുകാരുടെ പരമോന്നതസഭയിൽ തങ്ങളുടെ നിലപാടിനു യാതൊരു രക്ഷയുമില്ലെന്നു ബോദ്ധ്യപ്പെട്ടു് അവർ കോൺഗ്രസ്സ് വിട്ടിറങ്ങിപ്പോയി.

തൻെറ പരിപാടി ഗൗരവമായിട്ടെടുത്തിട്ടുള്ള ഏതൊരാളും ചരിത്രപ്രധാനമായ ഈ സംഭവത്തിനു് സ്വാഭാവികമായും വളരെയേറെ പ്രാധാന്യം കല്പിക്കും. പോളിഷ് മാർക്സിസ്റ്റുകാരുടെ വാദങ്ങൾ കോൺഗ്രസ്സിൻെറ പരിപാടിയെക്കുറിച്ചുള്ള കമ്മീഷനിൽവച്ചു് പാടേ പൊളിഞ്ഞുവെന്നതും കോൺഗ്രസ്സിൻെറ പൂർണ്ണയോഗത്തിൽവച്ചു് തങ്ങളുടെ അഭിപ്രായങ്ങൾക്കുവേണ്ടി വാദിക്കാനുള്ള ശ്രമം അവർ ഉപേക്ഷിച്ചുവെന്നതും അങ്ങേയററം പ്രാധാന്യമർഹിക്കുന്നു. 1908–ലെ ലേഖനത്തിൽ റോസ ലൂക്സംബർഗ്ഗ് അതേപ്പററി ''വിനയഭാവത്തിൽ'' മൗനമവലംബിച്ചതു് വെറുതെയല്ല; കോൺഗ്രസ്സിനെക്കുറിച്ചുള്ള സ്മരണ പ്രത്യക്ഷത്തിൽ അവർക്കു് അസുഖകരമായിത്തോന്നിയിരിക്കണം! 1903–ൽ എല്ലാ പോളിഷ് മാർക്സിസ്റ്റുകാരുടേയും പേരിൽ വർഷാവ്സ്ക്കിയും ഹനേത്സ്ക്കിയും മുന്നോട്ടുവച്ച, പരിപാടിയുടെ ഒമ്പതാംഖണ്ഡിക ''ഭേദഗതി'' ചെയ്യണമെന്ന അപഹാസ്യമാംവണ്ണം അനുചിതമായ നിർദ്ദേശത്തെക്കുറിച്ചും അവർ മൗനമവലംബിക്കുകയാണുചെയ്തതു്. ആ നിർദ്ദേശം ആവർത്തിക്കാൻ റോസ ലൂക്സംബർഗ്ഗോ മററേതെങ്കിലും പോളിഷ് സോഷ്യൽഡെമോക്രാററുകാരോ ധൈര്യപ്പെട്ടിട്ടില്ല (ധൈര്യപ്പെടുകയുമില്ല).

1903–ൽ തനിക്കു സംഭവിച്ച പരാജയത്തെ മറച്ചുപിടിച്ചുകൊണ്ടു് റോസ ലുക്സംബർഗ്ഗ് ഈ വസ്തുതകളെപ്പററി മൗനമവലംബിച്ചെങ്കിലും, സ്വന്തം പാർട്ടിയുടെ ചരിത്രത്തിൽ താല്പര്യമുള്ളവർ വസ്തുതകളാരായുകയും അവയുടെ പ്രാധാന്യത്തെക്കുറിച്ചു ചിന്തിക്കുകയും ചെയ്യുകയെന്നതു് തങ്ങളുടെ ചുമതലയായെടുക്കുന്നതാണു്.

1903–ലെ കോൺഗ്രസ്സ് വിടുന്ന അവസരത്തിൽ റോസ ലുക്സംബർഗ്ഗിൻെറ സുഹൃത്തുക്കരം ചുവടെ ചേർക്കുന്ന പ്രസ്താവന ചെയ്യുകയുണ്ടായി:

''....കരടുപരിപാടിയിലെ 7–ാം ഖണ്ഡിക''(ഇപ്പോഴത്തെ 9–ാം ഖണ്ഡിക) ''താഴെക്കാണുന്നവിധമായിരിക്കണമെന്നു ഞങ്ങരം നിർദ്ദേശിക്കുന്നു: ഖണ്ഡിക 7. സ്റ്റേററിലെ എല്ലാ രാഷ്ട്രങ്ങരംക്കും സാംസ്കാരികവികസനത്തിനുള്ള പരിപൂർണ്ണ സ്വാതന്ത്ര്യം ഉറപ്പുനൽകുന്ന സ്ഥാപനങ്ങരം''(നടപടിക്കുറിപ്പുകളുടെ 390–ാം പേജ്).

ഇങ്ങനെ ദേശീയപ്രശ്നത്തിൽ പോളിഷ് മാർക്സിസ്റ്റുകാർ അന്നുന്നയിച്ച അഭിപ്രായങ്ങരം അങ്ങേയററം അവ്യക്തമായിരുന്നു. ഫലമോ? സ്വയംനിർണ്ണയനത്തിനു പകരം കുപ്രസിദ്ധമായ ''സാംസ്കാരിക–ദേശീയസ്വയംഭരണ''ത്തെ മറെറാരു പേരിൽ നിർദ്ദേശിക്കുകയാണു് അവർ യഥാർത്ഥത്തിൽ ചെയ്തതു്!

അവിശ്വസനീയമായിത്തോന്നിയേക്കാമെങ്കിലും നിർഭാഗ്യവശാൽ ഇതൊരു പരമാർത്ഥമാണു്. കോൺഗ്രസ്സിൽത്തന്നെ അഞ്ചു വോട്ടുകളുള്ള അഞ്ചു ബുന്ദിസ്റ്റുകളും ആറു വോട്ടുകളുള്ള മൂന്നു കോക്കേഷ്യന്മാരും പുറമെ ഉപദേശകനെന്ന നിലയിൽ കൊസ്ത്രോവും സംബന്ധിച്ചിരുന്നുവെങ്കിലും സ്വയംനിർണ്ണയനത്തെക്കുറിച്ചുള്ള ഖണ്ഡിക എടുത്തുകളയാൻവേണ്ടി ഒരൊററയാരംപോലും വോട്ടുചെയ്തില്ല. ഈ ഖണ്ഡികയിൽ ''സാംസ്കാരിക–ദേശീയസ്വയംഭരണ''മെന്നുകൂടി ചേർക്കണമെന്ന നിർദ്ദേശത്തിനു് (''രാഷ്ട്രങ്ങരംക്കു് സാംസ്കാരികവികസനത്തിനുള്ള പരിപൂർണ്ണസ്വാതന്ത്ര്യം ഉറപ്പുനൽകുന്ന സ്ഥാപനങ്ങരം നില

വിൽ കൊണ്ടുവരിക''യെന്ന ഗോറംഡ്ഷ്വററിൻെറ ഫോർമുല ക്കനുകൂലമായി) മൂന്നു വോട്ടുകളും ലീബെറിൻെറ ഫോർമുലയ്ക്കു് (''സാംസ്കാരികവികസനസ്വാതന്ത്ര്യത്തിനുള്ള രാഷ്ട്രങ്ങളുടെ അവകാശം'') നാലു വോട്ടുകളും ലഭിക്കുകയുണ്ടായി.

ഇപ്പോഴാണെങ്കിൽ കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററിക് പാർട്ടി എന്ന പേരിൽ ഒരു റഷ്യൻ ലിബറൽ പാർട്ടി രംഗത്തു വന്നിരിക്കുന്ന സ്ഥിതിക്കു്, രാഷ്ട്രങ്ങളുടെ രാഷ്ട്രീയസ്വയംനിർണ്ണയനത്തിൻെറ സ്ഥാനത്തു് ''സാംസ്കാരികസ്വയംനിർണ്ണയന''മാണു് അതിൻെറ പരിപാടിയിലുള്ളതെന്നു നമുക്കറിയാം. അപ്പോൾ പി. പി. എസ്സിൻെറ ദേശീയവാദത്തെ വിജയകരമായി ''ചെറുത്തുകൊണ്ടു്'' റോസ ലുക്സംബുർഗ്ഗിൻെറ പോളിഷ് സുഹൃത്തുക്കൾ ചെയ്തതു് മാർക്സിസ്റ്റ് പരിപാടിയുടെ സ്ഥാനത്തു് ഒരു ലിബറൽ പരിപാടി നിർദ്ദേശിക്കുകയെന്നതാണു്! അതേ ശ്വാസത്തിൽത്തന്നെ അവസരവാദപരമെന്നു പറഞ്ഞു് അവർ നമ്മുടെ പരിപാടിയെ കുററപ്പെടുത്തി. ഈ ആരോപണം രണ്ടാംകോൺഗ്രസ്സിൻെറ പരിപാടിയെക്കുറിച്ചുള്ള കമ്മീഷനിൽ ചിരിയുളവാക്കിയതിൽ അതിശയിക്കാനില്ലല്ലൊ!

രണ്ടാംകോൺഗ്രസ്സിലെ ഒരൊററ പ്രതിനിധിപോലും ''രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയന''ത്തിനു് എതിരായിരുന്നില്ലെന്നു നാം കണ്ടല്ലോ. ''സ്വയംനിർണ്ണയന''ത്തെ അവർ മനസ്സിലാക്കിയതെങ്ങിനെയാണു്?

നടപടിക്കുറിപ്പുകളിൽനിന്നും താഴെച്ചേർക്കുന്ന മൂന്നു ഭാഗങ്ങൾ ഇതിനു് ഉത്തരം നൽകുന്നു:

''മർത്തീനൊവിൻെറ അഭിപ്രായത്തിൽ 'സ്വയംനിർയനണ്ണ'മെന്ന പദത്തിനു് വിപുലമായ ഒരു വ്യാഖ്യാനം നൽകാൻ പാടില്ല; ഒരു രാഷ്ട്രത്തിനു് ഒരു പ്രത്യേക രാഷ്ട്രീയാസ്തിത്വത്തിനുള്ള അവകാശമെന്നല്ലാതെ പ്രാദേശികസ്വയംഭരണം സ്ഥാപിക്കാനുള്ള അവകാശമെന്നു് അതിനർത്ഥമില്ല'' (പേജ് 171). റോസ ലുക്സംബുർഗ്ഗിൻെറ സുഹൃത്തുക്കളുടെ വാദങ്ങളെ ഖണ്ഡിക്കുകയും കളിയാക്കുകയും ചെയ്ത, പരിപാടിയെക്കുറി

ച്ചുള്ള കമ്മീഷനിലെ ഒരംഗമായിരുന്ന മർത്തീനൊവ്. മർത്തീനൊവ് അന്ന് അഭിപ്രായത്തിൽ ഒരു ''സാമ്പത്തികസമരവാദി''[52]യും ''ഇസ്ക്ര''[53]യുടെ കടുത്ത വിരോധിയുമായിരുന്നു. പരിപാടിയെക്കുറിച്ചുള്ള കമ്മീഷനിലെ ഭൂരിപക്ഷത്തിൻേറതല്ലാത്ത ഒരഭിപ്രായം അദ്ദേഹമന്നു പ്രകടിപ്പിച്ചിരുന്നുവെങ്കിൽ അതു ഖണ്ഡിക്കപ്പെട്ടുമായിരുന്നുവെന്നതിനു സംശയമില്ല.

കമ്മീഷൻേറ പ്രവർത്തനം കഴിഞ്ഞു് കോൺഗ്രസ്സ് പരിപാടിയുടെ എട്ടാംഖണ്ഡിക (ഇപ്പോഴത്തെ ഒമ്പതാംഖണ്ഡിക) ചർച്ചയ്ക്കെടുത്തപ്പോറം, ബുന്ദിസ്റ്റായ ഗോറംഡ്ബ്ലററാണ് ആദ്യം സംസാരിച്ചതു്.

ഗോറംഡ്ബ്ലററ് പറഞ്ഞു:

'' 'സ്വയംനിർണ്ണയാവകാശ'ത്തിനെതിരായി ഒന്നും പറയാൻ സാദ്ധ്യമല്ല. ഒരു രാഷ്ട്രം സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുന്നുവെങ്കിൽ നാമതു് എതിർത്തുകൂടാ. പ്ലെഖാനൊവിൻേറ ഭാഷയിൽ പറഞ്ഞാൽ, പോളണ്ട് റഷ്യയുമായി നിയമപരമായ വിവാഹബന്ധത്തിലേർപ്പെടാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ അതിൽ ഇടപെടുന്നതു നമ്മുടെ ജോലിയല്ല. ഈ പരിധിക്കുള്ളിൽ ഞാൻ ആ അഭിപ്രായവുമായി യോജിക്കുന്നു.'' (പേജ് 175—76).

കോൺഗ്രസ്സിൻേറ സമ്പൂർണ്ണയോഗത്തിൽ പ്ലെഖാനൊവ് ഈ വിഷയത്തെപ്പററി സംസാരിച്ചതേയില്ല. പരിപാടിയെക്കുറിച്ചുള്ള കമ്മീഷനിൽ പ്ലെഖാനൊവ് പറഞ്ഞതിനെയാണു് ഗോർഡ്ബ്ലററ് പരാമർശിച്ചതു്. ''സ്വയംനിർണ്ണയാവകാശ''മെന്നുവെച്ചാൽ അതിൻേറ അർത്ഥം വിട്ടുനിൽക്കാനുള്ള അവകാശമെന്നാണെന്നു് അവിടെവെച്ചു് ലളിതവും സവിസ്തരവുമായി വിശദീകരിക്കപ്പെട്ടിരുന്നു. ഗോറംഡ്ബ്ലററിനെത്തുടർന്നു സംസാരിച്ച ലീബെർ ഇങ്ങനെ പറയുകയുണ്ടായി:

''തീർച്ചയായും റഷ്യയുടെ അതിരുകറംക്കുള്ളിൽ കഴിയാൻ അസാധ്യമാണെന്നു് ഏതെങ്കിലും ദേശീയജനവിഭാഗത്തിനു തോന്നുന്നുവെങ്കിൽ, പാർട്ടി അതിനു പ്രതിബന്ധമുണ്ടാക്കുകയില്ല.'' (പേജ് 176.)

സ്വയംനിർണ്ണയാവകാശമെന്നതിൻെറ അർത്ഥം വിട്ടുനിൽക്കാനുള്ള അവകാശം ''മാത്ര''മാണെന്നതിനെപ്പററി പരിപാടി അംഗീകരിച്ച രണ്ടാംകോൺഗ്രസ്സിൽ രണ്ടഭിപ്രായമില്ലായിരുന്നുവെന്നു് വായനക്കാർ കണ്ടിരിക്കുമല്ലൊ. അന്നു് ബുന്ദിസ്റ്റുകാരുംപോലും ഈ പരമാർത്ഥം മനസ്സിലാക്കിയതാണു്. പ്രതിവിപ്ലവം തുടർച്ചയായി നിലനിൽക്കുകയും വിശ്വാസപ്രമാണങ്ങൾ എല്ലാത്തരത്തിലും ''ലംഘിക്കപ്പെടുകയും'' ചെയ്യുന്ന ശോചനീയമായ ഇക്കാലത്തു മാത്രമേ പരിപാടി ''അവ്യക്ത''മാണെന്നു് അജ്ഞതയിൽനിന്നുളവായ ചളുററത്തിൽ തട്ടിവിടുന്ന ആളുകളെ നമുക്കു കണ്ടെത്താൻ കഴിയൂ. പക്ഷെ, ''ഞങ്ങളും സോഷ്യൽഡെമോക്രാററുകാരാ''ണെന്നു പറഞ്ഞുനടക്കുന്ന വിഷണ്ണരായ ഇക്കൂട്ടരെപ്പററി പരിഗണിക്കുന്നതിനുമുമ്പു്, പരിപാടിയോടുള്ള പോളണ്ടുകാരുടെ മനോഭാവത്തെപ്പററി നമുക്കു് പറഞ്ഞുതീർക്കാം.

ഐക്യം ആവശ്യവും അനിവാര്യവുമാണെന്നു പറഞ്ഞുകൊണ്ടാണു് അവർ രണ്ടാം കോൺഗ്രസ്സിൽ (1903—ൽ) വന്നതു്. പക്ഷെ പരിപാടിയെക്കുറിച്ചുള്ള കമ്മീഷനിൽ നേരിട്ട ''പരാജയ''ത്തെത്തുടർന്നു് അവർ കോൺഗ്രസ്സു് വിട്ടിറങ്ങിപ്പോയി. അവർക്കു് അവസാനമായി പറയാനുണ്ടായിരുന്നതു് എഴുതിയ ഒരു പ്രസ്താവനയുടെ രൂപത്തിൽ അവർ നൽകുകയും അതു് കോൺഗ്രസ്സിൻെറ നടപടിക്കുറിപ്പുകളിൽ ചേർക്കുകയും ചെയ്തിട്ടുണ്ടു്. മുകളിൽ പ്രസ്താവിച്ചതുപോലെ, സ്വയംനിർണ്ണയനത്തിനു പകരം സാംസ്കാരിക—ദേശീയസ്വയംഭരണമെന്ന നിർദ്ദേശമാണു് അതിലടങ്ങിയിരുന്നതു്.

1906—ൽ പോളിഷ് മാർക്സിസ്റ്റുകാർ പാർട്ടിയിൽ ചേർന്നു. അപ്പോഴോ അതിനുശേഷമോ (1907—ലെ കോൺഗ്രസ്സിൽവച്ചോ 1907—ലും 1908—ലും നടന്ന സമ്മേളനങ്ങളിൽ വച്ചോ 1910—ലെ പ്ലീനത്തിൽവച്ചോ) റഷ്യൻ പരിപാടിയുടെ ഒമ്പതാംഖണ്ഡിക ഭേദഗതി ചെയ്യണമെന്നു പറഞ്ഞുകൊണ്ടുള്ള ഏതെങ്കിലുമൊരു നിർദ്ദേശം അവർ ഒരിക്കൽപ്പോലും കൊണ്ടുവരികയുണ്ടായിട്ടില്ല!!

ഇതൊരു പരമാർത്ഥമാണ്.

എന്തെല്ലാം പറഞ്ഞാലും, എന്തെല്ലാം ഉറപ്പുകഠം തന്നാലും, ഈ വസ്തുത ഒരു കാര്യം ഖണ്ഡിതമായി തെളിയിക്കുന്നുണ്ട്. രണ്ടാംകോൺഗ്രസ്സിൻെറ പരിപാടിയെക്കുറിച്ചുള്ള കമ്മീഷനിൽ നടന്ന വാദപ്രതിവാദത്തോടും കോൺഗ്രസ്സിൻെറ തീരുമാനത്തോടുംകൂടി ഈ പ്രശ്നം പരിഹരിക്കപ്പെട്ടുകഴിഞ്ഞതായിട്ടാണ് റോസ ലുക്സംബുർഗ്ഗിൻെറ സുഹൃത്തുക്കഠം കരുതിയതു്; 1903—ലെ കോൺഗ്രസ്സിൽനിന്നും ഇറങ്ങിപ്പോയതിനുശേഷം അവർ ഫലത്തിൽ തങ്ങളുടെ തെററു് അംഗീകരിക്കുകയും 1906—ൽ പാർട്ടിയിൽ ചേർന്നുകൊണ്ടു് അതു തിരുത്തുകയും ചെയ്തു; പരിപാടിയുടെ ഒമ്പതാംഖണ്ഡിക ഭേദഗതി ചെയ്യുന്ന പ്രശ്നം പാർട്ടി വഴി ഉന്നയിക്കാൻ ഒരിക്കൽപ്പോലും അവർ ശ്രമിച്ചിട്ടില്ല.

റോസ ലുക്സംബുർഗ്ഗിൻെറ പേരു വച്ചുകൊണ്ടുള്ള ലേഖനം പുറത്തുവന്നതു് 1908—ലാണ്. (തീർച്ചയായും പാർട്ടി ലേഖകർക്കു് പരിപാടിയെ വിമർശിക്കാനുള്ള സ്വാതന്ത്ര്യം നിഷേധിക്കുന്നതിനെപ്പററി ആരും ചിന്തിച്ചിട്ടുപോലുമില്ല.) പ്രസ്തുത ലേഖനം പുറത്തുവന്നതിനുശേഷവും പോളിഷ് മാർക്സിസ്റ്റുകാരുടെ ഒരൊററ ഔദ്യോഗികഘടകംപോലും 9—ാം ഖണ്ഡിക പുതുക്കിയെഴുതുന്ന പ്രശ്നം ഉന്നയിച്ചിട്ടില്ല.

അതുകൊണ്ടു് ''ബൊർബാ''[54]യുടെ പത്രാധിപസമിതിയുടെ പേരിൽ അതിൻെറ 2—ാംലക്കത്തിൽ (മാർച്ച് 1914) ട്രോട്സ്കി താഴെക്കാണുന്ന വിധത്തിലെഴുതുമ്പോഠം, അദ്ദേഹം റോസ ലുക്സംബുർഗ്ഗിൻെറ ചില ആരാധകന്മാർക്കു് അതു വഴി ചെയ്യുന്ന സേവനം ഒട്ടും ചന്തമുള്ളതല്ല.

> '''...ദേശീയസ്വയംനിർണ്ണയാവകാശ'ത്തിനു് രാഷ്ട്രീയമായി യാതൊരു അർത്ഥവുമില്ലെന്നും അതു പരിപാടിയിൽനിന്നു് എടുത്തുകളയേണ്ടതാണെന്നും പോളിഷ് മാർക്സിസ്റ്റുകാർ കരുതുന്നു.'' (പേജ് 25.)

സഹായിക്കാൻ വന്ന ട്രോട്സ്കി ശത്രുവിനേക്കാഠം അപകടകാരിയാണ്! ''പോളിഷ് മാർക്സിസ്റ്റുകാർ'' മൊത്തത്തിൽ റോസ ലുക്സംബുർഗ്ഗ് എഴുതുന്ന ഏതു ലേഖനത്തേയും അനുകൂലി

ക്കുന്നവരാണെന്ന തൻെറ നിഗമനത്തിനു തെളിവായി ''സ്വകാര്യസംഭാഷണങ്ങ''ളല്ലാതെ (എന്നുവച്ചാൽ വെടിപറച്ചിലെന്നർത്ഥം—അതിനെയാണ് ട്രോട്സ്കി എപ്പോഴും ആലംബമായെടുക്കുന്നത്) മറെറാന്നുംതന്നെ ഹാജരാക്കാൻ ട്രോട്സ്കിക്കു കഴിഞ്ഞില്ല. അഭിമാനബോധവും മനസ്സാക്ഷിയുമില്ലാത്ത, സ്വന്തം ബോദ്ധ്യങ്ങൾപോലും, സ്വന്തം പാർട്ടിയുടെ പരിപാടിപോലും, മാനിക്കാൻ കഴിയാത്ത കൂട്ടരായിട്ടാണ് ട്രോട്സ്കി ''പോളിഷ് മാർക്സിസ്റ്റുകാരെ'' ചിത്രീകരിച്ചത്. ട്രോട്സ്കി ചെയ്ത സഹായം കൊള്ളാം!

1903—ൽ, സ്വയംനിർണ്ണയാവകാശത്തെച്ചൊല്ലി പോളിഷ് മാർക്സിസ്റ്റുകാരുടെ പ്രതിനിധികൾ രണ്ടാംകോൺഗ്രസ്സിൽനിന്ന് ഇറങ്ങിപ്പോയപ്പോൾ, ഈ അവകാശം അർത്ഥശൂന്യവും പരിപാടിയിൽനിന്നു എടുത്തുകളയേണ്ടതുമാണെന്ന അഭിപ്രായക്കാരാണവരെന്ന് അന്ന് ട്രോട്സ്കിക്കു പറയാമായിരുന്നു.

എന്നാൽ അതിനുശേഷം പോളിഷ് മാർക്സിസ്റ്റുകാർ അത്തരം പരിപാടിയുള്ള നമ്മുടെ പാർട്ടിയിൽ ചേർന്നു. അതു ഭേദഗതി ചെയ്യാനുള്ള ഒരു നിർദ്ദേശം അവർ ഒരിക്കൽപ്പോലും കൊണ്ടുവന്നിട്ടുമില്ല.*

ട്രോട്സ്കി തൻെറ പത്രവായനക്കാരിൽനിന്നും ഈ വസ്തുതകൾ മറച്ചുവച്ചതെന്തിനാണ്? പോളണ്ടിലും റഷ്യയിലുമുള്ള,

---

*1913—ലെ ഗ്രീഷ്മത്തിൽ ചേർന്ന റഷ്യൻ മാർക്സിസ്റ്റുകാരുടെ സമ്മേളനത്തിൽ പോളിഷ് മാർക്സിസ്റ്റുകാർ വോട്ടില്ലാതെ സംബന്ധിച്ചെന്നും സ്വയംനിർണ്ണയനത്തിനുള്ള (വിട്ടുനിൽക്കാനുള്ള) അവകാശത്തിനു തങ്ങൾ പൊതുവിൽ എതിരാണെന്നു പറഞ്ഞുകൊണ്ട് അതിനെക്കുറിച്ചുള്ള വോട്ടെടുപ്പിൽ പങ്കെടുക്കുകയേയുണ്ടായില്ലെന്നും അറിയുന്നു. തീർച്ചയായും, അവർക്ക് അങ്ങിനെ ചെയ്യാനും പോളണ്ട് വിട്ടുപോവുന്നതിനെതിരായി ഇതേവരെയെന്നപോലെ അവിടെ പ്രക്ഷോഭണം നടത്താനും പരിപൂർണ്ണാധികാരമുണ്ടായിരുന്നു. പക്ഷെ ഇതും ട്രോട്സ്കി പറയുന്നതും രണ്ടും രണ്ടാണ്; കാരണം, ''പരിപാടിയിൽനിന്നു്'' ഒമ്പതാംഖണ്ഡിക ''എടുത്തുകളയണ''മെന്ന് പോളിഷ് മാർക്സിസ്റ്റുകാർ ആവശ്യപ്പെട്ടിരുന്നില്ല.

ലികചിഡേഷനിസത്തിൻെറ എതിരാളികഠം തമ്മിൽ അഭിപ്രായവ്യത്യാസങ്ങഠം കുത്തിപ്പൊക്കുകയും പരിപാടിയുടെ പ്രശ്നത്തിൽ റഷ്യൻ തൊഴിലാളികളെ വഞ്ചിക്കുകയും ചെയ്യുന്നതു പ്രയോജനകരമാണെന്നു് അദ്ദേഹം കണക്കാക്കുന്നതുകൊണ്ടുമാത്രം.

മാർക്സിസത്തിൻെറ പ്രധാനപ്പെട്ട ഒരൊററ പ്രശ്നത്തിൽപ്പോലും ട്രോട്സ്കി ഇതേവരെ ഒരു ഉറച്ച അഭിപ്രായം കൈക്കൊണ്ടിട്ടില്ല. ഏതെങ്കിലും അഭിപ്രായവ്യത്യാസമുളവാക്കുന്ന ''പഴുതിനിടയിൽ നുഴഞ്ഞുകയറി'' അങ്ങോട്ടോ ഇങ്ങോട്ടോ കാലുമാറുകയാണു് അദ്ദേഹം എല്ലായ്പോഴും ചെയ്തുപോന്നിട്ടുള്ളതു്. ഇപ്പോഠം അദ്ദേഹത്തിൻെറ സഹവാസികഠം ബുന്ദിസ്റ്റുകളും ലികചിഡേററർമാരുമാണു്. ഈ മാന്യന്മാരാണെങ്കിൽ പാർട്ടിയെ സംബന്ധിച്ചിടത്തോളം മുറയൊന്നും പാലിക്കാറില്ല.

ബുന്ദിസ്റ്റ് ലീബ്മൻ പറയുന്നതു ശ്രദ്ധിക്കു.

ഈ മാന്യൻ എഴുതുന്നു:

''പതിനഞ്ചു വർഷങ്ങഠംക്കുമുമ്പു് റഷ്യൻ സോഷ്യൽഡെമോക്രാററുകാർ ഓരോ ദേശീയജനവിഭാഗത്തിൻേറയും 'സ്വയംനിർണ്ണയാവകാശ'ത്തെക്കുറിച്ചു് അവരുടെ പരിപാടിയിൽ പ്രതിപാദിച്ചപ്പോഠം, ഓരോരുത്തരും (!!) അന്നു സ്വയം ചോദിക്കുകയുണ്ടായി: ഈ മോടിയുള്ള(!!) പദത്തിൻെറ ശരിയായ അർത്ഥമെന്താണു്? പക്ഷെ ഉത്തരമുണ്ടായിരുന്നില്ല(!!). ആ വാക്കു് മൂടൽമഞ്ഞിൽ ആവൃതമായി കിടന്നു (!!) യഥാർത്ഥത്തിൽ, ആ മൂടൽമഞ്ഞു നീക്കാൻ അന്നു പ്രയാസമായിരുന്നു. അന്നു പറഞ്ഞതിങ്ങനെയാണു്: ഈ പോയിൻറു് സമൂർത്തമാക്കാനുള്ള സമയമായിട്ടില്ല. അതു തല്ക്കാലം മൂടൽമഞ്ഞിൽ (!!) ആവൃതമായിത്തന്നെ തുടരട്ടെ. ആ പോയിൻറിൻെറ ഉള്ളടക്കമെന്തായിരിക്കണമെന്നു ജീവിതം തന്നെ ചൂണ്ടിക്കാട്ടുന്നതാണു്.''

പാർട്ടിപരിപാടിയുടെ നേരെയുള്ള ഈ ''അർദ്ധനഗ്നനായ ബാലൻെറ''[55] പരിഹാസം ഉജ്ജ്വലമായിരിക്കുന്നു, ഇല്ലേ?

അയാഠം പരിഹസിക്കാനുള്ള കാരണമെന്താണു്?

ഒരിക്കലും യാതൊന്നും പഠിക്കാത്ത, പാർട്ടിചരിത്രത്തെപ്പററിപ്പോലും യാതൊന്നും വായിക്കാത്ത, ഒരു പരമമൂഢനാണെങ്കിലും പാർട്ടിയുടേയും പാർട്ടിതത്വങ്ങളുടേയും കാര്യത്തിൽ

മടപ്പു ഭാവിക്കുന്നതു് ഒരു ''കമ്പ''മായിട്ടുള്ള ലിക്വിഡേഷനിസ്റ്റ് ചുററുപാടിൽ അയാരം ചെന്നുപെടാനിടയായി എന്നതുതന്നെ.

പൊമ്യലോവ്സ്കിയുടെ നോവലിൽ ''കറിച്ചട്ടിയിൽ കാർക്കിച്ചുതുപ്പിയതിനെ''പ്പററി വീരവാദം പറയുന്ന ഒരു സെമിനാരിവിദ്യാർത്ഥി[56]യുണ്ട്. നമ്മുടെ ബുന്ദിസ്റ്റുമാന്യന്മാർ അയാളേയും കവച്ചുവച്ചിരിക്കുന്നു. സ്വന്തം കറിച്ചട്ടിയിൽ പരസ്യമായി തുപ്പാൻവേണ്ടി അവർ ലീബ്മന്മാരെ പൊക്കിപ്പിടിക്കുകയാണു്. ഒരു സാർവ്വദേശീയകോൺഗ്രസ്സ് ഇതേപ്പററി തീരുമാനമെടുത്തിട്ടുണ്ടെന്നും തങ്ങളുടെ സ്വന്തം പാർട്ടിയുടെ കോൺഗ്രസ്സിൽവച്ചു് തങ്ങളുടെതന്നെ ബുന്ദിൻെറ രണ്ടു പ്രതിനിധികരം (''ഇസ്ക്ര''യുടെ എത്ര ''കടുത്ത'' വിമർശകരും എതിരാളികളുമായിരുന്നു അവർ!) ''സ്വയംനിർണ്ണയന''ത്തിൻെറ അർത്ഥം മനസ്സിലാക്കാൻ അവർ തികച്ചും പ്രാപ്തരാണെന്നു തെളിയിച്ചെന്നുമാത്രമല്ല അതിനോടു യോജിക്കുകപോലും ചെയ്തുവെന്നുമുള്ള വസ്തുത ലീബ്മന്മാരുണ്ടോ വകവയ്ക്കുന്നു? ''പാർട്ടിസാഹിത്യകാരന്മാർ'' (ചിരിക്കല്ലെ!) പാർട്ടിയുടെ ചരിത്രത്തേയും പരിപാടിയേയും സെമിനാരിവിദ്യാർത്ഥിയെപ്പോലെ കൈകാര്യം ചെയ്യുകയാണെങ്കിൽ പാർട്ടി പൊളിക്കാൻ അതല്ലേ കൂടുതൽ എളുപ്പം?

അടുത്ത ''അർദ്ധനഗ്നനായ ബാലൻ'' ''ദ്സ്വിന്തി''ലെ മി. യുർക്കേവിച്ചാണു്. മി. യുർക്കേവിച്ച് രണ്ടാംകോൺഗ്രസ്സിൻെറ നടപടിക്കുറിപ്പുകരം കണ്ടിട്ടുണ്ടെന്നുള്ളതു സ്പഷ്ടമാണു്. കാരണം, അദ്ദേഹം ഗോാംഡ്ബ്ലററ് ആവർത്തിച്ച പ്ലെഖാനൊവിൻെറ വാക്കുകരം ഉദ്ധരിക്കുകയും, സ്വയംനിർണ്ണയനത്തിനു് വിട്ടുനിൽക്കാനുള്ള അവകാശമെന്നുമാത്രമേ അർത്ഥമാകാൻ തരമുള്ളുവെന്ന കാര്യം തനിക്കറിയാമെന്നു തെളിയിക്കുകയും ചെയ്യുന്നുണ്ടു്. പക്ഷെ, റഷ്യൻ മാർക്സിസ്റ്റുകാർ ''സ്റ്റേററിൻെറ അവിച്ഛിന്നത''യെ അനുകൂലിക്കുന്നുവെന്നു പറഞ്ഞു് അവരെപ്പററി ഉക്രേനിയൻ പെററിബൂർഷ്വാസിക്കിടയിൽ അപവാദം പറഞ്ഞു പരത്തുന്നതിനു് ഇതു് അദ്ദേഹത്തിനു് ഒരു തടസ്സമായി നിൽക്കുന്നില്ല (1913—ലെ 7—8 ലക്കം, 83—ാം പേജും തുടർന്നുള്ളതും).

തീർച്ചയായും ഉക്രേനിയൻ ജനാധിപത്യവാദികളെ ഗ്രേററ് റഷ്യൻജനാധിപത്യവാദികളിൽനിന്നും അകററാൻ ഈ അപവാദപ്രചരണത്തിലും നല്ലൊരു മാർഗ്ഗം യൂർക്കേവിച്ചുമാർക്കു കണ്ടു പിടിക്കാൻ സാദ്ധ്യമായിരുന്നില്ല. ഇത്തരത്തിലുള്ള അകററലാകട്ടെ, ഉക്രേനിയൻ തൊഴിലാളികരം ഒരു പ്രത്യേകദേശീയസംഘടനയിൽ വേറിട്ടുനിൽക്കണമെന്നു വാദിക്കുന്ന ''ദ്സ്വിൻ'' ലേഖകരുടെ നയത്തിനാകെത്തന്നെ അനുകൂലമാണ്!*

തീർച്ചയായും ദേശീയപ്രശ്നത്തിൽ ഇങ്ങനെയുള്ള ഭയങ്കരമായ ആശയക്കുഴപ്പം പ്രചരിപ്പിക്കുകയെന്നതു് തൊഴിലാളിവർഗ്ഗത്തിന്റെ അണികളെ ഭിന്നിപ്പിക്കുന്ന ദേശീയവാദികളായ ഫിലിസ്റ്റൈനുകളുടെ ഒരു ഗ്രൂപ്പിനെ സംബന്ധിച്ചിടത്തോളം—വസ്തുനിഷ്ഠമായി നോക്കുകയാണെങ്കിൽ, ''ദ്സ്വിന്നി''ന്റെ പങ്ക് അതുതന്നെയാണ്—ഏററവും പററിയ പണിയാണ്. ''കഷ്ടിച്ചു പാർട്ടിക്കാ''രെന്നു വിളിക്കുമ്പോരം ''ഭയങ്കരമായി'' ക്ഷോഭിക്കുന്ന യൂർക്കേവിച്ചുകളും ലീബ്മന്മാരും, വിട്ടുനിൽക്കാനുള്ള അവകാശത്തിന്റെ പ്രശ്നം പരിപാടിയിൽ എങ്ങിനെ പരിഹരിക്കാനാണു തങ്ങരം ആഗ്രഹിക്കുന്നതെന്നതിനെപ്പററി ഒരൊററ വാക്കുപോലും മിണ്ടുന്നില്ലെന്നു പറയേണ്ടതില്ലല്ലൊ.

ഗ്രേററ്റഷ്യൻ വായനക്കാരുടെ മുമ്പാകെ ഒരു ലിക്വിഡേഷനിസ്റ്റ് പത്രത്തിന്റെ പംക്തികളിലൂടെ പരിപാടിയുടെ ഒമ്പതാം ഖണ്ഡികയ്ക്കെതിരായി ചക്രായുധമെടുക്കുകയും പ്രസ്തുതഖണ്ഡിക എടുത്തുകളയണമെന്ന ''നിർദ്ദേശത്തെ ചില കാരണങ്ങളാൽ താൻ അനുകൂലിക്കുന്നില്ലെ''ന്നു പ്രഖ്യാപിക്കുകയും ചെയ്യുന്ന മി. സെംക്കോവ്സ്കിയാണ് മൂന്നാമത്തെ, ഏററവും പ്രധാനിയായ ''അർദ്ധനഗ്നനായ ബാലൻ''!

---

*പ്രത്യേകിച്ചും, മി. ലെവിൻസ്കിയുടെ ''ഗലീഷ്യയിലെ ഉക്രേനിയൻ തൊഴിലാളിപ്രസ്ഥാനത്തിന്റെ വളർച്ചയെക്കുറിച്ചുള്ള രൂപരേഖ'' (കീവ്, 1914) എന്ന ഗ്രന്ഥത്തിനു് മി. യൂർക്കേവിച്ചെഴുതിയ ആമുഖം നോക്കുക.

അവിശ്വസനീയമെങ്കിലും ഇതൊരു പരമാർത്ഥമാണ്.

ലിക്വിഡേറ്റർമാരുടെ സമ്മേളനം ദേശീയപ്രശ്നം ഔദ്യോഗികമായി ഉന്നയിച്ചതു് 1912 ആഗസ്റ്റിലാണ്. മി. സെംക്കോവ്സ്കിയുടെ ലേഖനമൊഴിച്ചാൽ, ഒമ്പതാംഖണ്ഡികയെപ്പററി ഒരൊററ ലേഖനംപോലും ഒന്നരക്കൊല്ലത്തിനിടയിൽ വന്നിട്ടില്ല. ആ ലേഖനത്തിലാകട്ടെ, ലേഖകൻ പരിപാടി നിരസിക്കുകയും എന്നാലതേസമയംതന്നെ അതു ഭേദഗതിചെയ്യാനുള്ള നിർദ്ദേശം ''ചില കാരണങ്ങളാൽ'' (എന്തെങ്കിലും രഹസ്യരോഗമാണോ?) ''അനുകൂലിക്കാതിരിക്കുകയും'' ചെയ്യുന്നു!! അവസരവാദത്തിൻേറയും അതിലും മോശമായിട്ടുള്ളതിൻേറയും—പാർട്ടി കൈവെടിയുന്നതിൻേറയും അതു പൊളിക്കുന്നതിൻേറയും—ഇത്തരം ദൃഷ്ടാന്തങ്ങൾ ലോകത്തെവിടെയെങ്കിലും കണ്ടെത്താൻ വിഷമമാണെന്നു വാതുവയ്ക്കാൻ ഞങ്ങൾ തയ്യാറാണ്.

സെംക്കോവ്സ്കിയുടെ വാദങ്ങൾ എത്തരത്തിലുള്ളതാണെന്നു കാണിക്കാൻ ഒരു ഉദാഹരണമെടുത്താൽ മതി. അദ്ദേഹമെഴുതുന്നു:

> ''പോളിഷ് തൊഴിലാളിവർഗ്ഗം ഒരൊററ സ്റ്റേററിൻെറ ചട്ടക്കൂട്ടിനുള്ളിൽ നിന്നുകൊണ്ടു് മുഴുവൻ റഷ്യൻ തൊഴിലാളിവർഗ്ഗത്തോടുമൊപ്പം സമരംചെയ്യാനാഗ്രഹിക്കുകയും നേരേമറിച്ച് പോളിഷ് സമുദായത്തിലെ പിന്തിരിപ്പൻവർഗ്ഗങ്ങൾ പോളണ്ടിനെ റഷ്യയിൽനിന്നും മാററിനിർത്താനാഗ്രഹിക്കുകയും ഒരു ഹിതപരിശോധനയിൽ അവർക്കു ഭൂരിപക്ഷം വോട്ടുകൾ ലഭിക്കുകയും ചെയ്താൽ നാമെന്താണു ചെയ്യേണ്ടതു്? റഷ്യൻ സോഷ്യൽഡെമോക്രാററുകാരായ നമ്മൾ കേന്ദ്രപാർലിമെണ്ടിൽ നമ്മുടെ പോളിഷ് സഖാക്കളോടൊപ്പം വിട്ടുനിൽക്കലിനെതിരായി വോട്ടുചെയ്യുകയാണോ അതോ 'സ്വയംനിർണ്ണയാവകാശ'ത്തെ ലംഘിക്കരുതെന്നു കരുതി വിട്ടുനിൽക്കലിനുവേണ്ടി വോട്ടുചെയ്യുകയാണോ വേണ്ടതു്?'' (''നോവയ റബോച്ചയ ഗസെററ'', ലക്കം 71).

ചർച്ച എന്തിനെപ്പററിയാണെന്നു പോലും മി. സെംക്കോവ്സ്കിയ്ക്കു് അറിഞ്ഞുകൂടെന്നാണ് ഇതിൽനിന്നു തെളിയുന്നതു്! വിട്ടുനിൽക്കാനുള്ള അവകാശമെന്നതിൻെറ വിവക്ഷതന്നെ

പ്രശ്നം പരിഹരിക്കുന്നതു് കേന്ദ്രപാർലിമെണ്ടല്ല, വിട്ടുനിൽക്കുന്ന പ്രദേശത്തെ പാർലിമെണ്ടു് (നിയമസഭ, ഹിതപരിശോധന, മുതലായവ) ആണെന്നതാണു്. ഇക്കാര്യം അദ്ദേഹത്തിനു പോയതേയില്ല.

ജനാധിപത്യത്തിൻകീഴിൽ ഭൂരിപക്ഷം പിന്തിരിപ്പത്തത്തിനു് അനുകൂലമാണെങ്കിൽ ''നാമെന്തു ചെയ്യണ''മെന്ന പ്രശ്നത്തിന്മേലുള്ള ബാലിശമായ അമ്പരപ്പു്, പുരിഷ്ക്കേവിച്ചുമാരും കൊക്കോഷ്കിന്മാരും രണ്ടുകൂട്ടരും വിട്ടുനിൽക്കുകയെന്ന ആശയം തന്നെ കുററകരമായി കരുതുന്ന യഥാർത്ഥവും ജീവത്തുമായ രാഷ്ട്രീയത്തിലെ സ്ഥിതി മറച്ചുപിടിക്കാൻ മാത്രമേ ഉതകുന്നുള്ളു. ഒരുപക്ഷെ, റഷ്യയിൽ മുഴവനുമുള്ള തൊഴിലാളികൾ ഇന്നു ചെയ്യേണ്ടതു് പുരിഷ്ക്കേവിച്ചുമാർക്കും കൊക്കോഷ്കിന്മാർക്കുമെതിരായി പൊരുതുകയല്ല, അവരെ മാററിനിർത്തി പോളണ്ടിലെ പിന്തിരിപ്പൻ വർഗ്ഗങ്ങൾക്കെതിരായി സമരം ചെയ്യുകയായിരിക്കാം!!

ഇത്തരം പമ്പരവിഡ്ഢിത്തങ്ങളാണു് ലിക്വിഡേററന്മാരുടെ പത്രത്തിൽ വിളമ്പിയിരിക്കുന്നതു്. മി. എൽ. മാർത്തൊവാണു് അതിൻെറ താത്വികാചാര്യന്മാരിലൊരാൾ. ഇതേ മാർത്തൊവാണു് 1903-ൽ പരിപാടിയുടെ നക്കൽ തയ്യാറാക്കിയതും അതിനുവേണ്ടി വാദിച്ചതും അതിനുശേഷംപോലും വിട്ടുനിൽക്കാനുള്ള അവകാശത്തിനനുകൂലമായി എഴുതിയതും. ഒരുപക്ഷെ എൽ. മാർത്തൊവ് ഇപ്പോൾ വാദിക്കുന്നതു് താഴെ കാണുന്ന പ്രമാണമനുസരിച്ചായിരിക്കും:

> ''ബുദ്ധിയുള്ളൊരുത്തരും വേണ്ടതില്ലവിടത്തിൽ
> അയയ്ക്കുക, റെവാഡിനെ നോക്കട്ടെ ഞാനൊരല്പം.''[57]

റെവാഡ്-സെംക്കോവ്സ്കിയെ അയച്ചു്, ഒരു ദിനപ്പത്രത്തിലൂടെ നമ്മുടെ പരിപാടിയെ അതിനെക്കുറിച്ചറിവില്ലാത്ത പുതിയ വായനക്കാരുടെ മുമ്പാകെ അവസാനമില്ലാതെ വളച്ചൊടിക്കാനും അതേപ്പററി ആശയക്കുഴപ്പം സൃഷ്ടിക്കാനും അനുവദിക്കുകയാണദ്ദേഹം ചെയ്യുന്നതു്.

അതെ, ലികവിഡേഷനിസം ബഹുദൂരം സഞ്ചരിച്ചിരിക്കുന്നു. പല പ്രധാനപ്പെട്ട മുൻസോഷ്യൽഡെമോക്രാററുകാരിൽപ്പോലും പാർട്ടിസ്പിരിട്ടിൻെറ ലവലേശം അവശേഷിച്ചിട്ടില്ല.

തീർച്ചയായും റോസ ലൿസംബുർഗ്ഗിനെ ലീബ്മന്മാരുടേയും യൂർക്കേവിച്ചമാരുടേയും സെംക്കോവ്സ്കിയ്മാരുടേയും ഒപ്പം കാണാൻ നിർവ്വാഹമില്ല. പക്ഷെ അവരുടെ തെററിൽ കടന്നു പിടിക്കുന്നതു് ഇതേയാളുകളാണെന്ന വസ്തുത അവർ ചെന്നെത്തിയിരിക്കുന്ന അവസരവാദത്തെ കൂടുതൽ വ്യക്തതയോടെ എടുത്തുകാട്ടുന്നുണ്ടു്.

## 10. ഉപസംഹാരം

നമുക്കു് ഉപസംഹരിക്കാം.

പൊതുവിൽ മാർക്സിസ്റ്റ് സിദ്ധാന്തത്തിൻെറ നിലപാടിൽനിന്നു നോക്കിയാൽ സ്വയംനിർണ്ണയാവകാശം യാതൊരു വൈഷമ്യവും ഉളവാക്കുന്നില്ല. 1896—ലെ ലണ്ടൻപ്രമേയത്തേയോ സ്വയംനിർണ്ണയനമെന്നതുകൊണ്ടു് അർത്ഥമാക്കേണ്ടതു് വിട്ടുനിൽക്കാനുള്ള അവകാശം മാത്രമാണെന്ന വസ്തുതയേയോ സ്വതന്ത്രദേശീയസ്റ്റേററുകളുടെ രൂപീകരണമെന്നതു് എല്ലാ ബൂർഷ്വാജനാധിപത്യവിപ്ലവങ്ങളുടേയും പ്രവണതയാണെന്ന വസ്തുതയേയോ കാര്യമായി നിഷേധിക്കാൻ ആർക്കുമാവില്ല.

റഷ്യയിൽ മർദ്ദിതരാഷ്ട്രങ്ങളിലും മർദ്ദകരാഷ്ട്രങ്ങളിലും പെട്ട തൊഴിലാളിവർഗ്ഗം ഒന്നിച്ചുനിന്നാണു പൊരുതുന്നതും പൊരുതേണ്ടതും എന്ന വസ്തുതയാണു് വൈഷമ്യത്തിനുള്ള ഒരു കാരണം. സോഷ്യലിസത്തിനുവേണ്ടി തൊഴിലാളിവർഗ്ഗം നടത്തുന്ന വർഗ്ഗസമരത്തിലെ ഐക്യം സുരക്ഷിതമാക്കുകയും ദേശീയവാദത്തിൻെറ എല്ലാ ബൂർഷ്വാ—ബ്ലാക്ക്ഹൺഡ്രഡ് സ്വാധീനങ്ങളേയും ചെറുക്കുകയും ചെയ്യുകയെന്നതാണു കടമ. മർദ്ദിതരാഷ്ട്രങ്ങൾക്കിടയിൽ തൊഴിലാളിവർഗ്ഗം ഒരു സ്വതന്ത്രകക്ഷിയായി വേറിട്ടു സംഘടിക്കുന്നതു് ചിലപ്പോൾ അതാതു

രാഷ്ട്രത്തിലെ ദേശീയവാദത്തിനെതിരായ കടുത്ത സമരത്തിലേക്കു വഴിതെളിക്കുന്നതുകൊണ്ടു്, ശരിയായ കാഴ്ചപ്പാടു നഷ്ടപ്പെടുകയും മർദ്ദകരാഷ്ട്രത്തിലെ ദേശീയവാദം വിസ്മരിക്കപ്പെടുകയും ചെയ്യുന്നു.

എന്നാൽ ശരിയായ കാഴ്ചപ്പാടു നഷ്ടപ്പെട്ടുകൊണ്ടുള്ള ഈ അവസ്ഥ അധികനാരം തുടരാൻ സാദ്ധ്യമല്ല. നാം രാഷ്ട്രീയപ്രശ്നങ്ങരം ഉന്നയിക്കേണ്ടതു് ''ക്രാക്കൊവ്'' വീക്ഷണത്തിൽ നിന്നല്ല, അഖിലറഷ്യൻ വീക്ഷണത്തിൽനിന്നായിരിക്കണമെന്നു് വിവിധരാഷ്ട്രങ്ങളിൽപ്പെട്ട തൊഴിലാളികരം ഒന്നിച്ചു നടത്തുന്ന സമരത്തിൻെറ അനുഭവം എത്രയോ വ്യക്തമായി പ്രകടമാക്കിയിരിക്കുന്നു. അഖിലറഷ്യൻ രാഷ്ട്രീയത്തിലാകട്ടെ, പുരിഷ്ക്കേവിച്ചുമാരും കൊക്കോഷ്ക്കിന്മാരുമാണു് അധിപന്മാർ. അവരുടെ ചിന്താഗതിയാണു മുന്തിനിൽക്കുന്നതു്. ''വിഭാഗീയചിന്താഗതി''ക്കെതിരായും വിട്ടുനിൽക്കുന്നതിനെപ്പററി ചിന്തിക്കുന്നുവെന്നതിൻെറ പേരിലും ഇതരരാഷ്ട്രക്കാരുടെനേരെയുള്ള ആക്രമണം ഡൂമയിലും വിദ്യാലയങ്ങളിലും പള്ളികളിലും പട്ടാളത്താവളങ്ങളിലും നൂറുകണക്കിനും ആയിരക്കണക്കിനുമുള്ള പത്രങ്ങളിലും കൂടി അവർ പ്രചരിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നു. ഈ ഗ്രേററ്റഷ്യൻ ദേശീയവാദമാണു് അഖിലറഷ്യൻ രാഷ്ട്രീയാന്തരീക്ഷത്തെയാകെ വിഷലിപ്തമാക്കുന്നതു്. ഒരു രാഷ്ട്രം ഇതരരാഷ്ട്രങ്ങളെ കീഴ്പ്പെടുത്തിവയ്ക്കുന്നതുകൊണ്ടു വന്നിട്ടുള്ള ദുർവിധി റഷ്യയിൽ ഉടനീളം പിന്തിരിപ്പൻശക്തികരം പ്രാബല്യത്തിൽ വരുന്നുവെന്നതാണു്. 1849—നേയും 1863—നേയും കുറിച്ചുള്ള സ്മരണകരം ജീവത്തായ ഒരു രാഷ്ട്രീയ പാരമ്പര്യം സൃഷ്ടിച്ചിരിക്കുകയാണു്. വമ്പിച്ച കൊടുങ്കാററുകരം ഈ രാജ്യത്തു് ആഞ്ഞടിച്ചില്ലെങ്കിൽ, അതു് എല്ലാ ജനാധിപത്യപ്രസ്ഥാനങ്ങളേയും പ്രത്യേകിച്ചു് സോഷ്യൽഡെമോക്രാററിക് പ്രസ്ഥാനങ്ങളേയും അനേകദശാബ്ദക്കാലത്തേക്കു് വിഘാതപ്പെടുത്തുമെന്ന അപകടമാണു് ഉയർന്നുവന്നിട്ടുള്ളതു്.

മർദ്ദിതരാഷ്ട്രങ്ങളിലെ ചില മാർക്സിസ്റ്റുകാരുടെ അഭിപ്രായഗതി എത്രകണ്ടു് സ്വാഭാവികമാണെന്നു ചിലപ്പോരം തോന്നി

യേക്കാമെങ്കിലും (''സ്വന്തം'' ദേശീയമോചനമെന്ന ആശയം നിമിത്തം സാമാന്യജനങ്ങൾക്ക് മററൊന്നും കാണാൻ കഴിയുന്നില്ലെന്നതാണ് ചിലപ്പോൾ ഇവർക്കു നേരിടുന്ന ''ഗതികേട്'') യഥാർത്ഥത്തിൽ റഷ്യയിലെ വർഗ്ഗശക്തികളുടെ വസ്തുനിഷ്ഠമായ ചേരിതിരിവു വച്ചുനോക്കിയാൽ, സ്വയംനിർണ്ണയാവകാശത്തിനുവേണ്ടി വാദിക്കാൻ വിസമ്മതിക്കുന്നതിന്റെ അർത്ഥം ഏററവും നികൃഷ്ടമായ അവസരവാദവും കൊക്കോഷ്കിന്മാരുടെ ചിന്താഗതികൾ തൊഴിലാളിവർഗ്ഗത്തിനിടയിൽ പ്രചരിപ്പിക്കലുമെന്നാണെന്നതിനു സംശയമില്ല. ഈ ചിന്താഗതികളാകട്ടെ, സാരാംശത്തിൽ പുരിഷ്ക്കേവിച്ചുമാരുടെ ചിന്താഗതികളും നയവുമാണ്.

അതുകൊണ്ട്, പോളണ്ടിനും ''ക്രാക്കൊ''വിനും പ്രത്യേകമായിട്ടുള്ള ഒരു സങ്കുചിതമനസ്ഥിതി* എന്ന നിലയ്ക്കു് റോസ ലക്സംബർഗ്ഗിന്റെ അഭിപ്രായഗതി ആദ്യം ക്ഷന്തവ്യമായിരുന്നുവെങ്കിൽ, ദേശീയവാദവും സർവ്വോപരി ഭരണാധിപത്യരൂപത്തിലുള്ള, ഗ്രേററ്റഷ്യൻ ദേശീയവാദവും എല്ലായിടത്തും കൂടുതൽ ശക്തിപ്രാപിച്ചിരിക്കുകയും ഈ ഗ്രേററ്റഷ്യൻ ദേശീയവാദം നയരൂപീകരണം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഇക്കാലത്തു് അത്തരം സങ്കുചിതമനോഭാവം അക്ഷന്തവ്യമായിത്തീരുന്നു. പരമാർത്ഥത്തിൽ, ''കൊടുങ്കാററുകളിൽ''നിന്നും

---

*വിവാഹമോചനത്തിനുള്ള അവകാശമംഗീകരിക്കുന്നതുകൊണ്ടു് ഏതെങ്കിലുമൊരു പ്രത്യേകദൃഷ്ടാന്തത്തിൽ വിവാഹമോചനത്തിനെതിരായി പ്രക്ഷോഭം നടത്തിക്കൂടെന്നില്ലെന്നതുപോലെതന്നെ, റഷ്യയിലൊട്ടാകെയുള്ള മാർക്സിസ്റ്റുകാർ—പ്രഥമവും പ്രധാനവുമായി ഗ്രേററ്റഷ്യാക്കാർ—രാഷ്ട്രങ്ങൾക്ക് വിട്ടുനിൽക്കാനുള്ള അവകാശമംഗീകരിക്കുന്നതുകൊണ്ടു് ഒരു പ്രത്യേക മർദ്ദിതരാഷ്ട്രത്തിൽപ്പെട്ട മാർക്സിസ്റ്റുകാർ വിട്ടുനിൽക്കലിനെതിരായി പ്രക്ഷോഭം നടത്തിക്കൂടെന്നില്ലെന്നു കാണാൻ പ്രയാസമില്ല. അതുകൊണ്ടു് സെംക്കോവ്സ്കിയും ട്രോട്സ്കിയും ഇപ്പോൾ ''ഊതിപ്പെരുപ്പിച്ചുകാണിക്കുന്ന'' കേവലം സാങ്കല്പികമായ ''വൈരുദ്ധ്യം'' കണ്ടു് പൊട്ടിച്ചിരിക്കുന്ന പോളിഷ് മാർക്സിസ്റ്റുകാരുടെ എണ്ണം വർദ്ധിക്കാതെ തരമില്ലെന്നാണു ഞങ്ങളുടെ വിശ്വാസം.

''കുതിച്ചുചാട്ടങ്ങളിൽ''നിന്നും ഭയന്നുപിന്മാറുകയും ബൂർഷ്വാ ജനാധിപത്യവിപ്ലവം പൂർത്തിയാക്കപ്പെട്ടിരിക്കുന്നുവെന്നു വിശ്വസിക്കുകയും കൊക്കോഷ്കിന്മാരുടെ ലിബറലിസത്തിന്റെ പിന്നാലെ പോവുകയും ചെയ്യുന്ന, എല്ലാ രാഷ്ട്രങ്ങളിലും പെട്ട അവസരവാദികൾ ഇതിനെ ആദ്യേശഷിച്ചിരിക്കുകയാണു്.

ഒരു ബൂർഷ്വാരാജ്യത്തു് അതാതുകാലത്തു് ആധിപത്യം വഹിക്കുന്ന വർഗ്ഗങ്ങളേതെന്നതിനെ ആശ്രയിച്ചു് ഗ്രേററ്റഷ്യൻ ദേശീയവാദവും മറേറതൊരു ദേശീയവാദത്തേയുംപോലെ വിവിധദശകളിൽക്കൂടി കടന്നുപോകും. 1905 വരെ നമുക്കു് ദേശീയവാദികളായ പിന്തിരിപ്പന്മാരെ മാത്രമാണു് അറിയാമായിരുന്നതു്. വിപ്ലവത്തിനുശേഷം നമ്മുടെ നാട്ടിൽ ദേശീയലിബറലുകൾ ഉയർന്നുവന്നു.

നമ്മുടെ രാജ്യത്തു് ഒക്ടോബ്രിസ്റ്റുകളും കേഡററുകളും (കൊക്കോഷ്കിൻ), അതായതു്, ഇന്നത്തെ ബൂർഷ്വാസി ഒന്നടങ്കം എടുക്കുന്ന നിലപാടു് ഫലത്തിൽ ഇതാണു്.

ഭാവിയിൽ ഗ്രേററ്റഷ്യൻ ദേശീയജനാധിപത്യവാദികളും പ്രത്യക്ഷപ്പെടാതെ തരമില്ല. കർഷകന്റെ ദേശീയവാദപരമായ പക്ഷപാതങ്ങളുടെ നേരെ ജാഗ്രത പാലിക്കണമെന്നു് ''പോപ്പുലർ സോഷ്യലിസ്റ്റു്'' പാർട്ടി[58]യുടെ സ്ഥാപകന്മാരിലൊരാളായ മി. പെഷെഹോനൊവു് അഭ്യർത്ഥിച്ചപ്പോൾ (''റൂസ്ക്കൊയെ ബൊഗാത്സ്തൊ''[59]വിന്റെ 1906 ആഗസ്റ്റു് ലക്കത്തിൽ) അദ്ദേഹം പ്രകടിപ്പിച്ചതു് ഈ വീക്ഷണഗതിയായിരുന്നു. ബോൾഷെവിക്കുകളായ നമ്മൾ കർഷകനെ ''മാതൃകാപുരുഷനാക്കുന്നു''വെന്നു പറഞ്ഞുകൊണ്ടു് മററുള്ളവർ നമ്മെപ്പററി എന്തെല്ലാം അപവാദം പറഞ്ഞുപരത്തിയാലും, കർഷകരുടെ ബുദ്ധിസാമർത്ഥ്യത്തേയും അവരുടെ പക്ഷപാതങ്ങളേയും, ഒരുവശത്തു് അവരുടെ ജനാധിപത്യാഭിലാഷത്തേയും പുരിഷ്ക്കേവിച്ച്വിരോധത്തേയും മറുവശത്തു് പാതിരിയും ഭൂവുടമയുമായി ലോഹ്യത്തിൽ കഴിയാനുള്ള അവരുടെ ആഗ്രഹത്തേയും നാം എപ്പോഴും വ്യക്തമായി വേർതിരിച്ചുകണ്ടിട്ടുണ്ടു്, മേലിലും കാണുന്നതാണു്.

തൊഴിലാളിവർഗ്ഗജനാധിപത്യത്തിന്ന് ഇപ്പോഠംത്തന്നെ —എന്നുതന്നെയല്ല, ഒരുപക്ഷെ വരുന്ന കുറെയേറെ നാളത്തേക്കും —ഗ്രേററ്റഷ്യൻ കർഷകരുടെ ദേശീയവാദത്തെ കണക്കിലെടുത്തേ പററൂ (അതിനു വിട്ടുവീഴ്ചചെയ്യുകയെന്ന അർത്ഥത്തിലല്ല, അതിനെ നേരിടുകയെന്ന അർത്ഥത്തിൽ).* 1905—നുശേഷം മർദ്ദിതരാഷ്ട്രങ്ങഠംക്കിടയിൽ വളരെ പ്രകടമായി പ്രത്യക്ഷപ്പെട്ടിട്ടുള്ള ദേശീയബോധം (ഒന്നാം ദ്ദൂമയിലെ ''സ്വയംഭരണ—ഫെഡറൽവാദികളുടെ'' ഗ്രൂപ്പ്, ഉക്രേനിയൻപ്രസ്ഥാനത്തിൻേറയും മുസ്ലിംപ്രസ്ഥാനത്തിൻേറയും മററും വളർച്ച, തുടങ്ങിയവ ഓർത്തുനോക്കു) പട്ടണങ്ങളിലും നാട്ടുമ്പുറത്തുമുള്ള ഗ്രേററ്റഷ്യൻ പെററിബൂർഷ്വാസിക്കിടയിൽ ദേശീയവാദം കൊടുമ്പിരിക്കൊള്ളാൻ ഇടയാക്കുമെന്നതു് അനിവാര്യമാണ്. റഷ്യയുടെ ജനാധി

---

*ഉദാഹരണത്തിനു പോളിഷ് ദേശീയവാദത്തിൽ വന്നുകൊണ്ടിരിക്കുന്ന മാററങ്ങഠം—ഭൂപ്രഭുക്കളുടെ ദേശീയവാദത്തിൽനിന്നും ബൂർഷ്വാദേശീയവാദത്തിലേക്കും അവിടന്നു് കർഷകദേശീയവാദത്തിലേക്കുമുള്ള അതിൻെറ പരിവർത്തനപ്രക്രിയ—പരിശോധിക്കുന്നതു രസാവഹമായിരിക്കും. ലുഡ്‌വിഗ് ബെർൺഹർഡ് ''പ്രഷ്യൻ സ്റ്റേററിലെ പോളിഷ് സമുദായം'' ("Das Polnische Gemeinwesen im Preussischen Staat") എന്ന തൻെറ പുസ്തകത്തിൽ (അതു റഷ്യനിലേക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്) ഒരു ജർമ്മൻ കൊക്കോഷ്കിൻെറ അഭിപ്രായവുമായി യോജിച്ചുകൊണ്ട്, വളരെ സവിശേഷമായ ഒരു പ്രതിഭാസം വിവരിക്കുന്നുണ്ട്: ദേശീയാവകാശത്തിനും മതസ്വാതന്ത്ര്യത്തിനും ''പോളിഷ്'' ഭൂമിക്കും വേണ്ടിയുള്ള സമരത്തിൽ പോളിഷ് കർഷകരുടെ വിവിധ സഹകരണസംഘങ്ങളേയും മററു സംഘടനകളേയും ഒന്നിച്ചുചേർത്തുകൊണ്ട് ജർമ്മനിയിലെ പോളുകഠം ഒരുതരത്തിലുള്ള ''കർഷകറിപ്പബ്ലിക്ക്'' രൂപീകരിച്ചിരിക്കുകയാണ്. ജർമ്മൻ മർദ്ദനം നിമിത്തം പോളുകാർ ഒററക്കെട്ടായി മാറിനിൽക്കുകയാണ്. അതു് ആദ്യം ഭൂപ്രഭുക്കളുടേയും പിന്നീട് ബൂർഷ്വാസിയുടേയും അവസാനം കർഷകബഹുജനങ്ങളുടേയുമിടയിൽ (പ്രത്യേകിച്ച് സ്കൂളുകളിൽ പോളിഷ്ഭാഷ പഠിപ്പിക്കുന്നതിനെതിരായി 1873—ൽ ജർമ്മൻകാർ തുടങ്ങിയ പ്രചരണത്തിനുശേഷം) ദേശീയബോധം തട്ടിയുണർത്തി. റഷ്യയിലും സംഗതികഠം നീങ്ങുന്നതു് —പോളണ്ടിനെ സംബന്ധിച്ചു മാത്രമല്ല—അതേവഴിക്കാണ്.

പത്യവൽക്കരണത്തിൻെറ വേഗത കുറയുന്നതനുസരിച്ച്, ദേശീയമർദ്ദനവും വിവിധരാഷ്ട്രങ്ങളിൽപ്പെട്ട ബൂർഷ്വാസി തമ്മിലുള്ള കടിപിടിയും കൂടുതൽ വാശിയോടും വൈരാഗ്യത്തോടും മൃഗീയതയോടും കൂടി നടക്കുന്നതാണ്. അതേസമയം, റഷ്യൻ പുരിഷ്ക്കേവിച്ചുമാരുടെ വിശേഷിച്ചും പിന്തിരിപ്പൻസ്വഭാവം, അയൽപക്കത്തെ രാജ്യങ്ങളിൽ ചിലപ്പോഠം വളരെക്കൂടുതൽ സ്വാതന്ത്ര്യമനുഭവിച്ചുപോരുന്ന വിവിധ മർദ്ദിതദേശീയജനവിഭാഗങ്ങഠംക്കിടയിൽ ''വിഭാഗീയ''പ്രവണതകഠം വളർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്.

ഈ സ്ഥിതിവിശേഷത്തിൽനിന്നും റഷ്യയിലെ തൊഴിലാളിവർഗ്ഗത്തെ അഭിമുഖീകരിക്കുന്നതു് രണ്ടു തരത്തിലുള്ള, അഥവാ രണ്ടു വശങ്ങളുള്ള കടമയാണ്: എല്ലാ ദേശീയവാദത്തേയും—സർവ്വോപരി, ഗ്രേററ്റഷ്യൻ ദേശീയവാദത്തെ—ചെറുക്കുക; എല്ലാ രാഷ്ട്രങ്ങഠംക്കും പരിപൂർണ്ണമായ അവകാശസമത്വമുണ്ടെന്നു മാത്രമല്ല സ്റ്റേററായി നിലനിൽക്കുന്നതിനെ സംബന്ധിച്ചും അവകാശസമത്വമുണ്ടെന്ന്, അതായതു് രാഷ്ട്രങ്ങഠംക്ക് സ്വയംനിർണ്ണയനത്തിനും വിട്ടുനിൽക്കാനുമുള്ള അവകാശമുണ്ടെന്ന്, അംഗീകരിക്കുക; അതേസമയംതന്നെ, എല്ലാ രാഷ്ട്രങ്ങളിലും ഏതെങ്കിലും രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന ദേശീയവാദത്തെ വിജയകരമായി ചെറുക്കുന്നതിനുവേണ്ടിത്തന്നെ തൊഴിലാളിവർഗ്ഗസമരത്തിലും തൊഴിലാളിവർഗ്ഗസംഘടനയിലും ഐക്യം നിലനിർത്തുകയും ദേശീയമായി ഭിന്നിച്ചുനിൽക്കാനുള്ള ബൂർഷ്വാ അഭിലാഷത്തെ വകവയ്ക്കാതെ പ്രസ്തുത സംഘടനകളെ കെട്ടുറപ്പുള്ള ഒരൊററ സാർവ്വദേശീയഅസോസിയേഷനിൽ ലയിപ്പിക്കുകയും ചെയ്യുക.

എല്ലാ രാഷ്ട്രങ്ങഠംക്കും പരിപൂർണ്ണ അവകാശസമത്വം; രാഷ്ട്രങ്ങഠംക്ക് സ്വയംനിർണ്ണയാവകാശം; എല്ലാ രാഷ്ട്രങ്ങളിലും പെട്ട തൊഴിലാളികളെ ഒന്നിച്ചുചേർക്കൽ—ഇതാണ് മാർക്സിസവും ലോകത്തിൻെറ മുഴുവനും റഷ്യയുടേയും അനുഭവവും തൊഴിലാളികളോട് അനുശാസിക്കുന്ന ദേശീയപരിപാടി.

---

ഈ ലേഖനം പ്രസ്സിലേക്കയച്ചതിനുശേഷമാണ് എനിക്കു് ''നാഷ റബോച്ചയ ഗസെററ''യുടെ മൂന്നാംലക്കം ലഭിച്ചതു്. അതിൽ മി. വി. കൊസ്സോവ്സ്കിയ് എല്ലാ രാഷ്ട്രങ്ങറംക്കും സ്വയംനിർണ്ണയാവകാശം അംഗീകരിക്കുന്നതിനെപ്പററി ഇങ്ങനെ എഴുതുന്നു:

''പാർട്ടിയുടെ ഒന്നാം കോൺഗ്രസ്സിൻെറ (1898) പ്രമേയത്തിൽനിന്നു യാന്ത്രികമായി എടുത്തതാണിതു്. ആ പ്രമേയത്തിൽത്തന്നെ അതു് ചേർത്തതു് സാർവ്വദേശീയ സോഷ്യലിസ്റ്റ് കോൺഗ്രസ്സുകളുടെ തീരുമാനങ്ങളിൽനിന്നും കടമെടുത്താണ്. സോഷ്യലിസ്റ്റ് ഇൻറർനാഷനൽ നൽകിയ അതേ അർത്ഥംതന്നെയാണ് 1903–ലെ കോൺഗ്രസ്സും അതിനു നൽകിയതെന്നു് തർക്കത്തിൽനിന്നു തെളിയുന്നു—അതായതു്, രാഷ്ട്രീയ സ്വയംനിർണ്ണയനം; എന്നുവച്ചാൽ, രാഷ്ട്രങ്ങളുടെ രാഷ്ട്രീയസ്വാതന്ത്ര്യത്തിലേക്കു വഴിതെളിക്കുന്ന സ്വയംനിർണ്ണയനം. അപ്പോറം ഒരു പ്രദേശമെന്ന നിലയ്ക്കു് വേറിട്ടുനിൽക്കാനുള്ള അവകാശത്തിനു് ഉറപ്പു നൽകുന്ന ദേശീയ സ്വയംനിർണ്ണയനമെന്ന ഫോർമുല, നിലവിലുള്ള സ്റ്റേററിൽനിന്നു വിട്ടുപോകാൻ നിർവ്വാഹമില്ലാത്ത, അഥവാ വിട്ടുപോകാനാഗ്രഹിക്കാത്ത, ദേശീയജനവിഭാഗങ്ങളുടെ ദേശീയബന്ധങ്ങറം സ്റ്റേററിൻെറ പരിധികളിൽ ക്രമപ്പെടുത്തേണ്ടതെങ്ങിനെയെന്ന പ്രശ്നത്തെ ഒരു തരത്തിലും ബാധിക്കുന്നില്ല.''

മി. വി. കൊസ്സോവ്സ്കിയ് 1903–ലെ രണ്ടാം കോൺഗ്രസ്സിൻെറ നടപടിക്കുറിപ്പുകറം കണ്ടിട്ടുണ്ടെന്നും സ്വയംനിർണ്ണയനമെന്ന വാക്കിൻെറ ശരിയായ (ഒരേയൊരു) അർത്ഥം ഭംഗിയായി മനസ്സിലാക്കുന്നുണ്ടെന്നും ഇതിൽനിന്നു വ്യക്തമാണ്. ''സൈററ്'' എന്ന ബുന്ദ് പത്രത്തിൻെറ പത്രാധിപന്മാർ പരിപാടിയെ പരിഹസിക്കാനും അതു് അവ്യക്തമാണെന്നു വിളിച്ചുപറയാനും വേണ്ടി മി. ലീബ്മനെ എഴുന്നള്ളിച്ചുകൊണ്ടുവന്നതുമായി ഇതൊന്നു തട്ടിച്ചുനോക്കു! ! ബുന്ദിസ്റ്റ് മാന്യന്മാരുടെയിടയിലുള്ള ''പാർട്ടി'' പെരുമാററച്ചട്ടങ്ങറം വിശേഷംതന്നെ.... സ്വയംനിർണ്ണയനതത്വം കോൺഗ്രസ്സംഗീകരിച്ചതു് യാന്ത്രിക

മായിട്ടാണെന്ന കൊസ്സോവ്സ്കിയ് പറയുന്നതെന്തുകൊണ്ട ണെന്ന് ''ദൈവത്തിനേ അറിയാവൂ.'' ''പ്രതിഷേധിക്കണെ'' മെന്ന ചിലർക്കു ''നിർബ്ബന്ധ''മാണ്—പക്ഷെ എങ്ങിനെ, എന്തിന്, എന്തുകൊണ്ട്—അതവർക്കു് അറിഞ്ഞുകൂടാ.

1914 ഫെബ്റുവരിക്കും മേയ്ക്കുമിടയ്ക്ക് എഴുതിയതു്.
''പ്രൊസ്വെഷ്ച്ചേനിയെ''യുടെ 4, 5, 6 ലക്കങ്ങളിലായി 1914 ഏപ്രിലിനും ജൂണിനുമിടയ്ക്ക് പ്രസിദ്ധീകരിച്ചു.
എഴുതിയതു് വി. ഇലിയിൻ എന്ന പേരിൽ

വി. ഐ. ലെനിൻെറ കൃതികളിലെ (അഞ്ചാം റഷ്യൻ പതിപ്പ്, വാല്യം 25, പേജുകൾ 225–320) പാഠമനുസരിച്ച് അച്ചടിച്ചതു്

# സോഷ്യലിസ്റ്റ് വിപ്ലവവും രാഷ്ട്രങ്ങളുടെ സ്വയം നിർണ്ണയാവകാശവും

## (തീസിസ്സ്)

### 1. സാമ്രാജ്യത്വവും സോഷ്യലിസവും മർദ്ദിതരാഷ്ട്രങ്ങളുടെ വിമോചനവും

മുതലാളിത്തത്തിന്റെ വളർച്ചയിലെ ഏററവും ഉയർന്ന ഘട്ടമാണ് സാമ്രാജ്യത്വം. വളർച്ചയെത്തിയ രാജ്യങ്ങളിൽ മൂലധനം ദേശീയസ്റ്റേററുകളുടെ പരിധികളേയും അതിക്രമിച്ച് വളർന്നിരിക്കുന്നു. അതു് മത്സരത്തിന്റെ സ്ഥാനത്ത് കുത്തക സ്ഥാപിക്കുകയും അങ്ങിനെ സോഷ്യലിസം നേടാനുള്ള വസ്തുനിഷ്ഠമായ എല്ലാ ഉപാധികളും സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് മുതലാളിത്തഗവണ്മെൻറുകളെ തകിടംമറിക്കാനും ബൂർഷ്വാസിയെ സ്ഥാനഭ്രഷ്ടമാക്കാനും വേണ്ടിയുള്ള തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവസമരം പടിഞ്ഞാറൻയൂറോപ്പിലും അമേരിക്കൻ ഐക്യനാടുകളിലും അടിയന്തിരകടമയായിത്തീർന്നിരിക്കുന്നു. വർഗ്ഗവൈരുദ്ധ്യങ്ങളെ ഭീമമായ തോതിൽ മൂർഛിപ്പിച്ചുകൊണ്ടും, ജനങ്ങളുടെ സ്ഥിതി സാമ്പത്തികമായും—ട്രസ്റ്റുകളെ, ഉയർന്ന ജീവിതച്ചിലവ് — രാഷ്ട്രീയമായും—പട്ടാളമേധാവിത്വത്തിന്റെ വളർച്ച, കൂടെക്കൂടെയുണ്ടാകുന്ന യുദ്ധങ്ങൾ, പിന്തിരിപ്പത്തത്തിന്റെ വളർച്ച, ദേശീയമർദ്ദനവും കൊളോണിയൽ ചൂഷണവും ശക്തിപ്പെടലും വിപുലമാകലും—കൂടുതൽ വഷളാക്കിക്കൊണ്ടും ബഹുജനങ്ങളെ ഈ സമരത്തിലേക്കു വലിച്ചിഴയ്ക്കുകയാണ് സാമ്രാജ്യത്വം ചെയ്യുന്നതു്. വിജയംവരിച്ച സോഷ്യലിസം അവശ്യമായും പരിപൂർണ്ണജനാധിപത്യം സ്ഥാപിക്കുകയും അങ്ങിനെ രാഷ്ട്രങ്ങളുടെ പരിപൂർണ്ണസ

മത്വം നിലവിൽക്കൊണ്ടുവരുന്നതിനു പുറമെ മർദ്ദിതരാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശം, അതായതു് രാഷ്ട്രീയമായി യഥേഷ്ടം വിട്ടുനിൽക്കാനുള്ള അവകാശം, നടപ്പിലാക്കുകയും ചെയ്യേണ്ടതാണു്. തങ്ങൾ അടിമരാഷ്ട്രങ്ങളെ സ്വതന്ത്രമാക്കുകയും ഒരു സ്വതന്ത്ര്യയൂണിയനെന്ന നിലയ്ക്കു് അവരുമായി ബന്ധം സ്ഥാപിക്കുകയും—വിട്ടുനിൽക്കാനുള്ള അവകാശമില്ലാതെ സ്വതന്ത്ര്യയൂണിയനെന്നു പറയുന്നതു് തനി കള്ളമാണു്—ചെയ്യുമെന്നു് ഇന്നും വിപ്ലവത്തിനിടയ്ക്കും അതു വിജയിച്ചശേഷവുമുള്ള എല്ലാ പ്രവർത്തനങ്ങളിലൂടെയും തെളിയിക്കാത്ത സോഷ്യലിസ്റ്റു് പാർട്ടികൾ സോഷ്യലിസത്തെ വഞ്ചിക്കുകയാണു ചെയ്യുന്നതു്.

തീർച്ചയായും, ജനാധിപത്യവും ഭരണകൂടം അപ്രത്യക്ഷമാകുമ്പോൾ അപ്രത്യക്ഷമാകേണ്ട ഒരു ഭരണകൂടരൂപംതന്നെയാണു്. പക്ഷെ തികച്ചും വിജയിക്കുകയും അടിയുറയ്ക്കുകയും ചെയ്തുകഴിഞ്ഞ സോഷ്യലിസത്തിൽനിന്നും പരിപൂർണ്ണകമ്മ്യൂണിസത്തിലേക്കുള്ള പരിവർത്തനത്തിനിടയിൽ മാത്രമേ അതു സംഭവിക്കൂ.

## 2. സോഷ്യലിസ്റ്റ്‌വിപ്ലവവും ജനാധിപത്യത്തിനുവേണ്ടിയുള്ള സമരവും

സോഷ്യലിസ്റ്റു് വിപ്ലവമെന്നതു് ഒരൊററ നടപടിയോ ഏതെങ്കിലുമൊരു രംഗത്തു നടത്തുന്ന ഒരൊററ പോരാട്ടമോ അല്ല, നേരേമറിച്ചു്, മൂർഛിച്ച വർഗ്ഗസംഘട്ടനങ്ങളുടെ ഒരു മുഴുവൻ കാലഘട്ടംതന്നെയാണു്, എല്ലാ രംഗത്തുമുള്ള, അതായതു് സാമ്പത്തികവും രാഷ്ട്രീയവുമായ എല്ലാ പ്രശ്നങ്ങളിലുമുള്ള, പോരാട്ടങ്ങളുടെ ഒരു നീണ്ട പരമ്പരയാണു്. ബൂർഷ്വാസിയുടെ സ്ഥാനഭ്രംശത്തിൽ മാത്രമേ അതു പരിണമിക്കാൻ നിർവ്വാഹമുള്ളൂ. ജനാധിപത്യത്തിനുവേണ്ടിയുള്ള സമരം സോഷ്യലിസ്റ്റു് വിപ്ലവത്തിൽനിന്നും തൊഴിലാളിവർഗ്ഗത്തിൻെറ ശ്രദ്ധയെ തിരിച്ചുവിടുകയും അതിനെ നിഷ്പ്രഭമാക്കുകയും മൂടിവയ്ക്കുകയും മററും ചെയ്യാനുള്ള സാദ്ധ്യതയുണ്ടെന്നു കരുതുന്നതു് മൗലികമായിത്തന്നെ

പിശകാണ്. നേരേമറിച്ച്, പരിപൂർണ്ണജനാധിപത്യം ഏർപ്പെടുത്തിയില്ലെങ്കിൽ സോഷ്യലിസത്തിനു വിജയംവരിക്കാൻ സാദ്ധ്യമല്ലെന്നതുപോലെതന്നെ, തൊഴിലാളിവർഗ്ഗം ജനാധിപത്യത്തിനുവേണ്ടി നാനാമുഖവും നിരന്തരവും വിപ്ലവകരവുമായ സമരം നടത്തിയില്ലെങ്കിൽ അതിന് ബൂർഷ്വാസിയുടെ മേൽ വിജയംവരിക്കുന്നതിനു തയാറെടുക്കാൻ സാദ്ധ്യമല്ല.

സാമ്രാജ്യത്വത്തിൻകീഴിൽ ''അസാദ്ധ്യ''മോ ''മിഥ്യ''യോ ആണെന്ന പേരിൽ ജനാധിപത്യപരിപാടിയിലെ ഏതെങ്കിലും ഖണ്ഡിക, ഉദാഹരണത്തിന്, രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശത്തെക്കുറിച്ചുള്ള ഖണ്ഡിക, നീക്കം ചെയ്യുന്നതും അതുപോലെതന്നെ പിശകായിരിക്കും. മുതലാളിത്തത്തിൻെറ ചട്ടക്കൂട്ടിനുള്ളിൽ രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശം നേടാൻ സാദ്ധ്യമല്ലെന്ന വാദം ഒന്നുകിൽ അതിൻെറ കേവലമായ, സാമ്പത്തികാർത്ഥത്തിലോ അല്ലെങ്കിൽ ആപേക്ഷികമായ രാഷ്ട്രീയാർത്ഥത്തിലോ എടുക്കാം.

ഇതിലാദ്യത്തെ അർത്ഥത്തിൽ ഈ വാദം സിദ്ധാന്തത്തിൻെറ നിലപാടിൽനിന്നു നോക്കിയാൽ അടിസ്ഥാനപരമായി തെററാണ്. ഒന്നാമതു്, ഈയർത്ഥത്തിൽ മുതലാളിത്തത്തിൻകീഴിൽ അദ്ധ്വാനധനം ഈടാക്കാനും കുഴപ്പങ്ങളില്ലാതാക്കാനും മററും അസാദ്ധ്യമാണെന്നതു ശരിയാണ്. പക്ഷെ രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനം അതുപോലെ അസാദ്ധ്യമാണെന്നു വാദിക്കുന്നതു പാടേ തെററാണ്. രണ്ടാമതു്, 1905–ൽ നോർവ്വെ സ്വീഡനിൽനിന്നു വിട്ടുപോയ ഒരൊററ ഉദാഹരണംതന്നെ, രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനം ഈ അർത്ഥത്തിൽ ''അസാദ്ധ്യ''മാണെന്ന വാദത്തെ ഖണ്ഡിക്കാൻ മതിയാകുന്നതാണ്. മൂന്നാമതു്, രാഷ്ട്രീയവും തന്ത്രപരവുമായ ബന്ധങ്ങളിൽ—ഉദാഹരണത്തിന്, ജർമ്മനിയും ഇംഗ്ലണ്ടും തമ്മിൽ—തെല്ലൊരു മാററമുണ്ടാകുന്നപക്ഷം വളരെയടുത്തുതന്നെ പോളണ്ട്, ഇന്ത്യ തുടങ്ങിയ പുതിയ സ്റ്റേററുകളുടെ രൂപീകരണം തികച്ചും ''സാദ്ധ്യമാണെ''ന്ന വസ്തുത നിഷേധിക്കുന്നതു് അപഹാസ്യമായിരിക്കും. നാലാമതു്, വികസിക്കാനുള്ള ആഗ്രഹത്തിൽ

ഫിനാൻസ് മൂലധനം ഏററവും സ്വതന്ത്രവും ഏററവും ജനാധി പത്യപരവും റിപ്പബ്ലിക്കനുമായ ഏതു രാജ്യത്തെ ഗവണ്മെൻറി നേയും തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥന്മാരേയും ആ രാജ്യം ''സ്വതന്ത്ര''മാണെങ്കിൽക്കൂടി ''യഥേഷ്ടം'' കോഴകൊടുത്തു വിലയ്ക്കെടുക്കുന്നതാണ്. പൊതുവിൽ മൂലധനത്തിൻെറയെന്ന പോലെതന്നെ ഫിനാൻസ്മൂലധനത്തിൻെറ മേധാവിത്വവും രാഷ്ട്രീയജനാധിപത്യത്തിൻെറ തുറയിൽ ഏതെങ്കിലും തരത്തി ലുള്ള പരിഷ്കാരത്തിലൂടെ ഇല്ലാതാക്കാൻ സാദ്ധ്യമല്ല. സ്വയം നിർണ്ണയനമാകട്ടെ തികച്ചും ഈ തുറയിൽ മാത്രമാണു പെടുന്ന തു്. എന്നാൽ, വർഗ്ഗമർദ്ദനത്തിൻേറയും വർഗ്ഗസമരത്തിൻേറയും കൂടുതൽ സ്വതന്ത്രവും വിപുലവും വ്യക്തവുമായ രൂപമെന്ന നിലയ്ക്കു് രാഷ്ട്രീയജനാധിപത്യത്തിനുള്ള പ്രാധാന്യത്തെ ഫി നാൻസ് മൂലധനത്തിൻെറ ഈ മേധാവിത്വം അല്പംപോലും കുറയ്ക്കുന്നില്ല. അതുകൊണ്ടു്, രാഷ്ട്രീയജനാധിപത്യത്തിൻെറ ആ വശ്യങ്ങളിലൊന്നു് മുതലാളിത്തത്തിൻകീഴിൽ നേടുകയെന്നതു് സാമ്പത്തികാർത്ഥത്തിൽ അസാദ്ധ്യമാണന്ന എല്ലാ വാദവും മുതലാളിത്തത്തിൻേറയും പൊതുവിൽ രാഷ്ട്രീയജനാധിപത്യ ത്തിൻേറയും സാമാന്യവും മൗലികവുമായ ബന്ധങ്ങളുടെ താ ത്വികമായി തെററായ നിർവ്വചനമല്ലാതെ മറെറാന്നുമല്ല.

രണ്ടാമത്തെ അർത്ഥത്തിൽ, ഈ വാദം പൂർണ്ണമോ മുഴു വൻ ശരിയോ അല്ല. കാരണം, രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണ യാവകാശം മാത്രമല്ല, രാഷ്ട്രീയജനാധിപത്യത്തിൻെറ എല്ലാ മൗലികാവശ്യങ്ങളും സാമ്രാജ്യത്വത്തിൻകീഴിൽ ''സാധിതപ്രാ യ''മാകുന്നതു് അപൂർണ്ണവും വികൃതവുമായ രൂപത്തിലും ഒരു വിശേഷവിധിയെന്ന നിലയ്ക്കുമാണു് (ഉദാഹരണത്തിനു് 1905—ൽ നോർവ്വെ സ്വീഡനിൽനിന്നു വിട്ടുപോയതു്). എല്ലാ വിപ്ലവസോഷ്യൽഡെമോക്രാററുകാരും ഉന്നയിക്കുന്ന, കോളനി കളെ ഉടൻ മോചിപ്പിക്കണമെന്ന ആവശ്യവും വിപ്ലവങ്ങളുടെ ഒരു പരമ്പര കൂടാതെ മുതലാളിത്തത്തിൻകീഴിൽ ''സാധിത പ്രായമല്ല.'' എന്നാൽ ഈ ആവശ്യങ്ങൾക്കെല്ലാംവേണ്ടി സോ ഷ്യൽഡെമോക്രസി ഉടനടി വാശിയേറിയ ഒരു സമരം നടത്ത

രുതെന്നു് ഇതുകൊണ്ടർത്ഥമില്ല. സമരം നടത്താതിരിക്കുന്നതു് ബൂർഷ്വാസിക്കും പ്രതിലോമശക്തികൾക്കും മാത്രമേ പ്രയോജനപ്പെടൂ. നേരേമറിച്ചു്, ഈ ആവശ്യങ്ങളെല്ലാംതന്നെ രൂപപ്പെടുത്തി മുന്നോട്ടുവയ്ക്കണമെന്നുതന്നെയാണു് അതിനർത്ഥം—റിഫോമിസ്റ്റു് രീതിയിലല്ല, വിപ്ലവകരമായ രീതിയിൽ; ബൂർഷ്വാനിയമവിധേയത്വത്തിന്റെ ചട്ടക്കൂട്ടിനകത്തു നിന്നുകൊണ്ടല്ല, അതു തകർത്തുകൊണ്ടു്; പാർലിമെണ്ടറി പ്രസംഗങ്ങളിലും വാഗ്രൂപേണയുള്ള പ്രതിഷേധങ്ങളിലും ഒതുങ്ങിനിന്നുകൊണ്ടല്ല, ബഹുജനങ്ങളെ യഥാർത്ഥസമരത്തിൽ പങ്കെടുപ്പിച്ചുകൊണ്ടു്, ബൂർഷ്വാസിക്കെതിരായ തൊഴിലാളിവർഗ്ഗത്തിന്റെ നേരിട്ട ആക്രമണം—അതായതു്, ബൂർഷ്വാസിയെ സ്ഥാനഭ്രഷ്ടമാക്കുന്ന സോഷ്യലിസ്റ്റു് വിപ്ലവം—ഉൾപ്പെടെ എല്ലാവിധത്തിലുമുള്ള അടിസ്ഥാനപരമായ ജനാധിപത്യാവശ്യങ്ങൾക്കുവേണ്ടിയുള്ള സമരം വ്യാപിപ്പിക്കുകയും ആളിക്കത്തിക്കുകയും ചെയ്തുകൊണ്ടു്. ഒരു വമ്പിച്ച പണിമുടക്കിന്റേയോ പ്രകടനത്തിന്റേയോ പട്ടിണിലഹളയുടേയോ സൈനികകലാപത്തിന്റേയോ കൊളോണിയൽ കലാപത്തിന്റേയോ ഫലമായി മാത്രമല്ല സോഷ്യലിസ്റ്റു് വിപ്ലവം പൊട്ടിപ്പുറപ്പെടാൻ സാദ്ധ്യതയുള്ളതു്. ഡ്രെയ്ഫസ് സംഭവ[60]മോ സാബെൺ സംഭവ[61]മോ പോലുള്ള ഒരു രാഷ്ട്രീയക്കുഴപ്പത്തിന്റെ ഫലമായിട്ടും, അല്ലെങ്കിൽ ഒരു മർദ്ദിതരാഷ്ട്രം വിട്ടുപോകുന്നതിനെക്കുറിച്ചുള്ള ഹിതപരിശോധന സംബന്ധിച്ചും മററും അതു പൊട്ടിപ്പുറപ്പെട്ടെന്നുവരും.

സാമ്രാജ്യത്വത്തിൻകീഴിൽ ദേശീയമർദ്ദനം മൂർഛിക്കുന്നതിനാൽ രാഷ്ട്രങ്ങൾക്കു വിട്ടുപോകാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം (ഇതു ''സാങ്കല്പിക''മാണെന്നാണു ബൂർഷ്വാസി പറയുന്നതു്) ഉപേക്ഷിക്കുകയല്ല, നേരേമറിച്ചു് ഇതിന്റെ പേരിൽ ഉളവാകുന്ന മത്സരങ്ങളെക്കൂടി മുമ്പെന്നത്തേക്കാളേറെ പ്രയോജനപ്പെടുത്തിക്കൊണ്ടു് ബൂർഷ്വാസിക്കെതിരായി ബഹുജനസമരങ്ങളും വിപ്ലവപരമായ ആക്രമണങ്ങളും നടത്തുകയാണു് സോഷ്യൽഡെമോക്രാററിക് പാർട്ടി അവശ്യം ചെയ്യേണ്ടതു്.

## 3. സ്വയംനിർണ്ണയാവകാശത്തിന്റെ അർത്ഥവും ഫെഡറേഷനുമായി അതിനുള്ള ബന്ധവും

രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശമെന്നുവച്ചാൽ രാഷ്ട്രീയാർത്ഥത്തിൽ സ്വതന്ത്രമാകാനുള്ള അവകാശമെന്നുമാത്രമാണ്, മർദ്ദകരാഷ്ട്രത്തിൽനിന്നും രാഷ്ട്രീയമായി യഥേഷ്ടം വിട്ടുനിൽക്കാനുള്ള അവകാശമെന്നുമാത്രമാണ്, അർത്ഥം. സമൂർത്തമായിപ്പറയുകയാണെങ്കിൽ, വിട്ടുനിൽക്കുന്നതിനനുകൂലമായി പ്രക്ഷോഭം നടത്താനുള്ള പരിപൂർണ്ണസ്വാതന്ത്ര്യവും വിട്ടുനിൽക്കാനാഗ്രഹിക്കുന്ന രാഷ്ട്രത്തിൽ ഹിതപരിശോധന നടത്തിക്കൊണ്ട് പ്രശ്നം പരിഹരിക്കാനുള്ള സ്വാതന്ത്ര്യവും വേണമെന്നാണ് രാഷ്ട്രീയവും ജനാധിപത്യപരവുമായ ഈ ആവശ്യത്തിന്റെ അർത്ഥം. അതുകൊണ്ട്, ഈ ആവശ്യവും വിട്ടുനിൽക്കലിനും വിഭജനത്തിനും ചെറിയ സ്റ്റേററുകളുടെ രൂപീകരണത്തിനും വേണ്ടിയുള്ള ആവശ്യവും ഒരിക്കലും ഒന്നല്ല. ഏതു രൂപത്തിലുമുള്ള ദേശീയമർദ്ദനത്തിനെതിരായ സമരത്തിന്റെ യുക്തിസിദ്ധമായ ഒരു പ്രകാശനം മാത്രമാണിതു്. ജനാധിപത്യസ്റ്റേററ്സമ്പ്രദായത്തിൽ വിട്ടുനിൽക്കാനുള്ള പരിപൂർണ്ണസ്വാതന്ത്ര്യം എത്രകണ്ട് കൂടുതൽ അനുവദിക്കപ്പെടുന്നോ, അതനുസരിച്ച് വിട്ടുനിൽക്കാനുള്ള ആഗ്രഹം ഫലത്തിൽ അപൂർവ്വവും ദുർബ്ബലവുമായിത്തീരും. കാരണം, സാമ്പത്തികപുരോഗതിയുടെ താല്പര്യം വച്ചു നോക്കിയാലും ബഹുജനങ്ങളുടെ താല്പര്യങ്ങരം വച്ചു നോക്കിയാലും വലിയ സ്റ്റേററുകരംക്കുള്ള മെച്ചം സംശയാതീതമാണ്. മുതലാളിത്തം വളരുന്നതനുസരിച്ച് ഈ മെച്ചം വർദ്ധിക്കുകയും ചെയ്യും. സ്വയംനിർണ്ണയനം അംഗീകരിക്കലും ഫെഡറേഷനെന്നതു് ഒരു തത്വമായി അംഗീകരിക്കലും രണ്ടും രണ്ടാണ്. ഒരാരം ഈ തത്വത്തിന്റെ അടിയുറച്ച എതിരാളിയും ജനാധിപത്യകേന്ദ്രീകരണത്തിന്റെ അനുകൂലിയുമാണെങ്കിലും പരിപൂർണ്ണമായ ജനാധിപത്യകേന്ദ്രീകരണത്തിലേക്കുള്ള ഒരേയൊരു വഴിയെന്ന നിലയ്ക്കു് ദേശീ

യാസമത്വത്തേക്കാരം അയാരം ഇഷ്ടപ്പെട്ടന്നതു് ഫെഡറേഷനാ യിരിക്കും. ഇതേ വീക്ഷണകോണിൽനിന്ന തന്നെയാണു് ഒരു കേന്ദ്രീകരണവാദിയായ മാർക്സിനു് അയർലണ്ടിനെ നിർബ്ബന്ധ പൂർവ്വം ഇംഗ്ലീഷുകാർക്കു് വിധേയമായി നിർത്തുന്നതിനേക്കാരം ഇംഗ്ലണ്ടും അയർലണ്ടും തമ്മിലുള്ള ഫെഡറേഷൻപോലും കൂടുതൽ അഭികാമ്യമായിത്തോന്നിയതു്.[62]

മനുഷ്യരാശി ചെറുചെറുസ്റ്റേററുകളായി ഭിന്നിച്ചുനിൽക്കു ന്നതിനും രാഷ്ട്രങ്ങരം വേർതിരിഞ്ഞുനിൽക്കുന്നതിനും വിരാമമി ടുകമാത്രമല്ല, രാഷ്ട്രങ്ങളെ ഒന്നിച്ചുകൊണ്ടുവരികമാത്രമല്ല, അവ യെ ലയിപ്പിക്കുകയാണു് സോഷ്യലിസത്തിൻെറ ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിനു് നാം ഒരുവശത്തു് ''സാംസ്ക്കാ രിക—ദേശീയസ്വയംഭരണ''മെന്നു പറയുന്നതു സംബന്ധിച്ചുള്ള റെന്നറുടേയും ഓട്ടൊ ബൗവെറുടേയും ചിന്താഗതി[63]യുടെ പി ന്തിരിപ്പൻസ്വഭാവം ബഹുജനങ്ങളുടെ മുമ്പിൽ വിശദീകരിക്കു കയും മറുവശത്തു് മർദ്ദിതരാഷ്ട്രങ്ങളുടെ മോചനം ആവശ്യപ്പെടുക യും വേണം——പൊതുവിലുള്ള, അവ്യക്തമായ വാക്കുകളിൽ മാ ത്രമല്ല, കഴമ്പില്ലാത്ത വാക്ധോരണികരംവഴിക്കല്ല, സോഷ്യ ലിസം സ്ഥാപിതമാകുന്നതുവരെ പ്രശ്നം ''മാററിവച്ചിട്ടല്ല,'' മർദ്ദകരാഷ്ട്രങ്ങളിലെ സോഷ്യലിസ്റ്റുകാരുടെ കാപട്യത്തേയും ഭീരുത്വത്തേയും പ്രത്യേകിച്ചു കണക്കിലെടുക്കുകയും വ്യക്തമായും ഖണ്ഡിതമായും കാര്യങ്ങരം നിർവ്വചിക്കുകയും ചെയ്തുകൊണ്ടുള്ള ഒരു രാഷ്ട്രീയപരിപാടിയിൽക്കൂടി. മർദ്ദിതവർഗ്ഗത്തിൻെറ സർവ്വാധിപത്യമെന്നൊരു പരിവർത്തനഘട്ടത്തിലൂടെ കടന്നു കൊണ്ടു മാത്രമേ മനുഷ്യരാശിക്കു് വർഗ്ഗങ്ങളില്ലാതാക്കാൻ കഴിയൂ എന്നതുപോലെതന്നെ, എല്ലാ രാഷ്ട്രങ്ങരംക്കും പരിപൂർണ്ണ മോ ചനം ലഭ്യമായിട്ടുള്ള, അതായതു് അവർക്കു വിട്ടുനിൽക്കാൻ സ്വാതന്ത്ര്യം സിദ്ധിച്ചിട്ടുള്ള, ഒരു പരിവർത്തനദശയിലൂടെ കടന്നുപൊയ്ക്കൊണ്ടു മാത്രമേ രാഷ്ട്രങ്ങളുടെ അനിവാര്യമായ ലയ നം മനുഷ്യരാശിക്കു നേടാൻ കഴിയൂ.

## 4. രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയന പ്രശ്നത്തിൻെറ തൊഴിലാളിവർഗ്ഗ—വിപ്ലവപരമായ പ്രതിപാദനം

രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനമെന്ന ആവശ്യം മാത്രമല്ല നമ്മുടെ ജനാധിപത്യമിനിമംപരിപാടിയിലെ എല്ലാ കാര്യങ്ങളും നമ്മേക്കാറം മുമ്പ് പതിനേഴും പതിനെട്ടും ശതകങ്ങളിൽപ്പോലും, പെററിബൂർഷ്വാസി ഉന്നയിച്ചിട്ടുള്ളതാണ്. ഈ ആവശ്യങ്ങളെല്ലാംതന്നെ അയഥാർത്ഥമായ വിധത്തിൽ, വർഗ്ഗസമരവും ജനാധിപത്യത്തിൻകീഴിൽ അതു കൂടുതൽ മൂർഛിച്ചിട്ടുണ്ടെന്ന വസ്തുതയും കാണാതെ, ''സമാധാനപരമായ'' മുതലാളിത്തത്തിൽ വിശ്വസിച്ചുകൊണ്ട്, പെററിബൂർഷ്വാസി അന്നുമുതൽ ഇന്നുവരെ ഉന്നയിച്ചുവരുന്നുണ്ട്. സാമ്രാജ്യത്വത്തിൻകീഴിൽ തുല്യരാഷ്ട്രങ്ങറം ചേർന്ന് സമാധാനപരമായ യൂണിയനുണ്ടാക്കുകയെന്ന സാങ്കല്പികധാരണ — ജനങ്ങളെ കബളിപ്പിക്കുന്ന ഈ ധാരണ കൗട്സ്കിയുടെ അനുയായികറം ന്യായീകരിക്കുന്നുണ്ട്—ഇതേ സ്വഭാവത്തോടുകൂടിയതാണ്. അവസരവാദപരമായ ഈ ഫിലിസ്റ്റൈൻ മനോരാജ്യത്തിനെതിരായി, സോഷ്യൽഡെമോക്രസി മുന്നോട്ടുവയ്ക്കേണ്ട തീസിസ്സ് ഇതാണ്: സാമ്രാജ്യത്വത്തിൻകീഴിൽ രാഷ്ട്രങ്ങറം തമ്മിലുള്ള മൗലികവും പ്രധാനവും അനിവാര്യവുമായ വിഭജനം മർദ്ദകരാഷ്ട്രങ്ങളും മർദ്ദിതരാഷ്ട്രങ്ങളും തമ്മിലാണ്.

മർദ്ദകരാഷ്ട്രങ്ങളിലെ തൊഴിലാളിവർഗ്ഗം പൊതുവിൽ വെട്ടിപ്പിടുത്തങ്ങറംക്കെതിരായും രാഷ്ട്രങ്ങളുടെ അവകാശസമത്വത്തിനുവേണ്ടിയും സമാധാനകാംക്ഷിയായ ഏതൊരു ബൂർഷ്വായും ഉരുവിടാറുള്ള സർവ്വസാധാരണമായ വാക്കുകളിൽ ഒതുങ്ങിനിന്നാൽപ്പോരാ. സാമ്രാജ്യത്വബൂർഷ്വാസിക്ക് പ്രത്യേകിച്ചും ''അസുഖകരമായ'' പ്രശ്നത്തിൽനിന്നും—അതായതു്, ദേശീയമർദ്ദനത്തിൽ അധിഷ്ഠിതമായ സ്റ്റേററതിർത്തികളുടെ പ്രശ്നത്തിൽനിന്നും —തൊഴിലാളിവർഗ്ഗത്തിനു് ഒഴിഞ്ഞുമാറാൻ സാദ്ധ്യമല്ല. ഒരു സ്റ്റേററിൻെറ അതിർത്തിക്കുള്ളിൽ മർദ്ദിതരാഷ്ട്രങ്ങളെ

ബലാൽക്കാരമായി പിടിച്ചുനിർത്തുന്നതിനെതിരായി തൊഴിലാളിവർഗ്ഗത്തിനു സമരംചെയ്യാതിരിക്കാൻ നിർവ്വാഹമില്ല. ഇതുതന്നെയാണ് സ്വയംനിർണ്ണയാവകാശത്തിനുവേണ്ടിയുള്ള സമരമെന്നതിൻെറ അർത്ഥം. ''തങ്ങളുടെ'' രാഷ്ട്രം മർദ്ദിച്ചുകൊണ്ടിരിക്കുന്ന കോളനികാംക്കം രാഷ്ട്രങ്ങാംക്കം രാഷ്ട്രീയമായി വിട്ടുനിൽക്കാനുള്ള സ്വാതന്ത്ര്യമനുവദിക്കണമെന്ന് തൊഴിലാളിവർഗ്ഗം ആവശ്യപ്പെടണം. ഇതു ചെയ്യില്ലെങ്കിൽ, തൊഴിലാളിവർഗ്ഗസാർവ്വദേശീയതപമെന്നതു് വെറും പൊള്ളവാക്കായി അവശേഷിക്കും; മർദ്ദകരും മർദ്ദിതരുമായ രാഷ്ട്രങ്ങളിൽപ്പെട്ട തൊഴിലാളികാം തമ്മിൽ പരസ്പരവിശ്വാസമോ വർഗ്ഗൈക്യമോ സാദ്ധ്യമാകാതെവരും; ''തങ്ങളുടെ'' രാഷ്ട്രം മർദ്ദിക്കുകയും ''തങ്ങളുടെ'' സ്റ്റേററിനുള്ളിൽ ബലാൽക്കാരമായി വച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന രാഷ്ട്രങ്ങളെപ്പററി മൗനമവലംബിക്കുന്ന, റിഫോമിസ്റ്റുകളും കൗട്സ്കിയിസ്റ്റുകളുമായ സ്വയംനിർണ്ണയനവാദികളുടെ കാപട്യം തുറന്നുകാട്ടപ്പെടാതിരിക്കും.

മറുഭാഗത്താകട്ടെ, മർദ്ദിതരാഷ്ട്രങ്ങളിലെ സോഷ്യലിസ്റ്റുകാർ മർദ്ദിതരാഷ്ട്രത്തിലും മർദ്ദകരാഷ്ട്രത്തിലും പെട്ട തൊഴിലാളികാം തമ്മിൽ സംഘടനാപരമായ ഐക്യമുാംപ്പെടെ പരിപൂർണ്ണവും നിരുപാധികവുമായ ഐക്യത്തിനുവേണ്ടി പ്രത്യേകിച്ചും സമരം ചെയ്യുകയും അതു പ്രാവർത്തികമാക്കുകയും വേണം. അല്ലാത്തപക്ഷം, ബൂർഷ്വാസിയുടെ എല്ലാ കള്ളത്തരങ്ങാംക്കം കാപട്യങ്ങാംക്കം തട്ടിപ്പിനുമെതിരായി തൊഴിലാളിവർഗ്ഗത്തിൻെറ സ്വതന്ത്രനയവും മററു രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗത്തോടുള്ള അതിൻെറ ഐക്യവും ഉയർത്തിപ്പിടിക്കാൻ സാദ്ധ്യമല്ല. കാരണം, മർദ്ദിതരാഷ്ട്രങ്ങളിലെ ബൂർഷ്വാസി ദേശീയവിമോചനമുദ്രാവാക്യങ്ങളെ തൊഴിലാളികളെ വഞ്ചിക്കാനുള്ള ഉപാധിയായി നിരന്തരം മാററാറുണ്ട്; ആഭ്യന്തരരാഷ്ട്രീയരംഗത്തു്, അധിപരാഷ്ട്രങ്ങളിലെ ബൂർഷ്വാസിയുമായി പിന്തിരിപ്പൻകരാറുകളിലേർപ്പെടാനുള്ള ഒരു മാർഗ്ഗമായി അതു് ഈ മുദ്രാവാക്യങ്ങളെ ഉപയോഗപ്പെടുത്തുന്നു (ഉദാ: ആസ്ത്രിയയിലും റഷ്യയിലുമുള്ള പോളുകാർ യഹൂദന്മാരേയും ഉക്രേനിയന്മാ

രേയും മർദ്ദിക്കാൻവേണ്ടി പിന്തിരിപ്പത്തവുമായി കരാറിലേർപ്പെട്ടതു്); വിദേശരാഷ്ട്രീയരംഗത്തു് അതു് കൊള്ളയടിക്കുകയെന്ന സ്വന്തം ലക്ഷ്യങ്ങൾ നേടാൻവേണ്ടി വിരുദ്ധസാമ്രാജ്യത്വശക്തികളിലേതെങ്കിലുമൊന്നുമായി കരാറിലേർപ്പെടുന്നു (ബാൾക്കൻപ്രദേശത്തെ ചെറുകിടസ്റ്റേററുകളുടേയും മററും നയങ്ങൾ).

ബൂർഷ്വാസി പലപ്പോഴും, ഉദാഹരണത്തിനു് ലത്തീൻ രാജ്യങ്ങളിൽ, രാഷ്ട്രീയവഞ്ചനയ്ക്കും സാമ്പത്തികകൊള്ളയ്ക്കും വേണ്ടി റിപ്പബ്ലിക്കൻമുദ്രാവാക്യങ്ങളെ ഉപയോഗപ്പെടുത്തുന്നുവെന്ന വസ്തുത റിപ്പബ്ലിക്കനിസം ഉപേക്ഷിക്കാൻ സോഷ്യൽ ഡെമോക്രാററുകാരെ പ്രേരിപ്പിക്കാത്തതുപോലെതന്നെ, ഒരു സാമ്രാജ്യത്വശക്തിക്കെതിരായി നടത്തുന്ന ദേശീയവിമോചനസമരത്തെ മറെറാരു ''വൻകിട''ശക്തി ചില സാഹചര്യങ്ങളിൽ സ്വന്തം സാമ്രാജ്യത്വതാല്പര്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തിയേക്കാമെന്ന വസ്തുത രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശം നിരാകരിക്കാൻ സോഷ്യൽഡെമോക്രാററുകാർക്കു പ്രേരകമായി ഭവിക്കുകയില്ല.*

---

*യുക്തിസഹജമായി നോക്കുകയാണെങ്കിൽ സ്വയംനിർണ്ണയാവകാശത്തിൻെറ അർത്ഥം ''പിതൃഭൂമിയുടെ രക്ഷ''യാണെന്നു പറഞ്ഞുകൊണ്ടു് അതിനെ നിഷേധിക്കുന്നതു് തികച്ചും അപഹാസ്യമായിരിക്കുമെന്നു പറയേണ്ടതില്ലല്ലൊ. 1914–16–ൽ സാമൂഹ്യസങ്കുചിതവാദികൾ ഏതു ജനാധിപത്യാവശ്യത്തേയും (ഉദാ: റിപ്പബ്ലിക്കനിസം വേണമെന്ന ആവശ്യം) ദേശീയമർദ്ദനത്തിനെതിരായ സമരത്തിൻെറ ഏതു ഫോർമുലയേയും ''പിതൃഭൂമിയുടെ രക്ഷ'' എന്ന മുദ്രാവാക്യത്തെ ന്യായീകരിക്കാൻ വേണ്ടി പരാമർശിക്കുന്നതു് ഇതുപോലെതന്നെ യുക്തിസഹജമാണു്, എന്നുവച്ചാൽ ഇതുപോലെതന്നെ കഴമ്പില്ലാത്തതാണു്. മാർക്സിസം ''പിതൃഭൂമിയുടെ രക്ഷ'' എന്ന മുദ്രാവാക്യത്തെ മഹത്തായ ഫ്രഞ്ചുവിപ്ലവം സംബന്ധിച്ചുണ്ടായ യുദ്ധങ്ങളുടേയും യൂറോപ്പിൽ നടന്ന ഗരിബാൾഡിയുദ്ധങ്ങളുടേയും സന്ദർഭത്തിലെന്നപോലെ അംഗീകരിക്കുകയോ 1914–16–ൽ സാമ്രാജ്യത്വയുദ്ധകാലത്തെന്നപോലെ നിരാകരിക്കുകയോ ചെയ്യുന്നതു് ഏതെങ്കിലും ''പൊതുതത്വ''ത്തെയോ പരിപാടിയിലെ ഏതെങ്കിലുമൊരു ഖണ്ഡികയേയോ ആധാരമാക്കിയല്ല, ഓരോ യുദ്ധത്തിനും സവിശേഷമായിട്ടുള്ള ചരിത്രപരമായ സാഹചര്യങ്ങൾ നോക്കിയാണു്.

## 5. ദേശീയപ്രശ്നത്തെപ്പററി മാർക്സിസവും പ്രൂദോണിസവും

പെററിബൂർഷ്വാ ജനാധിപത്യവാദികളിൽനിന്നു വിഭിന്നമായി മാർക്സ് ഒന്നൊഴിയാതെ എല്ലാ ജനാധിപത്യാവശ്യങ്ങളേയും കണ്ടതു് കേവലമായിട്ടല്ല, നേരേമറിച്ച് ഫ്യൂഡലിസത്തിനെതിരായി ബൂർഷ്വാസിയുടെ നേതൃത്വത്തിൽ ബഹുജനങ്ങരം നടത്തുന്ന സമരത്തിൻെറ ചരിത്രപരമായ പ്രകാശനമായിട്ടാണു്. ചില സാഹചര്യങ്ങളിൽ തൊഴിലാളികളെ വഞ്ചിക്കാനുള്ള കരുവായി ബൂർഷ്വാസിക്കു് ഉപയോഗിക്കാനൊക്കാത്ത, അങ്ങിനെ അതുപയോഗിച്ചിട്ടില്ലാത്ത, ഒരൊററ ജനാധിപത്യാവശ്യംപോലുമില്ല. ഇക്കാര്യത്തിൽ, രാഷ്ട്രീയജനാധിപത്യത്തിൻെറ ആവശ്യങ്ങളിലൊന്നു മാത്രം — അതായതു്, രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനം — വേർതിരിച്ചു നിർത്തിക്കൊണ്ടു് അതിനെ മററെല്ലാ ആവശ്യങ്ങരംക്കുമെതിരായി പൊക്കിക്കാട്ടുന്നതു് തത്വത്തിൻെറ നിലപാടിൽനിന്നു നോക്കിയാൽ മൗലികമായി തെററാണു്. റിപ്പബ്ലിക്ക് രൂപീകരിക്കണമെന്ന ആവശ്യമുരംപ്പെടെ എല്ലാ ജനാധിപത്യാവശ്യങ്ങരംക്കും വേണ്ടിയുള്ള സമരത്തെ ബൂർഷ്വാസിയെ തകിടംമറിക്കാനുള്ള വിപ്ലവസമരത്തിനു കീഴ്പ്പെടുത്തിയാലേ തൊഴിലാളിവർഗ്ഗത്തിനു് ഫലത്തിൽ അതിൻെറ സ്വാതന്ത്ര്യം നിലനിർത്താൻ കഴിയൂ.

മറുവശത്തു്, മുന്നണിയിൽ നിൽക്കുന്ന രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗസമരത്തിൻെറ താല്പര്യങ്ങളെ മുഖ്യമായും മനസ്സിൽ കണ്ടുകൊണ്ടു് മാർക്സ്, ''സാമൂഹ്യവിപ്ലവത്തിൻെറ പേരിൽ'' ദേശീയപ്രശ്നത്തെ ''നിഷേധിച്ച'' പ്രൂദോണിസ്റ്റുകളിൽനിന്നു വിഭിന്നമായി, സാർവ്വദേശീയതത്വത്തിൻേറയും സോഷ്യലിസത്തിൻേറയും ഈ മൗലികപ്രമാണം മുന്നോട്ടുവച്ചു: ഇതരരാഷ്ട്രങ്ങളെ മർദ്ദിക്കുന്ന ഒരൊററ രാഷ്ട്രത്തിനും സ്വതന്ത്രമാവാൻ സാദ്ധ്യമല്ല.[64] ജർമ്മനിയിൽ വിജയംവരിക്കുന്ന ജനാധിപ

ത്യം ജർമ്മൻകാർ മർദ്ദിച്ചുപോന്നിരുന്ന രാഷ്ട്രങ്ങരംക്ക സ്വാത ന്ത്ര്യമനുവദിക്കണമെന്നു് 1848—ൽ മാർക്സ് ആവശ്യപ്പെട്ടതു് ജർമ്മൻതൊഴിലാളികളുടെ വിപ്ലവപ്രസ്ഥാനത്തിൻെറ താല്പര്യ ങ്ങളെ മുൻനിർത്തിക്കൊണ്ടുതന്നെയാണു്. 1869—ൽ അയർ ലണ്ടു് ഇംഗ്ലണ്ടിൽനിന്നു വിട്ടുപോകണമെന്നു് മാർക്സ് ആവശ്യ പ്പെട്ടതും ''വിട്ടുപോകലിനുശേഷം ഫെഡറേഷൻ രൂപീകൃതമാ യേക്കാമെങ്കിൽക്കൂടി'' എന്നദ്ദേഹം കൂട്ടിച്ചേർത്തതും[65] ഇംഗ്ലീഷ് തൊഴിലാളികളുടെ വിപ്ലവസമരത്തിൻെറ താല്പര്യങ്ങളെ മുൻ നിർത്തിക്കൊണ്ടുതന്നെയാണു്. ഈ ആവശ്യം മുന്നോട്ടുവച്ചതിൽ ക്കൂടി മാത്രമാണു് മാർക്സ് യഥാർത്ഥത്തിൽ ഇംഗ്ലീഷ്തൊഴി ലാളികരംക്കു് സാർവ്വദേശീയത്വത്തിൻെറ സ്പിരിട്ടിൽ ശിക്ഷ ണം നൽകിയതു്. അവസരവാദികരംക്കും അരനൂററാണ്ടു കഴി ഞ്ഞു് ഇന്നുപോലും ഐറിഷ് ''പരിഷ്കാരങ്ങരം'' നേടാൻ കഴിയാത്ത ബൂർഷ്വാപരിഷ്കരണവാദത്തിനുമെതിരായി, ആ ചരിത്രപരമായ പ്രശ്നത്തിനു് വിപ്ലവാത്മകമായ ഒരു പരിഹാ രം മാർക്സിനു നിർദ്ദേശിക്കാൻ കഴിഞ്ഞതു് ഈ വിധത്തിൽ മാത്രമാണു്. ചെറുകിടരാഷ്ട്രങ്ങരംക്ക വിട്ടുപോകാനുള്ള അവകാ ശമെന്നു പറയുന്നതു് മിഥ്യയും അസാദ്ധ്യവുമാണെന്നും സാമ്പ ത്തികകേന്ദ്രീകരണം മാത്രമല്ല രാഷ്ട്രീയകേന്ദ്രീകരണവും പുരോ ഗമനപരമാണെന്നും വിളിച്ചുകൂവുന്ന മൂലധനത്തിൻെറ വക്കീ ലന്മാരിൽനിന്നു വിഭിന്നമായി, സാമ്രാജ്യത്വരീതിയിലല്ലാ ത്ത കേന്ദ്രീകരണത്തിനാണു പുരോഗമനസ്വഭാവമുണ്ടാവുകയെ ന്നും രാഷ്ട്രങ്ങളെ ഒന്നിച്ചുകൊണ്ടുവരേണ്ടതു് ബലാൽക്കാരേണ യല്ല, എല്ലാ രാജ്യങ്ങളിലുമുള്ള തൊഴിലാളികളുടെ സ്വതന്ത്ര മായ ഏകീകരണത്തിൻെറ അടിസ്ഥാനത്തിലായിരിക്കണമെ ന്നും മാർക്സിനു് ഉൽബോധിപ്പിക്കാൻ കഴിഞ്ഞതു് ഈ വിധത്തിൽ മാത്രമാണു്. ദേശീയപ്രശ്നങ്ങരം പരിഹരിക്കുന്ന കാര്യത്തി ലും, രാഷ്ട്രങ്ങളുടെ സമത്വവും സ്വയംനിർണ്ണയനവും വാ ക്കിൽ മാത്രമായും പലപ്പോഴും വഞ്ചനാപരമായും അംഗീകരി ക്കുന്ന സമ്പ്രദായത്തിനെതിരായി ബഹുജനങ്ങളുടെ വിപ്ലവസ മരത്തെ മുന്നോട്ടുവയ്ക്കാൻ മാർക്സിനു കഴിഞ്ഞതു് ഈ വിധത്തിൽ

മാത്രമാണു്. 1914–16–ലെ സാമ്രാജ്യത്വയുദ്ധവും അതു തുറന്നുകാട്ടിയ അവസരവാദികളുടേയും കൗട്സ്കിയിസ്റ്റുകളുടേയും കാപട്യക്കലവറയും മാർക്സിന്റെ നയം എത്രമാത്രം ശരിയായിരുന്നുവെന്നു് പ്രകടമായി തെളിയിച്ചിരിക്കുന്നു. മുന്നണിയിൽ നിൽക്കുന്ന എല്ലാ രാജ്യങ്ങൾക്കും മാതൃകയായിത്തീരേണ്ടതു് ഈ നയമാണു്. കാരണം, അവയെല്ലാംതന്നെ ഇന്നു് ഇതരരാഷ്ട്രങ്ങളെ മർദ്ദിച്ചുകൊണ്ടിരിക്കുകയാണു്.*

## 6. രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനത്തെ സംബന്ധിച്ചിടത്തോളം മൂന്നുതരം രാജ്യങ്ങൾ

രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനത്തെ സംബന്ധിച്ചിടത്തോളം രാജ്യങ്ങളെ പ്രധാനമായും മൂന്നിനമായി തരംതിരിക്കണം.

ഒന്നാമതു്, പടിഞ്ഞാറൻയൂറോപ്പിലെ, മുന്നണിയിൽ നിൽക്കുന്ന മുതലാളിത്തരാജ്യങ്ങളും അമേരിക്കൻ ഐക്യനാടുക

---

*ചില ജനതകളുടെ—ഉദാ: 1848–ൽ ചെക്കുകാരുടെ—ദേശീയപ്രസ്ഥാനങ്ങളോടു് മാർക്സിനു് എതിർപ്പുണ്ടായിരുന്നതുകൊണ്ടു്, മാർക്സിസത്തിന്റെ നിലപാടു വച്ചുനോക്കിയാൽ രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശം അംഗീകരിക്കേണ്ടയാവശ്യമില്ലെന്ന വസ്തുത പലപ്പോഴും പരാമർശിക്കപ്പെടാറുണ്ടു് (ഉദാഹരണത്തിനു്, ജർമ്മൻ സാമൂഹ്യസങ്കുചിതവാദിയായ ലെൻഷ് ''ഡി ഗ്ലോക്കെ''[66]യുടെ 8–9 ലക്കത്തിൽ ഇക്കാര്യം ഈയിടെ പരാമർശിക്കുകയുണ്ടായി). എന്നാലതു ശരിയല്ല. കാരണം 1846–ൽ ''പിന്തിരിപ്പൻ'' രാഷ്ട്രങ്ങളേയും വിപ്ലവജനാധിപത്യരാഷ്ട്രങ്ങളേയും വേർതിരിച്ചുകാണുന്നതിനു് ചരിത്രപരവും രാഷ്ട്രീയവുമായ കാരണങ്ങളുണ്ടായിരുന്നു. മാർക്സു് ഇവയിലാദ്യത്തേതിനെ അപലപിക്കുകയും രണ്ടാമത്തേതിനുവേണ്ടി വാദിക്കുകയും ചെയ്തതു് ശരിയാണു്.[67] സ്വാഭാവികമായും ജനാധിപത്യത്തിന്റെ പൊതുതാല്പര്യങ്ങൾക്കു വിധേയമാകേണ്ട ജനാധിപത്യാവശ്യങ്ങളിലൊന്നാണു് സ്വയംനിർണ്ണയാവകാശം. 1848–ലും തുടർന്നുള്ള വർഷങ്ങളിലും ആ പൊതുതാല്പര്യങ്ങളടങ്ങിയിരുന്നതു് പ്രധാനമായും സാറിസത്തിനെതിരായ സമരത്തിലാണു്.

ളും. ഈ രാജ്യങ്ങളിൽ പുരോഗമനപരമായ ബൂർഷ്വാദേശീയ പ്രസ്ഥാനങ്ങൾ പണ്ടുപണ്ടേ പൂർത്തിയാക്കപ്പെട്ടു. ഈ ''മഹൽ'' രാഷ്ട്രങ്ങളോരോന്നും കോളനികളിലും സ്വന്തം രാജ്യത്തുമുള്ള ഇതരരാഷ്ട്രങ്ങളെ മർദ്ദിക്കുന്നുണ്ട്. പത്തൊമ്പതാംശതകത്തിൽ അയർലണ്ടിനെ സംബന്ധിച്ച് ഇംഗ്ലണ്ടിലെ തൊഴിലാളിവർഗ്ഗത്തിനുണ്ടായിരുന്ന അതേ കടമകളാണ് ഈ അധിപരാഷ്ട്രങ്ങളിലെ തൊഴിലാളിവർഗ്ഗത്തിനുമുള്ളത്.*

രണ്ടാമത്തു്, കിഴക്കൻ യൂറോപ്പ്: ആസ്ത്രിയയും ബാൾക്കൻ പ്രദേശവും വിശേഷിച്ച് റഷ്യയും. ഇവിടെ ബൂർഷ്വാജനാധിപത്യദേശീയപ്രസ്ഥാനം വളർന്നതും ദേശീയസമരം രൂക്ഷമായതും പ്രത്യേകിച്ചു ഇരുപതാംനൂററാണ്ടിലാണ്. രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശത്തിനുവേണ്ടി വാദിക്കാത്തപക്ഷം ബൂർഷ്വാജനാധിപത്യപരിഷ്കരണം പൂർത്തീകരിക്കുന്നതു

---

*ഹോളണ്ട്, സ്വിററ്സർലണ്ട് തുടങ്ങി 1914–16–ലെ യുദ്ധത്തിൽനിന്നൊഴിഞ്ഞുനിൽക്കുന്ന ചില ചെറുകിടരാജ്യങ്ങളിലെ ബൂർഷ്വാസി, സാമ്രാജ്യത്വയുദ്ധത്തിൽ പങ്കെടുക്കുന്നതു ന്യായീകരിക്കുന്നതിനു് ''രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയന''മെന്ന മുദ്രാവാക്യത്തിനുവേണ്ടി ശക്തിയുക്തം വാദിക്കുന്നുണ്ട്. അത്തരം രാജ്യങ്ങളിലെ സോഷ്യൽഡെമോക്രാററുകാർ സ്വയംനിർണ്ണയനത്തെ നിഷേധിക്കാനൊരുകാരണമതാണ്. സാമ്രാജ്യത്വയുദ്ധത്തിൽ ''പിതൃഭൂമിയെ രക്ഷിക്കുക''യെന്ന മുദ്രാവാക്യം നിരാകരിക്കുകയെന്ന ശരിയായ തൊഴിലാളിവർഗ്ഗനയത്തെ അവർ ന്യായീകരിക്കുന്നതു തെററായ വാദങ്ങൾകൊണ്ടാണ്. ഫലമോ? സിദ്ധാന്തത്തെ സംബന്ധിച്ചിടത്തോളം അവർ മാർക്സിസത്തെ വികൃതപ്പെടുത്തുന്നു. പ്രയോഗത്തിലാണെങ്കിൽ, ''വൻകിടശക്തി''കളായ രാഷ്ട്രങ്ങൾ അടിമപ്പെടുത്തിവച്ചിരിക്കുന്ന ഇതരരാഷ്ട്രങ്ങളിലെ കോടാനുകോടി ജനങ്ങളെ വിസ്മരിച്ചുകൊണ്ടുള്ള, ചെറുകിടരാഷ്ട്രങ്ങൾക്കു സഹജമായ ഒരുതരം സങ്കുചിതവീക്ഷണമാണ് നാമിതിൽ കാണുന്നതു്. ''സാമ്രാജ്യത്വവും യുദ്ധവും സോഷ്യൽഡെമോക്രസിയും'' എന്ന ഒന്നാന്തരം ലഘുലേഖയിൽ സഖാവ് ഗോർട്ടർ രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനമെന്ന തത്വത്തെ തെററായി നിരാകരിക്കുമ്പോൾത്തന്നെ, ഡച്ച് ഇൻഡീസിനു ''രാഷ്ട്രീയവും ദേശീയവുമായ സ്വാതന്ത്ര്യം'' ഉടനടി അനുവദിക്കണമെന്നാവശ്യപ്പെടുകയും ഈയാവശ്യം മുന്നോട്ടുവയ്ക്കാനും അതിനുവേണ്ടി പൊരുതാനും കൂട്ടാക്കാത്ത ഡച്ച് അവസരവാദികളെ തുറന്നുകാട്ടുകയും ചെയ്തുകൊണ്ട് അദ്ദേഹം ആ തത്വം ശരിയായി പ്രയോഗിക്കുന്നുണ്ട്.

സംബന്ധിച്ചും ഇതരരാജ്യങ്ങളിലെ സോഷ്യലിസ്റ്റ്‌വിപ്ലവത്തെ സഹായിക്കുന്നതു സംബന്ധിച്ചും തങ്ങളെ അഭിമുഖീകരിക്കുന്ന കടമകരം നിറവേററാൻ ഈ രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗത്തിനു സാദ്ധ്യമല്ല. ഇവിടെ ഏററവും വിഷമകരവും അതേസമയം ഏററവും സുപ്രധാനവുമായ കടമ മർദ്ദകരാഷ്ട്രങ്ങളിലെ തൊഴിലാളികരം നടത്തുന്ന വർഗ്ഗസമരത്തെ മർദ്ദിതരാഷ്ട്രങ്ങളിലെ തൊഴിലാളികരം നടത്തുന്ന വർഗ്ഗസമരവുമായി ലയിപ്പിക്കുകയെന്നതാണ്.

മൂന്നാമതു്, ചൈന, പേഴ്സ്യ, ടർക്കി തുടങ്ങിയ അർദ്ധകൊളോണിയൽ രാജ്യങ്ങളും എല്ലാ കോളനികളും. ഇവയിലെല്ലാംകൂടി ജനസംഖ്യ നൂറു കോടി വരും. ഈ രാജ്യങ്ങളിൽ ബൂർഷ്വാജനാധിപത്യപ്രസ്ഥാനങ്ങരം ഒന്നുകിൽ തുടങ്ങിയിട്ടില്ലെന്നുതന്നെ പറയാം, അല്ലെങ്കിൽ അവ പൂർത്തിയാകുന്നതിൻെറ അടുത്തെങ്ങുമെത്തിയിട്ടില്ല. സോഷ്യലിസ്റ്റുകാർ കോളനികളെ നഷ്ടപരിഹാരമെടുക്കാതെ ഉടനടി നിരുപാധികം മോചിപ്പിക്കണമെന്നാവശ്യപ്പെട്ടാൽമാത്രം പോരാ—ഈ ആവശ്യമാകട്ടെ, അതിൻെറ രാഷ്ട്രീയാർത്ഥത്തിൽ സ്വയംനിർണ്ണയാവകാശത്തെ അംഗീകരിക്കലല്ലാതെ മറെറാന്നുമല്ല—ഈ രാജ്യങ്ങളിൽ ദേശീയവിമോചനത്തിനുവേണ്ടി നടക്കുന്ന ബൂർഷ്വാജനാധിപത്യപ്രസ്ഥാനങ്ങളിലെ താരതമ്യേന കൂടുതൽ വിപ്ലവപരമായ ഘടകങ്ങരംക്കു് ഉറച്ച പിന്തുണ നൽകുകയും തങ്ങളെ മർദ്ദിക്കുന്ന സാമ്രാജ്യത്വശക്തികരംക്കെതിരായ അവരുടെ കലാപത്തേയും വേണ്ടിവന്നാൽ അവരുടെ വിപ്ലവകരമായ യുദ്ധത്തേയും സഹായിക്കുകകൂടി വേണം.

## 7. സാമൂഹ്യസങ്കുചിതവാദവും രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനവും

സാമ്രാജ്യത്വഘട്ടവും 1914—16—ലെ യുദ്ധവും മുന്നണിയിൽ നിൽക്കുന്ന രാജ്യങ്ങളിൽ സങ്കുചിതവാദത്തിനും ദേശീയവാദത്തിനുമെതിരായി പൊരുതുകയെന്ന കടമ കൂടുതൽ പ്രാ

ധാന്യത്തോടെ മുന്നോട്ടുകൊണ്ടുവന്നിട്ടുണ്ട്. രാഷ്ട്രങ്ങളുടെ സ്വയം നിർണ്ണയനത്തിൻെറ പ്രശ്നത്തിൽ സാമൂഹ്യസങ്കുചിതവാദികൾക്കിടയിൽ — അതായത്, ''പിതൃഭൂമിയുടെ രക്ഷ''ക്കുവേണ്ടി യുള്ളതാണെന്നു് പറഞ്ഞുകൊണ്ടു് പിന്തിരിപ്പൻ സാമ്രാജ്യത്വയുദ്ധത്തെ വെള്ളയടിച്ചുകാട്ടുന്ന അവസരവാദികളുടേയും കൗട്സ്കിയിസ്റ്റുകളുടേയുമിടയിൽ—പ്രധാനമായും രണ്ടഭിപ്രായക്കാരാണുള്ളതു്.

സാമ്രാജ്യത്വവും രാഷ്ട്രീയകേന്ദ്രീകരണവും പുരോഗമനപരമാണെന്ന പേരിൽ വെട്ടിപ്പിടുത്തങ്ങളെ ന്യായീകരിക്കുകയും സ്വയംനിർണ്ണയാവകാശം സാങ്കല്പികവും മിഥ്യയും പെററി ബൂർഷ്വയും മററുമാണെന്നു പറഞ്ഞുകൊണ്ടു് അതിനെ നിഷേധിക്കുകയും ചെയ്യുന്ന, ബൂർഷ്വാസിയുടെ തുറന്ന സേവകരാണൊരു വശത്തു്. ജർമ്മനിയിലെ ക്കുനൊവ്, പാർവുസ് എന്നിവരേയും അങ്ങേയററത്തെ അവസരവാദികളേയും ഇംഗ്ലണ്ടിലെ ഫേബിയന്മാരിലും ട്രേഡ്‌യൂണിയൻ നേതാക്കന്മാരിലും ഒരു വിഭാഗത്തേയും റഷ്യയിലെ സെംക്കോവ്സ്കിയ്, ലീബ്മൻ, യുർക്കേവിച്ച് തുടങ്ങിയ അവസരവാദികളേയും ഇക്കൂട്ടത്തിൽപ്പെടുത്താം.

മറുവശത്തുള്ളതു് വാൻഡെർവെൽഡെയും റെനൊഡേല്ലും ഉൾപ്പെടെയുള്ള കൗട്സ്കിയിസ്റ്റുകളും ഇംഗ്ലണ്ടിലും ഫ്രാൻസിലും മററുമുള്ള പല പസിഫിസ്റ്റുകളുമാണു്. ഇവർ ആദ്യത്തെ ഗ്രൂപ്പുമായി ഐക്യത്തിനുവേണ്ടി നിലകൊള്ളുന്നു. തന്നെയുമല്ല, പ്രവൃത്തിയിൽ ഇരുകൂട്ടരും പെരുമാറുന്നതു് ഒരുപോലെയാണു്. കാരണം സ്വയംനിർണ്ണയാവകാശത്തിനുവേണ്ടി ഇവർ വാദിക്കുന്നതു് വെറും നാവുകൊണ്ടുമാത്രമാണു്, കപടമായിട്ടാണു്. രാഷ്ട്രീയമായി വേറിട്ടുനിൽക്കാനുള്ള സ്വാതന്ത്ര്യം വേണമെന്ന ആവശ്യം ''അതിരു കടന്ന''തായിട്ടാണിവർ കരുതുന്നതു് (കൗട്സ്കിയുടെ ഭാഷയിൽപ്പറഞ്ഞാൽ ''Zu viel verlangt'' — 1915 മേയ് 21—ാംനു യിലെ ''ഡി നോയെ സൈററി''ൽ). പ്രത്യേകിച്ചും മർദ്ദകരാഷ്ട്രങ്ങളിലെ സോഷ്യലിസ്റ്റുകാർ വിപ്ലവകരമായ അടവുകൾ പ്രയോഗിക്കേണ്ടതു് ആവശ്യമാണെന്നു്

ഇവർ വാദിക്കുന്നില്ല. നേരേമറിച്ച് അവരുടെ വിപ്ലവപര മായ കടമകളെ മറച്ചുവയ്ക്കുകയും അവരുടെ അവസരവാദത്തെ ന്യായീകരിക്കുകയും ജനങ്ങളെ കൂടുതൽ എളുപ്പത്തിൽ വഞ്ചിക്കാൻ അവർക്കു സൗകര്യമുണ്ടാക്കിക്കൊടുക്കുകയുമാണിവർ ചെയ്യു ന്നതു്. രാഷ്ട്രങ്ങളെ ബലാൽക്കാരമായി കീഴടക്കിവച്ചിരിക്കു ന്ന ഒരു സ്റ്റേററിൻെറ അതിർത്തികളെന്തായിരിക്കണമെന്ന പ്രശ്നത്തിൽനിന്നുതന്നെയാണു് അവർ മനഃപൂർവ്വം ഒഴിഞ്ഞുമാറു കയും മററും ചെയ്യുന്നതു്.

മാർക്സിസത്തെ വ്യഭിചരിക്കുന്ന അവസരവാദികളാണു് രണ്ടുകൂട്ടരും. അയർലണ്ടിൻെറ കാര്യത്തിൽ അനുവർത്തിച്ചതു പോലുള്ള മാർക്സിൻെറ അടവുകളുടെ താത്വികപ്രാധാന്യവും പ്രായോഗികമായ അടിയന്തിരസ്വഭാവവും മനസ്സിലാക്കാനുള്ള എല്ലാ കഴിവും നശിച്ചവരാണവർ.

യുദ്ധംനിമിത്തം വെട്ടിപ്പിടുത്തത്തിൻെറ പ്രശ്നത്തിനു പ്ര ത്യേകിച്ചും അടിയന്തിരപ്രാധാന്യം കൈവന്നിട്ടുണ്ടു്. എന്താ ണീ വെട്ടിപ്പിടുത്തം? വ്യക്തമായും, വെട്ടിപ്പിടുത്തത്തിനെതി രായി പ്രതിഷേധിക്കുകയെന്നുവച്ചാൽ അതിൻെറ അർത്ഥം ഒന്നുകിൽ രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനമംഗീകരിക്കുകയെ ന്നാണു്; അല്ലെങ്കിൽ, നിലവിലുള്ളതു് അതേപടി തുടരണ മെന്നു വാദിക്കുകയും വിപ്ലവപരമായ ബലപ്രയോഗമുൾപ്പെടെ എല്ലാ വിധത്തിലുള്ള ബലപ്രയോഗത്തേയും എതിർക്കുകയും ചെ യ്യുന്ന ഒരു പസിഫിസ്റ്റ് പദപ്രയോഗമാണു് ആ പ്രതിഷേധ ത്തിനു നിദാനമെന്നു വരുന്നു. അങ്ങിനെയൊരു പദപ്രയോഗം പാടേ തെററാണു്. മാർക്സിസവുമായി അതിനു യാതൊരു ബന്ധവുമില്ല.

## 8. ആസന്നഭാവിയിലെ തൊഴിലാളി വർഗ്ഗത്തിൻെറ കടമകൾ

സോഷ്യലിസ്റ്റ്വിപ്ലവം വളരെ സമീപഭാവിയിൽത്ത ന്നെ തുടങ്ങിയെന്നുവന്നേക്കാം. അങ്ങിനെ വരുന്നപക്ഷം, അധി

കാരം പിടിച്ചെടുക്കുകയും ബാങ്കുകഠം കൈവശപ്പെടുത്തുകയും സർവ്വാധിപത്യപരമായ മററു നടപടികളെടുക്കുകയും ചെയ്യു കയെന്ന ചുമതല തൊഴിലാളിവർഗ്ഗത്തെ അടിയന്തിരമായും നേരിടുന്നതാണു്. അങ്ങിനെയൊരു പരിതസ്ഥിതിയിൽ വി പ്ലവത്തെ തകരാറിലാക്കാനും തടസ്സപ്പെടുത്താനും പരിമിതമായ ജനാധിപത്യലക്ഷ്യങ്ങഠംക്കുള്ളിൽ അതിനെ ഒതുക്കിനിർത്താ നും ബൂർഷ്വാസിയും വിശേഷിച്ചു് ഫേബിയന്മാരേയും കൗട് സ്കിയിസ്റ്റുകളേയും പോലുള്ള ബുദ്ധിജീവികളും ശ്രമിക്കും. ബൂർ ഷ്വാഭരണാധികാരത്തിൻെറ അടിത്തറയിളക്കാൻ തൊഴിലാളി വർഗ്ഗം ആഞ്ഞടിക്കാൻ തുടങ്ങിയിരിക്കുന്ന സന്ദർഭത്തിൽ തന്നി ജനാധിപത്യാവശ്യങ്ങളേതും ഒരർത്ഥത്തിൽ വിപ്ലവത്തിനു പ്ര തിബന്ധമായേക്കാം. എന്നാൽപ്പോലും എല്ലാ മർദ്ദിതരാഷ്ട്ര ങ്ങഠംക്കും സ്വാതന്ത്ര്യം (അതായതു് സ്വയംനിർണ്ണയാവകാശം) പ്രഖ്യാപിക്കുകയും അതു നടപ്പാക്കുകയും ചെയ്യുകയെന്നതു് 1848—ൽ ജർമ്മനിയിലും 1905—ൽ റഷ്യയിലും നടന്ന ബൂർ ഷ്വാജനാധിപത്യവിപ്ലവത്തിനെന്നപോലെതന്നെ സോഷ്യലി സ്റ്റ് വിപ്ലവത്തിനും അടിയന്തിരമായും ആവശ്യമാണു്.

എന്നാൽ, അഞ്ചോ പത്തോ അതിലേറെയോ വർഷം കഴിഞ്ഞായിരിക്കും ഒരുപക്ഷേ സോഷ്യലിസ്റ്റ്വിപ്ലവം ആരം ഭിക്കുക. അതാണു സ്ഥിതിയെങ്കിൽ, സാമൂഹ്യസങ്കുചിതവാദി കഠംക്കും അവസരവാദികഠംക്കും തൊഴിലാളിപ്പാർട്ടിയിൽ കടന്നു കൂടാനും 1914—16—ൽ നേടിയതുപോലുള്ള വിജയം നേടാനും കഴിയാത്തവണ്ണം ബഹുജനങ്ങഠംക്കു ശിക്ഷണം നൽകുകയെന്ന തായിരിക്കും കടമ. കോളനികഠംക്കും അയർലണ്ടിനും വേറിട്ടു പോകാനുള്ള സ്വാതന്ത്ര്യം അനുവദിക്കണമെന്നാവശ്യപ്പെടാത്ത ബ്രിട്ടീഷ് സോഷ്യലിസ്റ്റുകാർ; കോളനികഠംക്കും അൽസേ ഷ്യന്മാർ, ഡേയിന്മാർ, പോളുകഠം എന്നിവർക്കും വിട്ടുപോകാ നുള്ള സ്വാതന്ത്ര്യമനുവദിക്കണമെന്നു് ആവശ്യപ്പെടാതിരിക്കുക യും, നേരിട്ടുള്ള വിപ്ലവപ്രചാരവേലയും വിപ്ലവബഹുജനസ മരവും ദേശീയമർദ്ദനത്തിനെതിരായ സമരരംഗത്തേക്കു വ്യാപി പ്പിക്കാതിരിക്കുകയും സാബെൺസംഭവംപോലുള്ള സംഭവങ്ങ

ളെ ഉപയോഗപ്പെടുത്തിക്കൊണ്ടു് മർദ്ദകരാഷ്ട്രത്തിലെ തൊഴിലാളിവർഗ്ഗത്തിനിടയിൽ വിപുലമായ തോതിൽ രഹസ്യപ്രചാരവേല നടത്താതിരിക്കുകയും തെരുവുപ്രകടനങ്ങളും വിപ്ലവബഹുജനസമരങ്ങളും സംഘടിപ്പിക്കാതിരിക്കുകയും ചെയ്യുന്ന ജർമ്മൻസോഷ്യലിസ്റ്റുകാർ; ഫിൻലണ്ടു്, പോളണ്ടു്, ഉക്രെയിൻ തുടങ്ങിയവയ്ക്കു് വേറിട്ടുപോകാനുള്ള സ്വാതന്ത്ര്യമനുവദിക്കണമെന്നാവശ്യപ്പെടാത്ത റഷ്യൻ സോഷ്യലിസ്റ്റുകാർ — ഇവരെല്ലാം സങ്കുചിതവാദികളെപ്പോലെയും, ചളിയും ചോരയും പുരണ്ടുനിൽക്കുന്ന സാമ്രാജ്യത്വരാജവാഴ്ചകളുടേയും സാമ്രാജ്യത്വബൂർഷ്വാസിയുടേയും പാദസേവകരെപ്പോലെയുമാണു പെരുമാറുന്നതെന്നു ബഹുജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയെന്നതായിരിക്കും സോഷ്യലിസ്റ്റുകാരുടെ കടമ.

## 9. റഷ്യയിലേയും പോളണ്ടിലേയും സോഷ്യൽഡെമോക്രസിക്കും രണ്ടാം ഇൻറർനാഷനലിനും സ്വയംനിർണ്ണയനത്തോടുള്ള മനോഭാവം

സ്വയംനിർണ്ണയനപ്രശ്നത്തിൽ റഷ്യയിലെ വിപ്ലവസോഷ്യൽഡെമോക്രാററുകാരും പോളിഷ് സോഷ്യൽഡെമോക്രാററുകാരും തമ്മിലുള്ള അഭിപ്രായഭിന്നതകൾ 1903—ൽത്തന്നെ പുറത്തുവരികയുണ്ടായി. റഷ്യൻ സോഷ്യൽഡെമോക്രാററിക് ലേബർപാർട്ടിയുടെ പരിപാടി അംഗീകരിക്കുകയും പോളിഷ് സോഷ്യൽഡെമോക്രാററുകാരുടെ പ്രതിനിധിസംഘത്തിൻെറ പ്രതിഷേധങ്ങളെ വകവയ്ക്കാതെ രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശത്തെ അംഗീകരിക്കുന്ന ഒമ്പതാംഖണ്ഡിക പ്രസ്തുതപരിപാടിയിലുൾപ്പെടുത്തുകയും ചെയ്ത കോൺഗ്രസ്സിൽവച്ചാണു് ഇതു് പ്രകടമായതു്. അതിനുശേഷം നമ്മുടെ പരിപാടിയിൽനിന്നു് ഒമ്പതാംഖണ്ഡിക നീക്കം ചെയ്യുകയോ പകരം മറെറാന്നു് എഴുതിച്ചേർക്കുകയോ വേണമെന്ന നിർദ്ദേശം പോളിഷ് സോ

ഷ്യൽഡെമോക്രാററുകാർ ഒരിക്കൽപ്പോലും അവരുടെ പാർട്ടിയുടെ പേരിൽ ആവർത്തിച്ചിട്ടില്ല.

റഷ്യയിൽ ജനസംഖ്യയുടെ 57 ശതമാനം, അതായതു് പത്തുകോടിയിലധികം പേർ, മർദ്ദിതരാഷ്ട്രങ്ങളിൽ പെടുന്നവരാണു്. ഇവർ പ്രധാനമായും അതിർത്തിപ്രവിശ്യകളിലാണു് അധിവസിക്കുന്നതു്. ഈ ദേശീയജനവിഭാഗങ്ങളിൽ ചിലർ ഗ്രേററ്റഷ്യാക്കാരേക്കാരം സംസ്കാരസമ്പന്നരാണു്. റഷ്യയിലെ രാഷ്ട്രീയവ്യവസ്ഥിതിയാണെങ്കിൽ, അസാധാരണമാംവണ്ണം ക്രൂരവും മദ്ധ്യകാലീനവുമാണു്. അവിടെ ബൂർഷ്വാജനാധിപത്യവിപ്ലവം,ഇനിയും പൂർത്തിയായിട്ടില്ല. ഇങ്ങനെയുള്ള റഷ്യയിൽ സാറിസത്തിൻെറ മർദ്ദനമനുഭവിച്ചു കഴിയുന്ന രാഷ്ട്രങ്ങരംക്കു് റഷ്യയിൽനിന്നു യഥേഷ്ടം വേറിട്ടുപോകാനുള്ള സ്വാതന്ത്ര്യം അംഗീകരിച്ചുകൊടുക്കുകയെന്നതു് സോഷ്യൽഡെമോക്രാററുകാരെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതമാണു്. അവരുടെ ജനാധിപത്യകടമകളുടേയും സോഷ്യലിസ്റ്റ് കടമകളുടേയും താല്പര്യങ്ങളെ മുൻനിർത്തി അവരതു ചെയ്യേതീരൂ. 1912 ജനവരിയിൽ[69] പുനഃസ്ഥാപിതമായ നമ്മുടെ പാർട്ടി, സ്വയം നിർണ്ണയാവകാശം ആവർത്തിച്ചുറപ്പിക്കുകയും മുകളിൽ വിവരിച്ച വിധം സമൂർത്തമായ അർത്ഥത്തിൽ അതു വിശദീകരിക്കുകയും ചെയ്യുന്ന ഒരു പ്രമേയം 1913—ൽ അംഗീകരിക്കുകയുണ്ടായി. 1914—16—ൽ ബൂർഷ്വാസിയുടേയും അവസരവാദികളായ സോഷ്യൽഡെമോക്രാററുകാരുടേയും (റുബനോവിച്ച്, പ്ലെഖാനൊവ്, ''നാഷെ ദ്യേലൊ'',[70] മുതലായവർ) ഇടയിൽ ഗ്രേററ്റഷ്യൻ സങ്കുചിതവാദം ആളിപ്പടർന്നുപിടിച്ചിരിക്കുന്ന സ്ഥിതിക്കു്, ഈ ആവശ്യത്തെ മുമ്പെന്നത്തേക്കാളേറെ ഉറപ്പിച്ചുന്നയിക്കാനും അതു നിരാകരിക്കുന്നവർ ഫലത്തിൽ ഗ്രേററ്റഷ്യൻ സങ്കുചിതവാദത്തിൻേറയും സാറിസത്തിൻേറയും നെടുംതൂണുകളായി വർത്തിക്കുകയാണുചെയ്യുന്നതെന്നു പ്രസ്താവിക്കാനും നാം നിർബ്ബന്ധിതരായിരിക്കുന്നു. സ്വയംനിർണ്ണയാവകാശത്തോടുള്ള അത്തരം എതിർപ്പുകരംക്കു് പാർട്ടിക്കു് യാ

തൊരു ഉത്തരവാദിത്വവുമില്ലെന്നു് നമ്മുടെ പാർട്ടി ഖണ്ഡിതമായി പ്രഖ്യാപിക്കുന്നു.

ദേശീയപ്രശ്നത്തിൽ പോളിഷ് സോഷ്യൽഡെമോക്രാററുകാരുടെ നിലപാടിനെക്കുറിച്ച് ഏററവും അടുത്ത കാലത്തുണ്ടായിട്ടുള്ള പ്രതിപാദനത്തിൽ (സിമ്മർവാൾഡ് സമ്മേളന[71]ത്തിൽ പോളിഷ് സോഷ്യൽഡെമോക്രാററുകാർ നടത്തിയ പ്രഖ്യാപനം) താഴെക്കാണുന്ന ആശയങ്ങളടങ്ങിയിരിക്കുന്നു:

നഷ്ടപരിഹാരത്തെച്ചൊല്ലി വരാനിരിക്കുന്ന മത്സരത്തിൽ ''പോളിഷ് പ്രവിശ്യ''കളെ ഈടാക്കി കണക്കാക്കുകയും ''സ്വന്തം ഭാഗധേയം നിർണ്ണയിക്കാൻ പോളിഷ് ജനതയ്ക്കു് അവസരം നിഷേധിക്കുകയും'' ചെയ്യുന്ന ജർമ്മനിയിലേയും മററും ഗവണ്മെൻറുകളെ പ്രഖ്യാപനത്തിൽ അധിക്ഷേപിച്ചിട്ടുണ്ടു്. അതു പറയുന്നു: ''ഒരു രാജ്യത്തെയാകെ വെട്ടിനുറുക്കിപങ്കിടുന്നതിനെതിരായി പോളിഷ് സോഷ്യൽഡെമോക്രാററുകാർ ശക്തിയായും ഗൗരവപൂർവ്വമായും പ്രതിഷേധിക്കുന്നു....'' ''മർദ്ദിതരാഷ്ട്രങ്ങളെ വിമോചിപ്പിക്കുകയെന്ന കടമ'' ഹോഹെൻസോള്ളെൺമാർക്കു വിട്ടുകൊടുത്ത സോഷ്യലിസ്റ്റുകാരെ പ്രഖ്യാപനം കഠിനമായി ഭത്സിക്കുന്നു. വിപ്ലവകാരിയായ സാർവ്വദേശീയതൊഴിലാളിവർഗ്ഗത്തിൻെറ ആസന്നസമരത്തിൽ, സോഷ്യലിസത്തിനുവേണ്ടിയുള്ള സമരത്തിൽ, പങ്കെടുക്കുന്നതിലൂടെ മാത്രമേ ''ദേശീയമർദ്ദനത്തിൻെറ ചങ്ങലക്കെട്ടുകൾ തകർക്കപ്പെടുകയും എല്ലാ രൂപത്തിലുമുള്ള വിദേശമേധാവിത്വം അവസാനിക്കുകയും ചെയ്യുകയുള്ളവെന്നും അങ്ങിനെമാത്രമേ രാഷ്ട്രസമുച്ചയത്തിൽ തുല്യാവകാശങ്ങളോടുകൂടിയ ഒരംഗമെന്ന നിലയ്ക്കുള്ള നാനാമുഖവും സ്വതന്ത്രവുമായ വികാസത്തിനു് പോളിഷ് ജനതയ്ക്കു് അവസരം ലഭിക്കുകയുള്ള''വെന്നുമുള്ള വിശ്വാസമാണു് അതിൽ പ്രകടിപ്പിച്ചിട്ടുള്ളതു്. ഇപ്പോഴത്തെ യുദ്ധം ''പോളകാർക്കു്'' ''ഇരട്ടി ഭ്രാതൃഹത്യാപര''മാണെന്നും പ്രഖ്യാപനത്തിൽ അംഗീകരിക്കുന്നുണ്ടു്. (സാർവ്വദേശീയസോഷ്യലിസ്റ്റ് കമ്മിററിയുടെ ബുള്ളററിൻ, ലക്കം 2. സെപ്തംബർ 27, 1915. പേജ് 15.)

ഈ പ്രമേയങ്ങളും രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശം അംഗീകരിക്കലും തമ്മിൽ സാരാംശത്തിൽ വ്യത്യാസമൊന്നുമില്ല. രണ്ടാം ഇൻററർനാഷനലിൻെറ ഭൂരിപക്ഷം പരിപാടികളേയും പ്രമേയങ്ങളേയും അപേക്ഷിച്ചുപോലും കൂടുതൽ വാഗ്ശബളവും അവ്യക്തവുമാണ് ഇവയിലെ രാഷ്ട്രീയപ്രതിപാദനമെന്നുമാത്രം. ഈ ആശയങ്ങൾ കൂടുതൽ സൂക്ഷ്മമായ രാഷ്ട്രീയ ഫോർമൂലകളിലൂടെ പ്രകടിപ്പിക്കാനും അവ മുതലാളിത്തവ്യവസ്ഥിതിയ്ക്കാണോ അതോ സോഷ്യലിസ്റ്റ് വ്യവസ്ഥിതിക്കു മാത്രമാണോ ബാധകമായിട്ടുള്ളതെന്നു നിർണ്ണയിക്കാനുമുള്ള ഏതൊരു സംരംഭവും, രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനത്തെ നിഷേധിക്കുന്നതിൽ പോളിഷ് സോഷ്യൽഡെമോക്രാററുകാർ വരുത്തിയ തെററ് കൂടുതൽ പ്രകടമായി തെളിയിക്കുന്നതാണ്.

1896-ൽ ലണ്ടനിൽ ചേർന്ന സാർവ്വദേശീയസോഷ്യലിസ്റ്റ്കോൺഗ്രസ്സ് രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനമംഗീകരിച്ചുകൊണ്ടെടുത്ത തീരുമാനത്തോടുകൂടി, മേൽപ്രതിപാദിച്ച പ്രമേയങ്ങളുടെ അടിസ്ഥാനത്തിൽ, ഈ കാര്യങ്ങൾകൂടി ചേർക്കേണ്ടതുണ്ട്: 1) ഈ ആവശ്യത്തിന് സാമ്രാജ്യത്വത്തിൻകീഴിൽ വിശേഷിച്ചും കൈവന്നിരിക്കുന്ന അടിയന്തിരസ്വഭാവം; 2) ഈ ആവശ്യമുൾപ്പെടെ രാഷ്ട്രീയജനാധിപത്യത്തിൻെറ എല്ലാ ആവശ്യങ്ങളുടേയും രാഷ്ട്രീയാ പേക്ഷികത്വവും വർഗ്ഗസത്തയും; 3) മർദ്ദകരാഷ്ട്രങ്ങളിലേയും മർദ്ദിതരാഷ്ട്രങ്ങളിലേയും സോഷ്യൽഡെമോക്രാററുകാരുടെ സമൂർത്തമായ കടമകൾ തമ്മിൽ വേർതിരിച്ചുകാണേണ്ടതിൻെറ ആവശ്യകത; 4) അവസരവാദികളും കൗട്സ്കിയിസ്റ്റുകളും സ്വയംനിർണ്ണയനം അംഗീകരിക്കുന്നത് അസ്ഥിരവും വാക്കാൽ മാത്രവും അതുകൊണ്ടുതന്നെ രാഷ്ട്രീയപ്രാധാന്യം നോക്കിയാൽ വഞ്ചനാപരവുമായിട്ടാണെന്ന സംഗതി; 5) ''സ്വന്തം'' രാഷ്ട്രങ്ങളുടെ മർദ്ദനമനുഭവിക്കുന്ന കോളനികൾക്കും രാഷ്ട്രങ്ങൾക്കും വിട്ടുപോകാനുള്ള സ്വാതന്ത്ര്യം നൽകണമെന്നു വാദിക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുള്ള സോഷ്യൽഡെമോക്രാററുകാർ — പ്രത്യേകിച്ചും വൻകിടശക്തികളായ രാജ്യങ്ങളിലെ സോഷ്യൽഡെമോക്രാററുകാർ (ഗ്രേററ്റഷ്യാക്കാർ, ആം

ഗ്ലോ—അമേരിക്കക്കാർ, ജർമ്മൻകാർ, ഫ്രഞ്ചുകാർ, ഇററലിക്കാർ, ജപ്പാൻകാർ തുടങ്ങിയവർ) —യഥാർത്ഥത്തിൽ സങ്കുചിതവാദികളിൽനിന്നു വിഭിന്നരല്ലെന്ന വസ്തുത; 6) രാഷ്ട്രീയജനാധിപത്യത്തിൻെറ എല്ലാ ആവശ്യങ്ങളുംകുമെന്നപോലെ ഈ ആവശ്യത്തിനുംവേണ്ടിയുള്ള സമരത്തെ ബൂർഷ്വാഗവണ്മെൻറുകളെ തകിടംമറിക്കാനും സോഷ്യലിസം സ്ഥാപിക്കാനുംവേണ്ടി ഉടനടി നടത്തേണ്ട വിപ്ലവബഹുജനസമരത്തിനു കീഴ്പ്പെടുത്തേണ്ടതിൻെറ ആവശ്യകത.

ചില ചെറുകിടരാഷ്ട്രങ്ങളുടെ—പ്രത്യേകിച്ചും, ദേശീയവാദപരമായ മുദ്രാവാക്യങ്ങളുന്നയിച്ചുകൊണ്ട് ജനങ്ങളെ കബളിപ്പിക്കുന്ന പോളിഷ് ബൂർഷ്വാസിക്കെതിരായ സമരത്തിൽ വഴിതെററി സ്വയംനിർണ്ണയനത്തെത്തന്നെ നിഷേധിക്കുന്ന പോളിഷ് സോഷ്യൽഡേമോക്രാററുകാരുടെ — അഭിപ്രായഗതി ഇൻററർനാഷനലിനകത്തേക്കു കടത്തിവിടുന്നതു് താത്വികമായി തെററായിരിക്കും. മാർക്സിസത്തിൻെറ സ്ഥാനത്തു് പ്രൂദോണിസത്തെ അവരോധിക്കലായിരിക്കും അതു്. പ്രയോഗത്തിലാണെങ്കിൽ, വൻകിടശക്തികളായ രാഷ്ട്രങ്ങളുടെ അങ്ങേയററം ആപല്ക്കരമായ സങ്കുചിതവാദത്തിനും അവസരവാദത്തിനും സ്വയമറിയാതെ പിന്തുണ നൽകുന്നതിലാണ് അതു ചെന്നെത്തുക.

പത്രാധിപസമിതി, ''സൊററ്സിയാൽ ദെമൊക്രാററ്'' (ആർ.എസ്സ്. ഡി. എൽ. പി.യുടെ കേന്ദ്രമുഖപത്രം)

കീഴ്കുറിപ്പു്. ''ഡി നോയെ സൈററി''ൻെറ ഏററവും ഒടുവിലത്തെ (1916 മാർച്ച് 3–ാംനു-യിലത്തെ) ലക്കത്തിൽ കൗട്സ്കി, ഏററവും നികൃഷ്ടമായ ജർമ്മൻ സങ്കുചിതവാദത്തിൻെറ പ്രതിനിധിയായ ഔസ്റ്റർലിററ്സിൻെറ നേർക്കു് പരസ്യമായി അനുരഞ്ജനഹസ്തം നീട്ടിയിരിക്കുകയാണ്. അദ്ദേഹം ഹാബ്സ്ബൂർഗ്ഗുമാരുടെ ആസ്ത്രീയ മർദ്ദിച്ചുകൊണ്ടിരിക്കുന്ന

രാഷ്ട്രങ്ങൾക്ക് വിട്ടുപോകാനുള്ള സ്വാതന്ത്ര്യം നിഷേധിക്കുകയും എന്നാലതേസമയം റഷ്യൻ പോളണ്ടിന്റെ കാര്യത്തിൽ ആ സ്വാതന്ത്ര്യമംഗീകരിക്കുകയും ചെയ്യുന്നു. അദ്ദേഹം ഇപ്രകാരം ഹിൻഡൻബുർഗ്ഗിനും വിൽഹെം രണ്ടാമനും പാദസേവ ചെയ്യുകയാണ്. കൗട്സ്കിയിസത്തിന്റെ തനിനിറം ഇതിലും ഭംഗിയായി സ്വയമേവ വെളിപ്പെടുമെന്നു നമുക്കു പ്രതീക്ഷിക്കവയ്യ!

1916 ജനുവരി–ഫെബ്രുവരി മാസങ്ങളിൽ എഴുതിയത്.
1916 ഏപ്രിൽ മാസത്തിൽ "ഫൊർബോട്ടെ" മാസികയുടെ രണ്ടാം ലക്കത്തിൽ പ്രസിദ്ധപ്പെടുത്തി.
റഷ്യനിൽ ആദ്യമായി പ്രസിദ്ധീകരിച്ചതു് 1916 ഒക്ടോബറിൽ "സ്ബോർനിക് സൊററ്സിയാൽ ദെമൊക്രാററ"(ലക്കം 1) എന്ന സിമ്പോസിയത്തിൽ

വി. ഐ. ലെനിന്റെ കൃതികളിലെ (അഞ്ചാം റഷ്യൻ പതിപ്പ്, വാല്യം 27, പേജ് 252–266) പാഠമനുസരിച്ച് അച്ചടിച്ചതു്

# സ്വയംനിർണ്ണയനത്തെക്കുറിച്ചുള്ള ചർച്ചയുടെ ഉപസംഹാരം

സിമ്മർവാംഡ് ഇടതുപക്ഷത്തിൻെറ വകയായ ''ഹെറാം ഡ്'' എന്ന മാർക്സിസ്റ്റ് പത്രത്തിൻെറ രണ്ടാംലക്കത്തിൽ (''ഫൊർബോട്ടെ'', ലക്കം 2, ഏപ്രിൽ 1916) രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനത്തിന്ന് അനുകൂലവും പ്രതികൂലവുമായ തീസിസ്സുകളുടെ ഓരോ സമാഹാരം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അവയിലാദ്യത്തേതു് നമ്മുടെ കേന്ദ്രമുഖപത്രമായ ''സൊററ് സിയാൽ ദെമൊക്രാററി''[72]ൻെറ പത്രാധിപസമിതിയുടെ പേരിലും മറേറതു് പോളിഷ് സോഷ്യൽഡെമോക്രാററിക് പ്രതിപക്ഷത്തിൻെറ മുഖപത്രമായ ''ഗസെററ റൊബോതനിച്ച''[73] യുടെ പത്രാധിപസമിതിയുടെ പേരിലുമാണ്. ആദ്യത്തേതു് വീണ്ടും അച്ചടിച്ചും* രണ്ടാമത്തേതു വിവർത്തനം ചെയ്തും മുകളിൽ ചേർത്തിട്ടുള്ളതായി വായനക്കാർക്ക കാണാൻ കഴിയും. സാർവ്വദേശീയരംഗത്തു് ഈ പ്രശ്നം ഇത്ര വിപുലമായ തോതിൽ ചർച്ചചെയ്യുന്നതു് ഇതൊരുപക്ഷെ ഇദംപ്രഥമമായിട്ടാണ്. ഇരുപതു വർഷങ്ങാംക്ക മുമ്പ്, 1895—96—ൽ, 1896—ലെ ലണ്ടൻ സാർവ്വദേശീയ സോഷ്യലിസ്റ്റ് കോൺഗ്രസിനു തൊട്ടുമുമ്പ് ജർമ്മൻ മാർക്സിസ്റ്റ് പത്രമായ ''ഡി നോയെ സൈററി'' ൻെറ പംക്തികളിൽ റോസ ലക്സംബർഗ്ഗും കെ. കൗട്സ്കിയും പോളിഷ് ''ന്യെപ്പൊദ്ലെഗ്ലോസ്ത്സെവ്ത്സി''യും (പോളണ്ടിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടി വാദിച്ച പി. പി.

---

*ഈ പുസ്തകത്തിൻെറ പേജുകാം 168—191 നോക്കുക—പ്രസാധകർ.

എസ്സ്.) മൂന്നു വിഭിന്നവീക്ഷണങ്ങളെ പ്രതിനിധാനംചെയ്തുകൊണ്ടു നടത്തിയ ചർച്ച പോളണ്ടിനെസ്സംബന്ധിച്ച്[74]മാത്രമായിരുന്നു. നമുക്കറിയാവുന്നിടത്തോളം, സ്വയംനിർണ്ണയനപ്രശ്നം ഇതേവരെ ഒരതിർത്തിവരെയെങ്കിലും ചിട്ടയായി ചർച്ചചെയ്തിട്ടുള്ളതു് ഡച്ചുകാരും പോളുകാരും മാത്രമാണു്. ഇന്നു വളരെ സജീവമായിരിക്കുന്ന ഈ പ്രശ്നത്തെക്കുറിച്ചുള്ള ചർച്ച ബ്രിട്ടീഷുകാർ, അമേരിക്കക്കാർ, ഫ്രഞ്ചുകാർ, ജർമ്മൻകാർ, ഇററലിക്കാർ എന്നിവർക്കിടയിൽ നടത്തുന്നതിൽ ''ഹെറാംഡ്'' വിജയിക്കുമെന്നു നമുക്കു പ്രത്യാശിക്കാം. പ്ലെഖാനൊവ്—ഡാവിഡ് പ്രഭൃതികളെപ്പോലെ ''സ്വന്തം'' ഗവണ്മെൻറുകളെ പ്രത്യക്ഷത്തിൽ പിന്താങ്ങുന്നവരും അതോടൊപ്പം മറഞ്ഞു പിന്നിൽ നിന്നുകൊണ്ടു് അവസരവാദത്തിനുവേണ്ടി വാദിക്കുന്ന കൗട്സ്കിയിസ്റ്റുകളും (ആക്സൽറൊഡ്, മാർത്തൊാവ്, ചെയിദ്സെ തുടങ്ങിയവർ ഇക്കൂട്ടത്തിൽപ്പെടും) പ്രതിനിധാനം ചെയ്യുന്ന ഔദ്യോഗികസോഷ്യലിസം ഈ പ്രശ്നത്തിൽ തീരെ സത്യസന്ധത പാലിച്ചിട്ടില്ല. അതുകൊണ്ടു്, വളരെ നീണ്ട ഒരു കാലത്തേക്കു്, ഒരു വശത്തു് മൗനമവലംബിച്ചുകൊണ്ടു് പ്രശ്നത്തിൽ നിന്നും ഒഴിഞ്ഞുമാറാനുള്ള പാഴ്ശ്രമങ്ങരം നടക്കുമെന്നതും മറുവശത്തു് ഈ ''നശിച്ച ചോദ്യങ്ങരംക്കു'' ''നേരിട്ടു മറുപടി പറയണ''മെന്നു് തൊഴിലാളികരം ആവശ്യപ്പെടുമെന്നതും അനിവാര്യമാണു്. വിദേശത്തെ സോഷ്യലിസ്റ്റുകാർക്കിടയിൽ. നടക്കുന്ന അഭിപ്രായസംഘട്ടനങ്ങളെക്കുറിച്ച് ഞങ്ങരം യഥാസമയം വായനക്കാരെ അറിയിക്കാൻ ശ്രമിക്കാം.

എന്നാൽ റഷ്യൻ സോഷ്യൽഡെമോക്രാററുകാരായ നമ്മെ സംബന്ധിച്ചിടത്തോളം ഈ പ്രശ്നം വിശേഷിച്ചും പ്രാധാന്യമുള്ളതാണു്: ഇന്നു നടക്കുന്ന ചർച്ച 1903—ലും 1913—ലും നടന്ന ചർച്ച[75]യുടെ തുടർച്ചയാണു്; യുദ്ധകാലത്തു് ഈ പ്രശ്നം നമ്മുടെ പാർട്ടി അംഗങ്ങരംക്കിടയിൽ കുറെ ആശയക്കുഴപ്പമുണ്ടാക്കി. മാർത്തൊാവിനേയും ചെയിദ്സെയേയും പോലെ ഗ്വോസ്ദെവിൻെറ, അഥവാ സങ്കുചിതവാദികളായ തൊഴിലാളിപ്പാർട്ടിയുടെ, എണ്ണപ്പെട്ട നേതാക്കന്മാർ പ്രശ്നത്തിൻെറ സാരാംശത്തിൽ

നിന്നു് ഒഴിഞ്ഞുമാറാൻവേണ്ടി നടത്തുന്ന തന്ത്രങ്ങ ഈ ആശയക്കുഴപ്പത്തെ കൂടുതൽ മൂർഛരിപ്പിച്ചിട്ടുണ്ടു്. അതുകൊണ്ടു് സാർവ്വദേശീയരംഗത്തു് ആരംഭിച്ച ചർച്ചയുടെ ആദ്യഫലങ്ങളെങ്കിലും ഒന്നു സമാഹരിക്കേണ്ടതു് ആവശ്യമായിവന്നിരിക്കുന്നു.

തീസിസ്സിൽനിന്നു വ്യക്തമാകുന്നതുപോലെ, നമ്മുടെ വാദങ്ങളിൽ ചിലതിനു്—ഉദാഹരണത്തിനു്, മാർക്സിസത്തേയും പ്രൂദോണിസത്തേയും പററി—പോളിഷ് സഖാക്കാം നേരിട്ടു മറുപടിപറയുന്നുണ്ടു്. പക്ഷെ അവരുടെ മറുപടി ഏററിയപങ്കും പ്രത്യക്ഷമല്ല, പരോക്ഷമാണു്. നമ്മുടെ വാദങ്ങാം ക്കെതിരെ അവരുടെ വാദങ്ങാം ഉയർത്തിക്കാട്ടുകയാണവർ ചെയ്യുന്നതു്. പ്രത്യക്ഷവും പരോക്ഷവുമായി അവർ നൽകിയിട്ടുള്ള മറുപടികാം നമുക്കു പരിശോധിക്കാം.

## 1. സോഷ്യലിസവും രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനവും

സോഷ്യലിസത്തിൻകീഴിൽ രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനം നടപ്പിലാക്കാൻ വിസമ്മതിക്കുന്നതു് സോഷ്യലിസത്തെ വഞ്ചിക്കലായിരിക്കുമെന്നു് ഞങ്ങാം ഉറപ്പിച്ചു പറയുകയുണ്ടായി. ഞങ്ങാംക്കു കിട്ടിയ മറുപടി ഇതാണു്: ''ഒരു സോഷ്യലിസ്റ്റ് സമുദായത്തിനു് സ്വയംനിർണ്ണയാവകാശം ബാധകമല്ല.'' അഭിപ്രായവ്യത്യാസം മൗലികമാണു്. എന്താണതിൻെറ ഉറവിടം?

നമ്മുടെ എതിരാളികാം തിരിച്ചടിക്കുന്നതിങ്ങനെയാണു്: ''ദേശീയമർദ്ദനത്തിൻെറ മൂലകാരണമായ വർഗ്ഗതാല്പര്യങ്ങളെ ഇല്ലാതാക്കുന്ന സോഷ്യലിസം എല്ലാവിധത്തിലുള്ള ദേശീയ മർദ്ദനത്തേയും ഇല്ലാതാക്കുമെന്നു് ഞങ്ങാംക്കറിയാം....'' രാഷ്ട്രീയമർദ്ദനത്തിൻെറ രൂപങ്ങളിലൊന്നിനെപ്പററിയാണു്, അതായതു് ഒരു രാഷ്ട്രത്തെ മററൊരു രാഷ്ട്രത്തിൻെറ സ്റ്റേററതിർത്തി

കളളിൽ ബലംപ്രയോഗിച്ച പിടിച്ചനിർത്തുന്നതിനെപ്പററി യാണ്, ഇവിടെ തർക്കം. അപ്പോാംപ്പിന്നെ, ഏറെക്കാലമായി അറിയാവുന്നതും ആരും നിഷേധിക്കാത്തതുമായ, ദേശീയമർദ്ദനമവസാനിപ്പിക്കാനുള്ള സാമ്പത്തികോപാധികളെക്കുറിച്ച് എന്തിനാണ പറയുന്നത്? രാഷ്ട്രീയപ്രശ്നങ്ങളിൽനിന്നൊഴിഞ്ഞുമാറാനുള്ള ശ്രമം മാത്രമാണത്! ഈ അഭിപ്രായം ശരിയാണെന്നു ഞങ്ങളെ കൂടുതൽ ബോദ്ധ്യപ്പെടുത്താനുതകുന്നതാണ് തുടർന്നുള്ള വാദങ്ങാം: ''ഒരു സോഷ്യലിസ്റ്റ്സമുദായത്തിൽ ഒരു രാഷ്ട്രത്തിന് ഒരു സാമ്പത്തിക—രാഷ്ട്രീയഘടകത്തിൻെറ സ്വഭാവം കൈവരുമെന്നു കരുതാൻ ഞങ്ങാം യാതൊരു കാരണവും കാണുന്നില്ല. മിക്കവാറും, സാംസ്കാരികവും ഭാഷാപരവുമായ ഘടകത്തിൻെറ സ്വഭാവമായിരിക്കും അതിനുണ്ടാവുക; എന്തെന്നാൽ, ഒരു സോഷ്യലിസ്റ്റ് സാംസ്കാരികവൃത്തത്തെ ഭൂപരമായി വിഭജിക്കാൻ അഥവാ സാദ്ധ്യമാണെങ്കിൽത്തന്നെയും, ഉല്പാദനത്തിൻെറ ആവശ്യാനുസൃതം മാത്രമേ അതു നടക്കു. സ്വാഭാവികമായും അത്തരം വിഭജനത്തിൻെറ പ്രശ്നം തീരുമാനിക്കുന്നത് സമ്പൂർണ്ണാധികാരമുള്ള ഏതെങ്കിലുമൊരു രാഷ്ട്രം ഒററയ്ക്കല്ല ('സ്വയംനിർണ്ണയാവകാശ'മെന്നതുകൊണ്ടു് ഉദ്ദേശിക്കുന്നത് അതാണല്ലൊ); നേരേമറിച്ച്, ബന്ധപ്പെട്ട എല്ലാ പൗരന്മാരും ചേർന്ന് കൂട്ടായിട്ടായിരിക്കും അതു നിർണ്ണയിക്കുന്നത്.''

സ്വയംനിർണ്ണയനത്തിനുപകരം കൂട്ടായ നിർണ്ണയനമാണ വേണ്ടതെന്ന ഈ അവസാനത്തെ വാദം പോളിഷ് സഖാക്കാംക്ക വളരെയേറെ ഇഷ്ടപ്പെട്ടു. അവരുടെ തീസിസ്സിൽ മൂന്നു തവണ അതു് ആവർത്തിച്ചിട്ടുണ്ടു്! പക്ഷെ കൂടുതൽ പ്രാവശ്യം ആവർത്തിക്കുന്നതുകൊണ്ടു് ഒക്ടോബ്രിസ്റ്റും പിന്തിരിപ്പനുമായ ഈ വാദം സോഷ്യൽഡെമോക്രാററിക്‌വാദമായി മാറുന്നതല്ല. കാരണം, ഒരു സ്റ്റേററിൻെറ ഭാഗധേയം പൊതുപാർലിമെണ്ടിൽക്കൂടി ''കൂട്ടായി നിർണ്ണയിക്കാനുള്ള'' അവകാശം ആ സ്റ്റേററിൻെറ അതിർത്തിക്കുള്ളിൽ ബലംപ്രയോഗിച്ച പിടിച്ചനിർത്തിയിരിക്കുന്ന രാഷ്ട്രങ്ങാംക്കു് എല്ലാ പിന്തിരിപ്പന്മാരും ബൂർഷ്വകളും നൽകാറുണ്ടു്. പൊതുജർമ്മൻ പാർലിമെണ്ടു് മു

ഖേന ജർമ്മൻ സാമ്രാജ്യത്തിന്റെ ഭാഗധേയം ''കൂട്ടായി നിർ ണ്ണയിക്കാനുള്ള'' അവകാശം വിൽഹെം രണ്ടാമനും ബൽജിയംകാർക്കു നൽകിയിട്ടുണ്ട്.

തർക്കപ്രശ്നത്തിൽനിന്ന്, ചർച്ചയ്ക്കു വന്നിട്ടുള്ള ഒരേയൊരു പ്രശ്നത്തിൽനിന്ന്—അതായതു് വിട്ടുനിൽക്കാനുള്ള അവകാശത്തെ സംബന്ധിച്ച പ്രശ്നത്തിൽനിന്ന്—ഒഴിഞ്ഞുമാറാനാണ് നമ്മുടെ എതിരാളികൾ നോക്കുന്നതു്. ഇതു് ഖേദകരം തന്നെ!

മർദ്ദിതരാഷ്ട്രങ്ങളെ വിമോചിപ്പിക്കണമെങ്കിൽ രാഷ്ട്രീയരംഗത്തു് രണ്ടു തരത്തിലുള്ള മാററങ്ങൾ നടപ്പാക്കേണ്ടതുണ്ടെന്ന് നമ്മൾ ആദ്യത്തെ തീസിസ്സിൽത്തന്നെ പ്രസ്താവിക്കുകയുണ്ടായല്ലോ: 1) എല്ലാ രാഷ്ട്രങ്ങൾക്കും തികച്ചും തുല്യമായ അവകാശങ്ങൾ കൊടുക്കണം. ഇതിനെപ്പററി തർക്കമില്ല. ഒരു സ്റ്റേററിനുള്ളിൽ നടക്കുന്ന കാര്യങ്ങളെ മാത്രമേ അതു പരാമർശിക്കുന്നുള്ളു; 2) രാഷ്ട്രീയമായി വിട്ടുപോകാനുള്ള സ്വാതന്ത്ര്യം* അനുവദിക്കണം. ഒരു സ്റ്റേററിന്റെ അതിർത്തി നിർണ്ണയിക്കുന്നതാണിവിടെ പ്രശ്നം. ഇതു മാത്രമാണ് വിവാദവിഷയമായിട്ടുള്ളതു്. എന്നാൽ നമ്മുടെ എതിരാളികൾ മൗനമവലംബിക്കുന്നതു് ഇതേപ്പററിത്തന്നെയാണ്. സ്റ്റേററിന്റെ അതിർത്തിയെപ്പററിയോ പൊതുവിൽ സ്റ്റേററിനെപ്പററിപ്പോലുമോ ചിന്തിക്കാൻ അവർ ആഗ്രഹിക്കുന്നില്ല. മുതലാളിത്തം വിജയിച്ചിരിക്കുന്നു, അതുകൊണ്ടു് രാഷ്ട്രീയപ്രശ്നങ്ങൾ അസംഗതമാണ്, എന്നു വാദിച്ച 1894–1902–ലെ പഴയ ''സാമ്പത്തികവാദ''ത്തോടു സാദൃശ്യമുള്ള ഒരുതരം ''സാമ്രാജ്യത്വസാമ്പത്തികവാദ''മാണിതു്. സാമ്രാജ്യത്വം വിജയിച്ചിരിക്കുന്നു, അതുകൊണ്ടു് രാഷ്ട്രീയപ്രശ്നങ്ങൾ അസംഗതമാണ്! ഇത്തരം അരാഷ്ട്രീയസിദ്ധാന്തം മാർക്സിസത്തിനു കടകവിരുദ്ധമാണ്.

---

* ഈ പുസ്തകത്തിന്റെ പേജുകൾ 168–169 നോക്കുക. —പ്രസാധകർ.

''ഗോഥാ പരിപാടിയുടെ നിരൂപണം'' എന്ന പുസ്തകത്തിൽ മാർക്സ് ഇങ്ങനെ എഴുതി: ''മുതലാളിത്തസമുദായത്തിനും കമ്മ്യൂണിസ്റ്റ്സമുദായത്തിനുമിടയ്ക്കു കിടക്കുന്നതു് ഒന്നു മറേറതിലേക്കു വിപ്ലവപരമായി പരിവർത്തനം ചെയ്യപ്പെടുന്ന ഘട്ടമാണു്. ഇതിനനുസൃതമായി ഒരു രാഷ്ട്രീയപരിവർത്തന ഘട്ടവുമുണ്ടു്. ഈ ഘട്ടത്തിൽ സ്റ്റേററിനു് തൊഴിലാളിവർഗ്ഗത്തിൻെറ വിപ്ലവസർവ്വാധിപത്യമല്ലാതെ മററൊന്നാവാനും നിർവ്വാഹമില്ല.'' വിജയംവരിച്ച സോഷ്യലിസം കമ്മ്യൂണിസമായി വികസിക്കുന്നതുവരെ ഭരണകൂടം നിലനിൽക്കുന്നതാണെന്നു് അംഗീകരിച്ചുകൊണ്ടുള്ള ഈ അഭിപ്രായം ഒരു സാമാന്യസത്യമായിട്ടാണു് സോഷ്യലിസ്റ്റുകാർ ഇന്നേവരെ കരുതിപ്പോന്നിട്ടുള്ളതു്. ഭരണകൂടം ''കൊഴിഞ്ഞുപോകുന്ന''തിനെക്കുറിച്ചുള്ള എംഗൽസിൻെറ പ്രസ്താവം സുവിദിതമാണല്ലൊ. ഭരണകൂടം കൊഴിഞ്ഞുപോകുന്നതോടൊപ്പം കൊഴിഞ്ഞുപോകുന്ന ഒരു ഭരണകൂടരൂപമാണു ജനാധിപത്യമെന്നു് ഞങ്ങഠം ആദ്യത്തെ തീസിസ്സിൽത്തന്നെ അടിവരയിട്ടു പറഞ്ഞതു് മനപ്പൂർവ്വമാണു്. നമ്മുടെ എതിരാളികഠം മാർക്സിസത്തിൻെറ സ്ഥാനത്തു് വല്ല പുതിയ ''ഭരണകൂടേതര'' വീക്ഷണവും സ്ഥാപിക്കാത്തിടത്തോളംകാലം അവരുടെ വാദം അടിമുടി തെററാണു്.

അവർ പറയുന്നതു് സ്റ്റേററിനെക്കുറിച്ചും (അങ്ങിനെ അതിൻെറ അതിർത്തികഠം നിർണ്ണയിക്കുന്നതിനെക്കുറിച്ചും) അല്ല, പിന്നെയോ, ''സോഷ്യലിസ്റ്റ് സാംസ്കാരികവൃത്ത''ത്തെക്കുറിച്ചാണു്. എന്നുവച്ചാൽ, സ്റ്റേററിനെ സംബന്ധിച്ച എല്ലാ പ്രശ്നങ്ങളും മായ്ച്ചുകളയുന്ന അവ്യക്തമായൊരു പദപ്രയോഗം അവർ ബോധപൂർവ്വം തിരഞ്ഞെടുത്തിരിക്കുകയാണെന്നർത്ഥം. ഫലമോ? പരിഹാസ്യമായൊരു പുനരുക്തി മാത്രം: സ്റ്റേററില്ലെങ്കിൽ, അതിൻെറ അതിർത്തികളുടെ പ്രശ്നവുമില്ലല്ലൊ. അപ്പോഠം പ്പിന്നെ ജനാധിപത്യ–രാഷ്ട്രീയപരിപാടി ആകെത്തന്നെ ആവശ്യമില്ലെന്നുംവരും. സ്റ്റേററ് ''കൊഴിഞ്ഞുപോകുമ്പോഠം'' റിപ്പബ്ലിക്കും നിലനിൽക്കുന്നുണ്ടാവില്ല.

ജർമ്മൻ സങ്കുചിതവാദിയായ ലെൻഷ് എഴുതിയ ചില ലേഖനങ്ങളിൽ—5–ാമത്തെ തീസിസ്സിൻെറ കീഴ്ക്കുറിപ്പിൽ* ഞങ്ങളവ പരാമർശിച്ചിട്ടുണ്ട്—എംഗൽസിൻെറ ''പോയും റൈനും'' എന്ന ലേഖനത്തിൽനിന്നും ശ്രദ്ധേയമായ ഒരു ഭാഗം ഉദ്ധരിച്ചുചേർത്തിട്ടുണ്ട്. ചെറുതും കെല്പില്ലാത്തതുമായ അനേകം ചെറുകിടരാഷ്ട്രങ്ങളെ ഗ്രസിച്ച ചരിത്രവികാസത്തിനിടയിൽ ''വലുതും കെൽപ്പുള്ളതുമായ യൂറോപ്യൻ രാഷ്ട്രങ്ങളുടെ'' അതിർത്തികരം അധികമധികം നിർണ്ണയിച്ചതു് ജനങ്ങളുടെ ''ഭാഷയും അഭിലാഷവു''മായിരുന്നുവെന്നു് എംഗൽസ് പ്രസ്തുതലേഖനത്തിൽ മററുപലതിൻേറയും കൂട്ടത്തിൽ പറയുന്നുണ്ട്. ''സ്വാഭാവികാതിർത്തികരം'' എന്നാണു് എംഗൽസ് അവയെ വിളിക്കുന്നതു്. 1848–71–നോടടുപ്പിച്ചു്, യൂറോപ്പിൽ മുതലാളിത്തം പുരോഗമനപരമായിരുന്ന ഘട്ടത്തിൽ അതായിരുന്നു സ്ഥിതി. ഇന്നാകട്ടെ, ജനാധിപത്യപരമായി നിർണ്ണയിക്കപ്പെട്ട ഈ അതിർത്തികളെ പിന്തിരിപ്പൻ സാമ്രാജ്യത്വമുതലാളിത്തം പലപ്പോഴും തകർത്തുകൊണ്ടിരിക്കുകയാണു്. താരതമ്യേന കുറച്ചു ജനാധിപത്യപരമായി നിർണ്ണയിക്കപ്പെട്ട അതിർത്തികളും യൂറോപ്പിലും ലോകത്തിൻെറ ഇതരഭാഗങ്ങളിലുമായി വെട്ടിപ്പിടിക്കപ്പെട്ട കുറെയേറെ പ്രദേശങ്ങളുമായിരിക്കും സോഷ്യലിസത്തിനു് അതു നിഷ്ക്കാസനം ചെയ്യുന്ന സാമ്രാജ്യത്വത്തിൽനിന്നും ഒസ്യത്തായിക്കിട്ടുക എന്നാണു് ഇതേവരെക്കണ്ട സർവ്വതും തെളിയിക്കുന്നതു്. അതുകൊണ്ടു്? വിജയംവരിച്ച സോഷ്യലിസം പരിപൂർണ്ണമായ ജനാധിപത്യം പുനസ്ഥാപിക്കുകയും അതു് അടിമുടി ഏർപ്പെടുത്തുകയും ചെയ്യുമ്പോരം സ്റ്റേററതിർത്തികരം ജനാധിപത്യപരമായി നിർണ്ണയിക്കണമെന്ന തത്വത്തെ അതു നിരാകരിക്കുമോ? അതു് ''ജനാഭിലാഷ''ത്തെ കണക്കിലെടുക്കാൻ കൂട്ടാക്കാതിരിക്കുമോ? ഈ ചോദ്യങ്ങരം ഉന്നയിക്കുകയേ വേണ്ടൂ, നമ്മുടെ പോളിഷ് സഖാക്കരം മാർക്സിസത്തിൽനിന്നു ''സാമ്രാജ്യത്വസാമ്പത്തിക

---

*ഈ പുസ്തകത്തിൻെറ 180–ാം പേജ് നോക്കുക.—പ്രസാധകർ.

വാദ''ത്തിലേക്കു കുത്തനെ വീണുകൊണ്ടിരിക്കുകയാണെന്നു നമുക്കു വ്യക്തമായി കാണാൻ കഴിയും.

മാർക്സിസത്തെ പരിഹാസ്യമായ രീതിയിൽ വികൃതപ്പെടുത്തിക്കൊണ്ടു് പഴയ ''സാമ്പത്തികവാദികൾ'' തൊഴിലാളികൾക്കു പറഞ്ഞുകൊടുത്തു, മാർക്സിസ്റ്റുകാർക്കു് ''സാമ്പത്തികവശം മാത്ര''മാണു പ്രധാനമെന്നു്. ഒന്നുകിൽ വിജയംവരിച്ച സോഷ്യലിസത്തിന്റെ ജനാധിപത്യസ്റ്റേററു് യാതൊരു അതിർത്തിയുമില്ലാതെ നിലനില്ക്കുമെന്നും (മൂർത്തീഭാവമില്ലാത്ത ''വികാരസമുച്ചയ''ത്തെപ്പോലെ) അല്ലെങ്കിൽ ആ അതിർത്തികൾ ഉല്പാദനത്തിന്റെ ആവശ്യാനുസരണം ''മാത്രം'' നിർണ്ണയിക്കപ്പെടുമെന്നുമായിരിക്കും പുതിയ ''സാമ്പത്തികവാദികൾ'' കരുതുന്നതു്. യഥാർത്ഥത്തിൽ ഈ അതിർത്തികൾ നിർണ്ണയിക്കുന്നതു് ജനാധിപത്യപരമായിട്ടായിരിക്കും, അതായതു്, ജനങ്ങളുടെ ഹിതത്തിനും ''അഭിലാഷ''ത്തിനും അനുസൃതമായി. മുതലാളിത്തം ഈ അഭിലാഷത്തെ ദുർവ്വിനിയോഗപ്പെടുത്തുകയും അങ്ങിനെ രാഷ്ട്രങ്ങൾ തമ്മിലുള്ള രഞ്ജിപ്പിനു് കൂടുതൽ പ്രതിബന്ധങ്ങളുണ്ടാക്കുകയും ചെയ്യുന്നു. സോഷ്യലിസമാകട്ടെ, വർഗ്ഗമർദ്ദനം കൂടാതെ ഉല്പാദനം സംഘടിപ്പിച്ചുകൊണ്ടും സ്റ്റേററിലെ എല്ലാ അംഗങ്ങളുടേയും ക്ഷേമത്തിനു് ഉറപ്പുനൽകിക്കൊണ്ടും ''ജനാഭിലാഷം'' പ്രകടിപ്പിക്കാനുള്ള പരിപൂർണ്ണ സ്വാതന്ത്ര്യം അനുവദിക്കുകയും അതേകാരണത്താൽത്തന്നെ രാഷ്ട്രങ്ങളുടെ രഞ്ജിപ്പിനേയും ലയനത്തേയും സുഗമമാക്കുകയും അങ്ങേയററം ത്വരിതപ്പെടുത്തുകയും ചെയ്യുന്നു.

ഭാരിച്ചതും ക്ലേശകരവുമായ ഈ ''സാമ്പത്തികവാദ''ത്തിൽനിന്നും വായനക്കാർക്കു് തെല്ലൊരു വിശ്രമം നൽകാൻ വേണ്ടി, തർക്കത്തിലുൾപ്പെടാതെനിൽക്കുന്ന ഒരു സോഷ്യലിസ്റ്റ്ലേഖകന്റെ ഏതാനും ചിന്തകൾ ഞങ്ങൾ ഉദ്ധരിക്കാം. ഓട്ടൊ ബൗവെറാണു ലേഖകൻ. അദ്ദേഹത്തിനും തന്റേതായ ഒരു ''ചെറിയ പോയിന്റു''ണ്ടു്—''സാംസ്കാരിക–ദേശീയ സ്വയംഭരണം.'' എങ്കിൽപ്പോലും പ്രധാനപ്പെട്ട പല പ്രശ്നങ്ങളും അദ്ദേഹം കൈകാര്യം ചെയ്തിട്ടുള്ളതു് തികച്ചും ശരിയായി

ട്ടാണ്. ഉദാഹരണത്തിന്, ദേശീയവാദത്തിൻെറ പ്രത്യയശാസ്ത്രം സാമ്രാജ്യത്വനയത്തെ മറച്ചു പിടിക്കുന്നതായി ''ദേശീയ പ്രശ്നവും സോഷ്യൽഡെമോക്രസിയും'' എന്ന പുസ്തകത്തിൻെറ 29–ാം ഖണ്ഡികയിൽ അദ്ദേഹം പറഞ്ഞിട്ടുള്ളതു് വളരെ ശരിയാണ്. ''സോഷ്യലിസവും ദേശീയത്വമെന്ന തത്വവും'' എന്ന ശീർഷകത്തോടുകൂടിയ 30–ാം ഖണ്ഡികയിൽ അദ്ദേഹം പറയുന്നു:

''രാഷ്ട്രങ്ങളെ മുഴുവനോടെ ബലാൽക്കാരേണ കൂട്ടിച്ചേർക്കാൻ ഒരു സോഷ്യലിസ്റ്റ് സമുദായത്തിന് ഒരിക്കലും സാദ്ധ്യമല്ല. ദേശീയസംസ്കാരത്തിൻെറ എല്ലാ അനുഗ്രഹങ്ങളും അനുഭവിക്കുകയും നിയമനിർമ്മാണത്തിലും ഭരണകാര്യങ്ങളിലും പൂർണ്ണമായും സജീവമായും പങ്കെടുക്കുകയും ചെയ്യുന്ന, ആയുധങ്ങൾ പോലും കൈവശമുള്ള, ജനതതിയെക്കുറിച്ച് ഒന്നു സങ്കല്പിച്ചുനോക്കൂ. അത്തരം രാഷ്ട്രങ്ങളെ ബലാൽക്കാരേണ ഒരു വിദേശസാമൂഹ്യഘടനയുടെ ഭരണത്തിനു വിധേയമാക്കാൻ കഴിയുമോ? ഏതൊരു ഭരണാധികാരവും ആശ്രയിച്ചിരിക്കുന്നതു് ആയുധബലത്തെയാണ്. മുൻകാലങ്ങളിലെ മാടമ്പിപ്പടയേയും ചോററുപട്ടാളത്തേയും പോലെതന്നെ, ഇന്നത്തെ ദേശീയസൈന്യം അതിവിദഗ്ദ്ധമായി പ്രവർത്തിക്കുന്ന ഒരു മെക്കാനിസം നിമിത്തം ഇപ്പോഴും ഏതെങ്കിലുമൊരു വ്യക്തിയുടേയോ കുടുംബത്തിൻേറയോ വർഗ്ഗത്തിൻേറയോ കയ്യിലെ ഒരായുധമായി നിലകൊള്ളുന്നു. എന്നാൽ സോഷ്യലിസ്റ്റ്സ്ഥവ്യവ യിലെ ജനാധിപത്യസമുദായത്തിൻെറ സൈന്യമാകട്ടെ, ആയുധമണിഞ്ഞ ഒരു ജനതയല്ലാതെ മറെറാന്നുമല്ല. എന്തെന്നാൽ, യാതൊരു നിർബ്ബന്ധവും കൂടാതെ പൊതുപണിശാലകളിൽ വേലയെടുക്കുകയും ഭരണകാര്യങ്ങളുടെ എല്ലാ തുറകളിലും സജീവമായി പങ്കെടുക്കുകയും ചെയ്യുന്ന സംസ്കാരസമ്പന്നരായ ആളുകളാണതിലുള്ളതു്. ഈ സാഹചര്യങ്ങളിൽ ഒരു വിദേശരാഷ്ട്രത്തിൻെറ ആധിപത്യത്തിനുള്ള എല്ലാ സാദ്ധ്യതയും തിരോധാനം ചെയ്യുന്നു.''

ഇതു തീർച്ചയായും ശരിയാണ്. മുതലാളിത്തത്തിൻകീഴിൽ ദേശീയമർദ്ദനം (പൊതുവിൽ രാഷ്ട്രീയമർദ്ദനവും) ഇല്ലാ

താക്കാൻ സാദ്ധ്യമല്ല. വർഗ്ഗങ്ങളില്ലാതാക്കുക, അതായതു് സോഷ്യലിസം നടപ്പാക്കുക, എന്നതു് ഇതിനാവശ്യമാണു്. എന്നാൽ സാമ്പത്തികകാര്യങ്ങളിൽ അധിഷ്ഠിതമാണെങ്കിൽ കൂടി സോഷ്യലിസം അവയിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല. ദേശീയമർദ്ദനമില്ലാതാക്കാൻ ഒരടിത്തറയാവശ്യമാണു്. അതാണു് സോഷ്യലിസ്റ്റ് ഉല്പാദനം. എന്നാൽ സ്റ്റേററിനെ ജനാധിപത്യപരമായി സംഘടിപ്പിക്കുക, ഒരു ജനാധിപത്യസൈന്യമുണ്ടാവുക, തുടങ്ങിയവ ഈ അടിത്തറയിന്മേലും ആവശ്യമാണു്. മുതലാളിത്തത്തെ സോഷ്യലിസമായി പുനസ്സംഘടിപ്പിക്കുന്നതിലൂടെ തൊഴിലാളിവർഗ്ഗം ദേശീയമർദ്ദനം പരിപൂർണ്ണമായി ഇല്ലാതാക്കാനുള്ള സാദ്ധ്യത ഉളവാക്കുന്നു; എന്നാൽ ''ജനാഭിലാഷ''മനുസരിച്ച് സ്റ്റേററതിർത്തികൾ നിർണ്ണയിക്കുന്നതും വിട്ടുപോകാൻ പരിപൂർണ്ണസ്വാതന്ത്ര്യമനുവദിക്കുന്നതുമുൾപ്പെടെ എല്ലാ തുറകളിലും പരിപൂർണ്ണജനാധിപത്യം ഏർപ്പെടുത്തിയാൽ ''മാത്രമേ''—''മാത്രമേ''!—ഈ സാദ്ധ്യത യാഥാർത്ഥ്യമായിത്തീരുകയുള്ളു. ഇതിൻെറയടിസ്ഥാനത്തിൽ ഏററവും നിസ്സാരമായ ദേശീയസംഘർഷംപോലും, ഏററവും നിസ്സാരമായ ദേശീയാവിശ്വാസംപോലും, നീക്കംചെയ്യപ്പെടും; തുടർന്നു് രാഷ്ട്രങ്ങളുടെ പരസ്പരരഞ്ജിപ്പും ഏകീകരണവും കൂടുതൽ വേഗത്തിൽ നടക്കുകയും അതു് സ്റ്റേററു് കൊഴിഞ്ഞുപോകുന്നതിൽ ചെന്നു പര്യവസാനിക്കുകയും ചെയ്യും. ഇതാണു മാർക്സിസ്റ്റ് സിദ്ധാന്തം. അതിൽനിന്നും നമ്മുടെ പോളിഷ് സഖാക്കൾ തെററിമാറിപ്പോയിരിക്കുന്നു.

## 2. സാമ്രാജ്യത്വത്തിൻ കീഴിൽ ജനാധിപത്യം ''പ്രായോഗിക''മാണോ?

രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനത്തിനെതിരായ പോളിഷ് സോഷ്യൽഡെമോക്രാററുകാരുടെ പഴയ വാദമാകെത്തന്നെ അധിഷ്ഠിതമായിരിക്കുന്നതു് അതു് മുതലാളിത്തത്തിൻകീഴിൽ

''അപ്രായോഗിക''മാണെന്ന ന്യായത്തിലാണ്. 1903—ൽത്തന്നെ, ആർ. എസ്സ്. ഡി. എൽ. പി. യുടെ രണ്ടാംകോൺഗ്രസ്സിൻെറ പരിപാടിയെക്കുറിച്ചുള്ള കമ്മീഷനിൽ വച്ച് ''ഇസ്ക്ര''യുടെ അനുകൂലികളായ ഞങ്ങൾ പ്രസ്തുതവാദത്തെ കളിയാക്കുകയുണ്ടായി. (പരേതരെങ്കിലും വിലപിക്കപ്പെടാത്ത) ''സാമ്പത്തികവാദികളുടെ'' ഭാഗത്തുനിന്നുമുണ്ടായ, മാർക്സിസത്തിൻെറ വികൃതാനുകരണത്തെ ആവർത്തിക്കലാണതെന്ന് ഞങ്ങൾ പറഞ്ഞു. ഞങ്ങളുടെ തീസിസ്സിൽ ഈ തെററ് ഞങ്ങൾ വിശേഷിച്ചും സവിസ്തരമായി പരിശോധിക്കുകയുണ്ടായി. തർക്കത്തിൻെറ മുഴുവൻ താത്വികാടിസ്ഥാനവും കിടക്കുന്നതിവിടെയാണ്. എന്നാൽ ഇക്കാര്യത്തെസ്സംബന്ധിച്ചുതന്നെയാണ് പോളിഷ് സഖാക്കൾ ഞങ്ങളുടെ ഒരൊററ വാദത്തിനുപോലും മറുപടി പറയാനാഗ്രഹിക്കാത്തതു് (അതോ അവർക്കതിനു സാദ്ധ്യമല്ലെന്നാണോ?).

യന്ത്രങ്ങൾ നിരോധിക്കുകയും അദ്ധ്വാനപ്പണം ഏർപ്പെടുത്തുകയും മററും ചെയ്യുന്നതു് അപ്രായോഗികമാണെന്ന് സാമ്പത്തികവിശകലനത്തിലൂടെ നാം തെളിയിക്കുന്നതുപോലെതന്നെ, സ്വയംനിർണ്ണയനമെന്നതു് സാമ്പത്തികമായി അസാദ്ധ്യമാണെന്ന് സാമ്പത്തികവിശകലനത്തിലൂടെ തെളിയിക്കുകയായിരുന്നുവേണ്ടതു്. എന്നാൽ അങ്ങിനെയൊരു വിശകലനത്തിനുള്ള ശ്രമംപോലും ആരും നടത്തുന്നില്ല. നേടാനസാദ്ധ്യമായ സ്വയംനിർണ്ണയനം യാതൊരു ലക്കും ലഗാനുമില്ലാത്ത സാമ്രാജ്യത്വത്തിൻെറ യുഗത്തിൽ ''ഒരപവാദമെന്നനിലയ്ക്കു'' നേടാൻ—അതുതന്നെ യുദ്ധമോ വിപ്ലവമോ പോലും കൂടാതെ നേടാൻ—ഒരു ചെറിയ രാജ്യത്തിനു് (1905—ൽ നോർവ്വേയ്ക്കു) കഴിഞ്ഞതുപോലെ, മുതലാളിത്തത്തിൻകീഴിൽ ഏതെങ്കിലും രാജ്യത്തിനു് ''ഒരപവാദമെന്നനിലയ്ക്കു്'' ''അദ്ധ്വാനപ്പണം'' ഏർപ്പെടുത്താൻ കഴിഞ്ഞതായി ആരും വാദിക്കുകയില്ലല്ലൊ.

സാമാന്യമായിപ്പറഞ്ഞാൽ, മുതലാളിത്തത്തിൻെറ മുകളിൽ ഉയർത്താൻ കഴിയുന്ന ഉപരിഘടനയുടെ പല രൂപങ്ങളിലൊന്നുമാത്രമാണ് രാഷ്ട്രീയജനാധിപത്യം (''ശുദ്ധ''മുത

ലാളിത്തത്തെ സംബന്ധിച്ചിടത്തോളം ഇതാണ സാധാരണരൂപ മെങ്കിൽക്കൂടി). മുതലാളിത്തവും സാമ്രാജ്യത്വവും എല്ലാത്തരത്തിലുമുള്ള രാഷ്ട്രീയരൂപങ്ങളിലും വളരുന്നുണ്ടെന്നും അവയെല്ലാം തന്നെ സ്വയം കീഴ്പ്പെടുത്തുന്നുണ്ടെന്നുമാണ് വസ്തുതകൾ തെളിയിക്കുന്നത്. അതുകൊണ്ട് ആ രൂപങ്ങളിലൊന്നും ജനാധിപത്യത്തിൻെറ ആവശ്യങ്ങളിലൊന്നും ''അപ്രായോഗിക'' മാണെന്നു പറയുന്നത് സിദ്ധാന്തത്തിൻെറ നിലപാട്ടു വച്ചുനോക്കിയാൽ മൗലികമായി തെററാണ്.

ഈ വാദങ്ങൾക്കൊന്നും പോളിഷ് സഖാക്കൾ മറുപടി പറയാത്ത സ്ഥിതിക്ക് ഈ പോയിൻറിനെക്കുറിച്ചുള്ള ചർച്ച അവസാനിച്ചിരിക്കുന്നുവെന്ന നിഗമനത്തിലെത്തേണ്ടിയിരിക്കുന്നു. ഈ യുദ്ധത്തിൻെറ തന്ത്രപരവും മററുമായ ഘടകങ്ങളെ അടിസ്ഥാനമാക്കി പോളണ്ടിൻെറ പുനഃസ്ഥാപനം ഇപ്പോൾ ''പ്രായോഗിക''മാണെന്ന കാര്യം നിഷേധിക്കുന്നത് ''അപഹാസ്യ''മാണെന്ന് ഒരു ദൃഷ്ടാന്തമെന്ന നിലയ്ക്ക് ഞങ്ങൾ വളരെ വ്യക്തമായി പറയുകയുണ്ടായി. പക്ഷെ മറുപടിയില്ല!

പ്രത്യക്ഷത്തിൽത്തന്നെ തെററായ ഒരു പ്രസ്താവം (§II,1) ആവർത്തിക്കുക മാത്രമാണ് പോളിഷ് സഖാക്കൾ ചെയ്തത്. അവർ പറയുന്നു: ''അന്യദേശങ്ങൾ വെട്ടിപ്പിടിക്കുന്നതു് സംബന്ധിച്ച പ്രശ്നങ്ങളിൽ രാഷ്ട്രീയജനാധിപത്യത്തിൻെറ രൂപമേതാണെന്നതു പ്രസക്തമല്ല; നഗ്നമായ അക്രമമാണ് നിർണ്ണായകമായിട്ടുള്ളതു്.... മുതലാളിത്തം ഒരിക്കലും സ്വന്തം സ്റ്റേററതിർത്തികളുടെ പ്രശ്നം തീരുമാനിക്കാൻ ഒരു ജനതയെ അനുവദിക്കുകയില്ല.''... ഇതു കേട്ടാൽ തോന്നും, സാമ്രാജ്യത്വസേവകരായ സ്വന്തം (അതായതു്, മുതലാളിത്തത്തിൻെറ) ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കാൻ മുതലാളിത്തം ''ഒരു ജനതയെ അനുവദിക്കു''മെന്നു്! ഇതു കേട്ടാൽ തോന്നും, രാജവാഴ്ചയുടെ സ്ഥാനത്തു റിപ്പബ്ലിക്ക് സ്ഥാപിക്കുക, സ്ഥിരം പട്ടാളത്തെ മാററി മിലിഷ്യ രൂപീകരിക്കുക, എന്നു തുടങ്ങി സുപ്രധാന ജനാധിപത്യപ്രശ്നങ്ങളെ സംബന്ധിക്കുന്ന ഗൗരവമേറിയ ഏതെങ്കിലും തീരുമാനം ''പ്രത്യക്ഷത്തിലുള്ള ബലപ്രയോഗം''

കൂടാതെ എടുക്കുകയെന്നതു് പൊതുവിൽ ചിന്തനീയമാണെന്നു് ! ''മാർക്സിസത്തെ കൂടുതൽ ഗഹനമാക്കണെ''മെന്നാണു് പോളിഷ് സഖാക്കളുടെ വ്യക്തിനിഷ്ഠമായ ആഗ്രഹം. പക്ഷെ അവരതിൽ തെല്ലും വിജയിച്ചിട്ടില്ല. വസ്തുനിഷ്ഠമായി നോക്കിയാൽ, അപ്രായോഗികതയെച്ചൊല്ലിയുള്ള അവരുടെ വാദം അവസരവാദപരമാണു്. എന്തെന്നാൽ, മൊത്തത്തിൽ ജനാധിപത്യവും പൊതുവിൽ അതിൻെറ എല്ലാ ആവശ്യങ്ങളും സാമ്രാജ്യത്വത്തിൻകീഴിൽ അപ്രായോഗികമാണെന്നതു പോലെതന്നെ, പോളിഷ് സഖാക്കൾ മനസ്സിൽ ധരിച്ചുവച്ചിട്ടുള്ളതു് വിപ്ലവങ്ങളുടെ ഒരു പരമ്പരകൂടാതെ ''പ്രായോഗികമല്ല''.

ഒരിക്കൽ മാത്രം, §II, 1—ൻെറ അവസാനത്തിൽ, അൽസാസിനെക്കുറിച്ചു പ്രതിപാദിക്കുന്ന അവസരത്തിൽ, പോളിഷ് സഖാക്കൾ ''സാമ്രാജ്യത്വസാമ്പത്തികവാദ''ത്തിൻെറ നിലപാടുപേക്ഷിച്ചിട്ടുണ്ടു്. ജനാധിപത്യത്തിൻെറ രൂപങ്ങളിലൊന്നിൻെറ പ്രശ്നത്തെ അവർ സമീപിച്ചിട്ടുള്ളതു് ''സാമ്പത്തികകാര്യങ്ങളെ''പ്പററിയുള്ള പൊതുപരാമർശത്തോടെയല്ല, പ്രത്യുത, സമൂർത്തമായ ഒരു മറുപടിയോടെയാണു്. എന്നാൽ ആ സമീപനംതന്നെ തെററാണെന്നു തെളിഞ്ഞു! അൽസാസിൻെറ ഒരു ഭാഗം ജർമ്മനിയുടെ ഭാഗത്തേക്കു തിരിയുകയും അതു യുദ്ധഭീഷണി ഉയർത്തുകയും ചെയ്യുന്നുണ്ടെങ്കിൽപ്പോലും അൽസേഷ്യാക്കാർ മാത്രം, ഫ്രഞ്ചുകാരോടു ചോദിക്കാതെ, അവരുടെ തലയ്ക്കു മീതെ അൽസാസും ഫ്രാൻസും കൂടിയുള്ള യൂണിയൻ ''കെട്ടിവയ്ക്കുക''യാണെങ്കിൽ അതു് — ''വൈശിഷ്ട്യവാദപരവും ജനാധിപത്യവിരുദ്ധവു''മായിരിക്കുമെന്നു് അവർ പറയുന്നു!!! അവരുടെ ആശയക്കുഴപ്പം ചിരിക്കാൻ വകനൽകുന്നുണ്ടു്: മർദ്ദകസ്റ്റേററിൽനിന്നു വേറിട്ടുപോകാനുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കുമെന്നാണു് സ്വയംനിർണ്ണയനമെന്നതുകൊണ്ടു് ഉദ്ദേശിക്കുന്നതു് (സ്വയംവിദിതവും ഞങ്ങളുടെ തീസിസ്സിൽ പ്രത്യേകം ഊന്നിപ്പറഞ്ഞിട്ടുള്ളതുമാണിതു്); ഏതെങ്കിലും സ്റ്റേററുമായി ചേരാൻ അതിൻെറ സമ്മതം ആരായണമെന്നു പറയുന്നതു് രാഷ്ട്രീയത്തിൽ തികച്ചും ''അസാധാരണ''മാണു്. സാ

മ്പത്തികരംഗത്തു്, ലാഭമുണ്ടാക്കാൻ മുതലാളിയുടേയും കൂലി വാങ്ങാൻ തൊഴിലാളിയുടേയും ''സമ്മതം'' വാങ്ങണമെന്നു പറയുന്നതുപോലാണിതു്! ഇത്തരം കാര്യങ്ങളെപ്പററി പറയു ന്നതു തികച്ചും അപഹാസ്യമാണു്.

അൽസാസിനു് വിട്ടുപോകാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്യാത്തതിനു് ജർമ്മൻ സോഷ്യലിസത്തിലെ നീചന്മാരേയും, അൽസാസ് മുഴുവനും ബലംപ്രയോഗിച്ച ഫ്രാൻസിനോടു ചേർക്കാനാഗ്രഹിക്കുന്ന ഫ്രഞ്ചു ബൂർഷ്വാസിയുമായി രഞ്ജിപ്പിലെത്തിയതിനു് ഫ്രഞ്ച് സോഷ്യലിസത്തിലെ നീചന്മാരേയും, ''സ്വന്തം'' രാജ്യങ്ങളിലെ സാമ്രാജ്യത്വത്തെ സേവിക്കുകയും ചെറുതെങ്കിലും പ്രത്യേകമായ ഒരു സ്റ്റേററ് ആവിർഭവിക്കുന്നതിനെ ഭയക്കുകയും ചെയ്യുന്നതിനു് രണ്ടുകൂട്ടരേയും വിമർശിക്കുകയാണു്, അൽസാസിനെപ്പററി പറയുമ്പോൾ ഒരു മാർക്സിസ്റ്റ് രാഷ്ട്രീയപ്രവർത്തകൻ ചെയ്യേണ്ടതു്. സ്വയം നിർണ്ണയനമംഗീകരിച്ചുകൊണ്ടു്, അൽസേഷ്യാക്കാരുടെ ഹിതത്തെ യാതൊരുതരത്തിലും ലംഘിക്കാതെ, സോഷ്യലിസ്റ്റുകാർ എങ്ങിനെ ഈ പ്രശ്നം ഏതാനും ആഴ്ചകൾകൊണ്ടു പരിഹരിക്കുമെന്നു കാണിച്ചുകൊടുക്കുകയാണു നാം ചെയ്യേണ്ടതു്. അതിനു പകരം ഫ്രഞ്ച് അൽസേഷ്യാക്കാർ ഫ്രാൻസിൻെറ മേൽ സ്വയം ''വച്ചുകെട്ടു''മെന്ന ഭീകരവിപത്തിനെക്കുറിച്ചു പ്രസംഗിക്കുന്നതു് നല്ല തമാശതന്നെ.

## 3. എന്താണു വെട്ടിപ്പിടുത്തം?

ഞങ്ങളുടെ തീസിസ്സിൽ (7—ാം ഖണ്ഡികയിൽ)* ഈ പ്രശ്നം വളരെ വ്യക്തമായി ഉന്നയിച്ചിട്ടുണ്ടു്. പോളിഷ് സഖാക്കൾ അതിനു മറുപടിപറയാതെ ഒഴിഞ്ഞുമാറി. തങ്ങൾ 1) വെ

* ഈ പുസ്തകത്തിൻെറ പേജുകൾ 182—84 നോക്കുക.—പ്രസാധകർ.

ട്ടിപ്പിടുത്തത്തിനെതിരാണെന്നു് ഉറപ്പിച്ചു പ്രസ്താവിക്കുകയും 2) അതെന്തുകൊണ്ടാണെന്നു വിശദീകരിക്കുകയുമാണവർ ചെയ്തിട്ടുള്ളതു്. ഇവ തീർച്ചയായും പ്രധാനപ്പെട്ട പ്രശ്നങ്ങൾതന്നെ. പക്ഷെ അവ വ്യത്യസ്തമായ പ്രശ്നങ്ങളാണു്. നമ്മുടെ തത്വങ്ങൾ സിദ്ധാന്തപരമായി യുക്തിയുക്തമാണോ എന്നു പരിശോധിക്കുന്നതിലും അവയെ വ്യക്തമായും സൂക്ഷ്മമായും പ്രതിപാദിക്കുന്നതിലും നമുക്കു് അല്പമെങ്കിലും താല്പര്യമുണ്ടെങ്കിൽ, വെട്ടിപ്പിടുത്തത്തിന്റെ പ്രശ്നത്തിൽനിന്നും നമുക്കു് ഒഴിഞ്ഞുനിൽക്കാൻ സാദ്ധ്യമല്ല. കാരണം, നമ്മുടെ രാഷ്ട്രീയപ്രചാരവേലയിലും പ്രക്ഷോഭത്തിലും ഈ ധാരണ ഒരു സ്ഥാനം നേടിക്കഴിഞ്ഞിരിക്കുന്നു. കൂട്ടായ ചർച്ചകൾക്കിടയിൽ ഈ പ്രശ്നത്തിൽനിന്നു് ഒഴിഞ്ഞുമാറുന്നതിനെ ഒരു വ്യക്തമായ നിലപാടെടുക്കാനുള്ള വിസമ്മതമായി മാത്രമേ വ്യാഖ്യാനിക്കാൻ നിവൃത്തിയുള്ളു.

ഞങ്ങളെന്തുകൊണ്ടാണു് ഈ ചോദ്യം ഉന്നയിച്ചിരിക്കുന്നതു്? ഇതുന്നയിക്കുമ്പോൾ ഞങ്ങളതു വിശദീകരിക്കുകയുണ്ടായി. ''വെട്ടിപ്പിടുത്തത്തിനെതിരായി പ്രതിഷേധിക്കൽ സ്വയംനിർണ്ണയാവകാശത്തെ അംഗീകരിക്കലല്ലാതെ മറ്റൊന്നുമല്ല,'' എന്നതാണു് ഇതുന്നയിക്കാനുള്ള കാരണം. വെട്ടിപ്പിടുത്തമെന്ന ധാരണയിൽ പൊതുവിൽ ഉൾപ്പെടുന്നതു് ഇതെല്ലാമാണു്: 1) ബലപ്രയോഗം (ബലം പ്രയോഗിച്ചുള്ള സംയോജനം) എന്ന സങ്കല്പം; 2) വിദേശരാഷ്ട്രത്തെ മർദ്ദിക്കുക (ഒരു ''അന്യ'' ദേശം വെട്ടിപ്പിടിക്കുക, മററും മററും) എന്ന സങ്കല്പം; ഇവക്കു പുറമെ, ചിലപ്പോൾ 3) status quo* ലംഘിക്കുക എന്ന സങ്കല്പം. ഇക്കാര്യം ഞങ്ങൾ തീസിസ്സിൽ ചൂണ്ടിക്കാട്ടുകയുണ്ടായി. എന്നാൽ അതിനെതിരെ വിമർശനമൊന്നുമുണ്ടായില്ല.

അപ്പോൾ ചോദ്യമിതാണു്: സോഷ്യൽഡെമോക്രാററുകാർക്കു് ബലപ്രയോഗത്തെ പൊതുവിൽ എതിർക്കാൻ കഴിയുമോ? തീർച്ചയായും ഇല്ല. അപ്പോൾ ഞങ്ങൾ വെട്ടിപ്പിടുത്തത്തെ എതിർക്കുന്നതു് അതു ബലംപ്രയോഗിച്ചാണെന്നതുകൊ

* നിലവിലുള്ള സ്ഥിതി.—പരിഭാഷകൻ.

ങ്ങളല്ല, മററു ചില കാരണങ്ങരംകൊണ്ടാണ്. ഉള്ളതു് അതേപടി തുടരണമെന്ന നിലപാടു സ്വീകരിക്കാനും സോഷ്യൽഡെമോക്രാററുകാർക്കു നിർവ്വാഹമില്ല. നിങ്ങളെങ്ങനെയെല്ലാം തിരിഞ്ഞു മറിഞ്ഞാലും ശരി, വെട്ടിപ്പിടുത്തമെന്നുവച്ചാൽ ഒരു രാഷ്ട്രത്തിൻെറ സ്വയംനിർണ്ണയനത്തെ ലംഘിക്കലും ജനാഭിലാഷത്തിനെതിരായി ഒരു സ്റ്റേററിൻെറ അതിത്തികരം നിർണ്ണയിക്കലുമാണെന്ന നിഗമനത്തിൽനിന്നൊഴിഞ്ഞുമാറാൻ നിങ്ങരംക്കു സാദ്ധ്യമല്ല.

വെട്ടിപ്പിടുത്തത്തിനെതിരാകുകയെന്നുവച്ചാൽ അതിനൎത്ഥം സ്വയംനിർണ്ണയാവകാശത്തിനു് അനുകൂലമെന്നാണ്. ''ഒരു സ്റ്റേററിൻെറ അതിത്തികരംക്കുള്ളിൽ ഏതെങ്കിലും രാഷ്ട്രത്തെ ബലാൽക്കാരേണ പിടിച്ചുനിർത്തുന്നതിനെ എതിർക്കുന്നതു്'' (ഇതേ ധാരണ അല്പമൊന്നു മാററി ഈ വിധത്തിലും ഞങ്ങളുടെ തീസിസ്സിലെ നാലാം ഖണ്ഡികയിൽ* ഞങ്ങരം പ്രസ്താവിച്ചതു മനഃപൂർവ്വമാണ്. പോളിഷ് സഖാക്കരം അതിനു വ്യക്തമായ മറുപടി നൽകുകയും ചെയ്തു. ''വെട്ടിപ്പിടിക്കുന്ന സ്റ്റേററിൻെറ അതിർത്തികരംക്കുള്ളിൽ മർദ്ദിതരാഷ്ട്രങ്ങളെ ബലാൽക്കാരമായി പിടിച്ചുനിർത്തുന്നതിനെ ഞങ്ങരം എതിർക്കുന്നു''വെന്നു് അവർ ഒന്നാംഖണ്ഡികയുടെ നാലാമത്തെ ഉപവകുപ്പിൽ തുടക്കത്തിൽ തന്നെ പറയുന്നുണ്ടു്) സ്വയംനിർണ്ണയനത്തെ അനുകൂലിക്കൽ തന്നെയാണ്.

വാക്കുകളെച്ചൊല്ലി തർക്കിക്കാൻ ഞങ്ങളാഗ്രഹിക്കുന്നില്ല. വെട്ടിപ്പിടുത്തത്തിനും**സ്വന്തം സ്റ്റേററിൻെറ അതിർത്തികരംക്കുള്ളിൽ മർദ്ദിതരാഷ്ട്രങ്ങളെ ബലാൽക്കാരമായി പിടിച്ചുനിർത്തുന്നതിനുമെതിരാണെന്നു് ഏതെങ്കിലും പാർട്ടി അതിൻെറ പരിപാടിയിൽ (അല്ലെങ്കിൽ എല്ലാവർക്കും ബാധകമായ ഒരു പ്രമേ

*ഈ പുസ്തകത്തിൻെറ പേജുകരം 175—76 നോക്കുക.—പ്രസാധകർ.

**''പഴയതും പുതിയതുമായ വെട്ടിപ്പിടുത്തങ്ങരംക്കെതിരെ'' എന്നതു് ''ബെർണർ താഗ്‌വക്ടി''[76]ലെ ഒരു ലേഖനത്തിൽ കെ. റാഡെക് പ്രയോഗിച്ചതാണ്.

യത്തിൽ— രൂപമെന്താണെന്നതു പ്രധാനമല്ല) പറയുകയാണെ ങ്കിൽ ഞങ്ങറംക്കു് ആ പാർട്ടിയോടു് തത്വത്തിൽ പരിപൂർണ്ണ മായ യോജിപ്പാണുള്ളതെന്നു് ഞങ്ങറം പ്രഖ്യാപിക്കുന്നു. ''സ്വ യംനിർണ്ണയന''മെന്ന വാക്കിൽ മുറുകെപ്പിടിക്കുന്നതു് അസംബ ന്ധമാണു്. നമ്മുടെ പാർട്ടിപരിപാടിയുടെ 9—ാം ഖണ്ഡികയുടെ വാക്കുകറം, അതിലെ പ്രതിപാദനം, ഈ സ്പിരിട്ടിൽ മാററണ മെന്നു ആഗ്രഹിക്കുന്ന ആരെങ്കിലും നമ്മുടെ പാർട്ടിക്കകത്തു ണ്ടെങ്കിൽ ആ സഖാക്കളുമായുള്ള ഞങ്ങളുടെ അഭിപ്രായവ്യത്യാ സം തത്വത്തെ മുൻനിർത്തിയുള്ളതായി ഞങ്ങറം കരുതുകയില്ല!

നമ്മുടെ മുദ്രാവാക്യങ്ങളുടെ രാഷ്ട്രീയവ്യക്തതയും സിദ്ധാ ന്തപരമായ ഭദ്രതയും മാത്രമേ സംഗതമായിട്ടുള്ളു.

ഈ പ്രശ്നത്തെസ്സംബന്ധിച്ച വാഗ്രൂപേണയുള്ള ചർച്ച കളിൽ— യുദ്ധം നടന്നുകൊണ്ടിരിക്കുന്ന ഇക്കാലത്തു വിശേഷി ച്ചും ഇതിനുള്ള പ്രാധാന്യം ആരും നിഷേധിക്കുകയില്ല ല്ലൊ — ഞങ്ങറം ഇങ്ങനെയൊരു വാദം കേറംക്കുകയുണ്ടായി (അതു പത്രങ്ങളിൽ കണ്ടില്ല): ഏതെങ്കിലുമൊരു തിന്മയ്ക്കു് എതിരായി പ്രതിഷേധിക്കുന്നതുകൊണ്ടു് ആ തിന്മയെ വർ ജ്ജിച്ചുകൊണ്ടുള്ള ക്രിയാത്മകമായ ധാരണയെ അംഗീകരിക്കുന്നു വെന്നർത്ഥമില്ല. ഈ വാദം പ്രത്യക്ഷത്തിൽത്തന്നെ അർത്ഥശൂ ന്യമാണു്. അതുകൊണ്ടായിരിക്കും അതു് ഒരു പത്രത്തിലും പ്രക ടിപ്പിച്ചുകാണാതിരുന്നതു്. ''വെട്ടിപ്പിടിക്കുന്ന സ്റ്റേററിൻെറ അതിർത്തികറംക്കുള്ളിൽ മർദ്ദിതരാഷ്ട്രങ്ങളെ ബലാൽക്കാരമായി പിടിച്ചുനിർത്തുന്നതിനെ എതിർക്കുന്നു''വെന്നു് സോഷ്യലിസ്റ്റ് പാർട്ടി പ്രഖ്യാപിക്കുകയാണെങ്കിൽ, തങ്ങറം അധികാരമേ റെറടുക്കുമ്പോറം ബലാൽക്കാരമായി രാഷ്ട്രങ്ങളെ പിടിച്ചുനിർ ത്തുന്നതല്ലെന്നു് ഉറപ്പുനൽകുകയാണു് പാർട്ടി അതുവഴി ചെയ്യു ന്നതു്.

നാളെ ഹിൻഡൻബുർഗ്ഗ് റഷ്യയുടെമേൽ പകുതി വിജയം വരിക്കുകയും അതു് (സാറിസത്തെ കുറെ ക്ഷീണിപ്പിക്കണമെന്ന ബ്രിട്ടൻേറയും ഫ്രാൻസിൻേറയും ആഗ്രഹം നിമിത്തം) ഒരു പുതിയ പോളിഷ് സ്റ്റേററിൻെറ രൂപീകരണത്തിലൂടെ പ്രക

ടിതമാവുകയും—മുതലാളിത്തത്തിൻേറയും സാമ്രാജ്യത്വത്തിൻേറയും സാമ്പത്തികനിയമങ്ങരം വച്ചുനോക്കുന്നപക്ഷം ഇതു തികച്ചും ''പ്രായോഗിക''മാണ്—അതേത്തുടർന്നു പിറേറന്ന് സെൻറ് പീറേറഴ്സ്ബർഗ്ഗിലും ബെർലിനിലും വാഴ്സായിലും സോഷ്യലിസ്റ്റ് വിപ്ലവം വിജയിക്കുകയും ചെയ്യുകയാണെങ്കിൽ, റഷ്യയിലേയും ജർമ്മനിയിലേയും സോഷ്യലിസ്റ്റ് ഗവണ്മെൻറുകളെപ്പോലെ പോളണ്ടിലെ സോഷ്യലിസ്റ്റ് ഗവണ്മെൻറും പോളിഷ് സ്റ്റേററിൻെറ ''അതിർത്തികരംക്കുള്ളിൽ,'' ഉദാഹരണത്തിന്, ഉക്രേനിയന്മാരെ ''ബലാൽക്കാരമായി പിടിച്ചുനിർത്തുകയില്ലെ''ന്ന കാര്യത്തിൽ ഞങ്ങരംക്കു് ഒരു നിമിഷനേരത്തേക്കുപോലും സംശയമില്ല. ''ഗസേത റൊബോത്നിച്ച''യുടെ പത്രാധിപസമിതിയംഗങ്ങരം ആ ഗവണ്മെൻറിലുണ്ടെങ്കിൽ അവർ തങ്ങളുടെ ''തീസിസ്സ്'' തിരസ്കരിക്കുമെന്നതും അങ്ങിനെ ''സ്വയംനിർണ്ണയാവകാശം ഒരു സോഷ്യലിസ്റ്റ് സമുദായത്തിനു ബാധകമല്ലെ''ന്ന ''സിദ്ധാന്തം'' ഖണ്ഡിക്കുമെന്നതും നിസ്സംശയമാണ്. മറിച്ചായിരുന്നു ഞങ്ങളുടെ അഭിപ്രായമെങ്കിൽ, പോളണ്ടിലെ സോഷ്യൽഡെമോക്രാററുകാരുമായി ഇത്തരത്തിലുള്ള സൗഹാർദ്ദപരമായ ഒരു വിവാദത്തിൽ ഞങ്ങരം ഏർപ്പെട്ടുമായിരുന്നില്ല. അവരെ ഞങ്ങരം സങ്കുചിതവാദികളെന്ന നിലയ്ക്കു് പല്ലും നഖവുമുപയോഗിച്ച് എതിർക്കുമായിരുന്നു.

ഞാൻ ഏതെങ്കിലും യൂറോപ്യൻ നഗരത്തിൻെറ തെരുവിലേക്കിറങ്ങി, ഒരു മനുഷ്യനെ വിലയ്ക്കുവാങ്ങി അടിമയാക്കിവയ്ക്കാൻ എന്നെ അനുവദിക്കാത്തതിൽ പരസ്യമായി പ്രതിഷേധിക്കുകയും പിന്നീട് ആ ''പ്രതിഷേധം'' ഞാൻ പത്രപംക്തികളിലൂടെ ആവർത്തിക്കുകയും ചെയ്യുന്നുവെന്നു സങ്കല്പിക്കുക. ആളുകരം എന്നെ ഒരു അടിമയുടമയായും അടിമത്തമെന്ന തത്വത്തിൻെറ, അഥവാ വ്യവസ്ഥയുടെ, അനുകൂലിയായുമാണു കാണുന്നതെങ്കിൽ അതിൽ യാതൊരു തെററുമില്ല. അടിമത്തത്തോടുള്ള എൻെറ അനുഭാവം പ്രകടിതമായതു് ഒരു പ്രതിഷേധത്തിൻെറ നിഷേധരൂപത്തിലാണ്, ക്രിയാത്മകരൂപത്തിൽ (''ഞാൻ

അടിമത്തത്തെ അനുകൂലിക്കുന്നു'') അല്ല എന്ന വസ്തുത ആരെയും വഞ്ചിക്കുകയില്ല. ഒരു രാഷ്ട്രീയ''പ്രതിഷേധം'' ഒരു രാഷ്ട്രീയപരിപാടിയോടു തികച്ചും തുല്യമാണു്; ഇത്രയും സ്പഷ്ടമായ ഒരു കാര്യം കൂടുതൽ വിശദീകരിക്കേണ്ടിവരികയെന്നതു് അല്പം വിഷമമാണു്. ഒരു രാഷ്ട്രീയപ്രതിഷേധത്തേയും രാഷ്ട്രീയപരിപാടിയേയും വേർതിരിച്ചുകാണാനും ഒന്നു മറ്റൊന്നിനെതിരായി ഉയർത്തിപ്പിടിക്കാനും മററും കെൽപ്പുള്ളവർക്കു് മൂന്നാം ഇൻററർനാഷനലിൽ സ്ഥാനമില്ലെന്നു ഞങ്ങൾ പറഞ്ഞാൽ സിമ്മർവാൾഡ് ഇടതുപക്ഷക്കാരുടെ ഭാഗത്തുനിന്നെങ്കിലും — എല്ലാ സിമ്മർവാൾഡിസ്റ്റുകളേയുമല്ല ഞങ്ങളുദ്ദേശിക്കുന്നതു്; എന്തെന്നാൽ, മാർത്തൊവും മററു കൗട്സ്കിയിസ്റ്റുകളും അവരുടെ കൂട്ടത്തിൽപ്പെടും — ''പ്രതിഷേധ''മുണ്ടാവില്ലെന്നു് ഞങ്ങൾക്കു പൂർണ്ണ ബോദ്ധ്യമുണ്ടു്.

ഞങ്ങൾ വാക്കുകളെച്ചൊല്ലി തർക്കിക്കാനിഷ്ടപ്പെടുന്നില്ല. ഞങ്ങളുടെ (അവരുടേയും) പാർട്ടിപരിപാടിയിൽനിന്നും, കൂടാതെ ഇൻറർനാഷനലിൻെറ പരിപാടിയിൽനിന്നും (1896–ലെ ലണ്ടൻ കോൺഗ്രസ്സിൻെറ പ്രമേയം) 9–ാംഖണ്ഡിക നീക്കം ചെയ്യണമെന്ന അവരുടെ നിർദ്ദേശവും അതോടൊപ്പം ''പഴയതും പുതിയതുമായ വെട്ടിപ്പിടുത്തങ്ങളെ''ക്കുറിച്ചും ''വെട്ടിപ്പിടിക്കുന്ന സ്റ്റേററിൻെറ അതിർത്തികൾക്കുള്ളിൽ ഒരു മർദ്ദിതരാഷ്ട്രത്തെ ബലാൽക്കാരമായി പിടിച്ചുനിർത്തുന്നതിനെ'' കുറിച്ചുമുള്ള രാഷ്ട്രീയധാരണകൾക്കു് അവർ നൽകുന്ന നിർവ്വചനവും പോളിഷ് സോഷ്യൽഡെമോക്രാററുകാർ താമസംവിനാ ഔദ്യോഗികമായി പ്രതിപാദിക്കാൻ ശ്രമിക്കുമെന്ന അടിയുറച്ച പ്രതീക്ഷ ഞങ്ങൾ പ്രകാശിപ്പിച്ചുകൊള്ളട്ടെ.

നമുക്കു് അടുത്ത പ്രശ്നത്തിലേക്കു കടക്കാം.

## 4. വെട്ടിപ്പിടുത്തത്തിനു് അനുകൂലമോ പ്രതികൂലമോ?

തങ്ങൾ വെട്ടിപ്പിടുത്തത്തിനെതിരാണെന്നു് പോളിഷ് സഖാക്കൾ അവരുടെ തീസിസ്സിൻെറ ആദ്യഭാഗത്തിൻെറ 3–ാം

ഖണ്ഡികയിൽ വളരെ വ്യക്തമായി പ്രഖ്യാപിക്കുകയുണ്ടായി. നിർഭാഗ്യവശാൽ, അതേ ഭാഗത്തിൻെറത്തന്നെ 4—ാംഖണ്ഡികയിൽ കാണുന്ന ചില അഭിപ്രായങ്ങൾ വെട്ടിപ്പിടുത്തത്തിനു് അനുകൂലമെന്നനിലക്കേ കരുതാനൊക്കൂ. മിതമായിപ്പറഞ്ഞാൽ, വിചിത്രമായ ഒരു വാചകത്തോടുകൂടിയാണു് പ്രസ്തുതഖണ്ഡിക ആരംഭിക്കുന്നതു്. ഞങ്ങൾ അതു് ഉദ്ധരിക്കാം:

''വെട്ടിപ്പിടുത്തത്തിനെതിരായും വെട്ടിപ്പിടിക്കുന്ന സ്റ്റേററിൻെറ അതിർത്തികൾക്കുള്ളിൽ മർദ്ദിതരാഷ്ട്രങ്ങളെ ബലാൽക്കാരമായി പിടിച്ചുനിർത്തുന്നതിനെതിരായും സോഷ്യൽഡെമോക്രസി നടത്തുന്ന സമരത്തിൻെറ തുടക്കം ഏതുവിധത്തിലുള്ള പിതൃഭൂമിസംരക്ഷണത്തേയും നിരാകരിക്കലിൽനിന്നാണു് (കീഴ്‌വര ലേഖകൻേറതു്). സാമ്രാജ്യത്വയുഗത്തിൽ പിതൃഭൂമിയെ രക്ഷിക്കുകയെന്നുപറഞ്ഞാൽ അന്യജനതകളെ മർദ്ദിക്കാനും കൊള്ളയടിക്കാനും സ്വന്തം ബൂർഷ്വാസിക്കു് അവകാശമുണ്ടെന്നു വാദിക്കുകയെന്നാണർത്ഥം....''

എന്താണു് ഈ പറയുന്നതു്?

''വെട്ടിപ്പിടുത്തത്തിനെതിരായ സമരത്തിൻെറ തുടക്കം ഏതു വിധത്തിലുള്ള പിതൃഭൂമിസംരക്ഷണത്തേയും നിരാകരിക്കലിൽ നിന്നാണു്....'' പക്ഷെ, ഏതൊരു ദേശീയയുദ്ധത്തേയും ഏതൊരു ദേശീയകലാപത്തേയും ''പിതൃഭൂമിസംരക്ഷണ''മെന്നു വിളിക്കാവുന്നതാണു്. സാധാരണയായി ഇന്നേവരെ അങ്ങിനെയാണു് അവയെ വിളിച്ചുപോന്നിട്ടുള്ളതും. ഞങ്ങൾ വെട്ടിപ്പിടുത്തത്തിനെതിരാണു്, പക്ഷെ... ഞങ്ങളിതു മനസ്സിലാക്കുന്നതു് ഈ വിധത്തിലാണു്: വെട്ടിപ്പിടുത്തക്കാരിൽനിന്നു മോചനം നേടുന്നതിനുവേണ്ടി വെട്ടിപ്പിടിക്കപ്പെട്ടവർ നടത്തുന്ന യുദ്ധത്തിനു ഞങ്ങളെതിരാണു്; വെട്ടിപ്പിടുത്തക്കാരിൽനിന്നു മോചനം ലഭിക്കാൻവേണ്ടി വെട്ടിപ്പിടിക്കപ്പെട്ടവർ നടത്തുന്ന കലാപത്തിനു ഞങ്ങളെതിരാണു്. വെട്ടിപ്പിടുത്തത്തിനനുകൂലമായ ഒരഭിപ്രായമല്ലേ ഇതു്?

''സാമ്രാജ്യത്വയുഗത്തിൽ'' പിതൃഭൂമിയുടെ സംരക്ഷണമെന്നു പറഞ്ഞാൽ അതിനർത്ഥം അന്യജനതകളെ മർദ്ദിക്കാൻ

സ്വന്തം ബൂർഷ്വാസിക്ക് അവകാശമുണ്ടെന്നു വാദിക്കുകയെന്നാണ് എന്ന ന്യായം പറഞ്ഞാണ് തീസിസ്സിന്റെ കർത്താക്കൾ ഈ വിചിത്രമായ പ്രഖ്യാപനം നടത്തിയിരിക്കുന്നത്. പക്ഷെ ഇതു് ഒരു സാമ്രാജ്യത്വയുദ്ധത്തിന്റെ കാര്യത്തിൽ മാത്രമാണു ശരി; അതായതു് സാമ്രാജ്യത്വശക്തികൾ അഥവാ സാമ്രാജ്യത്വശക്തികളുടെ ഗ്രൂപ്പുകൾ തമ്മിലുള്ള യുദ്ധത്തിന്റെ കാര്യത്തിൽ. കാരണം, രണ്ടു ഭാഗക്കാരും ''അന്യജനതകളെ'' മർദ്ദിക്കുന്നുണ്ടെന്നു മാത്രമല്ല തങ്ങളിലാരാണ് കൂടുതൽ അന്യജനതകളെ മർദ്ദിക്കേണ്ടതെന്ന കാര്യം തീരുമാനിക്കാനാണ് അവർ യുദ്ധം നടത്തുന്നതുതന്നെ.

''പിതൃഭൂമിയുടെ സംരക്ഷണ''ത്തെ നമ്മുടെ പാർട്ടി കാണുന്നതിൽനിന്നും തികച്ചും വ്യത്യസ്തമായിട്ടാണ് ഈ തീസിസ്സ് തയ്യാറാക്കിയവർ കാണുന്നതെന്നു സ്പഷ്ടമാണ്. നാം ഒരു സാമ്രാജ്യത്വയുദ്ധത്തിൽ ''പിതൃഭൂമിയുടെ സംരക്ഷണ''മെന്ന മുദ്രാവാക്യത്തെ നിരാകരിക്കുന്നു. ഇക്കാര്യം നമ്മുടെ പാർട്ടി കേന്ദ്രക്കമ്മിററിയുടെ പ്രകടനപത്രികയിലും ബേർൺ പ്രമേയങ്ങളിലും* അങ്ങേയററം വ്യക്തമാക്കിയിരുന്നു. ജർമ്മൻ ഭാഷയിലും ഫ്രഞ്ചു ഭാഷയിലും പുറത്തുവന്ന ''സോഷ്യലിസവും യുദ്ധവും'' എന്ന ലഘുലേഖയിൽ അവ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, നമ്മുടെ തീസിസ്സിലും നാമിക്കാര്യം രണ്ടുതവണ ഊന്നിപ്പറഞ്ഞിട്ടുണ്ട് (4, 6 ഖണ്ഡികകൾക്കുള്ള കീഴ്ക്കുറിപ്പുകൾ നോക്കുക).** പോളിഷ് തീസിസ്സിന്റെ കർത്താക്കൾ പ്രത്യക്ഷത്തിൽ പിതൃഭൂമിയുടെ സംരക്ഷണമെന്നതു് പൊതുവിൽ, അതായതു്, ഒരു ദേശീയയുദ്ധത്തിന്റെ സന്ദർഭത്തിലും, നിരാകരിക്കുകയാണു ചെയ്യുന്നതു്. ദേശീയയുദ്ധങ്ങൾ ''സാ

*വി. ഐ. ലെനിന്റെ ''യുദ്ധവും റഷ്യൻ സോഷ്യൽഡെമോക്രസിയും'' ("The War and Russian Social Democracy"), ''ആർ. എസ്സ്. ഡി. എൽ. പി.യുടെ വിദേശവകുപ്പുകളുടെ സമ്മേളനം'' ("The Conference of the Foreign Sections of the R.S.D.L.P.") എന്ന ലേഖനങ്ങൾ നോക്കുക.—പ്രസാധകർ.

** ഈ പുസ്തകത്തിലെ 177, 181 എന്നീ പേജുകൾ നോക്കുക.—പ്രസാധകർ.

മ്രാജ്യത്വയുഗത്തിൽ'' അസാദ്ധ്യമാണെന്നായിരിക്കും ഒരുപക്ഷെ അവരുടെ വിശ്വാസം. പോളിഷ് സഖാക്കരം അവരുടെ തീസിസ്സിൽ അങ്ങിനെയൊരഭിപ്രായം പ്രകടിപ്പിക്കാത്തതുകൊണ്ടാണു് ഞങ്ങരം ''ഒരുപക്ഷെ'' എന്നു പറഞ്ഞതു്.

ഈ അഭിപ്രായഗതി ''ഇൻററർനററ്സിയൊനാലെ'' എന്ന ജർമ്മൻ ഗ്രൂപ്പിൻെറ തീസിസ്സിലും യൂനിയസ്സിൻെറ ലഘുലേഖയിലും വ്യക്തമായി പ്രകടിപ്പിച്ചിട്ടുണ്ടു്. പ്രസ്തുതലഘുലേഖയെക്കുറിച്ച് ഞങ്ങരം ഒരു പ്രത്യേകലേഖനത്തിൽ* ചർച്ച ചെയ്തിട്ടുണ്ടു്. അവയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങരംക്കു പുറമെ ഒരു കാര്യം കൂടി പറഞ്ഞുകൊള്ളട്ടെ. വെട്ടിപ്പിടിക്കപ്പെട്ട ഒരു പ്രദേശമോ രാജ്യമോ വെട്ടിപ്പിടിച്ചവർക്കെതിരായി നടത്തുന്ന ദേശീയകലാപത്തെ യുദ്ധമെന്നതിനു പകരം കലാപമെന്നും വിളിക്കാവുന്നതാണു് (ഇങ്ങനെയൊരു എതിർപ്പ് ഞങ്ങരം കേട്ടിട്ടുള്ളതുകൊണ്ടു് അതിനെ പരാമർശിച്ചുവെന്നേയുള്ളു. വാക്കിനെച്ചൊല്ലിയുള്ള ഈ വാദം ഞങ്ങളുടെ അഭിപ്രായത്തിൽ അപ്രധാനമാണു്). വെട്ടിപ്പിടിക്കപ്പെട്ട ബെൽജിയവും സേർബിയയും ഗലീഷ്യയും ആർമീനിയയും വെട്ടിപ്പിടിച്ചവർക്കെതിരായി നടത്തുന്ന ''കലാപ''ത്തെ ''പിതൃഭൂമിയുടെ സംരക്ഷണ''മെന്നായിരിക്കും അവർ വിളിക്കുന്നതെന്നും അങ്ങിനെ വിളിക്കുന്നതു തികച്ചും ശരിയാണെന്നും ആരും നിഷേധിക്കാൻ ഒരുമ്പെടുകയില്ലല്ലൊ. വെട്ടിപ്പിടിക്കപ്പെട്ട ഈ രാജ്യങ്ങളിൽ ഒരു ബൂർഷ്വാസികൂടിയുള്ളതുകൊണ്ടും അതും അന്യജനതകളെ മർദ്ദിക്കുന്നു അഥവാ മർദ്ദിച്ചേക്കാം എന്നതുകൊണ്ടും—കാരണം ഇവിടെ പ്രശ്നം ''അതിനു മർദ്ദിക്കാനുള്ള അവകാശം'' മാത്രമാണു്—അങ്ങിനെയൊരു കലാപത്തിനു പോളിഷ് സഖാക്കരം എതിരാണെന്നു വരുന്നു. അപ്പോരം, ഒരു യുദ്ധത്തേയോ കലാപത്തേയോ അവർ വിലയിരുത്തുന്നതു് യഥാർത്ഥത്തിലുള്ള അതിൻെറ സാമൂഹ്യ ഉള്ളടക്കം നോക്കി

---

*''യൂനിയസ്സിൻെറ ലഘുലേഖയെപ്പററി'' ("Concerning the Yunius Pamphlet") എന്ന ലെനിൻെറ ലേഖനം നോക്കുക.—പ്രസാധകർ.

യിട്ടല്ല (ഒരു മർദ്ദിതരാഷ്ട്രം സ്വന്തം മോചനത്തിനുവേണ്ടി മർദ്ദകർക്കെതിരായി നടത്തുന്ന സമരം), ഇപ്പോഴം മർദ്ദനമനുഭവിക്കുന്ന ബൂർഷ്വാസിക്കു് മർദ്ദിക്കാനുള്ള അതിന്റെ ''അവകാശം'' പ്രയോഗിക്കാൻ കഴിയുമോ എന്നു നോക്കിയിട്ടാണു്. ഉദാഹരണത്തിനു് 1917–ൽ ജർമ്മനി ബെൽജിയത്തെ വെട്ടിപ്പിടിക്കുകയും 1918–ൽ ബെൽജിയം വിമോചനത്തിനുവേണ്ടി കലാപം നടത്തുകയും ചെയ്യുകയാണെങ്കിൽ, ''അന്യജനതകളെ മർദ്ദിക്കാനുള്ള അവകാശം'' ബെൽജിയൻ ബൂർഷ്വാസിക്കുണ്ടെന്ന കാരണത്താൽ പോളിഷ് സഖാക്കഠം ആ കലാപത്തെ എതിർക്കുന്നതാണു്!

ഈ വാദത്തിൽ മാർക്സിസവുമില്ല, പൊതുവി ൽപറഞ്ഞാൽ വിപ്ലവവുമില്ല. സോഷ്യലിസത്തെ വഞ്ചിക്കാതെ തന്നെ നാം നമ്മുടെ മുഖ്യശത്രുവായ വൻകിടസ്റ്റേററുകളിലെ ബൂർഷ്വാസിക്കെതിരായ ഓരോ കലാപത്തേയും, അതു പിന്തിരിപ്പൻ വർഗ്ഗത്തിന്റെ കലാപമല്ലെങ്കിൽ, പിന്താങ്ങിയേ തീരൂ. വെട്ടിപ്പിടിക്കപ്പെട്ട പ്രദേശങ്ങഠം നടത്തുന്ന കലാപത്തെ പിന്താങ്ങാൻ കൂട്ടാക്കാത്തതിൽക്കൂടി നാം — വസ്തുനിഷ്ഠമായി നോക്കുകയാണെങ്കിൽ— വെട്ടിപ്പിടുത്തത്തിന്റെ അനുകൂലികളായിത്തീരുന്നു. പ്രത്യേകിച്ചും, സാമൂഹ്യവിപ്ലവം പൊട്ടിമുളയ്ക്കുന്ന യുഗമായ ''സാമ്രാജ്യത്വയുഗത്തിൽ'' വെട്ടിപ്പിടിക്കപ്പെട്ട പ്രദേശങ്ങഠം നടത്തുന്ന കലാപത്തെ അതിൻഫലമായി ചിറകൊടിഞ്ഞ ''വൻകിടശക്തി''യിലെ ബൂർഷ്വാസിക്കെതിരായി അതിനോടൊപ്പമോ അതുകഴിഞ്ഞോ ആഞ്ഞടിക്കണമെന്ന ഉദ്ദേശത്തോടെ തൊഴിലാളിവർഗ്ഗം കൂടുതൽ വീറോടെ പിന്താങ്ങുന്നതാണു്.

പക്ഷെ വെട്ടിപ്പിടുത്തത്തോടുള്ള പോളിഷ് സഖാക്കളുടെ ആനുകൂല്യം ഇവിടെയും നിൽക്കുന്നില്ല. അവർ വെട്ടിപ്പിടിക്കപ്പെട്ട പ്രദേശങ്ങഠം നടത്തുന്ന കലാപത്തിനെതിരാണെന്നു മാത്രമല്ല, അവ തങ്ങളുടെ സ്വാതന്ത്ര്യം ഏതുവിധത്തിൽ വീണ്ടെടുക്കുന്നതിനും — സമാധാനപരമായിട്ടാണെങ്കിൽക്കൂടി — അവരെതിരാണു്! കേട്ടോളൂ:

''സാമ്രാജ്യത്വത്തിൻെറ മർദ്ദനനയംകൊണ്ടുണ്ടായിട്ടുള്ള ഫലങ്ങൾക്ക് സോഷ്യൽഡെമോക്രസി യാതൊരു ഉത്തരവാദിത്വവും ഏററെടുക്കാൻ തയ്യാറില്ലെന്നു മാത്രമല്ല, അങ്ങേയററം വീറോടെ അവയ്ക്കെതിരായി പൊരുതുകയും ചെയ്യും. എന്നാലതേസമയംതന്നെ, യൂറോപ്പിൽ പുതിയ അതിർത്തിത്തുണുകൾ നാട്ടുന്നതിനേയോ സാമ്രാജ്യത്വം പിഴുതുമാററിയ തൂണുകൾ പുനസ്ഥാപിക്കുന്നതിനെയോ അതു തെല്ലും അനുകൂലിക്കുന്നില്ല.'' (കീഴ്‌വര ലേഖകൻേറതു്).

ഇന്നു സാമ്രാജ്യത്വം ജർമ്മനിക്കും ബെൽജിയത്തിനുമിടയ്ക്കുള്ളതും റഷ്യയ്ക്കും ഗലീഷ്യയ്ക്കുമിടയ്ക്കുള്ളതുമായ ''അതിർത്തിത്തുണുകൾ പിഴുതുമാററിയിരിക്കുകയാണ്.'' അവ ഏതുതരത്തിൽ പുനസ്ഥാപിക്കുന്നതിനേയും സാർവ്വദേശീയസോഷ്യൽഡെമോക്രസി പൊതുവിലെതിർക്കണമെന്നാണു പറയുന്നതു്. 1905–ൽ, ''സാമ്രാജ്യത്വയുഗത്തിൽ,'' സ്വയംഭരണാധികാരമുള്ള നോർവ്വെയുടെ നിയമസഭ സ്വീഡനിൽനിന്നു വിട്ടുപോകുന്നതായി പ്രഖ്യാപിക്കുകയും നോർവ്വെയ്ക്കെതിരായി യുദ്ധം ചെയ്യണമെന്നു് സ്വീഡനിലെ പിന്തിരിപ്പന്മാർ ആവശ്യപ്പെട്ടെങ്കിലും സ്വീഡിഷ് തൊഴിലാളികളുടെ എതിർപ്പും സാർവ്വദേശീയസാമ്രാജ്യത്വനിലയും കാരണം അതു നടക്കാതിരിക്കുകയും ചെയ്തപ്പോൾ, ''യൂറോപ്പിൽ പുതിയ അതിർത്തിത്തുണുകൾ നാട്ടുന്നു'' വെന്ന കാരണത്താൽ സോഷ്യൽഡെമോക്രസി നോർവ്വെ വേറിട്ടുപോയതിനെ എതിർക്കേണ്ടതായിരുന്നുവത്രെ!

ഇതു് കറകളഞ്ഞ, നഗ്നമായ വെട്ടിപ്പിടിക്കൽവാദമാണ്. അതിനെ ഖണ്ഡിക്കേണ്ട കാര്യമില്ല, അതു സ്വയം ഖണ്ഡിക്കുന്നു. ''ഞങ്ങൾ പൊതുവിൽ വെട്ടിപ്പിടുത്തത്തിനെതിരാണ്. പക്ഷെ യൂറോപ്പിൽ വെട്ടിപ്പിടുത്തമാവാം. അഥവാ, ഒരിക്കൽ അതു നടന്നുകഴിഞ്ഞാൽ അതുമായി പൊരുത്തപ്പെട്ടുപോകാൻ ഞങ്ങളൊരുക്കമാണ്'' — ഇങ്ങനെയൊരു നിലപാടെടുക്കാൻ ഒരൊററ സോഷ്യലിസ്റ്റ് പാർട്ടിപോലും ധൈര്യപ്പെടുകയില്ല....

തികച്ചും ''അസാദ്ധ്യ''മാണെന്ന സ്വയംവിദിതമായ ഈ നിലപാടിൽ പോളിഷ് സഖാക്കളെ കൊണ്ടുചെന്നെത്തിച്ച തെററിൻെറ താത്വിക ഉറവിടങ്ങഠം മാത്രമേ നമുക്കു പരിശോധിക്കേണ്ടതുള്ളു. ''യൂറോപ്പിനെ'' പ്രത്യേകമായി കാണുന്നതു് എത്രത്തോളം യുക്തിഹീനമാണെന്നു് ഞങ്ങഠം വഴിയെ പ്രസ്താവിക്കാം. തീസിസ്സിൽനിന്നു് താഴെ ഉദ്ധരിക്കുന്ന രണ്ടു വാചകങ്ങഠം അവരുടെ തെററിൻെറ മററു് ഉറവിടങ്ങഠം വ്യക്തമാക്കുന്നതാണു്:

''സുസ്ഥാപിതമായിക്കഴിഞ്ഞ ഒരു മുതലാളിത്തസ്റ്റേററിൻെറ മീതേക്കൂടി അതിനെ ചതച്ചരച്ചുകൊണ്ടു് എവിടെയെല്ലാം സാമ്രാജ്യത്വത്തിൻെറ കനത്ത ചക്രം കടന്നുപോയിട്ടുണ്ടോ, അവിടെയെല്ലാം മുതലാളിത്തലോകത്തിൻെറ രാഷ്ട്രീയവും സാമ്പത്തികവുമായ കേന്ദ്രീകരണം സാമ്രാജ്യത്വമർദ്ദനത്തിൻെറ പൈശാചികരൂപത്തിൽ നടക്കുകയും അങ്ങിനെ സോഷ്യലിസത്തിലേക്കുള്ള വഴി തെളിക്കപ്പെടുകയും ചെയ്യുന്നു.''...

വെട്ടിപ്പിടുത്തത്തെ ഇങ്ങനെ നീതീകരിക്കുന്നതു മാർക്സിസമല്ല, സ്ട്രൂവെയിസമാണു്. റഷ്യയിലെ 1890—നെത്തുടർന്നുള്ള വർഷങ്ങഠം ഓർമ്മയുള്ള റഷ്യൻ സോഷ്യൽഡെമോക്രാററുകാരെ സംബന്ധിച്ചിടത്തോളം മാർക്സിസത്തെ ഈ വിധത്തിൽ വികൃതപ്പെടുത്തുന്നതു് അവരിതിനുമുമ്പും കണ്ടിട്ടുണ്ടു്. സ്ട്രൂവെമാരും കുനൊവ്മാരും ലേഗീന്മാരും കൂട്ടരും ഇതേകാര്യം ചെയ്തിട്ടുള്ളതാണു്. ''സാമൂഹ്യസാമ്രാജ്യവാദിക''ളെന്നു പറയപ്പെടുന്ന ജർമ്മൻ സ്ട്രൂവെയിസ്റ്റുകളെ പ്രത്യേകിച്ചു പരാമർശിക്കുന്ന മറെറാരു തീസിസ്സിൽ (II, 3) പോളിഷ് സഖാക്കഠം ഇങ്ങനെ പറയുന്നു:

...''ദേശീയമർദ്ദനത്തിനെതിരായ നമ്മുടെ സമരത്തെ ചരിത്രത്തിനു നിരക്കാത്ത വികാരപ്രകടനമായി ചിത്രീകരിക്കാനും അങ്ങിനെ സോഷ്യൽഡെമോക്രാററിക് പരിപാടിയുടെ ശാസ്ത്രീയാടിസ്ഥാനത്തിൽ തൊഴിലാളിവർഗ്ഗത്തിനുള്ള വിശ്വാസത്തെ തുരങ്കംവയ്ക്കാനും,'' സ്വയംനിർണ്ണയനമുദ്രാവാക്യം ''വെറും മിഥ്യയാണെന്നു തെളിയിക്കാൻ ശ്രമിക്കുന്ന സാമൂഹ്യ

സാമ്രാജ്യവാദികരംക്കു് പ്രസ്തുതമുദ്രാവാക്യം അവസരം നൽകുന്നു.''...

ജർമ്മൻ സ്ട്രൂവെയിസ്റ്റുകളുടെ നിലപാടു് തീസിസ്സിന്റെ കർത്താക്കരം ''ശാസ്ത്രീയമായി'' കരുതുന്നുവെന്നർത്ഥം! കൊള്ളാം! അസ്സലായി!

ഈ വിചിത്രവാദമനുസരിച്ചു് ലേൻഷുമാരും കൂനൊവുമാരും പാർവ്വസുമാരും പറഞ്ഞതൊക്കെ ശരിയും നമ്മരം പറയുന്നതു തെററുമാണെന്നു തെളിയുന്നു. അങ്ങിനെയൊരപകടത്തിലാണു അതു നമ്മെക്കൊണ്ടു ചാടിക്കുന്നതു്. പക്ഷെ ഒരു ''ചെറിയ'' സംഗതി ഈ അത്ഭുതകരമായ വാദത്തെ പാടേ പൊളിച്ചുകളയുന്നു. അതിതാണു്:ഈ ലേൻഷുമാർക്കു് അവരുടേതായ ഒരു സ്ഥിരതയുണ്ടു്. സങ്കുചിതവാദിയായ ''ഗ്ലോക്കെ'' എന്ന ജർമ്മൻ പത്രത്തിന്റെ 8—9 ലക്കങ്ങളിൽ — ഞങ്ങളുടെ തീസിസ്സിലും ഞങ്ങരം ഇതേ ലക്കങ്ങരം ഉദ്ധരിച്ചതു് മനപ്പൂർവ്വമാണു് — ലേൻഷ് സ്വയംനിർണ്ണയനമുദ്രാവാക്യത്തിനു ''ശാസ്ത്രീയാടിസ്ഥാനമില്ലെ''ന്നും (ലേൻഷിന്റെ ഈ വാദത്തെ ഖണ്ഡിക്കാനാവില്ലെന്നാണു് പ്രത്യക്ഷത്തിൽ പോളിഷ് സോഷ്യൽഡെമോക്രാററുകാർ വിശ്വസിക്കുന്നതു്; ഞങ്ങരം ഉദ്ധരിച്ചിട്ടുള്ള അവരുടെ തീസിസ്സിലെ വാദങ്ങളിൽനിന്നും തെളിയുന്നതതാണു്) ''വെട്ടിപ്പിടുത്തം പാടില്ല'' എന്ന മുദ്രാവാക്യത്തിനു ''ശാസ്ത്രീയാടിസ്ഥാനമില്ലെ''ന്നും ഒരേസമയം തെളിയിക്കാൻ ശ്രമിക്കുകയുണ്ടായി!!

കാരണം, ഞങ്ങരം പോളിഷ് സഖാക്കളെ ചൂണ്ടിക്കാണിച്ച ലളിതമായ ഒരു പരമാർത്ഥം (അവരതിനു മറുപടിനൽകിയിട്ടില്ല) ലേൻഷ് ഭംഗിയായി മനസ്സിലാക്കി: സ്വയംനിർണ്ണയനം ''അംഗീകരിക്കുന്നതും'' വെട്ടിപ്പിടുത്തത്തിനെതിരായി ''പ്രതിഷേധിക്കുന്നതും'' തമ്മിൽ ''സാമ്പത്തിക''മോ ''രാഷ്ട്രീയ''മോ പൊതുവിൽപ്പറഞ്ഞാൽ യുക്തിയുടെ നിലപാടുവച്ചോ യാതൊരു വ്യത്യാസവുമില്ല. സ്വയംനിർണ്ണയനത്തിനെതിരായ ലേൻഷുമാരുടെ വാദങ്ങരം ഖണ്ഡിക്കാനാവില്ലെന്നു പോളിഷ് സഖാക്കരം വിശ്വസിക്കുന്നുണ്ടെങ്കിൽ, ലേൻഷുമാരുടെ

ഈ വാദങ്ങളെല്ലാംതന്നെ വെട്ടിപ്പിടുത്തത്തിനെതിരായ സമര ത്തെക്കൂടി ലാക്കാക്കിയുള്ളതാണെന്ന യാഥാർത്ഥ്യം എന്തുകൊ ണ്ടു സമ്മതിച്ചുകൂടാ?

പോളിഷ് സഖാക്കളുടെ എല്ലാ വാദങ്ങളുടേയും അടിയിൽ ക്കിടക്കുന്ന ഈ താത്വികമായ തെററ് അവരെ സ്ഥിരതയില്ലാ ത്ത വെട്ടിപ്പിടിക്കൽവാദികളായി മാററിയിരിക്കുന്നു.

## 5. സോഷ്യൽഡെമോക്രസി വെട്ടിപ്പിടുത്ത ത്തെ എതിർക്കുന്നതെന്തുകൊണ്ടു്?

ഞങ്ങളുടെ വീക്ഷണം വച്ചുനോക്കിയാൽ ഉത്തരം വ്യക്ത മാണ്: വെട്ടിപ്പിടുത്തം രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനത്തെ ധ്വംസിക്കുന്നു; മറെറാരുവിധത്തിൽ പറഞ്ഞാൽ, അതു ദേശീയ മർദ്ദനത്തിൻെറ ഒരു രൂപമാണ്. ഇതാണ് എതിർപ്പിനുള്ള കാര ണം.

പോളിഷ് സോഷ്യൽഡെമോക്രാററുകാരുടെ നിലപാ ടിൽ നിന്നാണെങ്കിൽ, വെട്ടിപ്പിടുത്തത്തെ എതിർക്കാനുള്ള കാ രണങ്ങൾ പ്രത്യേകം നിർവ്വചിക്കേണ്ടിയിരിക്കുന്നു. ആ വിശ ദീകരണങ്ങളാകട്ടെ (അവരുടെ തീസിസ്സിൻെറ ഒന്നാം ഭാഗത്തി ലെ മൂന്നാം ഖണ്ഡിക) അവരെ അനിവാര്യമായും നിരവധി പുതിയ വൈരുദ്ധ്യങ്ങളിൽ കുടുക്കുന്നു.

ലേൻഷുമാരുടെ, ''ശാസ്ത്രീയമായി സ്ഥാപിച്ചിട്ടുള്ള'' വാ ദങ്ങളെന്തുതന്നെയായാലും നമ്മൾ വെട്ടിപ്പിടുത്തത്തെ എതിർ ക്കുന്നതെന്തുകൊണ്ടാണെന്നതിനു ''ന്യായീകരണ''മായി പോ ളിഷ് സഖാക്കൾ ഉന്നയിക്കുന്നതു് രണ്ടു വാദങ്ങളാണ്. ഒന്നാമ തു്:

...''വിജയിയായ സാമ്രാജ്യത്വസ്റ്റേററിൻെറ സൈനിക ഭദ്രതയ്ക്കു് യൂറോപ്പിൽ വെട്ടിപ്പിടുത്തങ്ങൾ അത്യന്താപേക്ഷി തമാണെന്ന വാദത്തിനെതിരായി, വെട്ടിപ്പിടുത്തങ്ങൾ വൈ രുദ്ധ്യങ്ങൾ മൂർഛിപ്പിക്കാനും അങ്ങിനെ യുദ്ധവിപത്തു വർദ്ധി

പ്പിക്കാനും മാത്രമേ ഉതകുന്നുള്ളു എന്ന വസ്തുത സോഷ്യൽഡെമോക്രസി എടുത്തുകാട്ടുന്നു...''

ലേൻഷുമാർക്കുള്ള ഈ മറുപടി അപര്യാപ്തമാണ്. കാരണം, വെട്ടിപ്പിടുത്തങ്ങൾ സൈനികമായി ആവശ്യമാണെന്നതല്ല, സാമ്രാജ്യത്വത്തിൻകീഴിൽ കേന്ദ്രീകരണം കൈവരുത്തുന്നതുകൊണ്ട് അവ സാമ്പത്തികമായി പുരോഗമനപരമാണെന്നതാണ് അവരുടെ പ്രധാനവാദം. പോളിഷ് സോഷ്യൽഡെമോക്രാററുകാർ ഇത്തരത്തിലുള്ള കേന്ദ്രീകരണത്തിൻെറ പുരോഗമനസ്വഭാവമംഗീകരിക്കുകയും യൂറോപ്പിൽ സാമ്രാജ്യത്വം പിഴുതുമാററിയ അതിർത്തിത്തുണകൾ പുനസ്ഥാപിക്കാൻ കൂട്ടാക്കാതിരിക്കുകയും എന്നാലതേസമയംതന്നെ വെട്ടിപ്പിടുത്തങ്ങളെ എതിർക്കുകയും ചെയ്യുന്നതിലുള്ള യുക്തി എന്താണ്?

തന്നെയല്ലാ, വെട്ടിപ്പിടുത്തം ഏതു യുദ്ധങ്ങളുടെ വിപത്തിനെയാണു വർദ്ധിപ്പിക്കുന്നത്? സാമ്രാജ്യത്വയുദ്ധങ്ങളുടെയല്ല, അവയ്ക്കുള്ള കാരണങ്ങൾ വേറെയാണ്; ഇന്നത്തെ സാമ്രാജ്യത്വയുദ്ധത്തിലുള്ള മൗലികവൈരുദ്ധ്യങ്ങൾ നിസ്സംശയമായും ബ്രിട്ടനും ജർമ്മനിയും തമ്മിലും റഷ്യയും ജർമ്മനിയും തമ്മിലുമുള്ള വൈരുദ്ധ്യങ്ങളാണ്. ഇവിടെ വെട്ടിപ്പിടുത്തമൊന്നും നടന്നിട്ടില്ല, നടക്കുന്നുമില്ല. അപ്പോൾ ദേശീയ യുദ്ധങ്ങളുടേയും ദേശീയകലാപങ്ങളുടേയും വിപത്തു വർദ്ധിക്കുമെന്നതാണു പ്രശ്നം. പക്ഷെ ഒരുവശത്ത് ''സാമ്രാജ്യത്വയുഗത്തിൽ'' ദേശീയയുദ്ധങ്ങൾ അസാദ്ധ്യമാണെന്നു പ്രഖ്യാപിക്കുകയും മറുവശത്ത് ദേശീയയുദ്ധങ്ങളുടെ വിപത്തിനെപ്പററി പറയുകയും ചെയ്യാൻ ഒരാൾക്കെങ്ങിനെ കഴിയും? ഇതു യുക്തിക്കു നിരക്കാത്തതാണ്.

രണ്ടാമത്തെ വാദം. വെട്ടിപ്പിടുത്തങ്ങൾ ''അധിപരാഷ്ട്രത്തിലേയും മർദ്ദിതരാഷ്ട്രത്തിലേയും തൊഴിലാളിവർഗ്ഗങ്ങൾ തമ്മിൽ വിടവുണ്ടാക്കുന്നു....'' ''മർദ്ദിതരാഷ്ട്രത്തിലെ തൊഴിലാളിവർഗ്ഗം സ്വന്തം ബൂർഷ്വാസിയുമായി യോജിക്കുകയും അധിപരാഷ്ട്രത്തിലെ തൊഴിലാളിവർഗ്ഗത്തെ ശത്രുവായിക്കാണുകയും ചെയ്യും. സാർവ്വദേശീയബൂർഷ്വാസിക്കെതിരായി തൊഴിലാളിവർഗ്ഗം സാർവ്വദേശീയാടിസ്ഥാനത്തിൽ വർഗ്ഗസമരം നട

ത്തുന്നതിന്നു പകരം തൊഴിലാളിവർഗ്ഗം ഭിന്നിക്കുകയും ആശയ പരമായി അതു് അധഃപതിക്കുകയും ചെയ്യുന്നതാണു്.''...

ഈ വാദങ്ങളോടു ഞങ്ങരം പരിപൂർണ്ണമായി യോജിക്കുന്നു. പക്ഷെ ഒരേ പ്രശ്നത്തിൽ ഒരേസമയത്തു് പരസ്പരം വിരുദ്ധമായ വാദങ്ങളുന്നയിക്കുന്നതു യുക്തിക്കു ചേർന്നതാണോ? തീസിസ്സിലെ ഒന്നാം ഭാഗത്തിൻെറ മൂന്നാംഖണ്ഡികയിൽ, വെട്ടിപ്പിടുത്തം തൊഴിലാളിവർഗ്ഗത്തെ ഭിന്നിപ്പിക്കുമെന്ന മുമ്പുദ്ധരിച്ച വാദങ്ങരം നാം കാണുന്നു. എന്നാൽ തൊട്ടടുത്തു നാലാംഖണ്ഡികയിൽപ്പറയുന്നതു് യൂറോപ്പിൽ ഇതിനകം നടന്നുകഴിഞ്ഞ വെട്ടിപ്പിടുത്തം റദ്ദാക്കുന്നതിനെ എതിർക്കണമെന്നും ''മർദ്ദകരും മർദ്ദിതരുമായ രാഷ്ട്രങ്ങളിൽപ്പെട്ട തൊഴിലാളിബഹുജനങ്ങരംക്കു് സമരൈക്യത്തിൻെറ സ്പിരിട്ടിൽ ശിക്ഷണം നൽകണ''മെന്നുമാണു്. വെട്ടിപ്പിടുത്തങ്ങരം റദ്ദാക്കണമെന്നു പറയുന്നതു് പിന്തിരിപ്പൻ ''വികാരപ്രകടന''മാണെങ്കിൽ, വെട്ടിപ്പിടുത്തങ്ങരം വിവിധ ''തൊഴിലാളിവർഗ്ഗങ്ങരം'' തമ്മിൽ ''വിടവു''ണ്ടാക്കുകയും അവരെ ''ഭിന്നിപ്പിക്കുക''യും ചെയ്യുന്നുവെന്നു വാദിക്കുന്നതിലർത്ഥമില്ല. നേരേമറിച്ചു്, വിവിധരാഷ്ട്രങ്ങളിൽപ്പെട്ട തൊഴിലാളിവർഗ്ഗങ്ങളെ ഒന്നിച്ചുകൊണ്ടുവരാനുള്ള ഒരുപാധിയെന്നനിലയ്ക്കായിരിക്കണം നിങ്ങരം വെട്ടിപ്പിടുത്തങ്ങളെ വീക്ഷിക്കേണ്ടതു്.

ഞങ്ങരം പറയുന്നതിതാണു്: സോഷ്യലിസ്റ്റ് വിപ്ലവം നടത്താനും ബൂർഷ്വാസിയെ തകിടം മറിക്കാനും ആവശ്യമായത്ര കരുത്താർജ്ജിക്കാൻ തൊഴിലാളികരം കൂടുതൽ ദൃഢമായി യോജിക്കണം. സ്വയംനിർണ്ണയനത്തിനുവേണ്ടിയുള്ള, അതായതു് വെട്ടിപ്പിടുത്തത്തിനെതിരായ, സമരം ഈ ഐക്യത്തെ കൂടുതൽ ദൃഢതരമാക്കുകയേയുള്ളു. ഞങ്ങരം ഇക്കാര്യത്തിൽ ഉറച്ചുതന്നെ നിൽക്കുന്നു. എന്നാൽ യൂറോപ്പിൽ നടന്ന വെട്ടിപ്പിടുത്തങ്ങരം ''അലംഘനീയ''വും ദേശീയയുദ്ധങ്ങരം ''അസാദ്ധ്യ''വുമാണെന്നംഗീകരിക്കുന്ന പോളിഷ് സഖാക്കളാകട്ടെ, വെട്ടിപ്പിടുത്തത്തി''നെതിരായ'' ഞങ്ങളുടെ വാദങ്ങരംക്കു് ഉപോൽബലകമായി ദേശീയയുദ്ധങ്ങളെക്കുറിച്ചു പരാമർശിക്കുകയും

അതായതു് വെട്ടിപ്പിടുത്തം വിവിധരാഷ്ട്രങ്ങളിൽപ്പെട്ട തൊഴിലാളികളുടെ അനുരഞ്ജനത്തേയും ഏകീകരണത്തേയും വിഘാതപ്പെടുത്തുന്നുവെന്ന തുടങ്ങിയ ന്യായവാദങ്ങളുന്നയിക്കുകയും ചെയ്യുമ്പോഠം, അവർ തങ്ങളുടെ ഉദ്ദേശംതന്നെ സ്വയം പരാജയപ്പെടുത്തുകയാണു്.

മററു വിധത്തിൽപ്പറഞ്ഞാൽ, വെട്ടിപ്പിടുത്തങ്ങളോടുള്ള തങ്ങളുടെ എതിർപ്പിനെ ന്യായീകരിക്കാൻവേണ്ടി പോളിഷ് സോഷ്യൽഡെമോക്രാററുകാർക്കു് തത്വത്തിൽ അവർതന്നെ നിരാകരിക്കുന്ന വാദങ്ങഠം സിദ്ധാന്തക്കലവറയിൽനിന്നും പൊക്കിക്കൊണ്ടുവരേണ്ടിവന്നിരിക്കുന്നു.

ഇതു് കോളനികളുടെ പ്രശ്നത്തിൽ കൂടുതൽ പ്രകടമാണു്.

## 6. ഈ പ്രശ്നത്തിൽ കോളനികളേയും ''യൂറോപ്പി''നേയും വേർതിരിച്ചു കാണാമോ?

രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനവും ഉദ്യോഗസ്ഥന്മാരെ ജനങ്ങഠം തിരഞ്ഞെടുക്കുന്ന സമ്പ്രദായവും ജനാധിപത്യറിപ്പബ്ലിക്കും മററുമെന്നപോലെതന്നെ കോളനികളെ ഉടനടി മോചിപ്പിക്കണമെന്ന ആവശ്യവും മുതലാളിത്തത്തിൻകീഴിൽ ''അപ്രായോഗിക''മാണെന്നും (അതായതു് ഒരു വിപ്ലവപരമ്പരകൂടാതെ അസാദ്ധ്യവും സോഷ്യലിസമില്ലാതെ ഉറപ്പില്ലാത്തതുമാണെന്നും) മറുവശത്തു്, കോളനികളെ വിമോചിപ്പിക്കണമെന്ന ആവശ്യം ''രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനത്തെ അംഗീകരിക്കലല്ലാതെ മറെറാന്നുമല്ലെ''ന്നും ഞങ്ങളുടെ തീസിസ്സിൽ പറഞ്ഞിട്ടുണ്ടു്.

ഈ രണ്ടു വാദങ്ങഠംക്കും പോളിഷ് സഖാക്കഠം മറുപടി നൽകിയില്ല. ''യൂറോപ്പിനേയും'' കോളനികളേയും വേർതിരിച്ചുകാണിക്കാനാണു് അവർ ശ്രമിച്ചതു്. യൂറോപ്പിൻെറ കാര്യത്തിൽ മാത്രമേ അവർ നടന്നുകഴിഞ്ഞ വെട്ടിപ്പിടുത്തങ്ങഠം റദ്ദാ

ക്കാൻ കൂട്ടാക്കാതെ സ്ഥിരതയില്ലാത്ത വെട്ടിപ്പിടിക്കൽവാദികളായി മുന്നോട്ടുവരുന്നുള്ളു. എന്നാൽ കോളനികളെ സംബന്ധിച്ചിടത്തോളം, ''കോളനികൾ വിട്ടുപോവുക!'' എന്ന ആവശ്യം അവർ നിരുപാധികം പ്രഖ്യാപിച്ചിരിക്കുകയാണ്.

''തുർക്കിസ്ഥാനിൽനിന്നും ഹീവയിൽനിന്നും ബുഖറായിൽനിന്നും മററും കെട്ടുകെട്ടണ''മെന്ന് റഷ്യൻ സോഷ്യലിസ്റ്റുകാർ ആവശ്യപ്പെടണം; പക്ഷെ വിട്ടുപോകാനുള്ള അതേ സ്വാതന്ത്ര്യം തന്നെ പോളണ്ടിനും ഫിൻലണ്ടിനും ഉക്രെയിനും മററും അനുവദിക്കണമെന്ന് അവർ ആവശ്യപ്പെട്ടാൽ അത് ''സാങ്കല്പികവാദ''മായി, ''അശാസ്ത്രീയമായ'' ''വികാരപ്രകടനം''മായി. ''ആഫ്രിക്കയിൽനിന്നും ഇന്ത്യയിൽനിന്നും ആസ്ട്രേലിയയിൽനിന്നും പുറത്തുകടക്കണ''മെന്നു ബ്രിട്ടീഷ് സോഷ്യലിസ്റ്റുകാർ ആവശ്യപ്പെടണം, പക്ഷെ അയർലണ്ടിൽനിന്നു പാടില്ല. പ്രത്യക്ഷത്തിൽത്തന്നെ തെററായ ഈ വിവേചനത്തെ താത്വികമായി എങ്ങിനെ ന്യായീകരിക്കാൻ കഴിയും? ഒഴിഞ്ഞുമാറാൻ വയ്യാത്ത ഒരു ചോദ്യമാണിതു്.

സ്വയംനിർണ്ണയനം ''അപ്രായോഗിക''മാണെന്നതാണ് അതിൻെറ എതിരാളികളുടെ മുഖ്യ''ന്യായം''. അല്പം ചില ഭേദഗതികളോടെ അതേ ആശയംതന്നെയാണ് ''സാമ്പത്തികവും രാഷ്ട്രീയവുമായ കേന്ദ്രീകരണ''ത്തെക്കുറിച്ചുള്ള പരാമർശത്തിലുമടങ്ങിയിരിക്കുന്നതു്.

കോളനികളെ കൂട്ടിച്ചേർക്കുന്നതിലൂടെയും കേന്ദ്രീകരണം നടക്കുന്നുണ്ടെന്ന കാര്യം വ്യക്തമാണ്. കോളനികളും യൂറോപ്യൻ രാഷ്ട്രങ്ങളും തമ്മിൽ—ചുരുങ്ങിയതു് യൂറോപ്പിലുള്ള ഭൂരിപക്ഷം രാഷ്ട്രങ്ങളുംതമ്മിൽ — മുമ്പുണ്ടായിരുന്ന സാമ്പത്തികവ്യത്യാസമിതാണ്: കോളനികളിൽ ചരക്കുവിനിമയം നിലവിൽ വന്നിരുന്നെങ്കിലും മുതലാളിത്തോല്പാദനം സ്ഥാപിതമായിരുന്നില്ല. സാമ്രാജ്യത്വം ഇതിനൊരു മാററം വരുത്തി. സാമ്രാജ്യത്വത്തിൻെറ സവിശേഷതകളിലൊന്നു് മൂലധനത്തിൻെറ കയററുമതിയാണ്. മുതലാളിത്തോല്പാദനം അധികമധികം വേഗത്തിൽ കോളനികളിൽ സ്ഥാപിതമായിവരികയാണ്. യൂറോപ്യൻ

ഫിനാൻസ് മൂലധനത്തിന്മേലുള്ള ആശ്രിതത്വത്തിൽനിന്നും അവയെ പിഴുതുമാററുക അസാദ്ധ്യമാണ്. സൈനികനിലപാടു വച്ചായാലും വിപുലീകരണത്തിൻെറ നിലപാടു വച്ചായാലും കോളനി വിട്ടുപോവുകയെന്നതു് ഒരു പൊതുനിയമമെന്ന നിലയ്ക്കു് സോഷ്യലിസത്തിൻെറ ആവിർഭാവത്തോടെ മാത്രമേ സാദ്ധ്യമാകൂ. പൊതുനിയമത്തിൽനിന്നുമുള്ള ഒരു വ്യതിയാനമെന്ന നിലയ്ക്കോ കോളനിയിലും മാതൃരാജ്യത്തും നടക്കുന്ന ഒട്ടേറെ വിപ്ലവങ്ങളുടേയും കലാപങ്ങളുടേയും ഫലമായോ മാത്രമാണ് അതു് മുതലാളിത്തത്തിൻകീഴിൽ സാധിതപ്രായമാകുന്നതു്.

യൂരോപ്പിലെ ആശ്രിതരാഷ്ട്രങ്ങളിൽ മിക്കതും (എല്ലാമല്ല; ഉദാ: അൽബേനിയാക്കാരും റഷ്യയിലെ പല ദേശീയന്യൂനപക്ഷങ്ങളും) കോളനികളിലെ രാഷ്ട്രങ്ങളെ അപേക്ഷിച്ച് മുതലാളിത്തപരമായി കൂടുതൽ വളർച്ചയെത്തിയവയാണ്. എന്നാൽ അതേ കാരണത്താൽത്തന്നെയാണ് ഇവിടെ ദേശീയമർദ്ദനവും വെട്ടിപ്പിടുത്തങ്ങളും കൂടുതൽ വീറോടെ ചെറുക്കപ്പെട്ടുന്നതു്! അതേകാരണത്താൽ, വിട്ടുപോകലുംകൂടെയുള്ള എല്ലാ രാഷ്ട്രീയപരിതസ്ഥിതികളിലും യൂറോപ്പിൽ മുതലാളിത്തത്തിൻെറ വളർച്ച കോളനികളിലുള്ളതിനേക്കാരം കൂടുതൽ ഭദ്രമായിരിക്കും.... കോളനികളെക്കുറിച്ച് പോളിഷ് സഖാക്കരം പറയുന്ന (ഭാഗം 1, ഖണ്ഡിക 4): ''അവിടെ ഉല്പാദനശക്തികളെ സ്വതന്ത്രമായി വികസിപ്പിക്കുകയെന്ന കടമയാണ് ഇന്നും മുതലാളിത്തത്തെ നേരിടുന്നതു്.'' യൂറോപ്പിൽ ഇതു് കൂടുതൽ പ്രകടമായി കാണാം: ഇന്ത്യ, തുർക്കിസ്ഥാൻ, ഈജിപ്ത് തുടങ്ങിയ ''ശുദ്ധ''കോളനികളേക്കാരം എത്രയോ കൂടുതൽ വീറോടും വേഗതയോടും സ്വതന്ത്രമായുമാണ് മുതലാളിത്തം പോളണ്ടിലും ഫിൻലണ്ടിലും ഉക്രെയിനിലും അൽസാസിലും ഉല്പാദനശക്തികരം വളർത്തുന്നതെന്ന കാര്യത്തിൽ സംശയമില്ല. ചരക്കുല്പാദനത്തിൽ അധിഷ്ഠിതമായ ഒരു സമുദായത്തിൽ സ്വതന്ത്രമെന്നല്ല ഏതുതരത്തിലുള്ള വളർച്ചയും മൂലധനമില്ലാതെ സാദ്ധ്യമല്ല. യൂറോപ്പിൽ ആശ്രിതരാഷ്ട്രങ്ങരംക്കു് സ്വന്തമായ മൂലധനവും പല വ്യവസ്ഥകളിന്മേലും അതു വേണ്ടുവോളം ലഭിക്കാ

 നുള്ള അവസരവുമുണ്ട്. എന്നാൽ കോളനികൾക്കാകട്ടെ, സ്വന്തമായിട്ടു മൂലധനം ഒട്ടുംതന്നെയില്ല, അഥവാ നാമമാത്രമായിട്ടേയുള്ളു. ഫിനാൻസ് മൂലധനത്തിൻകീഴിൽ അവയ്ക്കതു് രാഷ്ട്രീയ വിധേയത്വത്തിന്റെ നിബന്ധനയിലല്ലാതെ കിട്ടാൻ മററു മാർഗ്ഗങ്ങളൊന്നുമില്ല. ഇതിന്റെയെല്ലാം വെളിച്ചത്തിൽ, കോളനികളെ അടിയന്തിരമായും നിരുപാധികമായും മോചിപ്പിക്കണമെന്ന ആവശ്യം എന്താണു കുറിക്കുന്നതു്? സ്ട്രൂവെമാരും ലേൻഷുമാരും കൂനൊവ്മാരും നിർഭാഗ്യവശാൽ അവരുടെ കാലടികൾ പിന്തുടരുന്ന പോളിഷ് സഖാക്കളും ഉപയോഗിക്കുന്ന അങ്ങേയററം പ്രാകൃതവും പരിഹാസ്യവുമായ ''മാർക്സിസ്റ്റ്'' അർത്ഥത്തിൽത്തന്നെ വളരെ കൂടുതൽ ''സാങ്കല്പിക''മാണിതെന്നു വ്യക്തമല്ലേ? ഫിലിസ്റ്റൈൻ സ്വഭാവത്തോടുകൂടിയതും സാമാന്യവുമായ കാര്യങ്ങളിൽനിന്നുമുള്ള ഏതൊരു വ്യതിയാനവും, വിപ്ലവകരമായതെന്തും, ''സാങ്കല്പികവാദ''മായിട്ടാണു് അവർ കാണുന്നതു്. എന്നാൽ ദേശീയപ്രസ്ഥാനങ്ങളുൾപ്പെടെ ഏതുവിധത്തിലുള്ള വിപ്ലവപ്രസ്ഥാനത്തിനും കോളനികളേക്കാൾ കൂടുതൽ സാദ്ധ്യതയുള്ളതു് യൂറോപ്യൻ പരിതസ്ഥിതികളിലാണു്. അവിടെയാണതു് കൂടുതൽ സംഭാവ്യമായിട്ടുള്ളതു്. അതു കൂടുതൽ വാശിയോടും വർഗ്ഗബോധത്തോടും നടക്കുന്നതവിടെയായിരിക്കും. അതിനെ പരാജയപ്പെടുത്താൻ കൂടുതൽ പ്രയാസവും അവിടെയായിരിക്കും.

''കോളനികളിലെ അല്പവികസിതജനതകളുടെ മേൽ ആധിപത്യം നടത്താതെ അവർക്കു് നിസ്വാർത്ഥമായ സാംസ്കാരികസഹായം നൽകാൻ'' സോഷ്യലിസത്തിനു കഴിയുമെന്നു പോളിഷ് സഖാക്കൾ പറയുന്നു. വളരെ ശരിയാണു്. പക്ഷെ, സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിനുശേഷം ഒരു വലിയ രാഷ്ട്രത്തിനു്, ഒരു വലിയ സ്റ്റേററിനു്, യൂറോപ്പിലെ ചെറിയൊരു മർദ്ദിതരാഷ്ട്രത്തെ ''നിസ്വാർത്ഥമായ സാംസ്കാരികസഹായ''ത്തിലൂടെ ആകർഷിക്കാൻ കഴിയില്ലെന്നു കരുതാൻ വല്ല കാരണവുമുണ്ടോ? പോളിഷ് സോഷ്യൽഡെമോക്രാററുകാർ കോളനികൾക്കു് ''അനുവദിച്ചിട്ടുള്ള'' വിട്ടുപോകാനുള്ള

അതേ സ്വാതന്ത്ര്യമാണു് യൂറോപ്പിലെ ചെറുതെങ്കിലും സംസ്കാരസമ്പത്തും രാഷ്ട്രീയനിഷ്പക്ഷതയും ഉള്ള മർദ്ദിതരാഷ്ട്രങ്ങളെ വലിയ സോഷ്യലിസ്റ്റ് സ്റ്റേറ്റുകളുമായി യോജിക്കാൻ പ്രേരിപ്പിക്കുന്നതു്; എന്തെന്നാൽ സോഷ്യലിസത്തിൻകീഴിൽ വലിയ സ്റ്റേറ്റെന്നുവച്ചാൽ അതിനർത്ഥം ദിവസം ഇത്ര മണിക്കൂർ കുറച്ചു വേല ചെയ്താൽ മതിയെന്നാണു്, ദിവസം വരുമാനം ഇത്ര കണ്ടു വർദ്ധിക്കുന്നുവെന്നാണു്. ബൂർഷ്വാസിയുടെ നുകത്തിൽ നിന്നു രക്ഷ നേടുന്നതോടെ അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾ ഈ "സാംസ്കാരികസഹായം" ലഭിക്കുന്നതിനുവേണ്ടി വലുതും മുന്നണിയിൽ നിൽക്കുന്നതുമായ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുമായി യോജിക്കാനും ലയിക്കാനും വേണ്ടി പരമാവധി യത്നിക്കും. പക്ഷെ, ദീർഘകാലം മർദ്ദനമനുഭവിച്ചുകഴിഞ്ഞിരുന്ന രാഷ്ട്രത്തിൻെറ അങ്ങേയററത്തെ ജനാധിപത്യബോധത്തേയും ആത്മാഭിമാനത്തേയും അതിനെ ഇന്നലെവരെ മർദ്ദിച്ചുപോന്നിരുന്നവർ വ്രണപ്പെടുത്തരുതെന്നുമാത്രം; സ്റ്റേററിൻെറ നിർമ്മാണമുൾപ്പെടെ എല്ലാ കാര്യത്തിലും അതിനു തുല്യാവകാശമനുവദിക്കുകയും "സ്വന്ത"മായൊരു സ്റ്റേററ് പടുത്തുയർത്തുകയെന്ന അനുഭവം അതിനുണ്ടാവുകയും ചെയ്യണമെന്നുമാത്രം. യുദ്ധം, ഒററപ്പെട്ടുനിൽക്കൽ, അകൽച്ച, പ്രത്യേകാനുകൂല്യങ്ങളനുഭവിക്കുന്ന ചെറുകിടരാഷ്ട്രങ്ങളുടെ (ഹോളണ്ടു്, സ്വിററ്സർലണ്ടു്) സങ്കുചിതമായ അഹന്തപ്രകടനം — ഇതെല്ലാമാണു് മുതലാളിത്തത്തിൻകീഴിൽ ഈ "അനുഭവ"മുണ്ടാവുകയെന്നുവച്ചാലർത്ഥം. സോഷ്യലിസത്തിൻകീഴിൽ, മേൽപ്രസ്താവിച്ച തികച്ചും സാമ്പത്തികമായ കാരണങ്ങളാൽ അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾ ഒററപ്പെട്ടുനിൽക്കുന്നതിനെ ഒരിടത്തും അനുകൂലിക്കുകയില്ല. രാഷ്ട്രീയരൂപങ്ങളിലുള്ള വൈവിദ്ധ്യവും സ്റ്റേററിൽനിന്നു വിട്ടുപോകാനുള്ള സ്വാതന്ത്ര്യവും സ്റ്റേററ് പടുത്തുയർത്തുന്നതിലുള്ള അനുഭവവുമെല്ലാം — സ്റ്റേററ് തിരോധാനം ചെയ്യുന്നതുവരെ — സംസ്കാരസമ്പന്നമായ ഒരു ജീവിതത്തിനു് അടിത്തറയിടുകയും രാഷ്ട്രങ്ങളുടെ സ്വയമേവയുള്ള അനുരഞ്ജനവും ഏകീകരണവും ത്വരിതഗതിയിലാവുമെന്നു് ഉറപ്പുനൽകുകയും ചെയ്യുന്നതാണു്.

കോളനികളെ വേർതിരിച്ചുനിർത്തുകയും അവയെ യൂറോപ്പിൽനിന്നു ഭിന്നമായിക്കാണുകയും ചെയ്യുന്നതിലൂടെ പോളിഷ് സഖാക്കാം അവരുടെ തെററായ എല്ലാ വാദങ്ങളേയും തകിടം മറിക്കുന്ന ഒരു വൈരുദ്ധ്യത്തിലാണു ചെന്നുപെട്ടിരിക്കുന്നതു്.

## 7. മാർക്സിസമോ പ്രൂദോണിസമോ?

അയർലണ്ട് വിട്ടുപോകുന്ന പ്രശ്നത്തോടു് മാർക്സ് കൈക്കൊണ്ട നിലപാടിനെക്കുറിച്ചുള്ള ഞങ്ങളുടെ പരാമർശത്തെ പോളിഷ് സഖാക്കാം, പതിവിനു വിപരീതമായി, പരോക്ഷമായിട്ടല്ലാതെ പ്രത്യക്ഷമായിത്തന്നെ തഴഞ്ഞുകളയാൻ ശ്രമിക്കുന്നു. എന്താണവർക്കുള്ള എതിർപ്പു്? 1848—നും 1871—നുമിടയ്ക്കു് മാർക്സെടുത്ത നിലപാടിനെക്കുറിച്ചുള്ള പരാമർശങ്ങാംക്കു് ''യാതൊരു വിലയുമില്ലെ''ന്നാണു് അവർ പറയുന്നതു്. അസാധാരണമാംവിധം അരിശത്തോടെയും ഖണ്ഡിതമായും ഉന്നയിച്ച ഈ അഭിപ്രായത്തിനു് ഉപോൽബലകമായി അവർ പറയുന്ന ന്യായം, മാർക്സ് ''അതേസമയംതന്നെ'' ''ചെക്കുകാർ, തെക്കൻസ്ലാവുകാർ തുടങ്ങിയവർ'' സ്വാതന്ത്ര്യത്തിനുവേണ്ടി നടത്തിയ ശ്രമങ്ങളോടു് എതിർപ്പു പ്രകടിപ്പിച്ചു[77]വെന്നതാണു്.

ഈ വാദത്തിനു തീരെ കഴമ്പില്ലെന്നതുകൊണ്ടാണു് അതിത്രയേറെ അരിശത്തോടെ എഴുന്നള്ളിച്ചിരിക്കുന്നതു്. പോളിഷ് മാർക്സിസ്റ്റുകാരുടെ അഭിപ്രായത്തിൽ, ''ഒരേസമയത്തു്'' പരസ്പരവിരുദ്ധമായ കാര്യങ്ങാം പറഞ്ഞ ഒരു മരത്തലയനായിരുന്നു മാർക്സ്! ഇതു പാടേ അബദ്ധമാണു്. ഇതു മാർക്സിസമേയല്ല. ''സമൂർത്തമായ'' വിശകലനം നമ്മുടെ പോളിഷ് സഖാക്കാം നടത്താറില്ലെങ്കിലും അതു വേണമെന്നാണല്ലൊ അവർ ശഠിക്കാറുള്ളതു്. അങ്ങിനെ നോക്കുമ്പോാം, സമൂർത്തമായ വ്യത്യസ്ത ''ദേശീയ''പ്രസ്ഥാനങ്ങളോടു് മാർക്സ് എടുത്ത വിഭിന്ന നിലപാടുകാം ഒരേ സോഷ്യലിസ്റ്റ് വീക്ഷണത്തിൽനിന്നുളവായതല്ലേ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

സാറിസത്തിൻെറ അധികാരത്തിനും സ്വാധീനത്തിനു മെതിരായ സമരത്തിൽ — അഥവാ, സർവ്വാധികാരത്തിനും വമ്പിച്ച പിന്തിരിപ്പൻസ്വാധീനത്തിനുമെതിരായ സമരത്തിൽ എന്നുപറയാം—യൂറോപ്യൻജനാധിപത്യത്തിൻെറ താല്പര്യങ്ങളെ മുൻനിർത്തി മാർക്സ് പോളിഷ് സ്വാതന്ത്ര്യത്തെ അനുകൂലിക്കുക യുണ്ടായെന്നറിയാമല്ലൊ. 1894—ൽ റഷ്യൻ അടിയാളപ്പട്ടാളം ദേശീയവിമോചനത്തിനുവേണ്ടി ഹങ്കറിയിൽ നടന്ന വിപ്ലവ ജനാധിപത്യകലാപത്തെ തച്ചുതമർത്തപ്പോഠം മാർക്സിൻെറ ഈ നിലപാടു എത്രമാത്രം ശരിയായിരുന്നുവെന്ന് അങ്ങേയററം വ്യക്തമായും പ്രായോഗികമായും തെളിഞ്ഞു. അന്നുമുതൽ മാർക്സിൻെറ മരണം വരെയും അതിനുശേഷംപോലും—സാറിസം ഫ്രാൻസുമായിച്ചേർന്നുകൊണ്ടു് സാമ്രാജ്യത്വജർമ്മനിക്കെതിരായല്ല, ദേശീയമായി സ്വതന്ത്രമായ ജർമ്മനിക്കെതിരായി ഒരു പിന്തിരിപ്പൻയുദ്ധം നടത്തുമെന്ന അപകടമുണ്ടായിരുന്ന 1890 വരെ—എംഗൽസ് സാറിസത്തിനെതിരായ സമരത്തിനുവേണ്ടി പ്രഥമവും പ്രധാനവുമായി നിലകൊണ്ടു. മാർക്സും എംഗൽസും ചെക്കുകാരുടേയും ദക്ഷിണസ്ലാവുകാരുടേയും ദേശീയപ്രസ്ഥാനത്തെ എതിർത്തതു് ഈ ഒരൊററക്കാരണത്താലാണു്. യൂറോപ്പിൽ ''റഷ്യയുടെ പുറംകാവൽക്കാരായി'' വർത്തിച്ച ''പിന്തിരിപ്പൻ രാഷ്ട്രങ്ങളേ''യും ജർമ്മൻകാർ, പോളുകാർ, മഗ്യാറുകഠം എന്നീ ''വിപ്ലവരാഷ്ട്രങ്ങളേ''യും അക്കാലത്തു് മാർക്സും എംഗൽസും വ്യക്തമായി വേർതിരിച്ചുകണ്ടിരുന്നുവെന്നു മാർക്സിസത്തിൽ യഥാർത്ഥതാല്പര്യമുള്ള ഏതൊരാഠംക്കും 1848—ലും 1849—ലും അവരെഴുതിയ ലേഖനങ്ങളിലൂടെ കണ്ണോടിച്ചാൽ കാണാൻ കഴിയും. ഇതൊരു പരമാർത്ഥമാണു്. അന്നു് അവരതു് തികച്ചും ശരിയായി ചൂണ്ടിക്കാട്ടുകയും ചെയ്തു: 1848—ൽ വിപ്ലവരാഷ്ട്രങ്ങഠം സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതി. അതിൻെറ മുഖ്യശത്രു സാറിസമായിരുന്നു. എന്നാൽ ചെക്കുകാരും മററും യഥാർത്ഥത്തിൽ സാറിസത്തിനു പുറംകാവൽ നിന്ന പിന്തിരിപ്പൻ രാഷ്ട്രങ്ങളായിരുന്നു.

മാർക്സിസത്തോട് കൂറുപുലർത്താനാഗ്രഹിക്കുന്നവർ സമൂർത്തമായി വിശകലനം ചെയ്യേണ്ട ഈ സമൂർത്തദൃഷ്ടാന്തത്തിൽനിന്ന പഠിക്കാനുള്ള പാഠമെന്താണ്? ഇതുമാത്രം: 1) യൂറോപ്പിലെ വലുതും വളരെ വലുതുമായ അനേകം രാഷ്ട്രങ്ങളുടെ വിമോചനത്തിൻെറ താല്പര്യങ്ങൾ ചെറുകിടരാഷ്ട്രങ്ങളിലെ വിമോചനപ്രസ്ഥാനത്തിൻെറ താല്പര്യങ്ങളേക്കാൾ ഉയർന്നുനിൽക്കുന്നു; 2) ജനാധിപത്യം സ്ഥാപിക്കണമെന്ന ആവശ്യത്തെ പരിഗണിക്കേണ്ടതു് ഒററപ്പെട്ട നിലയ്ക്കല്ല, യൂറോപ്പിനെയാകെ — ലോകത്തെയാകെ എന്നുവേണം ഇന്നു പറയാൻ—കണക്കിലെടുത്തുകൊണ്ടായിരിക്കണം.

കൂടുതലായൊന്നുമില്ല. പോളുകാർ വിസ്മരിക്കുകയും എന്നാൽ മാർക്സ് എപ്പോഴും കൂറുപുലർത്തുകയും ചെയ്തുപോന്നിട്ടുള്ള ആ പ്രാഥമികസോഷ്യലിസ്റ്റ്തത്വത്തെ— അതായതു്, ഇതരരാഷ്ട്രങ്ങളെ മർദ്ദിക്കുന്ന ഒരു രാഷ്ട്രത്തിനു സ്വാതന്ത്ര്യമാകാൻ സാദ്ധ്യമല്ലെന്ന തത്വ[78]ത്തെ—നിരാകരിച്ചതായി ഒരു സൂചനപോലുമില്ല. സാർവ്വദേശീയരാഷ്ട്രീയത്തിൽ സാറിസ്റ്റ് സ്വാധീനം മുന്തിനിന്നിരുന്ന കാലഘട്ടത്തിൽ മാർക്സിനു നേരിടേണ്ടിവന്ന സ്ഥിതിവിശേഷം മറെറാരു രൂപത്തിൽ ആവർത്തിക്കുകയാണെങ്കിൽ, ഉദാഹരണത്തിനു്, (1848–ൽ യൂറോപ്പിൽ ബൂർഷ്വാജനാധിപത്യവിപ്ലവം തുടങ്ങിയതുപോലെ) ചില രാഷ്ട്രങ്ങൾ സോഷ്യലിസ്റ്റ്‌വിപ്ലവം തുടങ്ങുകയും മററു രാഷ്ട്രങ്ങൾ ബൂർഷ്വാപിന്തിരിപ്പത്തത്തിൻെറ നെടുങ്കോട്ടകളായിത്തീരുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമുണ്ടാവുകയാണെങ്കിൽ, അവസാനം പറഞ്ഞ രാഷ്ട്രങ്ങൾക്കെതിരായി വിപ്ലവയുദ്ധം നടത്തുന്നതിനേയും അവയെ "തച്ചുതകർക്കുന്നതിനേയും" അവയുടെ പുറംകാവലായി വർത്തിക്കുന്ന പ്രദേശങ്ങളിൽ ചെറുകിടദേശീയപ്രസ്ഥാനങ്ങൾ ഉയർന്നുവന്നിട്ടുണ്ടോ എന്നു നോക്കാതെ ആ പ്രദേശങ്ങൾ നശിപ്പിക്കുന്നതിനേയും നാമും അനുകൂലിക്കേണ്ടിവരും. അപ്പോൾ മാർക്സിൻെറ അടവുകളുടെ ദൃഷ്ടാന്തങ്ങൾ തിരസ്കരിക്കുകയല്ല—അങ്ങിനെ ചെയ്യുന്നതു് മാർക്സിസം വാക്കിൽ അംഗീകരിക്കലും പ്രവൃത്തിയിൽ ലംഘിക്കലുമാണ്—അവയെ

സമൂർത്തമായി അപഗ്രഥിക്കുകയും ഭാവിയിലേക്കുവേണ്ടി അവ യിൽനിന്നു വിലപ്പെട്ട പാഠങ്ങൾ പഠിക്കുകയുമാണു വേണ്ടതു്. സ്വയംനിർണ്ണയനമുൾപ്പെടെ ജനാധിപത്യത്തിന്റെ വിവിധ ആവശ്യങ്ങൾ കേവലമായി നിലക്കൊള്ളുന്നില്ല. അവ ലോക വ്യാപകമായ പൊതുജനാധിപത്യപ്രസ്ഥാനത്തിന്റെ (ഇപ്പോൾ അതു് പൊതുസോഷ്യലിസ്റ്റ് പ്രസ്ഥാനമായിട്ടുണ്ടു്) ഒരംശമാ ണു്. ചില പ്രത്യേകദൃഷ്ടാന്തങ്ങളിൽ ഈ അംശം മൊത്തത്തിനെ തിരായെന്നുവരാം; അങ്ങിനെ വന്നാൽ അതുപേക്ഷിക്കണം. ഒരു രാജ്യത്തെ റിപ്പബ്ലിക്കൻ പ്രസ്ഥാനം മററു രാജ്യങ്ങളിലെ പൗരോഹിത്യമോ രാജവാഴ്ചയും സാമ്പത്തികപ്രഭുക്കളും ചേർ ന്നോ നടത്തുന്ന ഉപജാപങ്ങളുടെ വെറുമൊരു ചട്ടുകമായിരിക്കാം; അങ്ങിനെ വന്നാൽ ആ പ്രത്യേകപ്രസ്ഥാനത്തെ നാം പിന്താ ങ്ങാൻ പാടില്ല. എന്നാൽ അക്കാരണത്താൽ സാർവ്വദേശീയ സോഷ്യൽഡെമോക്രസിയുടെ പരിപാടിയിൽനിന്നു് റിപ്പബ്ലി ക്കിനുവേണ്ടിയുള്ള ആവശ്യം എടുത്തുകളയുന്നതു് അപഹാസ്യ മായിരിക്കും.

1848–71–നും 1898–1916–നുമിടയ്ക്കുള്ള സമൂർത്ത മായ പരിതസ്ഥിതിയിൽ വന്ന മാററമെന്താണു്? (സാമ്രാ ജ്യത്വകാലഘട്ടത്തിന്റെ ഏററവും സുപ്രധാന നാഴികക്കല്ലുക ളായ സ്പാനിഷ്–അമേരിക്കൻ സാമ്രാജ്യത്വയുദ്ധത്തേയും യൂറോ പ്യൻ സാമ്രാജ്യത്വയുദ്ധത്തേയുമാണു് ഞാനെടുക്കുന്നതു്.) വ്യ ക്തമായും നിസ്സംശയമായും സാറിസം പിന്തിരിപ്പത്തത്തി ന്റെ പ്രധാനനെടുംതൂണല്ലാതായിത്തീർന്നിരിക്കുന്നു. ഒന്നാമതു്, സാർവ്വദേശീയ—പ്രത്യേകിച്ച ഫ്രഞ്ച്—ഫിനാൻസ്മൂലധനം അതിനെ പിന്താങ്ങുന്നുവെന്നതുകൊണ്ടു്; രണ്ടാമതു്, 1905 നടന്നുവെന്നതുകൊണ്ടു്. അന്നു് വൻകിടദേശീയസ്റ്റേററുകളുടെ വ്യവസ്ഥ — യൂറോപ്പിലെ ജനാധിപത്യരാജ്യങ്ങൾ — സാറി സത്തെ വകവയ്ക്കാതെ ലോകത്തിനു ജനാധിപത്യവും സോഷ്യ ലിസവും പ്രദാനം ചെയ്തുകൊണ്ടിരുന്നു.* മാർക്സും എംഗൽ

*1866–ൽ പോളിഷ് പ്രശ്നത്തെപ്പററി എംഗൽസെഴുതിയ വളരെ ശ്രദ്ധേയമായൊരു ലേഖനം രസാനൊവ് ഗ്രൂൺബെർഗ്ഗിന്റെ

സം സാമ്രാജ്യത്വകാലഘട്ടംവരെ ജീവിച്ചിരുന്നില്ല. ഇന്നു്, ഒരുപിടി (അഞ്ചോ ആറോ വരും) ''വൻകിട'' സാമ്രാജ്യത്വശക്തികളുടെ ഒരു വ്യവസ്ഥ നിലവിൽ വന്നിരിക്കുന്നു. അതിലോരോന്നും ഇതരരാഷ്ട്രങ്ങളെ മർദ്ദിക്കുന്നു; മുതലാളിത്തത്തിന്റെ തകർച്ചയ്ക്കുണ്ടായിട്ടുള്ള കൃത്രിമമമായ കാലവിളംബത്തിനും ലോകത്തിൽ ആധിപത്യം വഹിക്കുന്ന സാമ്രാജ്യത്വരാഷ്ട്രങ്ങളിൽ അവസരവാദത്തിനും സാമൂഹ്യസങ്കുചിതവാദത്തിനും ലഭിച്ചിട്ടുള്ള കൃത്രിമമമായ പിന്തുണയ്ക്കും ഒരു കാരണം ഈ മർദ്ദനമാണു്. അന്നു് വൻകിടരാഷ്ട്രങ്ങൾക്ക വിമോചനം നൽകിവന്ന പാശ്ചാത്യയൂറോപ്യൻ ജനാധിപത്യം ചില ചെറുകിടദേശീയപ്രസ്ഥാനങ്ങളെ പിന്തിരിപ്പൻലക്ഷ്യങ്ങൾക്കായി ഉപയോഗിച്ചുവന്ന സാറിസത്തിനെതിരായിരുന്നു. ഇന്നാകട്ടെ സാറിസ്റ്റ്സാമ്രാജ്യത്വവും യൂറോപ്പിലെ മുന്നണിയിൽ നില്ക്കുന്ന മുതലാളിത്തരാജ്യങ്ങളിലെ സാമ്രാജ്യത്വവും തമ്മിൽ അവരിരുക്കൂട്ടരും അനേകം രാഷ്ട്രങ്ങളെ മർദ്ദിക്കുന്നുവെന്ന അടിസ്ഥാനത്തിൽ ഉണ്ടാക്കിയിട്ടുള്ള സഖ്യമാണു് സോഷ്യലിസ്റ്റ് തൊഴിലാളിവർഗ്ഗത്തെ അഭിമുഖീകരിക്കുന്നതു്. ആ സോഷ്യലിസ്റ്റ് തൊഴിലാളിവർഗ്ഗമാ

---

''സോഷ്യലിസത്തിന്റെ ചരിത്രത്തിലെ രേഖകൾ'' (1916, I) എന്ന സമാഹാരത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. യൂറോപ്പിലെ പ്രധാനപ്പെട്ട വൻകിടരാഷ്ട്രങ്ങളുടെ രാഷ്ട്രീയസ്വാതന്ത്ര്യവും ''സ്വയംനിർണ്ണയാവകാശവും'' (''സ്വന്തം ഭാഗധേയം നിർണ്ണയിക്കാനുള്ള അവകാശം'') തൊഴിലാളിവർഗ്ഗമംഗീകരിക്കേണ്ടതിന്റെ ആവശ്യകത എംഗൽസ് ഊന്നിപ്പറയുന്നു. ''ദേശീയജനവിഭാഗങ്ങളെന്ന തത്വം'' (പ്രത്യേകിച്ചും അതിന്റെ ബോണപ്പാർട്ടിസ്റ്റ് പ്രയോഗത്തിൽ) അതായതു്, ഏതെങ്കിലുമൊരു ചെറിയ രാഷ്ട്രത്തെ മേൽപ്പറഞ്ഞ വൻകിടരാഷ്ട്രങ്ങളോടൊപ്പം ഗണിക്കുന്നതു്, അസംബന്ധമാണെന്നു് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ''റഷ്യയുടെ കൈവശം വളരെയധികം കളവുമുതൽ'' (അതായതു്, മർദ്ദിതരാഷ്ട്രങ്ങൾ) ''ഉണ്ടു്; അവസാനം കണക്കുതീർക്കുമ്പോൾ അവയെല്ലാം മടക്കിക്കൊടുക്കേണ്ടിവരും''79 എന്നാണു് എംഗൽസ് പറയുന്നതു്. ചെറുകിട ദേശീയപ്രസ്ഥാനങ്ങളെ സ്വന്തം താല്പര്യത്തിനുവേണ്ടി, യൂറോപ്യൻ ജനാധിപത്യത്തിനെതിരായി, ഉപയോഗപ്പെടുത്തുകയാണു് ബോണപ്പാർട്ടിസവും സാറിസവും രണ്ടും ചെയ്യുന്നതു്.

ണെങ്കിൽ, സങ്കുചിതവാദികളായ ''സാമൂഹ്യസാമ്രാജ്യവാദിക'' ളെന്നും വിപ്ലവകാരികളെന്നും രണ്ടായി പിളർന്നിരിക്കുകയാണ്.

പരിതസ്ഥിതിയിൽ വന്നിട്ടുള്ള സമൂർത്തമായ മാററങ്ങഠം ഇതെല്ലാമാണ്. തങ്ങഠം സമൂർത്തമായി ചിന്തിക്കുമെന്ന് ഉറപ്പു തരുന്നുണ്ടെങ്കിലും പോളിഷ് സോഷ്യൽഡെമോക്രാററുകാർ അവ ഗണിക്കുന്നതും ഇതുതന്നെയാണ്! ഈ മാററങ്ങളുടെ ഫലമായി ഒരേ സോഷ്യലിസ്റ്റ്തത്വത്തിൻെറ പ്രയോഗത്തിലും സമൂർത്ത മായ മാററമുണ്ടായിരിക്കുന്നു: അന്ന് ''സാറിസത്തെ എതിർ ക്കുക'' (കൂടാതെ, ജനാധിപത്യവിരുദ്ധലക്ഷ്യങ്ങഠംക്കുവേണ്ടി അതുപയോഗപ്പെടുത്തിവന്ന ചില ചെറുകിടദേശീയപ്രസ്ഥാന ങ്ങളേയും എതിർക്കുക), പാശ്ചാത്യലോകത്തിലെ വൻകിടരാ ഷ്ട്രങ്ങളിലുള്ള വിപ്ലവജനതകളെ അനുകൂലിക്കുക, എന്നതായി രുന്നു പ്രധാനപ്പെട്ട സംഗതി; ഇന്ന്, വിടവുകഠം നികത്തി ഒററക്കെട്ടായി നിൽക്കുന്ന സാമ്രാജ്യത്വശക്തികളുടേയും സാമ്രാ ജ്യത്വബൂർഷ്വാസിയുടേയും സാമൂഹ്യസാമ്രാജ്യവാദികളുടേയും മുന്നണിക്കെതിരായി, എല്ലാ സാമ്രാജ്യത്വവിരുദ്ധ ദേശീയ പ്രസ്ഥാനങ്ങളേയും സോഷ്യലിസ്റ്റ് വിപ്ലവത്തിനായി ഉപ യോഗപ്പെടുത്തുന്നതിനുവേണ്ടി നിലകൊള്ളുക എന്നതാണ് മുഖ്യ സംഗതി. പൊതുസാമ്രാജ്യത്വമുന്നണിക്കെതിരായ തൊഴിലാളി വർഗ്ഗസമരം ഇപ്പോഠം എത്രമാത്രം കലർപ്പററതായിത്തീരുന്നു വെന്നതനുസരിച്ച് ''ഇതരരാഷ്ട്രങ്ങളെ മർദ്ദിക്കുന്ന ഒരു രാഷ്ട്രത്തി നും സ്വാതന്ത്ര്യമാവാൻ സാദ്ധ്യമല്ലെ''ന്ന സാർവ്വദേശീയതത്വ ത്തിൻെറ പ്രാധാന്യവും വർദ്ധിക്കുന്നു.

സാമൂഹ്യവിപ്ലവം സംബന്ധിച്ച ശുഷ്കസൈദ്ധാന്തിക മായ ഒരു സങ്കല്പത്തിൻെറ പേരിൽ പോളണ്ടിൻെറ സാർവ്വ ദേശീയപങ്കിനെ അവഗണിക്കുകയും ദേശീയപ്രസ്ഥാനങ്ങഠം അപ്രധാനമായിക്കരുതുകയുമാണ് പ്രൂ ദോണിസ്റ്റുകഠം ചെയ്തതു്. പോളിഷ് സോഷ്യൽഡെമോക്രാററുകാരുടെ മനോഭാവവും അത്ര തന്നെ ശുഷ്കസൈദ്ധാന്തികമാണ്. കാരണം, അവർ സാമൂ ഹ്യസാമ്രാജ്യവാദികഠംക്കെതിരായ സാർവ്വദേശീയമുന്നണിയെ പിളർക്കുകയും വെട്ടിപ്പിടുത്തങ്ങളുടെ പ്രശ്നത്തിൽ ആടിക്കളിച്ചു

കൊണ്ടു് അക്കൂട്ടരെ (വസ്തുനിഷ്ഠമായി) സഹായിക്കുകയും ചെയ്യുന്നു. ചെറുകിടരാഷ്ട്രങ്ങളുടെ സമൂർത്തമായ നിലയെ സംബന്ധിച്ചിടത്തോളം മാററം വന്നിരിക്കുന്നതു് തൊഴിലാളിവർഗ്ഗസമരത്തിന്റെ സാർവ്വദേശീയമുന്നണിക്കു തന്നെയാണു്: അന്നു് (1848–71–ൽ) ഒന്നുകിൽ ''പടിഞ്ഞാറൻ ജനാധിപത്യ''ത്തിന്റേയും വിപ്ലവരാഷ്ട്രങ്ങളുടേയും സഹായികളാകാനോ അല്ലെങ്കിൽ സാറിസത്തിന്റെ സഹായികളാകാനോ സാദ്ധ്യതയുള്ള രാഷ്ട്രങ്ങളെന്ന നിലയ്ക്കു് ചെറുകിടരാഷ്ട്രങ്ങൾക്കു് ഒരു പ്രാധാന്യമുണ്ടായിരുന്നു; ഇന്നു് (1898–1914–ൽ) ചെറുകിടരാഷ്ട്രങ്ങൾക്കു് ആ പ്രാധാന്യം പൊയ്പ്പോയിരിക്കുന്നു; ''അധിപരാഷ്ട്രങ്ങ''ളുടെ ഇത്തിക്കണ്ണിസ്വഭാവത്തേയും തദ്വാരാ അവയുടെ സാമൂഹ്യസാമ്രാജ്യവാദത്തേയും പോഷിപ്പിക്കുന്ന മാദ്ധ്യമങ്ങളിലൊന്നെന്ന നിലയ്ക്കാണു് ഇന്നവയുടെ പ്രാധാന്യം. ചെറുകിടരാഷ്ട്രങ്ങളുടെ അമ്പതിലൊരു ഭാഗമോ നൂറിലൊരു ഭാഗമോ സോഷ്യലിസ്റ്റ് വിപ്ലവത്തിനു മുമ്പു് മോചനം നേടുമോ എന്നതല്ല പ്രശ്നം. സാമ്രാജ്യത്വയുഗത്തിൽ വസ്തുനിഷ്ഠമായ കാരണങ്ങളാൽ തൊഴിലാളിവർഗ്ഗം രണ്ടു സാർവ്വദേശീയചേരികളായി ഭിന്നിച്ചിരിക്കുന്നുവെന്നും അവയിലൊന്നു് അധിപരാഷ്ട്രങ്ങളിലെ ബൂർഷ്വാസി എറിഞ്ഞുകൊടുക്കുന്ന അപ്പക്കഷണങ്ങൾ — അതു തന്നെ ചെറുകിടരാഷ്ട്രങ്ങളെ രണ്ടും മൂന്നും തവണ ഞെക്കിപ്പിഴിഞ്ഞിട്ടു കിട്ടുന്നതാണു് — കഴിച്ചു് ദുഷിച്ചുപോയിരിക്കുന്നുവെന്നും മറേറതിനു് ചെറുകിടരാഷ്ട്രങ്ങളെ മോചിപ്പിക്കാതെയും സങ്കുചിതവാദവിരുദ്ധമായ, എന്നുവച്ചാൽ വെട്ടിപ്പിടുത്തത്തിനെതിരായ, എന്നുവച്ചാൽ ''സ്വയംനിർണ്ണയന''ത്തിന്റേതായ സ്പിരിട്ടിൽ ബഹുജനങ്ങൾക്കു ശിക്ഷണം നൽകാതെയും സ്വയം മോചനം നേടാൻ കഴിയില്ലെന്നുമുള്ളതാണു് മുഖ്യസംഗതി.

പ്രശ്നത്തിന്റെ ഏററവും പ്രധാനപ്പെട്ട ഈ വശം പോളിഷ് സഖാക്കൾ അവഗണിക്കുന്നു. സാമ്രാജ്യത്വയുഗത്തിലെ കേന്ദ്രസ്ഥാനത്തു നിന്നുകൊണ്ടല്ല, സാർവ്വദേശീയതൊഴിലാളിവർ

ഗ്ഗം രണ്ടു ചേരികളായി തിരിഞ്ഞിരിക്കുന്നുവെന്ന നിലപാടിൽ നിന്നുകൊണ്ടല്ല, അവർ കാര്യങ്ങൾ കാണുന്നതു്.

അവരുടെ പ്ര. ദോണിസത്തിൻെറ മററു സമൂർത്തദൃഷ്ടാന്ത ങ്ങൾ ഇവയെല്ലാമാണ്: 1) 1916–ൽ നടന്ന ഐറിഷ് കലാപത്തോടുള്ള അവരുടെ മനോഭാവം — അതേപ്പററി ഞങ്ങൾ പിന്നീടു പറയാം; 2) സോഷ്യലിസ്റ്റ് വിപ്ലവം എന്ന മുദ്രാവാക്യത്തെ ''യാതൊന്നും കൊണ്ടു മറച്ചുകളയരുതെ''ന്നു് തീസിസ്സിൽ (രണ്ടാം ഭാഗത്തിൽ മൂന്നാംഖണ്ഡികയുടെ അവസാനം) നടത്തിയിരിക്കുന്ന പ്രഖ്യാപനം. സോഷ്യലിസ്റ്റ് വിപ്ലവമുദ്രാവാക്യത്തെ ദേശീയപ്രശ്നമുൾപ്പെടെ എല്ലാ പ്രശ്നങ്ങളിലുമുള്ള അടിയുറച്ച വിപ്ലവനിലപാടുമായി ബന്ധപ്പെടുത്തിയാൽ അതു് ''മറച്ചുകളയപ്പെട്ടു''മെന്നു പറയുന്നതു് തീർച്ചയായും തികച്ചും മാർക്സിസ്റ്റ്‌വിരുദ്ധമായ ഒരാശയമാണ്.

പോളിഷ് സോഷ്യൽഡെമോക്രാററുകാരുടെ അഭിപ്രായത്തിൽ ഞങ്ങളുടേതു് ''ദേശീയ–പരിഷ്കരണവാദപര''മായ ഒരു പരിപാടിയാണ്. ഈ പ്രായോഗികനിർദ്ദേശങ്ങൾ രണ്ടും ഒന്നു തട്ടിച്ചുനോക്കുക: 1) സ്വയംഭരണം വേണം (പോളിഷ്‌തീസിസ്സ്, III, 4); 2) വിട്ടുപോകാനുള്ള സ്വാതന്ത്ര്യം വേണം. ഇക്കാര്യത്തിൽ മാത്രമാണ് രണ്ടു പരിപാടികളും തമ്മിൽ വ്യത്യാസമുള്ളതു് !

ഇതിൽ രണ്ടാമത്തേതല്ല, ആദ്യത്തേതു തന്നെയാണു പരിഷ്കരണവാദപരമെന്നു സ്പഷ്ടമല്ലേ? ഭരണാധികാരിവർഗ്ഗത്തിൻെറ അധികാരത്തിൻെറ അടിത്തറ അതേപടി നിലനിർത്തുന്ന മാററത്തെയാണ് പരിഷ്കരണവാദപരമായ മാററമെന്നു പറയുന്നതു്. സ്വന്തം അധികാരത്തിനു യാതൊരു കോട്ടവും തട്ടാതെ ഭരണാധികാരിവർഗ്ഗം ചെയ്യുന്ന സൗജന്യം മാത്രമാണതു്. എന്നാൽ വിപ്ലവകരമായ മാററം അധികാരത്തിൻെറ അടിത്തറ തകർക്കുന്നു. ഒരു പരിഷ്കരണവാദപരമായ ദേശീയപരിപാടി അധിപരാഷ്ട്രത്തിൻെറ എല്ലാ പ്രത്യേകാനുകൂല്യങ്ങളും അവസാനിപ്പിക്കുന്നില്ല; അതു പരിപൂർണ്ണസമത്വം സ്ഥാപിക്കുന്നില്ല; അതു് എല്ലാ ദേശീയമർദ്ദനവും അവസാനിപ്പിക്കുന്നില്ല.

ഒരു ''അധിപ''രാഷ്ട്രത്തിനുള്ള എല്ലാ അവകാശങ്ങളും ''സ്വയം ഭരണാധികാരമുള്ള'' ഒരു രാഷ്ട്രത്തിനു ലഭിക്കുന്നില്ല. രാഷ്ട്രീയ ധാരണകളേയും തത്വങ്ങളേയും അപഗ്രഥിക്കുന്നതിൽനിന്നു (നമ്മുടെ പഴയ ''സാമ്പത്തികവാദികളെ''പ്പോലെ) നിർബ്ബന്ധബുദ്ധിയോടെ ഒഴിഞ്ഞുമാറിനിന്നില്ലായിരുന്നെങ്കിൽ പോളിഷ് സഖാക്കൾ ഇക്കാര്യം കാണാതിരിക്കുമായിരുന്നില്ല. 1905 വരെ സ്വയംഭരണാധികാരമുണ്ടായിരുന്ന നോർവ്വെ സ്വീഡൻെറ ഒരു ഭാഗമെന്ന നിലയ്ക്ക് ഏററവും വിപുലമായ സ്വയംഭരണാധികാരം അനുഭവിച്ചുപോന്നു. പക്ഷെ സ്വീഡനോടൊപ്പം സമത്വം അതിനുണ്ടായിരുന്നില്ല. അതു യഥേഷ്ടം വേറിട്ടുപോയതോടുകൂടിമാത്രമാണ് അതിൻെറ സമത്വം പ്രയോഗത്തിൽ പ്രത്യക്ഷപ്പെട്ടതും തെളിയിക്കപ്പെട്ടതും (ഇങ്ങനെ യഥേഷ്ടം വേറിട്ടുപോയതുതന്നെയാണ് അവ തമ്മിൽ തുല്യാവകാശാധിഷ്ഠിതവും കൂടുതൽ ദൃഢവും ജനാധിപത്യപരവുമായ സൗഹൃദത്തിനു് അടിത്തറയിട്ടതെന്നുകൂടി ഇടയ്ക്കു പറഞ്ഞുകൊള്ളട്ടെ). നോർവ്വെക്കു് സ്വയംഭരണാധികാരം മാത്രമുണ്ടായിരുന്നിടത്തോളം കാലം, സ്വീഡിഷ് പ്രഭുക്കന്മാർക്കു് കൂടുതലായി ഒരു പ്രത്യേകാവകാശമുണ്ടായിരുന്നു; വേറിട്ടുപോയതുകൊണ്ടു് ഈ പ്രത്യേകാവകാശം ''ലഘൂകരിക്ക''പ്പെടുകയല്ല (ഒരു ദൂഷ്യത്തെ ''ലഘൂകരിക്കു''ന്നേയുള്ളു, നശിപ്പിക്കുന്നില്ല എന്നതിലാണ് പരിഷ്കരണവാദത്തിൻെറ സാരാംശം അടങ്ങിയിരിക്കുന്നതു്) പാടേ നീക്കം ചെയ്യപ്പെടുകയാണുണ്ടായതു് (അതാണ് ഒരു പരിപാടിയുടെ വിപ്ലവസ്വഭാവത്തിൻെറ മുഖ്യമാനദണ്ഡം).

ഒരു പരിഷ്കാരനടപടിയായ സ്വയംഭരണം ഒരു വിപ്ലവനടപടിയായ വിട്ടുപോകാനുള്ള സ്വാതന്ത്ര്യത്തിൽനിന്നും താത്വികമായി വിഭിന്നമാണെന്നു കൂടി ഇടയ്ക്കു പറഞ്ഞുകൊള്ളട്ടെ. ഇതു നിസ്സംശയമാണ്. പക്ഷെ പ്രയോഗത്തിൽ പലപ്പോഴും വിപ്ലവത്തിലേക്കുള്ള ഒരു കാൽവയ്പുമാത്രമാണു പരിഷ്കാരമെന്നു് എല്ലാവർക്കുമറിയാമല്ലൊ. ഒരു സ്റ്റേററിൻെറ അതിർത്തികൾക്കുള്ളിൽ ബലാൽക്കാരമായി പിടിച്ചുനിർത്തപ്പെട്ടിട്ടുള്ള ഒരു രാഷ്ട്രത്തിനു് വ്യക്തമായും ഒരു രാഷ്ട്രമെന്നനിലയ്ക്കു് സ്വയം രൂപം

കൊള്ളാനും, സ്വന്തം ശക്തികളെ സമാഹരിക്കാനും വിലയിരുത്താനും സംഘടിപ്പിക്കാനും, ''സർവ്വറഷ്യാസാമ്രാട്ട് മേലിൽ പോളണ്ടിന്റെയും മററും രാജാവായിരിക്കുന്നതല്ലെന്ന് ഇന്ന രാഷ്ട്രത്തിലെ (ഉദാ: പോളണ്ട്) അഥവാ ഇന്ന പ്രദേശത്തിലെ സ്വയംഭരണാധികാരമുള്ള നിയമസഭ ഇതിനാൽ പ്രഖ്യാപിച്ചു കൊള്ളുന്നു'' എന്ന് ''നോർവ്വെയുടെ'' സ്പിരിട്ടിൽ ഒരു പ്രഖ്യാപനം നടത്താനുള്ള ഏററവും പററിയ സന്ദർഭം തിരഞ്ഞെടുക്കാനും കഴിവുണ്ടാക്കിക്കൊടുക്കുന്നതു് സ്വയംഭരണമല്ലാതെ മറെറാന്നുമല്ല. ഇതിനു സാധാരണ കേരംക്കാറുള്ള ഒരു ''തടസ്സം'' ഇത്തരം പ്രശ്നങ്ങരം പ്രഖ്യാപനങ്ങരംവഴിയല്ല, യുദ്ധത്തിലൂടെയാണു തീരുമാനിക്കപ്പെടുന്നതെന്നാണ്. ശരിയാണ്. ബഹുഭൂരിപക്ഷം സന്ദർഭങ്ങളിലും അവ തീരുമാനിക്കുന്നതു് യുദ്ധംവഴിക്കാണ് (വലിയ സ്റ്റേററുകളുടെ ഭരണരൂപമെന്തായിരിക്കണമെന്നു ബഹുഭൂരിപക്ഷം സന്ദർഭങ്ങളിലും തീരുമാനിക്കുന്നതു് യുദ്ധവും വിപ്ലവവും വഴിക്കാണെന്നതുപോലെതന്നെ). എന്നാലും ഒരു വിപ്ലവപ്പാർട്ടിയുടെ രാഷ്ട്രീയപരിപാടിയുടെ നേരെ ഇങ്ങനെയൊരു ''തടസ്സവാദം'' ഉന്നയിക്കുന്നതു് യുക്തിസഹജമാണോ എന്നു പരിശോധിക്കുന്നതിൽ തെററില്ല. നീതിയുക്തവും തൊഴിലാളിവർഗ്ഗത്തിനു ഗുണകരവുമായ കാര്യങ്ങരംക്കുവേണ്ടിയുള്ള, ജനാധിപത്യത്തിനും സോഷ്യലിസത്തിനും വേണ്ടിയുള്ള, യുദ്ധങ്ങരംക്കും വിപ്ലവങ്ങരംക്കും നാം എതിരാണോ?

''വൻകിടരാഷ്ട്രങ്ങരം അന്യോന്യം യുദ്ധത്തിലേർപ്പെടുന്നതിനെ, പത്തോ ഇരുപതോ ദശലക്ഷം ജനസംഖ്യയുള്ള ഒരു ചെറിയ രാഷ്ട്രത്തെ ഒരുപക്ഷെ മോചിപ്പിക്കാൻ കഴിഞ്ഞേക്കുമെന്നു കരുതി ഇരുപതു ദശലക്ഷം ജനങ്ങളെ കശാപ്പുചെയ്യുന്നതിനെ, അനുകൂലിക്കാൻ നമുക്കെങ്ങിനെ കഴിയും!'' ഇല്ല, അതു നമുക്കൊരിക്കലും കഴിയുകയില്ല. പരിപൂർണ്ണദേശീയസമത്വം വേണമെന്ന ആവശ്യം നമ്മുടെ പരിപാടിയിൽനിന്നും എടുത്തുകളയുന്നതുകൊണ്ടല്ല, ഒരു രാജ്യത്തിന്റെ ജനാധിപത്യതാല്പര്യങ്ങരം ഏതാനും രാജ്യങ്ങളുടേയും എല്ലാ രാജ്യങ്ങളുടേയും ജനാധിപത്യതാല്പര്യങ്ങരംക്കു വിധേയമായിരിക്കണമെന്നതുകൊണ്ട്.

രണ്ടു വലിയ രാജവാഴ്ചകൾക്കു നടുവിൽ ഒരു ചെറിയ രാജവാഴ്ചയുണ്ടെന്നും അതിലെ കൊച്ചു രാജകുടുംബത്തിനു് അയൽപക്കത്തുള്ള മററു രണ്ടു രാജകുടുംബങ്ങളുമായും ''രക്തബന്ധ''വും മററു ബന്ധങ്ങളുമുണ്ടെന്നും നമുക്കു സങ്കല്പിക്കാം. ആ കൊച്ചു രാജ്യം റിപ്പബ്ലിക്കായി പ്രഖ്യാപിച്ചുകൊണ്ടു് അവിടത്തെ രാജാവിനെ പുറത്താക്കുന്നപക്ഷം അവിടെ ആ രാജാവിനേയോ മറെറാരു രാജാവിനേയോ പുനഃപ്രതിഷ്ഠിക്കാൻവേണ്ടി അയൽപക്കത്തെ രണ്ടു വലിയ രാജ്യങ്ങളും തമ്മിൽ യുദ്ധമുണ്ടാവുകയായിരിക്കും ഫലമെന്നും സങ്കല്പിക്കാം. അങ്ങിനെയാണെങ്കിൽ സാർവ്വദേശീയ സോഷ്യൽഡെമോക്രസിയാകെയും ആ ചെറുരാജ്യത്തിലെ സോഷ്യൽഡെമോക്രസിക്കകത്തെ യഥാർത്ഥ സാർവ്വദേശീയവാദികളുടെ വിഭാഗവും അവിടെ രാജവാഴ്ചയ്ക്കു പകരം റിപ്പബ്ലിക്കു സ്ഥാപിക്കുന്നതിനെതിരായിരിക്കുമെന്നതിനു സംശയമില്ല. രാജവാഴ്ചയുടെ സ്ഥാനത്തു് റിപ്പബ്ലിക്കു സ്ഥാപിക്കുകയെന്നതു് കേവലമായ ഒരാവശ്യമല്ല, പ്രത്യുത, ജനാധിപത്യത്തിൻേറയും (അതിലുമുപരി തീർച്ചയായും സോഷ്യലിസ്റ്റ് തൊഴിലാളിവർഗ്ഗത്തിൻേറയും) മൊത്തത്തിലുള്ള താല്പര്യങ്ങൾക്കു വിധേയമായ ജനാധിപത്യാവശ്യങ്ങളിലൊന്നാണു്. ഇതുപോലൊരു ദൃഷ്ടാന്തത്തിൽ ഏതൊരു രാജ്യത്തെ സോഷ്യൽഡെമോക്രാററുകാർക്കിടയിലും ഏററവും നിസ്സാരമായ അഭിപ്രായഭിന്നതപോലും പ്രത്യക്ഷപ്പെടുകയില്ലെന്നതു മിക്കവാറും തീർച്ചയാണു്. എന്നാൽ, ഇക്കാരണത്താൽ റിപ്പബ്ലിക്കിനുവേണ്ടിയുള്ള ആവശ്യം സാർവ്വദേശീയ സോഷ്യൽഡെമോക്രസിയുടെ പരിപാടിയിൽനിന്നും പാടേ നീക്കം ചെയ്യണമെന്നു് ഏതെങ്കിലും സോഷ്യൽഡെമോക്രാററു് നിർദ്ദേശിക്കുകയാണെങ്കിൽ അയാളെ ഭ്രാന്തനായിട്ടേ കണക്കാക്കു. സാമാന്യവും സവിശേഷവും തമ്മിൽ യുക്തിസിദ്ധമായിട്ടുള്ള പ്രാഥമിക വ്യത്യാസം എന്തായാലും വിസ്മരിക്കരുതെന്നു് ആളുകൾ അയാളെ ഓർമ്മപ്പെടുത്തും.

ഈ ദൃഷ്ടാന്തം നമ്മെ മറെറാരു വഴിക്കു് തൊഴിലാളിവർഗ്ഗത്തിനു സാർവ്വദേശീയതാപരമായ ശിക്ഷണം നൽകുന്ന പ്രശ്ന

ത്തിൽ കൊണ്ടെത്തിക്കുന്നു. ഇതിന്റെ ആവശ്യകതയേയും അടിയന്തിരപ്രാധാന്യത്തേയും കുറിച്ച് സിമ്മർവാൾഡ് ഇടതുപക്ഷക്കാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടാകുമെന്നു ചിന്തിക്കാൻപോലും സാദ്ധ്യമല്ലല്ലൊ. വലിയ മർദ്ദകരാഷ്ട്രങ്ങളിലും ചെറിയ മർദ്ദിതരാഷ്ട്രങ്ങളിലും, വെട്ടിപ്പിടുത്തക്കാരായ രാഷ്ട്രങ്ങളിലും വെട്ടിപ്പിടിക്കപ്പെട്ട രാഷ്ട്രങ്ങളിലും ഈ ശിക്ഷണം യഥാർത്ഥത്തിൽ ഒന്നുതന്നെയാകാൻ നിർവ്വാഹമുണ്ടോ?

തീർച്ചയായുമില്ല. ഒരു പേജിന്റെ നടുവിലുള്ള ഒരു ബിന്ദുവിലെത്താൻ അതിന്റെ ഒരററത്തുനിന്നു വലത്തോട്ടും മറേറ അററത്തുനിന്ന് ഇടത്തോട്ടുമാണല്ലൊ നീങ്ങേണ്ടതു്. എന്നതുപോലെതന്നെ, ലക്ഷ്യം ഒന്നാണെങ്കിലും (പരിപൂർണ്ണ സമത്വവും ഏററവും സുദൃഢമായ സൗഹൃദവും അവസാനം എല്ലാ രാഷ്ട്രങ്ങളുടേയും സംയോജനവും) അതിലേക്കുള്ള വഴി ഓരോ സമൂർത്തദൃഷ്ടാന്തത്തിലും വെവ്വേറെയാണ്. വെട്ടിപ്പിടുത്തം നടത്തുന്ന ഒരു വൻകിടമർദ്ദകരാഷ്ട്രത്തിൽപ്പെട്ട ഒരു സോഷ്യൽഡെമോക്രാററ് പൊതുവിൽ രാഷ്ട്രങ്ങളുടെ സംയോജനത്തിനുവേണ്ടി വാദിക്കുന്ന അവസരത്തിൽ ''തന്റെ'' നിക്കൊളാസ് രണ്ടാമൻ, അല്ലെങ്കിൽ ''തന്റെ'' വിൽഹെം, ജോർജ്ജ്, പുവൻകറേ തുടങ്ങിയവരും (വെട്ടിപ്പിടുത്തത്തിൽക്കൂടിയുള്ള) ചെറുകിടരാഷ്ട്രങ്ങളുമായുള്ള സംയോജനത്തിനുവേണ്ടി—ഗലീഷ്യയുമായുള്ള ''സംയോജന''ത്തിനുവേണ്ടി നിക്കൊലാസ് രണ്ടാമനും ബെൽജിയവുമായുള്ള ''സംയോജന''ത്തിനുവേണ്ടി വിൽഹെം രണ്ടാമനും മററും മററും—നിലകൊള്ളുന്നുവെന്ന പരമാർത്ഥം നിമിഷനേരത്തേക്കുപോലും വിസ്മരിക്കുന്നതായാൽ അയാാം തത്വത്തിൽ അപഹാസ്യനായ സിദ്ധാന്തവാദിയും പ്രയോഗത്തിൽ സാമ്രാജ്യത്വത്തിന് അരുനിൽക്കുന്നവനുമാണ്.

മർദ്ദകരാജ്യങ്ങളിലെ തൊഴിലാളികൾക്കു സാർവ്വദേശീയതത്വത്തിൽ ശിക്ഷണം നൽകുമ്പോൾ, മർദ്ദിതരാജ്യങ്ങൾക്കു വിട്ടുപോകാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി വാദിക്കുകയും അതു് ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നതിലാണ് അവശ്യമായും ഊന്നേണ്ടതു്. ഇതുകൂടാതെ സാർവ്വദേശീയതത്വമെന്നൊന്ന് സാദ്ധ്യ

മല്ല. ഈ രീതിയിൽ പ്രചാരവേലചെയ്യാത്ത, മർദ്ദകരാഷ്ട്രത്തിൽ പ്പെട്ട ഏതൊരു സോഷ്യൽഡെമോക്രാററിനേയും ഒരു സാമ്രാജ്യവാദിയും വഞ്ചകനുമായി കരുതാനുള്ള അവകാശവും കടമയും ഞങ്ങൾക്കുണ്ട്. സോഷ്യലിസം ഏർപ്പെടുത്തുന്നതിനുമുമ്പ് വേറിട്ടു പോകൽ പ്രായോഗികവും ''സംഭാവ്യവു'' മാകാനുള്ള സാദ്ധ്യത ആയിരത്തിലൊന്നേ ഉള്ളവെങ്കിൽക്കൂടി ഈ പ്രചാരവേല നടത്തുകതന്നെവേണം.

ദേശീയവൈജാത്യങ്ങളോട് ''ഉദാസീന''ഭാവം കൈക്കൊള്ളണമെന്നു തൊഴിലാളികളെ പഠിപ്പിക്കാൻ നാം ബാദ്ധ്യസ്ഥരാണെന്ന കാര്യത്തിൽ രണ്ടുപക്ഷമില്ല. എന്നാൽ അതു് വെട്ടിപ്പിടിക്കൽവാദികളുടെ ''ഉദാസീനത'' ആവരുതു്. ചെറുകിടരാഷ്ട്രങ്ങൾ തൻെറ സ്റ്റേററിൽ പെട്ടതാണോ അതോ അയൽപക്കത്തെ ഏതെങ്കിലുമൊരു സ്റ്റേററിൽ പെട്ടതാണോ അതോ അവയുടെ അഭീഷ്ടം ഒരു സ്റ്റേററിലും പെടാതെ നിൽക്കണമെന്നതാണോ എന്ന കാര്യത്തിൽ ഒരു മർദ്ദകരാഷ്ട്രത്തിൽപ്പെട്ടയാൾ ''ഉദാസീന''നായിരിക്കണം. അയാൾ ഈ രീതിയിൽ ''ഉദാസീന''നല്ലെങ്കിൽ അയാളൊരു സോഷ്യൽഡെമോക്രാററല്ല. സാർവ്വദേശീയവാദിയായ ഒരു സോഷ്യൽഡെമോക്രാററാകണമെങ്കിൽ സ്വന്തം രാഷ്ട്രത്തെപ്പററിമാത്രം ചിന്തിക്കുകയല്ല, എല്ലാ രാഷ്ട്രങ്ങളുടേയും താല്പര്യങ്ങളെ, അവയുടെ പൊതുസ്വാതന്ത്ര്യത്തേയും സമത്വത്തേയും, സ്വന്തം രാഷ്ട്രത്തിനുമുപരിയായി കാണുകയാണു് വേണ്ടതു്. ''തത്വത്തിൽ'' ഇതിനോടു് എല്ലാവരും യോജിക്കുന്നുണ്ടു്. പക്ഷെ പ്രയോഗത്തിൽ വെട്ടിപ്പിടിക്കൽവാദികളുടെ ഉദാസീനതയാണു് പ്രകടിപ്പിക്കാറെന്നു മാത്രം. കുഴപ്പത്തിൻെറ നാരായവേരു കിടക്കുന്നതിവിടെയാണു്.

മറുവശത്തു്, ഒരു ചെറുകിടരാഷ്ട്രത്തിൽപ്പെട്ട സോഷ്യൽഡെമോക്രാററു് തൻെറ പ്രക്ഷോഭപ്രവർത്തനത്തിൽ ഊന്നേണ്ടതു് നമ്മുടെ പൊതുഫോർമുലയിലെ രണ്ടാമത്തെ വാക്കാണു്: രാഷ്ട്രങ്ങളുടെ ''സ്വയമേവയുള്ള ഏകീകരണം'' എന്ന വാക്കു്. ഒരു സാർവ്വദേശീയവാദിയെന്ന നിലയ്ക്കുള്ള കടമകൾ ലംഘിക്കാതെതന്നെ അയാൾക്കു് ഒന്നുകിൽ തൻെറ രാഷ്ട്രത്തിൻെറ രാ

ഷ്ട്രീയസ്വാതന്ത്ര്യത്തെ അനുകൂലിക്കാം, അല്ലെങ്കിൽ അയൽ പക്കത്തെ ഏതെങ്കിലുമൊരു സ്റ്റേററിൽ അതുറംപ്പെടുന്നതിനെ അനുകൂലിക്കാം. പക്ഷെ ഏതൊരു പരിതസ്ഥിതിയിലും അയാരം ചെറുകിടരാഷ്ട്രത്തിനു സഹജമായ സങ്കുചിതമനസ്ഥിതിക്കെതിരായും ഒററപ്പെട്ടുനിൽക്കുന്നതിനെതിരായും പൊരുതണം. മൊത്തത്തിലുള്ളതും പൊതുവിലുള്ളതുമായ കാര്യങ്ങരം അംഗീകരിക്കാനും വ്യഷ്ടിയുടെ താല്പര്യങ്ങരം സമഷ്ടിയുടെ താല്പര്യങ്ങരംക്കു വിധേയമാക്കാനും വേണ്ടി പൊരുതണം.

മർദ്ദകരാഷ്ട്രങ്ങളിലെ സോഷ്യൽഡെമോക്രാററുകാർ ''വിട്ടുപോകാനുള്ള സ്വാതന്ത്ര്യ''ത്തിനുവേണ്ടി ഊന്നിപ്പറയുന്നതും മർദ്ദിതരാഷ്ട്രങ്ങളിലെ സോഷ്യൽഡെമോക്രാററുകാർ ''ഏകീകരണത്തിനുള്ള സ്വാതന്ത്ര്യ''ത്തിനുവേണ്ടി ഊന്നിപ്പറയുന്നതും തമ്മിൽ ''വൈരുദ്ധ്യ''മുണ്ടെന്നു് പ്രശ്നത്തിലെക്കു് ആണ്ടിറങ്ങി നോക്കാത്തയാളുകരം വിശ്വസിക്കുന്നു. എന്നാൽ നിലവിലുള്ള പരിതസ്ഥിതിയിൽനിന്നു് സാർവ്വദേശീയത്വത്തിലേക്കും രാഷ്ട്രങ്ങളുടെ സംയോജനത്തിലേക്കുമെത്താൻ, ആ ലക്ഷ്യത്തിലെത്താൻ, ഇതല്ലാതെ മററു യാതൊരു വഴിയുമില്ലെന്നും ഉണ്ടാകാൻ സാദ്ധ്യമല്ലെന്നും അല്പം ആലോചിച്ചാൽ കാണാവുന്നതാണു്.

അടുത്തതായി നമുക്കു് ഹോളണ്ടിലേയും പോളണ്ടിലേയും സോഷ്യൽഡെമോക്രാററുകാരുടെ സവിശേഷമായ നിലപാടു പരിശോധിക്കാം.

## 8. ഹോളണ്ടിലേയും പോളണ്ടിലേയും സാർവ്വദേശീയവാദികളായ സോഷ്യൽ ഡെമോക്രാററുകാരുടെ നിലപാടിലെ സവിശേഷവും സാമാന്യവുമായ കാര്യങ്ങരം

സ്വയംനിർണ്ണയനത്തെ എതിർക്കുന്ന ഹോളണ്ടിലേയും പോളണ്ടിലേയും മാർക്സിസ്റ്റുകാർ സാർവ്വദേശീയ സോഷ്യൽഡെമോക്രസിയിലെ ഏററവും നല്ല വിപ്ലവകാരികളുടേയും സാർവ്വ

ദേശീയവാദികളുടേയും കൂട്ടത്തിൽപ്പെടുമെന്നതിന്ന് യാതൊരു സംശയവുമില്ല. പിന്നെങ്ങിനെയാണ് അവരുടെ താത്വികവാദങ്ങൾ തെററുകളുടെ ഒരു കൂമ്പാരമായതു്? ശരിയായ ഒരൊററ പൊതുവാദംപോലും അക്കൂട്ടത്തിലില്ല. ''സാമ്രാജ്യസാമ്പത്തികവാദ''മല്ലാതെ യാതൊന്നുമില്ല!

ഹോളണ്ടിലേയും പോളണ്ടിലേയും സഖാക്കളെ വിശേഷിച്ചും മോശമായ വ്യക്തിനിഷ്ഠമായ ദുർഗ്ഗുണങ്ങൾ പിടിപെട്ടിരിക്കുന്നുവെന്നതല്ല ഇതിന്നു കാരണം. അവരുടെ രാജ്യങ്ങൾക്കു മാത്രം ബാധകമായ വസ്തുനിഷ്ഠസാഹചര്യങ്ങളാണിതിന്നു കാരണം. 1) രണ്ടു രാജ്യങ്ങളും വൻകിടരാഷ്ട്രങ്ങളുടെ സമകാലീന ''വ്യവസ്ഥ''യിൽ ചെറുതും നിസ്സഹായവുമാണ്; 2) പരസ്പരം അങ്ങേയററത്തെ മാത്സര്യം വച്ചുപുലർത്തുന്ന കൂററൻ സാമ്രാജ്യത്വശക്തികൾക്കിടയിലാണ് (ബ്രിട്ടൻ, ജർമ്മനി എന്നിവയ്ക്കിടയിലും ജർമ്മനി, റഷ്യ എന്നിവയ്ക്കിടയിലും) ഭൂമിശാസ്ത്രപരമായി രണ്ടു രാജ്യങ്ങളുടേയും കിടപ്പ്; 3) തങ്ങൾതന്നെ ''വൻശക്തി'' രാഷ്ട്രങ്ങളായിരുന്ന കാലത്തെ ഓർമ്മകളും പാരമ്പര്യങ്ങളും ഇരുരാജ്യങ്ങളിലും അതിശക്തിയായി നിലകൊള്ളുന്നു: ബ്രിട്ടനേക്കാൾ കരുത്തുററ ഒരു കൊളോണിയൽ വൻകിടശക്തിയായിരുന്നു ഹോളണ്ടു്; പോളണ്ടാണെങ്കിൽ, സംസ്കാരത്തിലും കരുത്തിലും റഷ്യയേയും പ്രഷ്യയേയും അതിശയിച്ചിരുന്ന ഒരു വൻകിടശക്തിയായിരുന്നു; 4) അന്യജനതകളെ മർദ്ദിക്കുകയെന്ന പ്രത്യേകാവകാശം ഇന്നേവരെ ഇരുരാജ്യങ്ങളും നിലനിർത്തിപ്പോരുന്നുണ്ടു്: ഡച്ച് ബൂർഷ്വ സമ്പൽസമൃദ്ധമായ ഡച്ച് ഈസ്റ്റിൻഡീസ് കയ്യടക്കിവച്ചിരിക്കുന്നു; പോളണ്ടിലെ ഭൂവുടമ ഉക്രെയിനിലേയും ബിലോറഷ്യയിലേയും അടിയാളനേയും പോളണ്ടിലെ ബൂർഷ്വ യഹൂദനേയും മററും മററും മർദ്ദിക്കുന്നു.

ഈ നാലു സവിശേഷസാഹചര്യങ്ങളും ഒന്നിച്ചെടുക്കുമ്പോൾ കാണുന്ന പ്രത്യേകത അയർലണ്ടു്, പോർച്ചുഗൽ (ഒരു കാലത്തു് ഇതിനെ സ്പെയിൻ വെട്ടിപ്പിടിച്ചിരുന്നു), അൽസാസ്, നോർവ്വെ, ഫിൻലണ്ടു്, ഉക്രെയിൻ എന്നിവിടങ്ങളിലോ ലെററിഷ്, ബിലോറഷ്യൻ പ്രദേശങ്ങളിലോ ഒന്നുംതന്നെ ദൃശ്യമല്ല.

അതേസമയം, ഈ പ്രത്യേകതയിലാണ് കാര്യത്തിന്റെ കാതൽ കിടക്കുന്നത്! ഹോളണ്ടിലേയും പോളണ്ടിലേയും സോഷ്യൽ ഡെമോക്രാററുകാർ സ്വയംനിർണ്ണയനത്തിനെതിരായി പൊതുവായ വാദങ്ങൾ—അതായത് സാമ്രാജ്യത്വത്തെ പൊതുവെയും സോഷ്യലിസത്തെ പൊതുവെയും ജനാധിപത്യത്തെ പൊതുവെയും ദേശീയമർദ്ദനത്തെ പൊതുവെയും ബാധിക്കുന്ന വാദങ്ങൾ—ഉന്നയിക്കുമ്പോൾ, അവർ അവസാനമില്ലാതെ തെററുകൾ കുന്നുകൂട്ടുകയാണെന്നു നിസ്സംശയം പറയാം. എന്നാൽ വ്യക്തമായും തെററായ ഈ പൊതുവായ വാദങ്ങളുടെ ആവരണം നീക്കി, പോളണ്ടിലെ സവിശേഷ സാഹചര്യങ്ങളുടെ നിലപാടിൽ നിന്നുകൊണ്ട് കാര്യത്തിന്റെ കാതൽ പരിശോധിച്ചാൽ അവരുടെ പ്രത്യേകനിലപാട് സുഗ്രഹവും തികച്ചും ന്യായവുമാണെന്നു വെളിപ്പെടുന്നു. ഹോളണ്ടിലേയും പോളണ്ടിലേയും മാർക്സിസ്റ്റുകാർ സ്വയംനിർണ്ണയനത്തിനെതിരായി കലിതുള്ളി അട്ടഹസിക്കുമ്പോൾ അവരുദ്ദേശിക്കുന്നതല്ല പറയുന്നതെന്ന്, അഥവാ അവർ പറയുന്നതല്ല ഉദ്ദേശിക്കുന്നതെന്ന്, വിരോധാഭാസശങ്ക കൂടാതെ നമുക്കു പറയാവുന്നതാണ്.*

ഒരു ഉദാഹരണം ഞങ്ങൾ തീസിസ്സിൽ എടുത്തുപറഞ്ഞിട്ടുണ്ട്.** ഗോർട്ടർ സ്വന്തം രാജ്യത്തിന്റെ സ്വയംനിർണ്ണയനത്തിനെതിരാണ്. പക്ഷെ ''തന്റെ'' രാഷ്ട്രത്തിന്റെ ചവിട്ടടിയിൽ കിടക്കുന്ന ഡച്ച് ഈസ്റ്റ്ഇൻഡീസിന്റെ സ്വയംനിർണ്ണയനത്തെ അദ്ദേഹം അനുകൂലിക്കുന്നു! ജർമ്മൻകാർക്കിടയിൽ കൗട്സ്കിയും നമുക്കിടയിൽ ട്രോട്സ്കിയും മാർത്തൊവും ചെയ്യുന്നതുപോലെ സ്വയംനിർണ്ണയനത്തെ വാക്കിലും കപടമായും അംഗീകരിക്കുന്നവരേക്കാൾ ആത്മാർത്ഥതയുള്ള ഒരു സാർവ്വദേശീയവാദിയേയും കൂടുതൽ ഉററ സഹചാരിയേയും നാമദ്ദേഹത്തിൽ ദർശിക്കുന്നെങ്കിൽ അതിലെന്താണത്ഭുതം? മാർക്സിസ

*സിമ്മർവാൾഡ് പ്രഖ്യാപനത്തിൽ എല്ലാ പോളിഷ് സോഷ്യൽ ഡെമോക്രാററുകാരും അല്പം വ്യത്യസ്തമായ വാക്കുകളിലാണെങ്കിലും സ്വയംനിർണ്ണയനത്തെ പൊതുവിൽ അംഗീകരിച്ചിട്ടുണ്ടെന്നോർക്കണം.൪൦

**ഈ പുസ്തകത്തിന്റെ പേജ് 181 നോക്കുക. —പ്രസാധകർ.

ത്തിന്റെ സാമാന്യവും മൗലികവുമായ തത്വങ്ങരം വച്ചുനോക്കിയാൽ, ''സ്വന്തം രാഷ്ട്ര''ത്തിന്റെ മർദ്ദനമനുഭവിക്കുന്ന രാഷ്ട്രങ്ങരംക്കു വിട്ടുപോകാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതുകയെന്നതു് ഒരു കടമയാണെന്നു നിസ്സംശയമായും സിദ്ധിക്കുന്നുണ്ടു്. എന്നാൽ, ''ലോകം മുഴുവൻ കത്തിയെരിഞ്ഞുകൊള്ളട്ടെ, ഞങ്ങരംക്കതെറിയേണ്ട; 'ഞങ്ങളുടെ' പഴയ കൊള്ളമുതലും അതു 'ബാക്കിയിട്ടിരിക്കുന്ന' സമ്പന്നമായ ഇന്ത്യീസും കൊണ്ടു് 'ഞങ്ങരം' തൃപ്തിപ്പെട്ടുകൊള്ളാം; മറെറാന്നും 'ഞങ്ങരം'ക്കറിയേണ്ട'' എന്ന രീതിയിൽ അങ്ങേയററം സങ്കുചിതഭാവത്തിൽ സ്വാർത്ഥമായി ചിന്തിച്ചുകൊണ്ടു് ഒററപ്പെട്ടുനിൽക്കുന്ന ഹോളണ്ടിനു് സ്വാതന്ത്ര്യം നൽകുന്നതിലാണു് കാര്യം കിടക്കുന്നതെന്നു് അതിൽനിന്നു സിദ്ധിക്കുന്നില്ല!

ഇനി മറെറാരു ഉദാഹരണമെടുക്കാം. യുദ്ധം പൊട്ടിപ്പുറപ്പെട്ടതിനുശേഷം ജർമ്മൻ സോഷ്യൽഡെമോക്രസിക്കകത്തു് സാർവ്വദേശീയതത്വത്തിനുവേണ്ടി അടിയുറച്ചു പൊരുതിക്കൊണ്ടു് വിശേഷിച്ചും വമ്പിച്ച സേവനമനുഷ്ഠിച്ചിട്ടുള്ള ഒരു പോളിഷ് സോഷ്യൽഡെമോക്രാററാണു് കാറൽ റാഡെക്കു്. അദ്ദേഹം ''രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശം'' എന്നൊരു ലേഖനത്തിൽ (വൈ. ബോർഹാർട്ടിന്റെ പത്രാധിപത്യത്തിലുള്ള ഒരിടതുപക്ഷറാഡിക്കൽ മാസികയായ ''ലിക്ട്ഷ്ട്രാലെനി''[81] ന്റെ — പ്രഷ്യൻ സെൻസറന്മാർ അമർച്ചചെയ്ത ഒരു പത്രമാണിതു്—വാല്യം 3, ലക്കം 3–ൽ: 1915 ഡിസംബർ 5–ാംനു പ്രസിദ്ധപ്പെടുത്തിയതാണതു്) സ്വയംനിർണ്ണയനത്തിനെതിരായി വീറോടെ വാദിക്കുന്നുണ്ടു്. തനിക്കനുകൂലമായി ഹോളണ്ടിലേയും പോളണ്ടിലേയും പണ്ഡിതന്മാരെ മാത്രം ഉദ്ധരിച്ചുകൊണ്ടു് അദ്ദേഹം കൂട്ടത്തിൽ ഇങ്ങനെയൊരു വാദംകൂടി ഉന്നയിക്കുന്നു: ''സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഏതു സമരത്തേയും പിന്താങ്ങാൻ സോഷ്യൽഡെമോക്രസി ബാദ്ധ്യസ്ഥമാണെ''ന്നൊരു ധാരണ സ്വയംനിർണ്ണയനത്തിൽനിന്നും ഉളവാകുന്നുണ്ടു്.

പൊതുസിദ്ധാന്തത്തിന്റെ നിലപാടിൽനിന്നു നോക്കിയാൽ ഈ വാദം തികച്ചും ജുഗുപ്സാവഹമാണു്. എന്തെന്നാൽ

അതിൽ യാതൊരു യുക്തിയുമില്ല. ഒന്നാമതു്, സവിശേഷമായതിനെ സാമാന്യമായതിനു കീഴ്പ്പെടുത്തിയില്ലെങ്കിൽ, ജനാധിപത്യത്തിനുവേണ്ടിയുള്ള ഒരൊററ പ്രത്യേകാവശ്യംപോലും ദുരുപയോഗത്തിനു് ഇട നൽകാതിരിക്കില്ല; റിപ്പബ്ലിക്കിനുവേണ്ടിയും പൗരോഹിത്യത്തിനെതിരായുമുള്ള ''ഏതൊരു'' പ്രസ്ഥാനത്തേയുമെന്നപോലെതന്നെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ''ഏതൊരു'' സമരത്തേയും പിന്താങ്ങാൻ നാം ബാദ്ധ്യസ്ഥരല്ല. രണ്ടാമതു്, ദേശീയമർദ്ദനത്തിനെതിരായ സമരത്തെ നിർവ്വചിക്കുന്ന ഒരൊററ ഫോർമുലപോലും ഈ ''പോരായ്മ''യിൽനിന്നു വിമുക്തമല്ല, വിമുക്തമാവാൻ സാദ്ധ്യവുമല്ല. റാഡെക്ക് തന്നെ ''ബേർണർ താഗ്വക്റ്റി''ൽ (1915, ലക്കം 253) ''പഴയതും പുതിയതുമായ വെട്ടിപ്പിടുത്തങ്ങരം പാടില്ല'' എന്നൊരു ഫോർമുല പ്രയോഗിക്കുകയുണ്ടായി. ഈ ഫോർമുലയിൽനിന്നു് ഏതൊരു പോളിഷ് ദേശീയവാദിയും ന്യായമായി ''അനുമാനിക്കുന്ന''തിതാണു്: ''പോളണ്ടു് വെട്ടിപ്പിടിക്കപ്പെട്ട ഒരു പ്രദേശമാണു്. ഞാൻ വെട്ടിപ്പിടുത്തത്തിനെതിരാണു്. അതായതു് പോളണ്ടു് സ്വതന്ത്രമാകണമെന്നാണു് എൻെറ പക്ഷം.'' റോസ ലുക്സംബുർഗ്ഗിൻെറ കാര്യമെടുക്കാം. 1908–ൽ എഴുതിയ ഒരു ലേഖനത്തിൽ[82] ''ദേശീയമർദ്ദനം പാടില്ല'' എന്ന ഫോർമുല മതിയാകുമെന്നു് അവർ അഭിപ്രായപ്പെട്ടതായി ഞാനോർക്കുന്നു. അപ്പോരം ഏതൊരു പോളിഷ് ദേശീയവാദിയും പറയുന്നതിതായിരിക്കും—അതു തികച്ചും ന്യായവുമായിരിക്കും: ദേശീയമർദ്ദനത്തിൻെറ ഒരു രൂപമാണു് വെട്ടിപ്പിടുത്തം; അതുകൊണ്ടു്, മററുംമററും.

എന്നാൽ ഈ സാമാന്യവാദങ്ങരംക്കു പകരം പോളണ്ടിൻെറ സവിശേഷസാഹചര്യങ്ങളെടുത്തുനോക്കു: യുദ്ധമോ വിപ്ലവമോ കൂടാതെ ഇന്നതു സ്വതന്ത്രമാവുകയെന്നതു് ''അസംഭാവ്യ''മാണു്. പോളണ്ടിൻെറ സ്വാതന്ത്ര്യം വീണ്ടെടുക്കുകയെന്ന ഒരേയൊരു കാര്യത്തിനുവേണ്ടി ഒരു അഖിലയൂറോപ്യൻ യുദ്ധത്തെ അനുകൂലിക്കുകയെന്നുവച്ചാൽ അങ്ങേയററം അധഃപതിച്ച ദേശീയവാദിയാകുക എന്നാണർത്ഥം. കുറച്ചുമാത്രം വരുന്ന പോ

ളണ്ടുകാരുടെ താല്പര്യങ്ങരം യുദ്ധത്തിൻെറ കെടുതികളനുഭവിക്കുന്ന കോടാനുകോടി ജനങ്ങളുടെ താല്പര്യങ്ങളേക്കാളുപരിയായി അ യാരം കാണുന്നുവെന്നർത്ഥം. ഉദാഹരണത്തിനു്, ''ഫ്രാകി'' എന്നറിയപ്പെടുന്ന പോളിഷ് സോഷ്യലിസ്റ്റ്പാർട്ടിയുടെ വല തുപക്ഷം ഇത്തരക്കാരാണു്. വാക്കിൽ മാത്രമാണു് അവർ സോ ഷ്യലിസ്റ്റുകാർ. അവർക്കെതിരായ പോളിഷ് സോഷ്യൽഡെ മോക്രാററുകാരുടെ നിലപാടു് ഒരായിരംതവണ ശരിയാണു്. ഇന്നു്, അയൽപക്കത്തെ സാമ്രാജ്യത്വശക്തികളുമായി ഇന്നത്തെ ബന്ധം നിലനിൽക്കെ, സ്വാതന്ത്ര്യപോളണ്ടു് എന്ന മുദ്രാവാക്യം ഉന്നയിക്കുകയെന്നുവച്ചാൽ മിഥ്യാലോകം തേടിപ്പോവുകയും സങ്കുചിതമായ ദേശീയവാദത്തിലേക്കു വഴുതിവീഴുകയും ചെ യ്യുകയെന്നാണർത്ഥം, യൂറോപ്പിലൊട്ടാകെ, ചുരുങ്ങിയതു് റഷ്യ യിലും ജർമ്മനിയിലുമെങ്കിലും, വിപ്ലവം നടന്നാലേ അതു സാദ്ധ്യമാകൂ എന്ന പരമാത്ഥം വിസ്മരിക്കുകയെന്നാണർത്ഥം. 1908–14 കാലത്തെ റഷ്യയിൽ സംയോജനസ്വാതന്ത്ര്യത്തെ ഒരു സ്വതന്ത്രമുദ്രാവാക്യമായി ഉന്നയിച്ചതും മിഥ്യാലോകം തേടി പ്പോകലായിരുന്നു. വസ്തുനിഷ്ഠമായി സ്റ്റോലീപ്പിൻ തൊഴി ലാളിപ്പാർട്ടിയെ (ഇന്നാണെങ്കിൽ പൊത്രേസ്സോവ്–ഗ്വോസ് ദെവ് പാർട്ടിയെ—രണ്ടും ഒന്നുതന്നെയാണു്) സഹായിക്കുക യെന്നായിരുന്നു അതിനർത്ഥം. എന്നുവെച്ച് സോഷ്യൽഡെ മോക്രസിയുടെ പരിപാടിയിൽനിന്നു സംയോജനസ്വാതന്ത്ര്യ മെന്ന ആവശ്യം എടുത്തുകളയുന്നതു് തനിഭ്രാന്തായിരിക്കും!

മൂന്നാമതൊരു ഉദാഹരണമെടുക്കാം. ഒരുപക്ഷേ ഇതാണേ റവും പ്രധാനപ്പെട്ട ഉദാഹരണം. പോളണ്ട് ഒരു സ്വതന്ത്രബഫർ സ്റ്റേററാകണമെന്ന ആശയത്തിനെതിരായി പോളിഷ് തീസി സ്സിൽ നാമിങ്ങനെ കാണുന്നു (മൂന്നാംഭാഗം, രണ്ടാംഖണ്ഡികയു ടെ അവസാനം): ''ദുർബ്ബലരായ ചെറുചെറുഗ്രൂപ്പുകളുടെ കഴമ്പി ല്ലാത്ത മനോരാജ്യമാണതു്. അതു നടപ്പിലാകുന്നപക്ഷം രൂപം കൊള്ളാൻ പോകുന്നതു് ചെറിയ ഒരു പോളിഷ് സ്റ്റേററ്– ശകലമായിരിക്കും. വൻകിടശക്തികളിലേതെങ്കിലുമൊരു ഗ്രൂപ്പി ൻെറ സൈനികകോളനിയായിരിക്കുമതു്. തങ്ങളുടെ സൈനിക

—സാമ്പത്തികതാല്പര്യങ്ങൾക്കുവേണ്ടി അവർ അതിട്ടു പന്താടും. അതു് വിദേശമൂലധനത്തിന്റെ വിഹാരരംഗവും ഭാവിയുദ്ധങ്ങളിലെ ഒരു പോർക്കളവുമായിരിക്കും.'' ഇപ്പോൾ പോളണ്ടിനു സ്വാതന്ത്ര്യം അനുവദിക്കണമെന്ന മുദ്രാവാക്യത്തിനെതിരെ ഇപ്പറഞ്ഞതെല്ലാം വളരെ ശരിയാണു്. എന്തെന്നാൽ, പോളണ്ടിൽ മാത്രമായി ഒരു വിപ്ലവം നടന്നാൽപ്പോലും ഇപ്പറഞ്ഞതിനു യാതൊരു മാററവുമുണ്ടാവില്ല. പ്രധാനസംഗതിയിൽനിന്നു്—റഷ്യയിലേയും ജർമ്മനിയിലേയും തൊഴിലാളിവർഗ്ഗങ്ങൾ നടത്തുന്ന സമരവുമായി ബന്ധപ്പെട്ടതാണു തങ്ങളുടെ സമരമെന്ന പരമാർത്ഥത്തിൽനിന്നു്—പോളിഷ് ബഹുജനങ്ങളുടെ ശ്രദ്ധ തിരിഞ്ഞുപോവുകയും ചെയ്യും; സമീപരാജ്യങ്ങളിലെ തൊഴിലാളികളുമായി യോജിച്ചുകൊണ്ടു് സങ്കുചിതമനസ്കരായ പോളിഷ് ദേശീയവാദികൾക്കെതിരെ സമരം ചെയ്യുന്നതിലൂടെമാത്രമേ പോളിഷ് തൊഴിലാളിവർഗ്ഗത്തിനു് സോഷ്യലിസത്തിനും സ്വാതന്ത്ര്യത്തിനും (പോളണ്ടിന്റെ സ്വാതന്ത്ര്യമുൾപ്പെടെ) വേണ്ടിയുള്ള സമരത്തെ സഹായിക്കാൻ കഴിയൂ എന്നതു് ഒരു വിരോധാഭാസമല്ല, ഒരു പരമാർത്ഥം മാത്രമാണു്. ഈ സമരത്തിൽ പോളിഷ് സോഷ്യൽഡെമോക്രാററുകാർ ചരിത്രപരമായി വമ്പിച്ച സേവനമാണനുഷ്ഠിച്ചിട്ടുള്ളതെന്നതു് നിർവിവാദമാണു്.

എന്നാൽ ഇന്നത്തെ കാലഘട്ടത്തിൽ പോളണ്ടിൽ നിലവിലുള്ള സവിശേഷസാഹചര്യങ്ങളുടെ നിലപാടു വച്ചുനോക്കിയാൽ ശരിയായ ഇതേ വാദങ്ങൾതന്നെ അവയ്ക്കു നൽകപ്പെടുന്ന പൊതുരൂപത്തിൽ തെററാണെന്നതിനു സംശയമില്ല. യുദ്ധങ്ങളുണ്ടാകുന്നിടത്തോളം കാലം പോളണ്ടു് എന്നും ജർമ്മനിയും റഷ്യയും തമ്മിലുള്ള യുദ്ധങ്ങളിലെ ഒരു പടക്കളമായിരിക്കും. എന്നുവച്ചു് യുദ്ധങ്ങൾക്കിടയിലുള്ള കാലഘട്ടങ്ങളിൽ കൂടുതൽ രാഷ്ട്രീയസ്വാതന്ത്ര്യം (അങ്ങിനെ കൂടുതൽ രാഷ്ട്രീയനിരാശ്രയത്വവും) അനുവദിക്കുന്നതിനെതിരായ ഒരു വാദമല്ല അതു്. വിദേശമൂലധനം ചൂഷണം ചെയ്യുമെന്ന കാര്യത്തിലും വിദേശതാല്പര്യങ്ങൾ പന്താടുമെന്ന കാര്യത്തിലുമെല്ലാം ഇതു ബാധക

മാണ്. സ്വതന്ത്രപോളണ്ടെന്ന മുദ്രാവാക്യം പോളിഷ് സോഷ്യൽഡെമോക്രാററുകാർക്ക് ഇന്നുന്നയിക്കാൻ നിർവ്വാഹമില്ല. എന്തെന്നാൽ, ''ഫ്രാകി''യെപ്പോലെ സാമ്രാജ്യത്വരാജവാഴ്ചകളിലൊന്നിൻെറ പാദസേവ ചെയ്യാതെ സാർവ്വദേശീയവാദികളെന്നനിലയ്ക്കു് പോളകാർക്കു് ഇക്കാര്യത്തിൽ യാതൊന്നും ചെയ്യാനാവില്ല. എന്നാൽ റഷ്യയിലേയും ജർമ്മനിയിലേയും തൊഴിലാളികളെ സംബന്ധിച്ചിടത്തോളം, തങ്ങരം പോളണ്ടിൻെറ വെട്ടിപ്പിടുത്തത്തിൽ ഭാഗഭാക്കാകുമോ (ജർമ്മനിയിലേയും റഷ്യയിലേയും തൊഴിലാളികളിലും കർഷകരിലും ഏററവും വൃത്തികെട്ടതും നീചവുമായ മനസ്ഥിതി കുത്തിവയ്ക്കുകയും അന്യജനതകളുടെ കശാപ്പുകാരെന്ന പങ്കുമായി പൊരുത്തപ്പെട്ടുപോകാൻ അവരെ അഭ്യസിപ്പിക്കുകയും ചെയ്യുകയെന്നാണിതിനർത്ഥം) അതോ പോളണ്ട് സ്വതന്ത്രമാകുമോ എന്ന കാര്യത്തിൽ അവർ ഉദാസീനരല്ല.

സ്ഥിതി വളരെയേറെ കെട്ടിമറിഞ്ഞതാണു കിടക്കുന്നതെന്നതിനു സംശയമില്ല. എന്നാൽ എല്ലാ പങ്കാളികളും സാർവ്വദേശീയവാദികളായി തുടരത്തക്കവണ്ണം ഒരു പോംവഴിയുണ്ട്. പോളണ്ടിനു് ''വിട്ടുപോകാനുള്ള സ്വാതന്ത്ര്യം'' നിരുപാധികം അനുവദിക്കണമെന്ന് റഷ്യയിലേയും ജർമ്മനിയിലേയും സോഷ്യൽഡെമോക്രാററുകാർ ആവശ്യപ്പെടുക; ഈ ഘട്ടത്തിലേക്കോ ഇക്കാലത്തേക്കോ സ്വതന്ത്രപോളണ്ടെന്ന മുദ്രാവാക്യം ഉന്നയിക്കാതെ ചെറുതും വലുതുമായ രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗസമരത്തിലെ ഐക്യത്തിനുവേണ്ടി പോളിഷ് സോഷ്യൽ ഡെമോക്രാററുകാർ പ്രവർത്തിക്കുക—ഇതാണ് ആ പോംവഴി.

## 9. എംഗൽസ് കൗട്സ്കിയ്ക്കു് എഴുതിയ കത്ത്

''സോഷ്യലിസവും കൊളോണിയൽ രാഷ്ട്രീയവും'' എന്ന തൻെറ ലഘുലേഖയിൽ (ബർലിൻ, 1907) കൗട്സ്കി

—അദ്ദേഹം അന്നു് മാർക്സിസത്തിൽനിന്നു കാലുമാറിയിരുന്നില്ല—1882 സെപ്തംബർ 12—ാംനു- എംഗൽസ് തനിക്കയച്ച ഒരു കത്തു് പ്രസിദ്ധീകരിക്കുകയുണ്ടായി. നാമിപ്പോഠം ചർച്ചചെയ്യുന്ന വിഷയത്തെ സംബന്ധിച്ചിടത്തോളം ആ കത്തു് വളരെ ശ്രദ്ധേയമായ ഒന്നാണു്. അതിൻെറ പ്രധാനഭാഗം ചുവടെ ചേർക്കുന്നു:

''എൻെറ അഭിപ്രായത്തിൽ, യഥാർത്ഥകോളനികഠം, അതായതു് യൂറോപ്യൻജനത കുടിയേറിപ്പാർത്തിട്ടുള്ള രാജ്യങ്ങഠം—കാനഡ, കേപ്പ്, ആസ്ട്രേലിയ തുടങ്ങിയവ—എല്ലാംതന്നെ സ്വതന്ത്രമാകും; നേരേമറിച്ചു്, വെറുതെ അധീനപ്പെടുത്തപ്പെട്ടുകയും തദ്ദേശീയർ തന്നെ അധിവസിക്കുകയും ചെയ്യുന്ന രാജ്യങ്ങഠം—ഇന്ത്യ, അഠംജീറിയ, ഡച്ചുകാരുടേയും പോർട്ടുഗീസുകാരുടേയും സ്പെയിൻകാരുടേയും അധീനതയിലിരിക്കുന്ന രാജ്യങ്ങഠം—തല്ക്കാലം തൊഴിലാളിവർഗ്ഗം ഏറെറടുക്കുകയും കഴിയുന്നത്രവേഗം അവയെ സ്വതന്ത്രമാക്കുകയും ചെയ്യേണ്ടതുണ്ടു്. ഈ പ്രക്രിയ എങ്ങിനെ നടക്കുമെന്നു് മുൻകൂട്ടിപ്പറയാൻ എളുപ്പമല്ല. ഇന്ത്യ ഒരുപക്ഷേ വിപ്ലവം നടത്തിയേക്കും. അതൊട്ടുമിക്കവാറും തീർച്ചയാണു്. സ്വയം വിമോചനം നേടുന്ന തൊഴിലാളിവർഗ്ഗത്തിനു് കൊളോണിയൽ യുദ്ധങ്ങഠം നടത്താൻ സാദ്ധ്യമല്ലാത്തതിനാൽ ആ വസ്തുത അതേപടി അംഗീകരിച്ചേപററു; അതിനിടയിൽ തീർച്ചയായും പലവിധത്തിലുള്ള നാശങ്ങഠം സംഭവിക്കും. പക്ഷെ അതൊക്കെ എല്ലാ വിപ്ലവങ്ങളുടേയും കൂടപ്പിറപ്പാണു്. മററു ചിലയിടങ്ങളിലും, ഉദാഹരണത്തിനു് അഠംജീറിയയിലും ഈജിപ്തിലും, ഇതുപോലെ സംഭവിച്ചെന്നുവരാം. നമ്മെ സംബന്ധിച്ചിടത്തോളം അതാണേററവും നല്ലതു്, തീർച്ച. നമുക്കു് സ്വന്തംനാട്ടിൽ പിടിപ്പതു ചെയ്യാൻ കാണും. യൂറോപ്പും വടക്കെ അമേരിക്കയും പുനസ്സംഘടിപ്പിക്കപ്പെട്ടുകഴിഞ്ഞാൽ, അവയ്ക്കുണ്ടാകുന്ന വമ്പിച്ച ശക്തിയും അവ കാട്ടുന്ന നല്ല മാതൃകയും കണ്ടു് അർദ്ധപരിഷ്കൃതരാജ്യങ്ങഠം സ്വയമേവ അവയുടെ കാലടികഠം പിന്തുടരാൻ ശ്രമിക്കും. സാമ്പത്തികാവശ്യങ്ങഠം മാത്രം മതി അതിനു പ്രേരണ ചെലുത്താൻ. പക്ഷെ അവയെ

പ്പോലെ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലെത്തിച്ചേരാൻ ആ രാജ്യങ്ങൾക്ക് സാമൂഹ്യവും രാഷ്ട്രീയവുമായ ഏതെല്ലാം അവസ്ഥാന്തരങ്ങളിലൂടെ കടന്നുപോകേണ്ടിവരുമെന്നുള്ളതിനു് ഇന്നു നമുക്ക് വ്യർത്ഥമായ ഊഹാപോഹങ്ങൾ നടത്താൻ മാത്രമേ കഴിയൂ എന്നാണെനിക്കു തോന്നുന്നതു്. ഒരു കാര്യം മാത്രം തീർച്ചയാണ്: വിജയംവരിച്ച തൊഴിലാളിവർഗ്ഗത്തിനു് സ്വന്തം വിജയത്തെ തുരങ്കംവയ്ക്കാതെ ഒരു വിദേശജനതയുടെ മേൽ യാതൊരുവിധ അനുഗ്രഹങ്ങളും അടിച്ചേല്പിക്കാൻ സാദ്ധ്യമല്ല. പലവിധത്തിലുള്ള പ്രതിരോധയുദ്ധങ്ങൾ നടത്താൻ പാടില്ലെന്നു് ഇതുകൊണ്ടു തീർച്ചയായും അർത്ഥമില്ല....''

''സാമ്പത്തികകാര്യങ്ങൾ'' സ്വയമേവ നേരിട്ടു് എല്ലാ വൈഷമ്യങ്ങളും നീക്കുമെന്നു് എംഗൽസ് കരുതുന്നേയില്ല. ഒരു സാമ്പത്തികവിപ്ലവം സോഷ്യലിസത്തിനുവേണ്ടി കിണഞ്ഞു ശ്രമിക്കുന്നതിനു് എല്ലാ ജനതകൾക്കുമുള്ള ഒരു ഉത്തേജനമായിരിക്കും; എന്നാലതേസമയംതന്നെ സോഷ്യലിസ്റ്റ്സ്റ്റേററിനെതിരായ വിപ്ലവങ്ങളും യുദ്ധങ്ങളും സംഭാവ്യമാണുതാനും. രാഷ്ട്രീയകാര്യങ്ങൾ സാമ്പത്തികകാര്യങ്ങളുമായി സ്വയം പൊരുത്തപ്പെട്ടുപോകുമെന്നതു് അനിവാര്യമാണു്, പക്ഷെ അതു് ഉടനടിയോ സുഗമമായോ സ്വതവേയോ നേരിട്ടോ നടക്കുകയില്ല. തികച്ചും സാർവ്വദേശീയാടിസ്ഥാനത്തിലുള്ള ഒരൊററ തത്വം മാത്രമേ എംഗൽസ് ''സുനിശ്ചിത''മായി ചൂണ്ടിക്കാണിക്കുന്നുള്ളു. അതു് കൊളോണിയൽ ജനതകൾക്കു മാത്രമല്ല, എല്ലാ ''വിദേശജനതകൾക്കും'' അദ്ദേഹം ബാധകമാക്കുന്നുണ്ടു്. ആ തത്വമിതാണു്: അവയുടെ മേൽ അനുഗ്രഹങ്ങൾ അടിച്ചേല്പിക്കുന്നതു് തൊഴിലാളിവർഗ്ഗത്തിന്റെ വിജയത്തെ തുരങ്കം വയ്ക്കലായിരിക്കും.

സാമൂഹ്യവിപ്ലവം നടത്തി എന്നൊരൊററക്കാരണത്താൽ തൊഴിലാളിവർഗ്ഗം പരിശുദ്ധമോ കുററങ്ങൾക്കും കുറവുകൾക്കുമതീതമോ ആയിത്തീരുന്നില്ല. പക്ഷെ വരാവുന്ന പിശകുകൾ (കൂടാതെ സ്വാർത്ഥതാല്പര്യവും — അതായതു്, മററുള്ളവരുടെ

മേൽ കുതിരകയറാനുള്ള ശ്രമങ്ങരം) അതു് ഈ പരമാർത്ഥം മനസ്സിലാക്കാൻ കാരണഭൂതമാവുമെന്നതു് അനിവാര്യമാണു്.

ഉദാഹരണത്തിനു് 1914–ൽ മാർക്സിസം ഉപേക്ഷിച്ചു് സങ്കുചിതവാദത്തിൻെറ വക്കാലത്തു പിടിക്കാൻ പോകുന്നതിനു മുമ്പു് കൗട്സ്കിക്കും ബോദ്ധ്യമായിരുന്ന വസ്തുത, അതായതു്, സോഷ്യലിസ്റ്റ് വിപ്ലവം ഏററവും അടുത്ത ഭാവിയിൽ—''ഏതു ദിവസവും'' എന്നാണു് കൗട്സ്കി ഒരിക്കൽ ഇതേപ്പററി പറഞ്ഞതു്—തികച്ചും സാദ്ധ്യമാണെന്ന വസ്തുത, സിമ്മർ വാരംഡ് ഇടതുപക്ഷക്കാരായ നമുക്കെല്ലാം ബോദ്ധ്യമുണ്ടു്. ദേശീയവിദ്വേഷങ്ങരം അത്രവേഗത്തിലൊന്നും അവസാനിക്കുകയില്ല. ഒരു മർദ്ദിതരാഷ്ട്രത്തിനു് അതിൻെറ മർദ്ദകരോടുള്ള വെറുപ്പ് — തികച്ചും ന്യായമായ വെറുപ്പ് — കുറേക്കാലത്തേക്കു തുടരുകതന്നെചെയ്യും. സോഷ്യലിസം വിജയിക്കുകയും രാഷ്ട്രങ്ങരം തമ്മിൽ പരിപൂർണ്ണമായ ജനാധിപത്യബന്ധങ്ങരം അവസാനമായി സ്ഥാപിതമാകുകയും ചെയ്തതിനുശേഷം മാത്രമേ അതില്ലാതാവുകയുള്ളു. സോഷ്യലിസത്തോടു കൂറുപുലർത്താൻ നാമാഗ്രഹിക്കുന്നുണ്ടെങ്കിൽ, ബഹുജനങ്ങരംക്കു് ഇന്നുതന്നെ സാർവ്വദേശീയതവത്തിൻെറ സ്പിരിട്ടിൽ ശിക്ഷണം നൽകണം. മർദ്ദകരാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം, മർദ്ദിതരാഷ്ട്രങ്ങരംക്കു് വിട്ടുപോകാനുള്ള സ്വാതന്ത്ര്യമനുവദിക്കണമെന്നു വാദിക്കാതെ ഇതു സാദ്ധ്യമല്ല.

## 10. 1916–ലെ ഐറിഷ് കലാപം

ഈ കലാപം പൊട്ടിപ്പുറപ്പെടുന്നതിനു മുമ്പാണു് നമ്മുടെ തീസിസ്സ് എഴുതിയതു്. സിദ്ധാന്തപരമായ നമ്മുടെ അഭിപ്രായങ്ങരം പരീക്ഷിച്ചുനോക്കാനുള്ള ഒരു ഉപാധിയാണീകലാപം.

സാമ്രാജ്യതവമർദ്ദനമനുഭവിക്കുന്ന ചെറിയ രാഷ്ട്രങ്ങളുടെ ശേഷി ക്ഷയിച്ചുകഴിഞ്ഞിരിക്കുന്നുവെന്നും അവയ്ക്കു സാമ്രാജ്യതവത്തിന്നെതിരായ യാതൊരു പങ്കും വഹിക്കാനാവില്ലെന്നും

അവയുടെ തികച്ചും ദേശീയമായ അഭിലാഷങ്ങളെ പിന്താങ്ങുന്നതു നിഷ്പ്രയോജനമാണെന്നും മററുമുള്ള നിഗമനത്തിലാണ് സ്വയംനിർണ്ണയനത്തിൻെറ എതിരാളികളുടെ അഭിപ്രായങ്ങളെത്തിച്ചേരുന്നതു്. 1914—16—ലെ സാമ്രാജ്യത്വയുദ്ധം ഇത്തരം നിഗമനങ്ങളെ നിഷേധിക്കുന്ന വസ്തുതകരം മുന്നോട്ടുവച്ചിട്ടുണ്ട്.

പശ്ചിമയൂറോപ്യൻ രാഷ്ട്രങ്ങളേയും മൊത്തത്തിൽ സാമ്രാജ്യത്വത്തേയും സംബന്ധിച്ചിടത്തോളം യുദ്ധം കുഴപ്പത്തിൻെറ ഒരു കാലഘട്ടമായിരുന്നു. ഓരോ പ്രതിസന്ധിഘട്ടത്തിലും പഴയ മാമൂലുകളും ബാഹ്യാചാരങ്ങളും വലിച്ചെറിയപ്പെടുകയും കാലഹരണപ്പെട്ടുപോയതെല്ലാം വർജ്ജിക്കപ്പെടുകയും ചെയ്യുന്നു. അതു് ആഴത്തിൽ സ്ഥിതിചെയ്യുന്ന സ്പ്രിംഗുകളേയും ശക്തികേന്ദ്രങ്ങളേയും വെളിച്ചത്തുകൊണ്ടുവരുന്നു. മർദ്ദിതരാഷ്ട്രങ്ങളുടെ പ്രസ്ഥാനത്തിൻെറ നിലപാടിൽനിന്നു നോക്കിയാൽ അതെന്താണു വ്യക്തമാകുന്നതു്? കോളനികളിൽ കലാപത്തിനുള്ള ശ്രമങ്ങരം തുടരെത്തുടരെ നടന്നിട്ടുണ്ട്. അവയെ മറച്ചുപിടിക്കാൻ സൈനികസെൻസർഷിപ്പുവഴി മർദ്ദകരാഷ്ട്രങ്ങരം പരമാവധി ശ്രമിച്ചുവെന്നതും തർക്കമററ സംഗതിയാണ്. എന്നിരുന്നാൽത്തന്നെയും സിങ്കപ്പൂരിൽ തങ്ങളുടെ ഇന്ത്യൻ സൈന്യങ്ങളുടെ ഇടയിലുണ്ടായ ഒരു ലഹള ഇംഗ്ലീഷുകാർ മൃഗീയമായി അടിച്ചമർത്തിയതായി നമുക്കറിയാം. അതുപോലെ ഫ്രഞ്ച് അന്നാമിലും (''നാഷെ സ്ലോവൊ''[83] നോക്കുക) ജർമ്മൻ കമറൂൺസിലും (യൂനിയസ്സിൻെറ ലഘുലേഖ* നോക്കുക) കലാപോദ്യമങ്ങരം നടന്നതായും നമുക്കറിയാം. യൂറോപ്പിലാകട്ടെ, അയർലണ്ടിൽ ഒരു കലാപമുണ്ടായി. നിർബ്ബന്ധിതസൈനികസേവനം അയർലണ്ടിലേക്കു വ്യാപിപ്പിക്കാൻ ധൈര്യപ്പെടാത്ത ''സ്വാതന്ത്ര്യപ്രേമികളായ'' ഇംഗ്ലീഷുകാർ അതിനെ കൂട്ടക്കൊലകൊണ്ട് ഒതുക്കിക്കളയുകയാണുണ്ടായതു്. മറുവശത്താണെങ്കിൽ, ആസ്ട്രിയൻ ഗവണ്മെൻറ് ചെക്ക് പാർലിമെണ്ടംഗങ്ങളെ ''രാജ്യദ്രോഹ''ക്കുററം ചുമത്തി വധശിക്ഷയ്ക്കു വിധിക്കുകയും ചെക്ക്

---

*''യൂനിയസ്സിൻെറ ലഘുലേഖയെപ്പററി'' ("Concerning the Yunius Pamphlet") എന്ന ലെനിൻെറ ലേഖനം നോക്കുക.— പ്രസാധകർ.

പട്ടാളറജിമെൻറുകളെ അങ്ങിനെതന്നെ ഇതേ ''കററ''ത്തിന്ന് വെടിവച്ചുകൊല്ലുകയും ചെയ്തു.

ഈ ലിസ്റ്റ് തീർച്ചയായും പൂർണ്ണമല്ല. എങ്കിൽപ്പോലും സാമ്രാജ്യത്വത്തിൻെറ കുഴപ്പം നിമിത്തം കോളനികളിലും യൂറോപ്പിലും ദേശീയകലാപത്തിൻെറ ജ്വാലകൾ ആളിക്കത്തുകയും ഭീകരഭീഷണികളും മർദ്ദനനടപടികളുമുണ്ടായിട്ടും ദേശീയാനുഭാവങ്ങളും ദേശീയവൈരങ്ങളും പ്രകടമാക്കപ്പെടുകയും ചെയ്തുവെന്ന് അതു തെളിയിക്കുന്നു. എന്നിട്ടും സാമ്രാജ്യത്വത്തിൻെറ കുഴപ്പം മൂർദ്ധന്യദശയുടെ അടുത്തെങ്ങും എത്തിയിരുന്നില്ല: സാമ്രാജ്യത്വബൂർഷ്വാസിയുടെ ശക്തി തകർക്കപ്പെട്ടിരുന്നില്ല (ഇരുപക്ഷങ്ങളേയു ''തളർത്തുന്ന'' ഒരു യുദ്ധം അതിനിടവരുത്തുമായിരിക്കും, പക്ഷെ ഇതേവരെ അതിനിടവരുത്തിയിട്ടില്ല); സാമ്രാജ്യത്വരാജ്യങ്ങളിലെ തൊഴിലാളിപ്രസ്ഥാനങ്ങൾ ഇപ്പോഴും വളരെ ദുർബ്ബലങ്ങളാണ്. യുദ്ധംമൂലം ശക്തിമുഴുവനും വാർന്നുപോവുകയോ, 1905—ൽ സാറിസത്തിൻെറ ശക്തിക്കു സംഭവിച്ചതുപോലെ, തൊഴിലാളിവർഗ്ഗസമരത്തിൻെറ പ്രഹരമേററ് ഒരു സ്റ്റേററിലെങ്കിലും ബൂർഷ്വാസിയുടെ ശക്തി ഉലഞ്ഞുപോവുകയോ ചെയ്താൽ എന്താണു സംഭവിക്കുക?

ഏതാനും ചില ഇടതുപക്ഷക്കാരടക്കമുള്ള സിമ്മർവാൾഡിസ്റ്റുകളുടെ മുഖപത്രമായ ''ബേർണർ താഗ്‌വക്റ്റി''ൻെറ 1916 മേയ് 9—ാംനു-യിലെ ലക്കത്തിൽ ''പാടിത്തീർന്ന ഒരു ഗാനം'' എന്ന ശീർഷകത്തിൽ കെ. ആർ. എന്നു പേരുവച്ച ഒരു ലേഖനം വരികയുണ്ടായി. ആ ലേഖനത്തിൽ ഐറിഷ് കലാപത്തെ ഏറെക്കുറെ ഒരു ''സാഹസികശ്രമ''മായിട്ടാണു ചിത്രീകരിച്ചിരിക്കുന്നതു്. ''ഐറിഷ്പ്രശ്നം ഒരു കാർഷികപ്രശ്നമായിരുന്നു''വെന്നും പരിഷ്കാരങ്ങൾകൊണ്ടു് കർഷകർ തൃപ്തിപ്പെട്ടുകഴിഞ്ഞിരുന്നുവെന്നും ''ദേശീയപ്രസ്ഥാനം കുറെ ഒച്ചപ്പാടുണ്ടാക്കിയെങ്കിലും അതു് നഗരവാസികളായ പെററിബൂർഷ്വാസിയുടെ മാത്രമായ ഒരു പ്രസ്ഥാനമായിത്തുടർന്നുവെന്നും കാര്യമായ സാമൂഹ്യപിന്തുണ അതിനില്ലായിരുന്നു''വെന്നും ലേഖകൻ വാദിക്കുന്നു.

അങ്ങേയററം വികൃതമായ രീതിയിൽ ശുഷ്കസൈദ്ധാന്തി കവും പാണ്ഡിത്യംനടിക്കുന്നതുമായ ഈ അഭിപ്രായഗതി റഷ്യ യിലെ ഒരു ദേശീയലിബറൽ കേഡററായ മി. എ. കുലിഷെറു ടെ അഭിപ്രായഗതിയുമായി (''രേച്ച്'', ലക്കം 102, ഏപ്രിൽ 15, 1916) യോജിക്കുന്നുവെന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. അദ്ദേഹവും പ്രസ്തുതകലാപത്തെ ''ഡബ്ലിനിലെ സാഹസിക ശ്രമം'' എന്നാണു മുദ്രയടിച്ചതു്.

''സ്വയംനിർണ്ണയന''ത്തെ നിഷേധിക്കുകയും ചെറിയ രാഷ്ട്രങ്ങളിലെ ദേശീയപ്രസ്ഥാനങ്ങളെ അവജ്ഞാപൂർവ്വം വീക്ഷിക്കുകയും ചെയ്യുന്നതുകൊണ്ടു് തങ്ങൾ ചളിക്കുണ്ടിലാണ്ടു പോവുകയാണെന്ന വസ്തുത മനസ്സിലാക്കാത്ത പല സഖാക്കളും നമ്മുടെയിടയിലുണ്ടു്. ''തെല്ലെങ്കിലും നന്മയില്ലാത്ത തിന്മ എന്നൊന്നില്ല'' എന്ന പഴമൊഴിയനുസരിച്ച്, സാമ്രാജ്യത്വ ബൂർഷ്വാസിയുടെ ഒരു പ്രതിനിധിയുടേയും ഒരു സോഷ്യൽഡെ മോക്രാററിൻേറയും അഭിപ്രായങ്ങൾ ''യാദൃച്ഛികമായി'' ഒന്നായിത്തീരുന്നുവെന്ന വസ്തുത ഈ സഖാക്കളുടെ കണ്ണു തുറപ്പി ക്കുമെന്നു നമുക്കാശിക്കാം.

''സാഹസികശ്രമം'' എന്ന വാക്കു് അതിൻെറ ശാസ്ത്രീയാർ ത്ഥത്തിൽ പ്രയോഗിക്കുന്നതു് കലാപത്തിനുള്ള ശ്രമത്തിൻെറ പിന്നിൽ ഒരു കൂട്ടം ഗൂഢാലോചനക്കാരോ വിഡ്ഢികളായ ഭ്രാ ന്തന്മാരോ മാത്രമേയുള്ളുവെന്നു വെളിപ്പെടുകയും അതു് ബഹു ജനങ്ങളിൽ യാതൊരു അനുഭാവവും തട്ടിയുണർത്താതിരിക്കുകയും ചെയ്യുമ്പോഴാണു്. നൂററാണ്ടുകൾ പഴക്കമുള്ള ഐറിഷ് ദേശീയ പ്രസ്ഥാനം വിവിധഘട്ടങ്ങളും വർഗ്ഗതാല്പര്യങ്ങളുടെ കൂട്ടുകെട്ടുകളും കടന്നുവന്നിട്ടുള്ളതാണു്. ഈ പ്രസ്ഥാനത്തിൻെറ പ്രകടിതരൂപ ങ്ങളിലൊന്നാണു് അമേരിക്കയിൽ ചേർന്ന വമ്പിച്ച ഐറിഷ് നാഷനൽ കോൺഗ്രസ്സിൽ (''ഫോർവെർട്ട്സ്'',[84] മാർച്ച് 20, 1916) നാം ദർശിക്കുന്നതു്. ഐറിഷ് സ്വാതന്ത്ര്യത്തിനു് ആഹ്വാനം നൽകുന്ന ഒരു പ്രമേയം പ്രസ്തുതകോൺഗ്രസ്സ് അംഗീ കരിക്കുകയുണ്ടായി. ബഹുജനപ്രക്ഷോഭത്തിൻേറയും പ്രകടനങ്ങളു ടേയും പത്രമാരണത്തിൻെറയും മററും സുദീർഘമായ ഒരു കാ

ലഘലട്ടത്തിനുശേഷം നഗരത്തിലെ പെററിബൂർഷ്വാസിയും ഒരു വിഭാഗം തൊഴിലാളികളും ചേർന്നു നടത്തിയ തെരുവുയുദ്ധത്തിൽ ഈ ദേശീയപ്രസ്ഥാനത്തിൻെറ പ്രകടനമാണു നാം ദർശിച്ചതു്. അത്തരമൊരു കലാപത്തെ ഒരു ''സാഹസികശ്രമ''മായി വിവരിക്കുന്നതു് ആരുതന്നെയായാലും അയാറം ഒന്നുകിൽ ഒരു തികഞ്ഞ പിന്തിരിപ്പനോ അല്ലെങ്കിൽ സാമൂഹ്യവിപ്ലവത്തെ ഒരു സജീവപ്രതിഭാസമായി വിഭാവനചെയ്യാൻ കഴിവില്ലാത്ത ഒരു ശുഷ്കസിദ്ധാന്തവാദിയോ ആണു്.

കോളനികളിലേയും യൂറോപ്പിലേയും ചെറിയ രാഷ്ട്രങ്ങളുടെ കലാപങ്ങരം കൂടാതെ, പെററിബൂർഷ്വാസിയിലെ ഒരു വിഭാഗം അവരുടെ എല്ലാ മുൻവിധികളും വച്ചുപുലർത്തിക്കൊണ്ടുതന്നെ നടത്തുന്ന വിപ്ലവാത്മകമായ സാഹസികസമരങ്ങരം കൂടാതെ, ഭൂപ്രഭുക്കളുടേയും പള്ളിയുടേയും രാജവാഴ്ചയുടേയും മററും മർദ്ദനത്തിനും ദേശീയമർദ്ദനത്തിനുമെതിരായി രാഷ്ട്രീയ പ്രബുദ്ധതയില്ലാത്ത തൊഴിലാളികളും അർദ്ധതൊഴിലാളികളുമടങ്ങിയ ബഹുജനങ്ങരം നടത്തുന്ന ഒരു പ്രസ്ഥാനമില്ലാതെ, സാമൂഹ്യവിപ്ലവം ചിന്തനീയമാണെന്നു സങ്കല്പിക്കുന്നതു് സാമൂഹ്യവിപ്ലവത്തെ നിഷേധിക്കുന്നതിനു തുല്യമാണു്. ഒരു വശത്തു് ഒരു സൈന്യം അണിനിരന്നുനിന്നു് ''ഞങ്ങരം സോഷ്യലിസത്തിനുവേണ്ടി നിലകൊള്ളുന്നു''വെന്നും മറുവശത്തു് മറെറാരു സൈന്യം ''ഞങ്ങരം സാമ്രാജ്യത്വത്തിനുവേണ്ടി നിലകൊള്ളുന്നു''വെന്നും പറയുമെന്നും അതാണു സാമൂഹ്യവിപ്ലവമെന്നും സങ്കല്പിക്കുന്നവർക്കുമാത്രമേ, അത്തരം അപഹാസ്യമായ പാണ്ഡിത്യഗർവ്വു നടിക്കുന്ന അഭിപ്രായക്കാർക്കു മാത്രമേ, ഐറിഷ് കലാപത്തെ ഒരു ''സാഹസികശ്രമ''മായി ചിത്രീകരിച്ചുകൊണ്ടു് അതിനെ കരിതേച്ചുകാണിക്കാൻ കഴിയുകയുള്ളു.

ഒരു ''ശുദ്ധ'' സാമൂഹ്യവിപ്ലവം പ്രതീക്ഷിക്കുന്ന ആർക്കുംതന്നെ അതു കാണുന്നതുവരെ ജീവിച്ചിരിക്കാൻ ഒരിക്കലും സാദ്ധ്യമല്ല. അത്തരമൊരാറം വിപ്ലവമെന്തെന്നറിയാതെ വിപ്ലവത്തിനു് അധരസേവനം നടത്തുകയാണു ചെയ്യുന്നതു്.

1905—ലെ റഷ്യൻ വിപ്ലവം ഒരു ബൂർഷ്വാജനാധിപത്യവിപ്ലവമായിരുന്നു. റഷ്യയിലെ ജനങ്ങൾക്കിടയിലുള്ള അസംതൃപ്തരായ എല്ലാ വർഗ്ഗങ്ങളും ഗ്രൂപ്പുകളും വ്യക്തികളും പങ്കെടുത്ത പോരാട്ടങ്ങളുടെ ഒരു പരമ്പരയായിരുന്നു അതു്. ഏററവും പ്രാകൃതമായ മുൻവിധികളുള്ളവരും ഏററവും അസ്പഷ്ടവും അതിവിചിത്രവുമായ സമരോദ്ദേശങ്ങളുള്ളവരും ഇക്കൂട്ടത്തിൽപ്പെട്ടിരുന്നു. കൂടാതെ ജപ്പാനിൽനിന്നു ധനസഹായം സ്വീകരിച്ചിരുന്ന ചെറിയ ഗ്രൂപ്പുകളും ഊഹക്കച്ചവടക്കാരും സാഹസികന്മാരുമെല്ലാം ഇതിൽ പെട്ടിരുന്നു. വസ്തുനിഷ്ഠമായി ആ ബഹുജനപ്രസ്ഥാനം സാറിസത്തിൻെറ നട്ടെല്ലൊടിക്കുകയും ജനാധിപത്യത്തിലേക്കു വഴിതെളിക്കുകയുമാണു ചെയ്തതു്. വർഗ്ഗബോധമുള്ള തൊഴിലാളികൾ അതിനു നേതൃത്വം നൽകിയതു് അക്കാരണത്താലാണു്.

യൂറോപ്പിലെ സോഷ്യലിസ്റ്റ് വിപ്ലവം മർദ്ദിതരും അസംതൃപ്തരുമായ എല്ലാത്തരമാളുകളും ചേർന്നുകൊണ്ടുള്ള ഒരു ബഹുജനസമരത്തിൻെറ പൊട്ടിത്തെറിയാകാതെ തരമില്ല. പെററിബൂർഷ്വാസിയിലും പിന്നണിയിൽ നിൽക്കുന്ന തൊഴിലാളികളിലും പെട്ട ചില വിഭാഗങ്ങൾ അതിൽ പങ്കെടുക്കുമെന്നതു് അനിവാര്യമാണു്. ഇത്തരം ഭാഗഭാഗിത്വം കൂടാതെ ബഹുജനസമരം അസാദ്ധ്യമാണു്. അതില്ലാതെ യാതൊരു വിപ്ലവവും സാദ്ധ്യമല്ല. എന്നാലതോടൊപ്പം അവരുടെ മുൻവിധികളും അവരുടെ പിന്തിരിപ്പൻ മനോരാജ്യങ്ങളും ദൗർബ്ബല്യങ്ങളും വീഴ്ചകളും പ്രസ്ഥാനത്തിൽ കടന്നുകൂടുമെന്നതും അനിവാര്യമാണു്. പക്ഷെ വസ്തുനിഷ്ഠമായി അവർ മൂലധനത്തെ എതിർക്കും. വിപ്ലവത്തിൻെറ വർഗ്ഗബോധമുള്ള മുന്നണിപ്പടയായ, പുരോഗാമികളായ തൊഴിലാളിവർഗ്ഗത്തിനു്, നാനാഗുണങ്ങളുള്ളതും തമ്മിൽ പൊരുത്തമില്ലാത്തതും വിവിധരൂപത്തിലുള്ളതും പ്രത്യക്ഷത്തിൽ പരസ്പരൈക്യമില്ലാത്തതുമായ ബഹുജനസമരത്തിൻെറ വസ്തുനിഷ്ഠമായ ഈ യാഥാർത്ഥ്യം പ്രകടിപ്പിച്ചുകൊണ്ടു് അതിനെ ഏകീകരിക്കുകയും നയിക്കുകയും ചെയ്യാനും അധികാരം പിടിച്ചെടുക്കാനും ബാങ്കുകൾ കൈവശപ്പെടുത്താനും (വ്യത്യസ്തകാരണങ്ങൾ കൊണ്ടാണെങ്കിലും) സർവ്വരാലും വെറുക്കപ്പെടുന്ന ട്രസ്റ്റുകൾ

കണ്ടുകെട്ടാനും സർവ്വാധിപത്യപരമായ മററു നടപടികൾ കൈക്കൊള്ളാനും കഴിയും. ഇവയുടെയെല്ലാം ആകത്തുക ബൂർഷ്വാസിയെ കടപുഴക്കിയെറിയുകയും സോഷ്യലിസം സ്ഥാപിക്കുകയും ചെയ്യുകയെന്നതായിരിക്കും. എന്നാൽ ഇങ്ങനെ കൈവരിക്കുന്ന സോഷ്യലിസത്തിൽനിന്നും പെററിബൂർഷ്വാ മാലിന്യത്തെ നിശ്ശേഷം ''കഴുകിക്കളയുക'' അത്ര ക്ഷിപ്ര സാദ്ധ്യമല്ല.

''യൗവ്വനാവസ്ഥയിലുള്ള കൊളോണിയൽബൂർഷ്വാസി യൂറോപ്യൻ സാമ്രാജ്യത്വത്തിനെതിരായി നടത്തുന്ന സമരത്തെ'' സോഷ്യൽഡെമോക്രസി ''യൂറോപ്പിലെ വിപ്ലവപരമായ കുഴപ്പം മൂർച്ഛിപ്പിക്കുന്നതിനുവേണ്ടി പ്രയോജനപ്പെടുത്തണ'' മെന്നു പോളിഷ് തീസിസ്സിൽ (I, 4) കാണുന്നു (അടിവര ലേഖകരുടേതു്).

ഇക്കാര്യത്തിൽ യൂറോപ്പിനെ കോളനികളിൽനിന്നു വേർതിരിച്ചുകാണുന്നതു് അല്പംപോലും അനുവദനീയമല്ലെന്നു വ്യക്തമല്ലേ? കലാപത്തിലും തെരുവുയുദ്ധത്തിലും പട്ടാളത്തിലെ ഉരുക്കുപോലുറച്ച അച്ചടക്കത്തിൻെറ തകർച്ചയിലും പട്ടാളനിയമപ്രഖ്യാപനത്തിലും എത്തിച്ചേരാൻ കഴിവുള്ളതാണു് യൂറോപ്പിലെ മർദ്ദിതരാഷ്ട്രങ്ങളുടെ സമരം. ഈ സമരം അങ്ങു ദൂരെയുള്ള ഒരു കോളനിയിലെ വളരെക്കൂടുതൽ വളർച്ചയെത്തിയ കലാപത്തെ അപേക്ഷിച്ചു്, ''യൂറോപ്പിലെ വിപ്ലവപരമായ കുഴപ്പത്തെ'' എത്രയോ കൂടുതൽ ''മൂർഛിപ്പിക്കുന്ന''താണു്. അയർലണ്ടിലുണ്ടാകുന്ന ഒരു കലാപം ഇംഗ്ലീഷ് സാമ്രാജ്യത്വബൂർഷ്വാസിയുടെ മേൽ ഏല്പിക്കുന്ന പ്രഹരത്തിനു് ഏഷ്യയിലോ ആഫ്രിക്കയിലോ ഉണ്ടാകുന്ന അമ്മാതിരിയുള്ള ഒരു കലാപത്തിൻെറ പ്രഹരത്തേക്കാൾ നൂറുമടങ്ങു് രാഷ്ട്രീയപ്രാധാന്യമുണ്ടു്.

''സ്വതന്ത്രബെൽജിയം'' എന്ന ഒരു നിയമവിരുദ്ധപത്രത്തിൻെറ എൺപതാംലക്കം ബെൽജിയത്തിൽ ഇറങ്ങിയതായി ഫ്രഞ്ച് സങ്കുചിതവാദികളുടെ പത്രങ്ങൾ ഈയിടെ വെളിപ്പെടുത്തുകയുണ്ടായി. ഫ്രാൻസിലെ സങ്കുചിതവാദികളുടെ പത്രങ്ങൾ പലപ്പോഴും വ്യാജപ്രസ്താവനകൾ ഇറക്കാറുണ്ടെന്നതു് ഒരു നേരാ

ണെങ്കിലും ഈ വാർത്തയ്ക്കു സത്യത്തോടു സാദൃശ്യമുണ്ട്. സങ്കുചിതവാദികളും കൗട്സ്കിയിസ്റ്റുമായ ജർമ്മൻ സോഷ്യൽഡെമോക്രസി യുദ്ധം നടന്ന രണ്ടു കൊല്ലത്തിനിടയിൽ സ്വന്തം പത്രങ്ങൾ സ്ഥാപിക്കുന്നതിൽ പരാജയമടയുകയും സൈനികസെൻസർഷിപ്പിൻെറ നുകം അടിമകളെപ്പോലെ പേറുകയും ചെയ്യപ്പോൾ (ഇടതുപക്ഷറാഡിക്കൽ വിഭാഗങ്ങൾ മാത്രം ഈ സെൻസർഷിപ്പിനെ വകവയ്ക്കാതെ ലഘുലേഖകളും പ്രകടനപത്രികകളും പ്രസിദ്ധപ്പെടുത്തിയെന്നതിൽ അവർ അഭിനന്ദനാർഹരാണ്) മർദ്ദനവിധേയമായ ഒരു പരിഷ്കൃതരാഷ്ട്രം മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത വിധത്തിൽ ഏററവും മൃഗീയമായ സൈനികമർദ്ദനത്തെ നേരിട്ടത് വിപ്ലവപരമായ പ്രതിഷേധത്തിൻേറതായ ഒരു ജിഹ്വ സ്ഥാപിച്ചുകൊണ്ടാണ്! സാമ്രാജ്യത്വത്തിനെതിരായ സമരത്തിൽ ഒരു സ്വാതന്ത്ര്യഘടകമെന്ന നിലയിൽ ബലഹീനങ്ങളായ ചെറിയ രാഷ്ട്രങ്ങൾ സാമ്രാജ്യത്വത്തിനെതിരായ യഥാർത്ഥശക്തിയായ സോഷ്യലിസ്റ്റ് തൊഴിലാളിവർഗ്ഗത്തെ രംഗത്തു വരാൻ സഹായിക്കുന്ന ഘടകങ്ങളിലൊന്നായി വർത്തിക്കുന്നുവെന്നതു് ചരിത്രത്തിൻെറ വൈരുദ്ധ്യാത്മകമായ ഒരു വശമാണ്.

ഈ യുദ്ധത്തിൽ പങ്കെടുക്കുന്ന ജനറൽ സ്റ്റാഫുകൾ തങ്ങളുടെ ശത്രുവിൻെറ പാളയത്തിലെ ദേശീയവും വിപ്ലവകരവുമായ എല്ലാ പ്രസ്ഥാനത്തേയും ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ ജാഗരൂകരാണ്. ഉദാഹരണത്തിന് ജർമ്മൻകാർ ഐറിഷ് കലാപത്തേയും ഫ്രഞ്ചുകാർ ചെക്ക്പ്രസ്ഥാനത്തേയും ഉപയോഗപ്പെടുത്തുന്നു. അവരുടെ നിലപാടു വച്ചുനോക്കുമ്പോൾ അവർ ഏററവും ഉചിതമായിട്ടാണു പ്രവർത്തിക്കുന്നതു്. ശത്രുവിൻെറ ഏററവും ചെറിയ ദൗർബ്ബല്യത്തിൽനിന്നുപോലും മുതലെടുക്കുകയും കിട്ടുന്ന ഓരോ അവസരവും പ്രയോജനപ്പെടുത്തുകയും ചെയ്താൽ മാത്രമേ ഗുരുതരമായ ഒരു യുദ്ധത്തെ അതർഹിക്കുന്ന ഗൗരവത്തോടെ കൈകാര്യം ചെയ്യാൻ കഴിയൂ. ഏതു നിമിഷത്തിൽ, എവിടെ, എത്ര ഊക്കോടെയാണു വെടിമരുന്ന് ''പൊട്ടിത്തെറിക്കുന്ന''തെന്നു മുൻകൂട്ടി അറിയാൻ സാദ്ധ്യമല്ലാത്തതുകൊണ്ട്

ഇക്കാര്യം വിശേഷിച്ചും പ്രധാനമാണു്. സോഷ്യലിസത്തിനു വേണ്ടിയുള്ള തൊഴിലാളിവർഗ്ഗത്തിൻെറ മഹത്തായ വിമോചനയുദ്ധത്തിൽ കുഴപ്പത്തിനു് ആഴവും വ്യാപ്തിയും വർദ്ധിപ്പിക്കാൻ വേണ്ടി സാമ്രാജ്യത്വമുളവാക്കുന്ന ഓരോ പ്രത്യേകവിപത്തിനുമെതിരായി വരുന്ന ഓരോ ജനകീയപ്രസ്ഥാനത്തേയും ഉപയോഗപ്പെടുത്തേണ്ടതെങ്ങിനെയെന്നറിയാൻ വയ്യെങ്കിൽ നാം വളരെ മോശപ്പെട്ട വിപ്ലവകാരികളായിരിക്കും. ഒരുഭാഗത്തു് നാം എല്ലാ തരത്തിലുമുള്ള ദേശീയമർദ്ദനത്തിനു ''മെതിരാ''ണെന്നു് ഒരായിരം തവണ ആവർത്തിച്ചുപ്രഖ്യാപിക്കുകയും മറുഭാഗത്തു് ഒരു മർദ്ദിതരാഷ്ട്രത്തിലെ ചില വർഗ്ഗങ്ങളുടെ ഏററവും ഉത്സാഹഭരിതരും സംസ്കാരസമ്പന്നരുമായ വിഭാഗത്തിൻെറ വീരോചിതമായ കലാപത്തെ ''സാഹസികശ്രമ''മായി ചിത്രീകരിക്കുകയും ചെയ്താൽ നാം കൗട്സ്കിപക്ഷക്കാരുടെ നിലവാരത്തിലുള്ള വിവരംകെട്ടവരായി അധഃപതിക്കുകയായിരിക്കും ഫലം.

അകാലികമായി, അതായതു്, യൂറോപ്യൻ തൊഴിലാളിവർഗ്ഗത്തിൻെറ കലാപം പരിപക്വമാകുന്നതിനുമുമ്പു്, കലാപം നടത്തിയെന്നതാണു് അയർലണ്ടുകാർക്കു പററിയ കുഴപ്പം. കലാപത്തിൻെറ വിവിധനീരുറവുകൾ തമ്മിൽ, തിരിച്ചടികളും പരാജയങ്ങളും കൂടാതെ, പെട്ടെന്നു ഇണങ്ങിച്ചേരത്തക്കവിധത്തിൽ അത്ര സമഞ്ജസമായി നിർമ്മിതമായ ഒന്നല്ല മുതലാളിത്തം. നേരേമറിച്ചു്, പലകാലത്തും പലസ്ഥലത്തും പലവിധത്തിലും കലാപങ്ങൾ പൊട്ടിപ്പുറപ്പെടുന്നുവെന്ന വസ്തുത തന്നെ പൊതുപ്രസ്ഥാനത്തിനു് വിപുലമായ സാദ്ധ്യതകളും അഗാധതയും വാഗ്ദാനം ചെയ്യുന്നുണ്ടു്. അകാലികവും ഭാഗികവും ഒററക്കൊററയ്ക്കുള്ളതും തന്മൂലം വിജയത്തിലെത്താത്തതുമായ വിപ്ലവപ്രസ്ഥാനങ്ങളിലൂടെ മാത്രമേ ബഹുജനങ്ങൾ അനുഭവവും അറിവും കരുത്തും ആർജ്ജിക്കുകയും തങ്ങളുടെ യഥാർത്ഥനേതാക്കളായ സോഷ്യലിസ്റ്റ് തൊഴിലാളിവർഗ്ഗത്തെ മനസ്സിലാക്കുകയും അങ്ങനെ, അവിടവിടെയായി നടന്ന പണിമുടക്കുകളും പ്രാദേശികവും ദേശീയവുമായ പ്രകടനങ്ങളും പട്ടാളലഹളകളും കർഷ

കകലാപങ്ങളും മററും 1905—ലെ പൊതുവായ കടന്നാക്രമണത്തിനു വഴിതെളിച്ചതുപോലെ, ഒരു പൊതുവായ ആക്രമണത്തിനു കളമൊരുക്കുകയും ചെയ്യുകയുള്ളു.

## 11. ഉപസംഹാരം

പോളിഷ് സോഷ്യൽഡെമോക്രാററുകാരുടെ തെററായ പ്രസ്താവനയ്ക്കു വിരുദ്ധമായി, രാഷ്ട്രങ്ങൾക്കു സ്വയംനിർണ്ണയനമനുവദിക്കണമെന്ന ആവശ്യം നമ്മുടെ പാർട്ടിപ്രക്ഷോഭത്തിൽ വഹിച്ചിട്ടുള്ള പങ്ക് നിസ്സാരമല്ല. ജനങ്ങൾക്ക് ആയുധം നൽകുക, പള്ളിയെ സ്റ്റേററിൽനിന്നു വേർപെടുത്തുക, ഉദ്യോഗസ്ഥന്മാരെ ജനങ്ങൾ തിരഞ്ഞെടുക്കുക തുടങ്ങി ഫിലിസ്റ്റൈനുകൾ ''മിഥ്യ''യെന്നു വിളിച്ചിട്ടുള്ള ആവശ്യങ്ങളോളം പ്രധാനമായ പങ്കാണ് അതും വഹിച്ചിട്ടുള്ളത്. എന്നുതന്നെയല്ല, 1905—നുശേഷം ദേശീയപ്രസ്ഥാനങ്ങളിലുണ്ടായ പുനരുത്ഥാനം നമ്മുടെ പ്രക്ഷോഭത്തെ സ്വാഭാവികമായും കൂടുതൽ ഊർജ്ജസ്വലമാക്കി. 1912—13—ൽ പ്രസിദ്ധീകരിച്ച അനേകം ലേഖനങ്ങളും കാര്യത്തിൻെറ കാതലിനു സൂക്ഷ്മവും ''കൗട്സ്കിവാദവിരുദ്ധവു''മായ (അതായതു് വെറും വാക്കാലുള്ള ''അംഗീകരണ''ത്തിനെതിരായി വിട്ടുവീഴ്ചയില്ലാത്ത) നിർവ്വചനം നൽകിക്കൊണ്ടു് 1913—ൽ നമ്മുടെ പാർട്ടി അംഗീകരിച്ച പ്രമേയവും ഇതിനു തെളിവാണ്.*

അന്നുതന്നെ ഒരു കാര്യം വെളിപ്പെട്ടുവെന്ന വസ്തുത വിസ്മരിക്കാൻ വയ്യ: വിവിധരാഷ്ട്രങ്ങളിൽപ്പെട്ട അവസരവാദികൾ —ഉക്രേൻകാരനായ യുർക്കേവിച്ചും ബുന്ദിസ്റ്റായ ലീബ്മനും

---

*വി. ഐ. ലെനിൻ എഴുതിയ ''1913 ഗ്രീഷ്മത്തിൽ നടന്ന ആർ. എസ്സ്. ഡി. എൽ. പി. കേന്ദ്രക്കമ്മിററിയുടേയും പാർട്ടിപ്രവർത്തകരുടേയും സംയുക്തസമ്മേളനത്തിൽ അംഗീകരിച്ച പ്രമേയങ്ങൾ'' ("Resolutions of the Summer, 1913, Joint Conference of the Central Committee of R.S.D.L.P. and Party Officials") നോക്കുക.—പ്രസാധകർ.

പൊാത്രേസ്സൊവ് പ്രഭൃതികളുടെ റഷ്യൻകിങ്കരനായ സെംക്കോവ്സ്കിയും — സ്വയംനിർണ്ണയനത്തിനെതിരായ റോസ ലക്സംബർഗ്ഗിൻെറ വാദങ്ങളെ അനുകൂലിക്കുകയാണു ചെയ്തതു്! പോളണ്ടിലെ പ്രസ്ഥാനത്തിൻെറ സവിശേഷസാഹചര്യങ്ങളെ താത്വികമായി തെററായ വിധത്തിൽ സാമാന്യവല്ക്കരിച്ചുവെന്നതാണു് പോളിഷ് സോഷ്യൽഡെമോക്രാററുകാരിക്കു പററിയ തെററു്. എന്നാൽ അതേ തെററു് കൂടുതൽ വിപുലമായ ഒരു പരിതസ്ഥിതിയിൽ, ഒരു ചെറിയ സ്റ്റേററിനു പകരം വലിയ സ്റ്റേററിൻെറ സാഹചര്യങ്ങളിൽ, സങ്കുചിതമായി പോളണ്ടിനു മാത്രം ബാധകമാകുന്നതിനു പകരം സാർവ്വദേശീയമായ തോതിൽ ആവർത്തിക്കപ്പെട്ടപ്പോറം അതു് വസ്തുനിഷ്ഠമായി ഗ്രേററ്റഷ്യൻ സാമ്രാജ്യത്വത്തിനു് അവസരവാദപരമായി പിന്തുണ നൽകലായിത്തീർന്നു. വ്യക്തികളുടെ അഭിപ്രായങ്ങളിൽനിന്നു വിഭിന്നമായി, രാഷ്ട്രീയചിന്തയിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള പ്രവണതകളുടെ ചരിത്രം നമ്മുടെ പരിപാടി ശരിയാണെന്നു തെളിയിക്കുകയാണു ചെയ്തിട്ടുള്ളതു്.

ഇന്നു് ലേൻഷിനെപ്പോലുള്ള തുറന്ന സാമൂഹ്യസാമ്രാജ്യവാദികറം സ്വയംനിർണ്ണയനത്തിനെതിരായും വെട്ടിപ്പിടുത്തങ്ങറം നിഷേധിക്കുന്നതിനെതിരായും ഒരുപോലെ വാളുയർത്തിയിരിക്കുകയാണു്. കൗട്സ്കിയിസ്റ്റുകളാണെങ്കിൽ കപടമായി സ്വയംനിർണ്ണയനമംഗീകരിക്കുന്നുണ്ടു്. റഷ്യയിൽ നമ്മുടെയിടയിൽ ട്രോട്സ്കിയും മാർത്തൊവും ഈ വഴിയാണു സ്വീകരിച്ചിരിക്കുന്നതു്. വാക്കിൽ രണ്ടുപേരും കൗട്സ്കിയെപ്പോലെ സ്വയംനിർണ്ണയനം അംഗീകരിക്കുന്നുണ്ടു്. പ്രവൃത്തിയിലോ? ട്രോട്സ്കിയുടെ കാര്യമാണെങ്കിൽ ''നാഷെ സ്ലോവൊ''യിലെ അദ്ദേഹത്തിൻെറ ''രാഷ്ട്രവും സമ്പദ്വ്യവസ്ഥയും'' എന്ന ലേഖനമെടുക്കൂ. അദ്ദേഹത്തിൽ സാധാരണ കാണാറുള്ള സൗകര്യവാദം ഇവിടെയും കാണാം: ഒരു വശത്തു് സമ്പദ്വ്യവസ്ഥ രാഷ്ട്രങ്ങളെ ഏകീകരിക്കുന്നു. മറുവശത്തു് ദേശീയമർദ്ദനം അവയെ ഭിന്നിപ്പിക്കുന്നു. ഇതിൽനിന്നു് എന്താണു് അനുമാനിക്കേണ്ടതു്? നിലവിലുള്ള കാപട്യം തുറന്നുകാട്ടപ്പെടാതിരിക്കുന്നു; പ്രക്ഷോഭം

നിർജ്ജീവമാകുന്നു. മുഖ്യവും മൗലികവും സുപ്രധാനവും ജീവിതവുമായി അഭേദ്യബന്ധമുള്ളതുമായ പ്രശ്നത്തെ, അതായതു്, ''സ്വന്തം'' രാഷ്ട്രത്തിൻെറ മർദ്ദനത്തിനു വിധേയമായിട്ടുള്ള ഒരു രാഷ്ട്രത്തോടെടുക്കേണ്ട മനോഭാവമെന്തായിരിക്കണമെന്ന പ്രശ്നത്തെ, അതു സ്പർശിക്കുന്നില്ല. തങ്ങളുടെ സഹപ്രവർത്തകനും സഹമെമ്പറുമായ സെംക്കോവ്സ്കിയ് സ്വയംനിർണ്ണയനത്തിനെതിരായി നടത്തുന്ന സമരത്തെ മാർത്തൊാവും മററു വിദേശസെക്രട്ടറിമാരും മറന്നുകളയാനാണു് കൂടുതലിഷ്ടപ്പെട്ടതു്— സൗകര്യപ്രദമായ മറവിതന്നെ! മാർത്തൊാവ് സ്വയംനിർണ്ണയനത്തെ അനുകൂലിച്ചുകൊണ്ടു് ഗോേപാസ്ദെവിസ്റ്റുകളുടെ നിയമവിധേയപത്രത്തിൽ (''നാഷ് ഗോലൊസ്''[85]) എഴുതുകയുണ്ടായി. ഒരു സാമ്രാജ്യത്വയുദ്ധത്തിൽ പങ്കെടുക്കുന്നതിനെ സ്വയംനിർണ്ണയനം നിർബ്ബന്ധമാക്കിയിട്ടില്ലെന്നും മററുമുള്ള അസന്ദിഗ്ദ്ധമായ പരമാർത്ഥം അദ്ദേഹം അതിൽ തെളിയിച്ചിട്ടുണ്ടു്. എന്നാൽ അദ്ദേഹം പ്രധാനപ്രശ്നത്തിൽനിന്നും ഒഴിഞ്ഞുമാറി—നിയമവിരുദ്ധമായ, സ്വതന്ത്രമായ, പത്രങ്ങളിലും അതുതന്നെയാണദ്ദേഹം ചെയ്തിരിക്കുന്നതു്!—അതിതാണ്: താരതമ്യേന വളരെക്കൂടുതൽ അപരിഷ്കൃതവും മദ്ധ്യകാലികവും സാമ്പത്തികമായി പിന്നണിയിൽ കിടക്കുന്നതും സൈനികസ്വേച്ഛാധിപത്യപരവുമായ ഒരു സാമ്രാജ്യത്വത്തിൻെറ അടിസ്ഥാനത്തിൽ രാഷ്ട്രങ്ങളെ മർദ്ദിക്കുന്ന കാര്യത്തിൽ റഷ്യ സമാധാനകാലത്തും ലോകറിക്കാർഡു സൃഷ്ടിച്ചിരിക്കുന്നു. ഏതാണ്ടു് പ്യൂരിഷ്കെവിച്ച്—പൊത്രേസ്സൊവ് പ്രഭൃതികളെപ്പോലെതന്നെ — അതായതു്, രാഷ്ട്രങ്ങൾക്കു വിട്ടുപോകാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതാതെ — രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയനം അംഗീകരിക്കുന്ന റഷ്യൻ സോഷ്യൽഡെമോക്രാററ് യഥാർത്ഥത്തിൽ ഒരു സാമ്രാജ്യവാദിയും സാറിസത്തിൻെറ പാദസേവകനുമാണു്.

വ്യക്തിനിഷ്ഠമായി ട്രോട്സ്കിയുടേയും മാർത്തൊാവിൻേറയും ''സദുദ്ദേശങ്ങൾ'' എന്തുതന്നെയായാലും അവരുടെ ഒഴിഞ്ഞുമാറൽ കൊണ്ടു് അവർ വസ്തുനിഷ്ഠമായി റഷ്യൻ സാമൂഹ്യസാമ്രാജ്യവാദത്തെ അനുകൂലിക്കുകയാണു ചെയ്യുന്നതു്. സാമ്രാജ്യത്വ

യുഗം ''വൻകിട''ശക്തികളെയെല്ലാം അനേകം രാഷ്ട്രങ്ങളുടെ മർദ്ദകരായി മാററിക്കഴിഞ്ഞിരിക്കുന്നു. സാമ്രാജ്യത്വത്തിന്റെ വളർച്ചയോടെ സാർവ്വദേശീയ സോഷ്യൽഡെമോക്രസിയിൽ ഈ പ്രശ്നത്തിലുള്ള പ്രവണതകളിലും കൂടുതൽ വ്യക്തമായ ചേരിതിരിവുണ്ടാവുമെന്നതു് അനിവാര്യമാണു്.

1916 ജൂലൈയിൽ എഴുതിയതു്. 1916 ഒക്ടോബറിൽ ''സ്ബോർനിക് സൊററ്സിയാൽ ദെമൊക്രാററ'' എന്ന സമാഹാരത്തിന്റെ പ്രഥമലക്കത്തിൽ എൻ. ലെനിൻ എന്ന പേരിൽ പ്രസിദ്ധീകരിച്ചതു്

വി. ഐ. ലെനിന്റെ കൃതികളിലെ (അഞ്ചാം റഷ്യൻ പതിപ്പു്, വാള്യം 30, പേജ് 17–58) പാഠമനുസരിച്ചു് അച്ചടിച്ചതു്

# കുറിപ്പുകൾ

1. ''ദേശീയപ്രശ്നത്തെക്കുറിച്ചുള്ള വിമർശനക്കുറിപ്പുകരം'' എന്ന ലേഖനം ലെനിനെഴുതിയതു് 1913 ഒക്ടോബറിനും ഡിസംബറിനുമിടയ്ക്കാണു്. ''പ്രൊസ്വെഷ്ചേനിയെ'' (വിജ്ഞാനം) എന്ന ബോംഷെവിക് നിയമവിധേയമാസികയുടെ 10, 11, 12 എന്നീ ലക്കങ്ങളിൽ അതു് ആ വർഷംതന്നെ പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

ഈ ലേഖനമെഴുതുന്നതിനുമുമ്പു്, 1913–ലെ ഗ്രീഷ്മത്തിൽ ലെനിൻ സ്വിററ്സർലണ്ടിലെ പല പട്ടണങ്ങളിലും—സൂറിക്, ജനീവ, ലൊസാൻ ബേർൺ എന്നിവിടങ്ങളിൽ—ദേശീയപ്രശ്നത്തെക്കുറിച്ച പ്രഭാഷണങ്ങരം നടത്തുകയുണ്ടായി.

1913–ലെ ശരൽക്കാലത്തു് റഷ്യൻ സോഷ്യൽഡെമോക്രാററിക് ലേബർപാർട്ടി കേന്ദ്രക്കമ്മിററി പാർട്ടിപ്രവർത്തകരുമായി പൊറോനിനൊയിൽവച്ച നടത്തിയ സമ്മേളനത്തിൽ ലെനിൻ ദേശീയപ്രശ്നത്തെപ്പററി ഒരു റിപ്പോർട്ടു് സമർപ്പിച്ചു. ആ റിപ്പോർട്ടിന്മേൽ ലെനിൻ എഴുതിത്തയ്യാറാക്കിയ ഒരു പ്രമേയം അംഗീകരിക്കപ്പെട്ടു. സമ്മേളനം സമാപിച്ചശേഷം ലെനിൻ ''ദേശീയപ്രശ്നത്തെക്കുറിച്ചുള്ള വിമർശനക്കുറിപ്പുകരം'' എന്ന ലേഖനം എഴുതിത്തുടങ്ങി–7.

2. ''സേവെർനയ പ്രവ്ദ'' (വടക്കൻ സത്യം)—''പ്രവ്ദ'' പത്രത്തിന്റെ പേരുകളിലൊന്നു്. 1913 ആഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 7 വരെ പത്രമിറങ്ങിയതു് ഇപ്പേരിലാണു്.

''പ്രവ്ദ'' 1912 ഏപ്രിൽ 22 (മേയ് 5) മുതൽ സെൻറ്പീറേറഴ്സ്ബർഗ്ഗിൽനിന്നു നിയമവിധേയമായി പ്രസിദ്ധപ്പെടുത്തിവന്ന ഒരു ബോംഷെവിക് ദിനപ്പത്രമാണു്. വി. ഐ. ലെനിൻ അതിനു് ആശയപരമായ നേതൃത്വം നൽകുകയും മിക്കവാറും എല്ലാ ദിവസവും അതിലേക്കെഴുതുകയും പത്രാധിപസമിതിക്കു നിർദ്ദേശങ്ങരം നൽകുകയും ചെയ്തു. പത്രം വിപ്ലവസ്പിരിട്ടിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി അദ്ദേഹം സമരം ചെയ്യുകയും ''താത്വികപ്രശ്നങ്ങളിൽ'' വ്യക്തത കുറഞ്ഞ

ലേഖനങ്ങഠം പ്രസിദ്ധപ്പെടുത്തിയതിനു് പത്രാധിപസമിതിയെ വിമർശിക്കുകയും ചെയ്യു.

''പ്രവ്ദ'' തുടർച്ചയായ പോലീസാക്രമണത്തിനു വിധേയമാകുകയുണ്ടായി. ആദ്യലക്കം ഇറങ്ങി രണ്ടിൽപ്പരം വർഷത്തിനുള്ളിൽ സാറിസ്റ്റ് ഗവണ്മെൻറ് എട്ടു തവണ ''പ്രവ്ദ'' അടച്ചുപൂട്ടുകയുണ്ടായി. പക്ഷെ ഓരോതവണയും അതു പുതിയ പേരിൽ വീണ്ടും പ്രത്യക്ഷപ്പെട്ടു: ''റബോച്ചയ പ്രവ്ദ'' (തൊഴിലാളിസത്യം), ''സേവെർനയ പ്രവ്ദ'' (വടക്കൻ സത്യം), ''പ്രവ്ദ ത്രുദാ'' (അദ്ധ്വാനത്തിൻെറ സത്യം), ''സ പ്രവ്ദു'' (സത്യത്തിനുവേണ്ടി), ''പ്രൊലെത്താർസ്കയ പ്രവ്ദ'' (തൊഴിലാളിവർഗ്ഗത്തിൻെറ സത്യം), ''പൂത് പ്രവ്ദി'' ''(സത്യത്തിൻെറ പാത), ''റബോച്ചിയ്''' (തൊഴിലാളി), ''ത്രുദൊവായ് പ്രവ്ദ'' (അദ്ധ്വാനസത്യം); 1914 ജൂലൈ 8 (21)–ാംനു ''പ്രവ്ദ'' അടിച്ചമർത്തപ്പെട്ടു.

ഫെബ്രുവരിവിപ്ലവത്തിനുശേഷം മാത്രമാണ് ''പ്രവ്ദ''യുടെ പ്രസിദ്ധീകരണം പുനരാരംഭിച്ചതു്. മാർച്ച് 5 (18) മുതൽ അതു് ആർ. എസ്സ്. ഡി. എൽ. പി. കേന്ദ്രക്കമ്മിററിയുടേയും പീറേറഴ്സ്ബർഗ്ഗ് കമ്മിററിയുടേയും മുഖപത്രമായി പുറത്തുവന്നുതുടങ്ങി. 1917 ഏപ്രിൽ 5 (18)–ാംനു റഷ്യയിലേക്കു മടങ്ങിയതോടുകൂടി വി. ഐ. ലെനിൻ അതിൻെറ മുഖ്യപത്രാധിപരായി. 1917 ജൂലായ്ക്കും ഒക്ടോബറിനുമിടയ്ക്ക് പ്രതിവിപ്ലവതാൽക്കാലികഗവണ്മെൻറ് ''പ്രവ്ദ'' യുടെ നേരെ കടന്നാക്രമിക്കുകയുണ്ടായി. അതു പലതവണ പേരുമാററുകയും ''ലിസ്റ്റോക് പ്രവ്ദി'', ''പ്രൊലെത്താറിയ്''', ''റബോച്ചിയ്''' ''റബോച്ചിയ് പൂത്''' എന്നീ പേരുകളിൽ പുറത്തിറങ്ങുകയും ചെയ്യു.മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിൻെറ വിജയത്തെത്തുടർന്നു് 1917 ഒക്ടോബർ 27 (നവംബർ 9)–ാംനു പാർട്ടിയുടെ കേന്ദ്രമുഖപത്രം വീണ്ടും ''പ്രവ്ദ''എന്ന പഴയ പേരിൽ ഇറങ്ങിത്തുടങ്ങി–7.

3. ''സൈററ്'''("Zeit") (സമയം)— ബുന്ദിൻെറ മുഖപത്രമായിരുന്ന ഒരു വാരിക. 1912 ഡിസംബർ മുതൽ 1914 മേയ് വരെ സെൻറ് പീറേറഴ്സ്ബർഗ്ഗിൽനിന്നു പ്രസിദ്ധീകരിക്കപ്പെട്ടു–8.

4. ''ദ്സ്വിൻ''(മണിനാദം)—1913 ജനുവരി മുതൽ 1914 മദ്ധ്യം വരെ കീവിൽനിന്നു് ഉക്രേനിയൻ ഭാഷയിൽ നിയമവിധേയമായി പ്രസിദ്ധപ്പെടുത്തിവന്ന, മെൻഷെവിക് പ്രവണതയുള്ള ഒരു ദേശീയവാദിമാസിക–8.

5. ബ്ലാക്ക് ഹൺഡ്രഡുകൾ (Black hundreds) —വിപ്ലവപ്രസ്ഥാനത്തെ നേരിടാൻ സാറിസ്റ്റ് പോലീസ് സംഘടിപ്പിച്ച, രാജപക്ഷപാതികളുടെ സംഘങ്ങൾ. അവർ വിപ്ലവകാരികളെ വധിക്കുകയും പുരോഗമനവാദികളായ ബുദ്ധിജീവികളെ ആക്രമിക്കുകയും ജൂതവിരുദ്ധനരവേട്ടകൾ നടത്തുകയും ചെയ്തു—8.

6. ''റൂസ്ക്കൊയെ സ്ലോവൊ'' (റഷ്യൻ വാക്ക്)—ഒരു ലിബറൽബൂർഷ്വാദിനപ്പത്രം. 1895—ൽ മോസ്കോവിൽ പ്രസിദ്ധീകരണമാരംഭിച്ചു. 1917 നവംബറിൽ അടിച്ചമർത്തപ്പെട്ടു—9.

7. സെംസ്ത്വൊ—പ്രഭുക്കളുടെ നേതൃത്വത്തിലുള്ള, പ്രാദേശികസ്വയംഭരണസ്ഥാപനങ്ങളെന്നു പറയുന്ന, ഈ സ്ഥാപനങ്ങൾ 1864—ൽ റഷ്യയിലെ കേന്ദ്രഗുബേർനിയകളിൽ സംഘടിപ്പിക്കപ്പെട്ടു. അവയുടെ അധികാരപരിധി തികച്ചും പ്രാദേശികപ്രശ്നങ്ങളിൽ (ആശുപത്രി പണിയൽ, റോഡ്നിർമ്മാണം, സ്ഥിതിവിവരക്കണക്കു ശേഖരിക്കൽ, ഇൻഷ്വറൻസ് തുടങ്ങിയവ) ഒതുങ്ങിനിന്നിരുന്നു. സെംസ്ത്വൊകൾ ഗവർണറന്മാരുടേയും ആഭ്യന്തരവകുപ്പിൻേറയും നിയന്ത്രണത്തിലായിരുന്നു. ഗവണ്മെൻറിനിഷ്ടമില്ലാത്ത അവയുടെ ഏതു തീരുമാനവും റദ്ദാക്കാനുള്ള അധികാരം അവർക്കുണ്ടായിരുന്നു—12.

8. ബുന്ദിസ്റ്റ്—ബുന്ദിലെ അംഗം. ബുന്ദ് എന്നതു് ലിത്വാനിയയിലേയും പോളണ്ടിലേയും റഷ്യയിലേയും യഹൂദതൊഴിലാളികളുടെ പൊതു യൂണിയൻെറ സംക്ഷിപ്തനാമമാണ്. 1897—ൽ സ്ഥാപിതമായ ഈ സംഘടനയിൽ പ്രധാനമായും റഷ്യയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിലെ അർദ്ധതൊഴിലാളികളായ യഹൂദകൈവേലക്കാരാണ് ഉൾപ്പെട്ടിരുന്നതു്. ബുന്ദ് റഷ്യൻ തൊഴിലാളിപ്രസ്ഥാനത്തിൽ ദേശീയവാദപരവും വിഭാഗീയവുമായ പ്രവണത ഇളക്കിവിട്ടു. മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തെത്തുടർന്നു് ബുന്ദ് നേതാക്കൾ ബൂർഷ്വാ—ഭൂവുടമ പ്രതിവിപ്ലവകാരികളുമൊന്നിച്ച് സോവിയററ് വ്യവസ്ഥിതിക്കെതിരായി പൊരുതി. 1921 മാർച്ചിൽ ബുന്ദ് സ്വയമേവ പിരിഞ്ഞുപോയി—20.

9. അധിവാസാതിർത്തികൾ—യഹൂദന്മാർക്ക് സ്ഥിരമായ പാർപ്പിട സൗകര്യമനുവദിച്ചിരുന്ന സാറിസ്റ്റ്റഷ്യയിലെ പ്രദേശങ്ങൾ—24.

10. ശതമാനക്കണക്കിനുള്ള നിയന്ത്രണങ്ങൾ—സാറിസ്റ്റ്റഷ്യയിൽ ഗവണ്മെൻറ്ജീവനക്കാരുടേയും സെക്കണ്ടറിസ്കൂളുകളിലും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലുമുള്ള വിദ്യാർത്ഥികളുടേയുമിടയ്ക്കുള്ള യഹൂദന്മാരുടെ ശതമാനം ക്ലിപ്തപ്പെടുത്തിയിരുന്നു—24.

11. ജെ. എസ്സ്. എൽ. പി. (യഹൂദസോഷ്യലിസ്റ്റ് ലേബർപാർട്ടി)—1906—ൽ സ്ഥാപിതമായ ഒരു പെററിബൂർഷ്വാ ദേശീയവാദിസംഘടന. യഹൂദന്മാർക്ക് ദേശീയസ്വയംഭരണം അനുവദിക്കുക, റഷ്യയിലെ യഹൂദന്മാരുടെ രാഷ്ട്രീയപദവി സംബന്ധിച്ച പ്രശ്നങ്ങൾ തീരുമാനിക്കാനുള്ള അധികാരത്തോടുകൂടിയ യഹൂദപാർലിമെണ്ടുകൾ (ദിയററുകൾ) പ്രാദേശികാടിസ്ഥാനത്തിന് അതീതമായി സ്ഥാപിക്കുക, എന്ന ആവശ്യത്തിൽ അധിഷ്ഠിതമായിരുന്നു അതിൻെറ പരിപാടി. അതിന് സോഷ്യലിസ്റ്റ് റവല്യൂഷണറികളോട് അടുപ്പമുണ്ടായിരുന്നു. അവരൊന്നിച്ച് ആർ. എസ്സ്. ഡി. എൽ. പി.യ്ക്കെതിരായി പൊരുതുകയും ചെയ്തു—37.

12. ബെയ്ലിസ് (Beilis) കേസ്—യുഷ്ചിൻസ്കിയ് എന്ന ക്രൈസ്തവബാലനെ മതാനുഷ്ഠാനമുറകളോടുകൂടി വധിച്ചു എന്ന ഒരാരോപണം കെട്ടിച്ചമച്ചുണ്ടാക്കി ബെയ്ലിസ് എന്നു പേരായ ഒരു യഹൂദൻെറ നേരെ കീവിൽവച്ച് 1913—ൽ സാറിസ്റ്റ്ഗവണ്മെൻറ് നടത്തിയ പ്രകോപനപരമായ വിചാരണ. രാജ്യത്തിൽ വർദ്ധിച്ചുവന്ന വിപ്ലവപ്രസ്ഥാനത്തിൽനിന്നു് ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടാൻവേണ്ടി യഹൂദവിദ്വേഷം ഇളക്കിവിടുകയും യഹൂദർക്കെതിരായ നരവേട്ട കുത്തിപ്പൊക്കുകയും ചെയ്യുക എന്നതായിരുന്നു ഈ വിചാരണകൊണ്ട് സാറിസ്റ്റ് ഗവണ്മെൻറ് ആഗ്രഹിച്ചതു്. വിചാരണ പൊതുജനങ്ങളുടെ വികാരങ്ങളെ തട്ടിയുണർത്തുകയുണ്ടായി. പല പട്ടണങ്ങളിലും തൊഴിലാളികൾ പ്രതിഷേധപ്രകടനങ്ങൾ നടത്തി. ബെയ്ലിസിനെ വെറുതെവിട്ടു—39.

13. ലിക്വിഡേററർമാർ—1905—07—ലെ വിപ്ലവത്തിൻെറ പരാജയത്തെത്തുടർന്നു് മെൻഷെവിക്കുകളുടെ(റഷ്യൻ സോഷ്യൽ ഡെമോക്രാററിക് ലേബർ പാർട്ടിയിലെ അവസരവാദിവിഭാഗം) ഇടയിൽ പ്രത്യക്ഷപ്പെട്ട ഒരു പ്രവണതയുടെ പ്രതിനിധികൾ. അവർ തൊഴിലാളിവർഗ്ഗത്തിൻെറ നിയമവിരുദ്ധവിപ്ലവകക്ഷി പിരിച്ചുവിടണമെന്നു് ആവശ്യപ്പെടുകയും ഉശിരൻ തൊഴിലാളിവർഗ്ഗപ്പാർട്ടിക്കു പകരം സാറിസ്റ്റ് ഗവണ്മെൻറ് അനുവദിക്കുന്ന പ്രവർത്തനങ്ങളിൽ മാത്രം ഏർപ്പെടുന്ന നിയമവിധേയമായ ഒരു അവസരവാദിസംഘടന സ്ഥാപിക്കണമെന്നു നിർദ്ദേശിക്കുകയും ചെയ്തു. വിപ്ലവത്തെ വഞ്ചിച്ചുകൊണ്ടിരുന്ന ലിക്വിഡേററർമാരെ ലെനിനും മററു ബോൾഷെവിക്കുകളും അക്ഷീണം തുറന്നുകാട്ടുകയുണ്ടായി. ലിക്വിഡേററർമാർക്ക് തൊഴിലാളികൾക്കിടയിൽ യാതൊരു വിജയവും ഉണ്ടായില്ല. 1912 ജനുവരിയിൽ ചേർ

ന്ന ആർ. എസ്സ്. ഡി. എൽ. പി. യുടെ പ്രാഗ്സമ്മേളനം ലികചി ഡേററർമാരെ പാർട്ടിയിൽനിന്നു പുറത്താക്കി—40.

14. സോഷ്യലിസ്റ്റ്റവലൂഷണറികരം—1901—ൻെറ അവസാനത്തിലും 1902—ൻെറ ആരംഭത്തിലും രൂപീകൃതമായ, പെററിബൂർഷ്വാജനാധിപത്യവാദികളുടെ ഒരു പാർട്ടി. അവർ ഭൂസ്വത്തുക്കരം ഇല്ലായ്മചെയ്യണമെന്നു ആവശ്യപ്പെട്ടകയും ''ഭൂമിയിൽ തുല്യമായ കൈവശാവകാശം'' എന്ന മുദ്രാവാക്യം ഉന്നയിക്കുകയും ചെയ്തു. സ്വേച്ഛാധിപത്യത്തിനെതിരായ സമരത്തിൽ വ്യക്തിപരമായ ഭീകരപ്രവർത്തനത്തിൻെറ അടവുകളാണവർ സ്വീകരിച്ചതു്. 1905—07—ലെ വിപ്ലവം പരാജയപ്പെട്ടതിനെത്തുടർന്നു മിക്ക സോഷ്യലിസ്റ്റ്റവലൂഷണറികളും അവരുടെ നേതാക്കന്മാരും ബൂർഷ്വാ ലിബറലിസത്തിൻെറ നിലപാടിലേക്കു മാറിത്തുടങ്ങി. 1917 ഫെബ്രുവരിയിലെ ബൂർഷ്വാജനാധിപത്യവിപ്ലവത്തിൻെറ വിജയത്തിനുശേഷം സോഷ്യലിസ്റ്റ്റവലൂഷണറി നേതാക്കരം ബൂർഷ്വാതാൽക്കാലികഗവണ്മെൻറിൽ ചേരുകയും അതിലിരുന്നുകൊണ്ടു കർഷകപ്രസ്ഥാനത്തെ അടിച്ചമർത്തുകയെന്ന നയം പിന്തുടരുകയും സോഷ്യലിസ്റ്റ്വിപ്ലവത്തിനു തയാറെടുത്തുകൊണ്ടിരുന്ന തൊഴിലാളിവർഗ്ഗത്തിനെതിരായ സമരത്തിൽ ബൂർഷ്വാസിക്കും ഭൂവുടമകരംക്കും പരിപൂർണ്ണപിന്തുണ നൽകുകയും ചെയ്തു. ഒക്ടോബർ വിപ്ലവത്തിനുശേഷം അവർ സോവിയററ്ജനതക്കെതിരെ ബൂർഷ്വാ—ഭൂവുടമപ്രതിവിപ്ലവകാരികരം നടത്തിയ സായുധസമരത്തിൽപങ്കെടുത്തു—40.

15. പി. പി. എസ്സ്.— Polska Partia Socjalistyczna (പോളിഷ് സോഷ്യലിസ്റ്റ് പാർട്ടി)—1892—ൽ രൂപീകരിച്ച, ദേശീയവാദികളുടേതായ ഒരു പാർട്ടി. 1906—ൽ അതു ''ലെവിത്സ'' (ഇടതുപക്ഷ) പി. പി. എസ്സ്. എന്നും സങ്കുചിതവാദപരമായ ''പ്രവിത്സ'' (വലതുപക്ഷ) പി. പി. എസ്സ്. എന്നും രണ്ടു ഫാക്ഷനുകളായി ഭിന്നിച്ചു—40.

16. ''ലൂച്ച്'' (കിരണം) — മെൻഷെവിക് ലികചിഡേററർമാരുടെ ദിനപ്പത്രം. 1912 സെപ്തംബർ തൊട്ടു 1913 ജൂലൈ വരെ സെൻറ് പീറേറഴ്സ്ബർഗ്ഗിൽനിന്നു നിയമവിധേയമായി പ്രസിദ്ധീകരിച്ചു. ''ബൂർഷ്വാസിക്കിടയിൽനിന്നുള്ള പണക്കാരായ സുഹൃത്തുക്കരം കൊടുത്ത ഫണ്ടുകൊണ്ടാണ്'' അതു നിലനിന്നുപോന്നതു് (ലെനിൻ). 1913 ജൂലൈയിൽ അതിൻെറ സ്ഥാനത്തു് ''ഷിവായ ഷിസ്ൻ'' (സജീവജീവിതം) എന്ന പത്രവും അതിനുശേഷം ''നോവയ റബോച്ചയ ഗസെററ'' (പുതിയ തൊഴിലാളിപ്പത്രം) എന്ന പത്രവുംറ പുറത്തിറക്കുകയുണ്ടായി—41.

17. ''പ്രൊസ്വെഷ്ച്ചേനിയെ'' (വിജ്ഞാനം)—1911 ഡിസംബറിനും 1914 ജൂണിനുമിടയ്ക്ക് സെൻറ് പീറേറഴ്സ്ബർഗ്ഗിൽനിന്നു നിയമവിധേയമായി പ്രസിദ്ധീകരിച്ച ഒരു ബോൾഷെവിക് താത്വികമാസിക.

മോസ്ക്കോവിൽനിന്നു പുറപ്പെട്ടുവിച്ചിരുന്ന ''മിസ്ൽ'' എന്ന ബോൾഷെവിക് പത്രത്തെ സാറിസ്റ്റ് ഗവണ്മെൻറ് അടിച്ചമർത്തിയപ്പോൾ തൽസ്ഥാനത്തു് ലെനിൻ മുൻകയ്യെടുത്തുകൊണ്ടു് ഇറക്കിയ മാസികയാണിതു്. ലെനിൻ പാരീസിൽനിന്നും പിന്നീടു് ക്രാക്കൊവിൽനിന്നും പൊറോനിൻനാവിൽനിന്നും ''പ്രൊസ്വെഷ്ച്ചേനിയെ''യ്ക്കു നേതൃത്വം നൽകി. അദ്ദേഹത്തിൻെറ, ചുവടെ ചേർക്കുന്ന കൃതികൾ അതിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടു്: ''മാർക്സിസത്തിൻെറ മൂന്നു് ഉറവിടങ്ങളും മൂന്നു് ഘടകങ്ങളും'', ''ദേശീയപ്രശ്നത്തെക്കുറിച്ചുള്ള വിമർശനക്കുറിപ്പുകൾ'', ''രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശം''.

ഒന്നാം ലോകമഹായുദ്ധത്തിനു തൊട്ടുമുമ്പു് സാറിസ്റ്റ്ഗവണ്മെൻറ് ''പ്രൊസ്വെഷ്ച്ചേനിയെ''യുടെ പ്രസിദ്ധീകരണം നിരോധിച്ചു. 1917 ശരൽക്കാലത്തു് അതു് വീണ്ടും തുടങ്ങിയെങ്കിലും ഒരു ലക്കം മാത്രമേ പുറത്തിറങ്ങിയുള്ളു—41.

18. ബെർൺസ്റ്റൈനിസം — സാർവ്വദേശീയസോഷ്യൽഡെമോക്രസിക്കുള്ളിലെ ഒരു മാർക്സിസ്റ്റ്വിരുദ്ധപ്രവണത. പത്തൊമ്പതാംനൂററാണ്ടിൻെറ അവസാനത്തിൽ ജർമ്മനിയിൽ പ്രത്യക്ഷപ്പെട്ട ഈ പ്രവണതയ്ക്കു് അതിൻെറ പേർ സിദ്ധിച്ചതു് ജർമ്മൻ സോഷ്യൽഡെമോക്രാററായ എഡ്വാർഡ് ബെർൺസ്റ്റൈനിൽനിന്നാണു്. അദ്ദേഹം മാർക്സിൻെറ വിപ്ലവസിദ്ധാന്തങ്ങളെ ബൂർഷ്വാലിബറലിസത്തിൻെറ മാതൃകയിൽ തിരുത്തിയെഴുതാൻ തുനിഞ്ഞു.

റഷ്യയിൽ ''നിയമവിധേയമാർക്സിസ്റ്റുകാർ'', ''സാമ്പത്തികസമരവാദികൾ'', ബുന്ദിസ്റ്റുകൾ, മെൻഷെവിക്കുകൾ എന്നിവരായിരുന്നു ബെർൺസ്റ്റൈൻെറ അനുയായികൾ—42.

19. ലെനിൻ ഇവിടെ പരാമർശിക്കുന്നതു് ജെ. വി. സ്റ്റാലിൻെറ ''മാർക്സിസവും ദേശീയപ്രശ്നവും'' എന്ന ലേഖനത്തെയാണു്. അതു് ''ദേശീയപ്രശ്നവും സോഷ്യൽഡെമോക്രസിയും'' എന്ന പേരിൽ 1913—ൽ നിയമവിധേയബോൾഷെവിക്മാസികയായ ''പ്രൊസ്വെഷ്ച്ചേനിയെ''യുടെ 3, 4, 5 എന്നീ ലക്കങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. ആസ്ത്രിയൻ സോഷ്യൽഡെമോക്രാററിക് പാർട്ടിയുടെ

ബ്രൂൺ കോൺഗ്രസ്സിൽ അംഗീകരിച്ച ദേശീയപരിപാടിയുടെ പൂർണ്ണരൂപം ആ ലേഖനത്തിൻെറ നാലാം അദ്ധ്യായത്തിൽ കൊടുത്തിരുന്നു—43.

20. ''നോവയ റബോച്ചയ ഗസെററ'' (പുതിയ തൊഴിലാളിപ്പത്രം)— നിയമവിധേയമായി പ്രസിദ്ധീകരിച്ചുവന്ന, മെൻഷെവിക് ലികിഡേററർമാരുടെ ദിനപ്പത്രം. 1913 ആഗസ്റ്റ് മുതൽ സെൻറ് പീറേറഴ്സ്ബർഗ്ഗിൽനിന്നു പ്രസിദ്ധീകരിച്ചു തുടങ്ങി. 1914 ജനുവരി 30—ാംനു (ഫെബ്രുവരി 12) ''സേവെർണയ റബോച്ചയ ഗസെററ''യും (വടക്കൻ തൊഴിലാളിപ്പത്രം) പിന്നീട് ''നാഷ റബോച്ചയ ഗസെററ''യും (നമ്മുടെ തൊഴിലാളിപ്പത്രം) അതിൻെറ സ്ഥാനമെടുക്കുകയുണ്ടായി. ലെനിൻ പലപ്പോഴം അതിനെ വിളിച്ചുവന്നതു് ''നോവയ ലികിദാത്തൊർസ്കയ ഗസെററ'' (പുതിയ ലികിഡേററർ പത്രം) എന്നാണു്—44.

21. കേഡററുകാം—റഷ്യയിലെ ലിബറൽ—മൊണാർക്കിസ്റ്റ് ബൂർഷ്വാസിയുടെ പ്രധാനകക്ഷിയായ കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററിക് പാർട്ടിയിലെ അംഗങ്ങാം. പ്രസ്തുതപാർട്ടി 1905 ഒക്ടോബറിൽ രൂപീകൃതമായി. ജനങ്ങളെ വഞ്ചിക്കാൻവേണ്ടി ''ജനസ്വാതന്ത്ര്യത്തിൻെറ കക്ഷി''യാണെന്നു പറഞ്ഞുനടന്നിരുന്നെങ്കിലും കേഡററുകാം യഥാർത്ഥത്തിൽ വ്യവസ്ഥാപിതരാജവാഴ്ച വേണമെന്ന ആവശ്യത്തിനപ്പുറം കടന്നിരുന്നില്ല. 1914—18—ലെ ഒന്നാം ലോകമഹായുദ്ധത്തിനിടയ്ക്കു് അവർ അന്യരാജ്യങ്ങളെ വെട്ടിപ്പിടിക്കുകയെന്ന സാറിസ്റ്റ്ഗവണ്മെൻറിൻെറ വിദേശനയത്തെ സജീവമായി പിന്താങ്ങി. 1917 ഫെബ്രുവരിയിൽ നടന്ന ബൂർഷ്വാജനാധിപത്യവിപ്ലവത്തിൽ രാജവാഴ്ചയെ രക്ഷിക്കാൻ അവർ ശ്രമിച്ചു. ബൂർഷ്വാതാൽക്കാലിക ഗവണ്മെൻറിൻെറ മർമ്മസ്ഥാനങ്ങളിലിരുന്നുകൊണ്ടു് കേഡററുകാം ജനവിരുദ്ധവും പ്രതിവിപ്ലവപരവുമായ നയമാണു് അനുവർത്തിച്ചതു്. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിൻെറ വിജയത്തിനുശേഷം അവർ സോവിയററധികാരത്തെ രൂക്ഷമായി എതിർക്കുകയും എല്ലാ പ്രതിവിപ്ലവപ്രവർത്തനങ്ങളിലും ഇടങ്കോലിടൽകാരുടെ ആക്രമണങ്ങളിലും പങ്കെടുക്കുകയും ചെയ്തു—46.

22. 1913 സെപ്റ്റംബർ 23—നും ഒക്ടോബർ 1—നുമിടയ്ക്കു്(ഒക്ടോബർ 6—നും 14—നുമിടയ്ക്കു്) ക്രാക്കൊവിനടുത്തുള്ള പൊറോനിനൊ എന്ന ഗ്രാമത്തിൽ വച്ചു് കേന്ദ്രക്കമ്മിററി പാർട്ടിപ്രവർത്തകരുമായി നടത്തിയ സമ്മേളനത്തെയാണു് ലെനിൻ ഇവിടെ പരാമർശിക്കുന്നതു്. രഹസ്യപ്രവർത്തനത്തിൻെറ ഉദ്ദേശം വച്ചു് ''ആഗസ്റ്റ് (ഗ്രീഷ്മകാല) സമ്മേളനം''

എന്നാണ് അതിനെ വിളിച്ചുപോന്നതു്. ഇവിടെ പരാമർശിച്ചിട്ടുള്ള, ദേശീയപ്രശ്നം സംബന്ധിച്ച പ്രമേയം എഴുതിയതു ലെനിനാണ്–48.

23. ''പ്ഷെഗ്ലാദ് സൊസ്യാൽദെമൊക്രതീച്നി'' (''Przeglad Socjal-demokratycny '') (സോഷ്യൽഡെമോക്രാററിക് റവ്യൂ)—പോളിഷ് സോഷ്യൽഡെമോക്രാററുകാർ റോസ ലക്സംബുർഗ്ഗിൻെറ സജീവസഹകരണത്തോടെ ക്രാക്കൊവിൽനിന്നു പുറപ്പെടുവിച്ചിരുന്ന പത്രം. 1902–നും 1904–നുമിടയ്ക്കും 1908–നും 1910–നുമിടയ്ക്കും പുറത്തിറങ്ങി–55.

24. ''വേസ്റ്റ്നിക്ക് യെവ്റോപ്പി'' (യൂറോപ്യൻ സന്ദേശവാഹി)—1866 മുതൽ 1918 വരെ സെൻറ് പീറേറഴ്സ്ബർഗ്ഗിൽനിന്നു പ്രസിദ്ധീകരിച്ചുവന്ന, ബൂർഷ്വാലിബറൽ പ്രവണതയുള്ള ഒരു ചരിത്ര–രാഷ്ട്രീയ–സാഹിത്യമാസിക. മാർക്സിസ്റ്റുകാർക്കെതിരായ ലേഖനങ്ങൾ അതിൽ പ്രസിദ്ധപ്പെടുത്തി–60.

25. 1903–ൽ ചേർന്ന രണ്ടാം പാർട്ടികോൺഗ്രസ്സിൽവച്ച് അംഗീകരിക്കപ്പെട്ട ആർ. എസ്സ്. ഡി. എൽ. പി. പരിപാടിയെക്കുറിച്ചാണ് ഇവിടെ വിവക്ഷ–64.

26. 1896–ലെ ലണ്ടൻ സാർവ്വദേശീയ കോൺഗ്രസ്സ് — രണ്ടാം ഇൻറർനാഷനലിൻെറ നാലാം കോൺഗ്രസ്സ്. രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശം സംബന്ധിച്ച അതിൻെറ തീരുമാനം ഈ പുസ്തകത്തിൽ 125–32 പേജുകളിൽ ഉദ്ധരിക്കുന്നുണ്ടു്–65.

27. ''ഡി നോയെ സൈററ്'' ("Die Neue Zeit") (പുതിയ കാലം)—ജർമ്മൻ സോഷ്യൽഡെമോക്രാററിക് പാർട്ടിയുടെ താത്വികപത്രം; 1883–നും 1923–നുമിടയ്ക്കു് സ്ററുട്ട്ഗർട്ടിൽനിന്നു പ്രസിദ്ധീകരിച്ചു. 1917 ഒക്ടോബർ വരെ കെ. കൗട്സ്കിയും അതിനുശേഷം ജി. കുനൊവുമായിരുന്നു അതിൻെറ പത്രാധിപന്മാർ. മാർക്സിൻേറയും എംഗൽസിൻേറയും ചില കൃതികൾ ആദ്യമായി പ്രസിദ്ധീകരിച്ചതു് ''ഡി നോയെ സൈററി''ലാണ്. എംഗൽസ് അതിൻെറ പത്രാധിപന്മാർക്കു നിർദ്ദേശങ്ങൾ നൽകുകയും മാർക്സിസത്തിൽനിന്നുള്ള പാളിച്ചകൾക്കു് അവരെ നിശിതമായി വിമർശിക്കുകയും ചെയ്തു.

എംഗൽസിൻെറ മരണാനന്തരം ഈ പത്രം റിവിഷനിസ്റ്റുകളുടെ ലേഖനങ്ങൾ തുടർച്ചയായി പ്രസിദ്ധീകരിച്ചുവന്നു. ''സോഷ്യലിസത്തിൻെറ പ്രശ്നങ്ങൾ'' എന്ന പേരിൽ ബെർൺഷ്ടൈൻ എഴുതിയ ലേഖനപരമ്പരയും അവയിൽപ്പെടും. അതാണ് മാർക്സിസത്തിനെതിരായ റിവിഷനിസ്റ്റാക്രമണത്തിനു തുടക്കമിട്ടതു്. 1914–18–ലെ

ഒന്നാം സാമ്രാജ്യത്വയുദ്ധത്തിൻെറ കാലത്തു് ഈ പത്രം ഒരു മദ്ധ്യവർത്തിനിലപാടെടുത്തെങ്കിലും യഥാർത്ഥത്തിൽ സാമൂഹ്യസങ്കുചിതവാദികളെ അനുകൂലിക്കുകയാണുചെയ്തതു്—68.

28. ''നൗച്ച്നയ മിസ്ൽ'' (ശാസ്ത്രീയചിന്ത)—1908–ൽ റീഗയിൽ പ്രസിദ്ധീകരിച്ച മെൻഷെവിക്പത്രം—68.

29. കാറൽ മാർക്സിൻെറ ''മൂലധനം'', വാല്യം 1, ന്യൂയോർക്ക്, 1939 (Karl Marx, "Capital", vol. 1, NewYork, 1939) 790–ാം പേജു നോക്കുക—71.

30. ''റുസ്ക്കയ മിസ്ൽ'' (റഷ്യൻ ചിന്ത)—രാഷ്ട്രീയ–സാഹിത്യമാസിക. 1880 മുതൽ 1918 വരെ മോസ്കോവിൽനിന്നു പ്രസിദ്ധീകരിച്ചുവന്നു. 1905 വരെ ലിബറൽ നരോദ്നിക് പ്രവണതയാണു് അതു പ്രകടിപ്പിച്ചതു്. 1905–ലെ വിപ്ലവത്തിനുശേഷം കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററിക് പാർട്ടിയുടെ വലതുപക്ഷത്തിൻെറ മുഖപത്രമായി. പി. ബി. സ്ട്രൂവെയായിരുന്നു പത്രാധിപർ. ഈ പത്രം ദേശീയവാദവും പൗരോഹിത്യചിന്താഗതിയും പ്രചരിപ്പിക്കുകയും ഭൂവുടമകളുടെ സ്വത്തിനുവേണ്ടി വാദിക്കുകയും ചെയ്തു—81.

31. 1899 സെപ്തംബർ 24 മുതൽ 29 വരെ ആസ്ട്രിയായിലുള്ള ബ്രൂൺ എന്ന നഗരത്തിൽ സമ്മേളിച്ച ആസ്ട്രിയൻ സോഷ്യൽഡെമോക്രാററിക് പാർട്ടിയുടെ കോൺഗ്രസ്സിനെയാണു് ഇവിടെ പരാമർശിക്കുന്നതു്. ദേശീയപ്രശ്നമായിരുന്നു അജണ്ടയിലെ പ്രധാന ഇനം. രണ്ടു വ്യത്യസ്തചിന്താഗതികൾ പ്രകാശിപ്പിച്ചുകൊണ്ടുള്ള രണ്ടു പ്രമേയങ്ങൾ അവിടെ നിർദ്ദേശിക്കപ്പെട്ടു: 1) രാഷ്ട്രങ്ങളുടെ പ്രാദേശികസ്വയംഭരണത്തെ അനുകൂലിച്ചുകൊണ്ടു് പാർട്ടിയുടെ കേന്ദ്രക്കമ്മിററി തയ്യാറാക്കിയ പ്രമേയം; 2) ഭൂപരിധിക്കതീതമായ സാംസ്കാരിക–ദേശീയ സ്വയംഭരണത്തിനുവേണ്ടി വാദിച്ചുകൊണ്ടു് ദക്ഷിണസ്ലാവ് സോഷ്യൽഡെമോക്രാററിക് പാർട്ടികമ്മിററി അവതരിപ്പിച്ച പ്രമേയം.

കോൺഗ്രസ്സ് സാംസ്കാരിക–ദേശീയസ്വയംഭരണമെന്ന പരിപാടി ഏകകണ്ഠമായി നിരാകരിക്കുകയും ആസ്ട്രിയൻ സ്റ്റേററിൻെറ അതിർത്തിക്കുള്ളിൽ ദേശീയസ്വയംഭരണം അംഗീകരിച്ചുകൊണ്ടു് ഇരുകൂട്ടർക്കും സ്വീകാര്യമായ ഒരു പ്രമേയം പാസ്സാക്കുകയും ചെയ്തു. [വി. ഐ. ലെനിൻെറ ''ആസ്ട്രിയയിലേയും റഷ്യയിലേയും ദേശീയപരിപാടിയുടെ ചരിത്രത്തെപ്പററി'' ("A Contribution to the History of the National Programme in Austria and in Russia") എന്ന ലേഖനം നോക്കുക]—86.

32. ഏകീകൃതപ്രഭുവർഗ്ഗത്തിൻെറ കൗൺസിൽ—1906 മേയിൽ രൂപീകരിച്ച ഭൂവുടമകളുടെ ഒരു പ്രതിവിപ്ലവസംഘടന. സാറിസ്റ്റ് ഗവണ്മെൻറിൻെറ നയത്തിൽ അതു ഗണ്യമായ സ്വാധീനം ചെലുത്തി—98.

33. 1907 ജൂൺ 3 (16)—ാംനു- റഷ്യയിൽ നടന്ന പിന്തിരിപ്പൻ കൂഡിത്തായെയാണ് ഇവിടെ പരാമർശിക്കുന്നതു്. ഗവണ്മെൻറ് രണ്ടാം സ്റ്റേററ് ദൂമ പിരിച്ചുവിടുകയും ദൂമതിരഞ്ഞെടുപ്പുനിയമം മാററുകയും ചെയ്തു. പുതിയ തിരഞ്ഞെടുപ്പുനിയമമനുസരിച്ച് ഭൂവുടമകളുടേയും വ്യാപാരികളുടേയും വ്യവസായികബൂർഷ്വാസിയുടേയും പ്രാതിനിദ്ധ്യം സാരമായി വർദ്ധിക്കുകയും അന്നുതന്നെ നിസ്സാരമായിരുന്ന തൊഴിലാളി—കർഷകപ്രതിനിധികളുടെ എണ്ണം വളരെയേറെ ചുരുങ്ങുകയും ചെയ്തു. പുതിയ നിയമം റഷ്യയുടെ ഏഷ്യൻഭാഗത്തെ ജനങ്ങളിൽ ഗണ്യമായ ഒരു വിഭാഗത്തിനു വോട്ടവകാശം നിഷേധിക്കുകയും പോളണ്ടിലേയും കോക്കസസ്സിലേയും നിവാസികളുടെ പ്രാതിനിധ്യം പകുതിയായി വെട്ടിക്കുറയ്ക്കുകയും ചെയ്തു. പുതിയ നിയമമനുസരിച്ചു തിരഞ്ഞെടുത്തു് 1907 നവംബറിൽ സമ്മേളിച്ച മൂന്നാം ദൂമയിൽ മുഖ്യമായുമുണ്ടായിരുന്നതു് ബ്ലാക്ക് ഹൺഡ്രഡുകാരും കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററുകാരുമാണ്.

ജൂൺ 3—ലെ ''കൂഡിത്താ'' സ്റ്റൊലീപ്പിൻ പിന്തിരിപ്പത്തത്തിൻെറ കാലഘട്ടത്തിനു തുടക്കമിട്ടു. ''ജൂൺ 3—ലെ ഭരണക്രമം'' എന്ന പേരിലാണ് ഈ കാലഘട്ടം അറിയപ്പെടുന്നതു്—99.

34. ''ഒക്ടോബർ 17—ലെ യൂണിയൻ'' അഥവാ ''ഒക്ടോബ്രിസ്റ്റുകരം''—വൻകിടവ്യവസായബൂർഷ്വാസിയും മുതലാളിത്തരീതിയിൽ ഉല്പാദനം നടത്തുന്ന വൻകിടഭൂവുടമകളും ചേർന്നുണ്ടാക്കിയ ഒരു പ്രതിവിപ്ലവകക്ഷി. വിപ്ലവത്താൽ പരിഭ്രാന്തിയെടുത്ത സാർ ജനങ്ങരംക്കു് ''പൗരസ്വാതന്ത്ര്യങ്ങളും'' ഒരു ഭരണഘടനയും വാഗ്ദാനം ചെയ്തുകൊണ്ടു് ഇറക്കിയ ഒക്ടോബർ 17—ലെ പ്രകടനപത്രിക പുറത്തുവന്നതിനു ശേഷമാണ് ഈ പാർട്ടി രൂപീകരിക്കപ്പെട്ടതു്. ഒക്ടോബ്രിസ്റ്റുകരം സാറിസ്റ്റ് ഗവണ്മെൻറിൻെറ ആഭ്യന്തര—വിദേശനയങ്ങളെ പരിപൂർണ്ണമായി പിന്താങ്ങി. ഒരു കുററൻ വ്യവസായിയായ എ. ഗുച്ക്കോവും വമ്പിച്ച ഭൂസ്വത്തുക്കളുടെ ഉടമയായ എം. റൊഡ്സ്യാൻക്കൊയുമായിരുന്നു ഈ പാർട്ടിയുടെ നേതാക്കരം—99.

35. പ്രൊഗ്രെസിസ്റ്റുകരം—സ്റ്റേററ് ദൂമയിലേക്കുള്ള തിരഞ്ഞെടുപ്പിലും ദൂമക്കുകത്തും വിവിധ ബൂർഷ്വാ—ഭൂവുടമകക്ഷികളിലും ഗ്രൂപ്പുകളിലും പെട്ടവരെ ''കക്ഷിരാഹിത്യ''ത്തിൻെറ കൊടിക്കീഴിൽ ഒന്നിച്ചണിനിര

ത്താൻ ശ്രമിച്ച, റഷ്യൻ ലിബറൽ—മൊണാർക്കിസ്റ്റ് ബൂർഷ്വാസിയുടെ ഒരു രാഷ്ട്രീയഗ്രൂപ്പ്. ലെനിൻ ചൂണ്ടിക്കാട്ടിയതുപോലെ, പ്രൊഗ്രെസിസ്റ്റുകൾ ഘടനയിലും പ്രത്യയശാസ്ത്രത്തിലും ഒക്ടോബ്രിസ്റ്റുകളും കേഡററുകളും ചേർന്നുണ്ടായ ഒരു ''സങ്കരവർഗ്ഗ''മായിരുട്ട—99.

1912 നവംബറിൽ പ്രൊഗ്രെസിസ്റ്റുകൾ സ്വന്തമായി ഒരു സ്വതന്ത്രരാഷ്ട്രീയപ്പാർട്ടി രൂപീകരിച്ചു. മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വിജയത്തെത്തുടർന്ന് പ്രൊഗ്രെസിസ്റ്റ്പാർട്ടി സോവിയററ് ഭരണത്തിനെതിരായി സജീവസമരത്തിൽ ഏർപ്പെട്ടു—99.

36. ''രേച്ച്'' (ഭാഷ)——കേഡററ് പാർട്ടിയുടെ കേന്ദ്രമുഖപത്രമായ ഒരു ദിനപ്പത്രം; 1906 ഫെബ്രുവരി മുതൽ സെൻറ് പീറേറഴ്സ്ബർഗ്ഗിൽനിന്നു പ്രസിദ്ധീകരിച്ചുവന്നു. 1917 ഒക്ടോബർ 26—ാംനു- (നവംബർ 8) പെട്രോഗ്രാഡിലെ സൈനികവിപ്ലവക്കമ്മിററി ഈ പത്രത്തെ അമർച്ചചെയ്തു. പിന്നീട് പല പേരുകളിലും അതു് 1918 ആഗസ്റ്റ് വരെ പുറത്തിറങ്ങി—99.

37. 1913 ജൂൺ 19—നും 22—നുമിടയ്ക്കു് (ജൂലൈ 2—5) ലോവിൽ ചേർന്ന രണ്ടാം അഖിലഉക്രേനിയൻ വിദ്യാർത്ഥികോൺഗ്രസ്സിനെയാണ് ഇവിടെ പരാമർശിക്കുന്നതു്. പ്രശസ്ത ഉക്രേനിയൻസാഹിത്യകാരനും ശാസ്ത്രജ്ഞനും പൊതുക്കാര്യപ്രസക്തനും വിപ്ലവകാരിയുമായ ഇവാൻ ഫ്രാങ്കൊയുടെ ബഹുമാനാർത്ഥം നടന്ന ആഘോഷവേളയിലാണ് കോൺഗ്രസ്സ് വിളിച്ചുകൂട്ടിയതു്. റഷ്യയിലെ ഉക്രേനിയൻ വിദ്യാർത്ഥിപ്രതിനിധികളും കോൺഗ്രസ്സിൽ പങ്കെടുത്തിരുന്നു. ഒരു ഉക്രേനിയൻ സോഷ്യൽഡെമോക്രാററായ ദൊൻത്സോവ് ''സ്വതന്ത്ര ഉക്രെയിൻ'' എന്ന മുദ്രാവാക്യമുയർത്തിപ്പിടിച്ചുകൊണ്ടു് ''ഉക്രേനിയൻ യുവാക്കളും രാഷ്ട്രത്തിന്റെ ഇന്നത്തെ സ്ഥിതിയും'' എന്ന പേരിൽ ഒരു റിപ്പോർട്ട സമർപ്പിക്കുകയുണ്ടായി—99.

38. ''ഷ്ലാഹി'' (പാതകൾ) — ദേശീയവാദപ്രവണതയുള്ള ഉക്രേനിയൻ വിദ്യാർത്ഥിയൂണിയന്റെ മുഖപത്രം; 1913 ഏപ്രിലിനും 1914 മാർച്ചിനുമിടയ്ക്കു് ലോവിൽനിന്നു പ്രസിദ്ധീകരിച്ചു—100.

39. ''നോവൊയെ വ്രേമ്യ'' (പുതിയ കാലം)——1868 മുതൽ 1917 ഒക്ടോബർ വരെ സെൻറ് പീറേറഴ്സ്ബർഗ്ഗിൽനിന്നു പ്രസിദ്ധപ്പെടുത്തിവന്ന ഒരു ദിനപ്പത്രം. അതിന്റെ പ്രസാധകന്മാരും രാഷ്ട്രീയനയ

വും പലതവണ മാറിയിട്ടുണ്ട്. തുടക്കത്തിൽ മിതമായ തോതിൽ ഉല്പതിഷ്ണപരമായിരുന്നെങ്കിലും 1876-ൽ അതു് പിന്തിരിപ്പൻഭൂപ്രഭുക്കളുടേയും ഉദ്യോഗസ്ഥമേധാവികളുടേയും ജിഹ്വയായിത്തീർന്നു. 1905 മുതൽ അതു ബ്ലാക്ക്ഹണ്ഡ്രഡുകാരുടെ പത്രമായിരുന്നു. 1917 ഫെബ്രുവരിയിലെ ബൂർഷ്വാജനാധിപത്യവിപ്ലവത്തിനുശേഷം അതു് ബൂർഷ്വാതാൽക്കാലികഗവണ്മെൻറിൻെറ പ്രതിവിപ്ലവനയങ്ങളെ പിന്താങ്ങുകയും രൂക്ഷമായ രീതിയിൽ ബോൾഷെവിക്വിരുദ്ധപ്രചരണം നടത്തുകയും ചെയ്തു. 1917 ഒക്ടോബർ 26-ാംനു- (നവംബർ 8) പെട്രോഗ്രാഡ് സോവിയററിൻെറ സൈനികവിപ്ലവക്കമ്മിററി അതു് അടച്ചുപൂട്ടി.

''സെംഷ്ചിന''—ഒരു ബ്ലാക്ക്ഹണ്ഡ്രഡ് ദിനപ്പത്രം; സ്റ്റേററ്ഡൂമയിലെ ഏററവും വലതുപക്ഷത്തെ ഡെപ്യൂട്ടികളുടെ പത്രം. 1909 ജൂലൈ മുതൽ 1917 ഫെബ്രുവരി വരെ സെൻറ് പീറേറഴ്സ്ബർഗ്ഗിൽനിന്നു പ്രസിദ്ധപ്പെടുത്തി—104.

40. റഷ്യൻ സാഹിത്യകാരനായ ഗ്ലെബ് ഉസ്പ്പേൻസ്കിയ് എഴുതിയ ''കാവൽപ്പുര'' എന്ന കഥയിൽനിന്നെടുത്ത ഈ പ്രയോഗം പോലീസ്താന്തോന്നിത്തത്തെ കുറിക്കുന്നു—105.

41. ''കീവ്സ്കയ മിസ്ൽ'' (കീവ്ചിന്ത)—1906-നും 1918-നുമിടയ്ക്കു് കീവിൽ പ്രസിദ്ധീകരിച്ചുവന്ന ഒരു ലിബറൽബൂർഷ്വാദിനപ്പത്രം—107.

42. പ്രമുഖറഷ്യൻസാഹിത്യകാരനായ ഗ്രിബൊയേദൊവ് എഴുതിയ ''ബുദ്ധികൊണ്ടുണ്ടായ വിപത്തു്'' എന്ന ഹാസ്യനാടകത്തിൽനിന്നാണു് ലെനിൻ ഈ പ്രയോഗം എടുത്തിരിക്കുന്നതു്—112.

43. ''നാപ്ഷുദ്'' ("Naprzód") (മുന്നോട്ടു്)—ഗലീഷ്യയിലേയും സിലേഷ്യയിലേയും പോളിഷ് സോഷ്യൽഡെമോക്രാററിക് പാർട്ടിയുടെ കേന്ദ്രമുഖപത്രം. അതു് 1892 മുതൽ ക്രാക്കൊവിൽനിന്നു പ്രസിദ്ധപ്പെടുത്തിവന്നു. പെററിബൂർഷ്വാ ദേശീയവാദചിന്താഗതിയാണു് ഈ പത്രം പ്രചരിപ്പിച്ചിരുന്നതു്. ''വളരെ മോശപ്പെട്ടതും അല്പംപോലും മാർക്സിസ്റ്റല്ലാത്തതുമായ മുഖപത്രം'' എന്നാണു് ലെനിൻ അതിനു നൽകിയ വിവരണം—115.

44. 1861-ൽ റഷ്യയിൽ അടിയായ്മ നിറുത്തലാക്കിയതിനെക്കുറിച്ചാണു് ഇവിടെ വിവക്ഷ—129.

45. മാർക്സിനെപ്പററിയുള്ള വിൽഹെം ലീബ്ക്നെക്ടിൻെറ അനുസ്മരണങ്ങളെയാണു് ലെനിൻ ഉദ്ദേശിക്കുന്നതു്—133.

46. ''ടൈംസ്'' ("The Times")—1785–ൽ ലണ്ടനിൽ സ്ഥാപിതമായ ഒരു ദിനപ്പത്രം; ഇംഗ്ലീഷ് ബൂർഷ്വാസിയുടെ പ്രമുഖയാഥാസ്ഥിതിക പ്പത്രങ്ങളിലൊന്നു്–137.

47. ഫെനിയന്മാർ—ഒരു ഐറിഷ് രഹസ്യവിപ്ലവസംഘടനയിലെ അംഗങ്ങൾ. ദേശീയസ്വാതന്ത്ര്യം, ജനാധിപത്യറിപ്പബ്ലിക്ക്, പാട്ട ക്കാർക്കു് അവർ കൃഷിചെയ്യുന്ന ഭൂമിയുടെ മേൽ ഉടമാവകാശമുണ്ടായി രിക്കുക, തുടങ്ങിയ ആവശ്യങ്ങൾ അവർ മുന്നോട്ടുവച്ചു. ഒരു സായുധക ലാപത്തിലൂടെ തങ്ങളുടെ രാഷ്ട്രീയപരിപാടി നടപ്പിലാക്കാനാണു് അവരുദ്ദേശിച്ചതു്. പക്ഷെ അവരുടെ ഗൂഢാലോചനാപരമായ അടവു കൾകൊണ്ടു് ഫലമുണ്ടായില്ല. 1867–ൽ ഫെനിയന്മാർ ഒരു സായുധക ലാപത്തിനു് ഒരുക്കുകൂട്ടിയെങ്കിലും അക്കൊല്ലം സെപ്തംബറിൽ ഇം ഗ്ലീഷ് ഗവണ്മെൻറ് ഫെനിയൻ പ്രസ്ഥാനത്തിൻെറ നേതാക്കളെ അറസ്റ്റുചെയ്തു് വിചാരണയ്ക്കു കൊണ്ടുവന്നു. വൻതോതിലുള്ള മർദ്ദന മുറകൾ തുടർന്നുനടന്നു. ശിക്ഷിക്കപ്പെട്ട ഫെനിയന്മാർക്കുവേണ്ടി ഇം ഗ്ലണ്ടിൽ നടത്തപ്പെട്ട ക്യാമ്പെയിനു് ഒന്നാം ഇൻറർനാഷനലിൻെറ ജനറൽ കൗൺസിലിൻെറ പിന്തുണയുണ്ടായിരുന്നു–137.

48. 1869–ലെ ഗ്രീഷ്മത്തിലും ശരൽക്കാലത്തും തുറുങ്കിൽ അടയ്ക്കപ്പെട്ട ഫെ നിയന്മാർക്കു പൊതുമാപ്പു നൽകാൻവേണ്ടി വിപുലമായൊരു പ്രസ്ഥാ നം അയർലണ്ടിൽ ഉടനീളം അലയടിച്ചു. അവരെ മോചിപ്പിക്കണമെന്നു ബ്രിട്ടീഷ് ഗവണ്മെൻറിനോടു് ആവശ്യപ്പെട്ടുകൊണ്ടുള്ള അഭ്യർത്ഥന കൾ നിരവധി യോഗങ്ങളിൽവച്ചു് അംഗീകരിക്കപ്പെട്ടു. ബ്രിട്ടീഷ് ഗവണ്മെൻറ് തലവനായ ഗ്ലാഡ്സ്റ്റൺ ഈ ആവശ്യങ്ങൾ നിറവേററാൻ വിസമ്മതിച്ചപ്പോൾ ലണ്ടനിൽ പ്രതിഷേധപ്രകടനങ്ങൾ നടന്നു–139.

49. ''ന്യൂയോർക്ക് ഡെയ്‌ലി ട്രിബ്യൂൺ'' ("The New York Daily Tribune")—1841 മുതൽ 1924 വരെ പ്രസിദ്ധീകരിക്കപ്പെട്ടു. 1850–60– ൻെറ മദ്ധ്യം വരെ അതു് അമേരിക്കൻ വിഗ്ഗുകളുടെ ഇടതുപക്ഷത്തിൻെറ മുഖപത്രമായിരുന്നു. പിന്നീടതു് റിപ്പബ്ലിക്കൻകക്ഷിയുടെ മുഖപത്രമാ യി. മാർക്സ് ഈ പത്രത്തിൽ 1851 ആഗസ്റ്റ് മുതൽ 1862 മാർച്ച് വരെ ലേഖനങ്ങളെഴുതി. മാർക്സിൻെറ അഭ്യർത്ഥനയനുസരിച്ചു് എം ഗൽസും വളരെയേറെ ലേഖനങ്ങൾ എഴുതിയിട്ടുണ്ടു്–140.

50. അൾസ്റ്റർ ("Ulster") —മിക്കവാറും ഇംഗ്ലീഷുകാർ അധിവസിക്കുന്ന അയർലണ്ടിൻെറ വടക്കുകിഴക്കൻ ഭാഗം–144.

51. ''റഷ്യൻ സോഷ്യൽഡെമോക്രാററിക് പാർട്ടിയുടെ കരടുപരിപാടി'' എന്ന പ്ലെഖാനൊവിൻെറ ലേഖനത്തെയാണ് ലെനിൻ ഉദ്ധരിക്കുന്നതു്. ഒരു മാർക്സിസ്റ്റ്താത്വിക—രാഷ്ട്രീയമാസികയായ ''സര്യാ'' യുടെ നാലാം ലക്കത്തിൽ (1902) അതു് പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി—146.

52. സാമ്പത്തികസമരവാദികരം—കഴിഞ്ഞ നൂററാണ്ടിൻെറ അവസാനത്തിലും ഈ നൂററാണ്ടിൻെറ തുടക്കത്തിലും റഷ്യൻ സോഷ്യൽഡെമോക്രാററിക് പ്രസ്ഥാനത്തിൽ പ്രത്യക്ഷപ്പെട്ട ഒരു അവസരവാദപ്രവണതയുടെ പ്രതിനിധികരം. രാഷ്ട്രീയസമരം നടത്തേണ്ടതു് പ്രധാനമായും ലിബറൽ ബൂർഷ്വാസിയാണെന്നും തൊഴിലാളികരം കൂടുതൽ നല്ല തൊഴിൽസാഹചര്യങ്ങരംക്കും ഉയർന്ന കൂലിക്കും മററും വേണ്ടിയുള്ള സാമ്പത്തികസമരത്തിൽ സ്വയം ഒതുങ്ങിനിന്നാൽ മതിയെന്നും അവർ വിശ്വസിച്ചു. അവർ പാർട്ടിയുടെ നേതൃത്വപരമായ പങ്കിനേയും തൊഴിലാളിപ്രസ്ഥാനത്തിൽ വിപ്ലവസിദ്ധാന്തത്തിനുള്ള പ്രാധാന്യത്തേയും നിഷേധിക്കുകയും ആ പ്രസ്ഥാനം സ്വയമേവ മാത്രം വളർന്നുവരേണ്ടതാണെന്നു വാദിക്കുകയും ചെയ്തു. ''എന്തു ചെയ്യണം?'' എന്ന കൃതിയിൽ ലെനിൻ സാമ്പത്തികസമരവാദത്തെ അതിരൂക്ഷമായി വിമർശിച്ചിട്ടുണ്ടു്—151.

53. ''ഇസ്ക്ര'' (തീപ്പൊരി) — 1900—ൽ ലെനിൻ സ്ഥാപിച്ച ആദ്യത്തെ അഖിലറഷ്യൻ നിയമവിരുദ്ധമാർക്സിസ്റ്റ്പത്രം. റഷ്യൻ തൊഴിലാളിവർഗ്ഗത്തിൻെറ വിപ്ലവമാർക്സിസ്റ്റ്പാർട്ടി സ്ഥാപിക്കുന്നതിൽ അതു് നിർണ്ണായകമായ ഒരു പങ്കു വഹിക്കുകയുണ്ടായി.

1903—ൽ ചേർന്ന ആർ. എസ്സ്. ഡി. എൽ. പി. യുടെ രണ്ടാം കോൺഗ്രസ്സ്, പാർട്ടി സൃഷ്ടിക്കുന്നതിനുള്ള സമരത്തിൽ ''ഇസ്ക്ര'' വഹിച്ച അനിതരസാധാരണമായ പങ്കിനെ വിലയിരുത്തുകയും അതിനെ ആർ. എസ്സ്. ഡി. എൽ. പി. യുടെ കേന്ദ്രമുഖപത്രമായി അംഗീകരിക്കുകയും ചെയ്തു. രണ്ടാംകോൺഗ്രസ്സിനെത്തുടർന്നു് അധികനാരം കഴിയുന്നതിനുമുമ്പ് മെൻഷെവിക്കുകരം പ്ലെഖാനൊവിൻെറ പിന്തുണയോടുകൂടി ''ഇസ്ക്ര''യെ അവരുടെ പത്രമാക്കി മാററി—151.

54. ''ബൊർബാ'' (സമരം)—1914 ഫെബ്രുവരി മുതൽ ജൂലൈ വരെ ട്രോട്സ്കി സെൻറ് പീറേറഴ്സ്ബഗ്ഗിൽനിന്നു പ്രസിദ്ധപ്പെടുത്തിയ ഒരു പത്രം. ഒരു ''കക്ഷിപിടുത്തക്കാരന''ല്ലെന്നു നടിച്ചുകൊണ്ടു് ട്രോ

ട്സ്കി അതിന്റെ പേജുകളിലൂടെ ലെനിനേയും ബോൾഷെവിക് പാർട്ടിയേയും എതിർക്കുകയാണു ചെയ്തതു്—153.

55. റഷ്യൻഹാസസാഹിത്യകാരനായ ഷ്ചെദ്രീന്റെ ''വിദേശത്തു്'' എന്ന ഉപന്യാസസമാഹാരത്തിൽനിന്നെടുത്ത പ്രയോഗമാണിതു്—155.

56. സെമിനാരി വിദ്യാർത്ഥികൾ—ക്രൈസ്തവമതവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ. കർശനമായ നിയന്ത്രണത്തോടും ദണ്ഡനമുറകളോടും അസാന്മാർഗ്ഗികനടപടികളോടും കൂടിയ അവിടത്തെ ജീവിതം റഷ്യൻ സാഹിത്യകാരനായ പൊമ്യലോവ്സ്കിയ് ''സെമിനാരിജീവിതചിത്രങ്ങൾ'' എന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ടു്—156.

57. ലിയൊ ടോൾസ്റ്റോയ് എഴുതിയ സേവസ്റ്റോപ്പോൾ സൈനികഗാനത്തിൽനിന്നെടുത്ത വാക്കുകളാണിവ. ക്രിമിയൻ യുദ്ധത്തിനിടയ്ക്കു് 1855 ആഗസ്റ്റ് 4—ാംനു- ചോർനയ നദീതീരത്തുവച്ചു് നടന്ന ഏററുമുട്ടലിൽ റഷ്യൻപട്ടാളത്തിനു നേരിട്ട പരാജയത്തെക്കുറിച്ചാണു് ഈ ഗാനം. അതിൽ ജനറൽ റെവാഡാണു് രണ്ടു ഡിവിഷനുകളെ നയിച്ചതു്—159.

58. ലേബർ പോപ്പുലർ സോഷ്യലിസ്റ്റ് പാർട്ടി—ഇതു് 1906—ൽ സോഷ്യലിസ്റ്റ്റവലൂഷണറി പാർട്ടിയുടെ വലതുപക്ഷത്തിൽനിന്നു ഭിന്നിച്ചുപോയി. പോപ്പുലർ സോഷ്യലിസ്റ്റുകാർ കേഡററുകളുമായ സഖ്യത്തിനുവേണ്ടി വാദിച്ചു. ''സോഷ്യൽ കേഡററുക''ളെന്നും ''ഫിലിസ്റ്റൈൻ അവസരവാദിക''ളെന്നും കേഡററുകൾക്കും സോഷ്യലിസ്റ്റ്റവലൂഷണറികൾക്കും ഇടയിൽ ആടിക്കളിക്കുന്ന ''സോഷ്യലിസ്റ്റ് റവലൂഷണറി മെൻഷെവിക്കുക''ളെന്നുമാണു് ലെനിൻ അവരെ വിളിച്ചതു്. പോപ്പുലർ സോഷ്യലിസ്റ്റുകാരുടെ പാർട്ടിക്കു് ''കേഡററുകളിൽനിന്നും വളരെക്കുറച്ചു വ്യത്യാസമേയുള്ളു; കാരണം, റിപ്പബ്ലിക്കിനും മുഴവൻ ഭൂമിക്കും വേണ്ടിയുള്ള ആവശ്യങ്ങൾ അതു് അതിന്റെ പരിപാടിയിൽനിന്നു നീക്കം ചെയ്തിരിക്കുന്നു,'' എന്നു് ലെനിൻ ഊന്നിപ്പറയുകയുണ്ടായി. എ. വി. പെഷെഹോനൊവ്, എൽ. എഫ്. ആന്നെൻസ്കിയ്, വി. എ. മ്യക്കോത്തിൻ തുടങ്ങിയവരായിരുന്നു അതിന്റെ നേതാക്കൾ. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തെത്തുടർന്നു് പോപ്പുലർ സോഷ്യലിസ്റ്റുകാർ സോവിയററധികാരത്തിനെതിരായ പ്രതിവിപ്ലവഗൂഢാലോചനകളിലും സായുധസമരങ്ങളിലും പങ്കെടുത്തു—163.

59. ''റുസ്കൊയെ ബൊഗാത്സ്തൊ'' (റഷ്യൻ ധനം)—1876 മുതൽ 1918 വരെ സെന്റ് പീറേറഴ്സ്ബർഗ്ഗിൽനിന്നു പ്രസിദ്ധ

പ്പെട്ടത്തിവന്ന ഒരു മാസിക. 1890—1900—ൻെറ പ്രാരംഭവർഷങ്ങരം തൊട്ടു് അതു് ലിബറൽ നരോദ്നിക്കുകളുടെ മുഖപത്രമായിരുന്നു. 1906—നു ശേഷം അതു് അർദ്ധകേഡററ്കക്ഷിയായ ''പോപ്പുലർ സോഷ്യലിസ്റ്റുകാരുടെ'' മുഖപത്രമായി—163.

60. ഡ്രെയ്ഫുസ് (Dreyfus) സംഭവം ഫ്രഞ്ച് പട്ടാളമേധാവികരംക്കിടയിലെ പിന്തിരിപ്പൻ രാജപക്ഷപാതികരം 1894—ൽ ഒരു യഹൂദനും സൈനികജനറൽസ്റ്റാഫിലെ ഒരു ഓഫീസറുമായ ഡ്രെയ്ഫുസിനെ ചാരപ്രവർത്തനവും ഗുരുതരമായ രാജ്യദ്രോഹവും തെററായി ചുമത്തി പ്രകോപനപരമായ വിചാരണക്കു വിധേയനാക്കി. കോർട്ട്മാർഷൽ അയാളെ ജീവപര്യന്തം തടവിനു വിധിച്ചു. ഡ്രെയ്ഫുസിനെ പുനർവിചാരണ ചെയ്യാൻവേണ്ടി ഫ്രാൻസിൽ വിപുലമായി പടർന്നുപിടിച്ച പ്രക്ഷോഭം സംബന്ധിച്ച് റിപ്പബ്ലിക്കന്മാരും രാജപക്ഷപാതികളും തമ്മിൽ ഉഗ്രമായ സമരം നടക്കുകയും ഒടുവിൽ 1906—ൽ ഡ്രെയ്ഫുസ് മോചിക്കപ്പെടുകയും ചെയ്തു.

''പിന്തിരിപ്പൻ പട്ടാളമേധാവികളുടെ ആയിരമായിരം ഗർഹണീയമായ സൂത്രങ്ങളിൽ ഒന്നാ''യിട്ടാണ് ലെനിൻ ഡ്രെയ്ഫുസ് സംഭവത്തെ ചിത്രീകരിച്ചതു്—172.

61. സാബെൺ (Zabern) സംഭവം—1913 നവംബറിൽ അൽസാസിലുള്ള സാബെൺ പട്ടണത്തിൽ നടന്ന സംഭവം. ഒരു പ്രഷ്യൻ സൈനികോദ്യോഗസ്ഥൻ അൽസേഷ്യന്മാരെ അപമാനിച്ചതു് പ്രഷ്യൻ പട്ടാളമേധാവികളുടെ മർദ്ദനത്തിനെതിരായി മുഖ്യമായും ഫ്രഞ്ചുകാരായ തദ്ദേശവാസികളുടെ രോഷപ്രകടനത്തിനു വഴിതെളിച്ചു. സാബെൺ സംഭവത്തെക്കുറിച്ച് ലെനിൻ എഴുതിയ ''സാബെൺ'' എന്ന ലേഖനം നോക്കുക—172.

62. 1867 നവംബർ 30—ാംനു മാർക്സ് എംഗൽസിനെഴുതിയ കത്തു നോക്കുക—174.

63. ''സാംസ്കാരിക—ദേശീയസ്വയംഭരണ''ത്തെക്കുറിച്ചുള്ള റെന്നറുടേയും ബൗവെറുടേയും പിന്തിരിപ്പൻചിന്താഗതികളെ ലെനിൻ ''ദേശീയപ്രശ്നത്തെക്കുറിച്ചുള്ള വിമർശനക്കുറിപ്പുകരം'' എന്ന കൃതിയിൽ വിമർശിക്കുന്നുണ്ടു് (ഈ പുസ്തകത്തിലെ 7—63 പേജുകരം നോക്കുക)—174.

64. കെ. മാർക്സ് എഴുതിയ ''ഒരു രഹസ്യവിവരം'' ("Confidential Communication") എന്ന ലേഖനവും എഫ്. എംഗൽസിൻെറ ''പ്രവാസിസാഹിത്യം'', ''ആദ്യത്തെ പോളിഷ്പ്രഖ്യാപനം'' ("Emigré Literature." "First Polish Proclamation".) എന്ന ലേഖനവും നോക്കുക—178.

65. 1867 നവംബർ 2–ാംനു- മാർക്സ്എംഗൽസിനെഴുതിയ കത്തു നോക്കുക–179.

66. ''ഡി ഗ്ലോക്കെ'' ("Die Glocke") (മണി)—ജർമ്മൻ സോഷ്യൽഡെമോക്രാററിക് പാർട്ടിയിലെ ഒരംഗവും ഒരു സാമൂഹ്യസങ്കുചിതവാദിയുമായ പാർവുസ് (ഗെൽഫൻഡ്) 1915–നും 1925–നുമിടയ്ക്ക് ആദ്യം മ്യൂണിക്കിൽനിന്നും പിന്നീട് ബെർലിനിൽനിന്നും പ്രസിദ്ധപ്പെടുത്തിയ പത്രം–180.

67. ''ജനാധിപത്യപാൻസ്ലാവിസം'' ("Democratic Pan-Slavism") എന്ന എംഗൽസിൻെറ ലേഖനം നോക്കുക–180.

68. ഫേബിയന്മാർ—1884–ൽ സ്ഥാപിക്കപ്പെട്ട ഒരു റിഫോമിസ്റ്റ്സംഘടനയായ ഫേബിയൻ സൊസൈററിയിലെ അംഗങ്ങൾ. അവർ ഈ പേരെടുത്തതു് മൂന്നാംനൂററാണ്ടിലുണ്ടായിരുന്ന ഒരു റോമൻജനറലായ ഫാബിയസ് മാക്സിമ(Fabius Maximus)സിൽനിന്നാണ്. ഹാനിബാളി(Hannibal)നെതിരായ യുദ്ധത്തിൽ നിർണ്ണായകമായ ഏററുമുട്ടലുകളിൽനിന്നൊഴിഞ്ഞുമാറുകയും കാര്യങ്ങൾ നീട്ടിക്കൊണ്ടുപോവുകയും ചെയ്തുകൊണ്ട് അദ്ദേഹം ''കുൻക്ടാട്ടർ'' ("Cunctator") (കാലവിളംബം വരുത്തുന്നവൻ) എന്ന പരിഹാസപ്പേരു് സമ്പാദിച്ചു. തൊഴിലാളിവർഗ്ഗം വർഗ്ഗസമരമോ സോഷ്യലിസ്റ്റ് വിപ്ലവമോ നടത്തേണ്ടതില്ലെന്നും ചെറിയ പരിഷ്കാരങ്ങളും സമുദായത്തിൻെറ ക്രമാനുഗതമായ പരിവർത്തനങ്ങളും മുഖേന മാത്രമേ സോഷ്യലിസത്തിലേക്കു കടക്കാനൊക്കൂ എന്നും അവർ വാദിച്ചു. ''അങ്ങേയററം അവസരവാദപരമായ പ്രവണത''യായിട്ടാണ് ലെനിൻ ഫേബിയന്മാരെ വിശേഷിപ്പിച്ചതു്. 1900–ത്തിൽ ഫേബിയൻ സൊസൈററി ലേബർപാർട്ടിയിൽ ചേർന്നു. ഫേബിയൻ സോഷ്യലിസം ലേബർപാർട്ടിയുടെ പ്രത്യയശാസ്ത്രത്തിൻെറ ഉറവിടങ്ങളിലൊന്നാണ്.

1914–18–ലെ ഒന്നാംലോകമഹായുദ്ധകാലത്തു് ഫേബിയന്മാർ സാമൂഹ്യസങ്കുചിതവാദപരമായ നിലപാടെടുത്തു–183.

69. 1912 ജനുവരി 5–നും 17–നുമിടയ്ക്ക് (18–30)പ്രാഗിൽ കൂടിയ ആറാം (പ്രാഗ്) അഖിലരഷ്യൻ ആർ. എസ്സ്. ഡി. എൽ. പി. സമ്മേളനത്തെയാണ് ഇവിടെ പരാമർശിക്കുന്നതു്–187.

70. ''നാഷെ ദ്യേലൊ'' (നമ്മുടെ ലക്ഷ്യം)—റഷ്യയിലെ ലികപിഡേറററർമാരുടേയും സാമൂഹ്യസങ്കുചിതവാദികളുടേയും പ്രധാനമുഖപത്രമായിരുന്ന ഈ മാസിക പെട്രോഗ്രാഡിൽനിന്നും 1915–ൽ പ്രസിദ്ധീകരിക്കപ്പെട്ടുവന്നു. 1914 ഒക്ടോബറിൽ അമർച്ചചെയ്ത ''നാഷ സര്യാ''

(നമ്മുടെ ഉഷസ്സ്) എന്ന പത്രത്തിൻെറ സ്ഥാനത്തിറങ്ങിയതാണി ത്—187.

71. 1915 സെപ്തംബർ 5—നം 8—നമിടയ്ക്കു് സിമ്മർവാംഡിൽ (Zimmerwald) കൂടിയ ഒന്നാംസാർവ്വദേശീയസോഷ്യലിസ്റ്റ്സമ്മേളനത്തെയാണ് ഇവിടെ പരാമർശിക്കുന്നതു്. പ്രസ്തുതസമ്മേളനത്തിൽവച്ചു് ലെനിൻെറ നേതൃത്വത്തിലുള്ള വിപ്ലവസാർവ്വദേശീയവാദികളും കൗട്സ്കിയിസ്റ്റ് ഭൂരിപക്ഷവും തമ്മിൽ ഏററുമുട്ടി. അവിടെക്കൂടിയ ഇടതുപക്ഷ സാർവ്വദേശീയവാദികളിൽനിന്നും ലെനിൻ സിമ്മർവാംഡ് ഇടതുപക്ഷ ഗ്രൂപ്പ് സംഘടിപ്പിച്ചു. ആ ഗ്രൂപ്പിൽ ബോംഷെവിക്കുകാം മാത്രമാണ് യുദ്ധത്തിനെതിരായി ശരിയും നീക്കുപോക്കില്ലാത്തവണ്ണം സാർവ്വദേശീയപരവുമായ ഒരേയൊരു നിലപാടെടുത്തതു്.

ലോകമഹായുദ്ധം ഒരു സാമ്രാജ്യത്വയുദ്ധമാണെന്നു പ്രസ്താവിച്ചുകൊണ്ടുള്ള ഒരു പ്രകടനപത്രിക സമ്മേളനം അംഗീകരിച്ചു. യുദ്ധവായ്പകാംക്കുവേണ്ടി വോട്ടുചെയ്യുകയും ബൂർഷ്വാഗവണ്മെൻറുകളിൽ പങ്കെടുക്കുകയും ചെയ്ത ''സോഷ്യലിസ്റ്റുകാരുടെ'' പെരുമാററത്തെ അതു് അധിക്ഷേപിക്കുകയും, യുദ്ധത്തിനെതിരായും വെട്ടിപ്പിടുത്തങ്ങളും നഷ്ടപരിഹാരങ്ങളുമില്ലാത്ത സമാധാനത്തിനുവേണ്ടിയും പൊരുതാൻ യൂറോപ്പിലെ തൊഴിലാളികളെ ഉൽബോധിപ്പിക്കുകയും ചെയ്തു.

കൂടാതെ, സമ്മേളനം യുദ്ധത്തിനിരയായവരോടു് അനുഭാവം രേഖപ്പെടുത്തുന്ന ഒരു പ്രമേയം അംഗീകരിക്കുകയും ഒരു സാർവ്വദേശീയ സോഷ്യലിസ്റ്റ് കമ്മീഷനെ തിരഞ്ഞെടുക്കുകയും ചെയ്തു—188.

72. ''സൊത്സിയാൽ ദെമൊക്രാററ്''—ആർ. എസ്സ്. ഡി. എൽ. പി. യുടെ കേന്ദ്രമുഖപത്രമായിരുന്ന ഒരു നിയമവിരുദ്ധപ്പത്രം; 1908 ഫെബ്രുവരി മുതൽ 1917 ജനുവരി വരെ പ്രസിദ്ധീകരിച്ചു. ആദ്യലക്കം റഷ്യയിൽ പ്രസിദ്ധീകരിക്കാനുള്ള പല വിഫലശ്രമങ്ങളേയും തുടർന്നു് അതു് വെളിയിൽനിന്നു (പാരീസ്, ജനീവ) പ്രസിദ്ധപ്പെടുത്തിവന്നു. ആകെക്കൂടി 58 ലക്കങ്ങാം പുറത്തിറങ്ങി. 1911 ഡിസംബർ തൊട്ടു് ലെനിനായിരുന്നു പത്രാധിപർ. അദ്ദേഹം അതിലേക്കു് എൺപതിൽപ്പരം ലേഖനങ്ങളും കുറിപ്പുകളും എഴുതിയിട്ടുണ്ടു്—192.

73. ''ഗസെററ റൊബോത്നിച്ച'' ("Gazeta Robotnicza") — 1906 മേയ് മുതൽ ഒക്ടോബർ വരെ പോളണ്ടിലേയും ലിത്വേനിയയിലേയും സോഷ്യൽഡെമോക്രാററിക് പാർട്ടിയുടെ വാഴ്സാകമ്മിററി നിയമവിരുദ്ധമായി പുറപ്പെടുവിച്ച മുഖപത്രം. 14 ലക്കങ്ങാം പുറത്തിറങ്ങിയതിനുശേഷം അതിൻെറ പ്രസിദ്ധീകരണം നിന്നു. 1912—ൽ

പോളിഷ് സോഷ്യൽഡെമോക്രാററിക് പാർട്ടി ഭിന്നിക്കുകയും രണ്ടു വാഴ്സാകമ്മിററികൾ നിലവിൽവരികയും ചെയ്തപ്പോൾ ''ഗസെററ റൊബോതനിച്ച'' എന്ന പേരിൽത്തന്നെ രണ്ടു പത്രങ്ങൾ പുറത്തിറങ്ങുകയുണ്ടായി. വാഴ്സായിലെ മുഖ്യസമിതിയുടെ അനുകൂലികൾ ഇറക്കിയ ഒരു പത്രം 1911 ജൂലൈ മുതൽ 1913 ജൂലൈ വരെയും അവർക്കെതിരായ ക്രാക്കൊവിലെ വാഴ്സാക്കമ്മിററി പുറപ്പെടുവിച്ച മററേ പത്രം 1911 ജൂലൈ മുതൽ 1916 ഫെബ്രുവരി വരെയും പ്രസിദ്ധീകരിക്കപ്പെട്ടു. ഇതിൽ രണ്ടാമത്തേതിനെയാണു ലെനിൻ പരാമർശിക്കുന്നതു്.

''ഗസെററ റൊബോതനിച്ച'' സിമ്മർവാൾഡ് ഇടതുപക്ഷ ഗ്രൂപ്പിൻെറ ഭാഗത്തായിരുന്നു. യുദ്ധത്തിൻെറ പ്രശ്നങ്ങളിൽ അതു് അടിയുറച്ച സാർവ്വദേശീയതാനിലപാടെടുത്തെങ്കിലും, പ്രധാനപ്പെട്ട പല പ്രശ്നങ്ങളിലും (മദ്ധ്യവർത്തിവാദികളുമായി സംഘടനാപരമായി വിട്ടുപിരിയുന്നതിൻേറയും യുദ്ധകാലത്തു മുന്നോട്ടുവച്ച മിനിമം പരിപാടിയിലെ ആവശ്യങ്ങളോടുള്ള മനോഭാവത്തിൻേറയും കാര്യത്തിൽ) അതു് മദ്ധ്യവർത്തിവാദത്തിൻെറ ഭാഗത്തേക്കു് ആടിക്കളിച്ചു. ദേശീയപ്രശ്നത്തിൽ ആ പത്രം രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശത്തെ എതിർത്തു.

ലെനിൻ എഴുതിയ ''സോഷ്യലിസ്റ്റ് വിപ്ലവവും രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശവും'' എന്ന തീസിസ്സിനേയും ''ഗസെററ റൊബോതനിച്ച'' തയ്യാറാക്കിയ ''സാമ്രാജ്യത്വവും ദേശീയമർദ്ദനവും'' എന്ന തീസിസ്സിനേയുമാണു് ഇവിടെ പരാമർശിക്കുന്നതു്. ഇവ രണ്ടും ''ഫൊർബോത്തെ'' ("Vorbote") എന്ന പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ''സ്ബോർണിക് സൊതസിയാൽ ദെമൊക്രാററ''യുടെ ഒന്നാം ലക്കത്തിൽ (ഒക്ടോബർ, 1916) വീണ്ടും അച്ചടിക്കുകയും ചെയ്തു. ഇതിലൊടുവിലത്തേതിൽ ലെനിൻ എഴുതിയ ''സ്വയംനിർണ്ണയനത്തെക്കുറിച്ചുള്ള ചർച്ചയുടെ ഉപസംഹാരം'' എന്ന ലേഖനവും പ്രസിദ്ധപ്പെടുത്തുകയുണ്ടായി–192.

74. പോളണ്ടിൻെറ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഈ മൂന്നു വീക്ഷണഗതികളേയും ലെനിൻ ''രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശം'' എന്ന കൃതിയിൽ വിലയിരുത്തിയിട്ടുണ്ടു് (ഈ പുസ്തകത്തിലെ 64–167 പേജുകൾ നോക്കുക)–193.

75. 1903–ൽ ആർ. എസ്സ്. ഡി. എൽ. പി. യുടെ രണ്ടാം കോൺഗ്രസ്സിനുവേണ്ടി തയാറെടുക്കുമ്പോഴും കോൺഗ്രസ്സിൽവച്ചും, ''ഇസ്ക്ര''യുടെ

പത്രാധിപസമിതി തയ്യാറാക്കിയ ആർ. എസ്സ് ഡി. എൽ. പി. യുടെ കരടുപരിപാടിയെക്കുറിച്ചു നടന്ന വിവാദത്തിനിടയിൽ, രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശത്തിനുവേണ്ടിയുള്ള ആവശ്യം സംബന്ധിച്ച് ചൂടുപിടിച്ച ചർച്ച നടക്കുകയുണ്ടായി. ഈ പ്രശ്നത്തിന്മേലുള്ള മാർക്സിസ്റ്റുകാരുടെ, ''ഇസ്ക്ര''പക്ഷക്കാരുടെ, നിലപാട് ''ഇസ്ക്ര''യിൽ പ്രസിദ്ധീകരിച്ച ''ആർമീനിയൻ സോഷ്യൽഡെമോക്രാററുകാരുടെ പ്രകടനപത്രികയെപ്പററി'', ''നമ്മുടെ പരിപാടിയിൽ ദേശീയപ്രശ്നത്തെക്കുറിച്ചുള്ള പ്രതിപാദനം'' എന്നീ ലേഖനങ്ങളിൽ ലെനിൻ വ്യക്തമാക്കുകയുണ്ടായി. കരടുപരിപാടിയിലെ ഒമ്പതാം ഖണ്ഡികയിൽ മുന്നോട്ടുവച്ചിട്ടുള്ള രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശമെന്ന ആവശ്യത്തിൻെറ പുറത്ത് കോൺഗ്രസ്സിൻെറ പരിപാടിയെക്കുറിച്ചുള്ള കമ്മീഷനിൽ രൂക്ഷമായ സമരം നടന്നു. ഈ ആവശ്യം പോളിഷ് ദേശീയവാദികളുടെ കയ്യിൽ കളിക്കുമെന്നും അതുകൊണ്ട് അതിനു പകരം സാംസ്കാരിക—ദേശീയസ്വയംഭരണമെന്ന ആവശ്യം ഉന്നയിക്കണമെന്നും പോളിഷ് സോഷ്യൽഡെമോക്രാററുകാർ അഭിപ്രായപ്പെട്ടു. ബുന്ദിസ്റ്റുകളും തത്തുല്യമായ നിലപാടെടുത്തു. അന്നവർ ആ ആവശ്യത്തെ നേരിട്ടെതിർത്തില്ലെങ്കിലും സാംസ്കാരിക—ദേശീയസ്വയംഭരണമെന്ന ആവശ്യം ഒമ്പതാംഖണ്ഡികയ്ക്ക് അനുബന്ധമായി ചേർക്കണമെന്ന് ശഠിക്കുകയുണ്ടായി. കൂടാതെ അവർ പാർട്ടിസംഘടനയിൽ സാർവ്വദേശീയത്വം നിലനിത്തുന്നതിനെ എതിർക്കുകയും ഫെഡറൽ തത്വത്തിനുവേണ്ടി വാദിക്കുകയും ചെയ്തു. പോളിഷ് സോഷ്യൽ ഡെമോക്രാററുകാരുടെ അഭിപ്രായങ്ങളും ബുന്ദിസ്റ്റുകളുടെ ദേശീയവാദപരമായ അവകാശവാദങ്ങളും കോൺഗ്രസ്സ് നിരാകരിക്കുകയും ദേശീയസ്വയംനിർണ്ണയനത്തെക്കുറിച്ചുള്ള ഖണ്ഡികയും പാർട്ടിസംഘടനയുടെ സാർവ്വദേശീയതത്വവും അംഗീകരിക്കുകയും ചെയ്തു.

1913—14—ൽ ഒരുഭാഗത്ത് ദേശീയവിമോചനപ്രസ്ഥാനം മുന്നേറുകയും മറുഭാഗത്ത് വൻകിടശക്തികളുടെ സങ്കുചിതത്വവും പ്രാദേശിക ദേശീയവാദവും കൊടുമ്പിരിക്കൊള്ളുകയും ചെയ്തപ്പോൾ, ദേശീയപ്രശ്നം സംബന്ധിച്ച ചർച്ച വീണ്ടും ആരംഭിച്ചു. മെൻഷെവിക് ലിക്വിഡേററർമാരും ബുന്ദിസ്റ്റുകളും ഉക്രേനിയൻ അവസരവാദികളും ദേശീയപ്രശ്നം സംബന്ധിച്ച മാർക്സിസ്റ്റ്പരിപാടിക്കെതിരായും വിട്ടുനിൽക്കാനുള്ള അവകാശമുൾപ്പെടെ രാഷ്ട്രങ്ങൾക്കു സ്വയംനിർണ്ണയാവകാശം അനുവദിക്കണമെന്ന ആവശ്യത്തിനെതിരായും ഖഡ്ഗമുയർത്തുകയും സാംസ്കാരിക—ദേശീയസ്വയംഭരണമെന്ന ദേശീയവാദപരമായ ആവശ്യം മുന്നോട്ടുവയ്ക്കുകയും ചെയ്തു. റോസ ലുക്സംബുർഗ്ഗും ഈ പ്രശ്നത്തിൽ തെററായ നില

പാടാണെടുത്തതു്. ''ദേശീയപ്രശ്നവും സ്വയംഭരണവും'' എന്ന ലേഖനത്തിലും (1908–1909) മററു കൃതികളിലും അവർ ആർ. എസ്സ്. ഡി. എൽ. പി. യുടെ പരിപാടിയിൽനിന്നു ദേശീയസ്വയംനിർണ്ണയാവകാശത്തെക്കുറിച്ചുള്ള ഖണ്ഡിക എടുത്തുകളയേണ്ടതിന്റെ ആവശ്യകത സ്ഥാപിക്കാൻ ശ്രമിച്ചു. ''ദേശീയപ്രശ്നത്തെക്കുറിച്ചുള്ള വിമർശനക്കുറിപ്പുകൾ,'' ''രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശം'' എന്നീ കൃതികളിൽ ലെനിൻ അവസരവാദികളുടെ ദേശീയവാദപരമായ അഭിപ്രായങ്ങളേയും റോസ ലക്സംബർഗ്ഗിന്റെ തെററായ നിലപാടിനേയും വിമർശിക്കുകയുണ്ടായി. അവയിൽ ലെനിൻ ദേശീയപ്രശ്നം സംബന്ധിച്ച മാർക്സിസ്റ്റ്സിദ്ധാന്തത്തെ കൂടുതൽ പോഷിപ്പിക്കുകയും ബോൾഷെവിക് പാർട്ടിയുടെ ദേശീയനയവും പരിപാടിയും തെളിയിക്കുകകയും ചെയ്തു.

1915–ലെ വസന്തത്തിൽ ബേർണിൽവച്ചു കൂടിയ ആർ. എസ്സ്. ഡി. എൽ. പി. വിദേശവിഭാഗങ്ങളുടെ സമ്മേളനത്തിൽ ബുഖാറിൻ ചെയ്ത പ്രസംഗത്തേയും പാർട്ടിപരിപാടിയിലുന്നയിച്ചിട്ടുള്ള ആവശ്യത്തെ നിരാകരിച്ചുകൊണ്ടു് 1915–ലെ ശരൽക്കാലത്തു് ''രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശമെന്ന മുദ്രാവാക്യത്തെപ്പററി'' എന്ന പേരിൽ ബുഖാറിനും പ്യത്തക്കോവും ബോഷും കൂട്ടായി സമർപ്പിച്ച തീസിസ്സിനേയും ഉദ്ദേശിച്ചാണു് ദേശീയപ്രശ്നത്തിൽ യുദ്ധകാലത്തു് ''നമ്മുടെ പാർട്ടിയിലെ അംഗങ്ങൾക്കിടയിലുണ്ടായ ചാഞ്ചാട്ടത്തെ''പ്പററി ലെനിൻ പറയുന്നതു്. ബുഖാറിന്റേയും പ്യത്തക്കോവിന്റേയും ബോഷിന്റേയും നിലപാടിനെ താഴെ കൊടുക്കുന്ന ലേഖനങ്ങളിൽ വി. ഐ. ലെനിൻ വിമർശിക്കുകയുണ്ടായി: ''സാമ്രാജ്യത്വസാമ്പത്തികവാദത്തിൽ മുളയെടുത്തുവരുന്ന പ്രവണത'' ("The Nascent Trend of Imperialist Economism"), പി. കീവ്സ്കിക്കുള്ള (വൈ. പ്യത്തക്കോവിനുള്ള) ''മറുപടി'' ["Reply to P. Kievsky (Y. Pyatakov)"], ''മാർക്സിസത്തിന്റെ വികൃതാനുകരണവും സാമ്രാജ്യത്വസാമ്പത്തികവാദവും)'' ("A Caricature of Marxism and Imperialist Economism")—193.

76. ''ബേർണർ താഗ്വക്ട്'' ("Berner Tagwacht") (ബേർൺ കാവൽഭടൻ)—1893 മുതൽ ബേർണിൽനിന്നു പ്രസിദ്ധീകരിച്ച, സ്വിററ്സർലണ്ടിലെ സോഷ്യൽഡെമോക്രാററിക് പാർട്ടിയുടെ മുഖപത്രം. 1909 മുതൽ 1918 വരെ റോബർട്ട് ഗ്രിം (Robert Grimm) ആയിരുന്നു പത്രാധിപർ. ഒന്നാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതിനുശേഷം കാറൽ ലീബ്ക്നെക്ട് (Karl Liebknecht) ഫ്രാൻസ് മേറിംഗ് (Franz Mehring) തുടങ്ങിയ ഇടതുപക്ഷസോഷ്യൽഡെ

മോക്രാററുകാരുടെ ലേഖനങ്ങരം അതു പ്രസിദ്ധീകരിച്ചു . 1917—നു ശേഷം അതു പരസ്യമായി സാമൂഹ്യസങ്കുചിതവാദികളെ പിന്താങ്ങി—207.

77. എംഗൽസിൻെറ ''ജനാധിപത്യപാൻസ്ലാവിസം'' എന്ന ലേഖനം നോക്കുക—226.

78. 63—ാമത്തെ കുറിപ്പു നോക്കുക—228.

79. ''അദ്ധ്വാനിക്കുന്ന വർഗ്ഗങ്ങരംക്കു പോളണ്ടിൻെറ കാര്യത്തിൽ എന്തു താല്പര്യമാണുള്ളതു്?'' എന്ന പേരിൽ എംഗൽസ് എഴുതിയ ലേഖനം നോക്കുക—230.

80. 1915—ൽ സിമ്മർവാംഡിൽ ചേർന്ന സാർവ്വദേശീയസോഷ്യലിസ്റ്റ് സമ്മേളനത്തിൽ പോളിഷ് സോഷ്യൽഡെമോക്രാററുകാർ നടത്തിയ പ്രഖ്യാപനത്തെയാണു് ഇവിടെ പരാമർശിക്കുന്നതു്. ''പോളിഷ് ജനതയ്ക്കു് സ്വന്തം ഭാഗധേയം നിർണ്ണയിക്കാനുള്ള അവസരം നിഷേധിച്ചുകൊണ്ടു് പോളിഷ് പ്രദേശങ്ങളെ ആസന്നമായ നഷ്ടപരിഹാര ക്കളിയിൽ ഒരു ഈടായിക്കരുതുന്ന'' സാറിസത്തിൻേറയും ജർമ്മനിയിലേയും ആസ്ത്രിയയിലേയും ഗവണ്മെൻറുകളുടേയും മർദ്ദനനയത്തിലുള്ള പ്രതിഷേധം ആ പ്രഖ്യാപനം രേഖപ്പെടുത്തി. ''ബഹുജനങ്ങളെ കുരുതിക്കളത്തിലേക്കു് അയയ്ക്കുന്ന അതേയവസരത്തിൽത്തന്നെ വരാൻ പോകുന്ന എത്രയോ തലമുറകളായുള്ള ജനതകളുടെ ഭാഗധേയം യഥേഷ്ടം നിർണ്ണയിക്കുന്ന മുതലാളിത്തഗവണ്മെൻറുകളുടെ നയത്തിൻെറ പൊരുളെന്താണെന്നു് ഇതു സ്പഷ്ടമാക്കുന്നു,'' എന്നു് പ്രഖ്യാപനത്തിൽ പ്രസ്താവിക്കുകയുണ്ടായി. സോഷ്യലിസത്തിനുവേണ്ടിയുള്ള സാർവ്വദേശീയവിപ്ലവതൊഴിലാളിവർഗ്ഗത്തിൻെറ ആസന്നമായ സമരത്തിൽ —''ദേശീയമർദ്ദനത്തിൻേറ ചങ്ങലകരം അറുക്കുകയും എല്ലാ രൂപത്തിലുമുള്ള വിദേശമേധാവിത്വം അവസാനിപ്പിക്കുകയും ചെയ്യുന്ന ആ സമരത്തിൽ''—പങ്കെടുക്കുന്നതിലൂടെ മാത്രമേ ''പോളിഷ് ജനതയ്ക്കും രാഷ്ട്രസമുച്ചയത്തിൽ തുല്യപദവിയോടുകൂടിയ ഒരംഗമെന്ന നിലയ്ക്കു് പൂർണ്ണവളർച്ച പ്രാപിക്കാനുള്ള അവസരം ലഭിക്കൂ'' എന്ന തങ്ങളുടെ ദൃഢവിശ്വാസം പോളിഷ്സോഷ്യൽഡെമോക്രാററുകാർ രേഖപ്പെടുത്തി—241.

81. ''ലിക്റ്റ്ഷ്ട്രാലെൻ'' ("Lichtstrahlen") (പ്രകാശകിരണങ്ങരം)— ജർമ്മൻ ഇടതുപക്ഷ സോഷൽഡെമോക്രാററുകാരുടെ മുഖപത്രമായ

ഒരു മാസിക. ബോർഹർട്ടായിരുന്നു പത്രാധിപർ. അതു് കൃത്യമായ മുറയൊന്നുമില്ലാതെ 1913–നും '21 നുമിടയ്ക്കു് ബർലിനിൽനിന്നു പ്രസിദ്ധീകരിക്കപ്പെട്ടു—242.

82. 1908–ലും 1909–ലും ''പ്ഷെഗ്ലാദ് സൊസ്യാൽ ദെമൊക്രാററിച്ച്നി'' ("Przeglad Socjaldemokratycny") (സോഷ്യൽഡെമോക്രാററിക് റവ്യൂ) എന്ന പത്രത്തിന്റെ 6, 7, 8–9, 10, 12, 14–15 എന്നീ ലക്കങ്ങളിൽ പ്രസിദ്ധീകരിച്ച ആർ. ലൿസംബുർഗ്ഗിന്റെ ''ദേശീയപ്രശ്നവും സ്വയംഭരണവും'' എന്ന ലേഖനത്തെയാണു് ഇവിടെ പരാമർശിക്കുന്നതു്—243.

83. ''നാഷെ സ്ലോവൊ'' (നമ്മുടെ വാക്കു്)-- 1915 ജനുവരിക്കും 1916 സെപ്തംബറിനുമിടയ്ക്കു് പാരീസിൽനിന്നുമിറിക്കിയ ഒരു മെൻഷെവിക്—ട്രോട്സ്കിയിസ്റ്റ് ദിനപ്പത്രം; ''ഗോലൊസ്'' എന്ന പത്രത്തിനുപകരമാണു് അതിറങ്ങിയതു്. പത്രാധിപന്മാരിലൊരാൾ ട്രോട്സ്കിയായിരുന്നു—250.

84. ''ഫോർവെർട്ട്സ്'' ("Vorwärts") (മുന്നോട്ടു്) — ജർമ്മൻ സോഷ്യൽ ഡെമോക്രാററിക് പാർട്ടിയുടെ കേന്ദ്രമുഖപത്രമായിരുന്ന ഒരു ദിനപ്പത്രം. 1891 മുതൽ ബർലിനിൽനിന്നു പ്രസിദ്ധീകരിക്കപ്പെട്ടുവന്നു. വിൽഹെം ലീബ്ക്നെക്റ്റായിരുന്നു പത്രാധിപർ. അതിന്റെ പേജുകളിലൂടെ എഫ്. എംഗൽസ് അവസരവാദത്തിന്റെ എല്ലാത്തരം പ്രകടനങ്ങൾക്കുമെതിരെ സമരം ചെയ്തു. 1890–1900–ന്റെ ഉത്തരാർദ്ധത്തിനുശേഷം, എംഗൽസിന്റെ മരണാനന്തരം പാർട്ടിയുടെ വലതുപക്ഷം പത്രം കയ്യടക്കുകയും അതിൽ അവസരവാദികളുടെ ലേഖനങ്ങൾ മുറയ്ക്കു പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഒന്നാംലോകമഹായുദ്ധത്തിനിടയ്ക്കു് അതു് സാമൂഹ്യസങ്കുചിതവാദപരമായ നിലപാടെടുത്തു. മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തെത്തുടർന്നു് ''ഫോർവെർട്ട്സ്'' സോവിയററ്വിരുദ്ധപ്രചരണം നടത്തി. 1933 വരെ അതു ബർലിനിൽനിന്നു പ്രസിദ്ധീകരിക്കപ്പെട്ടു—252.

85. ''നാഷ് ഗോലൊസ്'' (നമ്മുടെ ശബ്ദം)—സാമൂഹ്യസങ്കുചിതവാദപരമായ പ്രവണതയുള്ള ഒരു മെൻഷെവിക് പത്രം. 1915–16–ൽ സമാരയിൽനിന്നു പ്രസിദ്ധീകരിക്കപ്പെട്ടു—260.

# നാമസൂചിക

ആക്സെൽറോഡ്, പാവെൽ ബൊറീസൊവിച്ച് (Axelrod, Pavel Borisovich) (1850–1928)—മെൻഷെവിക് നേതാക്കളിലൊരാൾ; പിന്തിരിപ്പത്തത്തിൻെറ കാലഘട്ടത്തിൽ (1907–10) ലികചിഡേററർമാരുടെ നേതാക്കളിലൊരാൾ. ഒന്നാംലോകമഹായുദ്ധത്തിൻെറ കാലത്തു് മദ്ധ്യവർത്തിനിലപാടെടുത്തു; ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തെ എതിർത്തു; വിപ്ലവത്തെത്തുടർന്നു് വിദേശത്തു കുടിയേറിപ്പാർത്തു.—193.

എംഗൽസ്, ഫ്രെഡറിക് (Engels, Frederick) (1820–95) — 76, 77, 129, 133, 134, 135, 136, 137, 138, 139, 144, 145, 197, 198, 227, 229, 230, 246, 247, 248.

എൽ. വ്ളാ. (L. Vl.) — വ്ളദീമിറൊവ്, എം. കെ. നോക്കുക.

ഔസ്റ്റർലിററ്സ്, ഫ്രീഡ്റിക് (Austerlitz, Friedrich) (1862–1931) — ആസ്ത്രിയൻ സോഷ്യൽഡെമോക്രാററിക് പാർട്ടിയുടെ ഒരു നേതാവും അതിൻെറ കേന്ദ്രമുഖപത്രമായ ''ആർബൈത്തെർ സൈത്തുംഗി''("Arbeiter Zeitung")ൻെറ പത്രാധിപരും പാർലിമെണ്ടംഗവും. ഒന്നാംലോകമഹായുദ്ധത്തിനിടയ്ക്കു് അങ്ങേയററം സങ്കചിതവാദപരമായ നിലപാടെടുത്തു.—190.

കലിഷെർ, എ. (Kulisher, A.) —കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററ്; ഒന്നാം ലോകമഹായുദ്ധത്തിനിടയ്ക്കു് കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററിക് പാർട്ടിയുടെ കേന്ദ്രമുഖപത്രമായ ''രേച്ച്'' (പ്രസംഗം) എന്ന പത്രത്തിൽ എഴുതിവന്നു.—252.

കുനൊവ്, ഹൈൻറിക് (Cunow, Heinrich) (1862–1936)—വലതുപക്ഷ ജർമ്മൻ സോഷ്യൽഡെമോക്രാററ്. ചരിത്രകാരനും സാമൂഹ്യശാസ്ത്ര

ജ്ഞനും പ്രഫസറും. ആദ്യം മാർക്സിസ്റ്റുകാരുടെ കൂടെ നിന്നെങ്കിലും പിന്നീട് റിവിഷനിസ്റ്റും മാർക്സിസത്തെ ദുർവ്യാഖ്യാനം ചെയ്യുന്നയാളുമായിത്തീർന്നു; ഒന്നാംലോകമഹായുദ്ധക്കാലത്തു് സാമൂഹ്യ—സാമ്രാജ്യവാദത്തിൻെറ തത്വശാസ്ത്രജ്ഞൻ; 1917 മുതൽ 1923 വരെ ജർമ്മൻ സോഷ്യൽഡെമോക്രാററിക് പാർട്ടിയുടെ താത്വികമുഖപത്രമായ ''ഡി നോയെ സൈററി'' ("Die Neue Zeit")ൻെറ പത്രാധിപത്യം വഹിച്ചു. — 183, 216, 217, 224.

കെ. ആർ.—റാദെക്, കെ. നോക്കുക.

---

കൊക്കോഷ്കിൻ, ഫ്യോദൊർ ഫ്യോദൊറൊവിച്ച് (Kokoshkin, Fyodor Fyodorovich) (1871–1918) — ബൂർഷ്വാരാഷ്ട്രീയപ്രവർത്തകനും പ്രചാരകനും; കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററിക് പാർട്ടിയുടെ സ്ഥാപകരിലൊരാളും അതിൻെറ കേന്ദ്രക്കമ്മിററിയംഗവും; (1907 മുതൽ ''റൂസ്ക്കിയെ വേദൊമൊസ്റ്റി'' (റഷ്യൻ റെക്കാർഡ്), ''പ്രാവൊ'' (അവകാശം), ''റൂസ്ക്കയ മിസ്ൽ'' (റഷ്യൻ ചിന്ത), തുടങ്ങിയ ലിബറൽ പത്രങ്ങളിലും മാസികകളിലും സജീവമായി എഴുതിക്കൊണ്ടിരുന്നു. 1917 ഫെബ്രുവരിയിലെ ബൂർഷ്വാ—ജനാധിപത്യവിപ്ലവത്തെത്തുടർന്നു് താൽക്കാലികഗവണ്മെൻറിലെ ഒരംഗമായി. — 106, 107, 108, 109, 110, 112, 113, 122, 131, 159, 161, 162, 163, 164.

കൊല്യുബാക്കിൻ, അലെക്സാണ്ടർ മിഖൈലൊവിച്ച് (Kolyubakin, Alexander Mikhailovich) (1868–1915) — ബൂർഷ്വാലിബറൽ; കേഡററ്; 1907—ൽ മൂന്നാം ദൂമയിലെ അംഗം; മൂന്നും നാലും ദൂമകളിലെ കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററിക് ദൂമാഗ്രൂപ്പിൻെറ കമ്മിററിയുടെ സെക്രട്ടറി; കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററിക് പാർട്ടി കേന്ദ്രക്കമ്മിററി അംഗം. —106.

കൊസോവ്സ്കിയ് (ലെവിൻസൺ, എം. വൈ.) [Kosovsky (Levinson, M.Y.)] (1870–1941)—ബുന്ദിൻെറ നേതാക്കളിലൊരാം; ആർ. എസ്സ്. ഡി. എൽ. പി. യുടെ രണ്ടാംകോൺഗ്രസ്സിൽ ബുന്ദിൻെറ വിദേശക്കമ്മിററിയുടെ പ്രതിനിധിയായി പങ്കെടുക്കുകയും ''ഇസ്ക്ര''വിരുദ്ധനിലപാടെടുക്കുകയും ചെയ്തു; കോൺഗ്രസ്സിനുശേഷം മെൻഷെവിക്കായി. പിന്തിരിപ്പത്തത്തിൻെറ വർഷങ്ങളിലും (1907–10) പുതിയ വിപ്ലവമുന്നേററത്തിനിടയ്ക്കും ''നാഷ സര്യാ'' (നമ്മുടെ ഉഷസ്സ്), ''ലൂച്ച്'' (കിരണം) എന്നീ മെൻഷെവിക്—ലികിഡേററർ പത്രങ്ങളിൽ എഴുതിക്കൊണ്ടിരുന്നു; ഒന്നാംലോകമഹായുദ്ധകാലത്തു് സാമൂഹ്യസങ്കചിതവാദി. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തോടു് ശത്രുമനോഭാവം കൈക്കൊള്ള

കയും വിപ്ലവത്തെത്തുടർന്നു് വിദേശത്തേക്കു താമസം മാററുകയും ചെയ്തു. —166.

കൊസ്ത്രോവ് (ജൊർഡാനിയ, നൊയ്നിക്കൊലായെവിച്ച്) [Kostrov (Jordania, Noi Nikolayevich)] (1870–1953) — സോഷ്യൽഡെമോക്രാററ്, കൊക്കേഷ്യൻ മെൻഷെവിക്കുകളുടെ നേതാക്കന്മാരിലൊരാൾ; പിന്തിരിപ്പത്തത്തിൻെറ വർഷങ്ങളിലും (1907–10) തുടർന്നുള്ള വിപ്ലവമുന്നേററത്തിനിടയ്ക്കും ലികിഡേറററർമാരെ അനുകൂലിച്ചു; ഒന്നാംലോകമഹായുദ്ധകാലത്തു് സാമൂഹ്യസങ്കുചിതവാദി; 1918–21–ൽ ജോർജ്ജിയയിലെ പ്രതിവിപ്ലവമെൻഷെവിക്ഗവണ്മെൻറിനെ നയിച്ചു; 1921 മുതൽ വൈററ്ഗാർഡ് പ്രവാസി.—149.

കൗട്സ്കി, കാറൽ (Kautsky, Karl) (1854–1938) — ജർമ്മൻ സോഷ്യൽഡെമോക്രസിയുടേയും രണ്ടാം ഇൻറർനാഷനലിൻേറയും നേതാക്കളിലൊരാൾ. ആദ്യം മാർക്സിസ്റ്റായിരുന്നിട്ടു് പിന്നീടു് മാർക്സിസത്തിൽനിന്നു കാലുമാറുകയും അവസരവാദത്തിൻെറ ഏററവും അപകടകരവും ഹാനികരവുമായ ഒരു രൂപഭേദമായ മദ്ധ്യവർത്തിവാദത്തിൻെറ (കൗട്സ്കിയിസത്തിൻെറ) പ്രത്യയശാസ്ത്രജ്ഞനാവുകയും ചെയ്തു; ജർമ്മൻ സോഷ്യൽഡെമോക്രാററിക് പാർട്ടിയുടെ താത്വികമുഖപത്രമായ ''ഡി നോയെ സൈററി'' ("Die Neue Zeit")ൻെറപത്രാധിപർ.—24, 44, 68, 69, 70, 71, 72, 77, 93, 97, 128, 175, 183, 190, 192, 241, 246, 249, 257, 259.

ക്രോംവെൽ, ഒലിവർ(Cromwell, Oliver)(1599–1658)—17–ാം ശതകത്തിൽ ഇംഗ്ലണ്ടിൽ നടന്ന ബൂർഷ്വാവിപ്ലവത്തിൻെറ നേതാവു്; 1653 മുതൽ ഇംഗ്ലണ്ടിൻെറ ''ലോർഡ് പ്രൊട്ടെക്ററർ''. — 138.

ഗങ്കേവിച്ച്, നിക്കൊലായ് (Gankevich, Nikolai) (1869–ൽ ജനിച്ചു)— ഉക്രേനിയൻ (ഗലീഷ്യൻ) സോഷ്യൽഡെമോക്രാററിക് വർക്കേഴ്സ് പാർട്ടിയുടെ സ്ഥാപകനേതാക്കളിലൊരാൾ; ദേശീയവാദി; ഉക്രെയിൻ ബൂർഷ്വാപോളണ്ടുമായി യോജിക്കണമെന്നു വാദിച്ചു.—87.

ഗാരിബാംഡി, ജൂസേപ്പെ (Garibaldi, Giuseppe) (1807–82)— ഇററലിയുടെ ദേശീയനേതാവു്. ഇററാലിയൻ വിപ്ലവജനാധിപത്യവാദികളുടെ ഏററവും സമുന്നതനേതാക്കളിലൊരാൾ; ഒരു പ്രമുഖസേനാനി. 1848–67–ൽ വിദേശാധിപത്യത്തിനും നാടുവാഴിസ്വേച്ഛാധിപത്യത്തിനും പൗരോഹിത്യപിന്തിരിപ്പത്തത്തിനും എതിരായും ഇററലിയുടെ ഏകീകരണത്തിനുവേണ്ടിയും ഇററാലിയൻ ജനത നടത്തിയ സമരത്തിനു് അദ്ദേഹം നേതൃത്വം നൽകി. —135, 177.

ഗുച്ക്കോവ്, അലെക്സാണ്ടർ ഇവാനൊവിച്ച് (Guchkov, Alexander Ivanovich) (1862—1936) — വൻകിടവ്യവസായ—വാണിജ്യബൂർഷ്വാസിയുടെ പ്രതിനിധി; ബൂർഷ്വാകക്ഷിയായ ഒക്ടോബ്രിസ്റ്റ് പാർട്ടിയുടെ സംഘാടകനും നേതാവും; ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തെത്തുടർന്ന് വൈററ്ഗാർഡ് പ്രവാസി.—30.

ഗോാംഡ്ബ്ലററ് (മെദേം, വി. ഡി.) [Goldblatt (Medem, V. D.)] (1879—1923) — ബുന്ദ്നേതാക്കളിലൊരാരം; ആർ. എസ്സ്. ഡി. എൽ. പി.യുടെ രണ്ടാം കോൺഗ്രസ്സിൽവച്ച് ''ഇസ്ക്ര''വിരുദ്ധനിലപാടെടുത്തു. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിനുശേഷം പോളണ്ടിലെ ബുന്ദ് സംഘടനകരം നയിച്ചു. 1921—ൽ അമേരിക്കൻ ഐക്യനാടുകളിലേക്കു കുടിയേറിപ്പാർത്തു.—150, 151, 156.

ഗോർട്ടർ, ഹെർമൻ (Gorter, Herman) (1864—1927) — ഇടതുപക്ഷ ഡച്ച് സോഷ്യൽഡെമോക്രാററ്. ഒന്നാംലോകമഹായുദ്ധകാലത്ത് സാർവ്വദേശീയവാദി. സിമ്മർവാംഡ് ഇടതുപക്ഷഗ്രൂപ്പിൻെറ അനുകൂലി; 1918—21—ൽ ഡച്ച് കമ്മ്യൂണിസ്റ്റ്പാർട്ടിയംഗം; അങ്ങേയററത്തെ ഇടതുപക്ഷസെക്ടേറിയൻ നിലപാടെടുത്തു. 1921—ൽ കമ്മ്യൂണിസ്റ്റ്പാർട്ടി വിടുകയും പിന്നീട് സജീവരാഷ്ട്രീയജീവിതത്തിൽനിന്നു പിന്മാറുകയും ചെയ്തു.—181, 241.

ഗ്ലാഡ്സ്റ്റൺ, വില്യം എവാർട്ട് (Gladstone, William Ewart) (1809—98) — ഇംഗ്ലീഷ് രാഷ്ട്രീയനേതാവും രാജ്യതന്ത്രജ്ഞനും; ലിബറൽ പാർട്ടി നേതാവ്; പല മന്ത്രിസഭകളിലേയും അംഗം; 1868—1874, 1880—85, 1886, 1892—94 എന്നീ വർഷങ്ങളിൽ പ്രധാനമന്ത്രി; പെററി ബൂർഷ്വാ ജനവിഭാഗങ്ങളുടേയും തൊഴിലാളിവർഗ്ഗത്തിൻെറ ഉപരിതലത്തിലിരിക്കുന്നവരുടേയും ആനുകൂല്യം നേടാൻവേണ്ടി സാമൂഹ്യവായാടിത്തവും അർദ്ധപരിഷ്കാരങ്ങളും (1884—ലെ തിരഞ്ഞെടുപ്പുപരിഷ്കാരം മുതലായി) വിപുലമായി ഉപയോഗപ്പെടുത്തി; കൊള്ളയടിക്കുകയെന്ന കൊളോണിയൽനയം പിന്തുടർന്നു.—139.

ഗ്വോസ്ദെവ്, കുസ്മാ അന്തോനൊവിച്ച് (Gvozdev, Kuzma Antonovich) (1883—ൽ ജനിച്ചു)—മെൻഷെവിക് ലിക്വിഡേററർ; ഒന്നാം ലോകമഹായുദ്ധകാലത്ത് സാമൂഹ്യസങ്കുചിതവാദി. — 193, 244.

ചെർനിഷേവ്സ്കിയ്, നിക്കൊലായ് ഗവ്റീലൊവിച്ച് (Chernyshevsky, Nikolai Gavrilovich) (1828—89)—റഷ്യൻ വിപ്ലവജനാധിപത്യവാദി, സാങ്കല്പികസോഷ്യലിസ്റ്റ്, ശാസ്ത്രജ്ഞൻ, സാഹിത്യകാരൻ, സാഹിത്യനിരൂപകൻ, റഷ്യൻ സോഷ്യൽഡെമോക്രസിയുടെ സമുന്നതരായ

മുൻഗാമികളിലൊരാാം. 1860—നെത്തുടർന്നുള്ള ദശാബ്ദത്തിൽ റഷ്യയിൽ നടന്ന വിപ്ലവജനാധിപത്യപ്രസ്ഥാനത്തിൻെറ പ്രത്യയശാസ്ത്രജ്ഞനും നേതാവും.—30, 129

ഷെയിദ്സെ, നിക്കൊലായ് സെമ്യോനൊവിച്ച് (Chkheidze, Nikolai Semyonovich)(1864—1926) — ജോർജ്ജിയൻ സോഷ്യൽഡെമോക്രാററ്, മെൻഷെവിക്; ഒന്നാംലോകമഹായുദ്ധത്തിനിടയ്ക്ക് മദ്ധ്യവർത്തിനിലപാടെടുത്തെങ്കിലും യഥാർത്ഥത്തിൽ റഷ്യൻ സാമൂഹ്യസങ്കുചിതവാദികളുടെ നയത്തെ അനുകൂലിച്ചു. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിനുശേഷം ജോർജ്ജിയയിലെ പ്രതിവിപ്ലവസർക്കാരിൻെറ തലവൻ. 1921—ൽ ജോർജ്ജിയയിൽ സോവിയററധികാരം സ്ഥാപിതമായശേഷം വിദേശത്തേക്കു് പോയി.—193.

ജോർജ്ജ് V (George V) (1865—1936)—ഇംഗ്ലണ്ടിലെ രാജാവ് (1910—36). — 237.

ട്രോട്സ്കി (ബ്രോൺഷൈൻ), ലെവ് ദവീദൊവിച്ച്[Trotsky (Bronstein) Lev Davydovich] (1879—1940)—ലെനിനിസത്തിൻെറ ഏററവും കൊടിയ ശത്രു; 1907—10—ലെ പിന്തിരിപ്പത്തത്തിൻേറയും തുടർന്നുള്ള വിപ്ലവമുന്നേററത്തിൻേറയും കാലഘട്ടത്തിൽ "കക്ഷിപിടുത്തത്തിനുപരി"യാണെന്നു നടിച്ചുകൊണ്ടു് യഥാർത്ഥത്തിൽ ലികചിഡേററർമാരുടെ നിലപാടെടുത്തു; 1912—ൽ പാർട്ടിവിരുദ്ധമായ ആഗസ്റ്റ്ബ്ലോക്ക് സംഘടിപ്പിക്കുന്നതിനു മുന്നോട്ടു വന്നു; ഒന്നാംലോകമഹായുദ്ധകാലത്തു് മദ്ധ്യവർത്തിനില സ്വീകരിക്കുകയും യുദ്ധത്തിൻേറയും സമാധാനത്തിൻേറയും വിപ്ലവത്തിൻേറയുംപ്രശ്നങ്ങളിൽ ലെനിനെ എതിർക്കുകയും ചെയ്തു. ഒക്ടോബർ സോഷ്യലിസ്റ്റ്വിപ്ലവത്തിനു തൊട്ടുമുമ്പ് ബോൾഷെവിക് പാർട്ടിയിൽ ചേർന്നെങ്കിലും ഫാക്ഷനൽ പ്രവർത്തനം തുടർന്നു. കമ്മ്യൂണിസ്റ്റ്പാർട്ടി ട്രോട്സ്കിയിസത്തെ പാർട്ടിക്കകത്തെ ഒരു പെററിബൂർഷ്വാപാളിച്ചയായി തുറന്നു കാട്ടുകയും പ്രത്യയശാസ്ത്രപരമായും സംഘടനാപരമായും അതിനെ പരാജയപ്പെടുത്തുകയും ചെയ്തു. 1927—ൽ ട്രോട്സ്കിയെ പാർട്ടിയിൽനിന്നു പുറത്താക്കുകയും 1929—ൽ രാജ്യഭ്രഷ്ടനാക്കുകയും 1932—ൽ സോവിയററ് പൗരത്വം എടുത്തുകളയുകയും ചെയ്തു. — 153, 154, 155, 162, 183, 241, 259, 260.

ഡാവിഡ്, എഡ്വാർഡ്(David Eduard)(1863—1930)—ജർമ്മൻ സോഷ്യൽഡെമോക്രാററുകാരുടെ വലതുപക്ഷത്തിൻെറ നേതാക്കന്മാരിലൊരാാം, റിവിഷനിസ്റ്റ്, സാമ്പത്തികശാസ്ത്രജ്ഞൻ; 1903 മുതൽ റൈക്സ്റ്റഗ് അംഗം; ഒന്നാംലോകമഹായുദ്ധകാലത്തു് സാമൂഹ്യസങ്കുചിതവാദി. —193.

തുഗാൻ–ബറനോവ്സ്കിയ്, മിഖയിൽ ഇവാനൊവിച്ച്(Tugan-Baranovsky, Mikhail Ivanovich)(1865–1919) — റഷ്യൻ ബൂർഷ്വാ സാമ്പത്തികശാസ്ത്രജ്ഞൻ; ''നിയമവിധേയമാർക്സിസ''ത്തിൻെറ പ്രമുഖപ്രതിനിധികളിലൊരാം.—41.

ത്രുബെത്സ്കോയ്, യെവ്ഗേനിയ് നിക്കൊലായെവിച്ച്(Trubetskoi, Evgeny Nikolayevich) (1863–1920) — രാജകുമാരൻ. റഷ്യൻ ബൂർഷ്വാലിബറലിസത്തിൻെറ പ്രത്യയശാസ്ത്രജ്ഞന്മാരിലൊരാം. ആദർശവാദിയായ തത്വശാസ്ത്രജ്ഞൻ. 1906–ന മുമ്പ് കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററിക് പാർട്ടി അംഗം; 1906–ന ശേഷം ''സമാധാനപരമായ ഉദ്ധാരണ''ത്തിനവേണ്ടിയുള്ള കോൺസ്റ്റിററ്യൂഷനൽ–മൊണാർക്കിസ്റ്റ് പാർട്ടിയുടെ സംഘാടകരിലൊരാളായി. ത്രുബെത്സ്കോയ് 1905–07–ലെ ആദ്യത്തെ റഷ്യൻ വിപ്ലവത്തെ അടിച്ചമർത്താൻ സാറിസത്തെ സജീവമായി സഹായിച്ചു; ഒന്നാംലോകമഹായുദ്ധകാലത്തു് റഷ്യൻ സാമ്രാജ്യത്വത്തിൻെറ പ്രത്യയശാസ്ത്രജ്ഞരിലൊരാം.—81.

ദൊൻത്സോവ്, ദ്മിത്രൊ (Dontsov, Dmitro)—പെററി ബൂർഷ്വാ ഉക്രേനിയൻ സോഷ്യൽഡെമോക്രാററിക് വർക്കേഴ്സ് പാർട്ടിയിലെ ഒരംഗം; ഒന്നാംലോകമഹായുദ്ധകാലത്തു് ഉക്രെയിൻ വിമോചനയൂണിയൻെറ സ്ഥാപകരിലൊരാം. ആസ്ത്രിയൻ രാജവാഴ്ചയുടെ സഹായത്തോടെ ''സ്വതന്ത്ര''ഉക്രെയിൻ മുദ്രാവാക്യം നടപ്പാക്കാൻ ശ്രമിച്ച ദേശീയവാദികളുടേതായ ഒരു സംഘടനയായിരുന്നു അതു്; ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിനു ശേഷം പ്രവാസിയായി. —23, 29, 100, 101.

ദ്രഗൊമാനൊവ്, മിഖയിൽ പെത്രോവിച്ച്(Dragomanov, Mikhail Petrovich)(1841–1895) — ഉക്രേനിയൻ ചരിത്രകാരനും നരവംശശാസ്ത്രജ്ഞനും പ്രചാരകനും. ബൂർഷ്വാലിബറലിസത്തിൻെറ പ്രതിനിധികളിലൊരാം. ഉക്രെയിനിലെ ദേശീയവിമോചനപ്രസ്ഥാനത്തിലെ മിതവാദിവിഭാഗത്തിൻെറ ഒരു പ്രധാനനേതാവ്. സാംസ്കാരിക–ദേശീയസ്വയംഭരണത്തിനുവേണ്ടി വാദിച്ചു.—54, 129.

നക്കൊലാസ് II, റൊമാനൊവ് (Nicholas II,Romanov) (1868–1918)—റഷ്യയിലെ അവസാനത്തെ ചക്രവർത്തി (1894–1917)—237.

നെക്രാസ്സൊവ്, നിക്കൊലായ് വിസ്സറിയോനൊവിച്ച് (Nekrasov, Nikolai Vissarionovich) (1879–ൽ ജനിച്ചു)—മൂന്നും നാലും ദൂമകളിലെ അംഗം; ഇടതുപക്ഷ കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററ്.

1917 ഫെബ്രുവരിയിലെ ബൂർഷ്വാജനാധിപത്യവിപ്ലവത്തെത്തുടർന്നു് താൽക്കാലികഗവണ്മെൻറിലെ അംഗമായി; 1917–ലെ ഗ്രീഷ്മത്തിൽ കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററിക് പാർട്ടി ഉപേക്ഷിച്ചു.—106.

പാർവുസ് (ഗെൽഫൻഡ്, അലെക്സാണ്ടർ ലാസരെവിച്ച്) [Parvus (Gelfand, Alexander Lazarevich)] (1869–1924) — കഴിഞ്ഞ നൂററാണ്ടിൻെറ അവസാനത്തിലും ഈ നൂററാണ്ടിൻെറ ആരംഭത്തിലും റഷ്യയിലേയും ജർമ്മനിയിലേയും സോഷ്യൽഡെമോക്രാററിക് പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്തു; പിന്നീടു് അതിൽനിന്നു പിന്മാറുകയും ഒന്നാംലോകമഹായുദ്ധകാലത്തു് ഒരു സങ്കചിതവാദിയായിത്തീരുകയും ചെയ്തു. ജർമ്മൻസാമ്രാജ്യത്വത്തിൻെറ ഏജൻെറന്ന നിലയ്ക്കു് വൻതോതിൽ ഊഹക്കച്ചവടം നടത്തുകയും യുദ്ധകോൺട്രാക്ടുകളിൽനിന്നു് ഭീമമായ ലാഭമടിക്കുകയും ചെയ്തു. 1915 മുതൽ ''ഡി ഗ്ലോക്കെ'' ("Die Glocke", മണി) എന്ന പത്രം പ്രസിദ്ധീകരിച്ചു. ''ജർമ്മനിയിൽ കാലുമാററത്തിൻേറയും നീചമായ പാദപൂജയുടേയും പത്രം'' എന്നാണു് ലെനിൻ അതിനെ വിശേഷിപ്പിച്ചതു്.— 183, 217.

പുരിഷ്ക്കേവിച്ച്, വ്ളദീമിർ മിത്രൊഫാനൊവിച്ച് (Purishkevich, Vladimir Mitrofanovich) (1870–1920)—വൻകിടറഷ്യൻഭൂവുടമയും രാജപക്ഷപാതിയും പിന്തിരിപ്പനും; 1905–7–ൽ വിപ്ലവപ്രസ്ഥാനത്തെ നേരിടുന്നതിനു് ബ്ലാക്ക്ഹണ്ഡ്രഡ് നരവേട്ടസംഘങ്ങൾ സംഘടിപ്പിക്കുന്നതിൽ മുൻകയ്യെടുത്തു. സോവിയററ് റഷ്യയിൽ വിദേശസൈനിക ഇടങ്കോലിടൽ ഉണ്ടായപ്പോൾ രാജ്യത്തിനുള്ളിൽ പ്രതിവിപ്ലവം സജീവമായി സംഘടിപ്പിച്ചവരിലൊരാൾ.—11, 18–19, 24, 30, 39, 104, 105, 106, 112, 159, 161, 162, 163, 165.

പുവകറേ, റൈമോൺഡ് (Poincaré, Raymond) (1860–1934) — ഫ്രഞ്ച് ബൂർഷ്വാരാഷ്ട്രീയപ്രവർത്തകനും രാജ്യതന്ത്രജ്ഞനും. 1912–ൽ പ്രധാനമന്ത്രിയായി. 1913 മുതൽ 1920 വരെ ഫ്രാൻസിലെ പ്രസിഡൻറായിരുന്നു. ഒന്നാംലോകമഹായുദ്ധത്തിനുള്ള സന്നാഹത്തിൽ സജീവമായി പങ്കെടുക്കുകയും അങ്ങിനെ ''യുദ്ധകുതുകിയായ പുവൻകറേ'' എന്ന ദുഷ്പേരു സമ്പാദിക്കുകയും ചെയ്തു. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിനു ശേഷം സോവിയററ് റഷ്യയിൽ വിദേശസൈനിക ഇടങ്കോലിടൽ സംഘടിപ്പിച്ചവരിലൊരാൾ. 1922–24–ലും 1926–29–ലും ഫ്രാൻസിലെ പ്രധാനമന്ത്രി.—237.

പെഷെഖോനൊവ്, അലേക്സേയ് വാസീലിയെവിച്ച് (Peshekhonov, Alexei Vasilyevich) (1867—1933)—റഷ്യൻ പ്രചാരകനും പൊതുപ്രവർത്തകനും; 1906 മുതൽ "ജനകീയസോഷ്യലിസ്ററുകാർ" എന്ന പെററിബൂർഷ്വാകക്ഷിയുടെ നേതാക്കന്മാരിലൊരാൾ; 1917—ൽ താൽക്കാലികഗവണ്മെൻറിലെ ഭക്ഷ്യമന്ത്രി. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിനുശേഷം സോവിയററധികാരത്തെ എതിർത്തു; 1922—നു ശേഷം വൈററ്ഗാർഡ് പ്രവാസി. — 163.

പൊത്രേസ്സോവ്, അലെക്സാണ്ടർ നിക്കൊലായെവിച്ച് (Potresov, Alexander Nikolayevich) (1869—1934) —മെൻഷെവിക്കുകളുടെ നേതാക്കന്മാരിലൊരാൾ. 1907—10—ലെ പിന്തിരിപ്പത്തത്തിൻേറയും തുടർന്നുള്ള വിപ്ലവമുന്നേററത്തിൻേറയും കാലഘട്ടത്തിൽ ലിക്വിഡേഷനിസത്തിൻെറ പ്രത്യയശാസ്ത്രജ്ഞരിലൊരാൾ; "നാഷ സര്യാ" (നമ്മുടെ ഉഷസ്സ്) എന്ന മാസികയിലും മെൻഷെവിക് ലിക്വിഡേററർമാരുടെ മററു പത്രങ്ങളിലും പ്രധാനപങ്കു വഹിച്ചു. ഒന്നാംലോകമഹായുദ്ധകാലത്ത് സാമൂഹ്യസങ്കുചിതവാദിയായിരുന്നു. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തെത്തുടർന്ന് നാടുവിട്ടു. — 244, 259, 260.

പൊമ്യലോവ്സ്കിയ്, നിക്കൊലായ് ഗെറാസിമൊവിച്ച് (Pomyalovsky, Nikolai Gerasimovich) (1835—63) — റഷ്യയിലെ സ്വേച്ഛാധിപത്യപരവും ഉദ്യോഗസ്ഥമേധാവിത്വപരവുമായ വ്യവസ്ഥയേയും അക്രമത്തേയും താന്തോന്നിത്തത്തേയും എതിർത്ത ജനാധിപത്യവാദിയായ ഒരു റഷ്യൻ സാഹിത്യകാരൻ. — 156, 193.

പ്ലെഖാനൊവ്, ഗിയോർഗിയ് വലെന്തീനൊവിച്ച് (Plekhanov, Georgy Valentinovich) (1856—1918) — റഷ്യയിലും ലോകമാകെയുമുള്ള തൊഴിലാളിപ്രസ്ഥാനത്തിലെ ഒരു പ്രമുഖനേതാവ്. റഷ്യയിൽ ആദ്യമായി മാർക്സിസം പ്രചരിപ്പിച്ചയാൾ; 1883—ൽ തൊഴിലാളി വിമോചനഗ്രൂപ്പ് എന്ന പേരിൽ ആദ്യത്തെ റഷ്യൻ മാർക്സിസ്റ്റ്സംഘടന ജനീവയിൽ സ്ഥാപിച്ചു. ആർ. എസ്സ്. ഡി. എൽ. പി. യുടെ രണ്ടാംകോൺഗ്രസ്സിനു (1903) ശേഷം അവസരവാദത്തോട് അനുരഞ്ജനമനോഭാവം കൈക്കൊള്ളുകയും പിന്നീട് മെൻഷെവിക്കുകളുടെ കൂടെ ചേരുകയും ചെയ്തു. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ അഭിപ്രായം നിഷേധാത്മകമായിരുന്നെങ്കിലും സോവിയററധികാരത്തിനെതിരായ സമരത്തിൽ അദ്ദേഹം പങ്കെടുത്തില്ല. പ്ലെഖാനൊവിൻെറ താത്വികകൃതികളേയും റഷ്യയിൽ മാർക്സിസം പ്രചരിപ്പിക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്കിനേയും ലെനിൻ വളരെയേറെ വിലമതിക്കുകയും അതേസമയം മാർക്സിസത്തിൽനിന്നു വ്യതിചലിച്ചതിനും രാഷ്ട്രീയത്തിൽ ഗുരുതരമായ തെററുകൾ വരുത്തിയതിനും അദ്ദേഹത്തെ

നിശിതമായി വിമർശിക്കുകയും ചെയ്തു.— 30, 103, 146, 147, 148, 151, 156, 187, 193, 260.

പ്രൂദോൺ, പിയേർ ജൊസേഫ് (Proudhon, Pierre Joseph) (1809–65) ഫ്രഞ്ച് പ്രചാരകനും സാമ്പത്തികശാസ്ത്രജ്ഞനും സാമൂഹ്യശാസ്ത്രജ്ഞനും. പെററിബൂർഷ്വാസിയുടെ പ്രത്യയശാസ്ത്രജ്ഞൻ. അരാജകവാദത്തിന്റെ സ്ഥാപകരിലൊരാൾ. പ്റൂദോൺ ചെറുകിട സ്വകാര്യസ്വത്തുടമ ശാശ്വതമാക്കുന്നതിനെപ്പററി സ്വപ്നം കാണുകയും വൻകിടമുതലാളിത്തസ്വത്തുടമയെ പെററിബൂർഷ്വാനിലപാടിൽനിന്നു വിമർശിക്കുകയും ചെയ്തു. ഭരണകൂടത്തെ വർഗ്ഗവൈരുദ്ധ്യങ്ങളുടെ പ്രധാന ഉറവിടമായി കണ്ടുകൊണ്ട് അദ്ദേഹം ഭരണകൂടത്തെ സമാധാനപരമായി ''നിർമ്മാർജ്ജനം ചെയ്യാനുള്ള'' സാങ്കല്പികപദ്ധതികൾ മുന്നോട്ടുവയ്ക്കുകയും രാഷ്ട്രീയസമരത്തിന്റെ ആവശ്യകത നിഷേധിക്കുകയും ചെയ്തു. ദേശീയപ്രശ്നത്തിലും പ്റൂദോണും അനുയായികളും അങ്ങേയററം തെററായ അഭിപ്രായഗതികളാണു വച്ചുപുലർത്തിയതു്. ''ദേശീയജനവിഭാഗവും'' ''രാഷ്ട്രവും'' എല്ലാം ''കാലഹരണപ്പെട്ട പക്ഷപാതങ്ങ''ളാണെന്നു് അവകാശപ്പെട്ടുകൊണ്ട് അവർ മർദ്ദിതജനതകളുടെ ദേശീയവിമോചനപ്രസ്ഥാനത്തെ എതിർത്തു.

''തത്വശാസ്ത്രത്തിന്റെ ദാരിദ്ര്യം'' തുടങ്ങിയ കൃതികളിൽ മാർക്സ് പ്റൂദോണിസത്തിന്റെ സിദ്ധാന്തത്തേയും രാഷ്ട്രീയാഭിപ്രായങ്ങളേയും നിശിതമായി വിമർശിക്കുകയും അവയുടെ അശാസ്ത്രീയവും പിന്തിരിപ്പനുമായ സ്വഭാവത്തെ തുറന്നുകാട്ടുകയും ചെയ്തു. — 33, 135, 136, 137.

ബിസ്മർക്ക്, ഓട്ടൊ (Bismarck, Otto) (1815–98) — രാജകുമാരൻ, രാജപക്ഷപാതി, പ്രഷ്യൻരാജ്യതന്ത്രജ്ഞൻ. 1871–90–ൽ ജർമ്മൻസാമ്രാജ്യത്വത്തിന്റെ ചാൻസലർ. അക്രമമുപയോഗിച്ച് ജർമ്മനിയെ പ്രഷ്യയുടെ നേതൃത്വത്തിൽ ഏകീകരിച്ചു; സോഷ്യലിസ്റ്റ്‌വിരുദ്ധനിയമം ഏർപ്പെടുത്തി (1878–90). — 135.

ബെർൺഹർഡ്, ലുഡ്‌വിഗ് (Bernhard, Ludwig) (1875–1935) — ജർമ്മൻ സാമ്പത്തികശാസ്ത്രജ്ഞനും പ്രചാരകനും. ബർലിൻ, കീൽ തുടങ്ങിയ സർവ്വകലാശാലകളിലെ പ്രൊഫസർ. കുറെക്കാലത്തേക്കു് പോളിഷ്–പ്രഷ്യൻ രാഷ്ട്രീയകാര്യങ്ങളെക്കുറിച്ചു പഠിക്കുകയും പോളുകാരെ ജർമ്മൻകാരാക്കണമെന്നു വാദിക്കുകയും ചെയ്തു. — 164.

ബെർദ്യായെവ്, നിക്കൊലായ് അലെക്സാൺഡ്രോവിച്ച് (Berdyayev, Nikolai Alexandrovich) (1874–1948)—പിന്തിരിപ്പനും ആദർശവാദിയായ തത്വശാസ്ത്രജ്ഞനും ഗൂഢാർത്ഥവാദിയുമായ ഒരു റഷ്യാക്കാരൻ.

ആദ്യകാലകൃതികളിൽ ''നിയമവിധേയമാർക്സിസ''ത്തിന്റെ നിലപാടെടു ക്കുകയും പിന്നീട് മാർക്സിസത്തിന്റെ തുറന്ന ശത്രുവായിത്തീരുകയും ചെയ്തു. —41.

ബൗവെർ, ഓട്ടൊ (Bauer, Otto) (1882–1938) — ആസ്ത്രിയൻ സോഷ്യൽഡെമോക്രസിയുടേയും രണ്ടാം ഇൻറർനാഷനലിൻേറയും നേതാക്കന്മാരിലൊരാൾ. ''ആസ്ത്രിയൻ മാർക്സിസ''മെന്നറിയപ്പെടുന്ന, പരിഷ്കരണവാദത്തിന്റെ ഒരു രൂപഭേദത്തിന്റെ പ്രത്യയശാസ്ത്രജ്ഞൻ. ''സാംസ്കാരിക–ദേശീയസ്വയംഭരണ''മെന്ന ബൂർഷ്വാ–ദേശീയവാദപരമായ സിദ്ധാന്തത്തിന്റെ പ്രണേതാക്കളിലൊരാൾ. പ്രസ്തുതസിദ്ധാന്തത്തിന്റെ അവസരവാദപരമായ സാരാംശത്തെ ലെനിൻ പലവുരു തുറന്നുകാട്ടുകയുണ്ടായിട്ടുണ്ട്. —24. 40, 42, 68, 69, 174, 199.

മദ്സിനി, ജൂസേപ്പെ(Mazzini, Giuseppe) (1805–1872)—പ്രമുഖനായ ഇററാലിയൻ വിപ്ലവകാരി. ബൂർഷ്വാജനാധിപത്യവാദി. ഇററാലിയൻ ദേശീയവിമോചനപ്രസ്ഥാനത്തിന്റെ നേതാക്കന്മാരിലും പ്രത്യയശാസ്ത്രജ്ഞന്മാരിലുമൊരാൾ.—134.

മർത്തീനൊവ് (പിക്കർ, അലെക്സാണ്ടർ സമോയ്‌ലൊവിച്ച്) [Martynov (Piker, Alexander Samoilovich)] (1865–1935) — സാമ്പത്തികസമരവാദികളുടെ ഒരു നേതാവും പ്രമുഖമെൻഷെവിക്കും; ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിനു ശേഷം മെൻഷെവിക്കുകളെ വിട്ടുപിരിയുകയും 1923–ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേരുകയും ചെയ്തു.—150.

മസേപ്പ, ഇവാൻ സ്റ്റെപ്പാനൊവിച്ച്(Mazepa, Ivan Stepanovich) (1644–1709)—ഉക്രേനിയൻ സേനാധിപതി. ഉക്രെയിനിനെ റഷ്യയിൽനിന്നു വിടുർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ വളരെക്കാലത്തേക്ക് പോളണ്ടിലേയും പിന്നീട് സ്വീഡനിലേയും രാജാവുമായി വഞ്ചനാപരമായി കൂടിയാലോചനകൾ നടത്തി. 1708–ൽ സ്വീഡൻ റഷ്യയെ ആക്രമിച്ചപ്പോൾ ആക്രമണകാരികളുടെ ഭാഗത്തു ചേർന്നു. സ്വീഡുകാർ 1709–ൽ പൊൾട്ടാവയ്ക്കടുത്തുവച്ചു പരാജയപ്പെട്ടതിനെത്തുടർന്ന് കാറൽ പന്ത്രണ്ടാമനുമൊന്നിച്ച് ടർക്കിയിലേക്കു കടക്കുകയും അവിടെവച്ച് താമസിയാതെ മരണമടയുകയും ചെയ്തു. —109.

മാർക്സ്, കാറൽ (Marx, Karl)(1818–1883) — 26, 71, 76, 77, 129, 130, 132, 133–145, 174, 178–180, 184, 197, 226–229.

മാർത്തൊാവ്, എൽ. (ത്സെദെർബൌം, യൂലിയ് ഓസിപ്പൊവിച്ച്) [Martov, L. (Tsederbaum, Yuli Osipovich)] (1873–1923) — മെൻഷെവിക് നേതാക്കളിലൊരാരം; ആർ. എസ്സ്. ഡി. എൽ. പി. യുടെ രണ്ടാംകോൺഗ്രസ്സിൽവച്ച് (1903) അവസരവാദിന്യൂനപക്ഷത്തെ നയിക്കുകയും അന്നു മുതൽ മെൻഷെവിസത്തിൻെറ ഒരു പ്രധാനപ്രത്യയശാസ്ത്രജ്ഞനായിത്തീരുകയും ചെയ്തു. 1907–10–ലെ പിന്തിരിപ്പത്തത്തിൻെറ കാലഘട്ടത്തിൽ ലികചിഡേററർമാരെ അനുകൂലിച്ചു. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിനുശേഷം സോവിയററധികാരത്തെ എതിർത്തു. 1920–ൽ വിദേശത്തേക്കു താമസം മാററി. — 159, 193, 210, 241, 259 260.

മെദേം (Medem)—"ഗോൾഡ്ബ്ലററ്" നോക്കുക.—59, 60.

മൊഗിലാൻസ്കിയ്, എം. എം. (Mogilyansky, M. M.) (1873–1942)—അഭിഭാഷകനും പ്രചാരകനും; 1906–ൽ കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററിക് പാർട്ടിയിൽ ചേരുകയും അതിൻെറ കേന്ദ്രമുഖപത്രമായ "രേച്ചി"ൽ ഉക്രേനിയൻ പ്രശ്നത്തെക്കുറിച്ച് എഴുതുകയും ചെയ്തു. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിനു ശേഷം കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററിക്പാർട്ടി ഉപേക്ഷിച്ചു.—100, 101.

യുർക്കേവിച്ച്, ലെവ് (Yurkevich, Lev) (1885–1918)— ഉക്രേനിയൻ ബൂർഷ്വാദേശീയവാദിയും അവസരവാദിയും. 1913–14–ൽ മെൻഷെവിക്പ്രവണതയുള്ള "ദ്സ്വിൻ" (മണി) എന്ന ദേശീയവാദിപ്പത്രത്തിൽ തുടർച്ചയായി എഴുതി. ലെനിൻ യുർക്കേവിച്ചിനെ നിശിതമായി വിമർശിക്കുകയും ദേശീയവാദിയായ ഫിലിസ്റ്റൈനെന്നും ഏററവും ഹീനവും ബുദ്ധിശൂന്യവും പിന്തിരിപ്പനുമായ ദേശീയവാദത്തിൻെറ പ്രതിനിധിയെന്നും വിളിക്കുകയും ചെയ്തു. — 8, 23, 26, 27, 28, 29, 30, 41, 63, 65, 73, 102, 103, 113, 126, 146, 156, 157, 160, 183, 258.

യൂനിയസ് (Yunius) — ലൿസംബുർഗ്ഗ്, റോസ നോക്കുക.—213, 250.

റ്യസാനൊവ്, ദവീദ് ബൊറീസൊവിച്ച് (ഗോൾഡെൻബഹ്) [Ryazanov, David Borisovich (Goldenbach)] (1870–1938) — റഷ്യൻ സോഷ്യൽഡെമോക്രാററ്; ഒന്നാംലോകമഹായുദ്ധകാലത്തു് മദ്ധ്യവർത്തിവാദി. — 229.

ലഫാർഗ്, പോാം(Lafargue, Paul) (1842–1911) — ഫ്രാൻസിലും ലോകമാസകലവുമുള്ള തൊഴിലാളിപ്രസ്ഥാനത്തിലെ ഒരു പ്രമുഖനേതാവ്. പ്രഗത്ഭനായ പ്രചാരകൻ. ഫ്രാൻസിൽ ശാസ്ത്രീയകമ്മ്യൂണിസത്തിൻെറ ആദ്യത്തെ അനുയായികളിലൊരാാം. മാർക്സിൻേറയും എംഗൽസിൻേറയും ഉററസുഹൃത്തും സഹപ്രവർത്തകനും. ലഫാർഗ് രണ്ടാം ഇൻറർനാഷനലിലെ അവസരവാദത്തെ വീറോടെ എതിർത്തു. രാഷ്ട്രീയധനശാസ്ത്രം, തത്വശാസ്ത്രം, ചരിത്രം, ഭാഷാശാസ്ത്രം എന്നീ തുറകളിൽ മാർക്സിസ്റ്റാശയങ്ങളെ അദ്ദേഹം തൻെറ അനേകം കൃതികളിലൂടെ പ്രചരിപ്പിക്കുകയും അവക്കുവേണ്ടി വാദിക്കുകയും ചെയ്തു. പരിഷ്കരണവാദത്തേയും റിവിഷനിസത്തേയും എതിർത്തു. എങ്കിൽക്കൂടി, പ്രത്യേകിച്ച് കർഷകപ്രശ്നത്തിലും ദേശീയപ്രശ്നത്തിലും സോഷ്യലിസ്റ്റ് വിപ്ലവത്തെ നേരിടുന്ന കടമകാം സംബന്ധിച്ചും സിദ്ധാന്തപരമായി തെററായ പ്രമേയങ്ങാം അദ്ദേഹത്തിൻെറ കൃതികളിൽ അടങ്ങിയിരുന്നു.—135–136.

ലസ്സാൽ, ഫെർഡിനാൻഡ് (Lassale, Ferdinand) (1825–64) —ജർമ്മൻ പെററിബൂർഷ്വാസോഷ്യലിസ്റ്റ്. ജർമ്മൻ തൊഴിലാളികളുടെ ജനറൽ അസോസിയേഷൻെറ സ്ഥാപകരിലൊരാാം. അസോസിയേഷൻെറ രൂപീകരണം (1863) തൊഴിലാളിപ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെയേറെ പ്രാധാന്യമുള്ള ഒന്നായിരുന്നു. പക്ഷെ അതിൻെറ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ട ലസ്സാൽ അതിനെ അവസരവാദപരമായ മാർഗ്ഗത്തിലൂടെ നയിച്ചു. മാർക്സും എംഗൽസും ലസ്സാലിൻെറ താത്വിക–രാഷ്ട്രീയാഭിപ്രായങ്ങളെ നിശിതമായി വിമർശിക്കുകയുണ്ടായി. —77.

ലീബെർ (ഗോാംഡ്മൻ, മിഹയിൽ ഇസാക്കൊവിച്ച്) [Lieber (Goldman, Mikhail Isakovich)] (1880–1937)—ബുന്ദിൻെറ നേതാക്കളിലൊരാാം; ആർ. എസ്സ്. ഡി. എൽ. പി. യുടെ രണ്ടാംകോൺഗ്രസ്സിൽ (1903) ബുന്ദ്പ്രതിനിധിസംഘത്തിൻെറ നേതാവ്. അവിടെവച്ച് അങ്ങേയററം വലതുപക്ഷവും ''ഇസ്ക്ര''വിരുദ്ധവുമായ നിലപാടെടുത്തു; രണ്ടാംകോൺഗ്രസ്സിനുശേഷം മെൻഷെവിക്.—150, 151.

ലീബ്മൻ, എഫ് (ഗെർഷ്,പെയ്സഖ്) [Liebman (Gersch, Peisakh)] (1882–ൽ ജനിച്ചു)—ബുന്ദിലെ ഒരു പ്രമുഖാംഗം. 1911–ൽ അതിൻെറ കേന്ദ്രക്കമ്മിററിയംഗം. ലിക്വിഡേററർമാരുടെ ഭാഗത്തു ചേർന്നു. ഒന്നാംലോകമഹായുദ്ധകാലത്ത് സാറിസത്തിൻെറ വെട്ടിപ്പിടിക്കൽനയത്തെ പിന്താങ്ങി.—8, 15, 21, 23, 44, 48, 49, 50–53, 63, 64, 65, 73, 102, 103, 113, 126, 146, 155, 156, 157—160, 166, 183, 258.

ലുകഷേവിച്ച് (തുച്ചാപ്സ്കിയ്, പി. എൽ.) [Lukashevich (Tuchapsky, P. L.)](1869–1922)—ഉക്രേനിയൻ ദേശീയ–ലിബറൽ.—26.

ലുക്സംബർഗ്ഗ്, റോസ(Luxemburg, Rosa) (1871–1919)—ജർമ്മനിയിലും പോളണ്ടിലും ലോകമാസകലവുമുള്ള തൊഴിലാളിപ്രസ്ഥാനത്തിൻെറ ഒരു പ്രമുഖനേതാവും രണ്ടാം ഇൻറർനാഷനലിൻെറ ഇടതുപക്ഷത്തിൻെറ നേതാക്കളിലൊരാളും. ജർമ്മനിയിൽ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ സ്ഥാപകരിലൊരാ൦. റോസ ലുക്സംബുർഗ്ഗിനെക്കുറിച്ചു വലിയ മതിപ്പായിരുന്ന ലെനിൻ അവരുടെ തെററുകളെ തുടർച്ചയായി വിമർശിക്കുകയും അങ്ങിനെ ശരിയായ ഒരു നിലപാടെടുക്കാൻ അവരെ സഹായിക്കുകയും ചെയ്തു.—55, 56, 57, 58, 59, 63, 65, 66, 68, 69, 70, 71, 73, 75–84, 86, 87, 91–93, 96, 97, 98, 101, 108, 110, 115, 116, 117, 118, 120, 121, 123, 124, 126, 127, 132, 133, 147, 148, 149, 150, 153, 160, 162, 192, 243, 259.

ലേഗീൻ, കാറൽ (Legien, Karl)(1861–1920) — വലതുപക്ഷ ജർമ്മൻ സോഷ്യൽഡെമോക്രാററ്. ജർമ്മൻ ട്രേഡ്യൂണിയൻ നേതാക്കളിലൊരാ൦. റിവിഷനിസ്റ്റ്. 1893–നും 1920–നുമിടയ്ക്കു് പലതവണ ജർമ്മൻ സോഷ്യൽഡെമോക്രാററിക് പാർട്ടിയുടെ സ്ഥാനാർത്ഥിയെന്ന നിലയ്ക്കു് റൈക്സ്റ്റാഗിൽ അംഗമായിരുന്നു. ഒന്നാം ലോകമഹായുദ്ധകാലത്തു് സാമൂഹ്യസങ്കുചിതവാദപരമായ നിലപാടെടുക്കുകയും ബൂർഷ്വാസിയുടെ നയത്തെ പിന്താങ്ങിക്കൊണ്ടു് തൊഴിലാളിവർഗ്ഗത്തിൻെറ വിപ്ലവപ്രസ്ഥാനത്തിനെതിരായി പൊരുതുകയും ചെയ്തു. — 216.

ലേൻഷ്, പൗ൦ (Lensch, Paul) (1873–1926)—ജർമ്മൻ സോഷ്യൽഡെമോക്രാററ്; ജർമ്മൻ സോഷ്യൽഡെമോക്രാററിക് പാർട്ടിയുടെ ഇടതുപക്ഷത്തിൻെറ താത്വികമുഖപത്രമായ ''ലൈപ്സിഗർ ഫോൽക്സ്ത്സൈററുംഗ്'' ("Leipziger Volkszeitung") ൻെറ പത്രാധിപർ; ഒന്നാംലോകമഹായുദ്ധം ആരംഭിച്ചതിനുശേഷം സാമൂഹ്യസങ്കുചിതവാദപരമായ നിലപാടെടുത്തു; യുദ്ധം കഴിഞ്ഞപ്പോ൦ റൂർ വ്യവസായപ്രമുഖന്മാരുടെ ജിഹ്വയായ ''ഡോയ്ച്ചെ അ൦ഗെമൈനെ സൈററുംഗ്'' ("Deutsche Allgemeine Zeitung")ൻെറ പത്രാധിപരായി. 1922–ൽ അണികളിൽ നിന്നുള്ള സമ്മർദ്ദം നിമിത്തം ജർമ്മൻ സോഷ്യൽഡെമോക്രാററിക് പാർട്ടിയിൽനിന്നു പുറംതള്ളപ്പെട്ടു.—180, 198, 217, 218, 219, 224, 259.

ലൊപ്പാത്തിൻ, ഗേർമൻ അലെക്സാൺഡ്രോവിച്ച്(Lopatin, German Alexandrovich) (1845–1918) — പ്രസിദ്ധ റഷ്യൻ വിപ്ലവനരോദ്

നിക്; 1870—നെത്തുടർന്നുള്ള ദശാബ്ദത്തിൽ വിദേശത്തു പാർക്കുകയും മാർക്സും എംഗൽസുമായി സൗഹൃൽബന്ധം വച്ചുപുലർത്തുകയും ഒന്നാം ഇൻററർനാഷനലിൻെറ ജനറൽ കൗൺസിലിലേക്കു തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. എൻ. എഫ്. ദാനിയെൽസണുമൊന്നിച്ച്(N. F. Danielson)മൊന്നിച്ച് "മൂലധന"ത്തിൻെറ ഒന്നാം വാല്യം റഷ്യൻ ഭാഷയിലേക്കു വിവർത്തനം ചെയ്തു; വിപ്ലവപ്രവർത്തനം മൂലം തുടരെത്തുടരെ അറസ്റ്റു ചെയ്യപ്പെട്ടു. 1905—നുശേഷം വിപ്ലവപ്രവർത്തനം ഉപേക്ഷിച്ചു. — 133.

ലൊങ്കേ, ഷാർൽ (Longuet, Charles) (1839—1903) — ഫ്രഞ്ചു തൊഴിലാളിപ്രസ്ഥാനത്തിലെ ഒരു പ്രവർത്തകനും പ്രൂദോണനുയായിയും പത്രപ്രവർത്തകനും; 1866—67—ലും 1871—72—ലും ഒന്നാം ഇൻറർനാഷനലിൻെറ ജനറൽകൗൺസിലംഗം. ഇൻറർനാഷനലിൻെറ പല കോൺഗ്രസ്സുകളിലും സംബന്ധിച്ചു; 1871—ൽ പാരീസ് കമ്മ്യൂണിലെ അംഗം. കമ്മ്യൂണിൻെറ പരാജയത്തെത്തുടർന്നു് ഇംഗ്ലണ്ടിലേക്കു പോവുകയും 1880 വരെ അവിടെ പാർക്കുകയും ചെയ്തു. ഫ്രാൻസിലേക്കു മടങ്ങിയതിനുശേഷം ഫ്രഞ്ച് തൊഴിലാളിപ്പാർട്ടിയിലെ ഒരു അവസരവാദപ്രവണതയെ കുറിച്ചിരുന്ന സാദ്ധ്യതാവാദികളുടെ കൂടെ ചേർന്നു. — 135.

വൻഡെർവെൽഡെ, എമിൽ(Vandervelde, Emil) (1866—1938) —ബൽജിയൻ തൊഴിലാളിപ്പാർട്ടിയുടെ നേതാവും രണ്ടാം ഇൻറർനാഷനലിൻെറ സാർവ്വദേശീയ സോഷ്യലിസ്റ്റ് ബ്യൂറോയുടെ അദ്ധ്യക്ഷനും. അങ്ങേയററം അവസരവാദപരമായ നിലപാടെടുത്തു. ഒന്നാംലോകമഹായുദ്ധകാലത്തു് സാമൂഹ്യസങ്കുചിതവാദി. ബൽജിയൻ മന്ത്രിസഭയിൽ പല തസ്തികകളിലുമിരുന്നിട്ടുണ്ടു്.—183.

വർഷാവ്സ്കി, എ. എസ്.(Warszawski, A. S.)—വാർസ്കി, എ. നോക്കുക.

വാർസ്കി, അഡോൾഫ് (വർഷാവ്സ്കി, എ. എസ്. [Warski, Adolf (Warszawski, A. S.)] (1868—1937) — പോളിഷ് തൊഴിലാളിപ്രസ്ഥാനത്തിലെ ഒരു പ്രമുഖപ്രവർത്തകൻ. പോളിഷ്രാജ്യത്തിലെ സോഷ്യൽഡെമോക്രാററിക് പാർട്ടിയും പിന്നീട് പോളിഷ് രാജ്യത്തിലേയും ലിത്വേനിയയിലേയും സോഷ്യൽഡെമോക്രാററിക് പാർട്ടിയും സ്ഥാപിക്കുന്നതിൽ സജീവമായി പങ്കെടുത്തു; ഒന്നാം ലോകമഹായുദ്ധകാലത്തു് സാർവ്വദേശീയവാദി; പോളണ്ടിലെ കമ്മ്യൂണിസ്റ്റ് തൊഴിലാളിപ്പാർട്ടിയുടെ സ്ഥാപകരിലൊരാളും അതിൻെറ കേന്ദ്രക്കമ്മിററിയംഗവും —147, 148.

വിൽഹെം രണ്ടാമൻ(Wilhelm II)(1859–1941) — ജർമ്മൻ ചക്രവർത്തിയും പ്രഷ്യയിലെ രാജാവും (1887–1918). — 191, 196, 237.

വ്ളദീമിറൊവ്, മിറോൻ കൊൻസ്തന്തീനൊവിച്ച് (ഷെയിൻഫിൻകെൽ, എം. കെ., എൽ. വ്ളാ.)[Vladimirov, Miron Konstantinovich (Sheinfinkel, M. K., L. Vl.)] (1879–1925)—സോഷ്യൽഡെമോക്രാററ്, ബോൾഷെവിക്. 1903 മുതൽ ആർ. എസ്സ്. ഡി. എൽ. പി. അംഗം. 1911–ൽ ബോൾഷെവിക്കുകളിൽനിന്നു വിട്ടുമാറുകയും പിന്നീട് പാരീസിൽ ''സ പാർത്തിയു'' (പാർട്ടിക്കുവേണ്ടി) എന്ന പത്രം പ്രസിദ്ധീകരിച്ചുവന്നിരുന്ന പ്ലെഖാനൊവ് അനുകൂലികളുടെ ഗ്രൂപ്പിൽ ചേരുകയും ചെയ്തു. ഒന്നാംലോകമഹായുദ്ധകാലത്തു് ട്രോട്സ്കി പാരീസിൽനിന്നു പുറപ്പെടുവിച്ചിരുന്ന ''നാഷെ സ്ലോവൊ'' (ഞങ്ങളുടെ വാക്കു്) എന്ന പത്രത്തിൽ എഴുതിവന്നു. 1917 ഫെബ്രുവരിയിലെ ബൂർഷ്വാജനാധിപത്യവിപ്ലവത്തെത്തുടർന്നു് റഷ്യയിലേക്കു മടങ്ങുകയും ബോൾഷെവിക് പാർട്ടിയുടെ ആറാംകോൺഗ്രസ്സിൽ (1917) വച്ച് അതിൽ അംഗത്വം ലഭിക്കുകയും ചെയ്തു. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിനുശേഷം ഉത്തരവാദപ്പെട്ട പല സ്ഥാനങ്ങളിലുമിരുന്നിട്ടുണ്ടു്. — 94, 142.

ഷ്ചെദ്രീൻ (സൽത്തിക്കോവ്–ഷ്ചെദ്രീൻ, മിഹയിൽ എവ്ഗ്രാഫൊവിച്ച്) [Shchedrin (Saltykov-Shchedrin, Mikhail Evgrafovich)] (1826–89) — റഷ്യൻ ഹാസസാഹിത്യകാരനും വിപ്ലവജനാധിപത്യവാദിയും.—106.

ഷ്ററിർനർ, മാക്സ് (ഷ്മിഡ്ററ്, കസ്പാർ)[Stirner, Max (Schmidt, Kaspar)](1806–1856) — ജർമ്മൻ തത്വശാസ്ത്രജ്ഞൻ. ഒരു യുവഹെഗെലിയൻവാദി. ബൂർഷ്വാ വ്യക്തിമേധാവാദത്തിൻേറയും അരാജകവാദത്തിൻേറയും പ്രത്യയശാസ്ത്രജ്ഞരിലൊരാൾ.–136

സവേൻക്കൊ, അനത്തോലിയ് ഇവാനൊവിച്ച് (Savenko, Anatoli Ivanovich) (1874–ൽ ജനിച്ചു)—ബൂർഷ്വാദേശീയവാദിയും പ്രചാരകനും വൻകിടഭൂവുടമയും; ''നോവൊയെ വ്രേമ്യ'' (പുതിയ കാലം), ''കിയെവ്ലാനിൻ'' (കീവ്പൗരൻ) എന്നീ ബ്ലാക്ക്ഹൺഡ്രഡ് പത്രങ്ങളിൽ എഴുതിവന്നു; ഒക്ടോബർ സോഷ്യലിസ്റ്റ്വിപ്ലവത്തിനുശേഷം സോവിയററധികാരത്തിനെതിരെ പൊരുതി. വൈററ് ഗാർഡ് പ്രവാസി. —109, 110.

സെംക്കോവ്സ്കിയ് (ബ്രോൺഷ്ട്വൈൻ, സെമ്യോൻ യൂല്യെവിച്ച്) [Semkovsky (Bronstein, Semyon Yulyevich)] (1882–ൽ ജനിച്ചു)— റഷ്യൻ സോഷ്യൽഡെമോക്രാററും മെൻഷെവിക്കും. പല മെൻഷെ

വിക് പത്രങ്ങളിലും എഴുതിവന്നു. ദേശീയപ്രശ്നത്തിലും മററു പ്രശ്നങ്ങളിലും സെംക്കോവ്സ്കിയ് എടുത്ത നിലപാടിനെ ലെനിൻ പല കൃതികളിലും വിമർശിച്ചിട്ടുണ്ട്. 1920–ൽ മെൻഷെവിക്കുകളുമായുള്ള ബന്ധം വിടുർത്തി. — 44, 48, 63, 64, 65, 73, 92, 102, 103, 113, 126, 146, 157, 158, 159, 160, 162, 183, 259, 260.

സൊക്കൊലോവ്സ്കിയ് (ബസോക്), എം. ഐ. [Sokolovsky (Basok), M. I.] (1879–1938)—ഉക്രേനിയൻ പെററിബൂർഷ്വാദേശീയവാദി. മെൻഷെവിക്. ഒന്നാംലോകമഹായുദ്ധകാലത്ത് ജർമ്മനിയോടനുഭാവമുണ്ടായിരുന്ന ''ഉക്രെയിൻ വിമോചനയൂണിയ''നിലെ അംഗം; ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിനുശേഷം എക്സിക്യൂട്ടിവ് സ്ഥാനങ്ങളിലിരുന്നിട്ടുണ്ട്. — 26.

സ്റ്റൊലീപ്പിൻ, പിയോത്തർ അർക്കാദിയെവിച്ച് (Stolypin, Pyotr Arkadyevich) (1862–1911) — സാറിസ്റ്റ്റഷ്യയിലെ രാജ്യതന്ത്രജ്ഞനും വൻകിടഭൂവുടമയും. 1906 മുതൽ 1911 വരെ പ്രധാനമന്ത്രി. 1905–7–ലെ ഒന്നാംറഷ്യൻവിപ്ലവത്തെ മർദ്ദിച്ചൊതുക്കിയതും പിന്നീടുള്ള രാഷ്ട്രീയപിന്തിരിപ്പത്തത്തിൻെറ കാലഘട്ടവും സ്റ്റൊലീപ്പിൻെറ പേരുമായി ബന്ധപ്പെട്ടിരിക്കുന്നു. — 244.

സ്ട്രൂവെ, പിയോത്തർ ബെർൻഗർദൊവിച്ച് (Struve, Pyotr Berngardovich) (1870–1944)—റഷ്യൻ ബൂർഷ്വാസാമ്പത്തികശാസ്ത്രജ്ഞനും പ്രചാരകനും. 1890–നെത്തുടർന്നുള്ള ദശാബ്ദത്തിൽ ''നിയമവിധേയ മാർക്സിസ''ത്തിൻെറ ഒരു പ്രമുഖപ്രതിനിധി. പിന്നീട് കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററിക് പാർട്ടിയുടെ നേതാക്കളിലൊരാൾ. ഒക്ടോബർ സോഷ്യലിസ്റ്റ്വിപ്ലവത്തിനുശേഷം പ്രതിവിപ്ലവത്തിൻെറ പ്രമാണികളിലൊരാൾ. വൈററ്ഗാർഡ് പ്രവാസി.— 19, 30, 41, 129, 216 224.

ഹേക്കെർ, എമിൽ (Haecker, Emil) (1875–1934) — പോളിഷ് സോഷ്യലിസ്റ്റ്പാർട്ടിയുടെ വലതുപക്ഷത്തിൻെറ ഒരു സജീവാംഗം; 1894 മുതൽ ഏതാണ്ടു നാല്പതുവർഷക്കാലത്തേക്കു ക്രാക്കൊവിലെ ''നാപ്ഷൊദ്'' (മുന്നോട്ട്) എന്ന സോഷ്യലിസ്റ്റ് പത്രത്തിൻെറ പത്രാധിപർ. 1906 മുതൽ 1919 വരെ പോളിഷ് സോഷ്യൽഡെമോക്രാററിക് പാർട്ടിയുടെ നേതൃത്വത്തിലെ ഒരംഗം. രണ്ടാം ഇൻറർനാഷനലിൻെറ പല കോൺഗ്രസ്സുകളിലും സംബന്ധിച്ചിട്ടുണ്ട്.— 127.

ഹിൻഡൻബുർഗ്ഗ്, പൗൾ (Hindenburg, Paul) (1847–1934) — ജർമ്മൻ ജനറലും രാജ്യതന്ത്രജ്ഞനും. 1916–17–ൽ ജർമ്മൻ സേനയുടെ സർവ്വസൈന്യാധിപൻ. — 191, 208.

ഹനേത്സ്ക്കി (ഫൂർസ്റ്റെൻബർഗ്ഗ്), യാക്കൊവ് സ്റ്റനിസ്ലാവൊവിച്ച്[Hanecki (Furstenberg), Yakov Stanislavovich](1879–1937) — പോളണ്ടിലേയും റഷ്യയിലേയും വിപ്ലവപ്രസ്ഥാനത്തിലെ ഒരു പ്രമുഖ പ്രവർത്തകൻ. — 147, 148.

ഹോഹെൻസോല്ലെർൺസ് (Hohenzollerns) — ബ്രൻഡെൻബുർഗ്ഗിലും(പ്രഷ്യ) (1415–1918) ജർമ്മൻ സാമ്രാജ്യത്തിലും (1871–1918) വാണിരുന്ന രാജകുടുംബം. —188.

റാദെക്, കാറൽ ബെർൺഗർദൊവിച്ച് (കെ. ആർ.)[Radek, Karl Berngardovich (K. R.)](1885–1939)—ഇരുപതാംശതകത്തിൻെറ ആരംഭം തൊട്ട് ഗലീഷ്യയിലും പോളണ്ടിലും ജർമ്മനിയിലുമുള്ള സോഷ്യൽഡെമോക്രാററിക് പ്രസ്ഥാനത്തിൽ പങ്കെടുക്കുകയും ഇടതുപക്ഷജർമ്മൻസോഷ്യൽഡെമോക്രാററുകാരുടെ പത്രങ്ങളിൽ എഴുതുകയും ചെയ്തു. ഒന്നാം ലോകമഹായുദ്ധകാലത്തു് സാർവ്വദേശീയനിലപാടെട്ടത്തെങ്കിലും മദ്ധ്യവർത്തിവാദത്തിലേക്ക് ആടിക്കളിച്ചു; രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശത്തെപ്പററി തെററായ ധാരണകൾ വച്ചുപുലർത്തി. 1917 മുതൽ ബോൾഷെവിക് പാർട്ടി അംഗം. 1923 മുതൽ ട്രോട്സ്കിയിസ്റ്റ് പ്രതിപക്ഷത്തിലെ ഒരു സജീവാംഗം. 1936–ൽ പാർട്ടി–വിരുദ്ധപ്രവർത്തനങ്ങൾക്ക് പാർട്ടിയിൽനിന്നു പുറത്താക്കി. — 207, 242, 243.

റെന്നർ, കാറൽ (Renner, Karl) (1870–1950) — ആസ്ട്രിയൻ രാഷ്ട്രീയനേതാവു്. ആസ്ട്രിയൻ വലതുപക്ഷ സോഷ്യൽഡെമോക്രാററുകാരുടെ വലതുപക്ഷത്തിൻെറ നേതാവും തത്വശാസ്ത്രജ്ഞനും. ''സാംസ്കാരിക–ദേശീയസ്വയംഭരണം'' എന്ന ബൂർഷ്വാദേശീയവാദപരമായ സിദ്ധാന്തത്തിൻെറ പ്രണേതാക്കളിലൊരാൾ. ഒന്നാംലോകമഹായുദ്ധകാലത്തു് സാമൂഹ്യസങ്കുചിതവാദി. 1919–20–ൽ ആസ്ട്രിയയുടെ ചാൻസലറും 1945–50–ൽ പ്രസിഡൻറും. — 174.

റേഗെർ, തദേവുഷ് (Reger, Tadeucz)(1872–1938) —ഗലീഷ്യയിലേയും സിലേഷ്യയിലേയും പോളിഷ് സോഷ്യൽഡെമോക്രാററിക് പാർട്ടിയിലെ ഒരംഗം. പത്രപ്രവർത്തകൻ. 1911 മുതൽ 1917 വരെ ആസ്ട്രിയൻ പാർലിമെണ്ടിലെ അംഗം. —87.

റെനൊഡേൽ, പിയേർ (Renaudel, Pierre) (1871–1935) — ഫ്രഞ്ച് സോഷ്യലിസ്റ്റ് പാർട്ടിയുടെ റിഫോമിസ്റ്റ്നേതാക്കന്മാരിലൊരാൾ. ഒന്നാംലോകമഹായുദ്ധകാലത്തു് സാമൂഹ്യസങ്കുചിതവാദി. 1927–ൽ സോഷ്യലിസ്റ്റ്പാർട്ടിനേതൃത്വത്തിൽനിന്നു പിന്മാറുകയും 1933–ൽ പാർട്ടിയിൽനിന്നു പുറംതള്ളപ്പെടുകയും ചെയ്തു. — 183.

11836

വായനക്കാരോട്

ഈ പുസ്തകത്തിന്റെ വിവർത്തനം, ഗെററപ്പ്, അച്ചടി എന്നിവയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും മററെന്തെങ്കിലും നിർദ്ദേശങ്ങളുണ്ടെങ്കിൽ അവയും ഞങ്ങളെ അറിയിക്കാനപേക്ഷ.

ഞങ്ങളുടെ മേൽവിലാസം:

Progress Publishers,
21, Zubovsky Boulevard,
Moscow, U.S.S.R.

PC Library & Research Center

വിതരണക്കാർ:
പ്രഭാത് ബുക്ക് ഹൗസ്
തിരുവനന്തപുരം
ആലപ്പുഴ എറണാകുളം
കോഴിക്കോട്ട് കണ്ണൂർ

8°